# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

2022 ആഗസ്റ്റ് 30, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

519/2023

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ ,സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം

പേജ്


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 33

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 33

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 92

**II അടിയന്തരപ്രമേയം**

തെരുവുനായ ശല്യം

- ശ്രീ. പി. കെ. ബഷീർ 504
(അവതരണാനുമതി നിഷേധിച്ചു.)

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ
തീരദേശവാസികളുടെ ആശങ്ക

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ 523

(2) സംസ്ഥാന വിദ്യാഭ്യാസ നയം

- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 536

**IV. സബ്മിഷൻ**

(1) വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി.
അംഗീകാരം

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) 541

(2) മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ സേവന-
വേതന വ്യവസ്ഥകൾ

- ശ്രീ. എൻ. കെ. അക്ബർ 544

(3) പാലക്കാട് നഗരസഭയിലെ റോഡുകളുടെ
പുനരുദ്ധാരണം

- ശ്രീ. ഷാഫി പറമ്പിൽ 546

*പേജ്*


(4) മണലൂരിലെ വിവിധ റോഡുകളുടെ റെസ്റ്റൊറേഷൻ പ്രവൃത്തികൾ

- ശ്രീ. മുരളി പെരുനെല്ലി 548

(5) ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

- ശ്രീ. ആന്റണി ജോൺ 551

(6) നെല്ലായയിലെ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം

- ശ്രീ. പി. മമ്മിക്കുട്ടി 552

(7) കൊടുവള്ളി ഗവ. ആർട്സ് & സയൻസ് കോളേജിന്റെ സമഗ്ര വികസനം

- ഡോ. എം. കെ. മുനീർ 554

(8) ചാലക്കുടി താലൂക്കാശുപത്രിയുടെ പ്രവർത്തനം

- ശ്രീ. സനീഷ്കുമാർ ജോസഫ് 556

(9) താഴമ്പള്ളി, കഠിനംകുളം തീരസംരക്ഷണം

- ശ്രീ. വി. ശശി 559

(10) മലബാർ ഇസ്ലാമിക് കോംപ്ലക്സിന് പകരം ഭൂമി

- ശ്രീ. എം. രാജഗോപാലൻ 561

**V. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ 564

**VI. ക്രമപ്രശ്നം**

ബില്ലിൽ ഉൾപ്പെടാത്ത മൂലനിയമത്തിലെ വകുപ്പുകൾക്ക് സബ്ജക്ട് കമ്മിറ്റി ഭേദഗതി നിർദ്ദേശിച്ചത് സംബന്ധിച്ച്

- ശ്രീ. രമേശ് ചെന്നിത്തല

- ശ്രീ. പി. സി. വിഷ്ണുനാഥ് 564

*പേജ്*

**റൂളിംഗ്** 570

**നിയമനിർമ്മാണകാര്യം (തുടർച്ച)** 572

(ii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ 639

(iii) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 644

**അനുബന്ധം** 648

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

2022 ആഗസ്റ്റ് 30 , ചൊവ്വ

വാല്യം 189} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

നിയമസഭ 2022 ആഗസ്റ്റ് മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.......ഓർഡർ.... ചോദ്യം നമ്പർ *91

### ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം

1 (*91) ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കെടുതികൾ നേരിടുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റികളെ മുൻകൂട്ടി സജ്ജമാക്കിയതുവഴി കെടുതിയുടെ ആഘാതം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കാലാവസ്ഥാ മുന്നൊരുക്കങ്ങൾ നടത്തുകയും ദുരന്ത സാഹചര്യങ്ങളിൽ ഇടപെടേണ്ടതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് പുതുക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നോ; അവശ്യഘട്ടത്തിൽ ഒഴിപ്പിക്കൽ ഉൾപ്പെടെ അടിയന്തര ഇടപെടലിനുവേണ്ട കാര്യക്ഷമമായ സംവിധാനം ഒരുക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) കൃത്യമായ മുന്നറിയിപ്പ് യഥാസമയം നൽകുന്നതിന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് സംവിധാനം കൂടുതൽ ആധുനികീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) ഉണ്ട്.

(ബി) 2022-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുതുക്കിയ ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓറഞ്ച് ബുക്ക് 2022 എല്ലാ വകുപ്പ് മേധാവിമാർക്കും നൽകുകയും അവരുടെ യോഗം വിളിച്ചുചേർത്ത് മഴക്കാലത്ത് ഓറഞ്ച് ബുക്കിലെ നിർദ്ദേശമനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ അവശ്യഘട്ടത്തിൽ ഒഴിപ്പിക്കൽ ഉൾപ്പെടെ അടിയന്തര ഇടപെടലിനുവേണ്ട കാര്യക്ഷമമായ സംവിധാനമൊരുക്കിയിട്ടുണ്ട്. ഓറഞ്ച് ബുക്കിൽ വൾനറബിൾ ഗ്രൂപ്പ് എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന വിഭാഗങ്ങൾക്കായി ക്യാമ്പുകൾ തയ്യാറാക്കി ആവശ്യമായ ഘട്ടങ്ങളിൽ ആളുകളെ മുൻകൂട്ടി മാറ്റി താമസിപ്പിക്കാൻ നടപടി സ്വീകരിച്ചിരുന്നു. കൂടാതെ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ദ്ധസമിതി എന്നിവർ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തര ക്യാമ്പുകൾ സജ്ജമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽനിന്നും ജനങ്ങളെ ഒഴിപ്പിക്കുന്നതിനായി റസ്ക്യൂ ബോട്ടുകളും, ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മത്സ്യബന്ധന യാനങ്ങളും, കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളും, അഗ്നിരക്ഷാ സേനയുടെ ബോട്ടുകളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പോലീസ്, റവന്യൂ, തദ്ദേശസ്വയംഭരണം, സിവിൽ ഡിഫൻസ്, അഗ്നിരക്ഷാ സേന തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ ഒഴിപ്പിക്കലിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും പ്രളയ ബാധിത മേഖലകളിൽ NDRF സംഘത്തെ നിയോഗിക്കുകയും ചെയ്തു. കാലവർഷം രൂക്ഷമാകുമ്പോൾ മത്സ്യത്തൊഴിലാളികൾ കടലിലേയ്ക്ക് പോകുന്നത് നിയന്ത്രിക്കുന്നുണ്ട്. കടലാക്രമണംമൂലമുണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കുകയും ക്വാറികളുടെ പ്രവർത്തനം താൽക്കാലികമായി നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. നദികളിലെ ജലനിരപ്പിലുണ്ടാകുന്ന വ്യതിയാനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുകയും ഡാമുകളിൽ റൂൾകർവ് പ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ മലയോര മേഖലകളിലെ റോഡുകളിൽ പട്രോളിംഗ് ഏർപ്പെടുത്തുകയും റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കൃത്യമായ മുന്നറിയിപ്പ് യഥാസമയം നൽകുന്നതിനായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ നിലവിലുള്ള മുന്നറിയിപ്പ് സംവിധാനം കൂടുതൽ ആധുനികീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുംവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2017-ലെ ഓഖി ചുഴലിക്കാറ്റ്, 2018, 2019, 2021 വർഷങ്ങളിലെ പ്രളയം എന്നിവയ്ക്കുശേഷവും ഈ വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പലതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. എം. മണി: സർ, കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ; അതിതീവ്ര മഴപെയ്യുന്ന പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ദുരന്തനിവാരണ നടപടികൾ ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; കുടയത്തൂർ പഞ്ചായത്തിലെ അഞ്ച് പേരുടെ ജീവഹാനിക്കിടയായ ദുരന്തത്തിൽ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുമോ; കഴിഞ്ഞ വർഷം കോട്ടയം ജില്ലയിലെ കൂട്ടിക്കലിലുണ്ടായ ദുരന്തത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, പല ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട മുൻമന്ത്രി ഉന്നയിച്ചിട്ടുള്ളത്. എല്ലാ ചോദ്യത്തിനും കൃത്യമായ മറുപടിയുണ്ട്. കേരളത്തിലെ പ്രളയസാധ്യതാ ഭൂപടം വളരെ ശ്രദ്ധയോടെ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ നടന്നുവരികയാണ്. യഥാർത്ഥത്തിൽ കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി 2019 പ്രകാരം പ്രളയ സാധ്യതാ പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി നൽകേണ്ടത് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങളാണ്. നിർഭാഗ്യവശാൽ അതിന് കാലതാമസം നേരിടുകയാണ്. അതുകൊണ്ട് കേരളംതന്നെ മുൻകയ്യെടുത്ത് ഇതുമായി ബന്ധപ്പെട്ട പ്രളയസാധ്യതാ ഭൂപടങ്ങൾ തയ്യാറാക്കി നൽകുന്ന ജോലി വളരെ കൃത്യമായി ചെയ്യുകയും പ്രളയ ഭൂപടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തുതന്നെ ഇത്തരത്തിൽ അവലോകനം നടത്തി പ്രളയ ഭൂപടങ്ങൾ പൊതുമധ്യത്തിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ സംസ്ഥാനം കേരളമാണെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ശ്രീ. എം. എം. മണി ചോദിച്ചതുപോലെ ഇപ്പോൾ ചുഴലിക്കാറ്റിന്റെ കാര്യത്തിലും അപ്രതീക്ഷിതമായി പെയ്യുന്ന മഴയുടെ കാര്യത്തിലുമെല്ലാം വളരെ സൂക്ഷ്മതലത്തിൽ ഇടപെട്ട് നിയന്ത്രിക്കേണ്ട നിരവധി കാര്യങ്ങൾ സർക്കാരിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്. സമയക്കുറവുമൂലം അതെല്ലാം ഞാൻ വിശദീകരിക്കുന്നില്ല. കുടയത്തൂരിൽ ഇന്നലെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ഞാനും ദുരന്തം നടന്ന ഘട്ടം മുതൽ അവസാന നിമിഷം വരെ ഉണ്ടായിരുന്നു. സോമന്റെ കുടുംബത്തിലെ അഞ്ചുപേരെയും ഒരേ സമയം നഷ്ടപ്പെട്ടപ്പോൾ യഥാർത്ഥത്തിൽ

ഒരു വീടാണ് നഷ്ടപ്പെട്ടത്. ഈ സ്ഥലം ബന്ധപ്പെട്ട ആളുകൾക്ക് നന്നായി അറിയാവുന്നതാണ്. അവിടെ 70 വർഷം മുമ്പാണ് ഉരുൾപൊട്ടൽ ഉണ്ടായിട്ടുള്ളതെന്നാണ് ബന്ധപ്പെട്ട ജനപ്രതിനിധികളെല്ലാം ഞങ്ങളോട് പറഞ്ഞത്. അവിടെ ഉരുൾപൊട്ടാനുള്ള യാതൊരു സാധ്യതയും ഉണ്ടായിരുന്നില്ല. കേരളത്തിൽ 2018-നുശേഷം റൂൾകർവിന്റെ കാര്യത്തിൽ ഓറഞ്ച് ബുക്ക് ഓരോ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്. ദുരന്ത നിവാരണ പ്രദേശങ്ങളിൽ ജനങ്ങളെ ഒഴിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗവൺമെന്റ് എല്ലാ വകുപ്പുകളേയും ശ്രദ്ധയോടെ കൂട്ടിയോജിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുണ്ട്. പക്ഷെ ഒരിക്കലും മുൻകൂട്ടി പ്രവചിക്കാൻ സാധിക്കാത്ത ഒരു അപകടമാണ് അവിടെ ഉണ്ടായത്. കേരളത്തിൽ മൂന്ന് ഡോപ്ലാർ റഡാറുകൾ ആവശ്യമാണെങ്കിലും ഒന്ന് മാത്രമാണ് കൊച്ചിയിലേയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളത്. തെക്കൻ കേരളത്തിൽ വി.എസ്.എസ്.സി.-യുടെ നേതൃത്വത്തിൽ മഴക്കാലത്ത് മാത്രം ഉപയോഗപ്പെടുത്താൻ സാധിക്കുന്ന ഡോപ്ലാർ സംവിധാനമാണ് നിലവിലുള്ളത്. വടക്കൻ കേരളത്തിൽ ഇതൊന്നുമില്ല. കൊച്ചി ഒഴികെയുള്ള രണ്ടിടങ്ങളിലും (തിരുവനന്തപുരത്തും വടക്കൻ കേരളത്തിലും) ഓരോ ഡോപ്ലാർ സിസ്റ്റം വീതം സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേന്ദ്രഗവൺമെന്റിനോട് പലതവണ കത്തിടപാടുകളിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ഇടുക്കി ജില്ലയിലും വയനാട് - കോഴിക്കോട് അതിർത്തിയിലും ഒരോ ഹൈ ആൾട്ടിറ്റ്യൂഡ് റെസ്ക്യൂ ഹബ്ബുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂട്ടിക്കലും കൊക്കയാറിലുമുണ്ടായ ദുരന്തങ്ങളിൽ ഒരു ഗവൺമെന്റിന് എങ്ങനെയാണോ ഇടപെടാൻ സാധിക്കുന്നത് അതിന്റെ പരമാവധി ഇടപെടാനും ആവശ്യമായ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കാനും സാധിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ ഭൂമി നഷ്ടപ്പെടുന്ന ആളുകൾക്ക് അവർ പട്ടയ ഭൂമിയിൽ അല്ലെങ്കിൽപ്പോലും 6 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനായും 4 ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനുമായി അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ 6 ലക്ഷം രൂപ ഭൂമി വാങ്ങാൻ കൊടുക്കുന്നതിൽ രജിസ്ട്രേഷന്റെയും സ്റ്റാമ്പ് ഡ്യൂട്ടിയുടെയും ചെലവുകൾക്കായി ആദ്യം 50,000 രൂപ കൊടുക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ആളുകൾക്ക് കേരള ഗവൺമെന്റ് എസ്.ഡി.ആർ.എഫ്.-ൽ നിന്നും സി.എം.ഡി.ആർ.എഫ്. കൂട്ടിച്ചേർത്ത് കൊടുക്കുന്ന പണത്തിന് രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ ക്യാബിനറ്റ് തീരുമാനിച്ചു. മറ്റിതര വിഭാഗങ്ങൾക്കുകൂടി രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അക്കാര്യം ഗവൺമെന്റ് ചർച്ച ചെയ്തുവരികയാണ്.

ശ്രീ. എം. എം. മണി: സർ, ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലുണ്ടായ വൻ ദുരന്തത്തെക്കുറിച്ച് സഭ ചർച്ച ചെയ്തിരുന്നു. അതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, പെട്ടിമുടിയിൽ സർക്കാർ എല്ലാ വിധത്തിലുള്ള ഇടപെടലുകളും നടത്തിയിരുന്നു. പുനരധിവസിപ്പിക്കേണ്ട ആളുകളെ പുനരധിവസിപ്പിക്കാനുള്ള സൗകര്യമുണ്ടാക്കി. കാണാതായ നാല് വ്യക്തികളുടെ പേര്, അവരുടെ അനന്തരാവകാശികൾക്ക് സഹായം ലഭിക്കാത്ത പ്രശ്നം എന്നിവയെ സംബന്ധിച്ച് കഴിഞ്ഞ തവണ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് 3-8-2022-ൽ കണ്ടെത്താൻ കഴിയാത്ത നാലുപേരുടെ അനന്തരാവകാശികൾക്ക് തുക നൽകുന്നതിന് ലീഗൽ ഹെയേഴ്സിനെ പ്രഖ്യാപിക്കുകയും അത് ക്യാബിനറ്റ് 600/2022/DMD ഉത്തരവിൽ പ്രഖ്യാപിക്കുകയും ചെയ്തു. പ്രദീഷ് കുമാറിന്റെ ഭാര്യ കസ്തൂരി, മകൾ പ്രിയദർശിനി, ഗാന്ധിരാജിന്റെ മകൾ കാർത്തിക, ഷൺമുഖനാഥിന്റെ മകൻ ദിനേശ്കുമാർ എന്നീ നാലുപേരെക്കുറിച്ച് പെട്ടിമുടി ദുരന്തത്തിനുശേഷം യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ആ നാലുപേരെയും മരണപ്പെട്ടതായി പ്രഖ്യാപിച്ചു. കസ്തൂരിയുടെ അമ്മ കറുപ്പായിയേയും പ്രിയദർശിനിയുടെ അച്ഛന്റെ അമ്മ പളനി അമ്മാളിനേയും കാർത്തികയുടെ അച്ഛന്റെ അച്ഛൻ പാൽച്ചാമിയും അച്ഛന്റെ അമ്മ സിനിയമ്മയേയും ദിനേശ്കുമാറിന്റെ അമ്മ മഞ്ജുളയേയും തുടർ അവകാശികളായി തീരുമാനിച്ചിട്ടുണ്ട്. പെട്ടിമുടി ദുരന്തത്തിൽ നൽകേണ്ട നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, മുൻകാല പ്രളയങ്ങളുടെ അടിസ്ഥാനത്തിൽ നദികളിലെ ജലവിതാനം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് വ്യക്തമാക്കാമോ; പുഴകളിലടിഞ്ഞ എക്കൽ മണ്ണ്, മണൽ, ചെളി എന്നിവ നീക്കം ചെയ്ത് പ്രളയ സാധ്യത ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ശ്രീ. കെ. രാജൻ: സർ, വളരെ വിശദമായ മറുപടിയാണ് ഇതിന് പറയാനുള്ളത്. ദുരന്ത നിവാരണ അതോറിറ്റിയും ഐ.എൽ.ഡി.എം.-ഉം പ്രളയവുമായി ബന്ധപ്പെട്ട് മണൽ നീക്കം ചെയ്യുന്നതിനുവേണ്ടി വളരെ കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് ഇതുസംബന്ധിച്ച് കൃത്യമായി നിർവ്വചനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ചെളിയും എക്കലും മാറ്റുന്നത് സംബന്ധിച്ച് അതാത് സമയത്തുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നടപടി സ്വീകരിക്കാവുന്നതേയുള്ളൂ. ഇത്തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

പ്രത്യേക യോഗം നടത്തി അക്കാര്യത്തിൽ പൊതുവായ ധാരണയുണ്ടാക്കിയിട്ടുണ്ട്. ഐ.എൽ.ഡി.എം.ന്റെ നേതൃത്വത്തിൽ ഫ്ലഡ് ലെവൽ മാർക്കിംഗിനുള്ള സംവിധാനമുണ്ടാക്കി. പുഴകളിലും നദികളിലും അധികമായുള്ള എക്കൽ മാറ്റുന്നത് മാത്രമല്ല debris മാറ്റുന്നത് സംബന്ധിച്ചും ആക്ടിന്റെ ഭാഗമായിത്തന്നെ പ്രധാനപ്പെട്ട കാര്യമായി അതിനകത്ത് അവകാശം കൊടുത്താണ് ചെയ്യുന്നത്. അതുകൊണ്ട് ഇനി പ്രത്യേക നടപടിക്രമങ്ങളുടെ ആവശ്യമില്ല. ഐ.എൽ.ഡി.എം.-ഉം എസ്.ഡി.എം.എ.-യും കൃത്യമായ നടപടികളിലൂടെ നദികളുടെ കാര്യം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ ഡാമുകൾ തുറന്നുവിടുന്നത് ഉൾപ്പെടെയുള്ള ഓരോ കാര്യങ്ങളിലും അത്രയേറെ ശ്രദ്ധിച്ചുകൊണ്ടാണ് റൂൾ കർവിന്റെ അടിസ്ഥാനത്തിൽ അപകടമില്ലാത്ത രീതിയിൽ വെള്ളം കടന്നുപോകാൻ സൗകര്യങ്ങളൊരുക്കിയിട്ടുള്ളത്. 2018-ലെ പ്രളയത്തിനുശേഷം അക്കാര്യത്തിൽ സർക്കാർ വേണ്ടതുപോലെ ആലോചന നടത്തിയിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. രാജ): സർ, പെട്ടിമുടി അടക്കമുള്ള പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായപ്പോൾ സർക്കാർ സ്വീകരിച്ച നടപടികളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ദുരന്തങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനായി കൃത്യമായ കാലാവസ്ഥാ പ്രവചനം നടത്തുന്നതിൽ സ്വകാര്യ ഏജൻസികളുടെ സേവനം കൂടി വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ പ്രവചന വിഭാഗമായ ഐ.എം.ഡി. (India Meteorological Department)-ൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ മാത്രമേ നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞിരുന്നുള്ളൂവെന്ന ഒരു പ്രശ്നം നേരത്തേയുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നെതർലാന്റ്സ് സന്ദർശനത്തിനുശേഷം ഉന്നതതല യോഗം ചേർന്ന് കാലാവസ്ഥാ പ്രവചനത്തിൽ കേരളത്തിന് ആശ്രയിക്കാവുന്ന മറ്റ് പ്രവചന വിഭാഗങ്ങളെക്കൂടി ലിസ്റ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മഴയുടെ വിവരങ്ങളെ സംബന്ധിച്ചും അതിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചും ഏറ്റവും നല്ല അഭിപ്രായ പ്രകടനം നടത്താൻ കഴിയുന്ന സ്കൈമെറ്റ് (Skymet Weather Services), ഇടിമിന്നലിനെ സംബന്ധിച്ച് ഏറ്റവും ആധികാരികമായി അഭിപ്രായം പറയാൻ കഴിയുന്ന എർത്ത് നെറ്റ്‌വർക്ക് (Earth Network), ഇതുസംബന്ധിച്ച മറ്റുകാര്യങ്ങളിൽ അഭിപ്രായം തേടാൻ കഴിയുന്ന ഐ.ബി.എം. വെതർ കമ്പനിയുടെ നേതൃത്വത്തിലുള്ള ഐ.ബി.എം ഗ്രാഫ് (IBM Graph - IBM Cloud Data Services) തുടങ്ങിയവയുടെ സേവനങ്ങളെല്ലാം നമുക്ക് പണം കൊടുത്ത് ആശ്രയിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമായിട്ടുണ്ട്. GFS (Global Forecast System) സൗജന്യമായി

ലഭ്യമാകുന്ന സേവനമാണ്. ഐ.എം.ഡി.-യ്ക്കുപുറമേ ഈ നാല് സംവിധാനങ്ങളിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ കാലാവസ്ഥാ പ്രവചനത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നേതൃത്വം നൽകുന്നത്.

ശ്രീ. പി. വി. അൻവർ: സർ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ ഇപ്പോഴും തുടരുകയാണ്. പ്രസ്തുത വിഷയങ്ങളിലെല്ലാം റവന്യൂ വകുപ്പും ഗവൺമെന്റും വളരെ സജീവമായി ഇടപെട്ട് പരിഹാരം കാണുന്നുമുണ്ട്. നിലമ്പൂരിൽ കവളപ്പാറ ഉൾപ്പെടെയുള്ള പ്രദേശത്തുണ്ടായ ദുരന്തത്തിന്റെ ഭാഗമായുള്ളതും പ്രത്യേകിച്ച് വയനാട്ടിലെ പുത്തുമലയിൽനിന്നും ഒലിച്ചിറങ്ങിയ മണ്ണും മരങ്ങളും ഇപ്പോഴും പൂർണ്ണമായും ചാലിയാറിൽനിന്നും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. ഇവ പുഴകളിൽനിന്നും നീക്കുന്നതിനുള്ള ശക്തമായ നിർദ്ദേശം സംസ്ഥാന സർക്കാർ ജില്ലാ കളക്ടർമാർക്ക് നൽകുമ്പോഴും കഴിഞ്ഞ വർഷവും അതിന് തൊട്ടുമുമ്പുള്ള വർഷവും അതായത് 2020-ൽപ്പോലും മണ്ണ് നീക്കം ചെയ്യാനുള്ള യോഗത്തെക്കുറിച്ച് ആലോചിക്കുന്നതുതന്നെ മേയ് മാസത്തിലാണ്. മേയ് 15-ാം തീയതിയോടുകൂടി ഇതിനുള്ള തീരുമാനമെടുത്താലും 15 ദിവസത്തിനകം ഒരു തരത്തിലും പുഴയിൽനിന്നും മണ്ണും മരങ്ങളും മാറ്റാൻ കഴിയില്ല. ചാലിയാർ പുഴയിൽ ഇപ്പോഴും 80 ശതമാനത്തോളം ചെളിയും മണ്ണും മരവും അടിഞ്ഞുകിടക്കുകയാണ്. ഇങ്ങനെ ഒഴുകിവന്നുകിടക്കുന്ന മരങ്ങൾ നീക്കുന്നതിനുള്ള അധികാരം വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുന്നില്ല. വനംവകുപ്പുതന്നെ ഇത്തരം മരങ്ങൾ വലിയ വിലയ്ക്ക് ലേലംചെയ്യുന്നത് പതിവുണ്ടെങ്കിലും അവ ഏറ്റെടുക്കാൻ ആരും വരുന്നില്ല. ഒഴുകിവന്ന മരങ്ങളിൽ മഹാഭൂരിപക്ഷവും ഇപ്പോഴും പുഴയിൽത്തന്നെ കിടക്കുന്നതുകൊണ്ട് ചെറിയ മഴ പെയ്താൽപ്പോലും പ്രളയമുണ്ടാകുന്ന അവസ്ഥ നിലനിൽക്കുകയാണ്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സജീവമായി ഇടപെടുമോ?

ശ്രീ. കെ. രാജൻ: സർ, കവളപ്പാറയിൽ സംഭവിച്ചത് നമുക്കെല്ലാം ഏറ്റവും ദുഃഖമുണ്ടാക്കിയതും 59 പേരുടെ മരണത്തിനിടയാക്കിയതുമായ ഭീകരമായ ദുരന്തമായിരുന്നു. ആധികാരികമായ റിപ്പോർട്ട് ലഭ്യമല്ലാത്ത വളരെ ചെറിയ എണ്ണമൊഴികെയുള്ള മുഴുവൻ ദുരന്തബാധിതർക്കും നഷ്ടപരിഹാരം നൽകുന്ന പ്രവർത്തനം പൂർത്തിയാക്കിയതായി കാണുന്നുണ്ട്. വീടുകൾ അനുവദിക്കുന്ന കാര്യത്തിൽ മരണപ്പെട്ട 59 പേരുടെയും ആശ്രിതർക്ക് നാല് ലക്ഷം രൂപ വീതം 2.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ചെളിയും എക്കലും ഏതെങ്കിലും വിധത്തിൽ നീക്കം ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിൽ

ഒരു യോഗം നടത്തി തീരുമാനമെടുക്കേണ്ട കാര്യമില്ല. ഇതുസംബന്ധിച്ച 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് (Central Act)-ലെ സെക്ഷൻ 34-ൽ Powers and functions of District Authority in the event of any threatening disaster situation or disaster എന്നതിലെ (d) പിരിവിൽ 'remove debris, conduct search and carry out rescue operations;' എന്ന് വളരെ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. അതായത് ഇക്കാര്യങ്ങൾ ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്കുതന്നെ അനുവാദം നൽകിയിട്ടുള്ളതാണ്. Debris മാറ്റുന്നതിനുള്ള പ്രധാന പ്രശ്നം അവശിഷ്ടങ്ങളിലധികവും ചെളി, എക്കൽ മുതലായവയായിരിക്കുമെന്നതാണ്. അതുകൊണ്ടുതന്നെ വിചാരിക്കുന്ന വിധത്തിൽ ആ പ്രവർത്തനം ഏറ്റെടുക്കാൻ ആളുകൾ മുമ്പോട്ടുവരുന്ന സാഹചര്യമുണ്ടാകാത്തതിനാൽ പ്രസ്തുത പ്രവർത്തനം സംബന്ധിച്ച് കുറച്ച് പ്രയാസം അനുഭവപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ഞാനും കൂടിയാലോചിച്ച് അങ്ങനെ മാറ്റപ്പെട്ട ചെളിയും എക്കലും ഇത്തവണ ലേലംചെയ്ത് വിൽക്കുന്നതിനുള്ള സൗകര്യംകൂടി നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കവളപ്പാറയുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലാ ഭരണകൂടം ഇടപെടാത്ത ഏതെങ്കിലും വിഷയമുണ്ടെങ്കിൽ അക്കാര്യത്തിൽ വകുപ്പ് ഇടപെടുമെന്ന് ഉറപ്പ് നൽകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2017 മുതൽ തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ കേരളം ഒരു വലിയ അപകട മേഖലയിലാണെന്ന കാര്യം കൃത്യമായി ഓർമ്മപ്പെടുത്തുകയാണ്. പ്രകൃതി ദുരന്തങ്ങളോടനുബന്ധിച്ച് കേരളത്തിലെ ഓരോ ജില്ലയിലും വ്യത്യസ്തങ്ങളായ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കേണ്ടിവരുന്നത് എന്നുള്ളതുകൊണ്ടുതന്നെ പ്രസ്തുത അപകട സാഹചര്യം തരണം ചെയ്യുന്നതിനുള്ള മുൻകൂർ തയ്യാറെടുപ്പുകളും പൊതുജനത്തിന് കൊടുക്കുന്ന മുന്നറിയിപ്പുകൾ സംബന്ധിച്ച സംവിധാനങ്ങളും ദുരിതാശ്വാസ സംവിധാനങ്ങളും ദുരന്തം ലഘൂകരിക്കുന്നതിനുള്ള മിറ്റിഗേഷൻ പ്രവർത്തനങ്ങളും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ച് കൃത്യമായി പ്ലാൻ ചെയ്യേണ്ടതുണ്ട്. പത്തനംതിട്ട ജില്ലയിലുള്ള പ്രശ്നമായിരിക്കില്ല ഇടുക്കി ജില്ലയിൽ അഭിമുഖീകരിക്കുന്നത്. അതുപോലെ ഇടുക്കിയിലെ പ്രശ്നമല്ല വയനാട്ടിലുള്ളത്. വയനാട്ടിലുള്ള പ്രശ്നമല്ല എറണാകുളത്തുള്ളത്. ഇങ്ങനെ ജില്ലകൾക്കനുസൃതമായി പലതരത്തിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നതിനാൽ ഇതുസംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ കൃത്യമായ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ അത്തരത്തിൽ ഫലപ്രദമായ ഒരു സംവിധാനം നിലവിലില്ല. അങ്ങനെയുണ്ടെന്ന് ഗവൺമെന്റ് രേഖകളിൽ പറയുന്നുണ്ടെങ്കിലും

വളരെ സൂക്ഷ്മമായി ആസൂത്രണം ചെയ്ത് തയ്യാറാക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിന്റെ അഭാവം നമ്മുടെ ഇത്തരം പ്രവർത്തനങ്ങളെ വലിയ രീതിയിൽ ബാധിക്കുന്നുണ്ടെന്ന് ജനപ്രതിനിധികൾക്കും ഇതുമായി ബന്ധപ്പെട്ടവർക്കും അറിയാവുന്നതാണ്. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾക്കായി നമ്മൾ ഇപ്പോൾ ആശ്രയിക്കുന്നത് ഐ.എം.ഡി.-യെ ആണ്. എന്നാൽ സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വളരെ ഫലപ്രദവും കൃത്യവുമാണ്. കഴിഞ്ഞ അഞ്ചുകൊല്ലമായി പല സന്ദർഭങ്ങളിലും അവർ അക്കാര്യം തെളിയിച്ചിട്ടുണ്ട്. നമ്മുടെ വീട്ടുമുറ്റത്തുള്ള ഒരു സംവിധാനത്തെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയില്ലെന്നുള്ളത് ദൗർഭാഗ്യകരമാണ്. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട് കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിലെ കാലാവസ്ഥാ നിരീക്ഷണ വിഭാഗവും നമ്മുടെ ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനവും യോജിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ മന്ത്രിയായതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി ഇക്കാര്യങ്ങളിൽ എല്ലാഘട്ടത്തിലും ആവശ്യമായ ആലോചനകൾ നടത്താറുണ്ട്. അങ്ങ് പറഞ്ഞതുപോലെ വളരെ കൃത്യതയോടെ കാലാവസ്ഥാ വ്യതിയാനങ്ങൾ പ്രവചിക്കുന്ന വിഭാഗമാണ് കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ കാലാവസ്ഥാ പ്രവചന വിഭാഗം. കഴിഞ്ഞ തവണ പ്രളയമുണ്ടായപ്പോൾ അവരുമായി ആവശ്യമായ കൂടിയാലോചന എസ്.ഡി.എം.എ. (State Disaster Management Authority)-യിൽത്തന്നെ നടത്തിയിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ India Meteorological Department മാത്രമല്ല, കഴിഞ്ഞ സെപ്റ്റംബർ മാസം വരെ ഒരു വർഷക്കാലം സമയം നിശ്ചയിച്ചുകൊണ്ട് യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ ഉൾപ്പെടെയുള്ള പ്രവചന സംവിധാനങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നും ആലോചിച്ചിരുന്നു. ഇത് വെറും ആലോചന മാത്രമായിരുന്നില്ല, നമ്മൾ ഇപ്പോൾ ഉപയോഗപ്പെടുത്തുന്ന Skymet Weather Services, Earth Network, IBM Graph തുടങ്ങിയ സംവിധാനങ്ങൾക്ക് പണം നൽകിക്കൊണ്ട് അവരുടെ പ്രവചനങ്ങളെ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. കാലാവസ്ഥാ പ്രവചന സംവിധാനങ്ങളെക്കുറിച്ച് കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയോട് ആലോചിക്കുന്നതിൽ യാതൊരു തടസ്സവുമില്ല, ഇപ്പോൾത്തന്നെ ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്.

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയെ നമ്മുടെ കാലാവസ്ഥാ പ്രവചന സംവിധാനത്തിന്റെ ഔപചാരിക ഭാഗമാക്കി മാറ്റുന്ന വിഷയം പരിഗണിച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാവുന്നതാണ്. അതുപോലെ ഈ വിഷയങ്ങൾ സംബന്ധിച്ച ജില്ലകളിലെ മാസ്റ്റർ പ്ലാൻ സംബന്ധിച്ച ഓറഞ്ച് ബുക്ക്-2022 പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഡിസാസ്റ്റർ മാനേജ്മെന്റ് സംബന്ധിച്ച് സംസ്ഥാനത്തിന് നടത്താൻ കഴിയുന്ന ഉദ്യമങ്ങൾ വളരെ ഗൗരവത്തോടെതന്നെ നടത്തുന്നുണ്ട്. 2018-നുശേഷം സംസ്ഥാനത്തെ ഡാമുകൾ തുറക്കുന്ന ഘട്ടങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ സംഭവിച്ചേയ്ക്കാമെന്ന് തിരിച്ചറിയുമ്പോൾത്തന്നെ പുഴയും നദിയുമുൾപ്പെടെ വെള്ളത്തിന്റെ ഒഴുക്ക് ഉണ്ടായേയ്ക്കാവുന്ന മാർഗ്ഗം കൃത്യതയോടെ മനസ്സിലാക്കി രൂപരേഖ തയ്യാറാക്കിവച്ചിട്ടുണ്ട്. ഈ വർഷം ഏറ്റവും അവസാനം തുറന്നത് കക്കി ഡാമായിരുന്നു. കക്കി ഡാം തുറന്നാൽ തണ്ണീർമുക്കം-തോട്ടപ്പള്ളിയിലേയ്ക്ക് കടക്കാൻ എത്ര സമയം ആവശ്യമാണെന്നതിന്റെ കൃത്യമായ ഗ്രാഫ് നമ്മുടെ കയ്യിലുണ്ട്. രണ്ട് മണിക്കൂർകൊണ്ട് പമ്പാ-ത്രിവേണിയിലും മൂന്ന് മണിക്കൂറിനുള്ളിൽ കളമനയിലും നാല് മണിക്കൂറിനുള്ളിൽ പെരുന്തേനരുവിയിലും ഏഴ് മണിക്കൂറിനുള്ളിൽ മാടമണിലും പിന്നീട് വടശ്ശേരിക്കര, റാന്നി, കുരടാമൺ, ആറന്മുള, മാലക്കര, ചെങ്ങന്നൂർ, പാണ്ടനാട് കടപ്പുറം വിയ്യപുരം വഴി വെള്ളം എത്തിപ്പെടും. 50 ക്യൂമെക്സ്, 100 ക്യൂമെക്സ്, 500 ക്യൂമെക്സ് അളവിൽ വെള്ളം ഒഴുക്കിയാൽ എത്തിപ്പെടുന്ന വേഗമടക്കം സംഭവിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച തയ്യാറെടുപ്പ് നടത്തിയിട്ടുണ്ട്. ഏതെങ്കിലും കാര്യം പ്രത്യേകമായി അങ്ങ് സൂചിപ്പിക്കുകയാണെങ്കിൽ അക്കാര്യവും പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, 2018-ലെ പ്രളയംമൂലം വളരെയധികം പ്രയാസമുണ്ടായ പ്രദേശമാണ് കുട്ടനാട്-അപ്പർ കുട്ടനാട് മേഖല. ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനംവഴി, പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പിന്റെയും ഇടപെടലിന്റെ ഭാഗമായി വലിയ തരത്തിലുള്ള മാറ്റമാണ് കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിലുണ്ടായിട്ടുള്ളത്. ഈ വർഷവും വെള്ളപ്പൊക്കത്തിന്റെ പ്രയാസം വലിയതോതിലുണ്ടെങ്കിലും തോട്ടപ്പള്ളി സ്പിൽവേയിലെ മണൽ മാറ്റിയതോടുകൂടിയും നദികളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയതിനാലും വലിയ പ്രയാസമുണ്ടായില്ല. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളെല്ലാം ചേർന്ന് പമ്പാ-അച്ചൻകോവിലാർ നവീകരണത്തിനുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ അക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അടിയന്തരമായി പമ്പാ നദിയിലും

അച്ചൻകോവിലാറിലും അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും മാറ്റിയാൽ മാത്രമേ കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്ന ശരിയായ നടപടികൾ ഗുണം ചെയ്യുന്നുണ്ട്. അതോടൊപ്പം മേൽസൂചിപ്പിച്ച പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, പമ്പാ, മണിമലയാർ, അച്ചൻകോവിൽ കേന്ദ്രീകരിച്ച് ഒരു പ്രോജക്ട് ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരികയാണ്, അത് അന്തിമ ഘട്ടത്തിലാണ്. ഇറിഗേഷൻ വകുപ്പുകൂടി ആലോചിച്ച് ഡിസ്സാർ മാനേജ്മെന്റിന്റെ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഏറ്റവും വേഗതയിൽ നടപടികൾ പൂർത്തികരിക്കാനുള്ള സൗകര്യമുണ്ടാകും. അങ്ങ് പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. റൂം ഫോർ റിവർ എന്ന ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് മുന്നിൽ അവതരിപ്പിച്ചപ്പോൾ പല തരത്തിലുള്ള ആക്ഷേപങ്ങൾക്ക് വിധേയമായിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഇത്തവണ തോട്ടപ്പള്ളിയിലെ മുപ്പത് ഷട്ടറും തുറക്കാൻ കഴിഞ്ഞ അനുഭവമുണ്ടായതുകൊണ്ടാണ് ശ്രീ. തോമസ് കെ. തോമസിന് ഇവിടെ ഇരിക്കാൻ കഴിയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം അങ്ങയുടെ പാർട്ടിക്കാരോട് പറഞ്ഞ് മനസ്സിലാക്കിയാൽ നന്നായിരുന്നു.

ശ്രീ. കെ. രാജൻ: സർ, അതിന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പ്രയാസപ്പെടേണ്ട. ഞാനാണ് പാർട്ടിയുടെ നേതാവ്. ഞാൻ അത് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാം. തോട്ടപ്പള്ളിയിലെ ഷട്ടറും തണ്ണീർമുക്കത്തെ ഷട്ടറും തുറന്നതുപോലെ അന്ധകാരനഴി ഇത്തവണ തുറക്കാൻ കഴിഞ്ഞതോടുകൂടി സമുദ്രത്തിന്റെ താഴെനിൽക്കുന്ന ആലപ്പുഴ ജില്ലയ്ക്ക് ഒരു പ്രയാസവുമില്ലാത്ത രീതിയിൽ മുന്നോട്ടുപോകാനുൻ സാധിച്ചു. കക്കി ഡാം തുറന്നു. പമ്പാ ഡാം കൂടി ചിലപ്പോൾ തുറക്കേണ്ടിവരും. ഇത്തവണ കുട്ടനാടിനെ ഒന്നും ബാധിക്കുന്ന പ്രശ്നമില്ല. ഞാൻ ഇപ്പോഴും അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രളയവും മഴക്കെടുതിയും എല്ലാ വർഷവും ആവർത്തിക്കുന്ന സാഹചര്യമാണുള്ളത്. നഷ്ടപരിഹാരത്തിനായി ഇപ്പോഴും ധാരാളം പേർ കാത്തിരിക്കുന്നു. ഇത്തവണ വീണ്ടും മഴക്കെടുതികൾ ആവർത്തിക്കുന്നു, പ്രയാസങ്ങളിലേയ്ക്ക് ആളുകൾ പോകുകയാണ്. കഴിഞ്ഞ വർഷം മഴക്കെടുതിയിൽ ദുരിതമനുഭവിച്ച എത്രപേർക്ക് നഷ്ടപരിഹാരം കൊടുക്കാൻ ബാക്കിയുണ്ട്; നഷ്ടപരിഹാരം എത്രയും വേഗം കൊടുക്കാനുള്ള സംവിധാനങ്ങളുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് ഈ ചോദ്യം ചോദിച്ചതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. ഇക്കാര്യം വളരെ ശ്രദ്ധയോടെ സർക്കാർ നോക്കിവരികയാണ്. നഷ്ടപരിഹാരത്തുക കൊടുക്കാനുണ്ടെന്ന് പറഞ്ഞ് തർക്കമുണ്ടായത് എവിടെയാണ്? കഴിഞ്ഞ ഒക്ടോബർ 16, 17, 18, 19 തീയതികളിൽ *കോട്ടയം*-കൂട്ടിക്കൽ, *ഇടുക്കി*-കൊക്കയാർ, പത്തനംതിട്ട ജില്ലകളിലുൾപ്പെടെ അതിഭീകര ദുരന്തമുണ്ടായപ്പോൾ കേരള സർക്കാർ പ്രത്യേക ഉത്തരവ് പുറത്തിറക്കിക്കൊണ്ട് ഭൂമി നഷ്ടപ്പെട്ടവർക്ക് 6 ലക്ഷം രൂപയും വീട് നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപയും അനുവദിച്ചു. മരണപ്പെട്ടവർക്ക് സാധാരണ 4 ലക്ഷം രൂപയാണ് കൊടുക്കുന്നത്, അത് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് വലിയ പാക്കേജ് പ്രഖ്യാപിച്ചു. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ കളക്ടർമാർക്ക് എസ്.ഡി.ആർ.എഫ്.-ലെ തുകയും ആവശ്യപ്പെടുന്നതിനനുസരിച്ച് സി.എം.ഡി.ആർ.എഫ്.-ലെ തുകയും അയച്ചുകൊടുത്തു. കേരളത്തിലെ പ്രമുഖമായ ഒരു ചാനൽ മീനച്ചിലാറിന്റെ തീരത്ത് താമസിക്കുന്ന ഒരു സ്ത്രീയുടെ അഭിമുഖം കാണിച്ചുകൊണ്ട് നഷ്ടപരിഹാരത്തുക അവർക്ക് കിട്ടുന്നില്ലെന്ന് പറഞ്ഞു. തുക നൽകുന്നതിന് ഒരു മാനദണ്ഡമുണ്ട്. ആർക്കാണോ ഭൂമി നഷ്ടപ്പെട്ടത് അയാൾക്ക് ആദ്യം 50,000 രൂപ അയച്ചുകൊടുക്കും. രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിനുവേണ്ടിയാണ് ഈ തുക നൽകുന്നത്. രജിസ്ട്രേഷൻ നടപടികളുടെ പേപ്പറായിക്കഴിഞ്ഞാൽ ആരാണോ ഭൂമി തരുന്നത് ആ വ്യക്തിക്ക് അഞ്ചര ലക്ഷം രൂപ അയച്ചുകൊടുക്കും. അങ്ങനെയാണ് അതിന്റെ നടപടിക്രമം. അതിനുശേഷം ഭൂമി സ്വന്തമാക്കിക്കഴിഞ്ഞാൽ വീട് വയ്ക്കുന്നതിന് ആദ്യം 40,000 രൂപയും അതിനുശേഷം 1,60,000 രൂപയും അതുകഴിഞ്ഞ് 1,20,000 രൂപയും അവസാനം 40,000 രൂപയും ഘട്ടംഘട്ടമായി വിതരണം ചെയ്യും. ഭൂമി വാങ്ങാനുള്ള എഗ്രിമെന്റ് ഉണ്ടാക്കിയതിനുശേഷമേ ബന്ധപ്പെട്ട വ്യക്തികൾക്ക് രജിസ്ട്രേഷന് തുക കൊടുക്കാൻ കഴിയുകയുള്ളൂ. ഭൂമി നൽകുന്ന വ്യക്തിയുടെ ഭൂമി ശരിയാണോയെന്ന് പരിശോധിച്ചാൽ മാത്രമേ അദ്ദേഹത്തിന് തുക നൽകാൻ സാധിക്കുകയുള്ളൂ. കോട്ടയത്തെ ഒരു ചാനൽ ഇത് പ്രസിദ്ധീകരിച്ചപ്പോൾ ഞാൻ അതിൽ ഇടപെടാൻനോക്കി. ഭൂമി തരുമെന്ന് പറഞ്ഞ ആളിന്റെ ഭൂമിയുടെ ഡോക്യുമെന്റ്സ് ഹാജരാക്കിയപ്പോൾ ബാങ്കിൽ ഈട് വച്ചിരിക്കുകയാണ്. എങ്ങനെയാണ് അതിന് തുക കൊടുക്കാൻ കഴിയുന്നത്? അങ്ങനെയുള്ള ചില സാങ്കേതിക പ്രശ്നങ്ങളൊഴികെ ബാക്കിയെല്ലാവർക്കും തുക നൽകിയിട്ടുണ്ട്. ജില്ലാ അതോറിറ്റി തയ്യാറാക്കിയ ആളുകളുടെ പേരുകൾ വളരെ കൃത്യതയോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർക്കാണ് നഷ്ടപരിഹാരം ലഭിക്കാത്തതെന്ന് പേരെടുത്ത് പറഞ്ഞാൽ മറുപടി നൽകാം.

ശ്രീ. മുരളി പെരുനെല്ലി: സർ, മുൻകാലങ്ങളിൽ മഴയ്ക്ക് ഒരു താളവും ക്രമവുമുണ്ടായിരുന്നു. ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുകയാണ്. തുടർച്ചയായി പെയ്യുന്ന മഴയുടെ ഭാഗമായാണ് വെള്ളപ്പൊക്കവും മറ്റ് ദുരന്തങ്ങളുമുണ്ടാകുന്നത്. പെട്ടെന്ന് പെയ്യുന്ന മഴയുടെ ഭാഗമായുള്ള ദുരന്തങ്ങൾ ഇന്നലെ കുടയത്തൂരിൽ കണ്ടു. ഉറങ്ങിക്കിടന്നൊരു കുടുംബം അത് തങ്ങളുടെ അവസാന നിദ്രയാകുമെന്ന് പ്രതീക്ഷിച്ചിട്ടുപോലുമുണ്ടാകില്ല. ആ നിലയിലാണ് ദുരന്തങ്ങൾ സംഭവിക്കുന്നത്. ഒഴുകുന്ന വെള്ളത്തിന് തടസ്സമുണ്ടാകുമ്പോഴാണ് വെള്ളപ്പൊക്കമുണ്ടാകുന്നത്. ആ തടസ്സം നീക്കാൻ ആവശ്യമായ വലിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കോൾമേഖലയിൽ നൂറ് കിലോമീറ്ററോളം നീളമുള്ള കോൾചാലുകളിലും ചരിത്രത്തിലാരും ചെയ്യാത്ത വിധത്തിൽ ഉൾപ്പാടങ്ങളിലെ ചാലുകളിലും മണ്ണ് നീക്കിയതിന്റെ ഗുണം ഇന്ന് ഞങ്ങൾ അനുഭവിക്കുകയാണ്. കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കികളയുന്നതിന് 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതി മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ചാലുകളിലെയും പുഴകളിലെയും നദികളിലെയും എക്കലുകളും പായലുകളും മാറ്റി ജലം സുഗമമായി ഒഴുകാൻ ആവശ്യമായ സൗകര്യമൊരുക്കിക്കൊണ്ട് ദുരന്തങ്ങളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ടൊരു നിർദ്ദേശമാണിത്. തീർച്ചയായും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. അങ്ങ് കൂടി പറഞ്ഞപ്പോൾ കുറച്ചുകൂടി ഗൗരവമായി എന്നുമാത്രമേയുള്ളൂ. 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന പദ്ധതിക്കുവേണ്ടി ഇറിഗേഷൻ വകുപ്പും ഡിസാസ്റ്റർ മാനേജ്മെന്റുംകൂടി ആലോചിച്ചുകൊണ്ട് പ്രത്യേക നടപടിക്രമങ്ങൾ സ്വീകരിക്കുകയാണ്. പക്ഷെ നമ്മുടെ പ്രവചനത്തിനതീതമായ വിധത്തിൽ പ്രശ്നങ്ങളുണ്ടാകുന്നുവെന്ന കാര്യം നാം മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ഈ ദുരന്തത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സാക്ഷരത അനിവാര്യമാണ്. മാർട്ടിൻ ഉൾപ്പെടെയുള്ള കുടുംബങ്ങൾ മരിച്ച കൊക്കയാർ, കൂട്ടിക്കൽ, പ്ലാപ്പള്ളി മേഖലകളിൽ ഞാനും മന്ത്രിമാരായ ശ്രീ. വി. എൻ. വാസവനും ശ്രീ. റോഷി അഗസ്റ്റിനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഒരുമിച്ചാണ് പോയത്. മുമ്പൊരിക്കലും വൾനറബിൾ എന്നുപോലും രേഖപ്പെടുത്താത്ത പ്രദേശത്താണ് ആറ് പേർ മരിച്ചത്. അതുകൊണ്ട് കേരള സർക്കാർ 'സജ്ജം' എന്ന പേരിൽ കേരളത്തിലെ ജനങ്ങളെ ദുരന്ത നിവാരണത്തിന്റെ അടിസ്ഥാനപരമായ തത്വങ്ങൾ പഠിപ്പിക്കാനും അവർക്കാവശ്യമായ ഭൂവിനിയോഗം നടത്താനുംവേണ്ടി എവിടെ വീടുവയ്ക്കാം, എവിടെയൊക്കെ ഭൂമി ഉപയോഗപ്പെടുത്താം, ഏതെല്ലാം തരത്തിൽ ഭൂമി നൽകാം,

ദുരന്തങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കാവുന്ന വിധത്തിൽ കേരളത്തിൽ ദുരന്തനിവാരണ സാക്ഷരതാ യജ്ഞത്തിൽ എല്ലാവിഭാഗം ആളുകളെയും പങ്കാളികളാക്കാനുള്ളൊരു പദ്ധതിക്ക് നേതൃത്വം നൽകാൻ പോകുകയാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഡെപ്യൂട്ടി കളക്ടർമാരില്ലാത്ത ആറ് ജില്ലകളിൽ അക്കാര്യം പരിഗണിച്ചുവരികയാണെന്ന് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുസഭയുടെ മുന്നിൽ പറഞ്ഞിട്ടുള്ളതാണ്. അതുകൂടി സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് കോട്ടയത്തെക്കുറിച്ച് രണ്ടുപ്രാവശ്യം ആവർത്തിച്ച് പറഞ്ഞത് കേട്ടപ്പോൾ അടിക്കടി അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ വന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ദുരന്ത പരിഹാരത്തിനുള്ള നിർദ്ദേശമാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. അതിൽ ഏറ്റവും പ്രധാനമായി പറയാനുള്ളത് മീനച്ചിലാർ കരകവിഞ്ഞൊഴുകുന്നത് സംബന്ധിച്ചാണ്. അതൊരു സാധാരണ സംഭവമായി മാറുകയാണ്. 2018, 2019, 2021 വർഷങ്ങളിലെല്ലാം മീനച്ചിലാർ കരകവിഞ്ഞു. ഇപ്രകാരം കരകവിഞ്ഞാൽ തദ്ദേശവാസികൾക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് ഞാൻ ഇതുസംബന്ധിച്ച് രണ്ട് പ്രാവശ്യം കത്ത് കൊടുത്തിരുന്നു, അദ്ദേഹം അതിനുള്ള നടപടിയെടുക്കുമെന്നും സൂചിപ്പിച്ചിരുന്നു. പക്ഷെ ഇക്കഴിഞ്ഞ പ്രളയത്തിലും ഇതേ സംഭവമാണുണ്ടായത്. ഒരുകാലത്തും ഉണ്ടാകാത്ത വിധത്തിൽ കോട്ടയം ടൗൺതന്നെ വെള്ളത്തിൽ മുങ്ങിപ്പോകുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് കൃത്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ചീഫ് വിപ്പും അവിടത്തെ എം.എൽ.എ.-യും നിരവധി കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അക്കാര്യങ്ങളുമായി മുന്നോട്ടുപോകാം. ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് മുന്നിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. ഇക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണെങ്കിലും ഞാൻ സൂചിപ്പിക്കുകയാണ്. അതുകൂടി പഠിച്ച് അങ്ങ് സഭയിൽ ആവശ്യപ്പെട്ടതനുസരിച്ച് കോട്ടയം ജില്ലയിൽ അങ്ങുകൂടി പങ്കെടുക്കുന്ന വിധത്തിൽ എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ചുചേർത്ത് വിദഗ്ദ്ധ സമിതിയെ കണ്ട് പുതിയതായി എന്തെങ്കിലും ഇക്കാര്യത്തിൽ തീരുമാനിക്കേണ്ടതുണ്ടെങ്കിൽ നമുക്ക് ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എൻ. വാസവനും നമുക്കൊപ്പമുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, 2018 മുതലുള്ള പ്രളയം പത്തനംതിട്ട ജില്ലയെ സാരമായി ബാധിക്കുകയാണ്. ഇപ്പോൾ നഷ്ടപരിഹാരത്തുക മുൻകാലങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി സമയബന്ധിതമായി കൊടുക്കാൻ സാധിച്ചിട്ടുണ്ട്. കോന്നി മണ്ഡലത്തിലെ വില്ലേജ് ഓഫീസിലും കലഞ്ഞൂർ പഞ്ചായത്തിലും വെള്ളം കയറിയപ്പോൾ നാല്പത്തിയാറാമത്തെ ദിവസം മന്ത്രി നേരിട്ടെത്തി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അതെല്ലാം ആശ്വാസകരമാണ്. അതിന് ഞാൻ അങ്ങയെയും സർക്കാരിനെയും അഭിനന്ദിക്കുന്നു. വീടിന്റെ സംരക്ഷണഭിത്തി തകരുന്നതിനും വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറുന്നതിനും നഷ്ടപരിഹാരത്തുക ലഭ്യമാക്കാനുള്ള ഇടപെടലുകൾ ഉണ്ടാകുമോ?

ശ്രീ. കെ. രാജൻ: സർ, ഇതുസംബന്ധിച്ച് നാല് കത്തുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് അയച്ചുകൊടുത്തു. ഞാൻ മന്ത്രിയായതിനുശേഷം രണ്ട് തവണ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങൾ ആലോചിച്ചു. എസ്.ഡി.ആർ.എഫ്.-ന്റെ മാനദണ്ഡങ്ങളിൽ ഇത് ഉൾപ്പെടുന്നില്ല എന്നതാണ് പ്രധാന തടസ്സമായി നിൽക്കുന്നത്. എന്തായാലും അത് മാറ്റാൻ നമ്മുടെ എം.പി.-മാർ ഉൾപ്പെടെയുള്ളവരോട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും സമ്മർദ്ദം ചെലുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നഗരത്തിലെ വീടുകളിലും കടകളിലുമെല്ലാം കാലവർഷത്തിന്റെ ഭാഗമായി വെള്ളം കയറിക്കൊണ്ടിരിക്കുകയാണ്. 2019-ൽ വെള്ളം കയറിയപ്പോൾ സംസ്ഥാന ഗവൺമെന്റ് കളക്ടറുടെ ചുമതലയിൽ 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' എന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. പക്ഷേ അതിന്റെ തുടർ പദ്ധതികൾ നിശ്ചലമായിത്തന്നെ നിൽക്കുകയാണ്. കൊച്ചിയുടെ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 10 കോടി രൂപ അനുവദിച്ചു. ആ പദ്ധതി നടപ്പാക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും അടിയന്തരമായി അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. എറണാകുളം നഗരത്തിലെ ടി പ്രശ്നത്തിന്മേൽ വളരെ ഗൗരവത്തോടെ സർക്കാർ ഇടപെടുന്നുവെന്നതിന്റെ തെളിവാണ് 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിക്കായി വീണ്ടും 10 കോടി രൂപ അനുവദിച്ചുവെന്നുള്ളത്. അതുസംബന്ധിച്ച നടപടിക്രമങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ ജില്ലാ ഭരണകൂടത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, കാലാവസ്ഥാ വ്യതിയാനംമൂലം അപ്രതീക്ഷിതമായ ദുരന്തങ്ങളാണുണ്ടാകുന്നത്. 'സജ്ജം' പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നേരിടാൻ പുതുതലമുറയെ സജ്ജമാക്കുന്ന തരത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ-കോളേജ് പാഠ്യപദ്ധതികളിൽ ഇത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അതുമായി ബന്ധപ്പെട്ട് ഒരു കത്ത് നൽകിയിട്ടുണ്ട്. ഏതെങ്കിലുമൊരു പുസ്തകത്തിൽ കേവലം പാഠഭാഗമായി ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നതിനേക്കാൾ അത് പഠിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സന്ദേശമായി കുട്ടികളുടെ മുമ്പിലെത്തിക്കാനുള്ള പ്രവർത്തനം നടപ്പിലാക്കും. 2022-2027-ലെ 14-ാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ എല്ലാ വീടുകളിലും ദുരന്തനിവാരണ സന്ദേശമെത്തിച്ച് ദുരന്തലഘൂകരണം സാധ്യമാക്കാനാവശ്യമായ ഒരു പദ്ധതി ഇപ്പോൾ ഗവൺമെന്റ് അംഗീകരിച്ച് കൈമാറിയിട്ടുണ്ട്. ഇതുരണ്ടുംകൂടി സംയോജിപ്പിച്ചുകൊണ്ടാണ് 'സജ്ജം' പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നത്.

## കേരളത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബാക്കുന്നതിനുള്ള നടപടി

2 (*92) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ വലിയ സാധ്യത കണക്കിലെടുത്ത് കേരളത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കായൽ ടൂറിസം, ഫാം ടൂറിസം, പിൽഗ്രിം ടൂറിസം, ബീച്ച് ടൂറിസം തുടങ്ങി എല്ലാ ടൂറിസം മേഖലകളെയും അതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ആകർഷകമാക്കുന്നതിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങളിൽ സ്റ്റാർ കാറ്റഗറിയിലുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളും കഫെറ്റീരിയ ഉൾപ്പെടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) കോവിഡാനന്തര കാലത്ത് ലോക ടൂറിസം ഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്തിയ സമയമാണിത്. ലോകത്ത് നിർബന്ധമായും കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളുടെ പട്ടിക ലോകപ്രസിദ്ധമായ ടൈം മാഗസിൻ തയ്യാറാക്കിയതിൽ കേരളത്തെയും ഉൾപ്പെടുത്തിയത് ടൂറിസം മേഖലയ്ക്ക് ഉണർവ്വേകിയിട്ടുണ്ട്. ഈ സർക്കാർ കോവിഡ് കാലത്ത് ആരംഭിച്ച കാരവാൻ ടൂറിസത്തെയും കാരവാൻ പാർക്കുകളെയും കുറിച്ച് ടൈം മാഗസിനിൽ എടുത്ത് പറഞ്ഞിട്ടുണ്ടെന്നുള്ളതും ഇവിടെ സൂചിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ടൂറിസം ഹബ്ബായി കേരളത്തെ വികസിപ്പിക്കുന്നതിനുള്ള ആസൂത്രിതമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. കേരളത്തെയാകെ ഒരു ടൂറിസ്റ്റുകേന്ദ്രമെന്ന നിലയിൽ വികസിപ്പിക്കാനാണ് ശ്രമിക്കുന്നത്. പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുക, നിലവിലുള്ള ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ ആവിഷ്കരിക്കുക, അന്താരാഷ്ട്ര തലത്തിലും ആഭ്യന്തര തലത്തിലും വിവിധ മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കുക, ടൂറിസം വികസനത്തിലൂടെ ആ പ്രദേശത്തെ സാധാരണക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

നിലവിലുള്ള ഡെസ്റ്റിനേഷനുകളുടെ വികസനം സാധ്യമാക്കാൻ പ്രത്യേക പദ്ധതികൾ തന്നെ തയ്യാറാക്കുന്നുണ്ട്. കോവളം മേഖലയുടെ സമഗ്ര വികസനം സാധ്യമാക്കാൻ കിഫ്ബി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോവളത്തെ ടൂറിസം ഭൂപടത്തിൽ റീലോഞ്ച് ചെയ്യാനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. മറ്റു ടൂറിസം കേന്ദ്രങ്ങളിലും ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എൺപതുകൾക്കുശേഷം പുതിയ ടൂറിസം ഉൽപ്പന്നത്തെ നാം പരിചയപ്പെടുത്തിക്കഴിഞ്ഞു. കാരവാൻ ടൂറിസത്തിന്റെ വരവ് കേരള ടൂറിസത്തിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നായി കോവിഡ് കാലത്ത് പ്രത്യേകം വിലയിരുത്തിക്കഴിഞ്ഞു. പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയും നടപ്പിലാക്കുന്നു. ലിറ്ററി സർക്യൂട്ട്, ജൈവവൈവിധ്യ സർക്യൂട്ട് തുടങ്ങിയ നൂതന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാവുകയാണ്.

കേരളത്തിന്റെ സാംസ്കാരിക തനിമ അടയാളപ്പെടുത്തുന്ന ഓണാഘോഷവും ചാമ്പ്യൻസ് ബോട്ടുലീഗും നെഹ്റുട്രോഫി വള്ളം കളിയും ഇടവേളകൾക്കുശേഷം വീണ്ടുമെത്തുകയാണ്. ഹെലികോപ്റ്റർ ടൂറിസം, ഫുഡ് ടൂറിസം, ക്രൂയിസ് ടൂറിസം,

സ്പൈസസ് റൂട്ട് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതോടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാകും. ഹെറിറ്റേജ് ടൂറിസം പദ്ധതികൾ, ബീച്ച് ടൂറിസം പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി അനുഭവവേദ്യ ടൂറിസം പദ്ധതികൾ നടപ്പിലാക്കുകയാണ്. വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, അഗ്രി ടൂറിസം, നെറ്റ്‌വർക്കുകൾ, വിവിധ സ്ട്രീറ്റുകൾ തുടങ്ങിയവ കേരളത്തെ ടൂറിസം ഹബ്ബായി വളർത്തുവാൻ സഹായിക്കുന്നതാണ്. ടൂറിസത്തെ കൂടുതൽ ജനകീയവൽക്കരിക്കാൻ ആർ.ടി. ഉൾപ്പെടെയുള്ളവ ഫലപ്രദമായി മാറുന്നുണ്ട്.

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി രാജ്യത്തിന് അകത്തും പുറത്തും മാർക്കറ്റിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചു. 59 വിദേശരാജ്യങ്ങളിൽ നിന്നും 25 സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികൾ കേരളാ ട്രാവൽ മാർട്ടിൽ പങ്കെടുത്തിരുന്നു. 234 വിദേശ ബെയറർമാരും 897 ആഭ്യന്തര ബെയറർമാരും കെ.ടി.എം-ന്റെ ഭാഗമായി. വിവിധ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്താനുള്ള ഫാം ക്യാമ്പയിനും സംഘടിപ്പിച്ചു വരുന്നു.

ഇന്റർനാഷണൽ സോഷ്യൽ മീഡിയാ ക്യാമ്പയിനുകൾ, ഹണിമൂൺ ഹോളിഡേയ്സ് ക്യാമ്പയിൻ, ചേഞ്ച് ഓഫ് എയർ ക്യാമ്പയിൻ തുടങ്ങിയവ സംഘടിപ്പിച്ച് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഇത്തരം പ്രചരണങ്ങളുടെ ഭാഗമായി ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അത് നിലനിർത്തി കേരളത്തെ ടൂറിസം ഹബ്ബായി ഉയർത്താനാണ് പരിശ്രമിക്കുന്നത്.

(ബി) കേരളത്തിന്റെ വിനോദസഞ്ചാര സവിശേഷതകളായ കായൽ ടൂറിസം, ബീച്ച് ടൂറിസം, ഫാം ടൂറിസം, തീർത്ഥാടക ടൂറിസം എന്നീ മേഖലകളിൽ ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്.

<u>കായൽ ടൂറിസം:</u> കായൽ ടൂറിസവുമായി ബന്ധപ്പെട്ട് കേരളത്തിലെ വിനോദസഞ്ചാര പ്രാധാന്യമുള്ള കേന്ദ്രങ്ങൾ ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയിലെ ആക്കുളം-വേളി കായൽത്തീര ടൂറിസം വില്ലേജുകൾ, പെരുമാതുറ അഞ്ചുതെങ്ങ് കായൽ പൈതൃക സർക്യൂട്ട്, കാപ്പിൽ കായൽ തീരത്തെ ബോട്ട് ക്ലബ്, കൊല്ലം ജില്ലയിലെ അഷ്ടമുടി-മൺറോ, പരവൂർ-പൊഴിക്കര, വേമ്പനാട്ട് കായൽ പരിധിയിലുള്ള കോട്ടയം-കുമരകവും, ആലപ്പുഴ-കുട്ടനാടും, പൈതൃക പദ്ധതിയിൽ ഉൾപ്പെടുന്ന പെരിയാറിലെ കോട്ടപ്പുറം കായൽ, തൃശ്ശൂർ-പുത്തൂർ കായൽ, മലപ്പുറം-ബിയ്യം കായൽ, കണ്ണൂർ-കവ്വായി കായൽ കാസർഗോഡ് വലിയപറമ്പ കായൽ എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു.

ബീച്ച് ടൂറിസം: ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ തീരദേശത്ത് വിനോദസഞ്ചാര പ്രാധാന്യമുള്ള കേന്ദ്രങ്ങളായ കോവളം ബീച്ച്, പൂവാർ ബീച്ച്, വർക്കല പാപനാശം ബീച്ച്, കാപ്പിൽ ബീച്ച്, കൊല്ലം ബീച്ച്, തിരുമുല്ലാവാരം, ആലപ്പുഴ മാരാരി, ചെത്തി ബീച്ച്, എറണാകുളം, ചെറായി ബീച്ച്, തൃശ്ശൂർ ചാവക്കാട് ബീച്ച്, മുനക്കൽ ബീച്ച്, കോഴിക്കോട് ബീച്ച്, ബേപ്പൂർ ബീച്ച്, ചാലിയം ബീച്ച്, കാപ്പാട് ബീച്ച്, കണ്ണൂർ പയ്യാമ്പലം ബീച്ച്, ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ച്, അഴിക്കോട് മീൻകുന്നുചാലിൽ ബീച്ച്, കാസർഗോഡ് ബേക്കൽ ബീച്ച് എന്നിവിടങ്ങളിൽ വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിവരുന്നു.

ഫാം ടൂറിസം: കേരളത്തിലെ കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് വിനോദസഞ്ചാരവുമായി കോർത്തിണക്കിയാണ് ഫാം ടൂറിസം വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ നിരവധിയായ സർക്കാർ-സ്വകാര്യ മേഖലയിലുള്ള പ്ലാന്റേഷനുകളും ഹോംസ്റ്റേ യൂണിറ്റുകളും കോർത്തിണക്കിയാണ് ഫാം ടൂറിസം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഫാം ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്ക് വിവിധ ഫാമുകൾ-പ്ലാന്റേഷനുകൾ സന്ദർശിക്കാനും ഹോംസ്റ്റേകളിൽ താമസിച്ച് കൃഷിയെക്കുറിച്ച് പഠിക്കാനും സാധിക്കും. പുതിയ തലമുറയ്ക്ക് കൃഷി രീതികളെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കുന്നതിനും തദ്ദേശവാസികളുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിനും ഫാം ടൂറിസം സഹായകമാണ്.

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ലോഞ്ച് ചെയ്തിട്ടുണ്ട്.

പിൽഗ്രിം ടൂറിസം: വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളിൽ ഒന്നാണ് പിൽഗ്രിം ടൂറിസം പദ്ധതി. ഏകദേശം 170 കോടിയിൽപ്പരം രൂപയുള്ള 39 വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ പകുതിയും പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഇവയ്ക്കുപുറമെ കേന്ദ്രസർക്കാർ ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ തീർത്ഥാടക സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വദേശ് ദർശൻ സ്കീം മുഖേന 72.60 കോടി രൂപയുടെ പദ്ധതിയും ഗുരുവായൂർ ക്ഷേത്രത്തിൽ പ്രസാദ് സ്കീം മുഖേന 46.14 കോടി രൂപയുടെ പദ്ധതിയും അനുവദിക്കുകയും ആയവ സംസ്ഥാന സർക്കാർ മുഖേന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

സ്വദേശ് ദർശൻ സ്കീം മുഖേന നടപ്പിലാക്കുന്ന 106.41 കോടി രൂപയുടെ ശബരിമല-എരുമേലി-പമ്പ-സന്നിധാനം സ്പിരിച്വൽ സർക്യൂട്ട് പദ്ധതി പുരോഗമിച്ചുവരുന്നുണ്ട്. സ്വദേശ് ദർശൻ സ്കീം മുഖേന 'ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം – അരുവിപ്പുറം – കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ – ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ മലയാറ്റൂർ സെന്റ് തോമസ് ഷ്രൈൻ, ചേരമാൻ ജുമാ മസ്ജിദ് എന്നീ പദ്ധതികളുടെ ഡി.പി.ആർ. പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിൽ എത്തിക്കുന്നതിനായി ടൂറിസം കേന്ദ്രങ്ങളിൽ "കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലെറ്റ് ബ്ലോക്ക്" എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുംമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബേക്കൽ, പൂക്കോട്, കാരാപ്പുഴ, കോഴിക്കോട് ഭട്ട്റോഡ്, വർക്കല എന്നിവിടങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

ഇതോടൊപ്പം സ്ഥല ലഭ്യത അനുസരിച്ച് അവശ്യ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കഫറ്റേരിയ, ടോയ്‌ലറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ജനങ്ങൾ ഏറെ പ്രതീക്ഷയോടെ കാണുന്നൊരു മന്ത്രിയാണ് അങ്ങ്. കേരളത്തിന്റെ ടൂറിസം രംഗത്ത് പ്രത്യേകിച്ച് ആലപ്പുഴയുടെയും എന്റെ സ്ഥലമായ കുട്ടനാടിന്റെയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്നതിൽ ഞങ്ങൾക്ക് ഏറെ പ്രതീക്ഷയും പ്രത്യാശയുമുണ്ട്. പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുകയും നടപ്പിലാക്കുന്ന കാര്യങ്ങൾ നല്ല രീതിയിൽ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിത്വങ്ങളാണ് ഞങ്ങളെല്ലാവരും. അതുകൊണ്ട് പ്രത്യേകമായി പറയാനുള്ളത് ടൂറിസം സീസൺ ആരംഭിക്കുന്ന ഘട്ടമാണിത്. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നും സഞ്ചാരികളെ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് പ്രത്യേക മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ? ഉണ്ടെങ്കിൽ ഞങ്ങളുടെ പ്രദേശമായ ആലപ്പുഴയെക്കൂടി അതിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ എല്ലാ മന്ത്രിമാരെയും വളരെ പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ കാണുന്നത്. എൽ.ഡി.എഫ്. മന്ത്രിമാരെല്ലാവരും പറയുന്ന കാര്യങ്ങൾ ചെയ്യുന്നവരും ചെയ്യുന്ന കാര്യങ്ങൾ പറയുന്നവരുമാണ്. ആ നിലയിൽ വലിയ പ്രതീക്ഷയോടുകൂടിത്തന്നെയാണ് എൽ.ഡി.എഫ്. സർക്കാരിനെ പൊതുവെ കണ്ടുകൊണ്ടിരിക്കുന്നത്. കായൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതിയിൽ അദ്ദേഹത്തിന്റെ കുട്ടനാടിനെ ഉൾപ്പെടുത്തുകയും നെഹ്റു ട്രോഫി വള്ളംകളി, ചാമ്പ്യൻസ് സ്പോർട്സ് ലീഗ് എന്നിവ ഇത്തവണ പുനരാരംഭിച്ച് മുന്നോട്ടുവരികയുമാണ്. മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് അദ്ദേഹം ഇവിടെ പറഞ്ഞ 8 സംസ്ഥാനങ്ങളെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ ആരംഭിക്കാനും അവിടത്തെ ജനങ്ങളെ ആകർഷിക്കാനും കഴിയുന്ന വിധത്തിലുള്ള മൈക്രോപ്ലാൻ തയ്യാറാക്കുന്നുണ്ട്. വ്യത്യസ്ത സംസ്ഥാനങ്ങളെ അതത് പ്രാദേശിക ഭാഷകളും പ്രാദേശിക ദിനപ്പത്രങ്ങൾ, എഫ്.എം. റേഡിയോ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള മാർക്കറ്റിംഗ് പദ്ധതികൾ തയ്യാറാക്കുകയാണ്. വയനാട് ടൂറിസം വികസിപ്പിക്കാൻ ബാംഗ്ലൂരിൽ അത്തരത്തിലൊരു ശ്രമം നടത്തിയതിനെപ്പറ്റി നേരത്തെ പറഞ്ഞതുകൊണ്ട് അക്കാര്യം ഞാൻ ആവർത്തിക്കുന്നില്ല. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നും സഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രത്യേക മാർക്കറ്റിംഗ് സ്ട്രാറ്റജി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിലാണ് വലിയ കുതിച്ചുചാട്ടം പ്രകടമാകുന്നത്. അത് ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ഈ ക്യാമ്പയിന്റെ ഗുണം പൊതുവെ ലഭിക്കുന്നതാണ്. എഫ്.എം. റേഡിയോ കേരള ടൂറിസം പ്രചാരണം സംഘടിപ്പിക്കുന്നതോടൊപ്പം മെട്രോ സിറ്റികളിൽ ലൈഫ് സ്റ്റൈൽ മാഗസിനുകളിൽ പ്രത്യേക സപ്ലിമെന്റുകൾ വഴിയും പ്രചരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ടൂറിസം രംഗത്ത് ഞങ്ങൾ ഏറ്റവുമധികം പ്രതീക്ഷയോടെ കാണുന്ന ഒന്നാണ് കായൽ ടൂറിസം. പ്രത്യേകിച്ചും ഒരു ഇടവേളയ്ക്കുശേഷം വന്ന നെഹ്റു ട്രോഫി വള്ളം കളി എന്നത് ഞങ്ങളുടെ എല്ലാവരുടെയും വലിയൊരു ഹരവും പ്രത്യാശയും പ്രതീക്ഷയുമാണ്. കായൽ ടൂറിസം കൂടുതലായി വികസിപ്പിക്കുന്നതിന് അതായത് സമുദ്രനിരപ്പിൽനിന്ന് മൂന്ന് മീറ്റർ താഴ്ചയുള്ള കുട്ടനാട് പോലുള്ള പ്രദേശങ്ങളിലുള്ള ഞങ്ങളുടെ ഉപജീവന മാർഗ്ഗമാണ് കായൽ ടൂറിസവും ചെറിയ രീതിയിലുള്ള ഹൗസ് ബോട്ട് തുടങ്ങിയ സംവിധാനങ്ങളും. ഇതിന് കൂടുതൽ പ്രത്യേകതകൾ നൽകാൻ സാധ്യതയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. നല്ലരീതിയിൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന ഒന്നാണ് കായൽ ടൂറിസം. ഒരു ഇടവേളയ്ക്കുശേഷം ഇപ്പോൾ നെഹ്റു ട്രോഫി വള്ളം കളിയും ചാമ്പ്യൻസ് സ്പോർട്സ് ലീഗുമെല്ലാം പുനരാരംഭിക്കുന്നുണ്ട്. ലോക ടൂറിസം ഭൂപടത്തിലേയ്ക്ക് കേരളത്തെ ഉയർത്തുന്നതിൽ വള്ളംകളി പ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. വലിയ നിലയിൽ മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഇത് പ്രചാരണമായി മാറുന്നു. അതിന്റെ എല്ലാ സാധ്യതകളെയും സർക്കാർ ഉപയോഗപ്പെടുത്തുകയാണ്. കായൽ ടൂറിസത്തിന്റെ പ്രത്യേകിച്ച് കുട്ടനാട് മേഖലയിലേതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുകൊണ്ടുള്ള പ്രചരണ പരിപാടികൾ ആലോചിച്ച് മുന്നോട്ടുപോകുകയെന്നത് സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബാക്കുന്നതിനുള്ള വളരെ ക്രിയാത്മകമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന അങ്ങയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ കൂത്തുപറമ്പിൽ പി. ആർ. കുറുപ്പ് വനം വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച പൊയിലൂരിലെ പ്രകൃതി പഠനകേന്ദ്രം വാഴമല, നരിക്കോട് മല, വിമാനപ്പാറ വഴി വീരകേരളവർമ്മ പഴശ്ശിരാജ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾക്കുവേണ്ടി തെരഞ്ഞെടുത്ത പഴശ്ശി കാനനപ്പാത വരെയുള്ള പ്രദേശം ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ ചെറിയ തടസ്സങ്ങളുള്ളതുകൊണ്ട് പ്രസ്തുത പദ്ധതി നടക്കാതെ പോയി. പക്ഷേ, വീണ്ടും അതുമായി ബന്ധപ്പെട്ട പദ്ധതികളുമായി മുന്നോട്ടുപോയതുകൊണ്ട് അതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുങ്ങിവരികയാണ്. അന്നത്തെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സി. കെ. നാണു ഉദ്ഘാടനം ചെയ്ത പ്രകൃതി പഠന കേന്ദ്രത്തിന് പി. ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രമെന്ന് പേരും നൽകിയിരുന്നു. പൊയിലൂരിലെ ചരിത്ര പ്രസിദ്ധമായ മുത്തപ്പൻ മടപ്പുരയ്ക്ക് സമീപമാണ് ഈ പ്രകൃതി പഠന കേന്ദ്രം. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് പഴശ്ശികോട്ട സ്ഥിതി ചെയ്യുന്ന പഴശ്ശി സ്മൃതി മന്ദിരം, കൂത്തുപറമ്പ് വലിയ വെളിച്ചം, ചെറുവാഞ്ചേരി, നരിക്കോട് മല, നരിക്കോട് പഴശ്ശി കാനനപ്പാത, പൊയിലൂർ പി.ആർ. പ്രകൃതി പഠനകേന്ദ്രം വഴി നാദാപുരം വഴി കോഴിക്കോട് ജില്ലയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു വലിയ പദ്ധതിക്ക് രൂപം കൊടുക്കാൻ നടപടി സ്വീകരിക്കുമോ; അതിന്റെ തടസ്സങ്ങൾ നീക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പി. ആർ. കുറുപ്പ് പ്രകൃതി പഠന കേന്ദ്രത്തെ ടൂറിസവുമായി ബന്ധപ്പെടുത്തി എന്തൊക്കെ ചെയ്യാനാകുമെന്ന് പ്രത്യേകം പരിശോധിക്കാം. ജല ടൂറിസം സാധ്യതകൾ ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ തന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി അതിന്റെ ഭാഗമാണ്. ആ പദ്ധതിയുടെ ഭാഗമായി പ്രാദേശിക ടൂറിസം വികസന കേന്ദ്രങ്ങൾ വികസിപ്പിക്കപ്പെടുകയാണ്. പൊതുവെ പരിശോധിച്ചാൽ അക്കാര്യങ്ങൾ എല്ലാവർക്കും കാണാൻ സാധിക്കും. ബോട്ട് സർവ്വീസുകളും മറ്റും സജ്ജമാക്കിക്കൊണ്ടുള്ള സർക്യൂട്ട് രൂപപ്പെടുത്താൻ കഴിയും. അതിനുള്ള എല്ലാ സാധ്യതയും പരിശോധിക്കുന്നതാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി, എന്റെ മണ്ഡലത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങളുടെ മുന്നേറ്റം പ്രതീക്ഷാനിർഭരമാണ്. ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വികസനത്തിന്റെ പ്രധാനപ്പെട്ട ഘടകം ഗതാഗത സൗകര്യമാണ്. 748 കോടി രൂപ പ്രഖ്യാപിക്കപ്പെട്ട കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കും; പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ആരംഭിച്ചാൽ അതിന്റെ പുരോഗതി കൃത്യമായി എം.എൽ.എ.-മാരെയും ജനങ്ങളെയും അറിയിക്കാനുള്ള സംവിധാനമൊരുക്കുമോ? ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പ്രസ്തുത വിഷയം ടൂറിസവുമായി ബന്ധപ്പെട്ടതായതിനാൽ ടൂറിസത്തിന് നല്ല ആക്സസ്സബിലിറ്റിയും റോഡുകളും വേണം. അതിന് പ്രത്യേക പരിശോധനയുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ റോഡുകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ളതാണ്. പ്രസ്തുത റോഡുകളുൾപ്പെടെയുള്ളവ എങ്ങനെ നന്നാക്കിക്കൊണ്ടുവരാമെന്നത് സംബന്ധിച്ച് ടൂറിസം വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് ആലോചന നടത്തുന്നതാണ്. കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി പ്രത്യേകം ശ്രദ്ധിച്ച് മുന്നോട്ടുപോകുന്നുണ്ട്. എയർപോർട്ടുകൂടി വന്നതിനാൽ മലബാർ ടൂറിസത്തിന്റെ പ്രധാന കേന്ദ്രമായി കണ്ണൂരിനെ മാറ്റാനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെയും വിദേശ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനുവേണ്ടി നൂതന പദ്ധതികൾ അനിവാര്യമാണ്. കേരള ട്രാവൽ മാർട്ട് നടത്തുന്നുണ്ട്. അതിനായി ഗവൺമെന്റ് ഒരു കോടി രൂപ നൽകുന്നുമുണ്ട്. സ്വകാര്യ സംരംഭകരായ ട്രാവൽ

ആൻഡ് ടൂറിസ്റ്റ്സ് നടത്തുന്ന പദ്ധതിയാണത്. അതുകൂടാതെ ബർലിൻ തുടങ്ങിയ രാജ്യങ്ങളിൽ നടത്തുന്ന ഇന്റർനാഷണൽ മാർട്ടുകൾ കേരളത്തിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; നിലവിൽ വിദേശ ടൂറിസ്റ്റുകളെക്കാൾ കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളാണ് സംസ്ഥാനത്ത് വരുന്നത്. അതിനാൽ ആഭ്യന്തര ടൂറിസ്റ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുന്ന വിധത്തിൽ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ട്രാവൽ മാർട്ടുകൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രസക്തമായ ചോദ്യമാണ് അങ്ങ് ഉന്നയിച്ചത്. അക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനത്തെ പല നഗരങ്ങളിലും അതിപുരാതനമായ വ്യാപാര ബന്ധങ്ങളുള്ള രാജ്യങ്ങളുണ്ടെന്ന് പരിശോധിച്ചാൽ കാണാൻ സാധിക്കും. നൂറ്റാണ്ടുകൾക്കുമുമ്പ് മുതൽ വ്യാപാര ബന്ധമുള്ള രാജ്യങ്ങളെയുൾപ്പെടെ ക്ഷണിച്ചുകൊണ്ട് ഏതെങ്കിലുമൊരു പ്രത്യേക നഗരത്തിൽ ഇത്തരത്തിലൊരു മാർട്ട് അല്ലെങ്കിൽ ഫെസ്റ്റ് സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വളരെ ക്രിയാത്മകമായ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ടൂറിസം മേഖലയിൽ സർക്കാരും വകുപ്പുമന്ത്രിയുമെടുക്കുന്ന ഇടപെടൽ പ്രശംസനീയമാണ്. ആഭ്യന്തര ടൂറിസം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ പൊന്നാനിയിൽ നിത്യേന നൂറുകണക്കിന് ആളുകളാണ് ബോട്ടിംഗിനും മറ്റുമായി വന്നുകൊണ്ടിരിക്കുന്നത്. പുഴയും കായലും കടലുമെല്ലാം ഒത്തുചേരുന്ന പ്രദേശമായ പൊന്നാനിയുടെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ടൂറിസം പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് പൊന്നാനി. അതുസംബന്ധിച്ച് സന്തോഷകരമായ കാര്യമാണ് പറയാനുള്ളത്. മലപ്പുറം ജില്ല രൂപംകൊണ്ടതിനുശേഷം ആദ്യമായി 2022 ക്വാർട്ടർളിയോടുകൂടി ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സർവ്വകാല റെക്കോർഡ് നേടിയെടുക്കാൻ സാധിച്ചു. അതിൽ പൊന്നാനി വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ആ നിലയിൽത്തന്നെ പൊന്നാനിയെ വികസിപ്പിക്കാം. ഇപ്പോൾ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സർക്കാർ ഫോക്കസ് ചെയ്തതുപോലെ വയനാട്, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകൾ സർവ്വകാല റെക്കോർഡിലേയ്ക്ക് എത്തിക്കഴിഞ്ഞു. മലപ്പുറം ജില്ലയുടെ പ്രത്യേകതയെ സംബന്ധിച്ച് സഭ നേരത്തെ ചർച്ച ചെയ്തതാണ്. മലപ്പുറം ജില്ലയിൽ ചരിത്രപരമായ നിരവധി സമരകേന്ദ്രങ്ങളുണ്ട്. ആ സമരകേന്ദ്രങ്ങളെ വക്രീകരിക്കാനുള്ള പല ശ്രമങ്ങളും വർത്തമാന കാലഘട്ടത്തിൽ നടക്കുമ്പോൾ ചരിത്രത്തെ

ഉയർത്തിപ്പിടിക്കുകയെന്നുള്ളത് ഓരോ ജനതയുടെയും കടമയാണ്. ചരിത്രത്തെ ഇല്ലാതാക്കാനോ തമസ്കരിക്കാനോ ഉള്ള ശ്രമം നടത്തുമ്പോൾ ചരിത്രത്തെ ഓർമ്മപ്പെടുത്തുകയെന്നതാണ് പ്രധാനം. ചില ആളുകൾ സംസാരത്തിൽ മാത്രമേ അക്കാര്യം പറയുകയുള്ളൂ. പ്രായോഗികമായി വരുന്ന ഘട്ടത്തിൽ ചരിത്രത്തെ ഓർമ്മപ്പെടുത്തുന്ന മലപ്പുറം ജില്ലയുടെ പ്രവർത്തനങ്ങൾക്കൊപ്പം നിൽക്കാൻ തയ്യാറാകാത്തവരുണ്ട്. അവിടെ ചരിത്രത്തെ ഓർമ്മപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടത്തും. അതിൽ പൊന്നാനിയുൾപ്പെടെ വലിയ പങ്കുവഹിക്കും.

മി. സ്പീക്കർ: പൊന്നാനിയോട് ചേർന്ന് നല്ല സ്ഥലങ്ങളുണ്ട്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊന്നാനിയോട് ചേർന്ന് തൃത്താല പോലെയുള്ള നിരവധി സ്ഥലങ്ങളുണ്ട്. അവയെയെല്ലാം യോജിപ്പിച്ചുകൊണ്ട് അത്തരം കാര്യങ്ങൾ ചെയ്യാവുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ടൂറിസം മേഖലയിലും കമ്മ്യൂണിറ്റി റിസർവ് മേഖലയിലും പരിസ്ഥിതി ആഘാത പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് സൗരോർജ്ജ ബോട്ടുകൾ കൊണ്ടുവരുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; അത്തരത്തിൽ ടൂറിസം സാധ്യതയേറെയുള്ള കമ്മ്യൂണിറ്റി റിസർവ് മേഖലയായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന്-കടലുണ്ടി മേഖലയിൽ സൗരോർജ്ജ ബോട്ടുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് പരിശോധിക്കപ്പെടേണ്ട വളരെ പ്രസക്തമായ പ്രശ്നം തന്നെയാണ്. വള്ളിക്കുന്ന് പഞ്ചായത്തുൾപ്പെടെ പ്രകൃതിരമണീയമായ പ്രദേശങ്ങളുള്ള മണ്ഡലമാണ് അദ്ദേഹത്തിന്റേത്. അക്കാര്യം വനം വകുപ്പും മറ്റു വകുപ്പുകളുമായും ചർച്ച ചെയ്യേണ്ടതാണ്. ഇക്കാര്യം പരിഗണിക്കാവുന്നതും സർക്കാരിന്റെ മുമ്പിലുള്ളതുമായൊരു വിഷയമാണ്.

ശ്രീമതി സി. കെ. ആശ: സർ, കഴിഞ്ഞ സർക്കാരിന്റെ സമയത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ആരംഭിച്ച പെപ്പർ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 2018-നുശേഷം യാതൊരു പ്രവർത്തനങ്ങളും നടക്കാതെ നിശ്ചലാവസ്ഥയിൽ കിടക്കുകയാണ്. വളരെ പ്രതീക്ഷയോടെ പൈലറ്റ് ചെയ്ത പദ്ധതി ആയതിനാൽ അതിന്റെ ഇപ്പോഴത്തെ തടസ്സങ്ങൾ മാറ്റി ഏറ്റവും മികച്ച ടൂറിസം പദ്ധതിയായി മാറ്റണം. അങ്ങ് ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടത്തുന്നതോടൊപ്പം വൈക്കത്ത് പ്രഖ്യാപിച്ച് പ്രവർത്തനമാരംഭിച്ച പെപ്പർ ടൂറിസം പദ്ധതി നല്ല രീതിയിൽ കൊണ്ടുവരുന്നതിന് റിവ്യൂ മീറ്റിംഗ് ഉൾപ്പെടെയുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും, നല്ല സാധ്യതയുള്ളൊരു പദ്ധതിയാണ് പെപ്പർ ടൂറിസം. ആ നിലയിലുള്ള റിവ്യൂ മീറ്റിംഗ് വകുപ്പുതലത്തിൽ നടക്കുന്നുണ്ട്. അതിന് മറ്റെന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് തടസ്സങ്ങൾ നീക്കി വളരെ വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകാം.

ശ്രീ. സജീവ് ജോസഫ്: സർ, ഉത്തരമലബാറിലെ ടൂറിസം വികസനത്തിനായി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ സർക്കാരിന്റെ പരിഗണനയിലുള്ള ടൂറിസം സർക്യൂട്ടുകൾ, പുതിയ പദ്ധതികൾ എന്നിവ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും, മലയോര മേഖലയും തീരദേശവും ഇടനാടും നല്ല നദികളും കടലും ഉണ്ടെന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകത. ഇതെല്ലാം ബീച്ച് ടൂറിസത്തിനും മലയോര ടൂറിസത്തിനുമുള്ള സാധ്യതയായാണ് കാണുന്നത്. പ്രത്യേകിച്ച് ലോകത്ത് ഇപ്പോൾ ട്രക്കിംഗ് ഒരു ട്രെൻഡാണ്. ആ നിലയിലുള്ള ട്രെൻഡുകളെ എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നുള്ളത് പരിശോധിച്ച് മുന്നോട്ടുപോകാവുന്നതാണ്. ഇപ്പോൾ കൂട്ടമായി മലയോര മേഖലയിലേയ്ക്ക് യാത്ര ചെയ്യുന്ന ഒരു ട്രെൻഡ് ലോകത്ത് വന്നിട്ടുണ്ട്. കൂട്ടുകുടുംബം ഒന്നാകെ യാത്ര ചെയ്യുന്ന ട്രെൻഡാണ് പൊതുവെ കാണുന്നത്. കുടുംബവുമായി അകന്നുനിൽക്കുന്നവരെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള കുടുംബ സംഗമങ്ങൾ മലയോര മേഖലകളിലേയ്ക്കുള്ള യാത്രകളാക്കി മാറ്റുകയാണ്. ആ ട്രെൻഡ് എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിനെ സംബന്ധിച്ച് ആലോചിക്കുകയാണ്. പുതിയൊരു ട്രെൻഡിന്റെ സാധ്യതയെന്ന് പറയുന്നത് ഡെസ്റ്റിനേഷൻ വെഡ്ഡിംഗാണ്. വിവാഹം നടത്താൻ ആഗ്രഹിക്കുന്നവർ ദൂരെയുള്ള സ്ഥലങ്ങളാണ് തെരഞ്ഞെടുക്കുന്നത്. പലയിടങ്ങളിലും ഈയൊരു പുതിയ ട്രെൻഡ് കണ്ടുവരുന്നുണ്ട്. രാജ്യത്ത് പ്രധാനമായും ഡെസ്റ്റിനേഷൻ വിവാഹം നടക്കുന്ന ഒരു സംസ്ഥാനം രാജസ്ഥാനാണ്. കേരളത്തിലും അതിന് നല്ല സാധ്യതയുണ്ട്. കേരളത്തിലെ ആ സാധ്യതയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി ഡെസ്റ്റിനേഷൻ വെഡ്ഡിംഗിന്റെ പ്രത്യേക കേന്ദ്രങ്ങൾ തയ്യാറാക്കുകയാണ് വേണ്ടത്. ഞാൻ കോഴിക്കോട് നടന്ന ഒരു സംഭവം ഓർക്കുകയാണ്. അടഞ്ഞുകിടന്ന ഒരു ഓട്ടുകമ്പനിയിൽവച്ച് ഒരു വിവാഹം നടത്തുകയുണ്ടായി. അതൊരു പ്രത്യേക ട്രെൻഡായിരുന്നു. വിവാഹ ഹാളിനുപകരം ഓട്ടുകമ്പനിയാണ് അവർ തെരഞ്ഞെടുത്തത്. ഡെസ്റ്റിനേഷൻ വിവാഹത്തിന്റെ പുതിയൊരു സാധ്യതയാണ് അത്തരം വിവാഹങ്ങൾ. അത്തരത്തിലുള്ള പല സാധ്യതകളുമുണ്ട്. അതിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ളത് മലയോര മേഖകളിലാണ്. മലയോര മേഖലകളിൽ ഡെസ്റ്റിനേഷൻ വെഡ്ഡിംഗുകളുൾപ്പെടെ കൂട്ടുകുടുംബ യാത്രകളും പ്ലാൻ ചെയ്യുന്ന നിലയിൽ കാര്യങ്ങൾ ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലം ഏറ്റവും പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായി വ്യാപിപ്പിക്കാൻ കഴിയുന്നൊരു സ്ഥലമാണ്. ശിവപ്രതിഷ്ഠ നടന്ന അരുവിപ്പുറം മുതൽ നെയ്യാർ വഴി പൊഴിയൂർ വരെയുള്ള പ്രദേശം വളരെയേറെ ടൂറിസം സാധ്യതയുള്ള പ്രദേശമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള ഈരാറ്റിൻപുറം ടൂറിസം പദ്ധതി മുടങ്ങിക്കിടക്കുകയാണ്. വിവിധ ഘട്ടങ്ങളിലായി ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേർന്നെങ്കിലും അവർ വേണ്ടത്ര താൽപ്പര്യമെടുക്കുന്നില്ല. ഈ ഉദ്യോഗസ്ഥതലത്തിലുള്ള കാലതാമസം പരിഹരിക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനും വകുപ്പിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, രണ്ട് കാര്യങ്ങളാണ് അംഗം ചൂണ്ടിക്കാണിച്ചത്. ഒന്ന്, അംഗത്തിന്റെ നിയോജകമണ്ഡലമുൾപ്പെടെ അവിടെയുള്ള പ്രദേശങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം. രണ്ട്, ഉദ്യോഗസ്ഥരുടെ ചില തെറ്റായ പ്രവണതകൾ. അതിൽ ആദ്യത്തേത് വളരെ പ്രസക്തമാണ്. ഒട്ടേറെ ചരിത്രപരമായ പ്രത്യേകതകളുള്ള കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങളിൽ വലിയ പങ്കുവഹിച്ച സ്ഥലമാണത്. ചരിത്രത്തെ ഓർമ്മപ്പെടുത്തുകയെന്നത് എൽ.ഡി.എഫ്. സർക്കാരിനെ സംബന്ധിച്ച് പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. അക്കാര്യത്തിൽ സഭയിലെ അംഗങ്ങൾക്കാർക്കും വ്യത്യസ്ത അഭിപ്രായമുണ്ടെന്ന് തോന്നുന്നില്ല. ചരിത്രത്തെ ഓർമ്മപ്പെടുത്തുന്ന അത്തരം സ്ഥലങ്ങളെ പ്രത്യേകം ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഇടപെടലുണ്ടാകും. രണ്ട്, ഉദ്യോഗസ്ഥരുടെ തെറ്റായ രീതികളാണ്. അത് ഉദ്യോഗസ്ഥരുള്ള അന്നുമുതൽ തുടങ്ങിയതാണ്. ഉദ്യോഗസ്ഥരുടെ തെറ്റായ രീതികൾക്കെതിരെ എക്കാലത്തും പോരാട്ടം നടത്തുന്നൊരു സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. ആ പോരാട്ടം തുടർന്നുകൊണ്ടേയിരിക്കും. ഞങ്ങളെ സംബന്ധിച്ച് മന്ത്രിക്കസേരയിൽ ഇരിക്കുന്ന കാലത്തോളം ഉദ്യോഗസ്ഥരുടെ തെറ്റായ പ്രവണതയ്ക്കെതിരെ പോരാട്ടം തുടരുകതന്നെ ചെയ്യും. ആ പോരാട്ടം തുടർന്നും ഏറ്റെടുക്കുകയെന്നതാണ് എൽ.ഡി.എഫ്. സർക്കാരിലെ ഓരോ മന്ത്രിമാരുടെയും ഉത്തരവാദിത്വം. ആ ഉത്തരവാദിത്വം നിർവ്വഹിച്ച് ഞങ്ങൾ മുന്നോട്ടുപോകും.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, വേണ്ടത്ര ടൂറിസം പൊട്ടൻഷ്യൽ എക്സ്പ്ലോയിറ്റ് ചെയ്യാത്ത പ്രദേശമാണ് പാലക്കാട്. പറമ്പിക്കുളം, നെല്ലിയാമ്പതി, സൈലന്റ്‌വാലി, അട്ടപ്പാടി തുടങ്ങിയ സ്ഥലങ്ങൾ അവിടെയുണ്ട്. അവിടത്തെ നെൽകൃഷിയുമായി ബന്ധപ്പെട്ട് ഒരു സീസണൽ ഫെസ്റ്റിവലോ മഡ് ഫെസ്റ്റിവലോ തുടങ്ങാൻ കഴിയാവുന്ന എല്ലാ സാധ്യതകളുമുണ്ട്. പാലക്കാട് കോട്ടയെ ഹബ്ബാക്കി ട്രയാങ്കിൾ ടൂറിസം പ്രോജക്ട് പോലെ ഇത് മൂന്നും കണക്ട് ചെയ്യുന്ന ഒരു സർക്യൂട്ടിന് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണിത്. പാലക്കാടിന് ഒരുപാട് സാധ്യതകളുണ്ട്. അങ്ങയുടെ മണ്ഡലമായ തൃത്താലയും പാലക്കാട് നഗരവുമുൾപ്പെടെ ഒട്ടേറെ ചരിത്രപരമായ പ്രത്യേകതകളുണ്ട്.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ മണ്ഡലം തൃത്താലയല്ല.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട ചെയറിന്റെ മണ്ഡലമാണത്. ഞാൻ പറഞ്ഞത് കേട്ടില്ലെന്ന് തോന്നുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ വീട് പട്ടാമ്പിയിലാണെങ്കിലും അവിടെയുള്ള സാധ്യതകൾ നമുക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തണം. വളരെ പ്രധാനപ്പെട്ട കാര്യമാണ്. പാലക്കാടിനെക്കുറിച്ച് പറഞ്ഞതിനാൽ കുറച്ച് സമയം അധികം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ധാരാളം സിനിമാ ഷൂട്ടിംഗുകൾ നടന്ന ഒരു ജില്ലയാണ് പാലക്കാട്. ആ സിനിമാ ഷൂട്ടിംഗ് നടന്ന കേന്ദ്രങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുമോയെന്നുള്ളത് ആലോചിക്കുന്നുണ്ട്. ബേക്കലിൽ 'മുംബൈ' സിനിമയിലെ താരങ്ങളെ കൊണ്ടുവന്ന് മണിരത്നവും എ. ആർ. റഹ്മാനും ചേർന്നൊരുക്കിയ "ഉയിരേ....." എന്നുതുടങ്ങുന്ന ഗാനം വീണ്ടും ചിത്രീകരിക്കാൻ ആലോചിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ സിനിമാ ഷൂട്ടിംഗ് നടന്ന സ്ഥലങ്ങളെയും ഇതേ രീതിയിൽ പരിഗണിക്കാമെന്ന ചിന്തയുണ്ട്. അദ്ദേഹം പറഞ്ഞ പാലക്കാട് നഗരത്തിന്റെ പ്രത്യേകതകൾ ഫലപ്രദമായി ഉപയോഗിക്കാനായി എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കാം. ഏത് നിർദ്ദേശവും രണ്ട് കൈയും നീട്ടി സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് മലമ്പുഴ. ഇപ്പോൾ അതിന്റെ സ്ഥിതി പരമദയനീയമാണ്. 2018-19-ൽ 10 കോടി രൂപ ടൂറിസത്തിനും 1.35 കോടി രൂപ ആധുനിക ടോയ്‌ലറ്റ് നിർമ്മാണത്തിനുമായി അനുവദിച്ചെങ്കിലും പണി ഇതുവരെ തുടങ്ങിയിട്ടില്ല. ചുറുചുറുക്കുള്ള ഒരു ടൂറിസം വകുപ്പുമന്ത്രി നിങ്ങൾക്കുണ്ടല്ലോ, നിങ്ങൾ ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നില്ലേ എന്നാണ് അവിടെ വന്നുപോകുന്ന ടൂറിസ്റ്റുകൾ എന്നോട് കത്ത് മുഖാന്തരവും ഫോൺ മുഖാന്തരവും ചോദിക്കുന്നത്. ഇക്കാര്യത്തിൽ ഞാൻ എന്ത് മറുപടിയാണ് പറയേണ്ടത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മലമ്പുഴ കൈകാര്യം ചെയ്യുന്നത് ടൂറിസം വകുപ്പ് മാത്രമല്ലെന്ന കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാവുന്നതാണ്. ഇക്കാര്യത്തിൽ മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് ആലോചിച്ച് മുന്നോട്ട് പോകാവുന്നതാണ്; ആ നിലയിൽ പരിശോധിക്കാം. കോവിഡിനുശേഷം മലമ്പുഴ ടൂറിസ്റ്റ് കേന്ദ്രത്തിന് ചെറിയ ക്ഷീണം സംഭവിച്ചിട്ടുണ്ട്. അത് ഒന്നുകൂടി

പരിശോധിച്ച് മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് മുന്നോട്ടുപോകാം. ഞാൻ മലമ്പുഴയിൽ പോയപ്പോൾ ഇക്കാര്യവുമായി ബന്ധപ്പെട്ട് സംസാരിച്ച് ഒരു നീക്കം നടത്തിയതാണ്. അത് തുടരാവുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, DTPC (District Tourism Promotion Council), ഇറിഗേഷൻ, ഫോറസ്റ്റ്, പുരാവസ്തു വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന വികസനത്തിന്റെ കാര്യത്തിലുള്ള ഏകോപനത്തിന്റെ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 12200 പേരാണ് കാരാപ്പുഴ ടൂറിസം ഡെസ്റ്റിനേഷനിലേയ്ക്ക് കഴിഞ്ഞ പെരുന്നാൾ ദിവസം കടന്നുവന്നത്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള അവിടേയ്ക്കുള്ള റോഡ് പൊട്ടിപ്പൊളിഞ്ഞ് വളരെ മോശമായി കിടക്കുകയാണ്. അടിസ്ഥാന വികസനത്തിന്റെ കാര്യത്തിലുള്ള ഏകോപനത്തെക്കുറിച്ചും ഊട്ടി ഫ്ലവർ ഷോ മോഡലിൽ വാർഷിക തലത്തിൽ വയനാട് ഫെസ്റ്റ് കൊണ്ടുവരുന്നതിനുള്ള നടപടികളെക്കുറിച്ചും ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയത്. ടൂറിസ്റ്റുകൾ ടൂറിസ്റ്റ് കേന്ദ്രത്തിൽ വരണമെങ്കിൽ ആക്സസ്സബിലിറ്റി ഉണ്ടാകുകയും അവ നല്ല നിലയിൽ പരിപാലിക്കപ്പെടുകയും വേണം. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട റോഡുകളുണ്ട്. ഇപ്പോൾ അദ്ദേഹം പറഞ്ഞ പ്രദേശം ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ടതാണ്. കോഴിക്കോട് കാപ്പാട് പ്രദേശം ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ടതാണ്. പല സ്ഥലവും പല വകുപ്പുകളുമായി ബന്ധപ്പെട്ടാണുള്ളത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. ഇവിടെ പറഞ്ഞതുപോലെ ഊട്ടി മോഡൽ ഫ്ലവർ ഫെസ്റ്റിവെലിന്റെ കാര്യം ചർച്ച ചെയ്ത് മുന്നോട്ടുപോകാവുന്നതാണ്.

## ഐ.ടി.ഐ.-കളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി

3 (*93) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെയും ഇതര പ്രദേശങ്ങളിലെയും വ്യവസായ മേഖലയുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി ഐ.ടി.ഐ.-കളെ മാറ്റിത്തീർക്കാൻ പരിപാടിയുണ്ടോ; കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കാനും കോഴ്സുകളിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളിക്കാനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഐ.ടി.ഐ.-കളിൽ നിന്ന് നൈപുണ്യശേഷി ആർജ്ജിക്കുന്നവർക്കെല്ലാം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ ഐ.ടി.ഐ.-കളെ വ്യവസായ മേഖലയുമായി നേരിട്ട് ബന്ധപ്പെടുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ ഭാഗമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന ധനസഹായം ലഭ്യമാക്കിയാണ് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയത്. ഇതിനായി ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു.

പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി KIIFB 82.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചുവടെയുള്ള 10 ഐ.ടി.ഐ.-കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്.

1) ഗവൺമെന്റ് ഐ.ടി.ഐ., ധനുവച്ചപുരം, തിരുവനന്തപുരം

2) ഗവൺമെന്റ് ഐ.ടി.ഐ., ചന്ദനത്തോപ്പ്, കൊല്ലം

3) ഗവൺമെന്റ് ഐ.ടി.ഐ., ചെങ്ങന്നൂർ, ആലപ്പുഴ

4) ഗവൺമെന്റ് ഐ.ടി. ഐ., ഏറ്റുമാനൂർ, കോട്ടയം

5) ഗവൺമെന്റ് ഐ.ടി.ഐ., കട്ടപ്പന, ഇടുക്കി

6) ഗവൺമെന്റ് ഐ.ടി.ഐ., ചാലക്കുടി, തൃശ്ശൂർ

7) ഗവൺമെന്റ് ഐ.ടി.ഐ., മലമ്പുഴ, പാലക്കാട്

8) ഗവൺമെന്റ് ഐ.ടി.ഐ., കൊയിലാണ്ടി, കോഴിക്കോട്

9) ഗവൺമെന്റ് ഐ.ടി.ഐ., കണ്ണൂർ

10) ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ. കയ്യൂർ, കാസർഗോഡ്.

ഇതിൽ ഗവൺമെന്റ് ഐ.ടി.ഐ., ധനുവച്ചപുരം, തിരുവനന്തപുരത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചുകഴിഞ്ഞു.

(ബി) കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കാനും കോഴ്സുകളിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളിക്കുന്നതിന്റെയും ഭാഗമായി കൊല്ലം, കൽപ്പറ്റ എന്നീ ഐ.ടി.ഐ.-കളിലുള്ള സി.ഒ.ഇ. (സെന്റർ ഓഫ് എക്സലൻസ്) ട്രേഡുകൾ നിർത്തലാക്കി പകരം റീ-വാമ്പിംഗിന്റെ ഭാഗമായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഐ.ടി.ഐ. പാസ്സാകുന്നവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും സ്പെക്ട്രം ജോബ് ഫെയർ എന്ന പേരിൽ ജില്ലകൾതോറും തൊഴിൽ മേളകൾ നടത്തുന്നു. ഇതിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പരമാവധി ഇൻഡസ്ട്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സംസ്ഥാനത്തെ അന്തർദ്ദേശീയ തലത്തിലേയ്ക്കുയർത്തുന്ന ഐ.ടി.ഐ.-കളുടെ മാത്രമല്ല മറ്റ് ഐ.ടി.ഐ.-കളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; ഐ.ടി.ഐ.-കളിൽനിന്ന് ട്രേഡുകൾ പാസ്സായി ഇറങ്ങുന്നവർക്ക് നൈപുണ്യ വികസനത്തിനായി പ്രത്യേക പരിശീലനം നൽകാൻ കഴിയുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ വിവിധ സർക്കാരുകൾ അനുവദിക്കുന്ന ഫണ്ടുകൾ പരിമിതപ്പെടുത്തിക്കൊണ്ട് ഭൗതിക സാഹചര്യം മെച്ചപ്പെടുത്താറുണ്ട്. ആയതിന്റെ ഭാഗമായി സ്വന്തമായി കെട്ടിട സൗകര്യമുള്ള ഐ.ടി.ഐ.-കളിൽ അമിനിറ്റീസ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുൾപ്പെടെയുള്ള ജനപ്രതിനിധികൾ തങ്ങൾക്കനുവദിച്ചുകിട്ടുന്ന ഫണ്ടിൽനിന്നും മതിയായ തുക ചെലവഴിച്ച് അടിസ്ഥാനസൗകര്യ വിപുലീകരണം നടത്തുന്നുണ്ട്. ഇവയ്ക്കുപുറമെ കെ-ഡിസ്കിന്റെ സഹായത്തോടുകൂടി നൈപുണ്യ പരിശീലനം നൽകുന്നതിനാവശ്യമായ നവീന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നുമുണ്ട്. വർത്തമാന കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, അങ്ങയുടെ സാന്നിദ്ധ്യത്തിൽ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത പാറശ്ശാല മണ്ഡലത്തിലെ ധനുവച്ചപുരം ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. കേരളം സ്റ്റാർട്ടപ്പുകളുടെ നാടായി മാറുകയാണ്.

അതിനുപറ്റിയ നിലയിലുള്ള ഫയർ ആന്റ് സേഫ്റ്റി പോലുള്ള ചില ട്രേഡുകൾക്കും കേരളം ടൂറിസം ഡെസ്റ്റിനേഷനായി മാറുന്ന സാഹചര്യത്തിൽ ബ്യൂട്ടീഷൻ കോഴ്സിനും വളരെയധികം പ്രാധാന്യമുണ്ട്. ആയതിനാൽ ഈ രണ്ട് കോഴ്സുകൾ പ്രസ്തുത ഐ.ടി.ഐ.-യ്ക്ക് അനുവദിച്ച് നൽകാനാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലെ ഐ.ടി.ഐ.-കളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചു, ഈ ഗവൺമെന്റ് അത് ശക്തമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. അതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇപ്പോൾ ലോകത്ത് ധാരാളം തൊഴിൽ സാധ്യതകൾ ഉയർന്നുവരുന്നുണ്ട്. ധാരാളം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരം സംരംഭങ്ങളിലേയ്ക്ക് ആളുകളെ നിയോഗിക്കാൻ കഴിയുന്നതിനനുസൃതമായ കോഴ്സുകൾ പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് അങ്ങ് ഉന്നയിച്ചത്. പുതുതായി ഐ.ടി.ഐ.-കൾ ആരംഭിക്കുമ്പോൾ പെൺകുട്ടികൾക്കും കൂടി കൂടുതൽ ജോലി സാധ്യതയുള്ള ട്രേഡുകളും ന്യൂ ജനറേഷൻ കോഴ്സുകളും ആരംഭിക്കണമെന്നും ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി പരിചയപ്പെടുത്തിയ പതിമൂന്ന് ന്യൂ ജനറേഷൻ കോഴ്സുകൾ ഐ.ടി.ഐ.-കളിൽ ആരംഭിക്കാനുതകുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുന്നതാണ്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന STRIVE (Skills Strengthening for Industrial Value Enhancement) പദ്ധതിയുടെ ഭാഗമായ ഐ.ടി.ഐ.-കളിൽ പ്രവേശനം നേടുന്ന ട്രെയിനികൾക്ക് വിവിധ വ്യാവസായിക സ്ഥാപനങ്ങൾ ഓൺ ജോബ് ട്രെയിനിംഗ് ഉറപ്പാക്കുന്നുണ്ട്. 17 സർക്കാർ ഐ.ടി.ഐ.-കളും 2 പ്രൈവറ്റ് ഐ.ടി.ഐ.-കളും ഉൾപ്പെടുന്ന 19 ഐ.ടി.ഐ.-കളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കെ-ഡിസ്കിന്റെ കണക്ട് കരിയർ ടു ക്യാമ്പസ് പദ്ധതി പ്രകാരമുള്ള പ്ലാറ്റ്ഫോമുമായി സഹകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡപകടങ്ങൾ സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണം

4 (*94) ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിക്കുന്നുവെന്നും ആയത് അനുവദിക്കാനാകില്ലെന്നുമുള്ള ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ആയത് അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിച്ചില്ലെന്ന ഹൈക്കോടതിയുടെ നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) റണ്ണിംഗ് കോൺട്രാക്ട്, മഴക്കാലപൂർവ്വ പരിപാലനം, ഒ.പി.ബി.ആർ.സി., ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ച് പരിപാലനം ഉറപ്പാക്കൽ തുടങ്ങിയ പ്രവൃത്തികളിലൂടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കിവരികയാണ്. സംസ്ഥാനത്ത് ദേശീയപാതകളിലെയും വിവിധ വകുപ്പുകളിലെയും റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന ഹൈക്കോടതി വിധി പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഹൈക്കോടതിയുടെ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ റോഡുകൾ പോട്ട് ഹോൾ ആക്കുകയെന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്.

റണ്ണിംഗ് കോൺട്രാക്ട്:- റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ നിശ്ചിത സമയത്തേയ്ക്ക് കരാറുകാരെ നേരത്തെതന്നെ നിശ്ചയിക്കുന്നതാണ് ഈ പദ്ധതി. റോഡുകളിൽ കുഴികളും മറ്റുമുണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് ഈ പദ്ധതി. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയുടെ 12332

കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമായി. റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത 9210 കിലോമീറ്റർ റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാലപൂർവ്വറോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നുണ്ട്. പതിവിൽനിന്നും വ്യത്യസ്തമായി മഴക്കാലപൂർവ്വ പ്രവൃത്തികളിൽ പാച്ച് വർക്കിന് കൂടിയുള്ള പ്രൊവിഷൻകൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്.

ഒ.പി.ബി.ആർ.സി.:- കോർ റോഡ് നെറ്റ്‌വർക്കിൽപ്പെട്ട പ്രധാനപ്പെട്ട റോഡുകളിലാണ് ഒ.പി.ബി.ആർ.സി. പദ്ധതി നടപ്പാക്കുന്നത്. നിലവിൽ 283.81 കിലോമീറ്റർ റോഡുകളിലാണ് ഒ.പി.ബി.ആർ.സി. പദ്ധതി നടപ്പാക്കുന്നത്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ അനുവദിച്ച് ചെലവഴിക്കുകയാണ്. കനത്ത മഴയുണ്ടാകുമ്പോൾ റോഡുകളിലെ തകർച്ച താൽക്കാലികമായി പരിഹരിക്കുന്നതിന് പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഫലപ്രദമാണെന്നാണ് വിലയിരുത്തൽ. വിവിധ കുടിവെള്ള പദ്ധതികൾക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പരിപാലന കാലാവധിയിലുള്ള റോഡുകളിൽ ഡി.എൽ.പി. വിവരങ്ങൾ പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതും ഫലപ്രദമായി മാറുന്നുവെന്നാണ് ഫീൽഡിലെ അനുഭവം. റോഡിലെ കുഴികൾ നികത്തുന്നതിനുള്ള ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കാലവർഷത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ റോഡ് പ്രവൃത്തികളെക്കൂടി ബാധിക്കുന്നുണ്ട്. മഴ കനത്ത് പെയ്യുമ്പോൾ ചില റോഡുകളിൽ പുതുതായി കുഴികൾ രൂപപ്പെടുന്നുണ്ട്. ഇവ നികത്താനുള്ള പ്രവർത്തനങ്ങൾ ജാഗ്രയോടെ തുടരാനും വിവിധ വിംഗുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

5 (*95) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നുണ്ടോയെന്ന് പഠനം നടത്താൻ നിയോഗിച്ച വിദഗ്ദ്ധ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും അവ എത്തിച്ചേർന്ന നിഗമനം എന്തെന്നും വെളിപ്പെടുത്താമോ?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ Accredited Agency ആയ L&T Ramboll നടത്തിയ വിശദവും സമഗ്രവും ശാസ്ത്രീയവുമായ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് 2014-ൽ പാരിസ്ഥിതികാനുമതി (Environmental Clearance) ലഭിച്ചത്. തുറമുഖ നിർമ്മാണം സമീപപ്രദേശങ്ങളിൽ തീരശോഷണത്തിന് കാരണമാകുമോയെന്നത് പാരിസ്ഥിതിക ആഘാത പഠനത്തിന്റെ ഭാഗമായി ചെന്നൈ ആസ്ഥാനമായുള്ള ഈ കൺസൾട്ടിംഗ് ഏജൻസി പ്രത്യേകം പഠിച്ചിട്ടുള്ളതും ആയത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള Expert Appraisal Committee-യുടെ (EAC) വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. ഈ പഠന റിപ്പോർട്ട് പ്രകാരം തുറമുഖ വികസനം പൂർത്തിയാകുമ്പോൾ സമീപതീരങ്ങളിൽ തുറമുഖ വികസനംമൂലം തീരശോഷണം സംഭവിക്കാൻ ഇടയില്ലെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് പ്രദേശവാസികളിൽ ചിലർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും ദേശീയ ഹരിത ട്രൈബ്യൂണലിനെയും സമീപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ദേശീയ ഹരിത ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് ഈ റിപ്പോർട്ടുകൾ പരിശോധിക്കുകയും തുറമുഖ നിർമ്മാണവുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. വിഴിഞ്ഞം തുറമുഖ മേഖലയുടെ വക്രീകൃത ആകൃതിയും ആയത് ഒരു Sediment Sub Cell ആയി നിലകൊള്ളുന്നതും പരിഗണിക്കുമ്പോൾ തുറമുഖ നിർമ്മാണംമൂലം വലിയതോതിലുള്ള തീരശോഷണം ഉണ്ടാവുകയില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്നിരുന്നാലും വിഴിഞ്ഞം തുറമുഖംമൂലം ഉണ്ടാകാനിടയുള്ള തീരശോഷണം വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ Kerala Coastal Zone Management Authority, National Remote Sensing Agency, Indian National Centre for Ocean Information, Central Marine Fisheries Research Institute, National Council for Science Museums, Central Pollution Control Board, Indian Navel Hydrographic Department എന്നീ 7 വിദഗ്ദ്ധ ഏജൻസികളിലെ മുതിർന്ന ശാസ്ത്രജ്ഞന്മാരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് കമ്മിറ്റിയും തീരശോഷണം സംബന്ധിച്ച പഠനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് Kerala Coastal Zone Management Authority-യുടെ 2 പ്രതിനിധികൾ, National Centre for Earth Science Studies-ന്റെ 3 പ്രതിനിധികൾ, ഒരു Environmental Engineer, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ടൂറിസം വകുപ്പിലെ പ്ലാനിംഗ് ഓഫീസർ, തുറമുഖ വകുപ്പിലെ ചീഫ് മെക്കാനിക്കൽ എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി ഒരു Shoreline Committee-യും രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട NGT-യുടെ നിർദ്ദേശമനുസരിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) ഉപഗ്രഹ ഭൂപടങ്ങളുടെ സഹായത്തോടെ നിർമ്മാണവേളയിൽ ഉണ്ടാകുന്ന തീരവ്യതിയാനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ടി റിപ്പോർട്ടുകൾ 6 മാസത്തിലൊരിക്കൽ മേൽപ്പറഞ്ഞ വിദഗ്ദ്ധ സമിതികൾ വിശകലനം നടത്തി നിഗമനങ്ങളിലെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശിപാർശകൾ നൽകുകയും ചെയ്യുന്നുണ്ട്. തുറമുഖ നിർമ്മാണത്തിനുമുമ്പുള്ള സ്ഥിതിയും നിർമ്മാണം തുടങ്ങിയതിനുശേഷമുള്ള സ്ഥിതിയും പരിഗണിച്ചതിൽനിന്ന് തുറമുഖ നിർമ്മാണംമൂലം വിഴിഞ്ഞത്തിന് 10 കിലോമീറ്റർ വടക്കും 10 കിലോമീറ്റർ തെക്കും തീരശോഷണത്തിന് കാരണമായിട്ടില്ലെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതേസമയം ഓഖി മുതൽ അറബിക്കടലിന്റെ പടിഞ്ഞാറൻ തീരത്ത് കഴിഞ്ഞ വർഷങ്ങളിൽ വളരെ ഗുരുതരമായ എട്ടോളം ചുഴലിക്കാറ്റുകൾ രൂപപ്പെട്ടത് കടൽത്തീരത്ത് വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് ഈ കമ്മിറ്റി കണ്ടെത്തുകയുണ്ടായി. തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിന് വളരെ മുമ്പുതന്നെ തീരശോഷണം നേരിടുന്ന വലിയതുറ-ശംഖുമുഖം മുതലായ തീരപ്രദേശങ്ങളിൽ തീരശോഷണം ഉണ്ടായിട്ടുണ്ടെന്നും ചാക്രികമായി ഇവിടെ തീരശോഷണവും തീരരൂപീകരണവും നടന്നുവരുന്നതായും ഈ വിദഗ്ദ്ധ സമിതി കണ്ടെത്തിയിട്ടുണ്ട്. തുറമുഖ നിർമ്മാണം നടക്കുന്ന വേളയിലും ഇതേപ്രവണത തുടർന്നുവരികയാണെന്നും അതല്ലാതെ തുറമുഖ നിർമ്മാണം മാത്രമാണ് ഇവിടത്തെ തീരശോഷണങ്ങൾക്ക് കാരണമെന്ന നിഗമനത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിന് വളരെമുമ്പുതന്നെ, അതായത് 2005 മുതൽ 2016 വരെ ശംഖുമുഖം, വലിയതുറ, പനത്തുറ, പൂന്തുറ മേഖലകളിൽ വലിയ തോതിൽ തീരശോഷണം ഉണ്ടായിട്ടുണ്ടെന്ന റിപ്പോർട്ടുകളും ഗൂഗിൾ മാപ്പുകളും നിലവിലുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രതികൂലമായി ബാധിക്കുന്നവരെ പുനരധിവസിപ്പിക്കാനും ജീവനോപാധി നഷ്ടപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; പ്രദേശവാസികളുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. വിഴിഞ്ഞം പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്ന കോട്ടപ്പുറം, മുല്ലൂർ, അടിമലത്തുറ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജീവനോപാധി നഷ്ടപരിഹാരത്തിനായി ഏതാണ്ട് 100 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ

മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണമായി തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രദേശത്തുള്ളവരുടെ ക്ഷേമത്തിനായി മറ്റ് സാമൂഹ്യപ്രവർത്തനങ്ങളും ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്.

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 12.5 ലക്ഷം രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2 ലക്ഷം രൂപയും ചിപ്പിക്കച്ചവടക്കാർക്ക് ഒരു ലക്ഷം രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് 5.6 ലക്ഷം രൂപ വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റിപോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു.

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച പദ്ധതിയിൽനിന്ന് ഈ പ്രദേശത്ത് ജല വിതരണം നടത്തുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതിപ്രദേശത്തെ 1000 വീട്ടുകാർക്ക് സൗജന്യമായി ശുദ്ധജല വിതരണ കണക്ഷൻ നൽകി. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ 1.18 കോടി രൂപ ചെലവിൽ നീക്കംചെയ്തു. പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ തദ്ദേശീയരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി പരിശീലനം നൽകുന്നതിന് കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രത്തിന്റെ (ASAP) കെട്ടിടം 50 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. പദ്ധതിപ്രദേശത്തിന് സമീപം കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമേ കരാർ കമ്പനിയും മറ്റ് അനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതിപ്രദേശത്ത് നടപ്പാക്കിവരുന്നുണ്ട്.

(സി) പ്രദേശവാസികളുടെ ആശങ്ക പരിഹരിക്കുന്നതിനും പദ്ധതി ഈ വർഷംതന്നെ പൂർത്തിയാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തുറമുഖത്തിന്റെ കൺസഷൻ കരാർപ്രകാരം 2015 ഡിസംബർ 5-ന് ആരംഭിച്ച ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ, പല കാരണങ്ങളാൽ വൈകിയ പദ്ധതി 2024-ൽ പൂർത്തീകരിക്കാമെന്നാണ് കരാർ കമ്പനി അറിയിച്ചിരിക്കുന്നത്. ഈ സമയക്രമം സർക്കാർ അംഗീകരിച്ചിട്ടില്ല. പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

6 (*96) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കളക്ടറേറ്റുകളും വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളും നവീകരിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കളക്ടറേറ്റുകളും വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളും നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ട് പ്രകാരവും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരവും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസ് എന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനികീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ്

സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റെക്കാർഡ് റൂം, ഫർണിച്ചർ, ടോയ്‌ലറ്റുകൾ എന്നിവയും സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുന്നു.

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾക്കുമാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. കൂടാതെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിപ്രകാരം ചുറ്റുമതിൽ നിർമ്മാണം, അറ്റകുറ്റപ്പണി, അധികമുറി എന്നീ പ്രവൃത്തികൾക്കായും വില്ലേജുകളെ തെരഞ്ഞെടുത്ത് പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നുണ്ട്.

(ബി) വില്ലേജ് ഓഫീസുകളുടെ സേവനം ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

വില്ലേജ് ഓഫീസുകളുടെ സേവനം ജനസൗഹൃദമാക്കുന്നതിനും സേവനങ്ങൾ ഏറ്റവും വേഗത്തിൽ സുതാര്യമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേർണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേവനങ്ങൾ ഇ-ഗവേർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലേയ്ക്ക് നേരിട്ടുപോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. അതിലൂടെ സർക്കാർ സേവനങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടിവരുന്ന സമയം, ചെലവ്, അദ്ധ്വാനം എന്നിവ പരമാവധി കുറയ്ക്കുന്നതിനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകുന്നതിനും സാധിക്കുന്നു. “ കടലാസ് രഹിത വില്ലേജ് ഓഫീസ്” എന്ന ലക്ഷ്യം മുൻനിർത്തി വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും

ഐ.റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്തതലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. അപ്രകാരം സംസ്ഥാനത്തെ 303 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം-1* ആയി ചേർക്കുന്നു.

(സി) അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഓഫീസ് സംവിധാനത്തിന്റെ ആധുനികീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

റവന്യൂ വകുപ്പിലെ ആധുനികീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 470 വില്ലേജുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഹാർഡ്‌വെയർ പ്രൊക്യൂർമെന്റിനായി 2021-22 പ്ലാൻ ഫണ്ട് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ച് പരമാവധി ഓഫീസുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിക്കുകയുണ്ടായി. കൂടാതെ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി Hardware procurement നടത്തുന്നതിന് 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും ജില്ലാകളക്ടർമാർ സമർപ്പിച്ചിരുന്ന GAP റിപ്പോർട്ട് പരിശോധിച്ച് 2632 ലാപ്ടോപ്പുകൾ, 313 എ 4 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ, 224 എ 4 ഷീറ്റ്ഫെഡ് സ്കാനറുകൾ, 20 ഫ്ലാറ്റ് ബെഡ് സ്കാനറുകൾ, 4 എ 3 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ എന്നിവ സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾക്കായി അനുവദിച്ചിട്ടുള്ളതുമാണ്. റവന്യൂ ഓഫീസുകളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ഐ.റ്റി. വകുപ്പിന്റെ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി സ്ക്രാപ് ചെയ്തശേഷം GAP റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാകളക്ടർമാരോട് ആവശ്യപ്പെട്ടിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കളക്ടറേറ്റ് മുതൽ വില്ലേജ് തലംവരെയുള്ള റവന്യൂ ഓഫീസുകൾക്കും കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വില്ലേജുകളിൽ വിതരണം ചെയ്തിട്ടുള്ള ഉപകരണങ്ങൾക്കുപുറമെ 2021-2022 സാമ്പത്തിക വർഷത്തിൽ 265 ലാപ്ടോപ്പുകൾ, 198 പ്രിന്ററുകൾ, 20 സ്കാനറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്തതലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. അപ്രകാരം സംസ്ഥാനത്തെ 300-ൽപ്പരം വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുവരുന്നു.

(ഡി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

വാർഷിക പദ്ധതി പ്രകാരമുള്ള സ്മാർട്ട് വില്ലേജ് പദ്ധതിപ്രകാരം സംസ്ഥാനത്ത് നാളിതുവരെ 288 വില്ലേജ് ഓഫീസുകളും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം 255 വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിവരം അനുബന്ധം-2 *ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ സംസ്ഥാന പാതകൾ നിർമ്മിക്കാൻ നടപടി

7 (*97) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയുടെ ഗണത്തിൽപ്പെട്ട പാതകൾ സംസ്ഥാനത്ത് എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ 409 stretch-കളിലായി ആകെ 4127.83 കിലോമീറ്റർ സംസ്ഥാനപാതകളുണ്ട്. അസറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. സംസ്ഥാന പാതയുടെ ഗണത്തിൽപ്പെട്ട 226.446 കിലോമീറ്റർ റോഡുകൾ കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ അധീനതയിൽ വരുന്നുണ്ട്. ഇതുകൂടാതെ കെ.ആർ.എഫ്.ബി.-പി.എം.യു. നടപ്പാക്കുന്ന 827.49 കിലോമീറ്റർ മലയോര ഹൈവേ സംസ്ഥാന പാതയായി അംഗീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രധാനപ്പെട്ട റോഡുകളെ സംസ്ഥാന പാതയാക്കുന്ന പദ്ധതിയിൽ അവസാനമായി പുതിയ റോഡുകൾ ഉൾപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; റോഡുകളെ സംസ്ഥാന പാതയാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പ്രധാന റോഡുകളെ അവസാനമായി സംസ്ഥാന പാതയായി ഉയർത്തിയിട്ടുള്ളത് ഫെബ്രുവരി 2021-ലെ ഗസറ്റ് വിജ്ഞാപനം മുഖേനയാണ്. ആയതുപ്രകാരം എറണാകുളം-ശബരിമല റോഡ് (154.611 കിലോമീറ്റർ) SH 81-ആയും, മൂവാറ്റുപുഴ-ആലപ്പുഴ റോഡ് (82. 998 കിലോമീറ്റർ) SH 82-ആയും പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റുസംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്നതോ വിവിധ ജില്ലകളിലെ പ്രധാന കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതോ ദേശീയപാതകളുമായി ബന്ധിപ്പിക്കുന്നതോ ആയ റോഡുകളെയാണ് സംസ്ഥാന പാതകളായി കണക്കാക്കുന്നത്. നിലവിലേയും ഭാവിയിലേയും വാഹന സാന്ദ്രതയിലുണ്ടാകാവുന്ന വർദ്ധനവ്, ഭൂമി ലഭ്യത, കാർഷിക-വിദ്യാഭ്യാസ-സാമൂഹികമായ ഉത്ഥാനം, പ്രമുഖ ടൂറിസ്റ്റ് തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കൽ, ഗോത്രവർഗ്ഗ/ആദിവാസി മേഖലകളിലേയ്ക്കും തൊഴിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലങ്ങളിലേയ്ക്കുമുള്ള പൊതുഗതാഗതം എന്നിവ മുൻനിർത്തിയാണ് വിവിധ റോഡുകൾ സംസ്ഥാന പാതകളാക്കുന്നതിന് നടപടി സ്വീകരിക്കുന്നത്.

(സി) കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം, തീർത്ഥാടനം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളെ ബന്ധിപ്പിക്കുന്ന വിധത്തിൽ നിലവിലെ വിവിധ റോഡുകൾ ഉൾപ്പെടുത്തി പുതിയ സംസ്ഥാന പാതകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ടൂറിസം, തീർത്ഥാടനം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളെ ബന്ധിപ്പിക്കുന്ന വിധത്തിൽ നിലവിലെ വിവിധ റോഡുകൾ ഉൾപ്പെടുത്തി പുതിയ സംസ്ഥാന പാതകൾ നിർമ്മിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## ദേശീയപാത അറ്റകുറ്റപ്പണികൾ സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്തം

8 (*98) ശ്രീ. സജി ചെറിയാൻ:
ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതകളിലെ കുഴി അടയ്ക്കൽ, അറ്റകുറ്റപ്പണി നടത്തൽ എന്നിവ ചെയ്യാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണെന്ന് വ്യാപകമായി പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിജസ്ഥിതി അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 1732 കിലോമീറ്റർ ദേശീയപാതയാണുള്ളത്. ഇതിൽ 1184 കിലോമീറ്റർ ദേശീയപാതയും ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെ കീഴിലാണുള്ളത്. NHAI-യുടെ അധീനതയിലുള്ള ദേശീയപാതയിൽ കുഴികൾ അടയ്ക്കുകയും അറ്റകുറ്റപ്പണി നടത്തുകയും ചെയ്യേണ്ട പൂർണ്ണഉത്തരവാദിത്വം ദേശീയപാതാ അതോറിറ്റിക്കാണ്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിനുകീഴിൽ 548 കിലോമീറ്റർ റോഡ് മാത്രമാണ് പരിപാലിക്കുന്നത്.

(ബി) ദേശീയപാത നിർമ്മാണം, കുഴി അടയ്ക്കൽ, അറ്റകുറ്റപ്പണികൾ എന്നിവയുടെ നിലവാരം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ദേശീയപാത അതോറിറ്റിയിൽ നിക്ഷിപ്തമാണോ; വിശദമാക്കാമോ?

ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ ദേശീയപാതകളിൽ നിർമ്മാണം, കുഴി അടയ്ക്കൽ, അറ്റകുറ്റപ്പണികൾ എന്നിവയുടെ നിലവാരം പരിശോധിക്കേണ്ട ഉത്തരവാദിത്വം ദേശീയപാതാ അതോറിറ്റിക്കാണ്.

(സി) സി.ആർ.ഐ.എഫ്.-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡ് നവീകരണത്തിനായി പ്രത്യേക പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

CRIF-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകളുടെ നവീകരണത്തിനായി സംസ്ഥാനം സമർപ്പിച്ച പദ്ധതികളുടെ പട്ടികയിൽ നിന്നും 506.14 കോടി രൂപയുള്ള 30 പ്രവൃത്തികൾക്ക് (403.25 കിലോമീറ്റർ) 2022-23 CRIF സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള നടപടി പുരോഗമിക്കുന്നു.

**ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും**

9 (*99) <u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടെ നിർമ്മാണത്തിലും പരിപാലനത്തിലും കേന്ദ്ര സർക്കാർ ഏജൻസികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഗുരുതരമായ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NHAI-യ്ക്ക് കൈമാറിയ ദേശീയപാതകളിൽ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള ഉത്തരവാദിത്വം NHAI-യ്ക്കാണ്.

(ബി) ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്റ്റ് സംവിധാനം ഉൾപ്പെടെ സംസ്ഥാനത്തെ മരാമത്ത് റോഡുകളുടെ പരിപാലനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കേരളത്തിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീയാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റണ്ണിംഗ് കോൺട്രാക്ട്:- റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ നിശ്ചിത സമയത്തേയ്ക്ക് ഒരു കരാറുകാരന് ചുമതല നൽകുന്നതാണ് ഈ പദ്ധതി. റോഡുകളിൽ കുഴികളും മറ്റുമുണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് ഈ പദ്ധതി. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിലൂടെ 12332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമായി. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9210 കിലോമീറ്റർ റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നു. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഏഴ് വർഷ കാലയളവിലേയ്ക്കുള്ള OPBRC പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് റോഡുകളിലെ കുഴികൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ കോർ റോഡുകളിൽ നടപ്പാക്കിവരുന്നു. 7 വർഷമാണ് കരാർ കാലാവധി. ഈ പദ്ധതിയിൽ 5 പാക്കേജുകളിലായി 443.71 കിലോമീറ്റർ റോഡുകൾക്ക് 343.46 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാക്കേജുകളിലെ റോഡുകൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നുപോകുന്നു. ഇതിൽ മൂന്ന് പാക്കേജുകളിലെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. മറ്റ് രണ്ട് പാക്കേജുകൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ DLP ബോർഡുകൾ സ്ഥാപിച്ച് വിവരങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. പരിപാലനം കൃത്യസമയത്ത് നടക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇത് സഹായകരമായി മാറി.

(സി) പ്രസ്തുത സംവിധാനത്തിലൂടെ ഏതെല്ലാം മേഖലയിലുള്ള റോഡുകളാണ് പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

OPBRC, റണ്ണിംഗ് കോൺട്രാക്ട് എന്നീ പദ്ധതികളിലൂടെ റോഡുകളിലെ അറ്റകുറ്റപ്പണികളാണ് നടത്തിവരുന്നത്. പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താറില്ല. എന്നാൽ OPBRC Package - DPR തയ്യാറാക്കുന്ന സമയത്ത് മൂന്നാർ ടോപ്പ് സ്റ്റേഷൻ വട്ടവട റോഡ് വളരെയധികം മോശമായിരുന്നതിനാൽ റോഡിന്റെ ch 12/500 to 17/000 വരെ പുനർനിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സംവിധാനത്തിലൂടെ ടെണ്ടർ നടപടി പൂർത്തീകരിക്കുന്ന റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കരാറുകാർതന്നെ നിശ്ചിത കാലത്തേയ്ക്ക് നടപ്പാക്കുമോ; വിശദീകരിക്കുമോ?

നിലവിൽ OPBRC പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ 7 വർഷത്തെ കരാർ കാലാവധിയിലാണ് കരാറുകാരന് നൽകുന്നത് പ്രസ്തുത 7 വർഷവും കരാറിൽ ഉൾപ്പെട്ട റോഡുകളിൽ ഉണ്ടാകുന്ന എല്ലാവിധ അറ്റകുറ്റപ്പണികളും അടിയന്തര സാഹചര്യങ്ങളിൽ വരുന്ന പ്രവൃത്തികളും ഉൾപ്പെടെ ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(ഇ) ഇത്തരം സംവിധാനത്തിലൂടെ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് പ്രതികൂല കാലാവസ്ഥയിൽ തകർച്ച സംഭവിച്ചാലും അറ്റകുറ്റപ്പണികൾ നടപ്പാക്കുന്നതിന് കരാർ ഏറ്റെടുത്ത കമ്പനിക്ക് ഉത്തരവാദിത്വമുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. OPBRC സംവിധാനത്തിലൂടെ പാലിക്കപ്പെടുന്ന റോഡുകളിൽ പ്രതികൂല കാലാവസ്ഥയുമായി ബന്ധപ്പെട്ട് ദുരന്തനിവാരണങ്ങൾക്കായി അടിയന്തരമായി നടപ്പാക്കേണ്ടിവരുന്ന പ്രവൃത്തികൾ ഉൾപ്പെടെയുള്ള എല്ലാ ചെറിയ അറ്റകുറ്റപ്പണികൾക്കുമായി 'ഓർഡിനറി മെയിന്റനൻസ്' എന്ന പ്രവൃത്തി ശീർഷകത്തിൽ ഉൾപ്പെടുത്തി മാസംതോറും ഒരു തുക കരാറുകാരന് നൽകുന്നുണ്ട്. ഈ ശീർഷകത്തിന് പുറത്തുവരുന്ന അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി അടിയന്തര പ്രവൃത്തികൾക്കായുള്ള ശീർഷകത്തിൽ ഉൾപ്പെടുത്തി മറ്റ് നാലുശീർഷകങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ആകെ തുകയുടെ 10% തുകയും നീക്കിവച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പുനരധിവാസ പാക്കേജ്**

10 (*100) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശീയരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, ഉപജീവനം, തൊഴിൽ, സുരക്ഷ തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യവികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. വിഴിഞ്ഞം പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്ന കോട്ടപ്പുറം, മുല്ലൂർ, അടിമലത്തുറ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജീവനോപാധി നഷ്ടപരിഹാരത്തിനായി ഏതാണ്ട് 100 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണമായി തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രദേശത്തുള്ളവരുടെ ക്ഷേമത്തിനായി മറ്റ് സാമൂഹ്യപ്രവർത്തനങ്ങളും ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 12.5 ലക്ഷം രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2 ലക്ഷം രൂപയും ചിപ്പിക്കച്ചവടക്കാർക്ക് ഒരു ലക്ഷം രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് 5.6 ലക്ഷം രൂപ വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതിപ്രദേശം ചുറ്റിപോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു.

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച പദ്ധതിയിൽനിന്ന് ഈ പ്രദേശത്ത് ജലവിതരണം നടത്തുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതിപ്രദേശത്തെ 1000 വീട്ടുകാർക്ക് സൗജന്യമായി ശുദ്ധജല വിതരണ കണക്ഷൻ നൽകി. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ 1.18 കോടി രൂപ ചെലവിൽ നീക്കംചെയ്തു. പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ തദ്ദേശീയരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി പരിശീലനം നൽകുന്നതിന് കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രത്തിന്റെ (ASAP) കെട്ടിടം 50 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. പദ്ധതി പ്രദേശത്തിന് സമീപം

കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതിപ്രദേശത്ത് നടപ്പാക്കിവരുന്നുണ്ട്.

(ബി) 2015-ൽ വിഴിഞ്ഞം ഉറമുഖ കമ്പനി സമർപ്പിച്ച ഉപജീവന ആഘാത നിർണ്ണയ സമിതി റിപ്പോർട്ടിലുൾപ്പെട്ട നഷ്ടപരിഹാര, പുനരധിവാസ പാക്കേജിലെ ഏതൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉപജീവന ആഘാത നിർണ്ണയ സമിതി റിപ്പോർട്ട് സമർപ്പിച്ചത് റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ LIAC ആണ്. വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)-യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മിറ്റിയേയും സർക്കാർ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജീവനോപാധി നഷ്ടം സംഭവിച്ചേക്കാവുന്നവരേയും അവർക്കനുവദിക്കാവുന്ന നഷ്ടപരിഹാരത്തേയും ഉൾക്കൊള്ളിച്ച് LIAC റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഇതിന്മേൽ അപ്പീൽ നൽകാനായി 25-9-2015-വരെ അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച അപ്പീലുകളിൽ പദ്ധതിബാധിത പ്രദേശങ്ങളിലുൾപ്പെട്ട ചിപ്പി/ലോബ്സ്റ്റർ, കരമടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ട അപേക്ഷകരെ LIAC അപ്പീൽ കമ്മിറ്റി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി രേഖാപരിശോധനയും സ്ഥലപരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ അംഗീകാരത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത കട്ടമരത്തിൽ പോയി മത്സ്യംപിടിക്കുന്നവരുടെ പരിശോധനാ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഉറമുഖ നിർമ്മാണത്തിന്റെ ഫലമായി മത്സ്യബന്ധനത്തിനിടെ സംഭവിക്കുന്ന അപകടങ്ങൾ തടയുന്നതിന് ശാശ്വത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വിഴിഞ്ഞം ഉറമുഖം നിർമ്മാണം ആരംഭിച്ചതോടെ മത്സ്യബന്ധന ഉറമുഖത്തിൽ വലിയ തിരകൾ ഉണ്ടാകുന്നുവെന്നും ബോട്ടുകൾ പരസ്പരം കൂട്ടിമുട്ടി നാശനഷ്ടം ഉണ്ടാകുന്നുവെന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ Central Water & Power Research Station (CWPRS) മുഖേന ഒരു Physical Model

Study നടത്തിയിരുന്നു. പഠനത്തിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പുതന്നെ മത്സ്യബന്ധന തുറമുഖത്തിനുള്ളിലും കവാടത്തിലും അനുവദനീയമായ പരിധിക്കുമുകളിലുള്ള വലിയ തിരകൾ ഉണ്ടായിരുന്നതായി കണ്ടെത്തുകയും തുറമുഖ നിർമ്മാണംമൂലം ഇത് കൂടുതൽ ഉയരാൻ സാധ്യതയുണ്ടെന്ന് നിരീക്ഷിക്കുകയുമുണ്ടായി. നിലവിലുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിനോടനുബന്ധിച്ച് 200 മീറ്റർ നീളത്തിൽ ഒരു ഫർ ബ്രേക്ക് വാട്ടർ നിർമ്മിച്ചാൽ ഈ പ്രശ്നം പരിഹരിക്കാമെന്ന് CWPRS ശിപാർശ ചെയ്യുകയുണ്ടായി. ഈ ശിപാർശ മത്സ്യത്തൊഴിലാളികളും മറ്റ് വിദഗ്ദ്ധരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള പുലിമുട്ട് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ വർഷം മുഴുവനും ഹാർബർ മത്സ്യബന്ധനയാനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. മാത്രമല്ല ഹാർബറിന്റെ അഴിമുഖത്ത് മണ്ണടിഞ്ഞുകൂടി അപകടം ഉണ്ടാക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഹാർബറും അഴിമുഖവും ഡ്രഡ്ജിംഗ് നടത്തി ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനെക്കൊണ്ട് എല്ലാവർഷവും സർവ്വെ നടത്തിവരുന്നുണ്ട്.

**ഭൂമിയുടെ തരംമാറ്റത്തിനുള്ള അപേക്ഷകളുടെ തീർപ്പാക്കൽ**

11 (*101) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ തരം മാറ്റുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നുവെന്ന പരാതി ഉയർന്നിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ഭൂമിയുടെ തരംമാറ്റുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഭൂമി തരംമാറ്റ അപേക്ഷകളുടെ അതിവേഗതീർപ്പാക്കൽ ദൗത്യത്തിനായി പുറപ്പെടുവിച്ച 22-2-2022-ലെ സ.ഉ. (കൈ) നമ്പർ 56/2022/RD പ്രകാരമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചതിനെത്തുടർന്നും മുൻഗണനാക്രമം പാലിച്ചുകൊണ്ട് അപേക്ഷകൾ പരിഗണിക്കുന്നതിനാലും തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം നല്ലൊരു അളവുവരെ കുറവുവരുത്താൻ സാധിച്ചിട്ടുള്ളതാണ്.

അഗ്രിക്കൾച്ചർ ഓഫീസറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കാനുള്ളവ, ആവശ്യമായ റെക്കോർഡുകളുടെ അഭാവം, വിദേശത്ത് താമസിച്ചുവരുന്നവരുടെ അപേക്ഷകൾ, കെ.എസ്.ആർ.ഇ.സി.-ൽനിന്നും റിപ്പോർട്ട് ലഭിക്കാനുള്ളവ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന ഓഫ്‌ലൈൻ അപേക്ഷകളാണ് പ്രധാനമായും തീർപ്പാക്കാനായി ശേഷിക്കുന്നത്. ഇപ്രകാരമുള്ള അപേക്ഷകളിൽ എത്രയുംവേഗം നടപടി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ, നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധ്യമായ എല്ലാ ഓഫ്‌ലൈൻ അപേക്ഷകളിലും നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ നടപടി പൂർത്തീകരിക്കുന്നതാണ്. തീർപ്പാക്കാനായി ശേഷിക്കുന്ന ഓഫ്‌ലൈൻ അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ച് അതിവേഗം തീർപ്പാക്കുന്നതിന് പ്രഥമ പരിഗണന നൽകിയതിനാലാണ് ഓൺലൈനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത്. ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിയും ഉടൻതന്നെ ത്വരിതപ്പെടുത്തുന്നതാണ്. റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ ആഴ്ചകളിലും കൂടുന്ന റവന്യൂ സെക്രട്ടേറിയേറ്റ് യോഗം ടി വിഷയം സംബന്ധിച്ച പുരോഗതി വിലയിരുത്തി തുടർനടപടി നിർദ്ദേശങ്ങൾ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

22-2-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/RD പ്രകാരം 990 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ഫീൽഡ് പരിശോധനയ്ക്കായി രണ്ട് വില്ലേജുകൾക്ക് ഒരു വാഹനം എന്ന നിലയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ഐ.ടി. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 5,99,93,000 രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരം രൂപ മാത്രം) അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുവേണ്ടി ഊർജ്ജിത തീവ്രയത്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതിനോടനുബന്ധിച്ച് എല്ലാ ആഫീസുകളിലും അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ

ശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തര സാഹചര്യമുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകി തരംമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

കൂടാതെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കുന്നത് പൂർണ്ണമായും ഓൺലൈൻ മുഖേനയാക്കിയും തുടർനടപടികൾ ലഘൂകരിച്ചുകൊണ്ടും അപേക്ഷ സമർപ്പിക്കുന്നത് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കിയിട്ടുള്ളതാണ്. നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തി ഫയൽ തീർപ്പാക്കൽ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണവും നടത്തിയിട്ടുണ്ട്. തരംമാറ്റ അപേക്ഷകളിൽ താലൂക്കുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2017 ഡിസംബർ 30 പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാത്ത വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സൗജന്യ നിരക്കിലുള്ള തരംമാറ്റം സംബന്ധിച്ച അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന അവലോകന യോഗങ്ങൾക്കുപുറമെ ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിലും റവന്യൂ ഡിവിഷണൽ ഓഫീസർമാരുമായി നിശ്ചിത സമയങ്ങളിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട നടപടികളുടെയും അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതിയുടെയും അവലോകനം നടത്തിവരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെൽ മുഖേനയും ഭൂമി തരംമാറ്റ അപേക്ഷകളുടെ പ്രതിദിന തീർപ്പാക്കൽ പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

(സി) ലൈഫ് പദ്ധതിക്കായി വാങ്ങിയ ഭൂമിയുടെ തരംമാറ്റലിനുള്ള അപേക്ഷകൾക്ക് മുൻഗണന നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ, അടിയന്തര സാഹചര്യമുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകിക്കൊണ്ട് അത്തരത്തിലുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ

പരിശോധിക്കുകയും മുൻഗണന സംബന്ധിച്ച അർഹത പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽപ്രകാരമുള്ള, പ്രത്യേക പരിഗണനാർഹ വിഭാഗം/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ ഭവന പദ്ധതിയിലുൾപ്പെട്ടവർ വീട് നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറിൽ നിർദ്ദേശമുള്ളതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

12 (*102) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വൻമികവ് കൈവരിച്ച സർക്കാർ സ്കൂളുകൾക്ക് അധിക സഹായം ആവശ്യപ്പെട്ടതിനോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സർക്കാർ സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതുവിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് 2021-22 വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് അധിക ധനസഹായമായി 4070.66 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് 2021 ഡിസംബർ 29-ാം തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പി. എം. പോഷൺ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ സംസ്ഥാനം ആവശ്യപ്പെട്ട അധിക ധനസഹായം ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിന്റെ അടിസ്ഥാനത്തിൽ ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാർസ് പദ്ധതിയിൽ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; ഈ പദ്ധതിപ്രകാരം അദ്ധ്യാപന, പഠന പ്രവർത്തനങ്ങളിൽ കൂടുതൽ മികവിനായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് സഹായത്തോടെയുള്ള സ്റ്റാർസ് (STARS) പദ്ധതിയിൽ കേന്ദ്രം 571.98 കോടി രൂപയും സംസ്ഥാനം 381.32 കോടി രൂപയും ചേർത്ത് ആകെ 953.30 കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. 2021-22 വർഷം 140 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിനായി 2021-22 വർഷം കേന്ദ്ര വിഹിതമായി 57.22 കോടി രൂപയും സംസ്ഥാന വിഹിതമായി 38.15 കോടി രൂപയും ചേർത്ത് ആകെ 95.38 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കിവരുന്നു. സ്റ്റാർസ് പദ്ധതിയിൽ 2022-23 വർഷം 264.65 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചത്. 5 പ്രധാന പ്രവർത്തന മേഖലകളായ Strengthened Service Delivery, Vocational Education and Training എന്നിവയിൽ പ്രീപ്രൈമറി തലത്തിൽ പഠനപോഷണ സാമഗ്രികൾക്കുള്ള സഹായം, ശാസ്ത്രീയ പ്രീപ്രൈമറി സ്കൂളുകൾക്കുള്ള പ്രവർത്തനമൂലകൾ സജ്ജീകരിക്കൽ, മൾട്ടിസെൻസറി പാർക്കുകൾ സജ്ജമാക്കൽ, കുട്ടികളുടെ പരിമിതികൾ നേരത്തെ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ, ഡിജിറ്റൽ സാങ്കേതിക വിദ്യാസഹായം പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് നൽകൽ, പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, അധ്യാപക പരിശീലനങ്ങൾ, ട്രൈബൽ, തീരദേശ മേഖലകളിലെ കുട്ടികൾക്കുള്ള ഡിജിറ്റൽ സാങ്കേതികവിദ്യാ സഹായം, പഠനോത്സവങ്ങൾ സംഘടിപ്പിക്കൽ, ഇ-സ്കൂൾ, വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവേശന രീതികളെക്കുറിച്ചും ഹയർ സെക്കണ്ടറി കുട്ടികൾക്ക് ധാരണ നൽകൽ, പാദമുദ്രകൾ (പ്രാദേശിക ചരിത്രരചന), വെർച്വൽ റിയാലിറ്റി ലാബുകൾ, കുട്ടികളുടെ സാഹിത്യവാസന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, അധ്യാപകർക്ക് ഡിജിറ്റൽ സാങ്കേതികവിദ്യ പരിചയപ്പെടുത്തൽ, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠന വിടവ് നികത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ആദിവാസി കുട്ടികൾക്കുള്ള പഠന പിന്തുണാ പ്രവർത്തനങ്ങൾ, സ്കൂൾ മേലധികാരികൾക്കുള്ള പരിശീലനങ്ങൾ, ആലപ്പുഴ ജില്ലയിലെ 11 ബി.ആർ.സി.-കളിൽ STREAM സെന്ററുകൾ സജ്ജീകരിക്കൽ, കരിയർ ഗൈഡൻസ് പ്രോഗ്രാം, ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കും ഭിന്നശേഷി കുട്ടികൾക്കുമുള്ള സ്കൂൾ കാമ്പസ് കേന്ദ്രീകരിച്ച് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സജ്ജീകരിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(സി) സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനിന് അന്തിമ അംഗീകാരമായിട്ടുണ്ടോ; ഓരോ വിദ്യാലയത്തെയും ഉത്കൃഷ്ട സ്ഥാപനമാക്കുന്ന തരത്തിലാണോ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള "അക്കാദമിക മാസ്റ്റർ പ്ലാൻ ഘട്ടം-2" മാർഗ്ഗരേഖ (കരട്) എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ കുട്ടിക്കും തുല്യതയോടെ അതത് തരത്തിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കുന്നതിന് അനുയോജ്യമായ പഠനാന്തരീക്ഷം സംജാതമാക്കുകയെന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാന ദർശനം. പദ്ധതി രൂപീകരണത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അടിസ്ഥാന പഠനം, ഘടന, സ്കൂൾതല മോണിറ്ററിംഗ്, സ്കൂൾതലത്തിൽ നടപ്പാക്കേണ്ട വിവിധ പ്രവർത്തനങ്ങൾ, ചുമതലകൾ, ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ നടക്കേണ്ട പ്രവർത്തനങ്ങളും ചുമതലകളും എന്നിവയൊക്കെ വിശദമായി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ (കരട്) പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എസ്.എസ്.കെ., ഡയറ്റ്, കൈറ്റ്, എസ്.ഐ.ഇ.റ്റി., ജില്ലാമിഷൻ എന്നിവരുൾപ്പെട്ട ജില്ലാതല റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ അക്കാദമിക വർഷം മുതൽ അക്കാദമിക മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി സമയക്രമം നിശ്ചയിച്ച് പ്രവർത്തന പദ്ധതികളാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**പൊതുമരാമത്ത് വകുപ്പിന്റെ മഴക്കാല പൂർവ്വ പ്രവൃത്തികൾ**

13 (*103) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ നടപ്പുവർഷത്തെ മഴക്കാലപൂർവ്വ പ്രവൃത്തികൾക്ക് പണം അനുവദിച്ചെങ്കിലും പണികൾ നടക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

റണ്ണിംഗ് കോൺട്രാക്ട്, ഒ.പി.ബി.ആർ.സി., മഴക്കാലപൂർവ്വ പരിപാലന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് റോഡ് പരിപാലനം നടക്കുന്നത്. ഈ പദ്ധതികളിൽ പ്രവൃത്തികൾ നടക്കുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ റോഡ്, പരിപാലന വിഭാഗങ്ങൾ തമ്മിൽ തർക്കമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഇക്കാര്യത്തിൽ റോഡ്, പരിപാലന വിഭാഗങ്ങൾ തമ്മിൽ തർക്കമുണ്ടായിട്ടില്ല.

**വിദ്യാകിരണം പദ്ധതി**

14 (*104) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ വിദ്യാകിരണം പദ്ധതി പ്രകാരം സ്കൂളുകളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ ആധുനിക കാഴ്ചപ്പാടിനനുസൃതമായി കാതലായ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി വിദ്യാകിരണം എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനും ഡിജിറ്റൽ വിടവില്ലാതെ എല്ലാവിഭാഗം സ്കൂൾ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനും 'ഹൈടെക് സ്കൂൾ', 'ഹൈടെക് ലാബ്' പദ്ധതികളും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പാക്കി. 4752 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയിൽ എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയനുസരിച്ച് ഒന്ന് മുതൽ ഏഴുവരെ ക്ലാസ്സുകളിലേയ്ക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്തു. ഹൈടെക് പദ്ധതികൾപ്രകാരം സംസ്ഥാനത്തെ 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രോജക്ടർ, 43250 പ്രോജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി., എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫംഗ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവയാണ് വിതരണം ചെയ്തത്.

കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് സാധ്യമായ എല്ലാ ബദൽ സംവിധാനങ്ങളും സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയിരുന്നു. 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സിലൂടെ 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. 2021 ജൂണിൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം ഓൺലൈൻ ക്ലാസ്സുകളും ആരംഭിക്കുന്നതിന് തീരുമാനിക്കുകയും കൈറ്റ് സജ്ജമാക്കിയ ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ചിട്ടയോടുകൂടിയ ഓൺലൈൻ പഠനം ഘട്ടംഘട്ടമായി ആരംഭിക്കുകയും ചെയ്തു. 20 ലക്ഷം കുട്ടികൾക്കും 2 ലക്ഷത്തോളം അധ്യാപകർക്കും ജി-സ്യൂട്ടിൽ പ്രത്യേക സുരക്ഷിത ലോഗിൻ സൗകര്യമൊരുക്കി. ഡിജിറ്റൽ ഉപകരണങ്ങളില്ലാത്തത് ഓൺലൈൻ പഠനത്തെ ഒരുതരത്തിലും ബാധിക്കാൻ പാടില്ലെന്ന് നിർബന്ധമുള്ളതിനാലാണ് ഓൺലൈൻ പഠനം എല്ലാവിഭാഗം കുട്ടികൾക്കും ഒരുപോലെ ലഭ്യമാക്കുന്നതിന് വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്.

സമൂഹ സഹായത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം ക്രമാനുഗതമായി കുറയ്ക്കുന്നതിനും ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത ആദിവാസി മേഖലയിലുള്ള കുട്ടികൾക്കുൾപ്പെടെ എല്ലാവിഭാഗം കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാകിരണത്തിലൂടെ സാധ്യമാക്കി.

(ബി) നിലവിലുള്ളതിന്റെ പതിന്മടങ്ങിലധികം വേഗതയുള്ള ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വി.എച്ച്.എസ്.ഇ. സ്കൂളുകളിലെല്ലാം ഏർപ്പെടുത്താൻ തീരുമാനമായിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ 1 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ബി.എസ്.എൻ.എൽ.-ന്റെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ ലഭ്യമാക്കി. രാജ്യത്ത് ആദ്യമായാണ് ഇത്തരം ബൃഹത്തായ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ശൃംഖല വിദ്യാഭ്യാസമേഖലയിൽ രൂപീകരിച്ചിട്ടുള്ളത്. സ്കൂളുകളിൽ ഭൗതിക സൗകര്യവും ഐ.ടി. അനുബന്ധ സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നത് കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനാണ്. അതിനായി സമഗ്രപഠന വിഭവ പോർട്ടൽ സജ്ജമാക്കുകയും അത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്തു.

സംസ്ഥാനത്ത് സെക്കണ്ടറി, ഹയർസെക്കണ്ടറി സ്കൂൾതലങ്ങളിൽ സജ്ജമാക്കിയ 45000 ഹൈടെക് ക്ലാസ് മുറികളിൽ ഫലപ്രദമായി പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്ര ഓഫ്‌ലൈനായും ലഭ്യമാക്കി. ഓൺലൈൻ വിഭവങ്ങൾ ഉപയോഗിക്കുന്നതിന് ഹൈടെക് ക്ലാസ് മുറികളിലെ ഇന്റർനെറ്റിന്റെ വേഗത 100 Mbps ആക്കിയിട്ടുണ്ട്. 4690 ഹൈസ്കൂൾ, ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലാണ് നിലവിൽ ഇന്റർനെറ്റ് വേഗത വർദ്ധിപ്പിച്ചത്. ഇന്റർനെറ്റ് വേഗത വർദ്ധിപ്പിക്കുന്നതിന് സൗകര്യമുള്ള എല്ലാ പ്രദേശങ്ങളിലെ സ്കൂളുകളിലും കൈറ്റ് ഇത് ഒരുക്കിയിട്ടുണ്ട്.

(സി) ഡിജിറ്റൽ വിഭവങ്ങളുടെ സമാഹാരമായ സമഗ്ര പോർട്ടലിലെ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ ഇതുവഴി സൗകര്യം ലഭ്യമാകുമെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനവും ഐ.ടി. അടിസ്ഥാന സൗകര്യലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കി. ഡിജിറ്റൽ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അധ്യാപകർക്ക് നൽകി. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ് മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലെക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളും സമഗ്രവിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്.

## റോഡുകൾ പൊളിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ

15 (*105) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡുകൾ ടാർ ചെയ്തതിന് പിന്നാലെ വെട്ടിപ്പൊളിച്ച് കുടിവെള്ള പൈപ്പ് ഇടുന്ന രീതിക്ക് മാറ്റം വരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയുമായി ഇക്കാര്യം പ്രത്യേകം ചർച്ച ചെയ്യുകയും ജലവിഭവ പദ്ധതികളും-പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സമിതിക്ക് രൂപം നൽകുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് 7-1-2022-ലെ സ.ഉ.(സാധാ)നമ്പർ 20/2022/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സമിതിയുടെ തീരുമാനപ്രകാരം റോഡ് കട്ടിംഗിന് നിശ്ചിത സമയക്രമം കൊണ്ടുവന്നിട്ടുണ്ട്. പുതുതായി നിർമ്മിച്ച/നവീകരിച്ച റോഡുകളുടെ ഉപരിതലം കട്ട്ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചു. പരിപാലനകാലാവധിയുള്ള റോഡുകളിൽ നിർമ്മാണം പൂർത്തിയായി ഒരു വർഷം കഴിഞ്ഞശേഷം മാത്രമേ റോഡ് കട്ടിംഗിനുള്ള അനുമതി നൽകുകയുള്ളൂവെന്ന് തീരുമാനിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), PMG പോർട്ടൽ, RoW പോർട്ടൽ എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ PMS പോർട്ടൽ മുഖേന നടപ്പാക്കിവരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW പോർട്ടൽ മുഖേനയാണ്. വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും പ്രവൃത്തികൾ RoW പോർട്ടലിൽ പ്രസിദ്ധപ്പെടുത്തുന്നു. റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പുരോഗതി DICC മീറ്റിംഗുകളിൽ വിലയിരുത്തിവരുന്നു.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ [22-11-2016-ലെ കത്ത് നമ്പർ RW/NH-33044/2015/S&R(R)] നിർദ്ദേശങ്ങൾക്ക് വിധേയമായാണ്

പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്.

പ്രസ്തുത സർക്കുലർപ്രകാരം കക്ഷികൾ അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പുതുതായി ടാർ ചെയ്ത റോഡുകൾ പൊളിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

പൊതുമരാമത്ത് റോഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24-2-2022-ലെ സ.ഉ.(കൈ) നമ്പർ 8/2022/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ കേരള വാട്ടർ അതോറിറ്റി ക്രമീകരിക്കുന്ന പ്രവൃത്തികൾക്കായി RoW വെബ്പോർട്ടൽ വഴി അപേക്ഷിക്കേണ്ടതും പൊതുമരാമത്ത് വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ RoW പോർട്ടലിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. അടിയന്തര ലീക്ക്, അപാകത മാറ്റൽ, റിപ്പയർ വർക്കുകൾ എന്നിവയ്ക്കും പൊതുമരാമത്ത് വകുപ്പിന്റെ പെർമിഷൻ RoW പോർട്ടൽവഴി നേടേണ്ടതുണ്ട്. പരിപാലന കാലാവധി കഴിഞ്ഞ റോഡുകളിൽ അടിയന്തര പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് തുക ഒടുക്കേണ്ട ആവശ്യമില്ല. പ്രവൃത്തികളിൽ പൈപ്പ് ഇടുന്നതിനുള്ള കുഴിയെടുക്കൽ, പൈപ്പുകൾ സ്ഥാപിക്കൽ, റോഡ് ഗതാഗത യോഗ്യമാക്കൽ എന്നിവ വാട്ടർ അതോറിറ്റി നടപ്പാക്കേണ്ടതും റോഡ് കുഴിക്കുന്നതിനുമുമ്പ് ഉപരിതലം എങ്ങനെയാണോ അതേനിലവാരത്തിൽ പൂർത്തീകരിക്കേണ്ടതുമാണ്. പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് MoRTH മാനദണ്ഡങ്ങൾപ്രകാരം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കേണ്ടതാണ്. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി എടുത്ത കുഴി CTE-യുടെ നിർദ്ദേശപ്രകാരം 20 സെ.മീ. കനത്തിൽ റോളർ/പ്ലേറ്റ് കോംപക്ടർ ഉപയോഗിച്ച് ലെയറുകളായി പുനഃസ്ഥാപിക്കേണ്ടതാണ്. പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തികളുടെ പുനരുദ്ധാരണത്തിന് 30 സെ.മീ. ആഴത്തിൽ കോംപാക്ട് ചെയ്യേണ്ടതും GSB, WMM എന്നിവ ഓരോന്നും 15 സെ.മീ. ലെയറുകളായി MoRTH മാനദണ്ഡങ്ങൾപ്രകാരം ചെയ്യേണ്ടതും മേൽപ്രവൃത്തികൾ എല്ലാം പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതുമാണ്. മാറ്റി സ്ഥാപിക്കുന്ന പൈപ്പുകൾക്ക് മുകളിൽ കുറഞ്ഞത് 1.20 മീറ്റർ കനത്തിൽ മണ്ണ് ഉണ്ടാകേണ്ടതും

പൈപ്പ്ലൈൻ റോഡിന്റെ ഷോൾഡർ ഭാഗത്തിലൂടെ ആയിരിക്കേണ്ടതും അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പിലെയും വാട്ടർ അതോറിറ്റിയിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർതലത്തിൽ സംയുക്ത പരിശോധന നടത്തി നിശ്ചയിക്കേണ്ടതുമാണ്. പരിപാലന കാലാവധി പൂർത്തിയാകാത്ത റോഡുകളിൽ റെസ്റ്റോറേഷൻ തുകയുടെ 10% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി പൊതുമരാമത്ത് വകുപ്പിൽ ഒടുക്കേണ്ടതും പി.ഡബ്ല്യു.ഡി., കേരള വാട്ടർ അതോറിറ്റി, പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ എന്നിവർ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. കേരള വാട്ടർ അതോറിറ്റി പ്രവൃത്തിയുടെ നടത്തിപ്പിനാവശ്യമായ മുൻകയ്യെടുക്കേണ്ടതും പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള നവീകരണ പ്രവൃത്തിക്കുമുമ്പായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. പ്രവൃത്തി പുരോഗമിക്കുന്ന വേളയിൽ പ്രവൃത്തി നടക്കുന്ന റീച്ചിൽ സുരക്ഷാക്രമീകരണങ്ങൾ ഉൾപ്പെടെയുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കായിരിക്കും. പൊതുമരാമത്ത് വകുപ്പ് ക്രമീകരിക്കുന്ന പ്രവൃത്തികളിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി തയ്യാറാക്കേണ്ടതും ആയതിൽ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ, ഉയർത്തൽ, മാൻഹോൾ, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രവൃത്തി നടക്കുന്നവേളയിൽ കേരള വാട്ടർ അതോറിറ്റി അധികൃതർ പരിശോധിക്കേണ്ടതും പ്രവൃത്തിയുടെയും സാധനസാമഗ്രികളുടെയും ഗുണനിലവാരം സൈറ്റിലോ ലാബ് ടെസ്റ്റ് മുഖേനയോ ഉറപ്പുവരുത്തേണ്ടതുമാണ്. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന സമയത്ത് പ്രവൃത്തിക്കായുള്ള തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് പി.ഡബ്ല്യു.ഡി. വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതും ആയത് പ്രവൃത്തിയുടെ DLP-ക്കുശേഷം റിലീസ് ചെയ്യാവുന്നതുമാണ്. പൈപ്പ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അനുമതി പത്രത്തിൽ സൂചിപ്പിക്കേണ്ടതും പൂർത്തീകരണത്തിന് കാലതാമസം വരുത്തൽ, ഗുണനിലവാരമില്ലായ്മ എന്നിവയ്ക്ക് ആനുപാതികമായി തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കണ്ടുകെട്ടാവുന്നതുമാണ്. പ്രവൃത്തി സ്ഥലത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഉൾപ്പെടെയുള്ള വിവരങ്ങൾ സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്. പരിപാലന കാലാവധിക്കുള്ളിൽ പൈപ്പ് ലൈനിന് സംഭവിക്കുന്ന ലീക്ക്/മെയിന്റനൻസ് പ്രവൃത്തികൾ എന്നിവ കരാറുകാരൻ പരിഹരിക്കേണ്ടതാണ്.

(സി) പുതിയ വാട്ടർ കണക്ഷൻ എടുക്കുന്നതിനും പുതുതായി പൈപ്പ് ഇടുന്നതിനുമായി അറ്റകുറ്റപ്പണികൾ ചെയ്തുതീർത്തതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിൽ

ആക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കുതന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് 24-2-2022-ലെ സ.ഉ.(കൈ)നമ്പർ 8/2022/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**പൊതുമരാമത്ത് റോഡുകളിലെ അറ്റകുറ്റപ്പണികൾ**

16 (*106) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ മെയിന്റനൻസ്, റോഡ്സ് വിഭാഗങ്ങൾ തമ്മിലുള്ള തർക്കമാണ് പ്രീ മൺസൂൺ അറ്റകുറ്റപ്പണികൾ വൈകാനുള്ള കാരണമെന്ന ആക്ഷേപം വസ്തുതാപരമാണോ?

പൊതുമരാമത്ത് വകുപ്പിൽ റോഡ് മെയിന്റനൻസ്, റോഡ്സ് വിഭാഗങ്ങൾ തമ്മിൽ ഒരു തർക്കവുമില്ല.

(ബി) എങ്കിൽ ഇക്കാരണത്താൽ റോഡുകളിൽ മഴക്കാലത്തിനുമുമ്പ് അറ്റകുറ്റപ്പണികൾ നടത്താനുള്ള ടെണ്ടർ നടപടികൾ വൈകിയിരുന്നോ; വിശദാംശം നൽകാമോ?

റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്താനുള്ള ടെണ്ടർ നടപടികൾ വൈകിയിട്ടില്ല.

(സി) സംസ്ഥാനത്തെ റോഡുകളിലെ കുഴികൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കേരളത്തിലെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിൽ പോട്ട്ഹോൾ ഫ്രീയായി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾതന്നെ ഈ സർക്കാർ നടപ്പാക്കിത്തുടങ്ങി.

റണ്ണിംഗ് കോൺട്രാക്ട്: റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നത് പരിപാലനം ഉറപ്പുവരുത്താനുള്ള പ്രധാന ചുവടുവയ്പ്പാണ്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ കരാറുകാരെ ചുമതലപ്പെടുത്തുന്നതാണ് പദ്ധതി. റോഡുകളിൽ കുഴികളും

മറ്റുമുണ്ടായാൽ അത് വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് റണ്ണിംഗ് കോൺട്രാക്റ്റ് പദ്ധതി. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ ഒഴിവാക്കാൻ ഇതിലൂടെ സാധിക്കും. റണ്ണിംഗ് കോൺട്രാക്റ്റ് 1, 2 ക്ലസ്റ്ററുകളിലായി 12332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമാക്കി. 301 കോടി രൂപയാണ് റണ്ണിംഗ് കോൺട്രാക്റ്റിനായി ചെലവഴിക്കുന്നത്. റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത 9210 കിലോമീറ്റർ റോഡുകളിൽ കുഴി അടയ്ക്കുന്നതിനായി മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നു. 12.75 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

<u>ഒ.പി.ബി.ആർ.സി.</u>: കോർ റോഡ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട പ്രധാന റോഡുകളിൽ ഏഴുവർഷം പരിപാലനം ഉറപ്പാക്കുന്നതിനുള്ള ഒ.പി.ബി.ആർ.സി. പദ്ധതി നടപ്പാക്കുന്നുണ്ട്. നിലവിൽ 283.81 കിലോമീറ്റർ റോഡുകളിലാണ് ഒ.പി.ബി.ആർ.സി. നടപ്പാക്കുന്നത്.

<u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ</u>: കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു.-വിനുകീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ ചെലവഴിക്കുന്നുണ്ട്. കിഫ്ബിയുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചകളെത്തുടർന്നാണ് കിഫ്ബി അറ്റകുറ്റപ്പണികൾക്ക് തുക വകയിരുത്തിയത്.

<u>ടാസ്ക് ഫോഴ്സ്</u>: കനത്ത മഴ വരുമ്പോൾ വെള്ളം റോഡുകളിലേയ്ക്ക് ഇരച്ച് എത്തുകയും റോഡ് തകരാറിലാവുകയും ചെയ്യുന്നതിന് താൽക്കാലികമായെങ്കിലും പരിഹാരം കാണാൻ പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുപോകുന്നു.

<u>കെ.ആർ.എഫ്.ബി. നഗര റോഡുകൾ</u>: കെ.ആർ.എഫ്.ബി. അധീനതയിൽ വരുന്ന റോഡുകളിൽ വിവിധ നഗരപാതാ വികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ റോഡുകളുടെ പരിപാലന ചുമതല ബന്ധപ്പെട്ട കൺസഷണറിൽ നിക്ഷിപ്തമാണ്. ഇത് നിർവ്വഹിക്കുന്നുവെന്നും ഉറപ്പാക്കുന്നുണ്ട്.

<u>വാട്ടർ അതോറിറ്റി പ്രവൃത്തിയുള്ള റോഡുകൾ</u>: വിവിധ കുടിവെള്ള പദ്ധതികൾക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>DLP ബോർഡുകൾ</u>: പരിപാലന കാലാവധിയിലുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്താനുള്ള തീരുമാനം റോഡുകളിലെ പരിപാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. ബന്ധപ്പെട്ട കരാറുകാരുടെ നമ്പരും

ഉദ്യോഗസ്ഥരുടെ നമ്പരും പരിപാലന കാലാവധിയും പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചു. ഈ റോഡുകളിൽ ചെറിയ കുഴിയുണ്ടായാൽ അടക്കം ജനങ്ങൾക്ക് കരാറുകാരനെയോ ഉദ്യോഗസ്ഥരെയോ വിളിച്ച് നികത്താൻ ആവശ്യപ്പെടാനാകും. DLP ബോർഡുകൾ സ്ഥാപിച്ചത് ഗുണകരമായെന്നാണ് വിലയിരുത്തൽ. സംസ്ഥാനത്ത് റണ്ണിംഗ് കോൺട്രാക്റ്റ് പരിധിയിലെ റോഡുകളിലും സമാനമായ രീതിയിൽ ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റോഡുകളിലെ കുഴികൾ നികത്തുന്നതിനായി ജാഗ്രതയോടെ ഈ പ്രവർത്തനങ്ങൾ തുടരുകയാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കാലവർഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ റോഡുകളെക്കൂടി ബാധിക്കുകയാണ്. കനത്ത മഴ പെയ്യുമ്പോൾ ചില റോഡുകളിൽ കുഴികൾ രൂപപ്പെട്ടുവരുന്നുണ്ട്. ഇതും നികത്തുന്നതിനുള്ള പ്രവർത്തനം നടത്തുന്നു.

ബി.എം.-ബി.സി. നിർമ്മാണം: റോഡുകൾ ബി.എം.-ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തി നിലവാരം വർദ്ധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിൽ 2100 കിലോമീറ്റർ റോഡുകളിൽ ബി.എം.-ബി.സി. പ്രവൃത്തി നടക്കുന്നുണ്ട്. കൂടുതൽ റോഡുകളെ ബി.എം.-ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താൻ പ്രത്യേക പദ്ധതിതന്നെ തയ്യാറാക്കിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി

17 (*107) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ ഭൗതിക സൗകര്യവികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇനിയും ഭൗതിക സൗകര്യവികസനം അനിവാര്യമായ

വിദ്യാലയങ്ങളെ കണ്ടെത്തി ഘട്ടംഘട്ടമായി പ്രശ്നപരിഹാരത്തിനുള്ള നടപടികൾ തുടരുന്നതാണ്. പൊതുവിദ്യാഭ്യാസ മേഖലയിലും ആധുനികവൽക്കരണം നടത്തുന്നതിനും സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതിതന്നെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളുടെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വിവര സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്ന് മുതൽ ഏഴുവരെ ക്ലാസ്സുകളിലേയ്ക്ക് ഹൈടെക് ലാബ് പദ്ധതിയും നടപ്പാക്കി. ഇതിന്റെ ഭാഗമായി 16027 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 374274 ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം, 12678 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ്, അധ്യാപകർക്ക് പ്രത്യേക ഐ.ടി. പരിശീലനം, 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ്, ഐ.ടി. ക്ലബ്ബുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ ഹൈടെക് ലാബ് പദ്ധതികൾ നടപ്പാക്കിക്കൊണ്ട് ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ഹൈടെക് സംവിധാനങ്ങൾ അക്കാദമിക പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിനായി ഓരോ ക്ലാസ്സിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അധ്യാപക പരിശീലനവും ലഭ്യമാക്കുന്നതോടൊപ്പം ഭാഷാവിഷയങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബും എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കി. ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി ഇ-ലാംഗ്വേജ് ലാബിൽ ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയും നടപ്പാക്കി. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതി നടപ്പാക്കിയതോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, വിവരസാങ്കേതികവിദ്യ ഉപയോഗം, പരിശീലനം, ഉള്ളടക്ക വികസനം, കണക്ടിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണാ പരിപാലന സംവിധാനം, ഇ-ഗവേണൻസ് എന്നീ മേഖലകളിൽ കേരളം മാതൃകയാണെന്ന് നീതി ആയോഗിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അക്കാദമിക രംഗത്തും വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കോവിഡ് കാലത്ത് കുട്ടികൾക്ക് ഉണ്ടായേക്കാവുന്ന മാനസിക-സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും അതുമൂലമുണ്ടാകുന്ന പഠനവിടവ് പരിഹരിക്കുന്നത് സംബന്ധിച്ചും

അവ എങ്ങനെ അഭിമുഖീകരിക്കണമെന്ന കാര്യവും ഇതിനാവശ്യമായ രീതിശാസ്ത്രവും അവധിക്കാല അധ്യാപക പരിശീലനത്തിന്റെ ഭാഗമായി അധ്യാപകരെ പരിചയപ്പെടുത്തിയിട്ടുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അവർ ഓരോ വിഷയത്തിലും എവിടെ നിൽക്കുന്നുവെന്ന് കണ്ടെത്തി ആവശ്യമായ പഠനപിന്തുണ നൽകാനുള്ള അക്കാദമിക പ്രവർത്തനവും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടപ്പാക്കുന്ന അക്കാദമിക പ്രവർത്തനങ്ങളിൽ ഉൾച്ചേർത്തിട്ടുണ്ട്. മികവ് കാട്ടുന്ന കുട്ടികൾക്ക് കൂടുതൽ ഉയരങ്ങളിലേയ്ക്ക് വളരാൻ ആവശ്യമായ സാഹചര്യവും ഒരുക്കിവരുന്നു. ഇതിനെല്ലാം രക്ഷിതാക്കളേയും സമൂഹത്തേയും സജ്ജമാക്കാനുള്ള രക്ഷാകർത്തൃ/സമൂഹ വിദ്യാഭ്യാസവും വിഭാവനം ചെയ്യുന്നുണ്ട്.

(ബി) വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ലോകോത്തര നിലവാരത്തിലുള്ള ബോധന സമ്പ്രദായവും പാഠ്യപദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിന് 2000 മുതൽ സംസ്ഥാനത്ത് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകി ഐ.ടി./ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ ഹൈസ്കൂൾ ക്ലാസ്സുകളിലും തുടർന്ന് പ്രൈമറിതലത്തിലേയ്ക്കും ഐ.സി.ടി. പഠനം വ്യാപിപ്പിക്കുകയും നിലവിൽ ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകവും ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് 'സമഗ്ര'എന്ന പേരിൽ പ്രത്യേക പോർട്ടലും സജ്ജമാക്കി ഉപയോഗിക്കുന്നുണ്ട്. സമഗ്രയിൽ ഓരോ ക്ലാസ്സിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അധ്യാപക പരിശീലനവും പിന്തുണാ സംവിധാനങ്ങളും മോണിറ്ററിംഗ് സംവിധാനവുമെല്ലാം കേരള ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. സാങ്കേതികവിദ്യ ഭാഷാപഠനത്തിനും സഹായിക്കുന്നതിനായി സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കി. നിലവിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇ-ലാംഗ്വേജ് ലാബിന്റെ ഭാഗമായി ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി എല്ലാ പ്രൈമറി വിഭാഗം സ്കൂളുകളിലും നടപ്പാക്കി. കുട്ടിയെ അറിയുക, കുട്ടിയെ മനസ്സിലാക്കുകയെന്ന ലക്ഷ്യത്തോടെ കൈറ്റ്, എസ്.സി.ഇ.ആർ.ടി. എന്നിവരുടെ സഹകരണത്തോടെ 'സഹിതം' എന്ന പേരിൽ പ്രത്യേക ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറായ 'സമ്പൂർണ്ണ' ഉപയോഗപ്പെടുത്തി കുട്ടികളുടെ അടിസ്ഥാന വിശദാംശങ്ങൾ അധ്യാപകരുടെ

ലോഗിനിൽ ലഭ്യമാകുന്നു. കുട്ടികൾ ഒരു അധ്യാപകൻ/അധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെട്ട് അന്വേഷണ പഠനത്തിന് സഹായിക്കുന്ന മെന്ററിംഗ് സംവിധാനത്തിന് 'സഹിതം' സോഫ്റ്റ്‌വെയറിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങൾക്കും ഹൈസ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പാക്കി. പദ്ധതികളുടെ ഭാഗമായി സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും നൽകിയിട്ടുണ്ട്. സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ള 4690 സ്കൂളുകളിലെ ഇന്റർനെറ്റ് വേഗത 100 Mbps ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഇത്തരം ബൃഹത്തായ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ശൃംഖല വിദ്യാഭ്യാസ മേഖലയിൽ രൂപീകരിച്ചിട്ടുള്ളത്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം പൊതുവിദ്യാലയങ്ങൾക്ക് ലഭിച്ച ഉപകരണങ്ങളുടെ മികച്ച പരിപാലനം ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും കൈറ്റിന്റെ മേൽനോട്ടത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സാങ്കേതിക സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത സാങ്കേതിക സമിതി തീരുമാനിക്കുന്ന ഉപകരണങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂളുകൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയുമാണ്. എല്ലാ ഉപകരണങ്ങൾക്കും അഞ്ചുവർഷത്തെ വാറണ്ടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് സ്കൂൾതലത്തിൽ പ്രഥമാധ്യാപകർക്കും സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഉപകരണങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് സൗജന്യ കോൾസെന്റർ സംവിധാനവും ഓരോ ജില്ലയിലും മാസ്റ്റർ ട്രെയിനർമാരടങ്ങുന്ന ജില്ലാ ഓഫീസ് സംവിധാനവും ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും

ഏർപ്പെടുത്തിയിട്ടുണ്ട്. കൈറ്റിലെ മുഴുവൻ മാസ്റ്റർ ട്രെയിനർമാരുടെയും ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി 'സമഗ്ര' വിഭവപോർട്ടലിൽ ഓരോ ക്ലാസ്സിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അധ്യാപക പരിശീലനവും പിന്തുണാ സംവിധാനങ്ങളും മോണിറ്ററിംഗ് സംവിധാനവുമെല്ലാം കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ഹൈടെക് സൗകര്യങ്ങൾ ഇംഗ്ലീഷ് ഭാഷാ പഠനത്തിനും പ്രയോജനപ്പെടുത്തുന്നതിനായി ഇ-ലാംഗ്വേജ് ലാബ് പദ്ധതിയുടെ ഭാഗമായുള്ള ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകളിലും നടപ്പാക്കി. അധ്യാപക പരിശീലനവും സൗജന്യമായി എല്ലാ സ്കൂളുകൾക്കും സോഫ്റ്റ്‌വെയറും കൈറ്റ് ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളിൽ ലഭ്യമാക്കിയ ഐ.ടി. ഉപകരണങ്ങളുടെയും സാങ്കേതിക സൗകര്യങ്ങളുടെയും ഗുണഭോക്താക്കൾതന്നെ പരിപാലനത്തിനും സഹായിക്കുന്നതിനായി സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനവും സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾക്ക് പ്രത്യേക ചുമതലയും നൽകിയിട്ടുണ്ട്. ഹൈടെക് പദ്ധതികളിലൂടെ വിതരണം ചെയ്ത ഉപകരണങ്ങളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിന് സ്കൂൾതലം മുതൽ സംസ്ഥാനതലംവരെ കൈറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കോഡ്

18 (*108) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി യു. പ്രതിഭ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സഹവിദ്യാഭ്യാസം നിഷേധിക്കുന്നത് ബാലാവകാശങ്ങളുടെയും ഭരണഘടന ഉറപ്പാക്കുന്ന ലിംഗസമത്വത്തിന്റെയും ലംഘനമാണെന്നുകണ്ട് അടുത്ത അധ്യയന വർഷം മുതൽ ആൺ, പെൺ സ്കൂളുകൾ നിർത്തലാക്കണമെന്ന ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 21-7-2022-ലെ ശിപാർശപ്രകാരം സംസ്ഥാനത്തെ ബോയ്സ്, ഗേൾസ് സ്കൂളുകൾ നിർത്തലാക്കണമെന്നും എല്ലാ സ്കൂളുകളിലും സഹവിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നും

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മതിയായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ അത്തരം നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതല്ല. സ്കൂൾ അധ്യാപക രക്ഷാകർത്തൃ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവയുടെ ശിപാർശയും മതിയായ അടിസ്ഥാന സൗകര്യവും ഉണ്ടെങ്കിൽ മാത്രമേ സ്കൂളുകൾ മിക്സഡാക്കി മാറ്റേണ്ടതുള്ളൂവെന്നാണ് സർക്കാർ നയം. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ വെവ്വേറെ പരിശോധിച്ച് സർക്കാർ ഉത്തരവ് നൽകുന്ന രീതിയാണ് നിലവിൽ പാലിച്ചുവരുന്നത്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കോഡ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കോഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നയതീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) ചില സ്കൂളുകളിൽ അധികൃതർ സ്വമേധയാ ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾ നടപ്പാക്കിവരുന്നത് സംബന്ധിച്ച് പ്രത്യേകമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്കൂളുകളിൽ ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾ അടിച്ചേൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ബന്ധപ്പെട്ട സ്കൂളുകളിലെ അധ്യാപകർ, PTA പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ സംയുക്തമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനമെടുക്കുകയാണ് വേണ്ടത്. അപ്രകാരം തീരുമാനമെടുത്ത് നടപ്പാക്കുന്നതിനോട് സർക്കാരിന് വിയോജിപ്പില്ല.

**റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി**

19 (*109) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിൽ നെടുമ്പാശ്ശേരിയിൽ രണ്ടടിയോളം ആഴമുള്ള കുഴിയിൽ വീണ് ബൈക്ക് യാത്രക്കാരൻ മരിച്ചതിനെത്തുടർന്ന് സംസ്ഥാനത്തെ വിവിധ റോഡുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ അവസ്ഥ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ വിവിധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. മഴക്കാലത്ത് റോഡുകൾ നിരന്തരം പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുണ്ടാകുന്ന കനത്ത മഴയിൽ റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ദേശീയ പാതകളിലെയും പൊതുമരാമത്ത് റോഡുകളിലെയും കുഴികൾ മൂടി ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ദേശീയപാതാ അതോറിറ്റിക്കുകീഴിലെ ദേശീയപാതയിലെ കുഴികൾ അടയ്ക്കുന്നതിന്റെ പൂർണ്ണ ചുമതല ദേശീയപാതാ അതോറിറ്റിക്കാണ്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീ ആയി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾതന്നെ ഈ സർക്കാർ നടപ്പാക്കിത്തുടങ്ങി.

<u>റണ്ണിംഗ് കോൺട്രാക്ട്</u>:- റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നത് പരിപാലനം ഉറപ്പുവരുത്താനുള്ള പ്രധാന ചുവടുവയ്പാണ്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ കരാറുകാരെ ചുമതലപ്പെടുത്തുന്നതാണ് പദ്ധതി. റോഡുകളിൽ കുഴികളും മറ്റുമുണ്ടായാൽ അത് വേഗത്തിൽ പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ട് പദ്ധതി സഹായകരമാണ്. റണ്ണിംഗ് കോൺട്രാക്റ്റിലൂടെ 12332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമാക്കി. 301 കോടി രൂപയാണ് റണ്ണിംഗ് കോൺട്രാക്റ്റിനായി ചെലവഴിക്കുന്നത്. റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത 9210 കിലോമീറ്റർ റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാല പരിപാലന പദ്ധതിയും നടപ്പാക്കുന്നു. 12.75 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

<u>ഒ.പി.ബി.ആർ.സി.</u>:- കോർ റോഡ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട പ്രധാന റോഡുകളിൽ ഏഴുവർഷം പരിപാലനം ഉറപ്പാക്കുന്നതിനുള്ള ഒ.പി.ബി. ആർ.സി. പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. നിലവിൽ 283.81 കിലോമീറ്റർ റോഡുകളിലാണ് ഒ.പി.ബി.ആർ.സി. നടപ്പാക്കുന്നത്.

<u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ</u>:- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു.-വിനുകീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്ക് ഇത്തവണ കിഫ്ബി 50 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു.

ടാസ്ക് ഫോഴ്സ്:- കനത്ത മഴ വരുമ്പോൾ വെള്ളം റോഡുകളിലേയ്ക്ക് ഇരച്ചെത്തുകയും റോഡ് തകരാറിലാവുകയും ചെയ്യുമ്പോൾ താൽക്കാലികമായെങ്കിലും പരിഹാരം കാണാൻ പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനവും ഫലപ്രദമായി മുന്നോട്ടുപോകുന്നു.

DLP ബോർഡുകൾ:- പരിപാലന കാലാവധിയുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്താനുള്ള തീരുമാനവും റോഡുകളിലെ പരിപാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. ബന്ധപ്പെട്ട കരാറുകാരുടെ നമ്പരും ഉദ്യോഗസ്ഥരുടെ നമ്പരും പരിപാലന കാലാവധിയും പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചു. സംസ്ഥാനത്ത് റണ്ണിംഗ് കോൺട്രാക്റ്റ് പരിധിയിലെ റോഡുകളിലും സമാനമായ രീതിയിൽ ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് റോഡുകളുടെ നടപ്പുവർഷത്തെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക മഴക്കാലത്തിനുമുമ്പ് ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ?

പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള തുക ഉപയോഗിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

(ഡി) മഴക്കാലത്തിനുമുമ്പ് റോഡുകൾ അറ്റകുറ്റപ്പണി നടത്താത്തവർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട കരാറുകാരന് നോട്ടീസ് നൽകുകയും എന്നിട്ടും പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർടെണ്ടർ ചെയ്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## മഴയ്ക്ക് മുമ്പുള്ള റോഡ് അറ്റകുറ്റപ്പണികൾ

20 (*110) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലും പൊതുമരാമത്ത് റോഡുകളിലുമുണ്ടാകുന്ന കുഴികളിൽ വീണ് നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും സാരമായി പരിക്കേൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

സമീപ ദിവസങ്ങളിൽ ദേശീയപാതയിലെ കുഴികളിൽ വീണ് യാത്രക്കാരുടെ ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. റോഡുകളിൽ കുഴികൾ രൂപപ്പെടുകയും അപകടങ്ങളുണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കാൻ വിവിധ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കുന്നുണ്ട്. കേരളത്തിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീ ആക്കുകയെന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

റണ്ണിംഗ് കോൺട്രാക്ട്:- റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതനപദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ നിശ്ചിതസമയത്തേയ്ക്ക് ഒരു കരാറുകാരനെ ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. റോഡുകളിൽ കുഴികളും മറ്റുമുണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് ഈ പദ്ധതി. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിലൂടെ 12332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമായി. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9210 കിലോമീറ്റർ റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നുണ്ട്.

ഒ.പി.ബി.ആർ.സി.:- കോർ റോഡ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട പ്രധാനപ്പെട്ട റോഡുകളിൽ ഏഴുവർഷം പരിപാലനം ഉറപ്പാക്കുന്നതിനുള്ള ഒ.പി.ബി.ആർ.സി. പദ്ധതി നടപ്പാക്കുന്നുണ്ട്. നിലവിൽ 283.81 കിലോമീറ്റർ റോഡുകളിലാണ് ഒ.പി.ബി.ആർ.സി. പദ്ധതി നടപ്പാക്കുന്നത്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി KRFB-PMU-വിന്റെ കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ ചെലവഴിക്കുന്നുണ്ട്. കിഫ്ബിയുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയെത്തുടർന്നാണ് കിഫ്ബി അറ്റകുറ്റപ്പണികൾക്ക് തുക വകയിരുത്തിയത്. കനത്ത മഴയുണ്ടാകുമ്പോൾ റോഡുകളിലെ തകർച്ച താൽക്കാലികമായി പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക ടാസ്ക്ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനവും ഫലപ്രദമായി മുന്നോട്ടുപോകുന്നു.

KRFB അധീനതയിൽ വരുന്ന റോഡുകളിൽ വിവിധ നഗരപാതാ വികസനപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ റോഡുകളുടെ പരിപാലന ചുമതല ബന്ധപ്പെട്ട കൺസഷണറിൽ നിക്ഷിപ്തമാണ്. ഇത് നിർവ്വഹിക്കുന്നുവെന്നും

ഉറപ്പാക്കുന്നുണ്ട്. വിവിധ കുടിവെള്ള പദ്ധതിക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് പരിപാലനം ഉറപ്പാക്കുന്നതിന് സഹായകരമായി മാറി. റോഡുകളിൽ കുഴികൾ നികത്താനുള്ള ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കാലവർഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ റോഡുകളെക്കൂടി ബാധിക്കുന്നുണ്ട്. മഴ കനത്ത് പെയ്യുമ്പോൾ ചില റോഡുകളിൽ പുതുതായി കുഴി രൂപപ്പെടുന്നുണ്ട്. ഇവ നികത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്.

(ബി) സംസ്ഥാനത്തെ റോഡുകളിൽ മഴയ്ക്ക് മുമ്പുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

പൊതുമരാമത്ത് റോഡുകളിൽ മഴയ്ക്ക് മുമ്പുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വന്നിട്ടില്ല.

**ഒഡെപെക് മുഖേന വിദേശ തൊഴിൽ ലഭ്യമാക്കാൻ നടപടി**

21 (*111) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഒഡെപെക് മുഖേന വിദേശ ജോലി ലഭിക്കുന്നത് സംബന്ധിച്ച് കോവിഡാനന്തരം എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ; ജോലി ലഭ്യതയിൽ വർദ്ധനയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ ഫലമായി വിദേശ തൊഴിൽമേഖലയിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും മറ്റുമേഖലകളിൽ അവസരങ്ങൾ കുറയുകയാണുണ്ടായത്. കോവിഡ് കാലത്ത് വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ആരോഗ്യ മേഖലയിലെ അവസരങ്ങളിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. ഈ കാലയളവിൽ ഒഡെപെക് മുഖേന ഡോക്ടർ, നഴ്സ് തുടങ്ങിയ ധാരാളം ആരോഗ്യപ്രവർത്തകർക്ക് സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും

വിവിധ ആശുപത്രികളിലേയ്ക്ക് നിയമനം ലഭിക്കുകയുണ്ടായി. ചില വിദേശ രാജ്യങ്ങൾ പ്രത്യേക തസ്തികകൾക്ക് ലോക്കലൈസേഷൻ ഏർപ്പെടുത്തിയത് തൊഴിലവസരങ്ങൾ കുറയ്ക്കാൻ ഇടയായിട്ടുണ്ട്.

(ബി) വിദഗ്ദ്ധ വിഭാഗം തൊഴിലന്വേഷകർക്ക് പുറമേ അർദ്ധവിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികളടക്കമുള്ള മറ്റ് തൊഴിലാളികൾക്കും ഒഡെപെക് മുഖേന വിദേശ തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വിദഗ്ദ്ധ വിഭാഗം തൊഴിലന്വേഷകർക്ക് പുറമെ അർദ്ധവിദഗ്ദ്ധ തൊഴിലാളികളടക്കമുള്ള മറ്റുതൊഴിലാളികൾക്കും ഒഡെപെക് മുഖേന തൊഴിലവസരങ്ങളൊരുക്കുന്നുണ്ട്. വിദേശ തൊഴിൽ ദാതാക്കളുടെ ആവശ്യാനുസരണം ഏതുമേഖലയിലുള്ളവർക്കും തൊഴിൽ അവസരങ്ങൾ നൽകാൻ ഒഡെപെക് സജ്ജമാണ്. കോവിഡ് കാലഘട്ടത്തിനുമുമ്പ്, വിവിധ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് മേസൺ, ഓട്ടോ ഇലക്ട്രീഷ്യൻ, ഫിറ്റർ, മെക്കാനിക്ക്, പെയിന്റർ, കുക്ക്, ഡ്രൈവർ എന്നിങ്ങനെയുള്ള വിവിധ തസ്തികകളിലേയ്ക്ക് ഒഡെപെക് നിയമനം നടത്തിയിരുന്നു. സൗദി അറേബ്യയിലേയ്ക്ക് ഹൗസ് മെയിഡ്, ഡ്രൈവർ എന്നീ തസ്തികകളിലേയ്ക്കും ബഹറിനിലേയ്ക്ക് ഹൗസ് മെയിഡ് തസ്തികയിലേയ്ക്കും റിക്രൂട്ട്മെന്റ് ആരംഭിച്ചുകഴിഞ്ഞു. ഇതുകൂടാതെ യു.എ.ഇ.-യിലെ പ്രമുഖ സ്കൂളിലേയ്ക്ക് സപ്പോർട്ട് സ്റ്റാഫുകളുടെ നിയമനവും നടക്കുന്നുണ്ട്. തായ്‌വാനിലെ പ്രമുഖ എയർ കാറ്ററിംഗ് കമ്പനിയിൽ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(സി) വിദേശത്ത് ഉപരിപഠനത്തിനുള്ള സൗകര്യം ഒഡെപെക് ഏർപ്പെടുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ?

യു.എസ്.എ., കാനഡ, ആസ്ട്രേലിയ, യു.കെ., ന്യൂസിലാന്റ്, ചെക്റിപ്പബ്ലിക്, ഉക്രെയിൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠിച്ച് ഉന്നതബിരുദവും ബിരുദാനന്തരബിരുദവും കൈവശമാക്കുന്നതിനും തുടർന്ന് അവർക്ക് ഉന്നത ജോലി ഉറപ്പാക്കുന്നതിനുമായി "സ്റ്റഡി എബ്രോഡ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ഡി) വിദേശത്ത് തൊഴിലിനും ഉപരിപഠനത്തിനും ആവശ്യമായ ഭാഷാപഠനങ്ങൾക്ക് ഒഡെപെക് സൗകര്യം ചെയ്തുനൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സംവിധാനം ഏർപ്പെടുത്തുമോ?

യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ആവശ്യമായ IELTS/OET, ജർമ്മനിയിലേയ്ക്കുവേണ്ടി ജർമ്മൻ ഭാഷ, ബെൽജിയത്തിലേയ്ക്കുവേണ്ടി ഡച്ച് ഭാഷ

എന്നീ വിദേശഭാഷാ പരിശീലനത്തിനുപുറമെ ഗൾഫ് രാജ്യങ്ങളിലെ നഴ്സിംഗ് രജിസ്ട്രേഷന് ആവശ്യമായ HAAD, DHA, Prometric, MOH എന്നീ പരീക്ഷകൾക്കാവശ്യമായ പരിശീലനങ്ങളും ഒഡെപെക് നൽകിവരുന്നുണ്ട്.

**ചെറുകിട തുറമുഖങ്ങളുടെ വികസനം**

22 (*112) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വാണിജ്യ വ്യവസായ പുരോഗതിയിൽ ചരിത്രാതീത കാലം മുതൽ നിർണ്ണായക പങ്കുവഹിച്ച ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പ്രധാനപ്പെട്ട നോൺ മേജർ തുറമുഖങ്ങളായ ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നിവിടങ്ങളിൽ ചാനൽ ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രധാന ചെറുകിട തുറമുഖങ്ങളിൽ ISPS കോഡ് നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ തുറമുഖത്തും നടപ്പാക്കിവരുന്ന വികസനപ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

വിഴിഞ്ഞം:- സീവേഡ് വാർഫിന്റെ നീളം വർദ്ധിപ്പിച്ച് കൂടുതൽ ജലയാനങ്ങൾക്ക് ബെർത്ത് ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്രൂ ചെയ്ഞ്ചിംഗ് ഫെസിലിറ്റി പുനരാരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുവാദം തേടിയിട്ടുണ്ട്. കപ്പലുകളുടെ റിപ്പയർ, വെള്ളം, ഭക്ഷണ സാധനങ്ങൾ, സ്റ്റോറുകൾ, ഇന്ധനം തുടങ്ങിയവ കപ്പലുകൾക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൊല്ലം:- നിലവിലുള്ള 178 മീറ്റർ, 101 മീറ്റർ നീളമുള്ള വാർഫുകൾ യോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടുകൂടി കൂടുതൽ കപ്പലുകൾക്ക് കൊല്ലം തുറമുഖത്ത് എത്താൻ കഴിയും. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. തുറമുഖത്തിന്റെ ആഴം ആദ്യം 10 മീറ്ററും തുടർന്ന് 12

മീറ്ററും ആക്കുന്നതിനുള്ള പ്രോജക്ട് സാഗർമാല പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ഒരു ഡ്രൈഡോക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുലിമുട്ടിന്റെ നിർമ്മാണംകൊണ്ട് രൂപംകൊണ്ട 34 ഏക്കർ ഭൂമിയിൽ container stack yard, container freight station, fish processing unit എന്നീ പദ്ധതികളും പരിഗണനയിലുണ്ട്.

ആലപ്പുഴ:- ആലപ്പുഴ തുറമുഖത്ത് ബോട്ട് ക്രൂ ട്രെയിനിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് M/s. മുസിരിസ് (പ്രൈ) ലിമിറ്റഡ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. മ്യൂസിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൊടുങ്ങല്ലൂർ:- തുറമുഖ വികസനത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ്, ലാൻഡ് റിക്ലമേഷൻ എന്നിവ 10 കോടി രൂപ ചെലവിൽ നടപ്പാക്കി. ഈ തുറമുഖം മുഖേന ദേശീയ ജലപാത 3-നെ അറബിക്കടലുമായി ബന്ധിപ്പിക്കാൻ സാധിക്കുമെന്നതിനാൽ ഒരു വിവിധോദ്ദേശ്യ ബെർത്ത് ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ബേപ്പൂർ:- ഇവിടെ ഒരു പുതിയ ബെർത്ത് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തുറമുഖത്തെ റോഡ് കണക്റ്റിവിറ്റി വിപുലീകരിക്കുന്നതിനും റെയിൽ ബന്ധം സ്ഥാപിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി. തുറമുഖത്തെ ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിഗണിച്ചുവരുന്നു. പുതുതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ വികസനത്തിന്റെ ഭാഗമായി ഇമിഗ്രേഷൻ, EDI സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു. സാഗർമാല പദ്ധതിയിൽപ്പെടുത്തി ഒരു Dedicated berth സ്ഥാപിക്കുന്നതിന് ലക്ഷദ്വീപ് ഭരണകൂടം തയ്യാറായിട്ടുണ്ട്. ഇതേക്കുറിച്ചുള്ള ചർച്ചകൾ താമസംവിനാ ആരംഭിക്കുന്നതാണ്.

തലശ്ശേരി:- തലശ്ശേരി കടൽപ്പാലം പഴമ നിലനിർത്തി പുനർനിർമ്മിക്കുന്നത് സംബന്ധിച്ച പഠനം നടത്താൻ ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

അഴീക്കൽ:- കണ്ണൂർ അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാപഠനം, വിശദമായ പദ്ധതി

രേഖ, പാരിസ്ഥിതിക പഠനം എന്നിവ നടത്തുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുറംകടലിൽ ഒരുപുതിയ തുറമുഖം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിന് ഏതാണ്ട് 3000 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. PPP ആയി ഈ പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

പൊന്നാനി:- പൊന്നാനി തുറമുഖ വികസനത്തിന് ഒരു സ്വകാര്യ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. അവിടെ ഒരു ബർത്ത് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(ബി) വിനോദസഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ചെറുകിട-ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവ്വീസ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) വിനോദസഞ്ചാര വികസനത്തിനും ചരക്കുനീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ ഉതകുന്നതരത്തിൽ സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗ് പുനരാരംഭിച്ചെങ്കിലും ആദായകരമല്ലെന്ന് ചൂണ്ടിക്കാട്ടി കപ്പൽ കമ്പനി സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഷിപ്പിംഗ് ഓപ്പറേഷനുമായി ബന്ധപ്പെട്ട ലോഡഡ് കണ്ടെയ്നറുകൾക്കുള്ള ഇൻസെന്റീവ് ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ, കൊച്ചി തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതും പരിഗണനയിലുണ്ട്.

(ഡി) ഭാരത് മാല പരിയോജന പദ്ധതിയിലൂടെ റോഡ് മാർഗ്ഗം വിവിധ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്ന സാഹചര്യത്തിൽ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭാരത് മാല പരിയോജന പദ്ധതിയിലൂടെ റോഡ് മാർഗ്ഗം വിവിധ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി പുരോഗമിക്കുന്ന സാഹചര്യത്തിൽ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. ആയതിനായുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ബേപ്പൂർ തുറമുഖത്ത് ഒരു പുതിയ വാർഫ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ മെയിന്റനൻസ് ഡ്രഡ്ജിംഗും തുടർന്ന് ക്യാപിറ്റൽ ഡ്രഡ്ജിംഗും നടത്തുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മലബാറിനെ ട്രേഡിംഗ് ഹബ്ബ് ആകാവുന്ന തരത്തിൽ അഴീക്കലിൽ ഒരു പുതിയ തുറമുഖം ആരംഭിക്കാനാണ് പ്രോജക്ട് തയ്യാറാക്കുന്നത്. പൊന്നാനിയിൽ ഒരു മൾട്ടി പർപ്പസ് ബർത്ത് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. കൊല്ലത്ത് ഒരു ഡ്രൈഡോക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആലോചനയിലാണ്.

## ദേശീയപാതകളുടെ അറ്റകുറ്റപ്പണി

23 (*113) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളിൽ തുടരെയുണ്ടാകുന്ന അപകടങ്ങളെയും കുഴിയിൽ വീണ് ഒരാൾ മരണപ്പെട്ടതിനെയും തുടർന്ന് ദേശീയപാതകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടത് സംസ്ഥാന സർക്കാരാണെന്നുള്ള നിലയിൽ ചിലർ ചില മാധ്യമങ്ങളുടെ സഹായത്തോടെ നടത്തുന്ന ദുഷ്പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വസ്തുതാപരമായ യാഥാർത്ഥ്യമെന്തെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NHAI-യുടെ ചുമതലയിലുള്ള ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ NHAI ആണ് നടപ്പാക്കേണ്ടത്.

(ബി) സംസ്ഥാനത്തെ ദേശീയപാതകളിലെ കുഴികൾ അടിയന്തരമായി അടയ്ക്കണമെന്ന് ദേശീയപാതാ അതോറിറ്റിയോട് ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നോ; റോഡിലെ കുഴികൾ അടയ്ക്കുന്നതിനായി ദേശീയപാതാ അതോറിറ്റി സഹായം അഭ്യർത്ഥിച്ചിരുന്നോ; വിശദമാക്കാമോ?

8-8-2022-ലെ WP(C) 32680/2008-ലെ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സംസ്ഥാനത്തെ എല്ലാ ദേശീയപാതകളിലും അടിയന്തരമായി കുഴികൾ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്ട്രെച്ചുകളിലെ കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയതായി ദേശീയപാതാ അതോറിറ്റി റീജിയണൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിക്കുശേഷം കുഴികൾ അടയ്ക്കാൻ NHAI സഹായം അഭ്യർത്ഥിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ദേശീയപാതയിൽ ഇടപ്പള്ളി മുതൽ മണ്ണുത്തിവരെയുള്ള റോഡ് നിർമ്മാണത്തിൽ വൻക്രമക്കേട് നടന്നിട്ടുള്ളതായി സി.ബി.ഐ. അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ കുറ്റക്കാരായവർക്കെതിരെ നിയമനടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

സി.ബി.ഐ. അന്വേഷണം സംബന്ധിച്ച കാര്യങ്ങൾ ദേശീയപാതാ അതോറിറ്റിയുമായി ബന്ധപ്പെട്ടതാണ്. ദേശീയപാതാ അതോറിറ്റി കേന്ദ്രസർക്കാരിന് കീഴിൽ വരുന്നതാണ്.

**പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം**

24 (*114) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം കണക്കാക്കുന്ന രീതി വ്യക്തമാക്കാമോ; സമീപകാലത്ത് കാലാവസ്ഥാ ദുരന്തങ്ങൾ തുടരെയുണ്ടാകുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച മാനദണ്ഡം തയ്യാറാക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ ഇപ്രകാരമുള്ള സമിതിയെ നിയോഗിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന നിരീക്ഷണങ്ങളും ശിപാർശകളും വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള ദുരിതാശ്വാസ സഹായം കണക്കാക്കുന്നത് സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ 2015-2020-ൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന്റെ മാനദണ്ഡങ്ങളും ഇനങ്ങളും അനുസരിച്ചാണ്. ദുരിതാശ്വാസ സഹായത്തിന്റെ ഈ ഇനങ്ങളും മാനദണ്ഡങ്ങളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയതാണ്. നിലവിലെ മാനദണ്ഡം നിർണ്ണയിച്ചത് 14-ാം ധനകാര്യ കമ്മീഷനാണ്. 2015 ഏപ്രിലിലാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള ദുരിതാശ്വാസത്തോത് അവസാനമായി പരിഷ്കരിച്ച് എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കിയത്. ഇതനുസരിച്ച്

പ്രകൃതിക്ഷോഭത്തിൽ മരിച്ച വ്യക്തിയുടെ കുടുംബത്തിന് നാല് ലക്ഷം രൂപയാണ് ദുരിതാശ്വാസ സഹായമായി നൽകുന്നത്. പ്രകൃതിദുരന്തത്തിൽ വീടുകൾക്കുള്ള നാശനഷ്ടം തിട്ടപ്പെടുത്തുന്നത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ടീമാണ്. നാശനഷ്ടം സംഭവിച്ച വീടുകൾ സന്ദർശിച്ച് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി അതനുസരിച്ച് നഷ്ടപരിഹാര തുക തിട്ടപ്പെടുത്തിവരുന്നു. സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം അനുവദിക്കുന്ന തുക പരിമിതമായതിനാൽ തീവ്രദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതംകൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ സഹായമാണ് കേരളം നൽകിവരുന്നത്. നിലവിൽ വീടുകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 26-10-2018-ലെ സ.ഉ.(കൈ)നമ്പർ 24/2018-ഡി.എം.ഡി. ഉത്തരവുപ്രകാരം അനുവദിക്കുന്ന തുകയുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു. വ്യക്തികൾക്ക് ഉണ്ടാകുന്ന മുറിവുകളുടെയും വീടുകളുടെ കേടുപാടുകളുടെ തോത് അനുസരിച്ചും വിവിധ മാനദണ്ഡങ്ങൾപ്രകാരം ധനസഹായം നിശ്ചയിച്ചിട്ടുണ്ട്. ധനസഹായത്തിനുള്ള മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റെയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെയും ചുമതല കേന്ദ്ര ആഭ്യന്തര മന്ത്രാലത്തിൽ നിക്ഷിപ്തമാണ്. ആയതിനാൽ ദുരന്ത നിവാരണത്തിനുള്ള മാനദണ്ഡം തയ്യാറാക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം വർദ്ധിപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി/കേന്ദ്ര ദുരന്തപ്രതികരണ നിധി മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന 15-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വിവിധ ഐറ്റങ്ങൾക്കുള്ള തുക വർദ്ധിപ്പിക്കുക, സംസ്ഥാന സവിശേഷ ദുരന്തങ്ങൾക്കുള്ള നിലവിലെ വകയിരുത്തൽ വർദ്ധിപ്പിക്കുക, ദുരന്ത ലഘൂകരണ നിധി രൂപീകരിച്ചുകൊണ്ട് അതിൽനിന്നും സംസ്ഥാന ദുരന്ത ലഘൂകരണ നിധിക്ക് സഹായം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളുൾപ്പെടുത്തി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ടുകൊണ്ട് വിശദമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തബാധിതരുടെ നഷ്ടം കൃത്യമായി കണക്കാക്കി അർഹതപ്പെട്ട നഷ്ടപരിഹാരം കാലതാമസമില്ലാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തബാധിതരുടെ നഷ്ടം കണക്കാക്കി അർഹതപ്പെട്ട നഷ്ടപരിഹാരം വിതരണം ചെയ്തുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശീയപാതാ വികസനം

25 (*115) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ക്രിയാത്മക നിലപാടുകൊണ്ട് സംസ്ഥാനത്ത് ദേശീയപാതാ വികസനം മികച്ച രീതിയിൽ നടക്കുന്നതായി ദേശീയപാതയുടെ ചുമതല വഹിക്കുന്ന കേന്ദ്രമന്ത്രി പ്രസ്താവിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദേശീയപാതാ വികസനം അട്ടിമറിക്കാൻ ചില രാഷ്ട്രീയ കക്ഷികൾ ശ്രമം നടത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരിൽ ചിലർ രാഷ്ട്രീയ ലക്ഷ്യത്തോടെ ദേശീയപാതാ വികസനത്തിന്റെ യശസ്സ് അവകാശപ്പെടാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന വിഹിതം നൽകിക്കൊണ്ടും ഭൂമി ഏറ്റെടുക്കലിൽ നേരിട്ട എതിർപ്പുകളെ അനുഭാവപൂർണ്ണമായ ഇടപെടലിലൂടെ മറികടന്നും ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കാനായിട്ടുണ്ടോ?

(എ-സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ക്രിയാത്മക നിലപാടുകൊണ്ട് സംസ്ഥാനത്ത് ദേശീയപാതാ വികസനം മികച്ച രീതിയിൽ നടക്കുന്നതായി ദേശീയപാതയുടെ ചുമതല വഹിക്കുന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാതാ വികസനത്തിന് ഈ സർക്കാരുകളുടെ പ്രവർത്തനത്തിനുള്ള അംഗീകാരമായാണ് ഈ പ്രസ്താവനയെ കാണുന്നത്. രാജ്യത്തെ ദേശീയപാതാ വികസന പദ്ധതികളെ മുൻഗണനാക്രമമനുസരിച്ച് High-1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും High-2 ഇനത്തിൽപ്പെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാതാ അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്തുപ്രകാരം ദേശീയപാതാ അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ്

ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സമ്മർദ്ദം ചെലുത്തുകയും പ്രവൃത്തി സാധ്യമാക്കുകയും ചെയ്തു. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ കണ്ട് നടത്തിയ ചർച്ചയിൽ ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരമടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രി ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായിവരുന്ന തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിനും ഈ വിഷയത്തിൽ കിഫ്ബി, ദേശീയപാതാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എന്നിവർ ഉൾപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിനും 8-8-2019-ലെ സ.ഉ.(കൈ)നമ്പർ 36/2019/പൊ.മ.വ. പ്രകാരം ഉത്തരവായിരുന്നു. ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ സംസ്ഥാന വിഹിതമായി ദേശീയപാതാ അതോറിറ്റിക്ക് ഇതുവരെ 5580,73,80,071 രൂപ നൽകിയിട്ടുണ്ട്. ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി അനുബന്ധം 1* ആയി ചേർത്തിട്ടുണ്ട്. ഇതുകൂടാതെ ദേശീയപാത 85, കോഴിക്കോട്-പാലക്കാട്, തിരുവനന്തപുരം-അങ്കമാലി എന്നീ ഗ്രീൻ ഫീൽഡ് അലൈൻമെന്റുകൾക്ക് ഭൂമി ഏറ്റെടുക്കൽ തുകയുടെ 25% സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച് ത്രികക്ഷികരാർ ഒപ്പിടുന്നതിന് 26-2-2021-ലെ സ.ഉ.(കൈ) നമ്പർ 18/2021/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്തും മാന്യമായ നഷ്ടപരിഹാരം ഉറപ്പാക്കിയും ദേശീയപാത 66-ന്റെ വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. എതിർപ്പുമായി ചിലർ രംഗത്തുവന്നിരുന്നെങ്കിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ ജനങ്ങളുമായി സംവദിക്കുകയും ഭൂമി ഏറ്റെടുക്കൽ സാധ്യമാക്കുകയും ചെയ്തു.

(ഡി) ദേശീയപാത 66-ന്റെ വികസനത്തിൽ നിലവിൽ കൈവരിച്ചിട്ടുള്ള പുരോഗതി അറിയിക്കാമോ?

ദേശീയപാത 66-ന്റെ വികസനത്തിൽ നിലവിൽ കൈവരിച്ചിട്ടുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2* ആയി ഉള്ളടക്കം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിരിക്കുന്നു. ദേശീയപാതാ വികസനം പൂർത്തിയാക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ നടത്തുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രിതല സംഘം പ്രവൃത്തി ഇടങ്ങളിൽ എത്തി നേരിട്ട് പുരോഗതി വിലയിരുത്തുന്നുണ്ട്. ജനപ്രതിനിധികളുടെ യോഗവും ഉദ്യോഗസ്ഥതല യോഗവും ചേർന്ന് പദ്ധതി വേഗത്തിലാക്കാനുള്ള ഇടപെടലുകൾ നടത്തുന്നു. രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന PWD മിഷൻ ടീം മീറ്റിംഗ്, ജില്ലാതല DICC യോഗങ്ങളും ദേശീയപാതാ വികസനം ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പദ്ധതിയുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തിവരുന്നു.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ**

26 (*116) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ ആദ്യഘട്ട നിർമ്മാണ കാലയളവ് പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും ആദ്യഘട്ട നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ കരാർപ്രകാരം കമ്പനിയിൽനിന്നും പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏത് തീയതി മുതൽ പിഴ ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് അദാനി കമ്പനിക്കെതിരെ കരാർപ്രകാരമുള്ള നിയമനടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ അവ എന്തായിരുന്നുവെന്നും വിശദമാക്കാമോ?

(എ-സി) കരാർപ്രകാരം 2019 ഡിസംബർ 3-ാം തീയതി തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർലംഘനം (Default) സംബന്ധിച്ച് 2019 ഡിസംബർ 4-ന് കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും തുടർന്നുള്ള Cure Period-ആയ 270 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 2020 മാർച്ച് 3 മുതൽ

തുറമുഖം പ്രവർത്തനസജ്ജമാകുന്ന തീയതിവരെ (Commercial Operation Date) കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1% (പന്ത്രണ്ട് ലക്ഷം രൂപ) നഷ്ടപരിഹാരം ഈടാക്കുന്നതിനായി 2020 മാർച്ച് 2-ന് കരാർ കമ്പനിക്ക് വീണ്ടും നോട്ടീസ് നൽകി. ഈ നോട്ടീസുകളെത്തുടർന്ന് കരാർ കമ്പനി കാലാവസ്ഥയും മറ്റ് 17 കാരണങ്ങളും ചൂണ്ടിക്കാട്ടി തുറമുഖനിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയം നീട്ടി ചോദിക്കുകയുമുണ്ടായി. എന്നാൽ ഇപ്രകാരം സമയം നീട്ടി നൽകാനാകില്ലെന്ന സർക്കാർ നിലപാടിനെതിരായി കരാർ കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. മൂന്ന് മുൻസുപ്രീം കോടതി ജഡ്ജിമാർ അടങ്ങുന്നതാണ് ട്രൈബ്യൂണൽ. ട്രൈബ്യൂണൽ മുമ്പാകെ ഇരുവിഭാഗവും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി സ്റ്റേറ്റ്മെന്റുകൾ ഫയൽ ചെയ്യുകയുമുണ്ടായി. ഇതിനെത്തുടർന്ന് ട്രൈബ്യൂണൽ ഇപ്പോൾ ബന്ധപ്പെട്ട കക്ഷികളെ വിസ്തരിക്കാൻ തുടങ്ങിയിട്ടുണ്ട്.

(ഡി) പ്രശ്നപരിഹാരത്തിനുള്ള ആർബിട്രേഷൻ നടപടികളിൽ കമ്പനിയുടെയും സർക്കാരിന്റെയും നിലപാടുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ആർബിട്രേഷൻ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പായി, സർക്കാർ കരാർ കമ്പനിയുമായി ടി വിഷയത്തിൽ കരാർപ്രകാരം സാധ്യമായ ഒരു അനുരഞ്ജന യോഗം (Conciliation Meeting) നടത്തിയിരുന്നു. എന്നാൽ ആർബിട്രേഷൻ നടപടികളുമായി മുന്നോട്ടുപോകാനാണ് കരാർ കമ്പനി തയ്യാറായത്. തുടർന്ന്, ഇരുവിഭാഗവും തങ്ങളുടെ നിലപാടുകൾ ആർബിട്രേഷന് മുന്നിൽ സമർപ്പിച്ചിരിക്കുകയാണ്.

**അനധികൃത ക്വാറികളുടെ പ്രവർത്തനം തടയാൻ നടപടി**

27 (*117) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസുള്ളതിനേക്കാൾ പത്തിരട്ടിയോളം അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നില്ല. മലപ്പുറം ജില്ലയിൽ

നിലവിൽ അനധികൃത കരിങ്കല്ല് ക്വാറികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ചെങ്കൽ ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുകയും ചെയ്തുവരുന്നു. പാലക്കാട് ജില്ലയിൽ 2021-22 സാമ്പത്തിക വർഷത്തിൽ 48 ക്വാറികളും 2022-23 സാമ്പത്തിക വർഷം ജൂലൈ 31 വരെ 15 ക്വാറികളും അനധികൃതമായി പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തിയിട്ടുള്ളതും ടി കരിങ്കല്ല് ക്വാറികൾക്കെതിരെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം ജിയോളജിസ്റ്റ് മുഖേന നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ക്വാറികളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ അവ ഉരുൾപൊട്ടലിനും ഭൂകമ്പത്തിനും കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ ക്വാറികളുടെ പ്രവർത്തനം ഉരുൾപൊട്ടലിനും ഭൂകമ്പത്തിനും കാരണമാകുന്നുണ്ടോയെന്ന് പ്രത്യേക പരിശോധന നടത്തിയിട്ടില്ല.

കൊല്ലം, പത്തനംതിട്ട ജില്ലകളിൽ സർക്കാർ പുറമ്പോക്കിൽനിന്നും ഖനനത്തിന് നിരാക്ഷേപപത്രം നൽകുമ്പോൾ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിലുള്ള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം തയ്യാറാക്കിയ ഉരുൾപൊട്ടൽ മേഖലയെ സംബന്ധിച്ച Landslide Zonation Map-ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

കണ്ണൂർ ജില്ലയിൽ 2018, 2019 പ്രളയങ്ങളുടെ പശ്ചാത്തലത്തിൽ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ സാധ്യതാ മേഖലയിൽ ഐ.ഐ.ടി, ജിയോളജി, ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ തുടങ്ങിയവ പരിശോധന നടത്തിയിട്ടുള്ളതാണ്.

ഇടുക്കി ജില്ലയിൽ ഉരുൾപൊട്ടൽ നടന്ന സ്ഥലങ്ങളിൽ ജിയോളജി വകുപ്പ് നടത്തിയ സ്ഥലപരിശോധനയിൽ ക്വാറികളുടെ പ്രവർത്തനവുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുണ്ടോയെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതാണ്.

വയനാട് ജില്ലയിൽ 2009-ലെ Expert Committee-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്തസാധ്യത കണക്കിലെടുത്ത് കൃഷ്ണഗിരി വില്ലേജിലെ കൊളഗപ്പാറ, ഫാന്റം റോക്ക്, അമ്പലവയൽ വില്ലേജിലെ ചീങ്ങേരിപ്പാറ, ആറാട്ടുപാറ എന്നിവിടങ്ങളിൽ ക്വാറി പ്രവർത്തനം തടഞ്ഞുകൊണ്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി 24-3-2017-ന് DCWYD/43/2016/DEOC പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്വാറികളുടെ പ്രവർത്തനം ഉരുൾപൊട്ടലിനും ഭൂകമ്പത്തിനും കാരണമാകുന്ന എന്നത് സംബന്ധിച്ച് നോഡൽ ഏജൻസിയായ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ പഠനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) അനധികൃത ക്വാറികളുടെ പ്രവർത്തനം തടയുന്നതിനും ലൈസൻസുള്ള ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഖനനാനുമതി നൽകിയ ക്വാറികളിൽ പരിശോധന നടത്തി ചട്ടലംഘനങ്ങൾ കണ്ടെത്തുന്ന കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതിന് ജിയോളജിസ്റ്റ്/തഹസിൽദാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ഇത്തരം നടപടികൾ തടയുന്നതിനും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ലൈസൻസുള്ള ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൈനിംഗ് പ്ലാൻ പ്രകാരമാണോ ഖനനപ്രവൃത്തി നടക്കുന്നതെന്നും ക്വാറിക്ക് പുറത്ത് ഖനന പ്രവർത്തനങ്ങൾ വ്യാപിച്ചിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും താലൂക്ക് സർവ്വെയർ മുഖേന ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തി, നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ അനധികൃത ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് താലൂക്കുതല സ്ക്വാഡ്, സബ്കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് രാത്രികാലങ്ങളിലും അവധി ദിനങ്ങളിലുൾപ്പെടെ പരിശോധന നടത്തുന്നതും അനുമതി പത്രത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നുണ്ടോയെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് മുഖേന പരിശോധന നടത്തുന്നതുമാണ്.

**ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ നടപടി**

28 (*118) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടിമിന്നൽമൂലമുണ്ടാകുന്ന ദുരന്തങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഇടിമിന്നൽമൂലമുണ്ടാകുന്ന ദുരന്തങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ഇടിമിന്നൽമൂലമുണ്ടാകുന്ന ദുരന്തങ്ങൾ ലഘൂകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ഇടിമിന്നൽ മുന്നറിയിപ്പുകൾ, പൊതുജനങ്ങൾ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകൾ തുടങ്ങിയവ മൺസൂൺ സീസണിൽ എല്ലാദിവസവും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) പുറപ്പെടുവിക്കുന്ന 'Daily warnings'-ൽ ഉൾപ്പെടുത്തുകയും ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ എന്നിവവഴി മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു.

ഇടിമിന്നൽ ദുരന്തലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുടെ പ്രധാന ചുമതലകൾ എന്നിവ കൃത്യമായി നൽകിയിരിക്കുന്നു.

ഇടിമിന്നൽ ദുരന്തലഘൂകരണത്തിന്റെ ഭാഗമായി വ്യത്യസ്ത മേഖലയിലെ വിദഗ്ദ്ധർ നൽകുന്ന വിവിധതരത്തിലുള്ള ബോധവൽക്കരണ വീഡിയോ സന്ദേശങ്ങൾ KSDMA-യുടെ YouTube ചാനലിലൂടെ ലഭ്യമാണ്. ഇതുകൂടാതെ വിവിധ ഭാഷയിലുള്ള IEC (Information Education Communication) മെറ്റീരിയലുകൾ KSDMA-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ ഇടിമിന്നൽ സീസണിനും മുന്നോടിയായി നോഡൽ ഡിപ്പാർട്ടുമെന്റുകളുടെ യോഗം വിളിച്ചുചേർക്കുകയും സീസണിലേയ്ക്ക് ആവശ്യമായ തയ്യാറെടുപ്പുകൾക്കുവേണ്ടി നിർദ്ദേശം നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ ഇടിമിന്നൽ ദുരന്തലഘൂകരണത്തിനായി മെച്ചപ്പെട്ട മുന്നറിയിപ്പ് സംവിധാനം എന്ന ലക്ഷ്യത്തിനായി 2020 ഒക്ടോബർ മുതൽ ഒരു വർഷത്തേയ്ക്ക് Earth Networks-ന്റെ സേവനം പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ ലഭ്യമാക്കുകയും തുടർന്ന് ഒരു ഉന്നത സമിതി പരിശോധിക്കുകയും Earth Networks-ന്റെ സേവനം ഇടിമിന്നൽ ദുരന്തലഘൂകരണത്തിന് സംസ്ഥാനത്തിന് അനുയോജ്യമാണെന്ന് ശിപാർശ ചെയ്തിരിക്കുകയുമാണ്. Earth Networks-ന്റെ sferic map വഴി ഇടിമിന്നൽ മേഘങ്ങൾ സഞ്ചരിക്കാൻ

സാധ്യതയുള്ള ട്രാക്ക്, ഇടിമിന്നലുകൾ സംബന്ധിച്ചുള്ള അലർട്ട്, സംഭവിച്ച ഇടിമിന്നലുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ ലഭ്യമാകുന്നു. തുടർന്നുള്ള ഇടിമിന്നൽ സീസണിൽ മേല്പറഞ്ഞ വിവരങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ വഴി ലഭ്യമാണ്. ഇടിമിന്നൽ സാധ്യതയേറിയ മേഖലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്ക് പ്രത്യേക പരിഗണന നൽകി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര പ്രോത്സാഹനത്തിന് പുതിയ പദ്ധതികൾ**

29 (*119) ശ്രീ. എം. മുകേഷ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് സംസ്കാരവും കലയും ഭക്ഷ്യവിഭവങ്ങളും വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നമ്മുടെ നാടിന്റെ സംസ്കാരവും കലയും ഭക്ഷ്യവിഭവങ്ങളും ഇവിടം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ ടൂറിസം വികസനം സാധ്യമാകുന്നതിനുംവേണ്ടി നിരവധി പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. കേരളത്തിൽ മൺമറഞ്ഞുകൊണ്ടിരിക്കുന്ന പൈതൃകകലകളെ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ആവിഷ്കരിച്ച "ഉത്സവം" പരിപാടി കഴിഞ്ഞ 15 വർഷമായി സംഘടിപ്പിച്ചുവരുന്നു. കൂടാതെ നാടൻ കലകളും നാടൻഭക്ഷണവും വിനോദസഞ്ചാരികൾക്ക് ആസ്വദിക്കുന്നതിനായി ഉത്തരവാദിത്വ ടൂറിസം മിഷൻവഴി പ്രത്യേക പാക്കേജുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ വെബ്സൈറ്റുകൾ, ബ്രോഷറുകൾ എന്നിവവഴിയും നമ്മുടെ നാടിന്റെ കലയും ഭക്ഷണവും സംസ്കാരവും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നുണ്ട്. കേരള ടൂറിസം സംഘടിപ്പിച്ച കേരള ക്യൂസിൻ മത്സരം കേരളത്തിന്റെ ഭക്ഷ്യവിഭവങ്ങൾ പുറംലോകത്തിന് പരിചയപ്പെടുത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷത്തോടനുബന്ധിച്ച് തനത് കലകളും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി

കലാപരിപാടികൾ ഓണക്കാലത്ത് അവതരിപ്പിച്ചുവരുന്നു. ഇത്തരം കലാപരിപാടികളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ പ്രചരണോപാധികൾവഴി വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കിവരുന്നു. നമ്മുടെ കലയും സംസ്കാരവും വിനോദസഞ്ചാരികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് ഓണത്തിന് മാത്രമായി ഒരു പ്രത്യേക മൈക്രോസൈറ്റ് തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിന്റെമാത്രം പ്രത്യേകതയായ അത്തപ്പൂക്കളം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഓണക്കാലത്ത് ഒരു ഓൺലൈൻ അത്തപ്പൂക്കളമത്സരം ഈ വർഷവും സംഘടിപ്പിക്കുന്നതാണ്. നമ്മുടെ പ്രധാനപ്പെട്ട എല്ലാ കലാരൂപങ്ങളെ സംബന്ധിച്ചും ഭക്ഷണത്തെ സംബന്ധിച്ചും പ്രത്യേകം വീഡിയോ തയ്യാറാക്കുകയും അത് വിനോദസഞ്ചാരികൾക്കായി പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) ഓണാഘോഷത്തിന് ഉത്സവഛായ പകർന്നുകൊണ്ട് ലോക പൂക്കളമത്സരവും പാചകമത്സരവും നടത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഓണക്കാലത്ത് ആഭ്യന്തര വിനോദസഞ്ചാരികളുടെ വലിയതോതിലുള്ള വരവ് ടൂറിസം വകുപ്പ് പ്രതീക്ഷിക്കുന്നുണ്ട്. നമ്മുടെ നാടിന്റെ തനത് കലകളുടെ അവതരണത്തിന് കൂടുതൽ മുൻഗണന നൽകിയാണ് ഈ വർഷത്തെ ഓണാഘോഷത്തിന് കലാപരിപാടികൾ നിശ്ചയിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ ലോകവ്യാപകമായി മലയാളികളെ ഓണാഘോഷത്തിന്റെ ഭാഗമാക്കുന്നതിനായി ഓൺലൈൻ അത്തപ്പൂക്കളമത്സരവും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളീയ ഭക്ഷ്യവിഭവങ്ങൾ പരിചയപ്പെടുത്താൻ ഓൺലൈൻ പാചകമത്സരം ടൂറിസം വികസനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയും പൂർത്തിയാക്കുകയും ചെയ്തു.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ആകർഷകവും എത്തിപ്പെടാൻ അനായാസകരവും ആക്കുന്നതിനോടൊപ്പം വിനോദസഞ്ചാരികൾക്ക് സുരക്ഷയും കാഴ്ചകൾ നിർഭയമായി ആസ്വദിക്കാനുള്ള സാഹചര്യവുമൊരുക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആകർഷകവും അനായാസകരവുമാക്കുന്നതിനായി തെരഞ്ഞെടുത്ത 84 വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്. ഇതിന് ആഗോളതലത്തിൽ UNWTO-യുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ റാമ്പുകൾ, കൈവരികൾ, ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ, കാഴ്ചപരിമിതിയുള്ളവർക്ക് ടാക്ടൈൽ ടൈലുകൾ, ബ്രയിലി സൈനേജുകൾ,

വീൽചെയറുകൾ, ക്രച്ചസ്സുകൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റുചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാഉപകരണങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ സ്ത്രീസൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിനുമുമ്പായി സംസ്ഥാനത്ത് നടത്താൻ ആലോചനയുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിനുവേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് റോഡുകളുടെ പരിപാലനം**

30 (*120) <u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡുകളുടെ പരിപാലനം കാര്യക്ഷമമാക്കാൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരളത്തിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീ ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ ഈ സർക്കാർ തുടക്കമിട്ടിട്ടുണ്ട്. ഘട്ടംഘട്ടമായി റോഡുകളുടെ നിലവാരം ഉയർത്തുകയും പരിപാലനം ഉറപ്പാക്കുകയും ചെയ്യുകയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

റണ്ണിംഗ് കോൺട്രാക്ട്:- റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ നിശ്ചിത കാലയളവിലേയ്ക്ക് കരാറുകാരെ ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. റോഡുകളിൽ കുഴികളും മറ്റുമുണ്ടാകുമ്പോൾ വേഗത്തിൽ പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ട് സഹായിക്കുന്നു. റണ്ണിംഗ് കോൺട്രാക്ടിൽ 12332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഉറപ്പാക്കിയിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9210 കിലോമീറ്റർ റോഡുകളിൽ കുഴിയടക്കുന്നതിന് മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നുണ്ട്.

ഒ.പി.ബി.ആർ.സി.:- കോർറോഡ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട പ്രധാന റോഡുകളിൽ 7 വർഷം പരിപാലനം ഉറപ്പാക്കുന്നതിനാണ് OPBRC പദ്ധതി നടപ്പാക്കുന്നത്. നിലവിൽ 283.81 കിലോമീറ്റർ റോഡുകളിലാണ് OPBRC പദ്ധതി നടപ്പാക്കുന്നത്.

കിഫ്ബി പദ്ധതിയിലെ റോഡുകൾ:- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി KRFB-PMU-വിന്റെ കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ ചെലവഴിക്കുന്നുണ്ട്. കിഫ്ബിയുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് കിഫ്ബി അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കുകയായിരുന്നു. വിവിധ കുടിവെള്ള പദ്ധതികൾക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിപാലന കാലാവധിയുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് പരിപാലനം ഉറപ്പാക്കാൻ സഹായകരമായി മാറി.

(ബി) റോഡ് മെയിന്റനൻസ് മാനേജ്മെന്റിന്റെ ഭാഗമായും മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികളായും എത്ര കിലോമീറ്റർ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ 12332 കിലോമീറ്റർ റോഡും ഒ.പി.ബി.ആർ.സി. പദ്ധതിയിൽ 283.81 കിലോമീറ്റർ റോഡും മഴക്കാല പരിപാലന പദ്ധതിയിൽ 9210 കിലോമീറ്റർ റോഡും പരിപാലിക്കുന്നുണ്ട്.

(സി) അറ്റകുറ്റപ്പണിക്ക് പ്രത്യേക കർമ്മസംഘത്തിന് രൂപം നൽകിയിട്ടുണ്ടോ?

സംസ്ഥാനത്ത് റോഡുകളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികൾ കൃത്യമായി നിരീക്ഷിച്ചുവരുന്നു. രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന PWD മിഷൻ ടീം യോഗം പ്രത്യേകമായി പുരോഗതി പരിശോധിക്കുന്നുണ്ട്. ജില്ലാതല DICC യോഗവും റോഡുകളുടെ പരിപാലനം നിരീക്ഷിക്കുന്നു. നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച Constituency Monitoring Team-നും നിരീക്ഷണ ചുമതല നൽകിയിട്ടുണ്ട്. മഴക്കാലത്ത് റോഡുകളിലുണ്ടാകുന്ന കുഴികളും മറ്റും അടച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ടാസ്ക് ഫോഴ്സും പ്രവർത്തിക്കുന്നുണ്ട്.

(ഡി) പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ ഉടനടി പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്താൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനായി 2009 നവംബർ 23 മുതൽ പൊതുജനങ്ങൾക്ക് പരാതികൾ നേരിട്ട് സമർപ്പിക്കുന്നതിനായി 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ നിലവിൽ കൊണ്ടുവന്നു. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ ജനങ്ങൾക്ക് പരാതികൾ സമർപ്പിക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട് പരാതികൾ സ്വീകരിക്കുന്ന "റിംഗ് റോഡ്" പരിപാടി ഈ ടോൾ ഫ്രീ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്. പൊതുജനങ്ങൾക്ക് നേരിട്ട് മന്ത്രിയോട് പരാതികൾ പറയാൻ ഇതിലൂടെ അവസരം ലഭിക്കുന്നു. കൂടാതെ IT Cell മുഖാന്തരം "തൊട്ടറിയാം PWD" എന്ന പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. PWD 4U എന്ന ആപ്ലിക്കേഷൻ ജനങ്ങൾക്ക് പരാതികൾ സമർപ്പിക്കുന്നതിനായി 2021 ജൂൺ മാസം 7-ാം തീയതി മുതൽ നിലവിൽവന്നു. PWD 4U App എന്ന ഈ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് പരാതികൾ ഫോട്ടോ സഹിതം വകുപ്പിന് അയയ്ക്കാൻ സാധിക്കുന്നു. പരാതിക്ക് പരിഹാരം കണ്ടശേഷം പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. സമൂഹമാധ്യമങ്ങളിൽ ലഭിക്കുന്ന പരാതികൾ (മെയിൽ, വാട്സാപ്പ് സന്ദേശം, ഫെയിസ്ബുക്ക് കമന്റ്) സ്വീകരിക്കുന്നതിനും സോഷ്യൽ മീഡിയ സെൽ

പൊതുമരാമത്ത് വകുപ്പിന്റെ കൺട്രോൾ റൂമിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ നിയോജകമണ്ഡലങ്ങളിലും SE/EE നോഡൽ ഓഫീസർമാരായി Constituency Monitoring Team രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും വിശകലനം ചെയ്ത് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ബന്ധപ്പെട്ട എം.എൽ.എ./മന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചിത കാലയളവിൽ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടെയും പുരോഗതി വിശകലനം ചെയ്ത് വേണ്ട തുടർനടപടികൾ നിർദ്ദേശിക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ ജില്ലാ നോഡൽ ഓഫീസർ ജില്ലയിലെ എല്ലാ നിയോജകമണ്ഡലത്തിന്റെ കീഴിലും വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ വിശകലനം ചെയ്യാറുണ്ട്. ജില്ലയിലെ DICC യോഗങ്ങളിലും പ്രസ്തുത Nodal Officer-മാർ മണ്ഡലങ്ങളിലെ പ്രവൃത്തികളെ വിശകലനം ചെയ്യാറുണ്ട്. ഇതുകൂടാതെ ചീഫ് നോഡൽ ഓഫീസർ, എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും LAC നോഡൽ ഓഫീസർമാരുമായി പ്രവൃത്തികൾ വിശകലനം ചെയ്യാറുണ്ട്. പ്രസ്തുത യോഗങ്ങൾ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ നടത്താറുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഐ.ടി.ഐ. കെട്ടിട നിർമ്മാണം

1 (1157) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ, വില്ല്യാപ്പള്ളി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മണിയൂർ, വില്ല്യാപ്പള്ളി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് സംവിധാനം

2 (1158) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമുഖേന എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികൾ തീർപ്പാക്കി; എത്രയെണ്ണം തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്?

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെപ്പറ്റിയുള്ള പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് "പി.ഡബ്ല്യൂ.ഡി. ഫോർ യു" എന്ന മൊബൈൽ ആപ്പ് 7-6-2021 മുതൽ നടപ്പാക്കിയിട്ടുണ്ട്. ആപ്പ് നിലവിൽ വന്നശേഷം 19-8-2022 വരെ 21415 പരാതികൾ ലഭിച്ചു. ഇതിൽ 15740 പരാതികൾ തീർപ്പാക്കി (5282 പരാതികൾ PWD വകുപ്പിന്റെ റോഡുകളെ സംബന്ധിച്ചുള്ളതല്ല). 5675 പരാതികൾ പരിഹരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മൊബൈൽ ആപ്പ് വഴി ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് ഔദ്യോഗികതലത്തിൽ ഏത് രീതിയിലുള്ള ഏകോപനമാണ് വകുപ്പ് ഉറപ്പുവരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

6-8-2022-ലെ സർക്കുലർ നമ്പർ C3/247/2022-PWD പ്രകാരം 'പി.ഡബ്ല്യൂ.ഡി. ഫോർ യു' മൊബൈൽ ആപ്പ് വഴി ലഭിക്കുന്ന പരാതികൾ ഔദ്യോഗികതലത്തിൽ പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് (സർക്കുലർ അനുബന്ധമായി* ചേർക്കുന്നു). ഓരോ ജില്ലയുടെയും ചുമതലയുള്ള റോഡ് മെയിന്റനൻസ് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ ആ ജില്ലയിലെ പരാതി പരിഹരിക്കുന്നതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. സംസ്ഥാനതലത്തിൽ ഇതിന്റെ ഏകോപനം നടത്തുന്നത് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ, ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആണ്.

(സി) മൊബൈൽ ആപ്പ് സംവിധാനം വികസിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

---

* നിയമസഭയിലെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നടപ്പാക്കുന്ന വിവിധ software പദ്ധതികളിൽ ഒന്നാണ് PWD4U ആപ്പ്. ഇത് ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തിയാണ് നടപ്പാക്കുന്നത്. റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പ് ഉൾപ്പെട്ട Supply, Installation, Testing and Commissioning of a Web based Software systems for Road Maintenance Management for the Kerala Public Works Department എന്ന പദ്ധതിക്കായി കെ.എസ്.ടി.പി.-യിൽനിന്നും ഇതുവരെ 3,54,13,089 (മൂന്ന് കോടി അൻപത്തിനാല് ലക്ഷത്തി പതിമൂവായിരത്തി എൺപത്തി ഒൻപത് രൂപ) രൂപ ചെലവഴിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ റോഡിലെ കുഴികൾ**

3 (1159) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡിലെ കുഴികളിൽ വീണ് 2016-2022 കാലയളവിൽ എത്ര യാത്രക്കാർ മരണമടഞ്ഞു; എത്ര യാത്രക്കാർക്ക് പരിക്കുപറ്റിയെന്നുള്ള വിവരം ലഭ്യമാക്കാമോ?

പ്രസ്തുത വിവരം പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല.

**നെന്മാറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

4 (1160) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കെ.ആർ.എഫ്.ബി.-പി.എം.യു.-വിന് കീഴിൽ വരുന്ന ഹിൽ ഹൈവേ - പാലക്കാട്-ഗോപാലപുരം മുതൽ കൊല്ലങ്കോട് വരെ - റീച്ച് 2. ടി പദ്ധതിയിൽ മുതലമട മുതൽ നെട്ടുമണിവരെയുള്ള ഭാഗംവരെയും ഹിൽ ഹൈവേ-പാലക്കാട്-കൊല്ലങ്കോട് മുതൽ വടക്കുംചേരിവരെ - റീച്ച് 1 - പനങ്ങാട്ടിരി മുതൽ വിത്തനശ്ശേരിവരെയും ഹിൽ ഹൈവേ-പാലക്കാട്- കൊല്ലങ്കോട് മുതൽ വടക്കുംചേരിവരെ - പദ്ധതിയിൽ അയ്യാംപാടം മുതൽ AVITIS Hospital-ന് സമീപം വരെയുമുള്ള ഭാഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

കൊടുവായൂർ ബൈപ്പാസ്, ഊട്ടറ പുഴപ്പാലം & ഊട്ടറ റെയിൽവേ മേൽപ്പാലം എന്നീ പ്രവൃത്തികളാണ് നെന്മാറ മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഓരോ പ്രവൃത്തിയുടെയും വിശദമായ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ വിഭാഗത്തിനുകീഴിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ആൻഡ് ഇൻവെസ്റ്റിഗേഷൻ വിംഗ് മുഖേന നടത്തിയാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് ടി പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ നൽകിയിട്ടുള്ളത്. കൊടുവായൂർ ബൈപ്പാസ് നിർമ്മാണം 27-9-2016-ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പഠനങ്ങളുടെയും സർവ്വേകളുടെയും അടിസ്ഥാനത്തിൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ദ്ധ പരിശോധനകൾക്കുശേഷം 9-11-2018-ൽ 38.20 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് 15-1-2019-ൽ അർത്ഥനാപത്രം നൽകുകയും ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും 29-1-2020-ൽ റവന്യൂ അധികാരികളുമായി സംയുക്തപരിശോധന നടത്തുകയും ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യപ്രത്യാഘാത പഠനം നടത്തുകയും ചെയ്തു. സാമൂഹ്യപ്രത്യാഘാത പഠനത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും സ്ഥലമെടുപ്പ് തഹസിൽദാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ അർത്ഥനാപത്രം 6-2-2021-ൽ ജില്ലാ കളക്ടർക്ക് നൽകുകയും പുതുക്കിയ റവന്യൂ വകുപ്പിന്റെ ഉത്തരവിനായി പ്രൊപ്പോസൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. വിട്ടുപോയ സർവ്വേ നമ്പരുകളിലുള്ള സ്ഥലം ഉടമകളെ കേൾക്കുന്നതിനായി ഹിയറിംഗ് നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അടുത്ത നടപടിയായ 11 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ ഓഫീസർ സ്വീകരിച്ചുവരികയാണ്.

ഊട്ടറ പുഴപ്പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-7-2017-ൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ., ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ

സമർപ്പിക്കുകയും കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിച്ചിട്ടുണ്ട്. ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെയും പുഴപ്പാലത്തിന്റെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്. 11 (1) വിജ്ഞാപനം 18-6-2022-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് ലഭ്യമായാൽ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാനാകും. ഊട്ടറ പുഴപ്പാലത്തിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുള്ള ടി കക്ഷികളിൽനിന്നും മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപത്രം സ്ഥലമെടുപ്പ് തഹസിൽദാരായ സ്പെഷ്യൽ തഹസിൽദാർ കിഫ്ബി പാലക്കാട് ഓഫീസുവഴി ലഭിച്ചിട്ടുണ്ട്. അത് ആർ.ബി.ഡി.സി.കെ.-യ്ക്ക് തഹസിൽദാർ അയച്ചിട്ടുണ്ട്. ഇത് പരിശോധിച്ചശേഷം കിഫ്ബിയിൽനിന്ന് അനുമതി വാങ്ങി ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറുകയും കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുകയും ചെയ്യുന്നമുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

പി.എം.യു.-കെ.ആർ.എഫ്.ബി. എസ്.പി.വി. ആയിട്ടുള്ള പ്രവൃത്തികളുടെ വിശദമായ പദ്ധതി രേഖകൾ 14-6-2022-ൽ കിഫ്ബി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**നബാർഡ് ഫണ്ട്**

5 (1161) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) പൊതുമരാമത്ത് നിരത്തുകൾ, കെട്ടിട വിഭാഗം സംബന്ധിച്ച വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I & II* ആയി ചേർക്കുന്നു. പാലങ്ങൾ വിഭാഗത്തിൽ നബാർഡ്-ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII-ൽ ഉൾപ്പെടുത്തി പാലക്കാലുങ്കൽ പാലം നിർമ്മാണത്തിനായി 14-1-2022-ലെ ജി.ഒ. (ആർ.ടി) നമ്പർ 49/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം 950 ലക്ഷം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) 2022-23 സാമ്പത്തിക വർഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

## ഇന്ത്യൻ കോഫീഹൗസിന്റെ പ്രവർത്തനം

6 (1162) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനോട് ചേർന്ന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് ഇന്ത്യൻ കോഫിഹൗസ് വാടക (ലീസ്) അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ;

(സി) ഇതുസംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

(എ-സി) പൊ.മ.വ.-പി.എസ്-2/221/2022-പൊ.മ.വ. നമ്പർ ഫയലിൽ ഈ വിഷയം പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ ആരംഭിക്കാൻ നടപടി

7 (1163) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് വിഭാഗങ്ങൾക്കായി പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് IMG-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. IMG-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഫീസുകൾ പുനക്രമീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കും.

## ദേശീയപാതകൾ

8 (1164) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ദേശീയപാതകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ നിയന്ത്രണത്തിൽ NH-183, NH-183A, NH-966B, NH-766, NH-185 എന്നീ ദേശീയപാതകളാണുള്ളത്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത റോഡുകളിലെ കുഴികളിൽ വീണുള്ള അപകടങ്ങളിൽ യാത്രക്കാർ മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് അപകടം സംഭവിച്ചെന്ന് വ്യക്തമാക്കുമോ?

റോഡുകളിലെ കുഴികളിൽ വീണുള്ള അപകടങ്ങളിൽ മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന യാത്രക്കാരുടെ ആധികാരികമായ വിവരങ്ങൾ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ ലഭ്യമല്ല.

(സി) ഇപ്രകാരം അപകടം സംഭവിച്ചവർക്ക് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റോഡുകളിലെ കുഴികളിൽ വീണ് അപകടം സംഭവിച്ചവർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്ന് നഷ്ടപരിഹാരം കൊടുക്കാൻ നിലവിൽ വ്യവസ്ഥകളൊന്നുമില്ല.

## നാഷണൽ ഹൈവേയുടെ പരിപാലനത്തിനായി കേന്ദ്ര സർക്കാർ നൽകിയ തുക

9 (1165) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേയുടെ പരിപാലനത്തിനായി കേന്ദ്ര സർക്കാർ 2016 മുതൽ നാളിതുവരെ എത്ര തുക കൈമാറിയെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

നാഷണൽ ഹൈവേയുടെ പരിപാലനത്തിനായി കേന്ദ്ര സർക്കാർ 2016 മുതൽ ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ തുക അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയ തുക അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

## കാലാവസ്ഥാ സെൽ രൂപീകരിക്കുന്നത്

10 (1166) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നതിനായി കാലാവസ്ഥാ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉണ്ട്. കാലാവസ്ഥാ വ്യതിയാനം ചെറുത്തുനിൽക്കാൻ ഉതകുന്ന നിർമ്മാണ രീതികൾ കേരളത്തിൽ പ്രാവർത്തികമാക്കുക, പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണരീതികൾ, നിർമ്മാണവസ്തുക്കൾ എന്നിവയുടെ ഗവേഷണങ്ങൾ നടത്തുക, സമൂഹത്തിൽ മേൽവിഷയങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, ഇത്തരം സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക, ഇവയിൽ എഞ്ചിനീയർമാർക്ക് നൂതന പരിശീലനം നൽകുക തുടങ്ങിയവയാണ് പരിസ്ഥിതി സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടുണ്ടോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ പ്രസ്തുത ഏജൻസികൾക്ക് എത്ര തുക കൈമാറിയിട്ടുണ്ട്; പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിനായി പ്രതിവർഷം എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്?

(ബി&സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടില്ല. ക്ലൈമറ്റ് സെൽ രൂപീകരിക്കുന്നതിന് ഉദ്ദേശം 26 ലക്ഷം രൂപയും വാർഷിക പ്രവർത്തനത്തിന് ഉദ്ദേശം 1 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്.

## വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാറശ്ശാല ഫയർഫോഴ്സ് കെട്ടിടനിർമ്മാണ നടപടികൾ

11 (1167) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാറശ്ശാല ഫയർഫോഴ്സ് എന്നീ സ്ഥാപനങ്ങൾക്കായുള്ള കെട്ടിടനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വെള്ളറട കമ്മ്യൂണിറ്റി സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാതൃവകുപ്പിൽനിന്നും പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ലഭ്യമാക്കിയിട്ടില്ല.

പാറശ്ശാല അഗ്നിരക്ഷാനിലയത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമായ പാറശ്ശാല വില്ലേജിൽ ബ്ലോക്ക് നം. 50-ൽ റീസർവ്വേ നമ്പർ 165/12-ൽ ഉൾപ്പെട്ട 21.5 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കായുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പുതിയ കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പാറശ്ശാല ഫയർഫോഴ്സ് കെട്ടിടത്തിന്റെ Architectural Drawing പൂർത്തീകരിച്ചിട്ടുണ്ട്. Structural Design ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. Structural Design തയ്യാറാക്കിയതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. ഈ വർഷം അവസാനത്തോടുകൂടി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച അമരവിള-കാരക്കോണം, ചൂണ്ടിക്കൽ-ശൂരവക്കാണി, കീഴാറൂർ-പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ്, കടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുള്ള വിശദാംശം അറിയിക്കാമോ;

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി-ഇ) ചൂണ്ടിക്കൽ-ശൂരവക്കാണി, കീഴാറൂർ-പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ് എന്നിവ FDR സാങ്കേതികവിദ്യയിൽ നിർവ്വഹിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകിയ പദ്ധതികളാണ്. പദ്ധതികൾ 19-4-2022-ൽ ടെണ്ടർ ചെയ്തെങ്കിലും സിംഗിൾ ടെണ്ടർ ആയിരുന്നതിനാൽ 11-5-2022-ൽ വീണ്ടും ടെണ്ടർ ചെയ്തു. ടെണ്ടർ സാങ്കേതിക പരിശോധനയ്ക്കുശേഷം 4-8-2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ സിംഗിൾ ടെണ്ടർ ആയതുകൊണ്ട് ഫിനാൻഷ്യൽ ബിഡ്ഡിൽ മത്സരം നടന്നില്ലെന്ന് വിലയിരുത്തിയ സാഹചര്യത്തിൽ, വീണ്ടും ടെണ്ടർ ചെയ്യാൻ കമ്മിറ്റി തീരുമാനമെടുത്തു. തുടർന്ന് 20-8-2022-ൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 5-9-2022 ആണ് ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കരാർ ഉടമ്പടിവച്ച് പ്രവൃത്തി നിർമ്മാണഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്. അമരവിള-കാരക്കോണം റോഡിന് 5-8-2022-ന് സാങ്കേതികാനുമതി നൽകി, 12-8-2022-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. നാളെയാണ് (31-8-2022) ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കരാർ ഉടമ്പടിവച്ച് പ്രവൃത്തി നിർമ്മാണഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.

കുടിവീട്ടിൽ കടവ് പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുകയായ 7.86 കോടി രൂപയുടെ ബിൽ 17-8-2022-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പാലം പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് KRFB-PMU, തിരുവനന്തപുരം ഡിവിഷൻ തയ്യാറാക്കിവരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേശീയപാതാ വികസനത്തിനായി പോസ്റ്റ് ഓഫീസിന്റെ സ്ഥലം ഏറ്റെടുക്കൽ

12 (1168) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാതാ വികസനത്തിനായി പോസ്റ്റ് ഓഫീസിന്റെ സ്ഥലം വിട്ടുകിട്ടാത്തത് ഗതാഗതക്കുരുക്കിന് കാരണമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിലേയ്ക്കായി നടത്തിയ "Traffic congestion at Attingal Town Road-Improvement work from Moonumukku (535/600) to Poovanpara (532/600) on NH 66" എന്ന പ്രവൃത്തിയുടെ ഫലമായി പട്ടണത്തിലെ ഗതാഗതക്കുരുക്കിന് വലിയ തോതിൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. പ്രധാന ജംഗ്ഷനായ കച്ചേരിനടയിൽ ഇപ്പോഴും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന്റെ കാരണം ആറ്റിങ്ങൽ പോസ്റ്റ് ഓഫീസിന്റെ പക്കലുള്ള സർവ്വേ നമ്പർ 1352-ൽ 2.43 സെന്റ് വസ്തു പോസ്റ്റ് ഓഫീസ് അധികൃതർ പ്രവൃത്തിക്കായി വിട്ടുനൽകാത്തതിനാലാണ്. പ്രസ്തുത സ്ഥലം ലഭ്യമായാൽ മാത്രമേ ഗതാഗതക്കുരുക്ക് ഒഴിവാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ആറ്റിങ്ങൽ പോസ്റ്റ് ഓഫീസിന്റെ പക്കലുള്ള സർവ്വേ നമ്പർ 1352-ൽ ഉൾപ്പെട്ട 2.43 സെന്റ് വസ്തു കേന്ദ്ര ക്യാബിനറ്റിന്റെ തീരുമാനപ്രകാരമേ നൽകാനാകൂവെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേശീയപാതാ വികസനത്തിനായി പ്രസ്തുത സ്ഥലം വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 22-11-2019-ലും 22-6-2021-ലും കേന്ദ്ര വാർത്താവിനിമയ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്.

## കായംകുളം മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

13 (1169) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പാക്കുന്ന കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവ സംബന്ധിച്ച പ്രവൃത്തികളുടെ പുരോഗതി പ്രത്യേകമായി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ പുരോഗതി:

1. മാർക്കറ്റ് പാലം - പുതുക്കിയ ഡിസൈൻ പ്രകാരം സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

2. കന്നീശക്കടവ് പാലം - ഭരണാനുമതി ലഭിച്ചു. സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി അതിർത്തി കല്ലുകൾ സ്ഥാപിച്ച് അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കി റവന്യൂ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്.

3. കോയിക്കൽപ്പടി പാലം - ഭരണാനുമതി ലഭിച്ചു. സ്ഥലമേറ്റെടുക്കുന്നതിനുള്ള form-2 തയ്യാറാക്കി അനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

4. ടി.എം. ചിറപ്പാലം - മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

5. പോച്ചയിൽ പാലം - മണ്ണ് പരിശോധന നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകി RBDCK-യെ SPV ആയി നിയമിച്ച് 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. 24-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ആലപ്പുഴ ജില്ലാകളക്ടർക്ക് സമർപ്പിച്ചിരുന്നതും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽനിന്ന് പൊന്നുംവില നടപടികൾ തുടർന്നുവരുന്നതുമാണ്. 4 (1) നോട്ടിഫിക്കേഷൻ 27-12-2019-ൽ പുറപ്പെടുവിച്ചിരുന്നതും സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ച Expert Committee Report ലഭ്യമായിട്ടുള്ളതും 23-1-2021-ൽ (11) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും സബ്ഡിവിഷൻ റിക്കാർഡ് ലഭ്യമായിട്ടുള്ളതും സ്ഥലവില ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും ചമയങ്ങളുടെയും കെട്ടിടങ്ങളുടെയും വിലനിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ. കോസ്റ്റ് ഇനത്തിൽ 10,83,06,905 രൂപ സ്പെഷ്യൽ തഹസിൽദാർക്ക് 22-3-2022-ന് നൽകിയിട്ടുള്ളതും പുനരധിവാസ പാക്കേജുകൾ ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് 7-6-2022-ൽ ഉത്തരവായിട്ടുള്ളതും 19 (1) പ്രഖ്യാപനം

18-7-2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. അവാർഡ് എൻക്വയറി നടപടികൾ 5-8-2022 മുതൽ ആരംഭിച്ചിട്ടുള്ളതും പൊന്നുംവില നടപടികൾ അന്തിമഘട്ടത്തിലുമാണ്. പദ്ധതിയുടെ ആവശ്യത്തിലേയ്ക്ക് കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള ലീസ് ഭൂമിയായ 05.96 ആർ. ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ land transfer ചെയ്ത് കിട്ടുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ അയച്ചിട്ടുള്ളതും ആയതിന്മേൽ കാർത്തികപ്പിള്ളി ഭൂരേഖ തഹസിൽദാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. റെയിൽവേ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി ഫൈനൽ ജി.എ.ഡി. 22-10-2021-ൽ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുകയും റെയിൽവേയിൽനിന്നും ഫൈനൽ ജി.എ.ഡി. അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്ക് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## തലശ്ശേരി മണ്ഡലത്തിലെ വടക്കുമ്പാട് ഗവൺമെന്റ് സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

14 (1170) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജകമണ്ഡലത്തിൽ വടക്കുമ്പാട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ സ്റ്റേഡിയം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസന പ്രവൃത്തിയുടെ സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രവൃത്തി നടപ്പാക്കുന്നതിനുവേണ്ടി സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കി. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയശേഷം പ്രവൃത്തി എത്രയുംവേഗം ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആലത്തൂർ മണ്ഡലത്തിലെ നിർമ്മാണങ്ങൾക്ക് നബാർഡ് ധനസഹായം**

15 (1171) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

**മൊബിലൈസേഷൻ അഡ്വാൻസ്**

16 (1172) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 സർക്കാരിന്റെ കാലത്ത് ഇരുപത് ശതമാനത്തിൽ കൂടുതൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ കരാറുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

2016-2021 സർക്കാരിന്റെ കാലത്ത് ഇരുപത് ശതമാനത്തിൽ കൂടുതൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

**നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം മണ്ഡലത്തിലെ പദ്ധതികൾ**

17 (1173) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന് മഞ്ചേശ്വരം മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ-XXVIII-ൽ ഉൾപ്പെടുത്തുന്നതിന് നിരത്തുകൾ/പാലങ്ങൾ വിഭാഗത്തിൽനിന്നും പദ്ധതികളൊന്നും നിലവിൽ തയ്യാറാക്കിയിട്ടില്ല. കെട്ടിട വിഭാഗത്തിനുകീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ National-GVHSS Heroor in Meepugiry-Construction of new school building at GVHSS Heroor Meepugiry in Mangalpady Panchayath എന്ന പ്രവൃത്തിക്കുവേണ്ടി 520 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കാസർഗോഡ് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡി1-15649/നബാർഡ്/Edn. എന്ന കത്തുപ്രകാരം കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഫയൽ നമ്പർ PRICE ID No.EST.No. PWD/ BLDG /EST/15649/2022-23_1_1 of PWD. കാസർഗോഡ് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ: ഡി1/1 5649/ നബാർഡ്/Edn.

## കൊടുവള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

18 (1174) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, അവയുടെ ഇപ്പോഴത്തെ അവസ്ഥ, പദ്ധതി പുരോഗതി എന്നിവ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുമോ?

(എ&ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിടവിഭാഗങ്ങൾക്ക് കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പാലം വിഭാഗത്തിന് കീഴിൽ വരുന്ന പദ്ധതികൾ:-

1. കരിക്കുറ്റിക്കടവ് പാലം പ്രവൃത്തി - 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (Foundation P1 and P2 completed Pier work Progressing).

2. മുക്കത്ത്കടവ് പാലം പ്രവൃത്തി - ഭരണാനുമതി തുക 63 ലക്ഷം - അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. വെള്ളച്ചാൽ തെക്കേത്തൊടിക പാലം പ്രവൃത്തി - ഭരണാനുമതി തുക 500 ലക്ഷം. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിൽ Traffic Safety Work- Construction of side drains, Footpath and improving shoulder at Koduvally Town between Km. 22/000 to 23/000 of NH-766 - 1 കോടി രൂപ അനുവദിച്ചു. പ്രവൃത്തി 75% പൂർത്തിയായി. പദ്ധതി പുരോഗതിയിലാണ്.

ആർ.ബി.ഡി.സി.കെ. മുഖേന നടപ്പാക്കുന്ന കൊടുവള്ളി സിറാജ് ഫ്ലൈഓവർ കം അണ്ടർപ്പാസ് പദ്ധതിക്കായി കിഫ്ബിയിൽനിന്ന് 54.03 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ കൊടുവള്ളി ജംഗ്ഷനിലെ ജനങ്ങളുടെയും കച്ചവടക്കാരുടെയും അഭ്യർത്ഥന മാനിച്ച് റോഡ് വീതികൂട്ടി തുരങ്കപാത ഒഴിവാക്കുന്നതിന് കിഫ്ബിയിൽ അപേക്ഷ സമർപ്പിക്കുകയും ഈ അപേക്ഷയെ മാനിച്ച് കിഫ്ബി സ്ഥലപരിശോധന നടത്തുകയും തുടർന്ന് റോഡ് വീതികൂട്ടി ജംഗ്ഷൻ ഡെവലപ്മെന്റായി മുന്നോട്ടുപോകാൻ നിർദ്ദേശിക്കുകയും ചെയ്തു. ജംഗ്ഷൻ ഡെവലപ്മെന്റിനുവേണ്ടി കിഫ്ബി നിർദ്ദേശിച്ചതനുസരിച്ച് NOC ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. താമരശ്ശേരി ചുങ്കം ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി M/s. Velcity Consultancy എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. അന്തിമമാകുന്നതോടെ കിഫ്ബി മുമ്പാകെ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

കെ.എസ്.ടി.പി.-യുടെ കീഴിൽ RKI പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന കൊയിലാണ്ടി താമരശ്ശേരി റോഡിന്റെ 46.32 കിലോമീറ്റർ പ്രവൃത്തിയിൽ 12.5 കിലോമീറ്റർ കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട് - ഇ.പി.സി. കരാർ തുക 221.065 കോടി രൂപ. പ്രസ്തുത പ്രവൃത്തിയിൽ 12.5 കിലോമീറ്റർ DBM, 4 കിലോമീറ്റർ ബി.സി. എന്നിവ പൂർത്തിയായി. ഡ്രെയിനേജ് നിർമ്മാണം, മറ്റുസംരക്ഷണ ഭിത്തി കെട്ടൽ എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ:-

1. താമരശ്ശേരി-വരട്ടിയാക്കൽ റോഡ് (ഭാഗികം) – 36 കോടി - 82% പ്രവൃത്തി പൂർത്തിയായി. ടെർമിനേറ്റ് ചെയ്ത പ്രവൃത്തി പുനക്രമീകരിക്കാൻ ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

2. പരപ്പൻപൊയിൽ-കരാകുന്നത്ത് റോഡ് (ഭാഗികം) - 45.27 കോടി - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ നടക്കുന്നു.

3. REC-കൂടത്തായി റോഡ് (ഭാഗികം) - 45.22 കോടി - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ 85% സ്ഥലം ലഭ്യമായിട്ടുണ്ട്. പരപ്പൻപൊയിൽ കരാകുന്നത്ത് റോഡും കൂടത്തായി റോഡും ചേർത്ത് FDR-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. മാവൂർ-NIT-കൊടുവള്ളി റോഡ് (ഭാഗികം) - 52.2 കോടി - സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കുള്ള ഉത്തരവ് നൽകുകയും LA ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

5. ഹിൽഹൈവേ-തലയാട്-മലപ്പുറം-കോടഞ്ചേരി റോഡ് (ഭാഗികം) - ടി പ്രവൃത്തിക്ക് 48.75 കോടി രൂപയുടെ സാമ്പത്തികാനുമതി 12-2-2020-ൽ ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് 13-4-2022-ൽ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു. ടെണ്ടർ അപ്രൂവൽ കമ്മിറ്റി ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതി ലഭിച്ച തുകയേക്കാൾ കൂടുതലായതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കരാർ നൽകുന്നതിനുള്ള അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ ഏതെങ്കിലും ഫയൽ അനുമതിക്കായി അവശേഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഫയർ & റെസ്ക്യൂ സർവ്വീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**കോന്നി ടൗണിൽ ഫ്ലൈ ഓവർ നിർമ്മാണം**

19 (1175) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ഫ്ലൈ ഓവർ നിർമ്മിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മലയോര ഹൈവേയുടെ ഭാഗമായ പുനലൂർ മൂവാറ്റുപ്പുഴ റോഡ് കടന്നുപോകുന്ന കോന്നി ടൗണിലാണ് പ്രസ്തുത ഫ്ലൈ ഓവർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. 2021 ഡിസംബർ മാസത്തിൽ കോന്നി ഫ്ലൈ ഓവർ പ്രവൃത്തി stand alone project ആയി ചെയ്യാൻ സാധിക്കുമെന്ന് കെ.എസ്.ടി.പി. അറിയിച്ചു. അതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ്, ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ പ്രാരംഭ നടപടിയായി ട്രാഫിക് സർവ്വേ നടത്തി Prefeasibility report എത്രയുംവേഗം സമർപ്പിക്കുന്നതാണെന്ന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തങ്കളം-കാക്കനാട് റോഡ് നിർമ്മാണം**

20 (1176) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി അറുപത്തിയേഴ് കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാക്കനാട് തങ്കളം നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27.34 കിലോമീറ്റർ നീളം വരുന്ന പാതയുടെ കോതമംഗലം മണ്ഡലത്തിലെ മാന്നാറി മൈക്രോസ്റ്റേഷൻ മുതൽ തങ്കളംവരെ (20/000 മുതൽ 27/324 കിലോമീറ്റർ) ഭാഗത്തിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. ഭാഗികമായി സമർപ്പിക്കാതെ മുഴുവൻ നീളത്തിലും ഒന്നിച്ച് സമർപ്പിക്കാനുള്ള നിർദ്ദേശത്തോടെ മടക്കിനൽകി. ആയതുപ്രകാരമുള്ള ഡി.പി.ആർ. KIIFB-യിൽ നൽകാനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിവരികയാണ്. കോതമംഗലം മണ്ഡലത്തിലെ മന്നാറി മൈക്രോസ്റ്റേഷൻ മുതൽ ഇളംബ്രഭാഗം വരെ (കിലോമീറ്റർ 20/000 മുതൽ 26/057) സ്ഥലമേറ്റെടുക്കൽ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇളംബ്രഭാഗം മുതൽ തങ്കളം വരെ (കിലോമീറ്റർ 26/057 മുതൽ 27/234 വരെ) സ്ഥലം ലഭ്യമാണ്. ആയതിൽ ഇളംബ്രഭാഗം പ്രവൃത്തി (കിലോമീറ്റർ 26/057 മുതൽ 27/027 വരെ) ബഡ്ജറ്റ് വർക്കിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ വരുന്ന ഏഴ് കിലോമീറ്റർ ദൂരം നിർമ്മിക്കുന്നതിനായി 255 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത 255 കോടി രൂപയുടെ അംഗീകാരം നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി&സി) പദ്ധതിയുടെ കിലോമീറ്റർ 20/000 മുതൽ 27/234 വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത പദ്ധതിയുടെ DPR ഭാഗികമായി സമർപ്പിക്കാതെ മുഴുവൻ നീളത്തിലും ഒന്നിച്ച് സമർപ്പിക്കാൻ കിഫ്ബിയിൽനിന്നും നിർദ്ദേശിച്ചു. ആയതിനുള്ള ഇൻവെസ്റ്റിഗേഷൻ പി.ഡബ്ല്യൂ.ഡി. ഇൻവെസ്റ്റിഗേഷൻ വിഭാഗം നടത്തിവരുന്നു. 0/000 മുതൽ 20/000 വരെയുള്ള ഭാഗംകൂടി ഉൾപ്പെടുത്തി DPR ഒന്നിച്ച് സമർപ്പിക്കണമെന്ന കിഫ്ബി നിർദ്ദേശത്തെത്തുടർന്ന് പ്രസ്തുത ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിന് നൽകി. 2009-ൽ നടത്തിയ ഇൻവെസ്റ്റിഗേഷൻപ്രകാരമുള്ള വിവരങ്ങൾ ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചെങ്കിലും പ്രാഥമിക വിവരങ്ങൾക്കുപുറമേ 13 വർഷങ്ങൾക്കുശേഷം വന്ന മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ചതുപ്രകാരം PWD ഇൻവെസ്റ്റിഗേഷൻ വിഭാഗം നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) പ്രസ്തുത ഡി.പി.ആർ.-ൽ ഉള്ള സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ടോ; അതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലഭ്യമാകുകയും ആയതിൽ പരാമർശിച്ചിരിക്കുന്നപ്രകാരമുള്ള തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള ഇരുന്നൂറ്റി അൻപത്തിയഞ്ച് കോടി രൂപയുടെ ഡി.പി.ആർ.-ന് അംഗീകാരം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ വിഭാഗം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തി ലഭ്യമാകുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഡിസൈൻ PPU വിഭാഗത്തിന് നൽകി ഡീറ്റെയിൽഡ് DPR ലഭ്യമാക്കിക്കൊണ്ട് കിഫ്ബിക്ക് സമർപ്പിക്കാൻ കഴിയും.

(എഫ്) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി നിലവിൽ തയ്യാറാക്കി നൽകിയിട്ടുള്ള 255 കോടി രൂപയുടെ ഡി.പി.ആർ.-ന് വേഗത്തിൽ അംഗീകാരം നൽകി തങ്കളം-കാക്കനാട് റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

DPR സമർപ്പിച്ച് കിഫ്ബിയിൽനിന്നും ഫിനാൻഷ്യൽ സാംഗ്ഷൻ ലഭ്യമായ ഉടൻതന്നെ ടെക്നിക്കൽ സാംഗ്ഷനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി, ആയത് ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിച്ച്, ആയതിലെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ച് പ്രൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കും.

**ദേശീയപാതകളുടെയും സംസ്ഥാനപാതകളുടെയും തകർച്ച ഒഴിവാക്കുന്നതിന് നടപടി**

21 (1177) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളും സംസ്ഥാനപാതകളും തകർന്ന് അപകടകരമായ വിധത്തിൽ കുഴികൾ രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ദേശീയപാതകളിലെയും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിലെയും ചില ഭാഗങ്ങളിൽ കേടുപാടുകൾ രൂപപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഏകദേശം 10% റോഡുകൾക്ക് അതിവർഷത്തെത്തുടർന്ന് തകരാറുകളുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഈ വർഷം ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ അതിവർഷത്തെത്തുടർന്ന് റോഡുകൾക്ക് 173.45 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ വിവിധ യൂട്ടിലിറ്റി ഏജൻസികൾ പൈപ്പ്/കേബിൾ എന്നിവ സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് റോഡ് മുറിക്കുന്നതും റോഡ് പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ച് ഉണ്ടാകുന്ന കാലതാമസം റോഡുകളുടെ തുടർന്നുള്ള തകർച്ചയ്ക്ക് കൂടുതൽ കാരണമാകുന്നുണ്ട്.

അതിതീവ്രമഴയും അതിനോടനുബന്ധിച്ച പ്രകൃതിക്ഷോഭങ്ങളുംമൂലം റോഡുകളിൽ കുഴികൾ രൂപപ്പെടാറുണ്ട്.

(ബി) യഥാസമയങ്ങളിൽ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിൽ ഉദ്യോഗസ്ഥർക്കും കരാറുകാർക്കും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. അറ്റകുറ്റപ്പണികളുടെ

നടത്തിപ്പ് സംബന്ധിച്ച പരിശോധനകൾ നടന്നുവരികയാണ്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പുനരുദ്ധാരണത്തിനുവേണ്ടി റോഡുകൾ ഏറ്റെടുത്തശേഷം റോഡിലുണ്ടായിട്ടുള്ള കുഴികൾ അടച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടത് കരാർപ്രകാരം കരാറുകാരന്റെ ചുമതലയാണ്. അതിനാൽ കുഴികൾ രൂപപ്പെട്ട ഉടൻതന്നെ കുഴികൾ അടയ്ക്കാനുള്ള കർശനനിർദ്ദേശം അതോറിറ്റി എഞ്ചിനീയർ/സൂപ്പർ വിഷൻ കൺസൾട്ടന്റുകൾക്കും കെ.എസ്.ടി.പി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കരാറുകാർക്കും നൽകിയിട്ടുണ്ട്.

(സി) ഭാവിയിൽ റോഡുകളുടെ തകർച്ച ഒഴിവാക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലുള്ള റോഡുകൾ എല്ലാംതന്നെ പോട്ട് ഹോൾ ഫ്രീ ആയി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് പരിപാലനം ഉറപ്പാക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കിവരുന്നു. ഘട്ടംഘട്ടമായി പോട്ട്ഹോൾ ഫ്രീ ആക്കാനുള്ള പദ്ധതിയാണ് നടപ്പാക്കിവരുന്നത്. റണ്ണിംഗ് കോൺട്രാക്ട്, OPBRC, മഴക്കാലപൂർവ്വ പ്രവൃത്തികൾ, DLP ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കിലോമീറ്റർ റോഡുകളിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. നിലവിൽ 12332 കിലോമീറ്റർ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തര അറ്റകുറ്റപ്രവൃത്തികൾ നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. കെ.ആർ.എഫ്.ബി. വിഭാഗത്തിനുകീഴിൽ സംസ്ഥാനത്തെ റോഡുകൾ അപകടമാംവിധം തകരുന്ന അവസ്ഥകളെ അടിയന്തരമായി ഗതാഗതയോഗ്യമാക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഭാവിയിൽ അത്തരത്തിൽ റോഡുകളുടെ തകർച്ച ഒഴിവാക്കുന്നതിലേയ്ക്കായി കേരള റോഡ് ഫണ്ട് ബോർഡിന്റെ വിവിധങ്ങളായ പ്രവൃത്തികൾവഴി പ്രവൃത്തി കഴിഞ്ഞ റോഡുകൾ വീണ്ടും കുഴിക്കാതിരിക്കുന്നതിനായി നിലവിലെ റോഡിന് അടിയിലുള്ള കാലപ്പഴക്കം ചെന്ന വാട്ടർ അതോറിറ്റി, സ്വീവറേജ് പൈപ്പ് ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിച്ച് നിർമ്മാണം ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ

റോഡിനുമുകളിലുള്ള വിവിധങ്ങളായ യൂട്ടിലിറ്റി ലൈനുകൾ പ്രത്യേക കോൺക്രീറ്റ് അറകൾ റോഡിന് അടിയിൽ നിർമ്മിച്ച് ആയവ അതിലൂടെ കടത്തിവിടുന്നു. അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേയ്ക്കായി ഓരോ നിശ്ചിത ഇടവേളകളിൽ മാൻഹോൾ നിർമ്മിച്ച് പദ്ധതി ആവിഷ്കരിക്കുന്നു. ഇവ ചെയ്യുന്നതിലൂടെ സ്ഥിരമായി ഉണ്ടാകുന്ന റോഡുകളുടെ തകർച്ച ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കുന്നു. കെ.എസ്.ടി.പി.-ക്ക് കീഴിൽ Innovative Road Materials & Construction Techniques and Vulnerability Assessment of Roads-നെക്കുറിച്ചുള്ള പഠനം നടത്തുന്നതിനുവേണ്ടിയുള്ള കൺസൾട്ടൻസി സർവ്വീസിനെ തെരഞ്ഞെടുക്കാൻ വേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

### മൂന്നാർ-ടോപ്പ്സ്റ്റേഷൻ-വട്ടവട റോഡ്

22 (1178) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.പി.ബി.ആർ.സി. (ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്സ്) പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ നൽകി പ്രവൃത്തി ആരംഭിച്ചിട്ടുള്ള ഇടുക്കി ജില്ലയിലെ മൂന്നാർ-ടോപ്പ്സ്റ്റേഷൻ-വട്ടവട റോഡിന്റെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ ചില ഇനങ്ങളുടെ അളവുകളിൽ വ്യതിയാനം വേണമെന്നതാണ് കരാറുകാരന്റെ ആവശ്യം.

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഒ.പി.ബി.ആർ.സി. (ഔട്ട്പുട്ട് ആന്റ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്സ്) പദ്ധതിയുടെ കരാർ മാനദണ്ഡങ്ങൾക്കനുസൃതമായി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### മലപ്പുറം ജില്ലയിലെ പൊന്നാനി കർമ്മ റോഡ്

23 (1179) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി കർമ്മ റോഡ്, തവനൂർ മണ്ഡലത്തിലെ മിനി പമ്പവരെ ദീർഘിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

(എ&ബി) കർമ്മ റോഡ് കുറ്റിപ്പുറം-മിനിപമ്പവരെ ദീർഘിപ്പിക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവൃത്തി എന്ന നിലയ്ക്ക് 2022-23 ബഡ്ജറ്റിൽ പ്രവൃത്തി തുകയുടെ 20 ശതമാനമായ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇതിന്റെ നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ?

പൊന്നാനി കർമ്മ റോഡ്-കുറ്റിപ്പുറം നിള പമ്പവരെയുള്ള ഭാഗം പുതിയ റോഡായതിനാൽ അലൈൻമെന്റും ഡിസൈനും ഉൾപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചിറയിൻകീഴ് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

24 (1180) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ വിവരം അനുബന്ധം-1* ആയും കെ.ആർ.എഫ്.ബി.-പി.എം.യു.-ന്റെ കീഴിലുള്ള റോഡുകളുടെ വിവരം അനുബന്ധം -II* ആയും ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഏതൊക്കെയെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിൻകീഴിൽ വരുന്ന ചിറയിൻകീഴ് മണ്ഡലത്തിലെ റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

**ഡിവൈഡറുകളിൽ അപകടങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി**

25 (1181) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവൈഡറുകളിൽ അപകടസാധ്യത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൊല്ലം എൻ.എച്ച്. ഡിവിഷൻ പരിധിയിൽ വരുന്ന ചെങ്ങന്നൂർ മുണ്ടൻകാവ് ഡിവൈഡറിലെ അപകടസാധ്യത ഒഴിവാക്കിയതിനുശേഷവും ഉണ്ടായിട്ടുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഡിവൈഡർ ഭാഗത്തുണ്ടാകുന്ന അപകടങ്ങൾ ശാശ്വതമായി ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുണ്ടൻകാവിലെ ഡിവൈഡർ ഭാഗത്തുണ്ടാകുന്ന അപകടങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും പുതുക്കിയ Junction Improvement drawing ലഭ്യമായിട്ടുണ്ട്. ദേശീയപാത 183-ൽ ഇപ്പോൾ ക്രമീകരിച്ചിരിക്കുന്ന വേളാവൂർ മുതൽ ഐഡ ജംഗ്ഷൻ വരെയുള്ള MoRTH ന്റെ Periodical Renewal Work-ൽ ഇതുകൂടി ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റോഡുകളുടെ പുനരുദ്ധാരണം**

26 (1182) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന അതിതീവ്ര മഴയും കാലാവസ്ഥാ വ്യതിയാനവുമാണ് റോഡുകൾ തകരാനുള്ള പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെങ്കിലും പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ ഈ വിലയിരുത്തലെന്ന് വിശദമാക്കാമോ;

(ബി) തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തുണ്ടാകുന്ന അതിതീവ്ര മഴയും കാലാവസ്ഥാ വ്യതിയാനവും റോഡുകൾ തകരാനുള്ള പ്രധാന കാരണങ്ങളിലൊന്നാണെന്ന് വകുപ്പ് വിലയിരുത്തുന്നു. സംസ്ഥാനത്ത് പ്രവൃത്തി പൂർത്തീകരിച്ച വിവിധ റോഡുകളുടെ നിലവിലെ സ്ഥിതി, ഈടുറപ്പ് എന്നിവ പരിശോധിച്ച് വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് മേൽവിലയിരുത്തൽ നടത്തിയിട്ടുള്ളത്.

ഇതോടൊപ്പം മതിയായ ഡ്രെയിനേജ് സംവിധാനമില്ലാത്തതും റോഡുകളുടെ തകർച്ചയ്ക്ക് കാരണമാണ്. വാഹന സാന്ദ്രതയ്ക്കനുസരിച്ച് സമ്മർദ്ദം താങ്ങാൻ കഴിയുന്ന തരത്തിൽ വീതിയിൽ റോഡുകൾ നിർമ്മിക്കാൻ കഴിയാത്തതും ഒരു കാരണമാണ്. സംസ്ഥാനത്തെ ഭൂരിഭാഗം റോഡുകളും ചിപ്പിംഗ് കാർപറ്റ് ഉപരിതലത്തോടുകൂടിയവയാണ്. ഈ റോഡുകൾ അതിശക്തമായ മഴയും കാലാവസ്ഥാ വ്യതിയാനങ്ങളും അതിജീവിക്കാൻ പര്യാപ്തമല്ല. സംസ്ഥാനത്തെ എല്ലാ റോഡുകളും രൂപകൽപ്പന ചെയ്ത് ദീർഘകാലം ഈടുനിൽക്കുന്ന വിധത്തിൽ ബി.എം.&ബി.സി. ഉപരിതലത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 2100 കിലോമീറ്റർ റോഡുകളിൽ നവീകരണ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

(സി) റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്താനുള്ള നടപടി സ്വീകരിക്കുമോ?

റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 2017-ൽ നിരത്തുപരിപാലന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ഡി) വിവിധ സേവന വകുപ്പുകൾ കുടിവെള്ള വിതരണം, ടെലഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി റോഡുകൾ കുഴിച്ചശേഷം അവ പൂർവ്വസ്ഥിതിയിൽ ആക്കാത്ത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുതുതായി നിർമ്മിച്ച/പുനരുദ്ധരിച്ച റോഡുകളുടെ ഉപരിതലം മുറിക്കുന്നത് സംബന്ധിച്ച കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി ഉപരിതലം നിർമ്മിച്ച് ഒരു വർഷം കഴിഞ്ഞശേഷം മാത്രമേ സാധാരണഗതിയിൽ റോഡ് മുറിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റുവകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), PMG Portal, RoW Portal എന്നിവ നിലവിലുണ്ട്. എല്ലാമാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ PMG

പോർട്ടൽ മുഖേന നടപ്പാക്കിവരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW പോർട്ടൽ മുഖേനയാണ്. വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും പ്രവൃത്തികൾ RoW പോർട്ടലിൽ പ്രസിദ്ധപ്പെടുത്തുന്നു. റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പുരോഗതി DICC മീറ്റിംഗുകൾ വിലയിരുത്തിവരുന്നു.

**പൊതുമരാമത്ത് റോഡുകളിലെ കുഴികൾ**

27 (1183) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ കുഴികൾ രൂപപ്പെട്ടാൽ അവ സമയബന്ധിതമായി നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

പൊതുമരാമത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ കുഴികളടച്ച് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കിലോമീറ്റർ റോഡുകളിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാതെ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീ മൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കിവരുന്നു. എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. നിലവിൽ 12332 കിലോമീറ്റർ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തര അറ്റകുറ്റപ്രവൃത്തികൾ നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാടുണ്ടാകുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary Repair (OR)-ഉം Flood Damage Repair (FDR)-ഉം തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് ഉപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത

ഗതാഗതയോഗ്യമാക്കാറുണ്ട്. ഇതുകൂടാതെ സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്രമന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലൂടെ ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. ഇത് ഉപയോഗിച്ച് റോഡ് ഗതാഗതയോഗ്യമാക്കാറുണ്ട്.

(ബി) റോഡുകളിലുണ്ടാകുന്ന കുഴികൾ മുഖാന്തരം ഉണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകാൻ നിലവിൽ വ്യവസ്ഥകളുണ്ടോ; വ്യക്തമാക്കുമോ?

റോഡിലുണ്ടാകുന്ന കുഴികൾ മുഖാന്തരം ഉണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകാൻ വ്യവസ്ഥകളില്ല. കെ.എസ്.ടി.പി. റോഡുകൾ കരാറുകാർക്ക് കൈമാറിക്കഴിഞ്ഞാൽ ടി റോഡിന്റെ പരിപാലനം അവരുടെ ചുമതലയാണ്. ടി റോഡുകളിൽ കുഴികൾ മുതലായവമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് ടി കരാറുകാരൻ ഉത്തരവാദിയാണ്. ടി കരാറുകാരൻ നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ ബിൽ തുകയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**തീരദേശ ഹൈവേയുടെ നിർമ്മാണം**

28 (1184) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നിലവിലുള്ള നിർമ്മാണ പുരോഗതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ പാണ്ഡ്യാലക്കടവ് മുതൽ മഞ്ചേശ്വരം വരെയാണ് നിർദ്ദിഷ്ട തീരദേശ ഹൈവേ കടന്നുപോകുന്നത്. ഇതിൽ പാണ്ഡ്യാലക്കടവ് പാലം (വലിയപറമ്പ പാലം) നിർമ്മാണത്തിനുള്ള ഡി.പി.ആർ. കെ.ആർ.എഫ്.ബി.-പി.എം.യു. തയ്യാറാക്കിവരുന്നു. ശേഷിക്കുന്ന പാണ്ഡ്യാലക്കടവ് പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 57.23 കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ സ്ഥലമേറ്റെടുക്കുന്നതിന് തയ്യാറാക്കിയ എൽ.എ. പ്ലാൻ കിഫ്ബിയിൽ

സമർപ്പിക്കുകയും 44-ാമത് കിഫ്ബി ബോർഡ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പാണ്ഡ്യാലക്കടവ് പാലത്തിന്റെയും 57.23 കിലോമീറ്റർ റോഡിന്റെയും സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് 6 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.

**മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ഇ-ലേലം**

29 (1185) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തീരദേശ റോഡായ പടിഞ്ഞാറെക്കര ഉണ്ണ്യാൽ റോഡിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ഇ-ലേലം ക്ഷണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ തീരദേശ റോഡായ പടിഞ്ഞാറെക്കര ഉണ്ണ്യാൽ റോഡിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ഇ-ലേലം ക്ഷണിച്ചിട്ടുണ്ട്.

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ തീരദേശ ഹൈവേ (റീച്ച് 1) റോഡ് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന 133 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 5 തവണ ലേലം നടത്തുകയും മേൽലേലങ്ങളിൽ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ 8-7-2022-നും 10-8-2022-നും ഇ-ലേലം നടത്തുകയുണ്ടായി. എന്നാൽ മേൽ ഇ-ലേലത്തിലും ആരുംതന്നെ പങ്കെടുക്കാത്തതിനാൽ 3-ാമത്തെ ലേല നടപടികൾ സ്വീകരിക്കുന്നതിനായി 19-8-2022-ന് പ്രസ്തുത പ്രവൃത്തിയുടെ അവലോകന യോഗത്തിൽ നിർദ്ദേശിച്ചുപ്രകാരം ഇ-ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുനിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കാൻ നടപടികൾ**

30 (1186) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ ഗതാഗത യോഗ്യമല്ലാതായിത്തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അതിശക്തമായ മഴ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലവും വിവിധ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുന്നതുമൂലവും ചില റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നുണ്ട്.

(ബി) റോഡുകൾ തകരുന്നതിന്റെ പ്രധാന കാരണം നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡുനിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

(ബി-ഡി) പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണപ്രവൃത്തികൾ ഓരോഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽപ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും first tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബില്ല് നൽകുന്നത്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റുപ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റുജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. നിശ്ചിത ഗുണനിലവാരം പുലർത്താൻ കഴിയാത്ത കരാറുകാർക്കെതിരെ PWD Manual, SBD എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പ്രവൃത്തിയിൽനിന്നും

ഒഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കൽ, ലൈസൻസ് റദ്ദ് ചെയ്യൽ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിക്കാറുണ്ട്.

**നീലേശ്വരം എടത്തോട് റോഡിന്റെ നിർമ്മാണം**

31 (1187) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നീലേശ്വരം-എടത്തോട് റോഡിന്റെ പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നീലേശ്വരം-എടത്തോട് റോഡ് പ്രവൃത്തി 45% പൂർത്തീകരിച്ചിട്ടുണ്ട്. 13.125 കിലോമീറ്റർ നീളമുള്ള റോഡിൽ 7.20 കിലോമീറ്റർ DBM പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28-02-2023-വരെ ദീർഘിപ്പിച്ച് നൽകുന്ന വിഷയം പരിഗണനയിലാണ്.

(സി) പ്രസ്തുത പ്രവൃത്തി നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നതിലും കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുള്ള കാലതാമസവും കാരണമാണ് പ്രവൃത്തി നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതിരുന്നത്.

**ദേശീയപാത വിഭാഗത്തിന്റെ പ്രവർത്തനം**

32 (1188) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതയിലും പൊതുമരാമത്ത് റോഡുകളിലും ഉണ്ടാകുന്ന കുഴികളിൽ വീണ് നിരവധി പേർ മരിക്കുകയും പലർക്കും പരിക്കേൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ 1184 കിലോമീറ്റർ ദേശീയപാതയും നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അധീനതയിലാണ്. അവിടെ പ്രവൃത്തികൾ നടപ്പാക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 548 കിലോമീറ്റർ നാഷണൽ ഹൈവേയിൽ കേടുപാടുകൾ പരിഹരിക്കുന്നതിനായി Urgent patch പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളുടെ പരിപാലനത്തിനായി വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിവരികയാണ്. നിലവിൽ ഈ റോഡുകളിൽ ഏകദേശം 10% റോഡുകൾക്ക് അതിവർഷത്തെത്തുടർന്ന് തകരാറുകളുള്ളതായി കണക്കാക്കിയിട്ടുണ്ട്. റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നോൺ പ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കിലോമീറ്റർ റോഡുകളിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. ബാധ്യതാ കാലയളവിലല്ലാത്ത എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. നിലവിൽ 12332 കിലോമീറ്റർ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയും റോഡുകൾ പരിപാലിക്കുന്നു. DLP നിലവിലുള്ള റോഡുകളിൽ പരിപാലനം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(ബി&സി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ പ്രധാന ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിരിക്കുന്ന ദേശീയപാതകളുടെ പരിപാലനവും സംരക്ഷണവുമാണ്. CRIF പ്രവൃത്തികളിൽ സംസ്ഥാന പാതകളുടെയും MDR-ന്റെയും പുനരുദ്ധാരണവും ദേശീയപാതാ വിഭാഗമാണ് നടത്തുന്നത്.

**റോഡുകളിൽ മഴയ്ക്ക് മുൻപുള്ള അറ്റകുറ്റപ്പണികൾ**

33 (1189) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-ൽ റോഡുകളിൽ മഴയ്ക്ക് മുൻപുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി

നൽകിയ കരാറുകളുടെ വിശദാംശം നൽകാമോ; ഓരോ കരാറിന്റെയും ടെണ്ടർ നടപടികൾ ഏതുതീയതിയിലാണ് തുടങ്ങിയതെന്നത് സംബന്ധിച്ച വിവരം നൽകാമോ?

പ്രീ മൺസൂൺ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം, ദേശീയപാത വിഭാഗം, പി.എം.യു-കെ.ആർ.എഫ്.ബി വിഭാഗം എന്നിവർ നൽകിയ കരാറുകളുടെ വിശദാംശം യഥാക്രമം അനുബന്ധം-I, അനുബന്ധം-II, അനുബന്ധം-III ആയി ചേർക്കുന്നു*.

**കേരളത്തിലെ റോഡുകളുടെ കണക്ക്**

34 (1190) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ്, ദേശീയപാതാ അതോറിറ്റി എന്നിവയുടെ ഓരോന്നിന്റെയും കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2021-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിൽ വിവിധ വകുപ്പുകളുടെ കീഴിൽ 238773.02 കിലോമീറ്റർ റോഡുകളുണ്ട്. ഇതിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ ആസ്തിയിൽപ്പെടുന്ന 29522 കിലോമീറ്റർ റോഡുകളാണുള്ളത്. ഇതിൽ 4128 കിലോമീറ്റർ സംസ്ഥാന പാതകളും 25394 കിലോമീറ്റർ മേജർ ഡിസ്ട്രിക്ട് റോഡുകളും ഉൾപ്പെടുന്നു. 1781 കിലോമീറ്റർ നീളമുള്ള കേരളത്തിലെ ദേശീയപാതകളിൽ സംസ്ഥാന പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ 548 കിലോമീറ്ററും ദേശീയപാതാ അതോറിറ്റി (NHAI)-യുടെ അധികാര പരിധിയിൽ 1233 കിലോമീറ്ററുമാണുള്ളത്. കെ.ആർ.എഫ്.ബി. വിഭാഗത്തിനുകീഴിൽ 85.53 കിലോമീറ്ററും റിക്ക് ലിമിറ്റഡിന്റെ കീഴിൽ 83 കിലോമീറ്ററും റോഡുകളാണുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ 203246.18 കിലോമീറ്റർ റോഡുകൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുമരാമത്ത് റോഡുകളുടെ പരിപാലനം

35 (1191) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെയുള്ള റോഡ് ശൃംഖലയുടെ എത്ര ശതമാനമാണ് പൊതുമരാമത്ത് വിഭാഗത്തിന്റെ അധികാര പരിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ; ദേശീയപാതാ അതോറിറ്റിക്കുകീഴിലും തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കുകീഴിലും വരുന്ന റോഡുകളുടെ ആകെ ദൈർഘ്യം സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാന ആസൂത്രണബോർഡിന്റെ 2021-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിൽ വിവിധ വകുപ്പുകളുടെ കീഴിലായി 238773.02 കിലോമീറ്റർ റോഡുകളാണുള്ളത്. അതിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ 29522 കിലോമീറ്റർ റോഡുകൾ (12.36%) വരുന്നു. ഇതിൽ 4128 കിലോമീറ്റർ സംസ്ഥാന പാതകളും 25394 കിലോമീറ്റർ മേജർ ഡിസ്ട്രിക്റ്റ് റോഡുകളും ഉൾപ്പെടുന്നു. സംസ്ഥാനത്താകെയുള്ള 1782 കിലോമീറ്റർ ദേശീയപാതയിൽ 548 കിലോമീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ വരുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ അധികാര പരിധിയിലുള്ള റോഡുകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധികാര പരിധിയിലുള്ള റോഡുകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി ബഡ്ജറ്റ്, നബാർഡ്, ശബരിമല പദ്ധതികളിൽപ്പെടുത്തി 266 പ്രവൃത്തികൾക്കായി 1,196.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഡി.എൽ.പി.-ൽ അല്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനത്തിലൂടെ നടപ്പാക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 302.286 കോടി രൂപയുടെ ഭരണാനുമതി നൽകി. മേൽപ്രവൃത്തികൾ നടപ്പാക്കിവരുന്നു. 12332 കിലോമീറ്റർ റോഡുകൾ ഇതിൽപ്പെടുന്നു. മഴക്കാലപൂർവ്വ പ്രവൃത്തികളിലൂടെ 9210 കിലോമീറ്റർ റോഡ് പരിപാലനവും നടത്തുന്നുണ്ട്. Project Management System, DICC, PMG Portal, ROW Portal Constituency Monitoring Team എന്നീ

സംവിധാനങ്ങളിലൂടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിപാലനത്തിനായി Ordinary Repair (OR)-ഉം Flood damage repair (FDR)-ഉം തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പെയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി ലഭിക്കാറുണ്ട്. ഇതുപയോഗിച്ച് സ്ഥായിയായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികളുടെ ഭാഗമായി ഈ സർക്കാർ നടത്തിയ പ്രവൃത്തികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

9210 കിലോമീറ്റർ ദൈർഘ്യമുള്ള 216 മഴക്കാലപൂർവ്വ പ്രവൃത്തികൾക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് 12.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ്വ പദ്ധതികളുടെ കീഴിൽ 14 പ്രവൃത്തികൾക്കായി 81,84,961.16 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം റണ്ണിംഗ് കോൺട്രാക്റ്റ്, OPBRC പദ്ധതികളിൽ ഉൾപ്പെടുത്തിയും മഴക്കാലത്തിനുമുമ്പ് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.

## നാഷണൽ ഹൈവേ അതോറിറ്റി സംസ്ഥാനത്തിന് കൈമാറിയ റോഡുകൾ

36 (1192) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ അതോറിറ്റി സംസ്ഥാന സർക്കാരിന് റോഡുകളുടെ അവകാശം കൈമാറിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ റോഡുകളാണ് 2016 മുതൽ നാളിതുവരെ കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) സംസ്ഥാന സർക്കാരിന് ദേശീയപാതകൾ കൈമാറിയിട്ടില്ല.

## ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണം

37 (1193) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

റവന്യൂ വകുപ്പും പൊതുമരാമത്ത് വകുപ്പും നടത്തുന്ന അവലോകന യോഗങ്ങളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കൽ പുരോഗതി വിലയിരുത്താറുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽനിന്ന് എത്ര ഭൂമിയാണ് ഏറ്റെടുക്കുന്നത്?

കോഴിക്കോട് ജില്ലയിൽ ഏകദേശം 30 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. കൃത്യമായ കണക്ക് 3D സർവ്വേയ്ക്കുശേഷമേ ലഭ്യമാകുകയുള്ളൂ.

(സി) ഭൂമിയും സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവരുടെ പരാതികൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്?

പരാതികൾ ലഭിച്ച എല്ലാ കേസുകളിലും ബന്ധപ്പെട്ട LA ഓഫീസർ പരാതിക്കാരെ നേരിൽ കേട്ടിട്ടുള്ളതും പരാതികൾ അഭിപ്രായത്തിനായി ദേശീയപാതാ അതോറിറ്റിക്ക് അയച്ച് നൽകിയിട്ടുള്ളതുമാണ്. പരാതികൾ സാങ്കേതികമായി വിലയിരുത്തി അന്തിമ തീർപ്പുകൽപ്പിക്കുന്നതായിരിക്കും.

(ഡി) പ്രസ്തുത പദ്ധതിക്ക് നേരത്തെ നിശ്ചയിച്ച അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

അലൈൻമെന്റ്, LA Plan എന്നിവ 18-01-2022-ന് ദേശീയപാതാ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്.

(ഇ) ജനവാസ കേന്ദ്രങ്ങളെയും പെരുമണ്ണ ടൗണിനേയും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ?

പാലക്കാട്-മലപ്പുറം-കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻ ഫീൽഡ് ഹൈവേയുടെ അലൈൻമെന്റ് സാമ്പത്തികവും സാമൂഹികവുമായ വശങ്ങൾക്കുപുറമെ വിവിധ സാങ്കേതിക, സുരക്ഷാ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ദേശീയപാതാ അതോറിറ്റി അംഗീകാരം നൽകിയത്. ഡി.പി.ആർ. കൺസൾട്ടന്റ് പെരുമണ്ണ ടൗണിൽ ഒരു ഫ്ലൈഓവർ നിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാര തുക

38 (1194) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്ഥലമെടുപ്പിനായി 18,48,010 രൂപ മഞ്ചേരി നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുകയ്ക്കുള്ള ചെക്ക് തിരൂർ എൽ.എ. തഹസിൽദാർക്ക് നൽകിയെങ്കിലും സ്ഥലമേറ്റെടുപ്പ് നടപടികൾ കാലഹരണപ്പെട്ടതിനാൽ 22-9-2017-ൽ തിരൂർ എൽ.എ. തഹസിൽദാർ ചെക്ക് മടക്കിനൽകിയിരുന്നു. മലപ്പുറം ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതികൾ ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാര്യാട്ട് കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരത്തുക അനുവദിച്ച മാതൃകയിൽ മഞ്ചേരി റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എസ്.ടി.എസ്.ബി. അക്കൗണ്ടിലുള്ള തുക എത്രയാണ്; കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നൽകാൻ ശിപാർശ ചെയ്ത ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ടി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരത്തുക ലഭിക്കേണ്ടവർ, നൽകേണ്ട തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ മലപ്പുറം ജില്ലയിലെ അവാർഡ് പാസ്സാക്കുന്നതിന് ആവശ്യമായ തുക 18,48,010 രൂപയാണെന്ന് സ്പെഷ്യൽ തഹസിൽദാർ, തിരൂർ

അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരത്തുക ലഭിക്കേണ്ടവർ, നൽകേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ റവന്യൂ അധികാരികളിൽനിന്നും പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടില്ല.

**തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് എലിവേറ്റഡ് സമാന്തര പാത**

39 (1195) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് എലിവേറ്റഡ് സമാന്തര പാതയുടെ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സമാന്തര പാതകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) തേവര പണ്ഡിറ്റ് കറുപ്പൻ റോഡിന് സമാന്തരമായി വരുന്ന എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണം സംബന്ധിച്ച് 2021-22 ജനവരി 15-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ 250 നമ്പരായി പുതുതായി ഏറ്റെടുക്കുന്ന പ്രധാനപ്പെട്ട റോഡ്/പാലം പദ്ധതികളിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ദേശീയപാത അറ്റകുറ്റപ്പണികൾക്ക് ചുമതലപ്പെട്ട ഏജൻസി**

40 (1196) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയുണ്ടെന്നും അവ ഏതൊക്കെയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

NH-66, NH-766, NH-966, NH-966B, NH-966A, NH-185, NH-183, NH-183A, NH-744, NH-85, NH-544 എന്നിവയാണ് കേരളത്തിലെ ദേശീയപാതകൾ. 1732 കിലോമീറ്ററാണ് ഇവയുടെ ആകെ നീളം.

(ബി) മേൽപ്പറഞ്ഞവയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ എത്ര കിലോമീറ്റർ ദേശീയപാതയുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത ദേശീയപാതകളിൽ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ദേശീയപാതകളിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിൽ 1184 കിലോമീറ്ററാണുള്ളത്. NH-544, NH-66, NH-85, NH-744, NH-966A, NH-966 എന്നീ ദേശീയപാതകളാണ് NHAI-യുടെ അധികാര പരിധിയിലുള്ളത്. പ്രസ്തുത ദേശീയപാതകളിലെ റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉത്തരവാദിത്വമാണ്.

(സി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കിലോമീറ്റർ ദേശീയപാതകളിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത ദേശീയപാതകളിൽ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ 548 കിലോമീറ്റർ ദേശീയപാതകളാണുള്ളത്. NH-183, NH-183A, NH-966B, NH-766, NH-185 എന്നീ ദേശീയപാതകളാണ് പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ളത്. പ്രസ്തുത ദേശീയപാതകളിലെ റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ദേശീയപാതാ വിഭാഗത്തിന്റെ ഉത്തരവാദിത്വമാണ്.

## പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണി

41 (1197) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകളുണ്ട്; ഇവയുടെ അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ 29522 കിലോമീറ്റർ റോഡുകളാണുള്ളത്. ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ നിരത്ത് വിഭാഗം, നിരത്ത് പരിപാലന വിഭാഗം എന്നിവ മുഖേന നടപ്പാക്കിവരുന്നു. ബാധ്യതാ കാലയളവിൽ അല്ലാത്ത റോഡുകളിൽ കേടുപാടുകൾ വന്നാൽ കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ നടത്താൻ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം 12332 കിലോമീറ്റർ റോഡുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഴക്കാലപൂർവ്വ പ്രവൃത്തിയിലൂടെയും അറ്റകുറ്റപ്പണികൾ ക്രമീകരിക്കുന്നുണ്ട്. 9210 കിലോമീറ്റർ റോഡ് ഇതിലൂടെ

പരിപാലിക്കപ്പെടുന്നു. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിലുള്ള ദേശീയപാതയുടെ നീളം 548 കിലോമീറ്ററാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാട് പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary Repair (OR)-ഉം Flood Damage Repair (FDR)-ഉം തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്.

(ബി) പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വെളിപ്പെടുത്താമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് നടപ്പ് സാമ്പത്തിക വർഷത്തിൽ റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തികൾക്കായി 302.28 കോടി രൂപ ചെലവഴിക്കുകയാണ്. കൂടാതെ പ്രീ-മൺസൂൺ പ്രവൃത്തികൾക്കായി 12.75 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുവദിച്ച വിഹിതത്തിൽനിന്നും 19 പ്രവൃത്തികൾക്കായി 1,37,65,423 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്കാണ് തുക ചെലവഴിക്കുന്നത് നടപ്പിൽവരിക.

**കൊച്ചി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

42 (1198) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡുണ്ടെന്ന് അറിയിക്കുമോ?

കൊച്ചി നിയോജകമണ്ഡലത്തിൽ 58.695 കിലോമീറ്റർ പൊതുമരാമത്ത് റോഡുണ്ട്.

(ബി) 2022-23 ബഡ്ജറ്റിൽ പ്രവൃത്തിയുടെ മൊത്തം എസ്റ്റിമേറ്റിന്റെ 20% തുക വകയിരുത്തിയ കൊച്ചി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

1. lmprovements to P.T. Jacob road ch. 0/000 to 1/900.

2. lmprovements to Kumbalangi - Kandakkadavu road.

3. lmprovements to Puthenthodu GAP road Ch.0/000 to 1/500

4. Improvements to Kattiparambu - Kalathra road Ch.0/000 to 1/500.

5. lmprovements to Amaravathy road Ch.1/000 to 2/120.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തികൾക്ക് 21-6-2022-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡ് സുരക്ഷാ അതോറിറ്റി**

43 (1199) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റോഡ് സുരക്ഷാ അതോറിറ്റി/കൗൺസിൽ എന്നാണ് നിലവിൽ വന്നത്; അതിന്റെ ഘടന എന്താണെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകൃതമായത് 31-1-2009-ലാണ്. കൗൺസിലിന്റെ ആദ്യയോഗം നടന്നത് 23-7-2009-ലാണ്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ ഘടന ചുവടെ ചേർക്കുന്നു.

1. ജില്ലാ കളക്ടർ - എക്സ്-ഒഫിഷ്യോ ചെയർമാൻ.

2. ജില്ലാ പോലീസ് മേധാവി - എക്സ്-ഒഫിഷ്യോ.

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും)- എക്സ്-ഒഫിഷ്യോ.

4. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയപാതകൾ) - എക്സ്-ഒഫിഷ്യോ.

5. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ - എക്സ്-ഒഫിഷ്യോ - മെമ്പർ സെക്രട്ടറി.

6. നാമനിർദ്ദേശം ചെയ്യുന്ന റോഡ് സുരക്ഷാ രംഗത്തെ വിദഗ്ധൻ.

(ബി) നിലവിലുള്ള ചട്ടങ്ങൾപ്രകാരം റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗം വർഷത്തിൽ എത്ര തവണ ചേരേണ്ടതുണ്ട്; 2022-23 വർഷത്തിൽ എത്ര യോഗങ്ങൾ ചേർന്നുവെന്ന് വ്യക്തമാക്കാമോ?

ചട്ടപ്രകാരം റോഡ് സുരക്ഷാ അതോറിറ്റി 6 മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണം. 9-3-2022-ൽ കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ചേർന്നിട്ടുണ്ട്. 2022-23 വർഷത്തിൽ യോഗങ്ങൾ ഒന്നും ചേർന്നില്ല.

(സി) പ്രസ്തുത യോഗങ്ങളിൽ പാലക്കാട് ജില്ലയിലെ റോഡ് സുരക്ഷ സംബന്ധിച്ച് ചർച്ച ചെയ്ത വിഷയങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ചേർന്ന യോഗങ്ങളുടെ മിനിറ്റ്സിന്റെ കോപ്പി ലഭ്യമാക്കാമോ?

പ്രസ്തുത യോഗങ്ങളിൽ പാലക്കാട് ജില്ലയിലെ റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികൾ ഒന്നും പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. 9-3-2022-ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## പ്രീ മൺസൂൺ കാലയളവിലെ അറ്റകുറ്റപ്പണികൾ

44 (1200) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന രീതി പിന്തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ നടപ്പ് സാമ്പത്തിക വർഷം പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാന റോഡുകളിൽ പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന രീതി പിന്തുടരാറുണ്ട്. സാമ്പത്തിക വർഷം പ്രീ മൺസൂൺ പ്രവൃത്തികൾക്കായി 1,275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. മേൽപ്രവൃത്തികളുടെ ബില്ല് ലഭ്യമാകുമ്പോഴാണ് ചെലവഴിക്കപ്പെടുക. കൂടാതെ 302.286 കോടി രൂപയുടെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളും നടന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മനയ്ക്കക്കടവ്-മൊറക്കാല-പിണർമുണ്ട റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണം

45 (1201) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കക്കടവ്-മൊറക്കാല-പിണർമുണ്ട റോഡിന്റെ സംരക്ഷണ ഭിത്തി തകർന്നതുമൂലമുള്ള അപകടസ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തകർന്ന സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച 87.43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) പ്രസ്തുത എസ്റ്റിമേറ്റുപ്രകാരം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## അക്ഷരനഗരി - പൂങ്കാവനം റോഡ്

46 (1202) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കറുകച്ചാൽ-മണിമല റോഡ്, പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ദേശീയപാത 183-എ (കോട്ടയം-കുമളി) എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ചേന്നംപള്ളി ഗ്രാമസേവിനി കവല-നെന്മല-കുമ്പന്താനം-കങ്ങഴ അയ്യപ്പക്ഷേത്രം കവല-സ്രായിപ്പള്ളി-പരുത്തിമൂട് എന്ന കണക്റ്റിവിറ്റി റോഡ്, അക്ഷരനഗരി-പൂങ്കാവനം റോഡ് എന്ന് നാമകരണം ചെയ്ത് ബി.എം.&ബി.സി. ചെയ്ത് നവീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്നാണെന്ന് അറിയിക്കാമോ; ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി എത്രയുംവേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

(എ-സി) ചേന്നംപള്ളി ഗ്രാമസേവിനി കവല-നെന്മല-കമ്പന്താനം-കങ്ങഴ അയ്യപ്പക്ഷേത്രം കവല-സ്രായിപ്പള്ളി-പരുത്തിമൂട് റോഡ് അക്ഷരനഗരി പൂങ്കാവനം റോഡ് എന്ന പേരിൽ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നത് സംബന്ധിച്ച വിഷയം ജി1/231/2021/പൊ.മ.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും ഇക്കാര്യത്തിൽ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് തേടുകയും 4-2-2022-ൽ CE/roads/Plg/90561/2021-2022 പ്രകാരം സർക്കാരിലേയ്ക്ക് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാകുന്നു. 2021-22-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് മതിയായ ബഡ്ജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

## തെന്മല ഡാം പി.ഡബ്ല്യൂ.ഡി. റോഡ് വളവിൽ തുടർച്ചയായ അപകടങ്ങൾ

47 (1203) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ തെന്മല ഡാം (പി.ഡബ്ല്യൂ.ഡി. റോഡ്) വളവിൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തുടർച്ചയായുണ്ടായ അപകടങ്ങളിൽ ഇവിടെ സ്ഥാപിച്ചിരുന്ന സംരക്ഷണഭിത്തി ഉൾപ്പെടെയുള്ളവ തകരുകയും അപകടസാധ്യതയേറുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തുടർച്ചയായ അപകടങ്ങളിൽ ഇവിടെ സ്ഥാപിച്ചിരുന്ന സംരക്ഷണഭിത്തി ഉൾപ്പെടെയുള്ളവ തകരുകയും അപകട സാധ്യതയേറുകയും ചെയ്തതിനാൽ അപകടം ഒഴിവാക്കുന്നതിനുവേണ്ടി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതാണ്.

നിലവിൽ ടി ഭാഗത്ത് അപകടസാധ്യതാ മുന്നറിയിപ്പ് ബോർഡുകളും റോഡ് നിയമങ്ങൾ പാലിച്ച് സഞ്ചരിക്കുന്നതിനുവേണ്ടി സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുള്ളതാണ്. ടി റോഡിലുണ്ടായ എല്ലാ കുഴികളും കരാറുകാരനെക്കൊണ്ട് അടപ്പിച്ച് പൂർവ്വസ്ഥിതിയിലാക്കിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത പ്രദേശത്തെ അപകടസാധ്യത കുറയ്ക്കുന്നതിനായി പ്രത്യേക പഠനം നടത്തി തുടർച്ചയായ അപകടങ്ങൾ ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത ഭാഗത്തിന്റെ ഇരുവശങ്ങളിലും വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയാണ്. ഈ സാഹചര്യത്തിൽ വളവുകൾ നിവർത്തി നവീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## റോഡുകളുടെ അറ്റകുറ്റപ്പണികൾ

48 (1204) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി ഓരോ കാലയളവിലും റോഡിൽ ഉണ്ടായിട്ടുള്ള കുഴികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും സമയബന്ധിതമായി കുഴികൾ അടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2021 ജൂലൈ മാസത്തിൽ സംസ്ഥാനത്തെ റോഡുകളിൽ എത്ര കുഴികൾ ഉണ്ടായിരുന്നുവെന്നും 2022 ജൂലൈ മാസത്തിൽ അവ എത്രയായി കുറച്ചുവെന്നും വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ സംസ്ഥാനത്തെ നിരത്തുകളിൽ മുൻവർഷം ജൂലൈ മാസത്തിലേതിനെക്കാൾ കുഴികൾ നിലവിൽ കുറവാണെന്ന് വകുപ്പുമന്ത്രി പ്രസ്താവന നടത്തിയത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡുകളിൽ കുഴികൾ സമയബന്ധിതമായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ പൊതുസ്ഥിതി പരിശോധിച്ചാണ് കുഴികൾ അടയ്ക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ നടത്തുന്നത്. 2021 മേയ് 20-നശേഷം കേരളത്തിലെ റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റോഡുകൾ മുൻവർഷത്തെക്കാളും മെച്ചപ്പെട്ട നിലയിലേയ്ക്ക് മാറി. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 346 റോഡുകൾ നിലവാരം ഉയർത്തി നവീകരിച്ചിട്ടുണ്ട്. ഈ റോഡുകൾ പലതും മുൻകാലങ്ങളിൽ ശോചനീയമായ സാഹചര്യത്തിലായിരുന്നു. റോഡ് പ്രവൃത്തികൾ സമയക്രമം പാലിച്ച് പൂർത്തീകരിക്കുന്നതിൽ നടത്തിയ ഇടപെടലാണ് ഇത്തരമൊരു നേട്ടം സാധ്യമാക്കിയത്. കേരളത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരിക്കുകയും ചെയ്ത റോഡുകൾ പലതും ശോചനീയമാണെന്ന് മുൻവർഷത്തിൽ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കിഫ്ബിയുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയിൽ ഇത്തരം റോഡുകളിൽ അറ്റകുറ്റപ്പണി നടത്താൻ തീരുമാനിക്കുകയും പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്തു. ഈ റോഡുകളിൽ 2021 നവംബർ മാസം മുതൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. മുൻവർഷം ശോചനീയമായിരുന്നെന്ന് എം.എൽ.എ.-മാർ തന്നെ പരാതി പറഞ്ഞിരുന്ന പല റോഡുകളും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. റോഡുകളുടെ പരിപാലനം ഉറപ്പിക്കാൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. 2021 ഡിസംബറിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. റോഡിലെ കുഴി അടയ്ക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ റണ്ണിംഗ് കോൺട്രാക്ടിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. 12322 കിലോമീറ്റർ ദൂരം റോഡാണ് റണ്ണിംഗ് കോൺട്രാക്ടിന്റെ പരിധിയിൽ പരിപാലിക്കപ്പെടുന്നത്. മുൻവർഷങ്ങളിൽ അറ്റകുറ്റപ്പണി ആവശ്യം ഉയർന്ന റോഡുകളിലാണ് പ്രധാനമായും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കിയത്. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9200 കിലോമീറ്റർ റോഡ് മഴക്കാല പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തിയും പരിപാലിക്കുന്നു. ഇതിനുപുറമെ പരിപാലന കാലാവധിയിലുള്ള റോഡിന്റെ പരിപാലനം നടക്കുന്നത് ഉറപ്പുവരുത്തുന്നതിന് DLP വിവരങ്ങൾ പ്രസിദ്ധപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും നമ്പരുകൾ ഉൾപ്പെടുത്തിയാണ് ബോർഡുകൾ സ്ഥാപിച്ചത്. ഇത്തരം റോഡുകൾ ഭൂരിഭാഗവും മികച്ച രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ട്. ഈ വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം റോഡിലെ കുഴികളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെന്ന് കാണാനാവും.

## വാതക പൈപ്പ് ലൈൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഗതാഗതപ്രശ്നങ്ങൾ

49 (1205) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിക്കായി സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിച്ചതുമൂലം വാഹന, കാൽനട യാത്രക്കാർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ഇടങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വാതക പൈപ്പ് ലൈൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകുമോ?

ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മലപ്പുറം നിയോജകമണ്ഡലത്തിലെ ചെളൂർ-ചാപ്പനങ്ങാടി റോഡിൽ വാതക പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലമുണ്ടായ അപകടമരണവും ഗതാഗത തടസ്സങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനിയുടെ വാതക പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ റോഡിലുണ്ടാകുന്ന ഗതാഗത തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർമ്മിച്ച കുഴികൾ GSB, WMM എന്നിവ ഉപയോഗിച്ച് സ്പെസിഫിക്കേഷൻ പ്രകാരം നികത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കുഴികൾമൂലം പൊതുജനങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്ക് അപകടം സംഭവിക്കാതിരിക്കാൻ അവയ്ക്ക് ചുറ്റും സുരക്ഷാമുൻകരുതൽ ക്രമീകരണങ്ങളും ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) എത്രയുംവേഗം പൈപ്പ് ലൈനിന്റെ പണികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകി ബി.എം.&ബി.സി. നിലവാരത്തിൽ റോഡിന്റെ പണികൾ ആരംഭിക്കുമോ?

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനിയുടെ വാതക പൈപ്പ് ലൈൻ പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാൻ കരാറുകാർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയാലുടൻ ബി.എം.&ബി.സി. പ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

50 (1206) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗം മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച 9 പ്രവൃത്തികളിൽ 4 എണ്ണം പുരോഗതിയിലാണ്. 5 പ്രവൃത്തികളുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

51 (1207) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്; പ്രസ്തുത റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുപ്രവൃത്തികൾ അനുബന്ധം-I* ആയി ചേർത്തിരിക്കുന്നു. കെ.എസ്.റ്റി.പി.-യുടെ കീഴിൽ റോഡ് മെയിന്റനൻസിനുവേണ്ടി 7 വർഷത്തെ കരാർ വ്യവസ്ഥയുള്ള ഒ.പി.ബി.ആർ.സി. (OPBRC) പ്രവൃത്തി നടക്കുന്നുണ്ട്.

(ബി) കരാറുകാർ അനുവദനീയ സമയത്തിനുള്ളിൽ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കാത്ത റോഡുകളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ഉണ്ട്. നിരത്തുവിഭാഗത്തിനുകീഴിൽ വരുന്ന റോഡ് പ്രവൃത്തികൾ അനുബന്ധം-II * ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് റിസ്ക് & കോസ്റ്റിൽ പുനക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റോഡ് നിർമ്മാണം

52 (1208) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതവും ദീർഘകാലം നിലനിൽക്കുന്നതുമായ റോഡുകൾ നിർമ്മിക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി നിരത്ത് വിഭാഗത്തിനുകീഴിലെ എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നടപ്പാക്കിവരുന്നു. ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലനച്ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗരപാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്നവയാണ്. അനുയോജ്യമായ റോഡുകൾ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് മഴയുടെ അളവ് മുൻകാലങ്ങളിൽനിന്നും അധികമായതിനാൽ റോഡുകളുടെ സംരക്ഷണത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന അതിവർഷംമൂലം നിരത്ത് വിഭാഗത്തിനുകീഴിലെ റോഡുകൾക്ക് സാരമായ തകരാറുണ്ടാകുന്നുണ്ട്. റോഡുകളിലൂടെയുള്ള ശക്തമായ വെള്ളപ്പാച്ചിൽ, വെള്ളക്കെട്ട് എന്നിവമൂലം റോഡുകൾക്ക് തകരാറുകൾ സംഭവിക്കുന്നു. റോഡുകൾ ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് ലക്ഷ്യം. ആയത് ഒഴിവാക്കുന്നതിനായി ഫണ്ട് ലഭ്യത കണക്കിലെടുത്തും സ്ഥലലഭ്യതയനുസരിച്ചും അവശ്യംവേണ്ട ഓടകളും കലുങ്കുകളും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ച് നടപ്പാക്കിവരുന്നു. മലയോരപ്രദേശങ്ങളിൽ ചരിവുകളുടെ സംരക്ഷണത്തിനായി സംരക്ഷണഭിത്തികളുടെ നിർമ്മാണത്തിനും പ്രാമുഖ്യം നൽകിവരുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി

ഓടകൾ, കലുങ്ക് എന്നിവയിലൂടെ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളിലെ കുഴിയടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള മണ്ണ് നീക്കംചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. റോഡ് നിർമ്മാണ സമയത്ത് നവീന സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയും നിലവാരം ഉയർത്തുന്നുണ്ട്.

**ദേശം-വല്ലംകടവ് റോഡ് വികസനം**

53 (1209) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ മണ്ഡലത്തിലെ ദേശം-വല്ലംകടവ് റോഡ് വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ദേശം വല്ലംകടവ് റോഡിന് 81.09 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 204.52 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 32.11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 8-3-2022-ലെ PE-2/3232/2019/KIIFB നമ്പർ കത്ത് പ്രകാരം കിഫ്ബിയുടെ ഫുൾഡെപ്ത് റിക്ലമേഷൻ (FDR) സാങ്കേതികവിദ്യാ വിഭാഗത്തിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 12m വീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനുള്ള എസ്റ്റിമേറ്റ് ഫീൽഡ് ഓഫീസിൽനിന്ന് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചതിനുശേഷം പരാമർശങ്ങൾക്കനുസരിച്ചുള്ള പ്രൈസ് എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയും.

**റോഡുകളിലെ അറ്റകുറ്റപ്പണികൾ**

54 (1210) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത അതോറിറ്റിക്ക് കൈമാറിയ റോഡുകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ദേശീയപാത അതോറിറ്റിക്കുകീഴിലെ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിലെ ആവശ്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

(എ&ബി) ദേശീയപാത അതോറിറ്റിക്ക് കൈമാറി നൽകിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത് NHAI ആണ്. NHAI-യെ ഏൽപ്പിച്ചിട്ടുള്ള ദേശീയപാതയിൽ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താനും ഫണ്ട് ലഭ്യമാക്കാനും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗവും സംസ്ഥാന സർക്കാരും 2020 മുതൽ NHAI-യ്ക്ക് നിരന്തരം കത്തുകൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ സ്ട്രെച്ചുകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണി നടത്തുന്നതിന് fixed amount per kilometer രീതിയിൽ തുക അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### കുറ്റ്യാടി മണ്ഡലത്തിലെ തകർന്ന റോഡുകൾ

55 (1211) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഈ മഴക്കാലത്ത് തകർന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

നിരത്ത് വിഭാഗത്തിനുകീഴിലുള്ള കുളങ്ങരത്-അശ്രർ-ഉളികപ്പുഴ റോഡ്, നങ്ങേലികണ്ടിമുക്ക്-വളയന്നൂർ റോഡ്, പള്ളിയത്ത്-പെരുവയൽ റോഡ്, വട്ടോളി-പാതിരിപ്പറ്റ റോഡ്, കടത്തനാടൻ കല്ല് - ഞല്ലൊരപ്പള്ളി റോഡ്, ചാലിൽ മുക്ക് കോട്ടക്കമണ്ണിൽ റോഡ്, കുനിങ്ങാട് പുറമേരി-വെട്ടുമ്മൽ റോഡ്, എസ്. മുക്ക്, വള്ളിയാട്-കോട്ടപ്പള്ളി-തിരുവള്ളൂർ-തിരുവള്ളൂർ ആയഞ്ചേരി റോഡ്, ആയഞ്ചേരി തെരു-അശ്രർ-കല്ലുംപുറം റോഡ് എന്നീ റോഡുകളും കെ.ആർ.എഫ്.ബി.-ക്ക് കീഴിലുള്ള വടകര വില്ല്യാപ്പള്ളി-ചേലക്കാട് റോഡ്, കുട്ടോത്ത് അട്ടക്കുണ്ട് റോഡ് എന്നീ റോഡുകളുമാണ് ഈ മഴക്കാലത്ത് കാര്യമായ കേടുപാടുകൾ സംഭവിച്ച റോഡുകൾ.

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

തകർന്ന റോഡുകൾ പ്രീ മൺസൂൺ പ്രവൃത്തിയിലും റണ്ണിംഗ് കോൺട്രാക്റ്റിലും ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകൾ

56 (1212) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഗതാഗതയോഗ്യമല്ലാതെ തകർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന നിള ഹോസ്പിറ്റൽ ഐ.പി.റ്റി. റോഡ്, പട്ടാമ്പി ആമയൂർ റോഡ് എന്നീ റോഡുകളിൽ ചിലയിടങ്ങളിൽ കുഴികൾ രൂപപ്പെട്ടിരുന്നു. പ്രസ്തുത റോഡുകൾ കെ.ആർ.എഫ്.ബി.-യുടെ മേൽനോട്ടത്തിൽ പുനരുദ്ധാരണം നടത്തിവരുന്നു.

<u>നിള ഹോസ്പിറ്റൽ ഐ.പി.റ്റി. റോഡ്</u>:- ടി പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 79.01 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 35 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പോക്കുപ്പടി മുതൽ മേലേ പട്ടാമ്പി ജംഗ്ഷൻ വരെ പൂർത്തീകരിച്ചിട്ടുണ്ട്. കനത്ത മഴയെത്തുടർന്ന് പുതുതായി രൂപപ്പെട്ട കുഴികൾ അടയ്ക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>പട്ടാമ്പി ആമയൂർ റോഡ്</u>:- പ്രസ്തുത റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു. ടി റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 25 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ 30% പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ റോഡിലെ കുഴികളെല്ലാം അടച്ചിട്ടുണ്ട്.

(സി) തിരുവേഗപ്പുറ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ?

തിരുവേഗപ്പുറ-പള്ളിപ്പുറം റോഡ് കിലോമീറ്റർ 0/000-5/025 വരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി തിരുവേഗപ്പുറ പഞ്ചായത്തിൽ 3 കിലോമീറ്ററും ബാക്കി പരുതൂർ പഞ്ചായത്തിലുമായി 6 കോടിയുടെ പ്രവൃത്തിയും കൈപ്പുറം-വിളത്തൂർ-ചെമ്പ്ര റോഡിൽ 4.50 കിലോമീറ്റർ നവീകരണ പ്രവൃത്തികളും കൊപ്പം-വളാഞ്ചേരി റോഡിൽ 5/025-9/800 വരെ ബി.സി. ഓവർലെ പ്രവൃത്തിയും നടക്കുന്നുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ ഏതൊക്കെയാണെന്ന് വിശദാംശങ്ങൾ നൽകാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിലെ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലത്തറ - കൊട്ടുമുണ്ട റോഡ് കിലോമീറ്റർ 3/000 - 5/000

2. മുതുതല ചെറുകുടങ്ങാട് റോഡ് കിലോമീറ്റർ 2/000 - 3/000

3. കുലുക്കല്ലൂർ എരവത്ര റോഡ് കിലോമീറ്റർ 0/000 - 5/000

4. എരവത്ര വല്ലപ്പുഴ റോഡ് കിലോമീറ്റർ 0/000 – 4/000

5. കുലുക്കല്ലൂർ - റെയിൽവേ സ്റ്റേഷൻ മാരായമംഗലം റോഡ് കിലോമീറ്റർ 0/000 - 5/000.

കിഫ്ബി ധനസഹായത്തോടെ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് കെ.ആർ.എഫ്.ബി. നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ നിള ഹോസ്റ്റൽ ഐ.പി.റ്റി. റോഡ്, പട്ടാമ്പി ആമയൂർ റോഡ് എന്നിവയാണ്.

## സംസ്ഥാനത്തെ റോഡുകൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽനിന്നും ലഭിക്കുന്ന വിഹിതം

57 (1213) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽനിന്നും ലഭിക്കുന്ന വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; സി.ആർ.എഫ്. റോഡുകൾക്ക് സംസ്ഥാന സർക്കാർ തുക വകയിരുത്തേണ്ടതുണ്ടോ; വിശദമാക്കാമോ?

പെട്രോളിന്റെയും ഹൈസ്പീഡ് ഡീസൽ ഓയിലിന്റെയും സംസ്ഥാനങ്ങളുടെ വ്യാപാരത്തിൽ കേന്ദ്രസർക്കാർ പിരിക്കുന്ന സെസ് തുകയിൽനിന്നും സംസ്ഥാന വിഹിതം കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും കണക്കാക്കുന്നു. ഓരോ സംസ്ഥാനത്തിന്റെയും ഇന്ധന ഉപഭോഗത്തിന് 30% വെയിറ്റേജും വിസ്തീർണ്ണത്തിന്റെ 70% വെയിറ്റേജും അടിസ്ഥാനമാക്കിയാണ് സംസ്ഥാന വിഹിതം അനുവദിക്കുന്നത്. സംസ്ഥാന സർക്കാർ തുക വകയിരുത്തേണ്ടതില്ല.

(ബി) കേന്ദ്ര റോഡ് ഫണ്ടിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് ആരാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അറിയിക്കാമോ; ഏതൊക്കെ സമയങ്ങളിലാണ് ആയവ സമർപ്പിക്കേണ്ടതെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം CRIF സ്കീമിൽ ഉൾപ്പെടുത്തുന്ന പദ്ധതികളുടെ പ്രൊപ്പോസലുകൾ അതത് സ്ഥലത്തെ ദേശീയപാത വിഭാഗം എഞ്ചിനീയർമാർ പരിശോധിച്ച് CRIF സ്കീമിൽ ഉൾപ്പെടുത്താൻ ആവശ്യമായ രേഖകൾ സഹിതം ജില്ല തിരിച്ച് പട്ടിക തയ്യാറാക്കി നൽകുകയും അവ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്ന പട്ടികയിൽ നിന്നാണ് കേന്ദ്ര സർക്കാർ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നത്. എല്ലാ സാമ്പത്തിക വർഷവും പട്ടിക തയ്യാറാക്കി സമർപ്പിക്കാറുണ്ട്.

(സി) സംസ്ഥാന സർക്കാർ നൽകുന്ന മുൻഗണനാ ക്രമമനുസരിച്ചാണോ കേന്ദ്ര റോഡ് ഫണ്ട് അനുവദിക്കുന്നതെന്ന് അറിയിക്കാമോ; ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പട്ടികയിൽനിന്നും കേന്ദ്രം അംഗീകാരം നൽകുകയാണ് രീതി.

(ഡി) 2021-22 വർഷത്തെ കേന്ദ്ര റോഡ് ഫണ്ടിൽനിന്നും സംസ്ഥാനത്തെ ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്ന് ലോകസഭാ മണ്ഡലങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; വയനാട് ലോകസഭാ മണ്ഡലത്തിൽമാത്രം ഭൂരിഭാഗംഫണ്ടും അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; കേന്ദ്ര റോഡ് ഫണ്ടിന്റെ സപ്ലിമെന്ററി ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാനുണ്ടോ?

2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രറോഡ് ഫണ്ടിൽനിന്നും സംസ്ഥാനത്തിന് ഒരു പ്രവൃത്തിക്കും അംഗീകാരം ലഭിച്ചിട്ടില്ല.

(ഇ) കേന്ദ്ര റോഡ് ഫണ്ടിനായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും റോഡുകളുടെയോ പാലങ്ങളുടെയോ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ; നിലമ്പൂർ ഉൾപ്പെടുന്ന ഭാഗത്തെ പ്രവൃത്തികൾക്കായുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽനിന്നും CRIF സ്കീമിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. CRIF സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ സമർപ്പിക്കുന്നത് ദേശീയപാതാ വിഭാഗം ഉദ്യോഗസ്ഥരാണ്.

## പൊതുമരാമത്ത് റോഡിന്റെ വികസനം

58 (1214) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് റോഡിന്റെ പ്രവൃത്തി നടത്തുന്നതിനുമുമ്പുതന്നെ ആ റോഡിലുള്ള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), PMG Portal, RoW Portal, Constituency Monitoring team എന്നിവ നിലവിലുണ്ട്. കൂടാതെ 7-1-2022-ലെ ജി.ഒ.(ആർ.ടി.) നമ്പർ 20/2022/പൊ.മ.വ. പ്രകാരം ജലവിഭവ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും പൊതുമരാമത്ത് വകുപ്പ് ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിരസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24-2-2022-ലെ ജി.ഒ.(എം.എസ്)നമ്പർ 8/2022/പൊ.മ.വ. പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കുതന്നെ മേൽ ഉത്തരവുപ്രകാരം നിക്ഷിപ്തമാക്കിയിട്ടുണ്ട്.

എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ PMG Portal മുഖേന ത്വരിതപ്പെടുത്തിവരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW Portal മുഖേനയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ നടപ്പാക്കുന്ന പ്രവൃത്തികൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിലൂടെ വാട്ടർ അതോറിറ്റിക്ക് മുൻകൂറായി തങ്ങളുടെ പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് സാധിക്കുന്നതാണ്.

## താഴെ തിരുവമ്പാടി-മണ്ടാം കടവ് റോഡ്

59 (1215) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ താഴെ തിരുവമ്പാടി-മണ്ടാം കടവ് റോഡുനിർമ്മാണം കരാറുകാരന്റെ അനാസ്ഥമൂലം ടെർമിനേറ്റ് ചെയ്തതിനാലും കേസ് നടപടികളിൽ ഉൾപ്പെട്ടതിനാലും പ്രതിസന്ധിയിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിന് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. Counter Affidavit സമർപ്പിച്ചിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ അഡ്വക്കറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ റോഡുകൾ

60 (1216) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിനുകീഴിൽ വരുന്ന റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകൾ ഏറ്റവും ഒടുവിൽ പുനരുദ്ധാരണം പൂർത്തിയാക്കിയത് എന്നാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) അനുബന്ധം-1*, 2* ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത റോഡുകളിൽ നിലവിൽ അടിയന്തരമായി പുനരുദ്ധാരണം ആവശ്യമുള്ളവ ഏതെല്ലാമാണെന്നും അതിൽ തുക വകയിരുത്തിയിട്ടുള്ളതും തുക വകയിരുത്തിയിട്ടില്ലാത്തതുമായവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

61 (1217) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സെൻട്രൽ ജംഗ്ഷൻ, മലപ്പുറം-മഞ്ചേരി റോഡ്, കച്ചേരിപ്പടി, മഞ്ചേരി-ഒലിപ്പുഴ റോഡ്, നാട്ടുകാണി-പരപ്പനങ്ങാടി റോഡ്, മുള്ളിയാക്കുറിശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ, പാണ്ടിക്കാട്-വണ്ടൂർ-വടപുരം റോഡിൽ ഒറവംപുറം പാലം മുതൽ മരാട്ടപ്പടി പാലം വരെ; ചെരണി പന്നിപ്പാറ റോഡ്, മഞ്ചേരി ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെ, പയ്യനാട് അങ്ങാടി, മാലാങ്കുളം-ചെറാങ്കുത്ത്-ചെറുകുളംറോഡ്, മഞ്ചേരി-സെക്കന്റ് ബൈപ്പാസ് എന്നിവ പൂർണ്ണമായും തകർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളിൽ അടിയന്തരമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സെൻട്രൽ ജംഗ്ഷൻ മഞ്ചേരി, കേരള വാട്ടർ അതോറിറ്റിയുടെ കിഫ്ബി പ്രവൃത്തിയായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഉണ്ടായിരുന്നു. ഇപ്പോൾ ബിറ്റുമിൻ മെക്കാഡം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

മഞ്ചേരി-മലപ്പുറം റോഡിൽ കച്ചേരിപ്പടിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കേജുമൂലം റോഡ് തകർന്നിരുന്നു. ആയത് വാട്ടർ അതോറിറ്റി താൽക്കാലികമായി ജി.എസ്.ബി., കോൺക്രീറ്റ് എന്നിവ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. മഴ മാറുന്ന മുറയ്ക്ക് പാച്ച് വർക്ക് പൂർത്തീകരിക്കാൻ സാധിക്കും.

നാട്ടുകാണി പരപ്പനങ്ങാടി റോഡ് ഡി.എഫ്.ഐ.പി. പദ്ധതി ആരംഭിച്ചപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം ഡി.എൽ.പി. നിലവിലുണ്ടായിരുന്ന ഭാഗങ്ങൾ ഒഴിവാക്കിയാണ് പൂർത്തീകരിച്ചത്. പ്രസ്തുത ഭാഗങ്ങൾ ഉൾപ്പെടുത്തി 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചത് സർക്കാർ പരിഗണനയിലാണ്.

ചെരണി-പന്നിപ്പാറ റോഡ്, മാലാംകുളം-ചെറുകുന്ന്, മുള്ളിയാംകുറിശ്ശി പാണ്ടിക്കാട് റോഡ് (പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ) തുടങ്ങിയ റോഡുകൾ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് നവീകരണം സാധ്യമാക്കാം.

മഞ്ചേരി-ഒലിപ്പുഴ റോഡ് നവീകരണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-പി.എം.യു.-വിനാണ് ഇതിന്റെ ചുമതല. അറ്റകുറ്റപ്പണികൾക്കായി നേരത്തെ 5 ലക്ഷം രൂപ കെ.ആർ.എഫ്.ബി.-പി.എം.യു.

അനുവദിച്ചിരുന്നു. എന്നാൽ പാച്ച്‌വർക്കിന്റെ ഡി.എൽ.പി. 9-7-2022 വരെ നിലനിൽക്കുന്നതിനാൽ ആ വർക്ക് നടത്തിയിരുന്നില്ല. കനത്തമഴയ്ക്കുശേഷം റോഡിലെ നിലവിലെ അവസ്ഥകൂടി പരിഗണിച്ച് 23 ലക്ഷം രൂപ അറ്റകുറ്റപ്പണിക്ക് വീണ്ടും അനുവദിച്ചിട്ടുണ്ട്. ടെണ്ടർ പൂർത്തിയാക്കി അറ്റകുറ്റപ്പണി ഉടൻ ആരംഭിക്കും.

(സി) ഗതാഗതം സുഗമമാക്കുന്നതിന് പ്രസ്തുത റോഡുകളിൽ ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മഞ്ചേരി ഒലിപ്പുഴ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് 20-8-2016-ൽ 10 കോടി രൂപയുടെ ഭരണാനുമതിയും 14-3-2018-ൽ 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനായി 17-6-2019-ന് കൂടിയ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നെങ്കിലും സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്താൻ ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചു. തുടർന്ന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിഗണിക്കുന്നതാണെന്നും തീരുമാനിച്ചു. 19-1-2021-ലെ ഉത്തരവുപ്രകാരം 0.637 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്, തുടർന്ന് 6(1) വിജ്ഞാപനം 9-6-2022-ൽ പുറപ്പെടുവിച്ചു. 13.6 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ റിവ്യൂ ചെയ്യുന്നതിന് കിഫ്ബി നാറ്റ്പാക് (NATPAC)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**ഉള്ളൂർ-ആക്കുളം റോഡ് നിർമ്മാണം**

62 (1218) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഉള്ളൂർ-ആക്കുളം റോഡ്, പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

പൈപ്പ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എഗ്രിമെന്റ് വയ്ക്കുകയും 3-12-2018-ന് പൈപ്പിടലിനായി അനുവാദം നൽകുകയും 10-1-2019 മുതൽ കട്ടിംഗ് തുടങ്ങുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയാക്കുന്നത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

പതിനാറോളം പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

1-1-2022-ന് കേരള വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയുണ്ടായി. കുഴിയുടെ ആഴം 6 മീറ്ററിൽ കൂടുതലും വീതി 2.5 മീറ്റർ വരെയും ഉണ്ടായിരുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയുമായി ജോയിന്റ് ഇൻസ്പെക്ഷനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2022 ഏപ്രിൽ മാസത്തിൽ സർക്കാർ ഭരണാനുമതി നൽകുകയും 2022 ഏപ്രിൽ 29-ാം തീയതി റെസ്റ്റോറേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ വെറ്റ് മിക്സ് വരെയുള്ള പ്രവൃത്തി കഴിഞ്ഞിട്ടുള്ളതാണ്. മഴ കുറയുന്ന മുറയ്ക്ക് ആഗസ്റ്റ് മാസം അവസാനത്തോടെ റെസ്റ്റോറേഷൻ പ്രവൃത്തിയിൽ ഉൾപ്പെടെ ബി.എം. പ്രവൃത്തി ചെയ്ത് റോഡ് സഞ്ചാരയോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കോടഞ്ചേരി-കക്കടംപൊയിൽ മലയോര ഹൈവേ അലൈൻമെന്റിൽ മാറ്റം

63 (1219) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ കോടഞ്ചേരി-കക്കടംപൊയിൽ റീച്ചിൽ 24.350 കി.മീ. മുതൽ 31.740 കി.മീ. വരെയുള്ള അലൈൻമെന്റ് മാറ്റണമെന്നും മാറ്റുന്നയിടത്ത് പി.ഡബ്ല്യൂ.ഡി. നിലവാരത്തിൽ സർവ്വീസ് റോഡ് നിർമ്മിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; പ്രസ്തുത അലൈൻമെന്റ് മാറ്റത്തിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി മാനദണ്ഡങ്ങൾപ്രകാരം ഹിൽ ഹൈവേ നിലവാരത്തിൽ പ്രസ്തുത അലൈൻമെന്റിലൂടെ റോഡ് നിർമ്മാണത്തിനുള്ള പ്രാവർത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പി.ഡബ്ല്യൂ.ഡി. നിലവാരത്തിൽ ഒരു കണക്റ്റിംഗ് റോഡ് (സർവ്വീസ് റോഡ്)-ന്റെ സാധ്യതകൾ പരിശോധിക്കാൻ കിഫ്ബിയുടെ ഇൻസ്പെക്ഷൻ സമയത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളുടെ പുനരുദ്ധാരണം**

64 (1220) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ നിർമ്മാണപ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി നിരന്തരം റോഡുകൾ പൊളിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഇത് ഒഴിവാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത സംവിധാനം പരാജയപ്പെടാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി റോഡുകൾ കുഴിക്കുമ്പോൾ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുകകൂടി അനുവദിക്കുന്നുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കാത്തതിനാൽ പല റോഡുകളും തകർന്നുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിലുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിനും വിവിധ ഏജൻസികളുടെ കാര്യക്ഷമമായ ഏകോപനത്തിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) ഇതര ഏജൻസികൾ റോഡ് പൊളിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായും വിവിധ കേബിളുകൾ സ്ഥാപിക്കുന്നതിനായും പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7-1-2022-ലെ സ.ഉ.(സാധാ)നമ്പർ 20/2022/പൊ.മ.വ. പ്രകാരം ജലവിഭവ വകുപ്പ് പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും പൊതുമരാമത്ത് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായും സ്ഥിരസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പുകൾ

സ്ഥാപിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24-2-2022-ലെ സ.ഉ.(കൈ)നമ്പർ 8/2022/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി നിർമ്മിച്ച റോഡുകളിൽ ഒരു വർഷക്കാലാവധിക്കുള്ളിൽ, അടിയന്തര ഘട്ടങ്ങളിലൊഴികെ റോഡ് കുഴിക്കുന്നതിന് അനുമതി നൽകാറില്ല. വിവിധ വകുപ്പുകളുടെ പ്രവൃത്തികൾ ഏകോപിപ്പിക്കാനായി RoW Portal, PMG Portal, DICC, Constituency Monitoring team എന്നിവയും നിലവിലുണ്ട്. റോഡ് കുഴിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷകൾ എല്ലാം RoW Portal മുഖേനയാണ് സ്വീകരിച്ചുവരുന്നത്. ഈ പോർട്ടലിൽ വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്ന അവസരങ്ങളിൽ സ്ഥലലഭ്യത അനുസരിച്ച് പ്രത്യേക ഡക്ടുകൾ ഉണ്ടാക്കി കേബിളുകളും പൈപ്പുകളും അതിലൂടെ സ്ഥാപിക്കാൻ 24-2-2022-ലെ സ.ഉ.(കൈ)നമ്പർ 8/2022/പൊ.മ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മേൽ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. വിവിധ വകുപ്പുകൾ പൈപ്പ്/കേബിൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം ചില റോഡുകൾക്ക് തകരാറുകൾ സംഭവിക്കുന്ന വിഷയത്തിൽ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാറുണ്ട്.

**റോഡുകളിലെ കുഴിയടയ്ക്കണമെന്ന ഹൈക്കോടതി നിർദ്ദേശം**

65 (1221) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളിലും പൊതുമരാമത്ത് റോഡുകളിലുമുള്ള കുഴിയടയ്ക്കണമെന്ന കേരള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുഴിയടയ്ക്കൽ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാതാ അതോറിറ്റിക്ക് കീഴിലെ ദേശീയപാത അറ്റകുറ്റപ്പണി നടത്തേണ്ട ചുമതല ദേശീയപാത അതോറിറ്റിക്കാണ്. ദേശീയപാതയിലെ കുഴികളെ സംബന്ധിച്ച് നിരന്തരം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിപാലനത്തിനായി Ordinary Repair(OR)-ലും Flood Damage Repair(FDR)-ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ

റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി ലഭിക്കാറുണ്ട്. ഇതുപയോഗിച്ച് സ്ഥായിയായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ FDR-ൽ ഉൾപ്പെടുത്തി 538.93 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി കേന്ദ്രറോഡ് ഗതാഗത മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ 8.45 കോടി രൂപ FDR-ൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 14 പ്രവൃത്തികൾക്ക് 81,84,961.16 രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു.

നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നോൺ-പ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 2100 കി.മീ. റോഡുകളിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. എല്ലാ റോഡുകളുടെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ നടപ്പാക്കിവരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തര പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) കുഴിയടയ്ക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ടോയെന്നും ഇപ്പോഴത്തെ കുഴിയടയ്ക്കൽ ഈ മാനദണ്ഡപ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും IRC, MoRTH എന്നിവയിലെ സ്പെസിഫിക്കേഷൻസ് പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾ പ്രകാരവുമാണ് നടത്തുന്നത്. പൊതുമരാമത്ത് റോഡ് നിർമ്മാണപ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പാക്കിവരുന്നത്. കുഴികൾ അടയ്ക്കുന്നതിന് പ്രീമിക്സ്ഡ് പോട്ട്ഹോൾ ഫില്ലിംഗ് മെറ്റീരിയൽ മാനദണ്ഡങ്ങൾക്കനുസൃതമായി ഉപയോഗിച്ചുവരുന്നു. കൂടാതെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന എല്ലാ സാധനസാമഗ്രികളും ബന്ധപ്പെട്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ പരിശോധിച്ച് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ നിന്നുള്ള ഗുണനിലവാര പരിശോധനകൾക്കുശേഷം മാത്രമാണ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്.

(സി) ദേശീയപാതയിൽ പതിവ് അറ്റകുറ്റപ്പണികൾ നടത്തണമെന്നും റോഡിന്റെ ഉപരിതലം അഞ്ചുവർഷത്തിലൊരിക്കൽ പുതുക്കണമെന്നുമുള്ള നിബന്ധനകൾ പാലിക്കാത്ത കമ്പനികളെ ടോൾ പിരിക്കുന്നതിൽനിന്നും തടയുന്നതടക്കമുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

വ്യവസ്ഥകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പൊതുമരാമത്ത് റോഡുകളിൽ ഇപ്പോൾ കാണുന്ന കുഴികൾ എന്നത്തേയ്ക്ക് അടയ്ക്കുമെന്ന് വ്യക്തമാക്കുമോ?

പ്രതികൂല കാലാവസ്ഥയ്ക്കിടയിലും പൊതുമരാമത്ത് വകുപ്പ് നിരത്തുകളിൽ കുഴി അടയ്ക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തിവരികയാണ്.

### മഞ്ചേശ്വരം മണ്ഡലത്തിലെ ഗോവിന്ദ പൈ-നെത്തിലപ്പദവ് റോഡ്

66 (1222) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഗോവിന്ദ പൈ-നെത്തിലപ്പദവ് റോഡ് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിലെ ഗോവിന്ദ പൈ-നെത്തിലപ്പദവ് റോഡ് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പൊ.മ.വ.-പി.എസ്2/153/2022-പൊ.മ.വ. നമ്പർ ഫയലിൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കപ്പെട്ട റോഡുകൾ

67 (1223) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന റോഡുകളുടെ ആകെ നീളം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന റോഡുകളുടെ ആകെ നീളം 151.492 കിലോമീറ്ററാണ്. (9 കി.മീ. കെ.എസ്.ടി.പി. പദ്ധതിക്കായി കൈമാറിയിട്ടുണ്ട്). കെ.എസ്.ടി.പി.-യുടെ കീഴിലുള്ള പ്രസ്തുത തൃശ്ശൂർ-കുറ്റിപ്പുറം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കിലോ മീറ്റർ 6+000 മുതൽ 14+880 വരെയുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-യുടെ അധീനതയിൽ രണ്ട് റോഡുകളുണ്ട്.

1. വടക്കാഞ്ചേരി ബൈപ്പാസ് റോഡ് - 5.10 KM

2. പീച്ചി-വാഴാനി ടൂറിസം കോറിഡോർ പദ്ധതിയിൽപ്പെടുന്ന കുണ്ടുകാട് മുതൽ കരുമാത്ര വരെയുള്ള റോഡ് - 7 Km

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021 മാർച്ച് മാസം വരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നീളം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള 34.359 കിലോമീറ്റർ റോഡ് 2021 മാർച്ച് മാസം വരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി. എന്നിവയുടെ കീഴിലുള്ള റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം നടത്തിയിട്ടില്ല.

(സി) 2021 ഏപ്രിൽ മാസം മുതൽ നാളിതുവരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം നടക്കുന്നതും നടന്നതുമായ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ പേരുവിവരം സഹിതം ആകെ നീളം ലഭ്യമാക്കാമോ?

2021 ഏപ്രിൽ മുതൽ നാളിതുവരെയുള്ള കാലയളവിൽ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ, കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി.-പി.എം.യു. എന്നിവരുടെ കീഴിൽ നടപ്പാക്കുന്ന ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം നടന്നതുമായ റോഡുകളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, II*ആയി ചേർക്കുന്നു.

## റോഡുകളിലെ കുഴികളിൽ വീണ് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം

68 (1224) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണുണ്ടായ അപകടങ്ങളെത്തുടർന്ന് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്?

റോഡ് അപകടങ്ങളെ സംബന്ധിച്ച കണക്കുകൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല.

(ബി) ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകാൻ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

റോഡിലുണ്ടാകുന്ന കുഴികൾ മുഖാന്തരം ഉണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകാൻ നിലവിൽ വ്യവസ്ഥകളില്ല. കെ.എസ്.ടി.പി. റോഡുകൾ കരാറുകാർക്ക് കൈമാറിക്കഴിഞ്ഞാൽ ടി റോഡിന്റെ പരിപാലനം അവരുടെ ചുമതലയാണ്. ടി റോഡുകളിൽ കുഴികൾ മുതലായവമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് ടി കരാറുകാരൻ ഉത്തരവാദിയാണ്. ടി കരാറുകാരൻ നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ ബിൽ തുകയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**പാലാ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

69 (1225) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തിടെയുണ്ടായ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും പാലാ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകൾ തകർന്ന് ഗതാഗതത്തിനും കാൽനടയാത്രയ്ക്കും യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ തകർന്ന റോഡുകൾക്ക് അടിയന്തര പ്രാധാന്യം നൽകി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ സെക്ഷനുകീഴിൽ പാലാ റിവർവ്യൂ റോഡിൽ മീനച്ചിൽ ആറ്റിൽനിന്നും വെള്ളം കയറി റോഡിൽ കുഴികൾ രൂപപ്പെട്ടിരുന്നു. കൂടാതെ പുനലൂർ മൂവാറ്റുപുഴ ഓൾഡ് റോഡിൽ മഹാറാണി തീയേറ്റർ റൗണ്ടാനയ്ക്കു സമീപവും ശക്തമായ മഴ കാരണം കുഴികൾ രൂപപ്പെട്ടിരുന്നു. നിലവിൽ റിവർവ്യൂ റോഡിൽ പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി കുഴികൾ താൽക്കാലികമായി അടച്ചിട്ടുള്ളതും കൂടാതെ ടി റോഡിൽ ബി.സി. ഓവർലേ ചെയ്യുന്നതിനുള്ള പ്രവൃത്തി എഗ്രിമെന്റ്

നടപടിക്രമത്തിലുമാണ്. ഓൾഡ് പുനലൂർ, മൂവാറ്റുപുഴ റോഡ്, മഹാറാണി തീയേറ്റർ റൗണ്ടാന എന്നീ ഭാഗങ്ങളിലെ കുഴികൾ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-2, സോൺ-4 പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിൽ കുഴികൾ അടച്ചിട്ടുണ്ട്.

മേലുകാവ് സെക്ഷനുകീഴിലുള്ള കാഞ്ഞിരം കവല മേച്ചാൽ റോഡിൽ 8 കോടി രൂപയുടെ പ്രവൃത്തി ക്രമീകരിച്ചിരുന്നതും 84 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിരുന്നതുമായിരുന്നു. എന്നാൽ പ്രളയംമൂലം ഏകദേശം 40 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതും നിലവിൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും ഭാവിയിൽ പ്രതികൂല സാഹചര്യംമൂലം തുടർന്നുണ്ടാകാൻ സാധ്യതയുള്ള കേടുപാടുകൾ ഒഴിവാക്കി റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിനും ഇപ്പോഴത്തെ നാശനഷ്ടം പരിഹരിക്കുന്നതുൾപ്പെടെ ഏകദേശം ഒരു കോടി രൂപ ആവശ്യമായി വരുന്നതുമാണ്.

ഈരാറ്റുപേട്ട റോഡ് സെക്ഷനുകീഴിലുള്ള വിവിധ റോഡുകളിൽ മണ്ണിടിച്ചിൽമൂലം ഗതാഗതം തടസ്സപ്പെട്ടതിനെത്തുടർന്ന് വാഹനഗതാഗതം സാധ്യമാകുന്ന രീതിയിൽ നിലവിൽ റോഡ് പുനഃക്രമീകരിച്ചിട്ടുള്ളതും നിലവിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുള്ള ഭാഗങ്ങളിൽ അനുബന്ധ പ്രവൃത്തികൾ ചെയ്തുവരികയുമാണ്.

## ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി-പാതിരപ്പള്ളി സമാന്തര ബൈപ്പാസ്

70 (1226) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി-പാതിരപ്പള്ളി സമാന്തര ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലമെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ സ്ഥലപരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

(എ-ഡി) ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി കിഴക്കൻ ബൈപ്പാസ് എന്ന പ്രവൃത്തിക്ക് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. AC റോഡ്-പള്ളാത്തുരുത്തിയിൽനിന്നും ചുങ്കം റോഡ് വരെയുള്ള 2.94 കി.മീറ്റർ നീളം ആലപ്പുഴ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി DPR തയ്യാറാക്കിയിട്ടുള്ളതാണ്. ചുങ്കം റോഡ് മുതൽ പാതിരപ്പള്ളി വരെയുള്ള 8.062 കിലോമീറ്റർ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആലപ്പുഴ നിരത്തുവിഭാഗം മുഖേന പൂർത്തിയാക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ കെ.ആർ.എഫ്.ബി.-പി.എം.യു. ആലപ്പുഴ വിഭാഗത്തിന് കൈമാറുകയും ചെയ്തു. പ്രസ്തുത റോഡിന്റെ DPR ചീഫ് എഞ്ചിനീയർ ഡിസൈൻ മുഖാന്തരം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ കരട് അലൈൻമെന്റ് സാധ്യത ബഹുമാനപ്പെട്ട ആലപ്പുഴ എം.എൽ.എ.-യുടെ നേതൃത്വത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ്പ്രകാരം DPR തയ്യാറാക്കുന്നതിന് കെ.ആർ.എഫ്.ബി., പി.എം.യു. സൗത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ 19-7-2022-ൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തെ സമീപിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് റോഡുകളിലെ കുഴികൾ അടയ്ക്കാൻ നടപടി**

71 (1227) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സെൻട്രൽ ജംഗ്ഷൻ, മഞ്ചേരി-മലപ്പുറം റോഡിൽ കച്ചേരിപ്പടി എന്നിവിടങ്ങളിലെ റോഡുകളിലെ കുഴികൾ അടയ്ക്കേണ്ടത് വാട്ടർ അതോറിറ്റിയാണെന്ന പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) മലപ്പുറം-മഞ്ചേരി റോഡിൽ കച്ചേരിപ്പടിയിലെയും കോഴിക്കോട്-ഗൂഡല്ലൂർ റോഡിൽ മഞ്ചേരി സെൻട്രൽ ജംഗ്ഷനിലെയും പഴയ പൈപ്പ് ലൈൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. തുകക്ഷി കരാർ ഉടമ്പടിപ്രകാരമാണ് പ്രസ്തുത പ്രവൃത്തി ആരംഭിച്ചത്. ഈ കരാർപ്രകാരം റോഡ് റെസ്റ്റോർ ചെയ്യേണ്ടത് വാട്ടർ അതോറിറ്റി കരാറുകാരൻ തന്നെയാണ്. കച്ചേരിപ്പടിയിലെ റോഡിന്റെ വലതുഭാഗത്ത് രൂപപ്പെട്ട കുഴികൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കുമൂലമാണ് സംഭവിച്ചിട്ടുള്ളത്. ആയത് റെസ്റ്റോർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്.

## തിരുവള്ളൂർ ആയഞ്ചേരി റോഡ് പ്രവൃത്തിയുടെ നടപടിക്രമങ്ങൾ

72 (1228) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവള്ളൂർ ആയഞ്ചേരി റോഡിന്റെ പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കാമോ?

തിരുവള്ളൂർ ആയഞ്ചേരി റോഡ് പ്രവൃത്തിക്ക് 2-8-2019-ലെ സ.ഉ.(സാധാ) നമ്പർ 966/2019/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നാമകരണമാറ്റത്തിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് 29-8-2022-ലെ സ.ഉ.(സാധാ) നമ്പർ 899/2022/പൊ.മ.വ. പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണം

73 (1229) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ശബരിമല ഉത്സവകാല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഏതൊക്കെ പൊതുമരാമത്ത് റോഡുകളാണ് പുനരുദ്ധാരണം നടത്തുന്നത്; വിശദാംശം നൽകാമോ?

2022-23 ശബരിമല ഉത്സവകാല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ പുനരുദ്ധാരണം ചെയ്യാനുദ്ദേശിക്കുന്ന റോഡ് പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) തമിഴ്നാട്ടിൽനിന്നും മറ്റും വരുന്ന തീർത്ഥാടകർക്ക് സുഗമമായി സഞ്ചരിക്കുന്നതിന് തമിഴ്നാടുമായി കൂടുതൽ അടുത്ത് കിടക്കുന്ന ഉടുമ്പൻചോല മണ്ഡലത്തിലെ റോഡുകൾ നവീകരിക്കുമോ; വിശദാംശം നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടിന്റെ ലഭ്യതയും നിലവിലെ റോഡുകളുടെ പ്രവൃത്തിയുടെ ആവശ്യകതയും കണക്കിലെടുത്ത് നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാവിൽ തീക്കുനി റോഡ്**

74 (1230) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവിൽ തീക്കുനി റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡിലെ തകരാറുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ രൂപപ്പെട്ട കുഴികൾ താൽക്കാലികമായി WMM ഉപയോഗിച്ച് കേടുപാടുകൾ തീർത്തിട്ടുണ്ട്. മഴ മാറുന്ന മുറയ്ക്ക് BM ഉപയോഗിച്ച് തകരാറുകൾ വന്ന ഭാഗം പരിഹരിക്കുകയും BC ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തി എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

പ്രവൃത്തി 28-12-2022-നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**റോഡുകളുടെ വികസനം**

75 (1231) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പൊതുമരാമത്ത് റോഡുകളുടെ വികസനത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പൊതുമരാമത്ത് റോഡുകളുടെ വികസനത്തിനായി നിരത്തുവിഭാഗത്തിന് കീഴിൽ

1197.7780 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ റണ്ണിംഗ് കോൺട്രാക്ട് മുഖേന റോഡുകൾ പരിപാലിക്കുന്നതിനായി 302.2806 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

കെ.ആർ.എഫ്.ബി. വിഭാഗത്തിനുകീഴിൽ കൊല്ലം നഗരപാത വികസന പദ്ധതി നടപ്പാക്കുന്നതിന് ഡി.ബി.എഫ്.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ നഗരത്തിലെ 23.76 കി.മീ. നീളത്തിലുള്ള 3 റോഡുകളുടെ വികസനത്തിനും തുടർന്ന് 15 വർഷത്തെ പരിപാലനത്തിനുമായി 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട് നഗരപാതാ വികസനപദ്ധതി രണ്ടാംഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കാട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; ഇതുവഴി എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

PWD മിഷൻ ടീം:- സംസ്ഥാനതലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും PWD മിഷൻ ടീമിന് രൂപം നൽകി. വകുപ്പുമന്ത്രി, PWD സെക്രട്ടറി, നോഡൽ ഓഫീസർമാരായ ഐ.എ.എസ്. ഉദ്യോഗസ്ഥർ, ചീഫ് എഞ്ചിനീയർമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ അടങ്ങിയ PWD മിഷൻ ടീം രണ്ടാഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് തീരുമാനങ്ങളെടുക്കുകയാണ് ചെയ്യുന്നത്.

DICC:- ജില്ലാകളക്ടർ അദ്ധ്യക്ഷനായ DICC ജില്ലകളിലെ പ്രവൃത്തി വിലയിരുത്താനും ആവശ്യമായ ഏകോപനം സാധ്യമാക്കാനും രൂപീകരിച്ച സമിതിയാണ്. മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് DICC പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം (CMT):- പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനും നിയമസഭാമണ്ഡല അടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. മണ്ഡല അടിസ്ഥാനത്തിൽ യോഗങ്ങൾ ചേർന്ന് പ്രവൃത്തി വിലയിരുത്തുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡുകളിൽ പോട്ട്ഹോൾ ഫ്രീ കേരളയെന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ആരംഭിച്ചു.

1. റണ്ണിംഗ് കോൺട്രാക്ട്:- റോഡ് പരിപാലനത്തിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ആരംഭിച്ചു. DLP കാലാവധി കഴിഞ്ഞ റോഡുകളിൽ നിശ്ചിത കാലയളവിൽ പരിപാലന കാലാവധി കരാറുകാരെ ഏൽപ്പിക്കുന്നതാണ് പദ്ധതി.

2. ഒ.പി.ബി.ആർ.സി.:- ഏഴുവർഷ പരിപാലന കാലാവധിയിൽ കോർറോഡ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട റോഡുകൾ പരിപാലിക്കുന്ന പദ്ധതിയാണ് OPBRC. അഞ്ച് പാക്കേജുകളിൽ 3 എണ്ണം ആരംഭിച്ചു.

3. DLP ബോർഡുകൾ സ്ഥാപിക്കൽ:- പരിപാലന കാലാവധിയിലുള്ള റോഡുകളിൽ പരിപാലന കാലാവധി, കരാറുകാരുടെ നമ്പർ, ഉദ്യോഗസ്ഥരുടെ നമ്പർ എന്നിവ ജനങ്ങൾക്കുവേണ്ടി പരസ്യപ്പെടുത്താൻ DLP ബോർഡുകൾ സ്ഥാപിച്ചുതുടങ്ങി.

4. കോമ്പസിറ്റ് ടെണ്ടർ:- കെട്ടിട നിർമ്മാണത്തിൽ കോമ്പസിറ്റ് ടെണ്ടർ പദ്ധതി ആരംഭിച്ചു. സിവിൽ, ഇലക്ട്രിക്കൽ കരാറുകൾ ഒന്നിച്ച് ടെണ്ടർ ചെയ്യുന്നതാണ് രീതി. കെട്ടിടം പണി പൂർത്തിയായശേഷം കുത്തിപ്പൊളിക്കുന്ന രീതി ഒഴിവാക്കാനാണ് കോമ്പസിറ്റ് ടെണ്ടർ നടപ്പാക്കിയത്.

5. റസ്റ്റ് ഹൗസ് ജനങ്ങൾക്ക് ലഭ്യമാക്കൽ:- PWD റസ്റ്റ് ഹൗസ് പീപ്പിൾസ് റസ്റ്റ് ഹൗസാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു. ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തി. റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയും നടപ്പാക്കുന്നു.

6. ഇ-ഓഫീസ്:- വകുപ്പിൽ ഇ-ഓഫീസ് സംവിധാനം എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിച്ചു.

7. കരാറുകാർക്ക് ഇൻസെന്റീവ്:- നിശ്ചയിച്ച സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്ന കരാറുകാർക്ക് ഇൻസെന്റീവ് നൽകുന്നതിന് തീരുമാനിച്ചു. പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കാൻ ഇത് ഗുണകരമാകും. ഈ പ്രവർത്തനങ്ങൾ ഗുണകരമാകുമെന്നാണ് വിലയിരുത്തുന്നത്.

(സി) പൊതുമരാമത്ത് റോഡ് സംബന്ധിച്ച ജനങ്ങളുടെ ആവലാതി ബോധിപ്പിക്കുന്നതിനും അതിന് ഉടൻതന്നെ പരിഹാരം കാണുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനായി " ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണ്" എന്ന കാഴ്ചപ്പാട് ആവിഷ്കരിക്കുകയും മിഷൻ ടീം രൂപീകരിച്ച് വകുപ്പിന്റെ ആധുനികീകരണത്തിനുള്ള വിവിധ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പരാതി നൽകുന്നതിന് മൊബൈൽ ആപ്ലിക്കേഷനായ PWD4U, ടോൾ ഫ്രീ നമ്പർ സംവിധാനം (18004257771) തുടങ്ങിയവ നിലവിലുണ്ട്. ഇതുമുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും പരാതിയിന്മേൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് പരാതിക്കാരന് നൽകുകയും ചെയ്തുവരുന്നു. റിംഗ് റോഡ് എന്ന ലൈവ് ഫോൺ ഇൻ പരിപാടി വഴി പൊതുമരാമത്ത് വകുപ്പുമന്ത്രി പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുകയും പരാതി പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ഡി.എൽ.പി. കാലാവധിയിലുള്ള പ്രവൃത്തികളുടെ വിവരങ്ങളും പൊതുമരാമത്ത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പണി പൂർത്തിയായി ഡി.എൽ.പി. കാലാവധിയിലുള്ള എല്ലാ പൊതുമരാമത്ത് വകുപ്പ് റോഡുകളിലും ബന്ധപ്പെട്ട റോഡ് പ്രവൃത്തിയുടെ വിശദവിവരങ്ങളും പരിപാലന കാലാവധിയും കരാറുകാരന്റെയും പരാതി അറിയിക്കാനുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെയും പേരും ബന്ധപ്പെടേണ്ട ഫോൺ നമ്പറും പ്രദർശിപ്പിച്ചുകൊണ്ടുള്ള ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ജനങ്ങൾക്ക് പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ഒറ്റ ക്ലിക്കിൽത്തന്നെ ലഭിക്കുന്നതിനായി "തൊട്ടറിയാം PWD" എന്ന (Project Management System) എന്ന സിസ്റ്റം സോഫ്റ്റ്വെയർ സംവിധാനവും നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ സാമൂഹ്യ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ പരിശോധിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മഴക്കാല സംബന്ധമായി റോഡുകളെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള Special Task Force-ന്റെ 18004257771 എന്ന നമ്പറിൽ ജനങ്ങൾക്ക് പരാതി വിളിച്ചറിയിക്കാവുന്നതും ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി 24/48 മണിക്കൂറിനുള്ളിൽ താൽക്കാലിക/സ്ഥിര പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നു.

കെ.എസ്.ടി.പി. പദ്ധതികളുടെ വിവരങ്ങളും പുരോഗതിയും ടെണ്ടർ വിവരങ്ങളും ഓഫീസുകളെ സംബന്ധിച്ചുള്ള മറ്റുവിവരങ്ങളും kstp.org.in എന്ന website-ൽ ലഭ്യമാണ്.

പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് റീജിയണൽ നോഡൽ ഓഫീസർമാരും 14 ജില്ലകളിലായി 140 നിയോജകമണ്ഡലങ്ങളിൽ 140 നോഡൽ ഓഫീസർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ മോണിറ്ററിംഗ് ടീം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ അവലോകനം ഉന്നതതലത്തിൽ നടത്തി പ്രശ്നങ്ങളും തടസ്സങ്ങളും പരിഹരിക്കുന്നതിനും കാര്യക്ഷമത ഉറപ്പാക്കുന്നതിനും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ PWD മിഷൻ ടീം പ്രവർത്തിച്ചുവരുന്നു.

## മൂന്നാർ സബ് ഡിവിഷനുകീഴിലുള്ള റോഡുകൾ

76 (1232) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് (റോഡ്സ്) വിഭാഗത്തിൽ മൂന്നാർ സബ് ഡിവിഷന് കീഴിലുള്ള റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) വിശദവിവരങ്ങൾ അനുബന്ധം I*, II* ആയി ചേർക്കുന്നു.

## എസ്.പി. പുരം-കാന്തല്ലൂർ റോഡ് നിർമ്മാണം

77 (1233) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ എസ്.പി. പുരം-കാന്തല്ലൂർ റോഡ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ എസ്.പി. പുരം-കാന്തല്ലൂർ റോഡ് നിർമ്മാണത്തിന് 2020-21 ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും വനം വകുപ്പിൽ നിന്നുള്ള എതിർപ്പുകാരണം ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റോഡിന്റെ ആകെ ദൈർഘ്യം എത്രയെന്നും ഇതിൽ എത്ര കിലോമീറ്റർ ദൂരം വനത്തിലൂടെ കടന്നുപോകുന്നുണ്ടെന്നും അറിയിക്കാമോ?

പ്രസ്തുത റോഡിന്റെ ദൈർഘ്യം 16 കിലോമീറ്ററാണ്. അതിൽ 7 കിലോമീറ്റർ മുതൽ 14 കിലോമീറ്റർ വരെ (7 കി.മീ.) നിബിഡ വനത്തിൽ കൂടിയാണ് കടന്നുപോകുന്നത്.

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ?

ഈ റോഡിന്റെ പകുതിയോളം നിബിഡ വനത്തിലൂടെ കടന്നു പോകുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ റോഡ് നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

78 (1234) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്ത് വെള്ളപ്പൊക്കത്തിൽ തകർന്ന പ്രധാന റോഡുകളുടെ നവീകരണത്തിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന റോഡ് പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയടക്കമുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതിക്കായി ഫണ്ട് കണ്ടെത്തിയത് എങ്ങനെയാണെന്നും ഏതെല്ലാം ഫണ്ടുകൾ/വായ്പകൾ ഇതിനായി ലഭിച്ചിട്ടുണ്ടെന്നും എത്ര തുകയാണ് അത്തരത്തിൽ ലഭിച്ചിട്ടുള്ളതെന്നും അവയിൽ എത്ര തുകയുടെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലോക ബാങ്കിൽനിന്നും ലഭിച്ച വികസനനയ വായ്പ, ജർമ്മൻ വികസന ബാങ്ക് (KfW) റോഡ് പുനരുദ്ധാരണത്തിനായി ലഭ്യമാക്കുന്ന വായ്പ എന്നിവയിൽ നിന്നാണ് മുഖ്യമായും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏറ്റെടുത്തിട്ടുള്ള റോഡ് പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തുന്നത്. ഈ തുകകൾ ബഡ്ജറ്റ് വിഹിതമായാണ് റീ-ബിൽഡ് കേരളയ്ക്ക് ലഭ്യമാകുന്നത്. ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി എസ്.പി.വി., പി.എം.സി. എന്നിവയായി ആരെയാണ് ചുമതലപ്പെടുത്തിയത്; ആരംഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്; ഇനി എത്രയെണ്ണം പൂർത്തിയാക്കാൻ ബാക്കിയുണ്ട്; വിശദാംശം നൽകുമോ?

പൊതുമരാമത്ത് റോഡുകൾ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) മുഖേനയും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മുഖേനയുമാണ് നടപ്പാക്കുന്നത്. തദ്ദേശ റോഡുകൾ, തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു), തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് എന്നിവ മുഖേനയാണ് നടപ്പാക്കുന്നത്.

(ഡി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം പ്രവൃത്തി ആരംഭിച്ച എരഞ്ഞിമാവ്-എടവണ്ണ-മഞ്ചേരി-നെല്ലിപ്പറമ്പ് റോഡിന്റെ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സൈഡ് സ്ഥാപിക്കുന്നതിനും ഡ്രെയിനേജ് കവർ സ്ലാബ് (500 മീറ്റർ) സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ഇ) പ്രസ്തുത പ്രവൃത്തി നടന്നുവരുമ്പോൾ റോഡ് വീതി കൂട്ടുന്നതിനായി ജനങ്ങൾ സ്ഥലം സൗജന്യമായി വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ സ്ഥലം സൗജന്യമായി വിട്ടുനൽകിയപ്പോൾ അവരുടെ വീടിനോട് ചേർന്നുണ്ടായിരുന്ന നിർമ്മിതികൾ പി.എ.പി. (പ്രോജക്റ്റ് അഫക്ടഡ് പേഴ്സൺ) പദ്ധതിപ്രകാരം പുനർനിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗജന്യമായി സ്ഥലം വിട്ടുനൽകിയവർക്ക് ചുറ്റുമതിൽ കെട്ടാനുള്ള എസ്റ്റിമേറ്റ് അതോറിറ്റി എഞ്ചിനീയർ സമർപ്പിച്ചതിൽ ഇ.പി.സി. കോൺട്രാക്റ്റ്പ്രകാരം ചെയ്യേണ്ടതായ അളവുകൾകൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(എഫ്) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പിന്നീട് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയരുടെ അദ്ധ്യക്ഷതയിലും മീറ്റിംഗ് കൂടുകയുണ്ടായോ; മീറ്റിംഗിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; ആയതുപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ജി) കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ മീറ്റിംഗിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എഫ്&ജി) കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ മീറ്റിംഗിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ

1. പേവ്മെന്റ് പുനർനിർമ്മാണത്തിനായുള്ള 18.92 കോടി രൂപ അംഗീകരിച്ചു;

2. ചെയിനേജ് കി.മീ. 64+200-ൽ സ്ഥിതി ചെയ്യുന്ന പെരകമണ്ണ പാലത്തിന്റെ ഇരുവശങ്ങളിലും സ്റ്റീൽ ഫുട്പാത്ത് ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്നതിനും അരീക്കോട് പാലം പ്രസ്തുത പ്രവൃത്തിയിൽനിന്നും descope ചെയ്തുകൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ നൽകുന്നതിനും അതോറിറ്റി എഞ്ചിനീയർക്ക് നിർദ്ദേശം നൽകി;

3. പദ്ധതിപ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റിലുള്ള അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിന് അതോറിറ്റി എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

**റൗണ്ട് എബൗട്ടുകൾ നിർമ്മാണം**

79 (1235) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൗണ്ട് എബൗട്ടുകൾ നിർമ്മിച്ചിട്ടുള്ള സ്ഥലങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ-അടൂർ അപകടരഹിത ഇടനാഴിയുടെ ഭാഗമായി ചെങ്ങന്നൂർ ആഞ്ഞിലിമൂട് ജംഗ്ഷനിൽ നിർമ്മിച്ച റൗണ്ട് എബൗട്ടിൽ അപകടങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ആഞ്ഞിലിമൂട് ജംഗ്ഷനിൽ നേരത്തെ സ്ഥാപിച്ചിരുന്ന സിഗ്നൽ ലൈറ്റ് പുന:സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) ചെങ്ങന്നൂർ-അടൂർ എം.സി. റോഡിൽ ആഞ്ഞിലിമൂട് ജംഗ്ഷനിൽ അപകടങ്ങൾ കൂടുന്നതായി ജനപ്രതിനിധികൾ പരാതിപ്പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് ആവശ്യമായ പഠനങ്ങൾ നടത്തി നടപടികൾ സ്വീകരിക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ റെയിൽവെ മേൽപ്പാല നിർമ്മാണം

80 (1236) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി. വഴി നടക്കുന്ന വേങ്ങര റെയിൽവെ മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

വേങ്ങര റയിൽവേ മേൽപ്പാലനിർമ്മാണത്തിന് 25 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽനിന്നും 6-9-2019-ൽ 20.84 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ടി പ്രവൃത്തിയുടെ ഭാഗമായി റയിൽവേ span ഒഴികെയുള്ള ഭാഗത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് deck slab നിർമ്മാണം പുരോഗതിയിലാണ്. നിർദ്ദിഷ്ട മേൽപ്പാലത്തിലെ റയിൽവേ നിർമ്മാണം നടത്തേണ്ട സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ് 6-8-2022-ൽ പ്രോജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി.- പി.എം.യു. അംഗീകരിച്ച് റയിൽവേ അധികൃതർക്ക് കൈമാറുന്നതിനായുള്ള നടപടികൾ പുരോഗതിയിലാണ്.

## SNDP കടവ് പാലം നിർമ്മാണം

81 (1237) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കവളങ്ങാട്- പല്ലാരിമംഗലം

പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന എസ്.എൻ.ഡി.പി. കടവ് പാലത്തിന്റെ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും രണ്ട് പഞ്ചായത്തുകളിലെയും ആയിരക്കണക്കിന് ജനങ്ങൾക്ക് ഏറെ പ്രയോജനവുമായിട്ടുള്ള എസ്.എൻ.ഡി.പി. കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) പ്രസ്തുത പാലം സ്ഥിതിചെയ്യുന്നത് പഞ്ചായത്ത് റോഡിൽ ആയതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഈ പാലം ഉൾപ്പെടുന്നില്ല. അതിനാൽ പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ പരിമിതികളുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

82 (1238) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡി.പി.ആർ. സംബന്ധിച്ച് കിഫ്ബി സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

കുമ്മല്ലൂർ, പള്ളിക്കമണ്ണടി പാലങ്ങളുടെ കിഫ്ബി പദ്ധതിയുടെ നിർമ്മാണത്തിനായി 12.07 കോടി രൂപയുടെ DPR 16-7-2022-ന് കിഫ്ബി പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

പള്ളിക്കമണ്ണടി പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നുണ്ട്. അതിന്റെ 11 (1) നോട്ടിഫിക്കേഷൻ 3-2-2022-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബേസിക് വാല്യുവേഷൻ റിപ്പോർട്ട് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നുണ്ട്.

## ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ നിർമ്മാണം

83 (1239) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ചേർപ്പുങ്കൽ സമാന്തര പാലം നിർമ്മാണം 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അംഗീകരിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് വിശദീകരണം നൽകാമോ?

പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## കുണ്ടറ മണ്ഡലത്തിലെ ഇളവൂർ പാലം നിർമ്മാണം

84 (1240) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിലെ ഇളവൂർ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഇളവൂർ പാലത്തിനായി 15 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽനിന്നും 12-2-2020-ൽ 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി 23-2-2021-ൽ 5.63 കോടി രൂപയ്ക്ക് പ്രോജക്ട് ഡയറക്ടർ, കെ.ആർ.എഫ്.ബി - പി.എം.യു. നൽകി 26-2-2021-ൽ ടി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. തുടർന്ന് നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടി പ്രവൃത്തിയുടെ ടെക്നിക്കൽ ബിഡ് 26-6-2021-ൽ തുറക്കുകയും ടി ടെണ്ടറിൽ 2 കരാറുകാർ പങ്കെടുക്കുകയും ചെയ്തു. 2-7-2021-ൽ നടന്ന 81- ാം ടെക്നിക്കൽ കമ്മിറ്റിയിൽ ടെക്നിക്കലി ഡിസ്ക്വാളിഫൈഡ് ആയതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനും

തീരുമാനിച്ചു. 30-7-2021-ൽ റീ-ടെണ്ടർ ചെയ്യുകയും 18-8-2021-ൽ തുറന്ന ബിഡിൽ 2 കരാറുകാർ പങ്കെടുക്കുകയും പെരുമാളിൽ ഗ്രാനൈറ്റ് ആൻഡ് കൺസ്ട്രക്ഷൻസ് എന്ന കരാറുകാരൻ ടെക്നിക്കൽ ബിഡ് ക്വാളിഫൈ ആയി. എന്നാൽ പ്രസ്തുത കരാറുകാരൻ കരാർ തുകയെക്കാളും അധികരിച്ച തുക രേഖപ്പെടുത്തിയതിനാലും രേഖപ്പെടുത്തിയ തുകയിൽ കുറവുവരുത്താൻ വിസമ്മതിച്ചതിനാലും 13-1-2022-ൽ നടന്ന 29-ാമത് സർക്കാർതല ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ നിർദ്ദേശിച്ചു. പി.ഡബ്ല്യൂ.ഡി.-യിൽ റേറ്റ് റിവിഷൻ നിലവിൽ വന്നതിനാൽ ടി പ്രവൃത്തി പുതുക്കിയ റേറ്റിൽ 24-4-2022-ൽ 6.3 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ മൂന്നുതവണ ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് അംഗീകരിക്കാവുന്നതിൽ കൂടുതൽ അടങ്കൽ തുക കരാറുകാർ രേഖപ്പെടുത്തിയതിനെത്തുടർന്ന് 4-8-2022-ൽ റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25-8-2022 വരെയാണ്.

**ഏഴിമല-രാമന്തളി-പാണ്ഡ്യാലക്കടവ് പാലം നിർമ്മാണം**

85 (1241) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏഴിമല-രാമന്തളി-പാണ്ഡ്യാലക്കടവ് പാലം നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ. എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) പാണ്ഡ്യാലക്കടവ് പാലം നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്നതാണ്. പ്രസ്തുത പാലം കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിനെയും കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതാണ്. പാലം പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. പാലത്തിന്റെ അന്തിമ ഡിസൈൻ ഡ്രോയിംഗ് 13-4-2022-ൽ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കാസർഗോഡ് കെ.ആർ.എഫ്.ബി.-പി.എം.യു. വിഭാഗം മുഖേന തയ്യാറാക്കുന്നു. ഡി.പി.ആർ. അന്തിമമാക്കി കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ഡി.പി.ആർ.-ന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുമ്പോൾ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**പുന്നമട പാലം, കോടതി പാലം എന്നിവയുടെ നിർമ്മാണ പുരോഗതി**

86 (1242) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ പുന്നമട പാലം, കോടതി പാലം എന്നിവയുടെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(സി) കോടതി പാലത്തിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുന്നമട പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ വിശദവിവരം ലഭ്യമാക്കുമോ?

(എ-ഡി) പുന്നമട പാലം

പ്രസ്തുത പാലത്തിന് 17-9-2017-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4 കോടി രൂപയുടെ സാമ്പത്തികാനുമതിയും 17-1-2018-ൽ പാലം നിർമ്മാണത്തിനായി കിഫ്ബിയിൽനിന്നും 44.80 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. തുടർന്ന് സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പുരോഗമിക്കുകയും പുനരധിവാസം സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവന്നിരുന്നതുമാണ്. എന്നാൽ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്താനുള്ള സാങ്കേതിക തടസ്സങ്ങൾമൂലം 29-12-2021-ലെ ജില്ലാ കളക്ടറുടെ നടപടിക്രമപ്രകാരം നാളിതുവരെ ചെയ്ത സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ റദ്ദാക്കുകയും സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ ജനുവരി 2022-ന് പുനരാരംഭിക്കുകയും ചെയ്തു. നിലവിൽ ടി പ്രവൃത്തിയുടെ 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും.

ജില്ലാ കോടതി പാലം

പ്രസ്തുത പാലം പ്രവൃത്തിക്ക് 26-2-2021-ൽ 120.62 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിന് 22.50 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടി അന്തിമഘട്ടത്തിലാണ്.

പുറപ്പെടുവിച്ച 19 (1) വിജ്ഞാപനത്തിന്റെ കാലാവധി 13-4-2022 മുതൽ 6 മാസംകൂടി നീട്ടിയിട്ടുണ്ട്. നഷ്ടപരിഹാര തുകയായ 20.06 കോടി രൂപ കിഫ്ബിയിൽനിന്നും 25-5-2022-ൽ അനുവദിക്കുകയും ചേർത്തല സ്പെഷ്യൽ തഹസീൽദാർക്ക് 21-6-2022-ൽ കൈമാറിയിട്ടുമുണ്ട്.

പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 24-5-2022-ൽ നടന്ന ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ പരിശോധിക്കുകയും എസ്റ്റിമേറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കുള്ള യഥാർത്ഥ തുക ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് പുനഃസമർപ്പിക്കാൻ കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തു.

KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് 29-7-2022-ൽ KSEBL ഓഫീസിൽനിന്നും ലഭിച്ചതായും KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണെന്നും ആലപ്പുഴ കെ.ആർ.എഫ്.ബി.-പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പാലം പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പാലങ്ങളുടെ കണക്ക്**

87 (1243) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന പാലങ്ങളുടെ കണക്ക് ലഭ്യമാക്കാമോ?

23 പാലങ്ങളുണ്ട്.

(ബി) 2016-2021 കാലഘട്ടത്തിൽ നിർമ്മാണം/പുനരുദ്ധാരണം നടത്തിയ പാലങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

2016-2021 കാലഘട്ടത്തിൽ നിർമ്മാണം/പുനരുദ്ധാരണം നടത്തിയ പാലങ്ങളുടെ ലിസ്റ്റ്:

1. പുഴയ്ക്കൽ പുതിയ പാലം

2. പുഴപ്പാലം പാലം

3. അകമല റെയിൽവേ മേൽപ്പാലം

4. വാഴാനി -1

5. വാഴാനി -2

6. കോളങ്ങാട്ടുകര പാലം

7. കുപ്പ പാലം

8. അവണൂർ റെയിൽവേ മേൽപ്പാലം (അത്താണി റെയിൽവേ മേൽപ്പാലം)

9. തോളൂർ പാലം

10. മുള്ളറക്കായൽ പാലം

11. വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം

12. ചാമക്കാട് - 1

13. ചാമക്കാട് - 2

14. ചാമക്കാട് - 3

15. കുറ്റൂർ പാലം

16. മണിത്തറ പാലം

17. വെളപ്പായ റയിൽവേ മേൽപ്പാലം (മുളങ്കുന്നത്തുകാവ്)

18. കുറാഞ്ചേരി റെയിൽവേ മേൽപ്പാലം

19. അമല റെയിൽവേ മേൽപ്പാലം

20. അമല ചൂരക്കാട്ടുകര റെയിൽവേ മേൽപ്പാലം

21. ആര്യംപാടം പാലം

(സി) പുനരുദ്ധാരണം നടത്തുന്നതിനോ നിർമ്മിക്കുന്നതിനോവേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തിയ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

1. കോളങ്ങാട്ടുകര പാലം

2. അകമല പാലം

3. കുപ്പ പാലം

4. വടക്കാഞ്ചേരി-ഓട്ടുപാറ പാലം.

## ഞാവലിൻകടവ് പാലം നിർമ്മാണം

88 (1244) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ-ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവലിൻകടവ് പാലത്തിന്റെ എലിവേറ്റഡ് സ്ട്രക്ചർ പ്ലാൻ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (പാലങ്ങൾ) ഓഫീസിൽനിന്ന് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാൻ പൊതുമരാമത്ത് സെക്ഷനിൽ ലഭിക്കുന്ന മുറയ്ക്ക് ആയത് കൃഷിവകുപ്പിലേയ്ക്ക് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) തരൂർ-ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവലിൻകടവ് പാലത്തിന്റെ എലിവേറ്റഡ് സ്ട്രക്ചർ പ്ലാൻ ലഭിച്ചിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## റെയിൽവേ മേൽപ്പാലങ്ങൾ

89 (1245) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. (റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) മുഖേന സമർപ്പിച്ച അപേക്ഷകളിൽ റെയിൽവേയുടെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം നിർമ്മാണം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് ജി.എ.ഡി. സമർപ്പിച്ചതിൽ എറണാകുളം-ഷൊർണ്ണൂർ സെക്ഷനുകളുടെ ഇടയിൽ വരുന്ന ആർ.ഒ.ബി.-കളുടെ ജി.എ.ഡി.-ക്ക് റെയിൽവേയുടെ 3rd line അന്തിമമായതിനുശേഷം മാത്രമേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 11-7-2022-ലെ കത്തുപ്രകാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സതേൺ റെയിൽവേ അറിയിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാല നിർമ്മാണങ്ങൾക്കായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>പുതുക്കാട് ആർ.ഒ.ബി. (LC 28 & 29)</u>

ടി മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 18-11-2019-ന് 11(1) പ്രഖ്യാപനവും 13-5-2022-ൽ 19(1) പ്രഖ്യാപനവും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അവാർഡ് എൻക്വയറി പൂർത്തിയാക്കിയിട്ടുള്ളതും ഡ്രാഫ്റ്റ് അവാർഡ് ജില്ലാ കളക്ടർ അംഗീകരിക്കുകയും 30-7-2022-ന് സ്പെഷ്യൽ തഹസീൽദാർ അവാർഡ് പാസാക്കിയിട്ടുള്ളതുമാണ്. കൂടാതെ ടി പദ്ധതിയുടെ അന്തിമ ജി.എ.ഡി. 22-2-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറുകയും റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയും.

<u>ആലത്തൂർ ആർ.ഒ.ബി. (LC 33)</u>

പദ്ധതിയുടെ ജി.എ.ഡി. 2-3-2019 മുതൽ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും നിരവധി തവണ തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകുകയാണുണ്ടായത്. ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം പുതുക്കിയ ജി.എ.ഡി. 17-2-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

<u>നെല്ലായി ആർ.ഒ.ബി. (LC 32)</u>

പദ്ധതിയുടെ പുതുക്കിയ ജി.എ.ഡി. 17-2-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

<u>നന്ദിക്കര (LC No.31)</u>

പദ്ധതിയുടെ പുതുക്കിയ ജി.എ.ഡി. 13-6-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) റെയിൽവേയുടെ അനുമതി ലഭിക്കുന്നതിനുണ്ടായിട്ടുള്ള നീണ്ട കാലതാമസം ഒഴിവാക്കുന്നതിനും അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത മേൽപ്പാലങ്ങളുടെ ജി.എ.ഡി.-യുടെ അംഗീകാരം ലഭിക്കുന്നതിനായി റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് വേഗത്തിലാക്കാൻ റെയിൽവേയുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണം**

90 (1246) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലത്തിന്റെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം ഇക്കഴിഞ്ഞ മഴക്കാലത്ത് വെള്ളം കവിഞ്ഞ് ഒഴുകിയതുമൂലം വളരെ നാൾ ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പത്തനാപുരം പാലത്തിന്റെ പുതുക്കിയ ഭരണാനുമതി എന്ന് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

പത്തനാപുരം പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ DSoR-ൽ ഉണ്ടായ നിരക്ക് വ്യത്യാസംമൂലം പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. അത് പരിശോധിച്ചുവരുന്നു.

**പഴയങ്ങാടി അണ്ടർ ബ്രിഡ്ജ് നിർമ്മാണം**

91 (1247) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പഴയങ്ങാടി പാലത്തിന് സമീപം അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലവിലുള്ള പഴയങ്ങാടി അണ്ടർപാസ്സിന് വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് രൂക്ഷമാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ., എം.വിജിൻ അറിയിച്ചതിനെത്തുടർന്ന്, റെയിൽവേ അധികൃതരോടൊത്ത് കണ്ണൂർ

കെ.ആർ.എഫ്.ബി. ഡിവിഷനിലെ എഞ്ചിനീയർമാർ സംയുക്ത സ്ഥല പരിശോധന നടത്തുകയും നിലവിലുള്ള അണ്ടർപാസ്സിന് സമീപത്തായി പുതിയ അണ്ടർപാസ്സ് നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനായി റെയിൽവേ 4.16 കോടി രൂപയുടെ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് ഫീൽഡ് ഓഫീസിൽ നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത അണ്ടർ പാസ് നിലനിൽക്കുന്നത് താഴ്ന്ന ഭൂപ്രദേശമാകയാൽ മഴവെള്ളം ശേഖരിച്ച് പുഴയിലേയ്ക്ക് ഒഴുക്കി കളയുന്നതിനായി മഴവെള്ളസംഭരണിയും ഓവുചാലും നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ അണ്ടർപാസ്സിന്റെ അപ്രോച്ച് റോഡിനായി സ്ഥലമേറ്റെടുക്കൽ ആവശ്യമാണ്. പ്രസ്തുത പ്രവൃത്തിക്ക് ആകെ 6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി.-പി.എം.യു. കണ്ണൂർ അറിയിച്ചിട്ടുണ്ട്.

**നെല്ലായിക്കടവിൽ പാലം നിർമ്മാണം**

92 (1248) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട്, പറപ്പൂക്കര പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നെല്ലായിക്കടവിൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ദേശീയപാത അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെല്ലായിക്കടവ് പാലം നിർമ്മാണത്തിനായി ദേശീയപാത അതോറിറ്റിയുടെ എൻ.ഒ.സി. ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) നെല്ലായി പാലത്തിന്റെ അപ്രോച്ച് റോഡ് ദേശീയപാത 544-ന്റെ സർവ്വീസ് റോഡുമായി ചേർന്നുവരുന്നതിനാൽ NHAI-ൽ നിന്ന് NOC വാങ്ങേണ്ടതുണ്ട്. അതിനായി junction design drawing NHAI ആവശ്യപ്പെട്ടുപ്രകാരം പൊതുമരാമത്ത് ഡിസൈൻ വിംഗിൽ junction design drawing സമർപ്പിച്ച് അനുമതി വാങ്ങിയിട്ടുള്ള drawing, NHAI-യ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലങ്ങളുടെ പുനർനിർമ്മാണം**

93 (1249) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പഴയ പാലങ്ങൾ പരിശോധന നടത്തി പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടിക തയ്യാറാക്കിയിരുന്നോ; എങ്കിൽ മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

തയ്യാറാക്കിയിരുന്നു. പാലങ്ങളുടെ പട്ടിക അനുബന്ധമായി *ഉള്ളടക്കം ചെയ്യുന്നു.

(ബി) ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി തുക വകയിരുത്തിയിരുന്നോ; അതിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

വകയിരുത്തിയിരുന്നു. പാലങ്ങളുടെ നിർമ്മാണത്തിനായി "5054-80-337-88-00-16" എന്ന ശീർഷകത്തിൽ 15566.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനർനിർമ്മാണത്തിനായി ഈ ശീർഷകം വഴിയല്ലാതെയും സർക്കാരിൽനിന്നും ഭരണാനുമതി നൽകുന്നുണ്ട്.

**തവനൂർ-തിരുനാവായ പാലം നിർമ്മാണം**

94 (1250) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തവനൂർ-തിരുനാവായ പാലം നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേയ്ക്ക് പ്രവൃത്തി തുടങ്ങാനാകുമെന്ന് വിശദമാക്കാമോ?

(എ-സി) ഉണ്ട്. തവനൂർ-തിരുനാവായ പാലത്തിന്റെ നിർമ്മാണത്തിന് DSoR 2016 പ്രകാരം 5-8-2021-ന് ടെണ്ടർ ക്ഷണിക്കുകയും 21-12-2021-ന് ടെണ്ടർ തുറക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ തുക 48.88 കോടി രൂപയ്ക്ക് M/s ULCCS എന്ന കമ്പനി രേഖപ്പെടുത്തി. പ്രസ്തുത കമ്പനിയുമായി ക്വാട്ട് ചെയ്ത തുകയിൽ നെഗോസിയേഷൻ ആവശ്യപ്പെടുകയും ആയതിൽ കമ്പനി 48.83 കോടി രൂപയായി കുറയ്ക്കുകയും ചെയ്തു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ തുക ടെണ്ടർ ക്ഷണിച്ച DSoR 2016 പ്രകാരം 13.88% അധികമാണ്. എന്നാൽ DSoR 2018-നേക്കാൾ 0.000106% കുറവും ലോക്കൽ മാർക്കറ്റ് റേറ്റ് (LMR)-നേക്കാൾ 17.71% കുറവുമാണ്. ഇതിനെത്തുടർന്ന് പ്രസ്തുത കമ്പനിക്ക് LOA നൽകുകയും ഈ വിവരം കിഫ്ബിയിൽ അറിയിക്കുകയും ചെയ്തു. എന്നാൽ കിഫ്ബി ഇതിന് സാധൂകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. ആർ.ബി.ഡി.സി.കെ. സാധൂകരണത്തിന് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

സാധൂകരണം സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് കരാർവച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**മാക്കേക്കടവ് നേരേകടവ് പാലം നിർമ്മാണം**

95 (1251) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ മാക്കേക്കടവ് നേരേകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ നൽകിയ റേറ്റ് റിവിഷന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

നേരേകടവ് മാക്കേക്കടവ് പാലം നിർമ്മാണത്തിനായി 98.09 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4.30 കോടി രൂപ ഭൂമി ഏറ്റെടുക്കലിനായി വകയിരുത്തിയിട്ടുണ്ട്. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി 78.40 കോടി രൂപയ്ക്ക് ഡിസൈൻ ടെണ്ടറായി പാലം നിർമ്മിക്കുന്നതിനായി കരാർ ഏറ്റെടുത്തിരുന്നു. എന്നാൽ കോടതി വ്യവഹാരംമൂലം പാലം നിർമ്മാണത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുക്കാൻ കഴിയാത്തതിനാൽ പാലം നിർമ്മാണം തടസ്സപ്പെട്ടു. പാലം നിർമ്മാണത്തിനുള്ള സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് 10-6-2022-ൽ പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ട്. 16-6-2016-ൽ എഗ്രിമെന്റുവച്ച പ്രവൃത്തി നിർമ്മാണസാമഗ്രികളുടെ വിലയിലെ വ്യത്യാസംമൂലം കരാർ തുകയ്ക്ക് ബാക്കി പ്രവൃത്തി ചെയ്യാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ അറിയിച്ചു. തുടർന്ന് 5-7-2022-ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കോൺട്രാക്ടറുമായി ചർച്ച നടത്തി, ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

96 (1252) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-8-2021-ൽ പൊതുമരാമത്ത് വകുപ്പ് 730/2021 നമ്പർ ഉത്തരവ് പ്രകാരം 10.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ചെറിയ കടമക്കുടി പാലം പുനർ നിർമ്മാണത്തിനുവേണ്ടി ഭരണാനുമതി ലഭിച്ചതുപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതായുണ്ടെന്ന് വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. അതുപ്രകാരം തഹസീൽദാർ സ്ഥലം സന്ദർശിച്ചിരുന്നു. സബ്ഡിവിഷൻ തിരിച്ച് സർവ്വെ നമ്പരുകളും ഓരോ സർവ്വെ നമ്പരിലും വരുന്ന ഭൂമിയുടെ വിസ്തീർണ്ണവും ആവശ്യപ്പെട്ടതുപ്രകാരം എല്ലാ സർവ്വെ നമ്പരുകളും മെയിൻ സർവ്വെ നമ്പരിൽ ഉൾക്കൊള്ളുന്ന ഭൂമിയുടെ ഏകദേശ വിസ്തീർണ്ണവും സമർപ്പിച്ചിട്ടുണ്ട്. മെയിൻ സർവ്വെ നമ്പരുകളിൽ ഉൾപ്പെടുന്ന ഓരോ സബ്ഡിവിഷനുകളുടെയും വിസ്തീർണ്ണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഈസ്റ്റ്-ഒറ്റപ്പാലം പാലത്തിന്റെ നിർമ്മാണം

97 (1253) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ്-ഒറ്റപ്പാലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കുവേണ്ടിയുള്ള ചീഫ് എഞ്ചിനീയർ പാലം വിഭാഗത്തിലെ സി.ഇ.പി.ഡബ്ല്യു.ഡി./5541/2022-എ.ബി.3-ബി.ആർ. നമ്പർ ഫയൽ നിലവിൽ ഏതുഘട്ടത്തിലാണുള്ളതെന്ന് അറിയിക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതി ലഭിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ്-ഒറ്റപ്പാലം പാലത്തിന്റെ നിർമ്മാണത്തിനുള്ള പുതുക്കിയ ഭരണാനുമതിക്കുവേണ്ടി ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**ഫ്ലൈ ഓവറുകളും അണ്ടർ പാസ്സേജുകളും**

98 (1254) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 66 ആറുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി ഹരിപ്പാട് മുതൽ കരുനാഗപ്പള്ളിവരെയുള്ള ഭാഗങ്ങളിൽ എത്ര ഫ്ലൈ ഓവറുകളും അണ്ടർ പാസ്സേജുകളും ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ദേശീയ പാത 66 ആറുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി ഹരിപ്പാട് മുതൽ കരുനാഗപ്പള്ളി വരെയുള്ള ഭാഗങ്ങളിലെ ഫ്ലൈ ഓവറുകളുടെയും അണ്ടർ പാസ്സേജുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**മണികണ്ഠൻചാൽ ചപ്പാത്തിലെ പുതിയ പാലം നിർമ്മാണം**

99 (1255) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ മണികണ്ഠൻചാൽ ചപ്പാത്തിൽ പുതിയ പാലത്തിന്റെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്. എന്നാൽ പാലം ഉൾപ്പെട്ടുവരുന്ന സ്ഥലം റിസർവ്വ് ഫോറസ്റ്റിൽ ഉൾപ്പെട്ടുവരുന്നതിനാൽ കേന്ദ്ര വനം (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച ബഹുമാനപ്പെട്ട ന്യൂനപക്ഷ കമ്മീഷന്റെ 2018-ലെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച ബഹുമാനപ്പെട്ട ന്യൂനപക്ഷ കമ്മീഷന്റെ 2018-ലെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതിയോടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെൻഡേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്.

(ഡി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതിയോടെ നിലവിലെ ചപ്പാത്തിന് സമീപത്തും അപ്രോച്ച് റോഡിലുമായി 10 ബോർ ഹോളുകളാണ് എടുത്തിട്ടുള്ളത്. ആയത് പരിശോധന നടത്തി റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പാലം നിർമ്മാണം സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയ്ക്കുള്ള ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(എഫ്) നിലവിൽ മണികണ്ഠൻചാൽ ചപ്പാത്തിലുള്ള പാലം മഴക്കാലത്ത് സഞ്ചാരയോഗ്യമല്ലാതായി തീരുന്ന സാഹചര്യത്തിൽ, മഴക്കാലത്തുകൂടി സഞ്ചാരയോഗ്യമാകുന്ന രീതിയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ മണികണ്ഠൻചാൽ ചപ്പാത്തിൽ പുതിയ പാലം നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ പാലം ഉൾപ്പെട്ടുവരുന്ന സ്ഥലം റിസർവ്വ് ഫോറസ്റ്റിൽ ഉൾപ്പെട്ടുവരുന്നതിനാൽ വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാല നിർമ്മാണം.**

100 (1256) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങൾ

നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പയ്യോളി രണ്ടാം ഗേറ്റ്, ആനക്കുളം-മുച്ചുകുന്ന്, കൊല്ലം-നെല്ല്യാടി എന്നീ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

വിഭാവനം ചെയ്തിട്ടുള്ള പയ്യോളി രണ്ടാം ഗേറ്റ്, ആനക്കുളം-മുച്ചുകുന്ന്, കൊല്ലം-നെല്ല്യാടി റെയിൽ മേൽപ്പാല പദ്ധതികൾക്ക് കെ.ആർ.ഡി.സി.എൽ.-ന്റെ അനുമതികൂടി ലഭ്യമാക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കാനുള്ള ഇരിങ്ങൽ റെയിൽവേ മേൽപ്പാലത്തിന് ഭരണാനുമതി ലഭ്യമാക്കുമോ?

3-2-2022-ലെ ജി.ഒ.(ആർ.ടി) നമ്പർ139/2020/പി.ഡബ്ല്യു.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഇരിങ്ങൽ മൂരാട് റെയിൽവേ മേൽപ്പാല പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിക്കും കെ.ആർ.ഡി.സി.എൽ.-ന്റെ അനുമതികൂടി ലഭ്യമാക്കേണ്ടതുണ്ട്.

**കോഴിക്കോട്ടുള്ള ഫ്ലൈ ഓവറുകളുടെ മെയിന്റനൻസ്**

101 (1257) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ സി.എച്ച്. ഫ്ലൈ ഓവർ മെയിന്റനൻസുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സി.ഇ.പി.ഡബ്ല്യു.ഡി./4030/22/എബി4/ബിആർ. നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സി.എച്ച്. ഫ്ലൈ ഓവർ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയത് എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കോഴിക്കോട് എ.കെ.ജി. ഫ്ലൈ ഓവറിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള 422.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂകട്ട് പാലം

102 (1258) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ന്യൂകട്ട് പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയോ;

(ബി) ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) ഈ പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി എന്നേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ഇല്ല. പുതുക്കിയ ഭരണാനുമതിക്കായി 1980 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടപടിക്രമം പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## ഒള്ളൂർക്കടവ് പാലം നിർമ്മാണം

103 (1259) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി-കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കാമോ?

ഒള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി 34 പേരുടെ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്.

(ബി) പാലം നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂഉടമകൾക്ക് നഷ്ടപരിഹാരത്തുക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഒള്ളൂർക്കടവ് പാലത്തിന്റെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി&സി) Detailed Valuation Statement 26-11-2021-ന് ലഭിച്ചു. Detailed Valuation Statement കൂടി ഉൾപ്പെടുത്തിയ തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതും പരിശോധിച്ചുവരുന്നു. നിലവിൽ 3,09,24,516 രൂപ നഷ്ടപരിഹാര തുകയായി നൽകാനുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകാൻ കഴിയും.

പൈൽ കോൺക്രീറ്റ് ആകെയുള്ള 63 എണ്ണത്തിൽ 56 എണ്ണം പൂർത്തിയായി. പൈൽ ക്യാപ്പും പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകാത്തതിനാൽ ബാക്കിയുള്ള പൈലിന്റെ പ്രവൃത്തി ചെയ്തിട്ടില്ല. പിയർ ക്യാപ്പിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ സ്ഥലമേറ്റെടുത്തതിന്റെ ഫണ്ട് നൽകാത്തതിനാൽ ബാലുശ്ശേരി ഭാഗത്ത് പണി തടസ്സപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി കൈമാറി ലഭിച്ചാൽ അതിനുശേഷം 6 മാസത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മുളന്തുരുത്തി റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം**

104 (1260) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ടെണ്ടർ നടപടികളിന്മേൽ അടിയന്തര തീരുമാനം കൈക്കൊണ്ട് ആർ.ഒ.ബി.-യുടെ നിർമ്മാണം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ആർ.ഒ.ബി.-യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ആയത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവെ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി 2019 സെപ്റ്റംബറിലാണ് പൂർത്തിയായത്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള 19.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 1-10-2020-ലെ G.O.(Rt)No.800/2020/PWD പ്രകാരം നൽകുകയുണ്ടായി.

തുടർന്ന് എറണാകുളം ജില്ലയിലെ മുളന്തുരുത്തി റെയിൽവെ മേൽപ്പാലവും കോട്ടയം ജില്ലയിലെ കാരിത്താസ് റെയിൽവെ മേൽപ്പാല നിർമ്മാണവും ഉൾപ്പെടുത്തി 22-12-2020-ൽ ടെണ്ടർ ചെയ്തെങ്കിലും വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയേക്കാൾ 35.20% കൂടുതലും LMR തുകയേക്കാൾ 18.41% കൂടുതലുമായതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ സർക്കാർ നിർദ്ദേശിച്ചു. തുടർന്ന് പ്രവൃത്തിയുടെ DSoR 2018 പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് 2-3-2022-ലെ G.O.(Rt)No.227/2022/PWD പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി.

5-4-2022-ൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തത് M/s Cherian Varkey Construction Company Pvt Ltd. ആയിരുന്നു. പക്ഷേ വാഗ്ദാനം ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 19.17% കൂടുതലായിരുന്നതിനാൽ പ്രത്യേക അനുമതി ആവശ്യമാണ്. ആയതിലേയ്ക്കായി ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് കൈമാറിയിട്ടുണ്ട്.

## വാണിയമ്പലം ടൗണിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

105 (1261) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-വണ്ടൂർ-കാളികാവ് റോഡിലെ വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വാണിയമ്പലം ടൗണിലെ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) മഞ്ചേരി-വണ്ടൂർ-കാളികാവ് റോഡിലെ വണ്ടൂർ നിയോജക മണ്ഡലത്തിൽപ്പെട്ട വാണിയമ്പലം ടൗണിലെ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിക്കാൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഓവർബ്രിഡ്ജിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

## അരുവിക്കര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

106 (1262) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തികൾ നടന്നുവരുന്ന അരുവിക്കര നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ പേരുവിവരം, ഭരണാനുമതി നമ്പർ, തീയതി, അടങ്കൽ തുക, നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച അരുവിക്കര നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | ഭരണാനുമതി ഉത്തരവ് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | പന്നിക്കുഴി പാലം പുനർനിർമ്മാണം | 30-3-2012-ലെ സ.ഉ. (സാധാ) നമ്പർ 538/2012/പൊ.മ.വ. - 550 ലക്ഷം | റവന്യൂ വകുപ്പിൽനിന്നും സ്ഥലമേറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2. | പൊന്നാംചുണ്ട് പാലം | 30-3-2012-ലെ സ.ഉ. (സാധാ) നമ്പർ 538/2012/ പൊ.മ.വ. - 1000 ലക്ഷം | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |
| 3. | അരുവിക്കര-തോട്ടത്തിൻ കടവ്- മൂഴി - മൈലം പാലം | 28-02-2014-ലെ സ.ഉ.(സാധാ) നമ്പർ 323/2014/പൊ.മ.വ. -776 ലക്ഷം പുതുക്കിയ ഭരണാനുമതി 29-7-2022-ലെ സ.ഉ. (സാധാ) നമ്പർ 798/2022/പൊ.മ.വ. - 940 ലക്ഷം | റവന്യൂ വകുപ്പിൽനിന്നും സ്ഥലമേറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു |
| 4. | ചിറ്റാർ പാലം പുനർനിർമ്മാണം | 4-12-2019-ലെ സ.ഉ.(സാധാ) നമ്പർ 1426/2019/പൊ.മ.വ. - 870 ലക്ഷം. | റവന്യൂ വകുപ്പിൽനിന്നും സ്ഥലമേറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

(ബി) ഓരോ പദ്ധതിയിലും ഭരണാനുമതി ഉത്തരവുമുതൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

## പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഒഴിവുകൾ

107 (1263) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് വിവരം നൽകാമോ?

പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും ഒഴിവുകൾ അനുബന്ധമായി* ചേർക്കുന്നു.

പ്രസ്തുത തസ്തികകളുടെ നിയമനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിലാണ് നടത്തുന്നത്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ നാഷണൽ ഹൈവേ വിഭാഗം

108 (1264) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലെ ദേശീയപാതകളുടെ പ്രവൃത്തിക്കായി നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഭാഗത്തിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്?

320 ജീവനക്കാരാണ് നിലവിലുള്ളത്.

(സി) പ്രസ്തുത വിഭാഗത്തിന് വർഷത്തിൽ എത്ര തുക ചെലവ് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പുനർവിന്യാസത്തിനുമുമ്പ് പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് ഒരു വർഷത്തിൽ 38,46,20,376 (മുപ്പത്തിഎട്ട് കോടി നാൽപ്പത്തിയാറ് ലക്ഷത്തി ഇരുപതിനായിരത്തി മുന്നൂറ്റി എഴുപത്തിയാറ്) രൂപ മാത്രം ചെലവ് വന്നിട്ടുണ്ട്. പുനർവിന്യാസത്തിനുശേഷം ദേശീയപാതാ വിഭാഗത്തിന് ഒരു വർഷത്തെ പ്രതീക്ഷിക്കുന്ന ചെലവ് 25,51,34,971 (ഇരുപത്തിഅഞ്ച് കോടി അൻപത്തിഒന്ന് ലക്ഷത്തി മുപ്പത്തിനാലായിരത്തി തൊള്ളായിരത്തി എഴുപത്തി ഒന്ന് രൂപ മാത്രം) രൂപയാണ്.

## കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ്

109 (1265) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 36 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) നിർമ്മാണ ചുമതലയേറ്റെടുത്ത കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ സ്ഥലമേറ്റെടുക്കലിന് മുന്നോടിയായുള്ള കല്ലിടൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഭരണാനുമതി ലഭിച്ചതിനുശേഷം നാളിതുവരെ നടന്ന പ്രവൃത്തികൾ വിശദമാക്കാമോ; കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കാൻ എത്ര സമയമെടുക്കും; വിശദമാക്കാമോ?

(എ&ബി) കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ സ്ഥലമേറ്റെടുക്കലിന് മുന്നോടിയായുള്ള കല്ലിടൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന് 28-10-2020-ൽ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 38.95 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. 2-11-2021-ലെ സ.ഉ.(സാധാ) നമ്പർ 3675/2021/ആർ.ഡി. പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 31-12-2021-ന് ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയുണ്ടായി. കല്ലിടൽ പ്രവൃത്തിക്ക് 2-2-2022-ൽ ഭാഗിക സാങ്കേതികാനുമതി നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി - പി.എം.യു, കോഴിക്കോട്

പ്രവൃത്തി ടെണ്ടർ ചെയ്തു. ആദ്യ തവണ ടെണ്ടറിൽ പങ്കെടുത്തയാൾ നിശ്ചിത സമയത്ത് എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ആയത് റീടെണ്ടർ ചെയ്തു. നിലവിൽ കല്ലിടൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ പൂർത്തിയായിവരുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടി LARR Act 2013 അനുസരിച്ചാണ് നടത്തുന്നത്.

## തോപ്പുംപടി സൗന്ദര്യവത്കരണവും നവീകരണവും

110 (1266) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടി സൗന്ദര്യവൽക്കരണവും നവീകരണവും അതിനോടനുബന്ധിച്ചുള്ള റോഡ് നിർമ്മാണത്തിന്റെ പുരോഗതിയും വിശദമാക്കുമോ?

കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടി സൗന്ദര്യവത്കരണവും നവീകരണവും "B/W-2020-2021-Improvements with Thoppumpady junction by providing Hand rail, drainage, and foot path work" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി കാന നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിനോടനുബന്ധിച്ചുള്ള റോഡ് പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്ട് (ആർ.സി.-2)-ലും മൗലാന ആസാദ് റോഡിലെ ബഡ്ജറ്റ് പ്രവൃത്തിയിലും ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

"B/W-2020-2021- Improvements with Thoppumpady" എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6-10-2022 വരെയാണ്. മൗലാന ആസാദ് റോഡിലെ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 18-10-2022 വരെയാണ്.

## നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

111 (1267) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ മൂന്ന് കോടി രൂപ അനുവദിച്ച നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(എ&ബി) നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2021-22 ബഡ്ജറ്റിൽ അനുബന്ധം II പേജ് നമ്പർ 112 ക്രമ നമ്പർ 1870 പ്രകാരം 2 കോടി രൂപ പദ്ധതിക്കായി 100 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് എത്രയുംവേഗം ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ ആപ്ലിക്കേഷനുകളും പ്രോഗ്രാമുകളും**

112 (1268) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി ഒന്നിനുശേഷം പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്കായി ഉണ്ടാക്കിയിട്ടുള്ള ആപ്ലിക്കേഷനുകളും കമ്പ്യൂട്ടർ പ്രോഗ്രാമുകളും വെബ്സൈറ്റുകളും ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോഗ്രാമുകളും ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും പ്രവർത്തനം ആരംഭിച്ചത് എന്നുമുതലാണെന്ന് അറിയിക്കാമോ;

(സി) ഇവയിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള ആപ്ലിക്കേഷനുകളും പ്രോഗ്രാമുകളും വെബ്സൈറ്റുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഇവ ഓരോന്നിനുമായി ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(എ-ഡി) 2016 ജനുവരി ഒന്നിനുശേഷം പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് സെൽ മുഖേനയും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പാക്കിയ സോഫ്റ്റ്‌വെയർ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്മാർട്ട് സിറ്റി പദ്ധതിയിലെ വികസന പ്രവർത്തനങ്ങൾ

113 (1269) , ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് സ്മാർട്ട് സിറ്റി പദ്ധതി പ്രകാരമുള്ള വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൊച്ചി നഗരത്തിൽ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിലും തിരുവനന്തപുരം നഗരത്തിൽ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിലും വികസനപ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ?

രണ്ടു നഗരങ്ങളിലായി നടപ്പാക്കിവരുന്ന വികസന പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വിശദമായ വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതെങ്കിലും സ്ഥലത്ത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൽ 166 കോടി രൂപയുടെ മലിനജല ശേഖരണ ശൃംഖലാ സംവിധാനവും സംസ്കരണവും എന്ന പദ്ധതി പ്രാദേശിക എതിർപ്പുമൂലം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. വിവിധ ഉപഭോക്താക്കളുമായി നിരവധി ചർച്ചകൾ നടത്തിയിട്ടും ഒരുതരത്തിലും പദ്ധതി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ ബോർഡ് തീരുമാനപ്രകാരം പദ്ധതി നിർത്തിവയ്ക്കുകയും ടി തുകയ്ക്ക് മറ്റ് പദ്ധതികൾ അനുവദിച്ചു നടപ്പാക്കിവരികയും ചെയ്യുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിൽ സ്മാർട്ട് റോഡ് പ്രോജക്ട് കരാർ കമ്പനിയുടെ കാലാവധി അവസാനിച്ചതിനാൽ ടെർമിനേറ്റ് ചെയ്യുകയും പ്രസ്തുത കമ്പനി തുടങ്ങിവച്ച 17 റോഡുകളുടെ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡിലെ മറ്റൊരു പ്രോജക്ടറായ രാജാജി നഗറിലെ സംയോജിത സാമൂഹിക ഭവന സമുച്ചയ പദ്ധതിയുടെ കരട് ഗുണഭോക്തൃ പട്ടിക (194 പേർ) 29-7-2022-ൽ കൂടിയ തിരുവനന്തപുരം നഗരസഭാ കൗൺസിൽ തീരുമാനം നമ്പർ 3 (സി) 68 പ്രകാരം അംഗീകരിച്ചിരുന്നു. തുടർന്ന് ടി ഗുണഭോക്താക്കളെ നിലവിലെ താമസസ്ഥലത്തുനിന്നും മാറ്റി പാർപ്പിക്കുന്നതിനുള്ള ചർച്ച നഗരസഭ മുഖേന പുരോഗമിക്കുന്നു.

## കണ്ണൂർ ജില്ലയിലെ രാമപുരത്തെ ടേക്ക് എ ബ്രേക്ക് പദ്ധതി

114 (1270) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തി പൂർത്തിയായതും പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടത്തുന്നതിന് ഉദ്ദേശിക്കുന്നതുമായ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ രാമപുരത്തെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ?

പിലാത്തറ പാപ്പിനിശ്ശേരി റോഡിലെ രാമപുരം വഴിയോര വിശ്രമ കേന്ദ്രത്തിന്റെ (ടേക്ക് എ ബ്രേക്ക്) നടത്തിപ്പിനായുള്ള പ്രൊപ്പോസൽ അനുമതിക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിക്കുകയും പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ പരിഷ്കരിച്ച് പുനർസമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് നൽകിയിരിക്കുകയുമാണ്. പരിഷ്കരിച്ച് പുനർസമർപ്പിക്കുന്ന പ്രൊപ്പോസലിന് അംഗീകാരം നൽകിയശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പി.ഡബ്ല്യൂ.ഡി. 4 യു. ആപ്പിന്റെ നിർമ്മാണ കരാർ

115 (1271) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. 4 യു. ആപ്പിന്റെ നിർമ്മാണ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും നടത്തിപ്പും സംബന്ധിച്ച ഒരു വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ സിസ്റ്റം നടപ്പാക്കിക്കൊണ്ടുള്ള കരാർ 5-6-2020-ലെ 324/KSTP/PMT/PWD/2020 പ്രകാരം ഒപ്പു വച്ചിരുന്നു. പ്രസ്തുത കരാറിലാണ് പൊതുജനങ്ങൾക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം സംബന്ധിച്ച് തീരുമാനമെടുത്തത്. കരാറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത ആപ്പിന്റെ നിർമ്മാണത്തിനായുള്ള കരാർ കമ്പനിയെ ടെണ്ടർ നടപടികളിലൂടെയാണോ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കരാർ കമ്പനിയെ തെരഞ്ഞെടുത്തത് ലോകബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി രാജ്യാന്തര ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ്.

(സി) ആണെങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശവും അവ ക്വാട്ട് ചെയ്ത തുക എത്രയാണെന്ന വിവരവും ലഭ്യമാക്കാമോ?

ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങളും അവർ ക്വോട്ട് ചെയ്ത തുകകളുടെ വിശദാംശങ്ങളും അനുബന്ധം II* ആയി ചേർക്കുന്നു.

## ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണം

116 (1272) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം നിർമ്മാണത്തിന് ബഡ്ജറ്റിൽ അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായുള്ള സാങ്കേതിക അനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണത്തിനും ലൈബ്രറി ബ്ലോക്കിനുമാണ് ഭരണാനുമതി ലഭ്യമായത്. രണ്ടാം നില നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. കൂടാതെ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പനാ വിഭാഗത്തിൽ നടന്നുവരുന്നു. രൂപകൽപ്പന പൂർത്തിയായശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജ് ചുറ്റുമതിൽ നിർമ്മാണം**

117 (1273) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഏഴുകോടി മുപ്പത്തിനാല് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതും പൊതുമരാമത്ത് വകുപ്പ് മുഖാന്തരം പ്രവൃത്തി നടത്തുന്നതുമായ തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള contour plotting, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിനുള്ള investigation എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം സ്ട്രക്ചറൽ ഡിസൈനും പൂർത്തിയാക്കി, പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുശേഷം ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2-9-2021-ലെ സ.ഉ.(സാധാ) നമ്പർ 1147/2021/ഉ.വി.വ. പ്രകാരം ഭരണാനുമതി ലഭ്യമായി. പ്രസ്തുത പ്രവൃത്തിക്കുള്ള സൈറ്റ് കുന്നിൻ പ്രദേശമായതിനാൽ ചില സ്ഥലങ്ങളിൽ retaining wall ആവശ്യമായി വരുന്നുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിന് Contour map ആവശ്യമാണ്. ആയതിനാൽ മണ്ണ് പരിശോധനയ്ക്കും Contour map തയ്യാറാക്കുന്നതിനും വേണ്ടിയുള്ള investigation estimate തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

118 (1274)ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ ഊരാളുങ്കൽ സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾ നൽകിയെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

2016 മുതൽ 2022 വരെ ഊരാളുങ്കൽ സൊസൈറ്റിക്ക് പൊതുമരാമത്ത് നിരത്ത്, പാലം, കെട്ടിടം, കെ.ആർ.എഫ്.ബി (പി.എം.യു), കെ.ആർ.എഫ്.ബി, കെ.എസ്.ടി.പി എന്നീ വിഭാഗങ്ങൾക്കു കീഴിൽ നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I മുതൽ V വരെ* ചേർക്കുന്നു.

(ബി) ഇതിൽ ടെണ്ടർ നടപടികൾ പാലിക്കാതെ നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

7-8-2015-ലെ സ.ഉ.(അച്ചടി)നമ്പർ 339/2015/ധന., 9-10-2015-ലെ സ.ഉ. (അച്ചടി) നമ്പർ 453/2015/ധന. എന്നീ ഉത്തരവുകൾ പ്രകാരം 2016-നു മുമ്പുതന്നെ ഊരാളുങ്കൽ സൊസൈറ്റി സർക്കാർ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ തെരഞ്ഞെടുത്തിരുന്ന സ്ഥാപനമാണ്. അക്രഡിറ്റഡ് ഏജൻസിയാണെന്ന കാര്യം പരിഗണിച്ച് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ 20-2-2016-ലെ സ.ഉ(കൈ) നമ്പർ 7/2016/പൊമവ. പ്രകാരം ടെണ്ടർ പ്രക്രിയ ഒഴിവാക്കി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു.

1. വലിയഴീക്കൽ പാലം

2. നാട്ടുകാണി - വഴിക്കടവ് - നിലമ്പൂർ - എടവണ്ണ – മഞ്ചേരി - മലപ്പുറം - വേങ്ങര – തിരൂരങ്ങാടി - പരപ്പനങ്ങാടി റോഡ് (90 കി.മീ)

3. രാമനാട്ടുകര മേൽപ്പാലം

4. തൊണ്ടയാട് മേൽപ്പാലം

5. ഹിൽഹൈവേ (ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് റോഡ്) (59.415 കി.മീ)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-ൽ കെട്ടിടവിഭാഗത്തിനുകീഴിൽ " Cliff House - Modification of existing rest room for security guards, drivers, gunman, Lady servants/Attendant" എന്ന പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ടതുണ്ടായിരുന്നതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി 98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും ടെണ്ടർ നടപടികൾ ഒഴിവാക്കി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടും 22-5-2021-ലെ സ.ഉ. (സാധാ) നമ്പർ 532/2021/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കാവുന്നതാണെന്ന 17-1-2022-ലെ സ.ഉ.(അച്ചടി) നമ്പർ 7/2022/ധന. സർക്കാർ ഉത്തരവിന് 28-4-2021 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് 21-6-2022-ലെ സ.ഉ.(അച്ചടി) നമ്പർ 68/2022/ധന. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് മാസ്റ്റർപ്ലാൻ**

119 (1275) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് മാസ്റ്റർപ്ലാൻ അംഗീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ മാസ്റ്റർപ്ലാൻ ഏപ്രിൽ മാസത്തിൽ വാസ്തുശില്പ വിഭാഗത്തിൽ തയ്യാറാക്കി കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഫ്ലാറ്റ് സമുച്ചയം, വില്ലേജ് ഓഫീസ്, ഫയർ സ്റ്റേഷൻ, ഹെൽത്ത് സെന്റർ തുടങ്ങിയ പതിനാലോളം കെട്ടിട സമുച്ചയങ്ങളാണുള്ളത്. അതിൽ പത്തോളം കെട്ടിടങ്ങളുടെ പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നാല് കെട്ടിടങ്ങളുടെ പ്ലാൻകൂടി പൂർത്തീകരിക്കാനുണ്ട്.

(ബി) മാസ്റ്റർ പ്ലാനിന് എപ്പോൾ അന്തിമ അംഗീകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മാസ്റ്റർ പ്ലാനിന് സെപ്റ്റംബർ അവസാനവാരത്തോടെ അംഗീകാരം ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ**

120 (1276) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ കരാറെടുത്തതിനുശേഷം അവ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വൈവിദ്ധ്യമാർന്ന പ്രവർത്തനം സംഘടിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) പ്രവൃത്തി പൂർത്തീകരണ കാലാവധി പലതവണ ദീർഘിപ്പിച്ച് നൽകുന്നത് തെറ്റായ സന്ദേശം നൽകുന്നതിന് ഇടയാക്കുന്നുവെന്നത് പരിശോധിക്കുന്നുണ്ടോ;

(സി) കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കൃത്യമായ സമയപരിധി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ കരാറിലും സമയപരിധി ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന് ആവശ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽപ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും Standard Bid Document-ൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മതിയായ കാരണങ്ങൾമൂലമല്ലാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാറില്ല. സ്ഥലമെടുപ്പ്, കോടതി വ്യവഹാരങ്ങൾ, Utility Shifting-ൽ വരുന്ന താമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, അതിവർഷംമൂലം ഹൈഫ്ലഡ് ലെവലിലുള്ള ഉയർച്ചകൊണ്ട് ഡിസൈനിലുണ്ടാകുന്ന മാറ്റം എന്നിവ കാരണം ചിലപ്പോൾ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് താമസം നേരിടാറുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, Standard Bid Document, MoRTH SBD എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് പിഴയോടുകൂടി കാലാവധി പുതുക്കി നൽകാറുണ്ട്. അതിനുശേഷവും പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ

നഷ്ടോത്തരവാദിത്വത്തിൽ കരാർ terminate ചെയ്യുകയും റീ-ടെണ്ടർ നടത്താൻ വേണ്ടനടപടികൾ സ്വീകരിച്ച് പ്രവൃത്തി ഷെഡ്യൂൾപ്രകാരം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവരുടെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ മേലുദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നു. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമായി "Project Management System" -വും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നത് പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിശ്ചിത ഇടവേളയിൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ സംബന്ധിച്ച തർക്കങ്ങൾ/പ്രശ്നങ്ങൾ പരിഹരിച്ച് വേഗത്തിൽ നടപ്പാക്കാനുള്ള വഴിയൊരുക്കുന്നു.

1-1-2022-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) NO. 8/2022/PWD പ്രകാരം പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് റീജിയണൽ നോഡൽ ഓഫീസർമാരും 14 ജില്ലകളിലായി 140 നിയോജകമണ്ഡലങ്ങളിൽ 140 നോഡൽ ഓഫീസർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലതല പൊതുമരാമത്ത് പ്രവൃത്തികളുടെ നിരീക്ഷണം, നിയോജകമണ്ഡലങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുക, ജനപ്രതിനിധികളുമായി ചർച്ച നടത്തുക, പ്രവൃത്തികളുടെ പുരോഗതിയെക്കുറിച്ചും പ്രവൃത്തികളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി ഇതുസംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിലും ചീഫ് എഞ്ചിനീയർതലത്തിലും ഗവൺമെന്റ്തലത്തിലും അറിയിച്ച് തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നീ നടപടികളാണ് നടപ്പിൽവരുത്തുന്നത്. മിഷൻ പി.ഡബ്ല്യൂ.ഡി. പ്രകാരം പ്രവൃത്തികളുടെ ഉന്നതതല അവലോകനം നടത്തുന്നതിനും പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങളും തടസ്സങ്ങളും പരിഹരിക്കുന്നതിനും ഇതുവഴി ലക്ഷ്യബോധവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്.

**ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ**

121 (1277) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതുമൂലം ജീവാപായം ഉണ്ടാകുന്ന തരത്തിൽ നിരവധി അപകടങ്ങൾ ഉണ്ടാകുന്നതിനാൽ അപകടരഹിതമായി സഞ്ചരിക്കത്തക്കവിധത്തിൽ ദേശീയപാതകൾ പരിപാലിക്കാൻ സത്വര നടപടിയുണ്ടാകണമെന്ന് ദേശീയപാതാ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

NHAI-യെ ഏൽപ്പിച്ചിട്ടുള്ള ദേശീയപാതയിൽ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താനും ഫണ്ട് ലഭ്യമാക്കാനും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗവും സംസ്ഥാന സർക്കാരും 2020 മുതൽ NHAI-യ്ക്ക് നിരന്തരം കത്തുകൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ദേശീയപാത അതോറിറ്റിക്ക് കൈമാറിയ സ്ട്രെച്ചുകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണി നടത്തുന്നതിന് fixed amount per kilometer രീതിയിൽ തുക അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയപാത അതോറിറ്റി ടോൾ പിരിക്കുന്ന തൃശ്ശൂർ-അങ്കമാലി സെക്ടർ പാതകൾ ഗതാഗതയോഗ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അഞ്ച് വർഷത്തിലൊരിക്കൽ നടത്തേണ്ട ഉപരിതലം പുതുക്കൽ പത്ത് വർഷമായിട്ടും നടത്തിയിട്ടില്ലെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പാതയിലെ ടോൾ പിരിവ് നിർത്താനും അടിയന്തരമായി ഉപരിതലം പുതുക്കാനുമാവശ്യമായ നടപടി സ്വീകരിക്കാൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെടുമോ;

(സി) ഹൈക്കോടതി വിധിയുണ്ടായിട്ടും അറ്റകുറ്റപ്പണിയിൽ ദേശീയപാത അതോറിറ്റി അലംഭാവം തുടരുന്നതായുള്ള ആക്ഷേപം പരിശോധനാ വിധേയമാക്കുമോ;

(ബി&സി) പരിശോധിച്ച് നടപടി സ്വീകരിക്കാം. ദേശീയപാതയിലെ അറ്റകുറ്റപ്പണി നടത്തണമെന്ന് NHAI-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ദേശീയപാതയിൽ അറ്റകുറ്റപ്പണി നടത്താൻ സംസ്ഥാനത്തിന് അധികാരമുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് ദേശീയപാതയുടെ കീഴിൽ 548 കിലോമീറ്റർ ദേശീയപാതയുണ്ട്. അവയുടെ അറ്റകുറ്റപ്പണികളുടെ ചുമതല പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനാണ്. NHAI-യ്ക്ക് കൈമാറിയ സ്ട്രെച്ചുകളിൽ അറ്റകുറ്റപ്പണിയുടെ ചുമതല ദേശീയപാതാ അതോറിറ്റിക്കാണ്.

**ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ**

122 (1278) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താൻ ദേശീയപാതാ അതോറിറ്റിക്കും കേന്ദ്ര സർക്കാരിനുംമേൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ദേശീയപാത അതോറിറ്റിക്ക് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം പൊതുമരാമത്ത് റോഡ് വിഭാഗത്തിനാണോയെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയപാത നിർമ്മാണ അതോറിറ്റിക്ക് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) NHAI-യെ ഏൽപ്പിച്ചിട്ടുള്ള ദേശീയപാതയിൽ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താൻ പൊതുമരാമത്ത് വകുപ്പും സംസ്ഥാന സർക്കാരും 2020 മുതൽ NHAI-യ്ക്ക് നിരന്തരം കത്തുകൾ നൽകിയിട്ടുണ്ട്. ദില്ലിയിൽ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ നേരിട്ടുതന്നെ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ദേശീയപാത അതോറിറ്റിക്ക് കൈമാറിയ സ്ട്രെച്ചുകളിൽ NHAI പ്രവൃത്തികൾ യഥാസമയം നടത്താത്തതിനാൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണി നടത്തുന്നതിന് fixed amount per kilometer രീതിയിൽ തുക അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. ഈ വർഷം 9-5-2022, 29-6-2022, 8-7-2022, 6-8-2022 എന്നീ ദിവസങ്ങളിലും NHAI-ക്ക് അറ്റകുറ്റപ്പണി ആവശ്യപ്പെട്ട് സംസ്ഥാനസർക്കാർ കത്തുനൽകിയിട്ടുണ്ട്. NHAI-ക്ക് കൈമാറിയ ദേശീയപാതകളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം NHAI-ക്ക് തന്നെയാണ്.

## ദേശീയപാതാ വികസനം

123 (1279) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനം മികച്ച നിലയിലാണെന്നും ദേശീയപാത വികസനത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം വഹിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളമെന്നും കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം അഭിപ്രായപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 വരെ തടസ്സപ്പെട്ട് കിടന്നിരുന്ന ദേശീയപാതാ വികസനത്തിന് കൂടുതൽ ഗതിവേഗം നൽകുന്നതിനായി സ്വീകരിച്ച പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത വികസനം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം നടത്തി മുന്നോട്ടുപോകുന്നതിനും നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ദേശീയപാത വികസനത്തിന് സർക്കാർ മുൻകൈയെടുത്തതിനെ കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രി അഭിനന്ദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തടസ്സപ്പെട്ടുകിടന്നിരുന്ന ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി. നിരന്തര ചർച്ചകൾക്കൊടുവിൽ സ്ഥലം ഏറ്റെടുക്കലിന്റെ ചെലവിന്റെ 25% സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്രം നിർദ്ദേശിക്കുകയായിരുന്നു. ദേശീയപാത വികസനം സാധ്യമാക്കാൻ കഴിഞ്ഞ സർക്കാർ ആ നിർദ്ദേശം അംഗീകരിച്ചു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിനാവശ്യമായി വരുന്ന തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിനും ഈ വിഷയത്തിൽ കിഫ്ബി, ദേശീയപാതാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എന്നിവർ ഉൾപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിനും 8-8-2019-ലെ സ.ഉ.(കൈ) നമ്പർ 36/2019/ പൊ.മ.വ. പ്രകാരം ഉത്തരവായിരുന്നു. ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ സംസ്ഥാന വിഹിതമായി ദേശീയപാതാ അതോറിറ്റിക്ക് ഇതുവരെ 5580,73,80,071 രൂപ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ദേശീയപാത 85, കോഴിക്കോട്-പാലക്കാട്,

തിരുവനന്തപുരം-അങ്കമാലി എന്നീ ഗ്രീൻ ഫീൽഡ് അലൈൻമെന്റുകൾക്ക് ഭൂമി ഏറ്റെടുക്കൽ തുകയുടെ 25% സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച് ത്രികക്ഷികരാർ ഒപ്പിടുന്നതിന് 26-2-2021-ലെ സ.ഉ.(കൈ)നമ്പർ 18/2021/ പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ദേശീയപാത വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കാനും സംസ്ഥാനം ആവശ്യമായ ഇടപെടലുകൾ നടത്തി. മതിയായ നഷ്ടപരിഹാരം ഉറപ്പുവരുത്തിയാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സാധ്യമാക്കിയത്.

ദേശീയപാത വികസനത്തിന്റെ പുരോഗതി അവലോകനം ചെയ്യാനും അതിനെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നീ തലങ്ങളിൽ അവലോകന യോഗം നടത്തി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാറുണ്ട്.

(ഡി) സംസ്ഥാനത്തെ ഏറ്റവും നീളം കൂടിയ ഫോർ ലൈൻ എലിവേറ്റഡ് ഹൈവേയായി വിഭാവനം ചെയ്തിട്ടുള്ള കഴക്കൂട്ടം മേൽപ്പാലവുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

1.721 കിലോമീറ്റർ നീളത്തിലുള്ള കഴക്കൂട്ടം എലിവേറ്റഡ് ഹൈവേയുടെ പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 60 ഡെക്ക്സ്ലാബുകളുടെയും പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കഴക്കൂട്ടം മേൽപ്പാലനിർമ്മാണം നേരിട്ടെത്തി വിലയിരുത്തിയിട്ടുണ്ട്. മേൽപ്പാലനിർമ്മാണം വിലയിരുത്താൻ പ്രത്യേക യോഗങ്ങളും ചേർന്നിരുന്നു.

**ദേശീയപാത വികസനപദ്ധതികളും വിഹിതവും**

124 (1280) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് അനുവദിച്ച ദേശീയപാത വികസന പദ്ധതികൾ ഏതൊക്കെയാണ് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആകെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എത്രയെന്ന് തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ

125 (1281) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ദേശീയപാതകളാണ് 2020-ൽ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്; എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം കൈമാറിയിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് NH 66, 766, 85, 744 എന്നീ ദേശീയപാതകളാണ് 2020-ൽ NHAI-ക്ക് കൈമാറിയിട്ടുള്ളത്. ഇത്തരത്തിൽ 2020-ൽ കൈമാറിയ ദേശീയപാതകളുടെ ആകെ നീളം 943.009 കിലോമീറ്ററാണ്. സംസ്ഥാനത്തെ 1182KM ദേശീയ പാത നിലവിൽ NHAI-യുടെ അധീനതയിലാണ്.

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് നിലവിൽ ചുമതലപ്പെട്ടിരിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയതിനുശേഷം മേൽപ്പറഞ്ഞ ദേശീയപാതകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ

(ബി&സി) ദേശീയപാത അതോറിറ്റിക്ക് കൈമാറിയ ദേശീയപാതകളിൽ നിർമ്മാണം, കുഴി അടയ്ക്കൽ, അറ്റകുറ്റപ്പണികൾ എന്നിവയുടെ നിലവാരം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ദേശീയപാത അതോറിറ്റിക്കാണ്. ദേശീയപാത അതോറിറ്റിക്ക് കൈമാറിയശേഷം മേൽപ്പറഞ്ഞ ദേശീയപാതകളിൽ പൊതുമരാമത്ത് വകുപ്പിന് സ്വമേധയാ അറ്റകുറ്റപ്പണി നടത്താനാകില്ല. എന്നാൽ NHAI-ന് കീഴിലെ ദേശീയപാതയിലെ അറ്റകുറ്റപ്പണി നടത്തണമെന്ന് പൊതുമരാമത്ത് വകുപ്പ് NHAI-യോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് NHAI ആവശ്യപ്പെട്ട്, ഫണ്ട് അനുവദിക്കുന്നതനുസരിച്ച് ചില പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുനൽകിയിട്ടുണ്ട്.

## കുണ്ടറ മണ്ഡലത്തിലെ റസ്റ്റ് ഹൗസ് നിർമ്മാണം

126 (1282) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ റസ്റ്റ് ഹൗസിനുവേണ്ടി 125 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി എഗ്രിമെന്റുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ 60% പണി പൂർത്തീകരിച്ചപ്പോൾ പ്രവൃത്തി നിശ്ചലാവസ്ഥയിലാകുകയും തുടർന്ന് കരാറുകാരിയെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ബാലൻസ് പ്രവൃത്തിക്ക് 16-7-2022-ൽ അസീസ്. ആർ എന്ന കരാറുകാരൻ ഉടമ്പടിവയ്ക്കുകയും പ്രവൃത്തി 22-8-2022-ൽ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പൊൻമുടിയിൽ ആരംഭിക്കുന്ന റെസ്റ്റ് ഹൗസിന്റെ നിർമ്മാണ പുരോഗതി**

127 (1283) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പൊൻമുടിയിൽ റെസ്റ്റ് ഹൗസിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പൊൻമുടിയിൽ റസ്റ്റ് ഹൗസിന്റെ ഭാഗമായി പുതിയ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിലവിലുള്ള റസ്റ്റ് ഹൗസിന്റെ നവീകരണ വികസന പ്രവൃത്തികളും കഫെറ്റേരിയ, ടോയിലറ്റ് ബ്ലോക്ക് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 75 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇവ കൂടാതെ കൂടുതൽ മുറി സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള കോട്ടേജുകളുടെ നിർമ്മാണവും റസ്റ്റോറന്റ്, പൂന്തോട്ടങ്ങൾ ലാൻഡ്സ്കേപ്പിംഗ് വർക്ക് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള Final Architectural drawing തയ്യാറാക്കിവരികയാണ്. ഇവയുടെ Detailed drawing പൂർത്തിയായാൽ കോട്ടേജുകളുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കുന്നതാണ്.

**കുന്നംകുളം താലൂക്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസ് ആരംഭിക്കൽ**

128 (1284) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ആഫീസ് ആരംഭിക്കുന്നതിന് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്ത്, കെട്ടിട വിഭാഗങ്ങൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾ രൂപീകരിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പ്രവൃത്തി പഠിക്കുന്നതിന് IMG-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. IMG റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞിരപ്പുഴ ചിറക്കൽപ്പടി റോഡ് പുനരുദ്ധാരണ പ്രവൃത്തി**

129 (1285) ശ്രീമതി ശാന്തകുമാരി കെ. താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാഞ്ഞിരപ്പുഴ ചിറക്കൽപ്പടി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെയായി റീ-ടെണ്ടർ നടപടിക്കായി ബാലൻസ് എസ്റ്റിമേറ്റ് ഉൾപ്പെടെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2017-18-ൽ ആരംഭിച്ച ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡിന്റെ പ്രവൃത്തി കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 30-4-2022-ൽ കരാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ മൂല്യം കണക്കാക്കി ബാലൻസ് എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി. ഫീൽഡ് ഓഫീസിൽ തയ്യാറാക്കിവരുന്നു.

(ബി) റീ-ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ബാലൻസ് എസ്റ്റിമേറ്റ് ലഭ്യമാക്കി, ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകി, കരാറിലേർപ്പെട്ടതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം പ്രവൃത്തി

130 (1286) ശ്രീമതി ശാന്തകുമാരി കെ. താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എഴുത്തോംപാറ പാലം പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റീ-ടെണ്ടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ&ബി) എഴുത്തോംപാറ പാലം പ്രവൃത്തി 19-7-2022-ലെ കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടറുടെ ഉത്തരവുപ്രകാരം ഫോർ ക്ലോസ് ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനായുള്ള ബാലൻസ് എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കെ.ആർ.എഫ്.ബി.-യിൽ സത്വരമായി സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആയത് സർക്കാർതലത്തിലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകി, കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## മലയോര ഹൈവേ അലൈൻമെന്റിൽ മാറ്റം

131 (1287) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ മുമ്പ് നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിന് ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനമെടുത്തിരുന്നോ; അറിയിക്കുമോ?

(ബി&സി) ഇടുക്കി ജില്ലയിൽ കുരുത്തിക്കുടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള 8 കിലോമീറ്റർ ഭാഗം വനം വകുപ്പിന്റെ കീഴിലുള്ളതും ഇടതൂർന്നതും

സംരക്ഷിത വനമേഖലയിൽ വരുന്നതിനാലും മലയോര ഹൈവേയുടെ റോഡ് നിർമ്മാണത്തിനായി വനംവകുപ്പ് വിട്ടുനൽകിയില്ല. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വനം വകുപ്പ് അധികൃതരുടെയും നാറ്റ്പാക്ക്, കിഫ്ബി-കെ.ആർ.എഫ്.ബി- പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ 2021 ഒക്ടോബർ 5-ന് ചേർന്ന മീറ്റിംഗിൽ അലൈൻമെന്റ് മാറ്റാൻ തീരുമാനമെടുത്തു.

(ഡി) ആറാം മൈൽ-എളംബ്ലാശ്ശേരി-കുറത്തിക്കുടി-പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ എന്ന അലൈൻമെന്റിൽ മലയോര ഹൈവേയുടെ ഭാഗമായി റോഡ് നിർമ്മാണം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

തീരുമാനമെടുത്തിട്ടുണ്ട്. 6-7-2009-ലെ സ.ഉ. (കൈ)നമ്പർ 44/2009/ പൊ.മ.വ. പ്രകാരം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മലയോര പാതയുടെ അലൈൻമെന്റ് അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എറണാകുളം ജില്ലയിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയുടെ കീഴിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ വരെയുള്ള അലൈൻമെന്റ് സംരക്ഷണ വനഭൂമിയിലൂടെ ഉള്ളതും ഇടതൂർന്ന വനപ്രദേശമായതിനാലും വനം വകുപ്പ് മലയോര ഹൈവേ റോഡ് നിർമ്മാണത്തിന് എതിർപ്പ് അറിയിക്കുകയും 2021 ഒക്ടോബർ 5-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, നാറ്റ്പാക്, കിഫ്ബി - കെ.ആർ.എഫ്.ബി - ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചേർന്ന മീറ്റിംഗിൽ നേര്യമംഗലത്തിന് ശേഷം 6-ാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള എൻ.എച്ച്-85 റോഡിലൂടെ മലയോര ഹൈവേയുടെ അലൈന്മെന്റ് മാറ്റാൻ തീരുമാനമെടുത്തു.

**പ്രീ മൺസൂൺ അറ്റകുറ്റപ്പണികൾ**

132 (1288) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി.-യുടെ നിയന്ത്രണത്തിലുള്ള ദേശീയപാതകളിൽ പ്രീ മൺസൂൺ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗത്തിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.5 കോടി രൂപ 3054-01-337-99-voted എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 14 പ്രീമൺസൂൺ പ്രവൃത്തികൾക്കായി 81,84,961 രൂപയുടെയും മഴക്കാലത്ത് റോഡുകളിലുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള 5 പ്രവൃത്തികൾക്കായി 59,30,463 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ ലഭിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

### ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ

133 (1289) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ റോഡുകളിലെ അറ്റകുറ്റപ്പണികൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ദേശീയപാതകൾക്ക് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.5 കോടി രൂപ 3054-01-337-99-voted എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മഴക്കാലപൂർവ്വ പ്രവൃത്തികൾക്കും മഴക്കാലത്തുണ്ടാകുന്ന കുഴികൾ അടയ്ക്കാനും 19 പ്രവൃത്തിക്കായി 1,37,65,423 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ബിൽ ലഭിക്കുമ്പോഴാണ് തുക ചെലവഴിക്കുക. പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

ഇതുകൂടാതെ MoRTH-ൽനിന്നും 64 ലക്ഷം രൂപ ഒ.ആർ.(സി.)-ൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. FDR (വെള്ളപ്പൊക്ക കെടുതികൾ നിർമ്മാർജ്ജനം ചെയ്യൽ)-ൽ 8.45 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ MoRTH-ന് നൽകിയിട്ടുണ്ട്. ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട്

134 (1290) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപ്പുഴ നദീതീരത്ത് തമ്മാനിമറ്റം ഭാഗത്ത് ചിൽഡ്രൻസ് പാർക്ക്, ആംഫി തിയേറ്റർ വിത്ത് വോളിബോൾ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനും നദിതീര സൗന്ദര്യവൽക്കരണത്തിനും വാട്ടർ സ്പോർട്സ് സൗകര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പദ്ധതി നിർദ്ദേശം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേഖലയിലെ വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തമ്മാനിമറ്റം നദിതീര സൗന്ദര്യവൽക്കരണ പ്രോജക്ട് നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് ജലവിഭവ/തദ്ദേശസ്വയംഭരണ സിവിൽ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നുള്ള റിപ്പോർട്ട് ലഭിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കാൻ എറണാകുളം ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

135 (1291) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. ഹൗസ് ബോട്ടിനുശേഷം പുതിയ ടൂറിസം ഉൽപ്പന്നത്തെ പരിചയപ്പെടുത്താൻ കാരവൻ ടൂറിസം പദ്ധതി ഈ സർക്കാർ നടപ്പാക്കി. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും അവ ടൂറിസം

ഡെസ്റ്റിനേഷനുകളാക്കുന്നതിനുംവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ട് പ്രധാന ടൂറിസം സർക്യൂട്ടുകളായ " മലബാർ ലിറ്ററി സർക്യൂട്ട്, " കൊല്ലം ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്" എന്നിവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ കൺസൾട്ടന്റുമാരെ കണ്ടെത്തി അവരുമായി കരാറിൽ ഏർപ്പെട്ടുക്കഴിഞ്ഞു. കൂടാതെ നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണത്തിനായുള്ള പദ്ധതി നടപ്പാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ അഞ്ചുകേന്ദ്രങ്ങളിൽ ഈ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകുംവിധം "ബാരിയർ ഫ്രീ ടൂറിസം" പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് 'ക്ലീൻ ടൂറിസം ഡെസ്റ്റിനേഷൻ' ക്യാമ്പയിൻ പദ്ധതിപ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പാക്കിവരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ വകുപ്പ് നടപ്പാക്കിവരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും വകുപ്പ് നടപ്പാക്കിവരുന്നു. അതിൽ ഇടുക്കി, അതിരപ്പിള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസും, സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചുവരുന്നു. കൂടാതെ കെ.ടി.ഡി.സി. മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, അക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല

വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന 'മായാ വാട്സാപ്പ് ചാറ്റ് ബോട്ട്' സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയുമുള്ള സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും യാത്രാവിവരങ്ങൾ ചോദിച്ചറിയാനുമുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റന്റാണ് 'മായ'. ഇതുകൂടാതെ കേരളാ ടൂറിസത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച 'ആപ്പും' പ്രവർത്തിക്കുന്നു. ഇതിനുപുറമേ കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ, ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് പോലെയുള്ള പദ്ധതി ഇവയൊക്കെ ഈ വർഷം ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രധാന പദ്ധതികളാണ്.

(ബി) 2021-ൽ സംസ്ഥാനത്ത് എത്തിയ സ്വദേശ, വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്രയാണ്?

2021-ൽ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം-1*, അനുബന്ധം-2* ആയി ചേർത്തിട്ടുണ്ട്.

(സി) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് വകുപ്പ് നടപ്പാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡിനുശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽത്തന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് കരുതുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ടുതന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് വകുപ്പ് രൂപം നൽകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം ഈ പ്രോത്സാഹനം മുന്നിൽകണ്ടാണ് ആവിഷ്കരിച്ചത്.

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രൊമോഷൻ
- ചേഞ്ച് ഓഫ് എയർക്യാമ്പയിൻ
- ഫാം ട്രിപ്പുകൾ
- വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചത് ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതം ഏറ്റുവാങ്ങിയ കേരളത്തിലെ ടൂറിസം മേഖല ഈ വർഷം ആദ്യ പാദത്തിൽ 38 ലക്ഷം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 72.48% ശതമാനം വളർച്ചയാണ് ഈ കാലയളവിൽ നേടാൻ കഴിഞ്ഞത്.

**ബീച്ച് ടൂറിസം പദ്ധതികൾ**

136 (1292) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:

<u>ശ്രീ. കെ. ആൻസലൻ</u>:

<u>ശ്രീ. എച്ച്. സലാം</u>:

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടൽത്തീര ശോഷണംമൂലം നിലവിലുള്ള ബീച്ച് ടൂറിസം പദ്ധതികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കടൽത്തീര ശോഷണംമൂലം ബീച്ച് ടൂറിസത്തിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ബേക്കൽ മുതൽ തിരുവനന്തപുരം കോവളം വരെയുള്ള ചെറുതും വലുതുമായ എല്ലാ ബീച്ച് ടൂറിസം പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ബീച്ച് ടൂറിസം സർക്യൂട്ട് എന്ന പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കാസർഗോഡ് ബേക്കൽ മുതൽ തിരുവനന്തപുരം കോവളം വരെയുള്ള ചെറുതും വലുതുമായ എല്ലാ ബീച്ച് ടൂറിസം പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ബീച്ച് ടൂറിസം സർക്യൂട്ട് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) നിലവിലുള്ള ബീച്ച് ടൂറിസം പദ്ധതികളെ കാലാനുസൃതമായി നവീകരിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് പ്രസ്തുത മേഖലകളിൽ സുരക്ഷിതമായ താമസസൗകര്യവും യാത്രാസൗകര്യവുമൊരുക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബീച്ച് ടൂറിസം പദ്ധതികളെ നവീകരിക്കുന്നതിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൂടുതൽ താമസസൗകര്യം ഒരുക്കാനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

(ഡി) സാധ്യതയ്ക്കനുസരിച്ച് പുതുതായി ബീച്ച് ടൂറിസം സൈറ്റുകൾ ആരംഭിക്കുന്നതിനും ഫിഷർമെൻ വില്ലേജുകളുമായി അവയെ സംയോജിപ്പിക്കുന്നതിനും അതുവഴി തദ്ദേശ ജനതയുടെ പങ്കാളിത്തവും പുരോഗതിയും ഉറപ്പാക്കി ജനകീയ ബീച്ച് ടൂറിസം പദ്ധതിക്ക് രൂപം നൽകുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി**

137(1293) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുംപ്രകാരമാണ്.

1. താവം ബോട്ട് ജെട്ടി

പ്ലാസ്റ്ററിംഗ്, കൈവരിപ്പണി എന്നിവവരെ പൂർത്തീകരിച്ചു. റൂഫ് വർക്ക് പുരോഗമിക്കുന്നു. പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ നടന്നുവരുന്നു. 85% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

2. മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി

റൂഫ് വർക്ക് പുരോഗമിക്കുന്നു. നടപ്പാതയുടെ പ്രവൃത്തി നടന്നുവരുന്നു. 85% വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്.

3. മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി

റൂഫ് വർക്ക് പുരോഗമിക്കുന്നു. 90% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

4. വാടിക്കൽ ബോട്ട് ജെട്ടി

റൂഫ് വർക്ക് പുരോഗമിക്കുന്നു. 80% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

5. ചെറുകുന്ന് ബോട്ട് ജെട്ടി

റൂഫ് വർക്ക് വരെ പൂർത്തീകരിച്ചിട്ടുണ്ട്. 96% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

6. മുട്ടിൽ ബോട്ട് ജെട്ടി

പൈലിംഗ് പ്രവൃത്തി വരെ പൂർത്തീകരിച്ചു. വർക്ക് നടന്നുകൊണ്ടിരിക്കുന്നു. 50% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

7. പട്ടുവം (മംഗലശ്ശേരി) ബോട്ട് ടെർമിനൽ

നിർമ്മാണ പ്രവൃത്തി 97% പൂർത്തീകരിച്ചു.

8. മുതുകുട ബോട്ട് ജെട്ടി

87% പൂർത്തീകരിച്ചു. മേൽക്കൂരയുടെ പ്രവൃത്തി നടന്നുവരുന്നു. ഫ്ലോർ ടൈലിംഗ്, പെയിന്റിംഗ് പ്രവൃത്തി എന്നിവ ചെയ്യാനുണ്ട്.

9. തെക്കുമ്പാട് ബോട്ട് ടെർമിനൽ

85% പൂർത്തീകരിച്ചു. മേൽക്കൂര, കര സംരക്ഷണ പ്രവൃത്തി എന്നിവ നടന്നുവരുന്നു. ഫ്ലോർ ടൈലിംഗ്, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ ചെയ്യാനുണ്ട്.

10. <u>മടക്കര ബോട്ട് ജെട്ടി</u>

ഈ പദ്ധതിയുടെ 62% പ്രവൃത്തി പൂർത്തീകരിച്ചു.

**ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യവൽക്കരണം**

138 (1294) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ ബീച്ച് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ബീച്ചിനോട് ചേർന്നുള്ള വിജയാ പാർക്ക് നവീകരിച്ചു; ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കൂടാതെ ബീച്ച് സൗന്ദര്യവൽക്കരണത്തിനായി ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽപ്പെടുത്തിയ ' ബീച്ച് സൈഡ് ഡെവലപ്‌മെന്റിന് കിഫ്ബി 4,05,00,000 (നാലുകോടി അഞ്ച് ലക്ഷം) രൂപ അനുവദിക്കുകയും ഇൻകെൽ മുഖേന ടെണ്ടറിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

എന്നാൽ ആലപ്പുഴയിൽ പുതിയ ബൈപ്പാസിന്റെ റീച്ച് വരുന്ന സാഹചര്യത്തിൽ ദേശീയപാതാ അതോറിറ്റി അനുമതി നിഷേധിച്ചതിനാൽ ഈ പദ്ധതിയുമായി മുന്നോട്ടുപോകാനായില്ല.

(ബി) അവധിക്കാല ഉല്ലാസത്തിനായി എത്തുന്ന വിനോദസഞ്ചാരികൾക്ക് സൗകര്യപ്രദമായ താമസമൊരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിനോദ സഞ്ചാരികൾക്കായി സ്വകാര്യ മേഖലയിൽ നിരവധി അക്കോമഡേഷൻ യൂണിറ്റുകളും കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ വിവിധ യൂണിറ്റുകളും ധാരാളം ഹൗസ് ബോട്ടുകളും ആലപ്പുഴയിൽ ലഭ്യമാണ്.

(സി) ഉത്തരവാദിത്ത ടൂറിസം മുഖേന പ്രദേശവാസികൾക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, അക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക

കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം മുതൽ കൂടുതൽ പേർക്ക് വിനോദസഞ്ചാര മേഖലയിൽനിന്നും വരുമാനലഭ്യത ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഉത്തരവാദിത്ത ടൂറിസം മിഷന് പദ്ധതിയുണ്ട്.

(ഡി) ആലപ്പുഴയുടെ സൗന്ദര്യവൽക്കരണ പദ്ധതികൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖലയിൽ നവീന പദ്ധതികൾ**

139 (1295) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾക്ക് അയവുവരുത്തിയ സാഹചര്യത്തിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സ്വീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാരികളെ ആകർഷിക്കാൻവേണ്ടി രാജ്യത്തിനകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. താഴെപ്പറയുന്ന മാർക്കറ്റിംഗ് പദ്ധതികളാണ് ആഭ്യന്തര/വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ളത്.

<u>രാജ്യത്തിനകത്ത് നടത്തിയ ക്യാമ്പയിനുകൾ</u>

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡേ
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻസ്

- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ കേരള : കാരവൻ ടൂറിസം പ്രൊമോഷൻ
- ചേഞ്ച് ഓഫ് എയർ ക്യാമ്പയിൻ
- നാഷണൽ പാർട്ണർഷിപ്പ് മീറ്റുകൾ
- സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ
- ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം
- ദേശീയ B2B മീറ്റുകൾ

<u>രാജ്യത്തിന് പുറത്ത് നടത്തിയ ക്യാമ്പയിനുകൾ</u>

- WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം
- മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, തുടങ്ങിയ റോഡ് ഷോകൾ.
- ഇന്റർനാഷണൽ റീ-ഓപ്പണിംഗ് ക്യാമ്പയിൻ
- ഇന്റർനാഷണൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ

കൂടാതെ വിനോദസഞ്ചാരികൾക്കായി നടപ്പാക്കിയ പുതിയ പദ്ധതിയാണ് കാരവൻ ടൂറിസം പദ്ധതി. കേരളത്തിലെ ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലി ടൂറിസം പദ്ധതി, കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനാക്കുന്നതിനുള്ള പ്രത്യേക പദ്ധതി എന്നിവയ്ക്കും രൂപം നൽകുന്നുണ്ട്.

വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ മുഴുവൻ ജീവനക്കാരെയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കുകയും സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാം ബയോബബിൾ സുരക്ഷാ വലയത്തിലാക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്ഥാപനതലത്തിൽ കുറഞ്ഞത് ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, ഡെസ്റ്റിനേഷൻ വികസനത്തിനുള്ള പദ്ധതികൾ, എൻ ഊര് പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക്, സ്ട്രീറ്റ് പദ്ധതി, ഫുഡീവീൽസ് തുടങ്ങിയ പദ്ധതികൾ ടൂറിസം മേഖലയ്ക്ക് ഉണർവ്വ് നൽകുന്നതാണ്. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ലഭിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ NOC വേണമെന്ന നിബന്ധന ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടൂറിസം മൊബൈൽ ആപ്പ് നവീകരിച്ചും വെർച്വൽ

ട്രാവൽ ഗൈഡ്, മായ ചാറ്റ് ബോട്ട് തുടങ്ങിയവ ഏർപ്പെടുത്തിയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായി. ടൂറിസം കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് 50% ഫീസ് ഇളവ് ലഭ്യമാക്കിയിട്ടുണ്ട്.

കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി പ്രയാസങ്ങളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ ആദ്യ മൂന്നുമാസത്തെ സ്ഥിതിവിവരക്കണക്കുപ്രകാരം 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിലുണ്ടായത്. 38,00,000 ആഭ്യന്തര സഞ്ചാരികളെ ഈ കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16,00,000 സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യ പാദത്തിൽ വർദ്ധിച്ചത്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ ആദ്യ പാദത്തെ അപേക്ഷിച്ച് 200.55% വർദ്ധനയാണുള്ളത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഈ കാലയളവിൽ സംസ്ഥാനത്ത് എത്തിയത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന്, നേട്ടങ്ങളുടേതാകും ഈ വർഷമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവെന്നാണ് കരുതുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെയും 2022-23 സാമ്പത്തിക വർഷം ജൂൺ 30 വരെയും കേരളത്തിലേയ്ക്കുള്ള ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകളും വിശദാംശങ്ങളും ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിനോദസഞ്ചാരികളുടെ എണ്ണം ക്രോഡീകരിക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കിയാണ്. 2021 കലണ്ടർ വർഷവും 2022 ജൂൺ വരെയും സംസ്ഥാനം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ കണക്ക് ഇതോടൊപ്പം അനുബന്ധമായി* ഉൾക്കൊള്ളിക്കുന്നു.

(സി) ഓണം സീസണോടനുബന്ധിച്ച് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓണം സീസണോടനുബന്ധിച്ച് സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളുടെ വലിയ തോതിലുള്ള വരവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പുതുമയാർന്ന പരിപാടികളോടെയാണ് സർക്കാർ ഇത്തവണ ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. കൂടാതെ ഓണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകാൻ ഒരു മൈക്രോസൈറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഓണത്തോടനുബന്ധിച്ച് ഒരു ഓൺലൈൻ അത്തപ്പൂക്കള മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടിയും മൂന്നാറും മറ്റനവധി ടൂറിസ്റ്റ് കേന്ദ്രങ്ങളുമുള്ള ഇടുക്കി ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി ടൂറിസം പദ്ധതികളും കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഇടുക്കി ജില്ലയിൽ നിരവധി ടൂറിസം പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട പദ്ധതികൾ താഴെക്കൊടുക്കുന്നു.

1. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - ഒന്നാംഘട്ടം 4.5 കോടി രൂപ:- പദ്ധതി പൂർത്തീകരിച്ചു.

2. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - രണ്ടാംഘട്ടം 3.5 കോടി രൂപ:- പദ്ധതി പൂർത്തീകരിച്ചു.

3. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - മൂന്നാംഘട്ടം:- പദ്ധതിക്ക് 4.89 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടറിംഗ് സ്റ്റേജിലാണ്.

4. മുതിരപ്പുഴയുടെ തീരത്തുള്ള ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം:- ഈ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു.

5. ഇടുക്കി മൈഗ്രേഷൻ മോണുമെന്റ്സ് - ഈ പദ്ധതി പുരോഗമിച്ചുവരുന്നു.

6. ഇടുക്കി ഇക്കോ ലോഡ്ജ് - നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

7. പീരുമേട് ഇക്കോ ലോഡ്ജ് -നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

8. ഇടുക്കിയിലെ യാത്രീ നിവാസ് - ഈ പ്രവൃത്തി പുരോഗമിക്കുന്നു.

ഇവയ്ക്കുപുറമെ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഇടുക്കി ജില്ലയിൽ ഫാം ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് മറ്റ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ബി.ആർ.ഡി.സി.-യുടെ ഭൂമി കൈമാറ്റ ഉത്തരവ്

140 (1296) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ കൈവശമുള്ള സ്ഥലവും പള്ളിക്കര പി.എച്ച്.സി.-യുടെ കൈവശമുള്ള സ്ഥലവും പരസ്പരം കൈമാറുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബി.ആർ.ഡി.സി.-യുടെ കൈവശത്തിലുള്ള റീസർവ്വേ നമ്പർ 251/3 (പഴയ റീ.സ. നമ്പർ 441/7)-ൽ ഉൾപ്പെട്ട 1.03 ഏക്കർ, കേരള ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾപ്രകാരം നിരുപാധികം വിട്ടൊഴിഞ്ഞശേഷം, റവന്യൂ ഭൂമിയാക്കി പി.എച്ച്.സി. നിർമ്മാണത്തിനായി ഉപയോഗാനുമതി നൽകുന്ന വിഷയവും ബി.ആർ.ഡി.സി. വിട്ടൊഴിഞ്ഞ ഭൂമിക്കുപകരമായി പള്ളിക്കര വില്ലേജിലെ പി.എച്ച്.സി. പള്ളിക്കരയുടെ ഉടമസ്ഥതയിലുള്ള റീ സർവ്വേ നമ്പർ 247/1 (പഴയ സർവ്വേ നമ്പർ 453/5) 1.03 ഏക്കർ സർക്കാർ ഭൂമി ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് പതിച്ചുനൽകുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്.

എന്നാൽ പി.എച്ച്.സി. നിർമ്മാണത്തിന്റെ അടിയന്തരാവശ്യം പരിഗണിച്ച് ജില്ലാകളക്ടറുടെ നടപടിക്രമം 24-1-2018-ലെ നമ്പർ സി1-71480/2017 പ്രകാരം ബി.ആർ.ഡി.സി., പി.എച്ച്.സി.-ക്കായി അക്വയർ ചെയ്ത 1.03 ഏക്കർ സ്ഥലം കൈമാറി നൽകുകയും അവിടെ പി.എച്ച്.സി. പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം ബി.ആർ.ഡി.സി. പള്ളിക്കര പി.എച്ച്.സി. നിർമ്മാണത്തിന് എത്ര തുക നൽകണമെന്നാണ് വ്യവസ്ഥയുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

27-12-2010-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 5031/2010/ എച്ച്.& എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവുപ്രകാരം പള്ളിക്കര പി.എച്ച്.സി.-ക്ക് 30,00,000 രൂപ ബി.ആർ.ഡി.സി. നൽകുമെന്നാണ് ഉത്തരവായിട്ടുള്ളത്.

(സി) പ്രസ്തുത ഉത്തരവുപ്രകാരം ബി.ആർ.ഡി.സി. പണം പള്ളിക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) ഭൂമി കൈമാറ്റ സർക്കാർ ഉത്തരവുപ്രകാരം ബി.ആർ.ഡി.സി. നൽകാനുള്ള തുക പള്ളിക്കര ഗ്രാമപഞ്ചായത്തിന് എന്ന് നൽകുമെന്ന് അറിയിക്കാമോ?

(സി&ഡി) ബി.ആർ.ഡി.സി. 30,00,000 രൂപ ഇതുവരെ കൈമാറിയിട്ടില്ല. പള്ളിക്കര പി.എച്ച്.സി.-ക്ക് കൈമാറിയ സ്ഥലത്തിന് പകരമായുള്ള സ്ഥലം ബി.ആർ.ഡി.സി.-ക്ക് ലഭ്യമാകുന്ന മുറയ്ക്ക് തുക കൈമാറുന്നതാണ്.

## വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ ഒഴിവാക്കാൻ നടപടി

141 (1297) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം അപകടമരണങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുമോ?

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് ആഭ്യന്തരവകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികൾക്കുള്ള സുരക്ഷിതത്വത്തിനുവേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റുചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറാ സംവിധാനം ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**സാഹസിക വിനോദസഞ്ചാരം**

142 (1298) <u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള ടൂറിസം മേഖലയാണ്. സാഹസിക ടൂറിസം മേഖല കേരളത്തിലും വളർച്ചയുടെ പാതയിലാണ്. ജൈവ വൈവിദ്ധ്യവും പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമാണ്. ഈ സാധ്യതകളെ മനസ്സിലാക്കി കേരളത്തിലെ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്.) രൂപീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുകയെന്നതാണ് വിനോദസഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം. ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈസൻസ്" തയ്യാറായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ടെന്റ് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാമാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പാക്കിയിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ ലൈസൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

(ബി) ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഇത്തരം ക്ലാസിഫിക്കേഷൻ വകുപ്പ് നടത്തിയിട്ടില്ല. എങ്കിലും വിനോദ സഞ്ചാരികൾ കൂടുതൽ എത്തുന്ന പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളുടെ നിലവാരം ഉയർത്താൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കാനായി നിരീക്ഷണ ക്യാമറാ സംവിധാനം നടപ്പാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റുചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

കൂടാതെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുമ്പായി സംസ്ഥാനത്ത് നടത്താൻ ആലോചനയുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിനുവേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്.

## കണ്ണൂർ കോട്ടയിലെ ലൈറ്റ് ആന്റ് സൗണ്ടിന്റെ അവസ്ഥ

143 (1299) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ കണ്ണൂർ കോട്ടയിലെ ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ലൈറ്റ് ആന്റ് സൗണ്ട് ഷോ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിലുള്ള തടസ്സമെന്താണ്; തടസ്സമുണ്ടെങ്കിൽ അത് നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ആർക്കിയോളജി സർവ്വേ ഓഫ് ഇന്ത്യയുമായുള്ള (എ.എസ്.ഐ.) മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് കാലാവധി അവസാനിച്ചിരിക്കുകയാണ്. ഇത് പുതുക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

## തിരൂരങ്ങാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

144 (1300) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ ആരംഭിക്കാൻ തീരുമാനിച്ച ടൂറിസം പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ പുതിയ ടൂറിസം പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ടൂറിസം മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. മൂന്ന് പതിറ്റാണ്ടിനുശേഷം ആദ്യമായി ഒരു ടൂറിസം ഉൽപ്പന്നത്തെ ഈ സർക്കാർ സമ്മാനിച്ചു. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാരവൻ ടൂറിസത്തിന് വലിയ പിന്തുണയാണ് ലഭിച്ചത്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും അവ ടൂറിസം ഡെസ്റ്റിനേഷനുകളാക്കുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതി

നടപ്പാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ട് പ്രധാന ടൂറിസം സർക്യൂട്ടുകളായ മലബാർ ലിറ്റററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നിവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ കൺസൾട്ടന്റുമാരെ കണ്ടെത്തി അവരുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. കൂടാതെ നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകുംവിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിപ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പാക്കിവരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ച് മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ വകുപ്പ് നടപ്പാക്കിവരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും വകുപ്പ് നടപ്പാക്കിവരുന്നു. അതിൽ ഇടുക്കി, അതിരപ്പിള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രിനിവാസും സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചുവരുന്നു. കൂടാതെ KTDC മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ

സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ ടൂറിസം പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുന്നതിനും അതുവഴി ഡെസ്റ്റിനേഷനുകളെ മെച്ചപ്പെടുത്തുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയതലത്തിലും അന്തർദേശീയതലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്ന 'മായാ' വാട്സാപ്പ് ചാറ്റ് ബോട്ട് സേവനത്തിന് തുടക്കംകുറിച്ചിട്ടുണ്ട്. ലോകത്തെവിടെയുമുള്ള സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും യാത്രാവിവരങ്ങൾ ചോദിച്ചറിയാനുമുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റന്റാണ് 'മായ'. ഇതുകൂടാതെ കേരളാ ടൂറിസത്തെക്കുറിച്ച് കൂടുതലറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ' ആപ്പും' പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം അനുബന്ധമായി * ചേർക്കുന്നു.

## ഹോം സ്റ്റേ പദ്ധതി

145 (1301) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

16-1-2020-ലെ സ.ഉ.(കൈ)നമ്പർ 03/2020/ടൂറിസം പ്രകാരം ഹോം സ്റ്റേകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത മാനദണ്ഡത്തിൽ നിലവിൽ ഇളവ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ഹോം സ്റ്റേ നടത്തുന്നതിന് നിലവിൽ ലളിതമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു സ്ഥാപനം ഏറ്റവും ഉത്തരവാദിത്വത്തോടെ നടത്തേണ്ടതിനാവശ്യമായ രേഖകൾ മാത്രമാണ് ഇതിനുവേണ്ടത്. ഹോംസ്റ്റേകൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഹോം സ്റ്റേ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ഹോം സ്റ്റേ മേഖലയുടെ പങ്ക് വലുതാണെന്ന് സർക്കാർ കരുതുന്നു. അതിന്റെ ഭാഗമായി ഹോം സ്റ്റേകളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് ഒരു പ്രത്യേക പ്രചരണ പരിപാടി നടപ്പാക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോം സ്റ്റേ മേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി വിവിധ സംഘടനകളുമായി സർക്കാർതലത്തിലും വകുപ്പുതലത്തിലും ചർച്ചകൾ നടത്തുകയുണ്ടായി. ഹോം സ്റ്റേ ഉടമകളുടെ പ്രശ്നങ്ങളിൽ സർക്കാർ ഫലപ്രദമായി ഇടപെട്ട് പരിഹാരം കണ്ടെത്താൻ ഈ ചർച്ചകൾമൂലം കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്ക് കേരളത്തിലെ ഹോം സ്റ്റേകളെ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് അംഗീകൃത/ക്ലാസ്സിഫൈഡ് ഹോംസ്റ്റേകളുടെ ലിസ്റ്റ് കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ടൂറിസം സൗഹൃദ അന്തരീക്ഷം**

146 (1302) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസം സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചു നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതിവഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പ്രവർത്തനം നടത്തിവരുന്നു. ഇതിനുപുറമെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വംവഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility)-ൽ എത്തിച്ചുനൽകുന്ന ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. ഇതുപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യനിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനംവഴി ഇടുക്കി ഡി.ടി.പി.സി. നടപ്പാക്കിവരുന്നുണ്ട്.

ടൂറിസം മേഖല മാലിന്യ വിമുക്തമാക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫിക്കേഷനിലേയ്ക്ക് കൊണ്ടുവരുന്നതിനുമായുള്ള പ്രവർത്തനങ്ങൾ പടിപടിയായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അക്കോമഡേഷൻ യൂണിറ്റുകളിൽ പ്ലാസ്റ്റിക് ഒഴിവാക്കിക്കൊണ്ടുള്ള പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷൻ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. യു.എൻ.ഡി.പി, ഹരിത കേരള മിഷൻ എന്നിവരുമായി ചേർന്ന് മൂന്നാർ കേന്ദ്രീകരിച്ചുള്ള മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻതന്നെ അത് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഓരോ തരം ടൂറിസം കേന്ദ്രങ്ങൾക്കുമായുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ ഉത്തരവാദിത്ത ടൂറിസം മിഷൻ തയ്യാറാക്കുന്നുണ്ട്.

## കുറ്റാനശ്ശേരി മുതലമൂർഖൻ കടവിൽ ബോട്ടിംഗ്

147 (1303) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളിനേഴി പഞ്ചായത്തിലെ കുറ്റാനശ്ശേരി മുതലമൂർഖൻ കടവിൽ ബോട്ടിംഗ് നടത്തുന്നതിനും ടൂറിസത്തിനുമായി പ്രഖ്യാപിച്ച പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇതുവരെയും നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) വെള്ളിനേഴി പഞ്ചായത്തിലെ കുറ്റാനശ്ശേരി മുതലമൂർഖൻ കടവ് ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റ് മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. വിശദമായി പരിശോധന നടത്തി, സ്ഥലലഭ്യതകൂടി ഉറപ്പുവരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

### പള്ളിക്കര ബീച്ചിൽ കെ.ടി.ഡി.സി. നിർമ്മിച്ച കോട്ടേജുകൾ

148 (1304) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര ബീച്ച് പാർക്കിന് സമീപമുള്ള സ്ഥലം കോട്ടേജ് നിർമ്മിക്കുന്നതിനായി ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (ബി.ആർ.ഡി.സി.) നിന്ന് കെ.ടി.ഡി.സി. ലീസിന് വാങ്ങിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഈ സ്ഥലത്ത് കെ.ടി.ഡി.സി. നിർമ്മിച്ച കോട്ടേജുകളുടെ എണ്ണം, ചെലവായ തുക, ഇതിൽ നിന്ന് കെ.ടി.ഡി.സി.-ക്ക് ലഭിച്ച വരുമാനം എന്നിവ വിശദമാക്കാമോ?

6 കോട്ടേജുകൾ, റിസപ്ഷൻ, റസ്റ്റോറന്റ്, കിച്ചൻ, 2 ഗസിബോകൾ എന്നിവയാണ് നിർമ്മിച്ചത്. ഇതുവരെ ചെലവായ തുക 2.71 കോടി രൂപ. നിർമ്മാണ കമ്പനിയായ കിറ്റ്കോയ്ക്ക് ഇതുവരെ കെ.ടി.ഡി.സി. ഒരു കോടി പത്തുലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 55.14 ലക്ഷം രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(സി) കെ.ടി.ഡി.സി. നിർമ്മിച്ച പ്രസ്തുത കോട്ടേജുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

നിലവിൽ പ്രസ്തുത കോട്ടേജുകൾ പ്രവർത്തനരഹിതമാണ്.

(ഡി) കോട്ടേജുകളുടെ നിർമ്മാണത്തിലെ അപാകത ഉന്നതതല പരിശോധനയ്ക്ക് വിധേയമാക്കണമെന്ന പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത കോട്ടേജുകൾ കിറ്റ്കോ, പി.എം.സി. അടിസ്ഥാനത്തിൽ നിർമ്മിച്ച് കെ.ടി.ഡി.സി.-ക്ക് കൈമാറിയിട്ടുള്ളതാണ്. ഇതിന്റെ അപാകത കിറ്റ്കോയെ അറിയിച്ചിട്ടുണ്ട്.

(ഇ) കെ.ടി.ഡി.സി.-ക്ക് യാതൊരു വരുമാനവും നിലവിൽ ലഭിക്കാത്ത സാഹചര്യത്തിൽ വർഷംതോറും ലീസ് ഇനത്തിൽ ബി.ആർ.ഡി.സി-ക്ക് നൽകിവരുന്ന തുക എത്ര; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ ജി.എസ്.റ്റി. ഉൾപ്പെടെ 7,40,347 രൂപ വാർഷിക പാട്ടത്തുകയായി നൽകിവരുന്നു.

(എഫ്) ലീസിന് വാങ്ങിയ സ്ഥലത്ത് കെ.ടി.ഡി.സി. പുതിയ കോട്ടേജുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. പുതിയ കോട്ടേജുകൾ നിർമ്മിക്കുന്നതിലേയ്ക്കായി എസ്.കെ. ആർക്കിടെക്ട് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ടൂറിസം വിപണനം

148 (1305) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈം മാഗസിൻ തയ്യാറാക്കിയ പട്ടികയിൽ ലോകത്ത് കണ്ടിരിക്കേണ്ട അമ്പത് സ്ഥലങ്ങളിൽ ഒന്നായി സംസ്ഥാനം ഇടംപിടിച്ചത് വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകാൻ സഹായകമാകുമെന്ന് കരുതുന്നുണ്ടോ?

ടൈം മാഗസിൻ 2022-ൽ പുറത്തിറക്കിയ ലോകത്ത് കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിൽ ഒന്നായി കേരളം ഇടംപിടിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേകതയായി ബീച്ചുകളും കായലുകളും ആരാധനാലയങ്ങളും കൂടാതെ കേരള ടൂറിസം ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാരവൻ ടൂറിസം പദ്ധതിയെ സംബന്ധിച്ചും ടൈം മാഗസിൻ പരാമർശിച്ചിട്ടുണ്ട്. വിദേശികളെ കേരളത്തിലേയ്ക്ക് പ്രധാനമായും ആകർഷിക്കുന്ന നമ്മുടെ പ്രകൃതിഭംഗിയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ടൈം മാഗസിൻ വിവരിച്ചത് വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകാൻ സഹായകമാകുമെന്ന് കരുതുന്നു. അന്താരാഷ്ട്രതലത്തിൽ കേരളത്തിന് ലഭിച്ച അംഗീകാരമാണ് ഈ നേട്ടം. കേരളത്തെക്കുറിച്ച് വന്ന ഈ റിപ്പോർട്ട് സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയ്ക്ക് വളരെയധികം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ടൂറിസം വിപണനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രചാരണ പരിപാടികളെക്കുറിച്ച് അറിയിക്കാമോ; കേരള ട്രാവൽ മാർട്ട് എത്രമാത്രം വിജയകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികൾ എല്ലാംതന്നെ ഫലപ്രദമായ പ്രചാരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ചതാണ്.

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോം സ്റ്റേ പ്രൊമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രൊമോഷൻ
- ചെയിഞ്ച് ഓഫ് എയർ ക്യാമ്പയിൻ
- ഫാം ട്രിപ്പുകൾ
- വിവിധ ദേശീയ അന്തർദ്ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് KTM (കേരള ട്രാവൽ മാർട്ട്) സംഘടിപ്പിച്ചത്. കോവിഡ് മഹാമാരിയെത്തുടർന്ന് വളരെയേറെ പ്രയാസം അനുഭവിച്ച കേരളത്തിലെ ടൂറിസം മേഖല സഞ്ചാരികളെ വരവേൽക്കാൻ സജ്ജമാണെന്നുള്ള സന്ദേശം ആഗോള വ്യാപകമായി എത്തിക്കുന്നതിൽ വലിയ പങ്കാണ് കേരള ട്രാവൽ മാർട്ട് വഹിച്ചത്. 234-വിദേശ ബയ്യർമാരും 897 ആഭ്യന്തര ബയ്യർമാരും ഉൾപ്പെടെ 1200-ഓളം ബയ്യർമാർ കേരള ട്രാവൽ മാർട്ടിൽ പങ്കെടുത്തു. 55,000 വാണിജ്യക്കൂടിക്കാഴ്ചകൾ കേരള ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. രാജ്യത്തെ 25 സംസ്ഥാനങ്ങളിൽനിന്നും 59 വിദേശ രാജ്യങ്ങളിൽനിന്നും പ്രാതിനിധ്യമുണ്ടായിരുന്നു. 2018-ൽ നടന്ന കേരള ട്രാവൽ മാർട്ടിനേക്കാൾ കൂടുതൽ കാഴ്ചകൾ ഈ വർഷത്തെ ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. കോവിഡാനന്തര കാലമായതിനാൽ അടുത്ത രണ്ട് വർഷത്തേയ്ക്ക് ആഭ്യന്തര സഞ്ചാരികളെ മുൻനിർത്തിയിട്ടുള്ള വിപണന തന്ത്രങ്ങളാണ് കേരള ട്രാവൽ മാർട്ടിൽ മുഖ്യമായും അവതരിപ്പിച്ചത്. പൂർണ്ണ സുരക്ഷിതവും സജ്ജവുമാണ് കേരളത്തിലെ ടൂറിസമെന്ന് ലോക ടൂറിസം മേഖലയെ ബോധ്യപ്പെടുത്താൻ ഈ വർഷത്തെ ട്രാവൽ മാർട്ടിന് മുഖ്യ പങ്കുവഹിക്കുവാൻ കഴിഞ്ഞു.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനും വിനോദസഞ്ചാരത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം മുന്നിൽക്കണ്ട് നിരവധിയായ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇതിൽ

ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് " ഡെസ്റ്റിനേഷൻ ചലഞ്ച്" പദ്ധതി. കൂടാതെ വകുപ്പ് പുതുതായി ആരംഭിച്ച പദ്ധതിയാണ് കാരവൻ ടൂറിസം പദ്ധതി. ഗോത്രജനതയുടെ വൈവിധ്യങ്ങളെ അണിനിരത്തുന്ന " എൻ ഊര്" പദ്ധതി, ടൂറിസത്തിന്റെ പദ്ധതികൾ അനുഭവിച്ചറിയുന്ന " സ്ട്രീറ്റ് ടൂറിസം" പദ്ധതി, ആർ.റ്റി. ക്ലബുകൾ, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, ലിറ്റററി സർക്യൂട്ട്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നിവ ടൂറിസം വകുപ്പിന്റെ പുതിയ പദ്ധതികളാണ്. " ഉത്തരവാദിത്ത ടൂറിസം" എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം ടൂറിസം, ഫുഡ് ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്ക് പ്രോത്സാഹനം എന്നിവ റെസ്പോൺസിബിൾ ടൂറിസം മിഷൻ വഴി നടപ്പാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ വിനോദസഞ്ചാര വികസനത്തിന്റെ ഗുണഫലങ്ങൾ താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിനും അതുവഴി പ്രാദേശിക ജനതയ്ക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കി, വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം**

150 (1306) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം കണ്ടെത്തി വികസിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 8-6-2022-ൽ നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെസ്റ്റിനേഷൻ ചലഞ്ച് വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രൊപ്പോസൽ ടൂറിസം വകുപ്പിന്റെ (www.keralatourism.org/destination-challenge) എന്ന പോർട്ടൽ വഴി സമർപ്പിക്കേണ്ടതും ആയത് വകുപ്പ് പരിശോധിച്ച് അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്.

## വിനോദസഞ്ചാര വ്യവസായം

151 (1307) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വ്യാപനം കാരണം വിനോദസഞ്ചാര വ്യവസായത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനും പ്രസ്തുത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

കോവിഡ് കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് കാരണമുണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായിച്ചേർന്ന് ചീഫ് മിനിസ്റ്റേഴ്സ് ലോൺ അസിസ്റ്റന്റ്സ് സ്കീം (CMTLAS) എന്ന പദ്ധതിപ്രകാരം ടൂറിസം വർക്കിംഗ് ക്യാപിറ്റൽ ലോൺ സ്കീം, ടൂറിസം എംപ്ലോയീസ് സ്കീം എന്നിങ്ങനെ വായ്പകൾ ലഭ്യമാക്കിയിട്ടുണ്ട്. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ ലോൺ സ്കീം വഴി ടൂറിസം സംരംഭകർക്ക് 25 ലക്ഷം രൂപവരെ വായ്പ ലഭിക്കുന്നതിനും ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി 30,000 രൂപവരെ ചെറുകിട വായ്പകളും ലഭ്യമാക്കിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളനുസരിച്ച് വായ്പയുടെ 50% പലിശ സർക്കാർ നൽകിവരുന്നു. ഇതുകൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളിക്കും പതിനായിരം രൂപവരെ പലിശരഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്.

കൂടാതെ, ടൂറിസം മേഖലയിൽ പുതിയ ഉൽപ്പന്നമായി കാരവൻ ടൂറിസം അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. കാരവൻ വാഹനങ്ങൾ വാങ്ങുന്ന സംരംഭകർക്ക് സബ്സിഡി നൽകിവരുന്നുണ്ട്. കാരവനും കാരവൻ പാർക്കുകളും പ്രവർത്തിപ്പിക്കുന്നതിനും അവർക്ക് അംഗീകാരം നൽകുന്നതിനും കാരവൻ ടൂറിസം നയം വിഭാവനം ചെയ്യുന്നു. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്നും കേരളാ ടൂറിസം കരകയറിയതിന്റെ സൂചനയാണ് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്നത്.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാംതന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽ കണ്ടാണ്.

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
- ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ
- പ്രിന്റ് മീഡിയ ക്യാമ്പയിൻ
- സമ്മർ ഹോളിഡേ ക്യാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോം സ്റ്റേ പ്രൊമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രൊമോഷൻ
- ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ
- ഫാം ട്രിപ്പുകൾ
- വിവിധ ദേശീയ അന്തർദ്ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

**ടൂറിസം മേഖലയിലെ മാനവ വിഭവശേഷി വികസനം**

152 (1308) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല കൂടുതൽ പ്രൊഫഷണലാക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഹോസ്പിറ്റാലിറ്റി രംഗത്ത് പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളായ കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ,

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഹോസ്പിറ്റാലിറ്റി രംഗത്ത് വൈദഗ്ധ്യം നേടിയ മനുഷ്യവിഭവശേഷി രൂപപ്പെടുത്തുന്നതിന് മേൽ സ്ഥാപനങ്ങൾ മുതൽക്കൂട്ടാണ്.

സംസ്ഥാന വിനോദസഞ്ചാര മേഖല കൂടുതൽ പ്രൊഫഷണലാക്കുന്നതിനുവേണ്ടി കിറ്റ്സ് കേരള സർവ്വകലാശാലയുടെയും എ.ഐ.സി.റ്റി.-യുടെയും അംഗീകാരമുള്ള ദ്വിവൽസര എം.ബി.എ. (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സ് നടത്തിവരുന്നു. ഇതിനുപുറമെ കേരള സർവ്വകലാശാലയുടെ അംഗീകാരമുള്ള ബി.ബി.എ. (ടൂറിസം മാനേജ്മെന്റ്), ബി.കോം. (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സുകളും കിറ്റ്സ് നടത്തിവരുന്നുണ്ട്. പ്രൊഫഷണൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിദേശഭാഷാ പ്രാവീണ്യം, ഇന്റേൺഷിപ്പ്, അന്താരാഷ്ട്ര മേഖലകളിൽ സാന്നിധ്യം എന്നിവ വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ ഭാഗമായി നേടിയെടുക്കാൻ കിറ്റ്സ് അവസരമൊരുക്കുന്നു. അന്താരാഷ്ട്ര ഏജൻസിയായ അയാട്ടയുടെ സർട്ടിഫിക്കറ്റും മിതമായ ഫീസ് നൽകി നേടിയെടുക്കാൻ കിറ്റ്സ് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നുണ്ട്. വ്യക്തിത്വ വികസനം, മികച്ച ആശയവിനിമയ പ്രാവീണ്യം എന്നിവയിലും മേൽപ്പറഞ്ഞ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കിറ്റ്സ് പരിശീലനം നൽകുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾക്കുപുറമെ കിറ്റ്സ് വിവിധ തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകളും നടത്തുന്നു. എയർപോർട്ട് ഓപ്പറേഷൻസ്, ലോജിസ്റ്റിക് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലാണ് ഈ കോഴ്സുകൾ കിറ്റ്സ് നടത്തുന്നത്.

(ബി) വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് പര്യാപ്തമായ മാനവവിഭവശേഷി വികസനം സാധ്യമാക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടോയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് എന്നീ സ്ഥാപനങ്ങൾ ഹോസ്പിറ്റാലിറ്റി മേഖലയിൽ പ്രൊഫഷണൽ നിലവാരം ഉറപ്പുവരുന്ന മനുഷ്യവിഭവശേഷി ലഭ്യമാക്കുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്നു. എൻ.സി.എച്ച്. എം.സി.റ്റി. അഫിലിയേഷനോടുകൂടിയ 3 വർഷ ഡിഗ്രി കോഴ്സുകൾ, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് & ബിവറേജസ് സർവ്വീസ്, ഹൗസ് കീപ്പിംഗ്, ബേക്കറി ആൻഡ് കൺഫെക്ഷണറി, ഫ്രണ്ട് ഓഫീസ് എന്നീ ഡിപ്ലോമ കോഴ്സുകൾ, ഒരു വർഷ ക്രാഫ്റ്റ് കോഴ്സുകൾ എന്നിവ മേൽ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. ടി സ്ഥാപനങ്ങളിൽ പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് ഹോസ്പിറ്റാലിറ്റി രംഗത്ത് മികച്ച ജോലികൾ ലഭിക്കുന്നുണ്ട്.

(സി) ട്രാവൽ ആൻഡ് ടൂറിസം മേഖലകളിലെ വിവിധ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ പ്രസ്തുത മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ശേഷിയും നൈപുണ്യവുമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടൂറിസം രംഗത്ത് പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും നിലവാരമുയർത്തുന്നതിനുമായി കിറ്റ്സ് കേരള സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും സഹായത്തോടെ വിവിധ സ്കിൽ ഡെവലപ്മെന്റ് സ്കീമുകൾ കേരളത്തിലുടനീളം തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. തൊഴിലന്വേഷകർക്ക് ടൂറിസം ആൻഡ് ഹോസ്പ്പിറ്റാലിറ്റി മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ടൂറിസം പ്രൊഫഷണലുകൾക്ക് അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പരിശീലന പരിപാടികൾ കിറ്റ്സ് നടത്തിവരുന്നു.

വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് പര്യാപ്തമായ മാനവവിഭവശേഷി വികസനം സാധ്യമാക്കുന്നതിനായി സംസ്ഥാനതല (State level), പ്രാദേശികതല (Local level) ഗൈഡുകൾക്ക് പരിശീലനം നൽകി വിനോദസഞ്ചാര വകുപ്പ് മുഖേന കിറ്റ്സ് ലൈസൻസ് നൽകാറുണ്ട്. ഇതുകൂടാതെ ഓരോ 3 വർഷത്തിലും സംസ്ഥാനതല/പ്രാദേശികതല ഗൈഡുകൾക്ക് റിഫ്രഷർ കോഴ്സ് നൽകി ലൈസൻസ് പുതുക്കി നൽകിവരുന്നുണ്ട്. ഇതുകൂടാതെ മുസിരിസ് പൈതൃക ടൂറിസം പദ്ധതിയിലെ ഗൈഡുകളുടെ പ്രൊഫഷണൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഓരോ മൂന്ന് വർഷത്തിലൊരിക്കൽ റിഫ്രഷർ കോഴ്സ് നടത്തി വിനോദസഞ്ചാര വകുപ്പ് മുഖേന ലൈസൻസ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ വിനോദസഞ്ചാരമേഖല കൂടുതൽ പ്രൊഫഷണലാക്കുന്നതിനായി ഹോം സ്റ്റേ ഉടമകൾ, സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പരിശീലനം കിറ്റ്സ് നടത്തിവരുന്നുണ്ട്.

(ഡി) പൊതുമേഖലാ വിനോദസഞ്ചാര പഠന കേന്ദ്രങ്ങളായ കിറ്റ്സ്, എസ്.ഐ.എച്ച്.എം., ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ഗവ. ഗസ്റ്റ്ഹൗസ് കോമ്പൗണ്ടിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ടി നിർമ്മാണപ്രവൃത്തി ഏകദേശം 80% പൂർത്തീകരിച്ചിരിക്കുകയാണ്. സർക്കാർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2022-23 സാമ്പത്തിക വർഷത്തിൽ പ്ലാൻ ശീർഷകത്തിൽ

വകയിരുത്തിയിരിക്കുന്ന ഫണ്ട് ടി കെട്ടിടനിർമ്മാണത്തിന് വിനിയോഗിക്കുന്നതാണ്. കോഴിക്കോട് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആകെ എസ്റ്റിമേറ്റ് തുക 9.75 കോടി രൂപയാണ്.

കോഴിക്കോട് എസ്.ഐ.എച്ച്.എം.-ന് ടൂറിസം വകുപ്പ് 7.65 കോടി രൂപ അനുവദിച്ച് ആൺകുട്ടികളുടെ ഹോസ്റ്റൽ പ്രവൃത്തി പൂർത്തിയായി. 2021 ഡിസംബർ 5-ന് ഉദ്ഘാടനം ചെയ്തതോടെ 90 വിദ്യാർത്ഥികൾക്ക് ക്യാമ്പസിൽ താമസിച്ച് പഠനം നടത്താൻ സൗകര്യമുണ്ട്. ലബോറട്ടറികളുടെ വികസനത്തിനായി വിവിധ പദ്ധതികളിലായി 2 കോടിയോളം രൂപയുടെ പദ്ധതികൾ പൂർത്തിയായിവരുന്നു. അന്തർദേശീയ നിലവാരമുള്ള പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനായി 34 ലക്ഷം രൂപ ചെലവിൽ സി.സി.റ്റി.വി. സ്മാർട്ട് ക്ലാസ്റൂം പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ സൗജന്യ ഹ്രസ്വകാല സ്കിൽ പരിശീലനങ്ങൾ (Capacity building for service providers) നടത്തിവരുന്നു.

**തീർത്ഥാടന ടൂറിസം സർക്യൂട്ടുകൾ**

153 (1309) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം സർക്യൂട്ടുകൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി 'തത്വമസി' എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 'ശ്രീപത്മനാഭ-ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട് ' എന്ന പദ്ധതിയും പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ അമ്പലത്തിന്റെ വികസനപ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 'ശബരിമല – എരുമേലി – പമ്പ – സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട് ' പദ്ധതിയും 'ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണഗുരു ആശ്രമം – അരുവിപ്പുറം – കുന്നുംപാറ ശ്രീ സുബ്രമണ്യ – ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള' എന്ന പദ്ധതിയും നടപ്പാക്കിവരുന്നു. പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി മലയാറ്റൂർ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, ചേരമാൻ ജുമാ മസ്ജിദ്, പെരുമ്പാവൂരിലെ റിലീജിയസ് സെന്ററുകളുടെ വികസനം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) നടപ്പ് വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഉൾപ്പെടുന്ന തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അറിയിക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ടൗണിനു സമീപം ശബരിമല തീർത്ഥാടകർക്കായി പ്രവർത്തിച്ചുവരുന്ന ഡി.ടി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള പിൽഗ്രിം അമിനിറ്റി സെന്ററിൽ 'ഏരുമേലി പിൽഗ്രിം ഹബ്ബ് ' എന്ന പദ്ധതിക്കായി 2 കോടി രൂപയുടെ ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിച്ചു. എന്നാൽ നിലവിൽ ടി സെന്ററിന്റെ മെയിൻ ബ്ലോക്ക് കെട്ടിടം, ഡോർമിറ്ററികൾ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ കാലപ്പഴക്കംമൂലമുണ്ടായ അറ്റകുറ്റപ്പണികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

നടപ്പുവർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുകയുള്ള 'പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം സർക്യൂട്ട് 24 ടൂറിസം കേന്ദ്രങ്ങളുടെ വികസനം' എന്ന പ്രവൃത്തിക്കായി ഈ വർഷം 100 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

154 (1310) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

<u>ശബരിമല - എരുമേലി - പമ്പ - സന്നിധാനം - സ്പിരിച്വൽ സർക്യൂട്ട് (പത്തനംതിട്ട ജില്ല):</u>

കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട സ്പിരിച്വൽ സർക്യൂട്ട് പ്രകാരം അനുവദിച്ച പദ്ധതിയാണ് ശബരിമല - എരുമേലി - പമ്പ - സന്നിധാനം - സ്പിരിച്വൽ സർക്യൂട്ട്. ഈ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതിപ്രകാരം 10641.62 ലക്ഷം രൂപയാണ് ലഭിച്ചിട്ടുള്ളത്. ഹൈപവർ കമ്മിറ്റി ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് ശബരിമല മാസ്റ്റർ പ്ലാൻ - തിരുവിതാംകൂർ ദേവസ്വം ബോർഡ് (ടി.ഡി.ബി.) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

റൂറൽ സർക്യൂട്ട് - മലനാട് - മലബാർ - ക്രൂയിസ് ടൂറിസം പദ്ധതി (കണ്ണൂർ ജില്ല):

കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട റൂറൽ സർക്യൂട്ട് പ്രകാരം അനുവദിച്ച പദ്ധതിയാണ് മലനാട് - മലബാർ - ക്രൂയിസ് - ടൂറിസം പദ്ധതി. 8037.38 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. കേരള ഇൻലാൻഡ് നാവിഗേഷൻ വകുപ്പും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ) ലിമിറ്റഡുമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ.

ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ – ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള (തിരുവനന്തപുരം ജില്ല):

കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിപ്രകാരം അനുവദിച്ച പദ്ധതിയാണ് ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ – ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള. 6947 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. ഇന്ത്യ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഐ.ടി.ഡി.സി.) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതും ഇനി ലഭിക്കാനുള്ളവയും ഏതൊക്കെയെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്താനായി മൂന്ന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം (പദ്ധതി തുക 29.91 കോടി രൂപ).

2. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ (പദ്ധതി തുക 4.29 കോടി രൂപ).

3. ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എറണാകുളം ഡിസ്ട്രിക്റ്റ് (പദ്ധതി തുക ഏഴ് കോടി രൂപ).

**കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി**

155 (1311) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം നിളയോരം പാടത്തിനോട് ചേർന്നുകിടക്കുന്ന നൂറ് ഏക്കറോളം വരുന്ന റവന്യൂ ഭൂമി ഉപയോഗപ്പെടുത്തി കുറ്റിപ്പുറം നിളയോരം

വിനോദസഞ്ചാര പദ്ധതി നടപ്പാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുറ്റിപ്പുറം നിളയോരം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി കുറ്റിപ്പുറം നിളയോരം പാർക്കിനോട് ചേർന്ന് പുഴയോരത്തുള്ള ഏകദേശം 100 ഏക്കറോളം വരുന്ന ഭൂമി സംബന്ധിച്ചുള്ള ഉടമസ്ഥാവകാശം, കൈവശാവകാശം, സ്ഥലം ലഭ്യമാകുന്നതിനുള്ള സാധ്യത ഇവ സംബന്ധിച്ചുള്ള വിവരങ്ങൾ തിരൂർ തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലലഭ്യത ഉറപ്പുവരുത്തിയാൽ മാത്രമേ ടൂറിസം പദ്ധതിക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് വിനോദസഞ്ചാര വകുപ്പിൽ നിലവിലുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

പദ്ധതിക്കായുള്ള സ്ഥലത്തിന് ഉപയോഗാനുമതിയോ നിരാക്ഷേപപത്രമോ ലഭിച്ചുകഴിഞ്ഞാൽ മാത്രമേ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതുസംബന്ധിച്ച ഫയലിന്റെ വിവരങ്ങൾ താഴെ പറയുന്നു.

ബഹുമാനപ്പെട്ട കോട്ടയ്ക്കൽ എം.എൽ.എ. 13-7-2021-ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടൂറിസം വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസറോട് 15-9-2021-ൽ ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ടി നിവേദനം പരിശോധിച്ച് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം), റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടുപ്രകാരം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറത്തുള്ള മലപ്പുറം ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള നിളയോരം പാർക്കിനോട് ചേർന്നുകിടക്കുന്ന പുഴയോര ഭൂമിയുടെ വിശദമായ വിവരങ്ങളും സ്ഥലലഭ്യതയും സംബന്ധിച്ച റിപ്പോർട്ട് തിരൂർ തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

156 (1312) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മാത്രമാണോ സാധ്യമാക്കാനാകുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ടൂറിസം സ്പോട്ടുകൾ മിക്കതും റവന്യൂ, ഇറിഗേഷൻ പുറമ്പോക്കുകൾ ആണെന്നിരിക്കെ പ്രസ്തുത പദ്ധതിക്കായി ഭൂമി കൈമാറ്റം അസാധ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനാൽ ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ എൻ.ഒ.സി. ലഭ്യമാക്കിയാൽ മതിയാകുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്ക് ഭൂമിയുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിൽ ആകണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ഭൂമി റവന്യൂ, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളുടേതാണെങ്കിൽ ടി വകുപ്പുകളുടെ നിരാക്ഷേപ പത്രം ലഭ്യമാക്കിയാൽ മതിയാകും

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാരകേന്ദ്രം പദ്ധതി**

157 (1313) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയുടെ ഭാഗമാകുന്നതിനായി ആലത്തൂർ മണ്ഡലത്തിൽനിന്ന് ഏതെല്ലാം പഞ്ചായത്തുകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ?

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയുടെ ഭാഗമാകുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽനിന്നും ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ വെബ് പോർട്ട് വഴി അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

**കടലുകാണി ടൂറിസം പദ്ധതി**

158 (1314) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കടലുകാണി ടൂറിസം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് 27-10-2021-ന് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിൽ സൈറ്റ് ഡെവലപ്മെന്റ് വർക്കിനോട് അനുബന്ധിച്ചുള്ള

Earth work excavation മാത്രമാണ് ഏജൻസി നടത്തിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചില മാറ്റങ്ങൾ അനിവാര്യമായതിനാൽ ഇതിനായി deviation Statement, പുതുക്കിയ എസ്റ്റിമേറ്റ് എന്നിവ ഏജൻസി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മലനാട് ക്രൂയിസ് ടൂറിസം പദ്ധതി**

159 (1315) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ മയ്യഴിപ്പുഴയുടെ ടൂറിസം സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ട് ആരംഭിച്ച മലനാട് ക്രൂയിസ് ടൂറിസം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദീകരിക്കാമോ?

മലനാട് ക്രൂയിസ് ടൂറിസം പദ്ധതിയിൽ കൂത്തുപറമ്പ് മണ്ഡലത്തിലെ പദ്ധതികളുടെ നിലവിലുള്ള പുരോഗതി താഴെപ്പറയുന്നു.

1. പെരിങ്ങത്തൂർ -ബോട്ട് ജെട്ടി നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു.

2. മോന്താൽ-ബോട്ട് ജെട്ടി നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു.

3. കരിയാട്-ബോട്ട് ജെട്ടി നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു. നടപ്പാതയുടെ പ്രവൃത്തി നടന്നുവരുന്നു.

(ബി) പെരിങ്ങത്തൂർ - കിടഞ്ഞി - മോന്താൽ തുടങ്ങിയ സ്ഥലങ്ങളിൽ ബോട്ട് ജെട്ടികളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചതിനാൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കാവുന്നതാണ്.

(സി) ബോട്ട് സർവ്വീസ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് സ്വകാര്യ സംരംഭകരെ ഉപയോഗപ്പെടുത്താൻ ടൂറിസം വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ വഴി വ്യവസായ സംരംഭകർക്ക് അവസരമൊരുക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(സി&ഡി) പദ്ധതി പൂർത്തീകരിച്ചതിനുശേഷം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതും ബോട്ട് സർവ്വീസുകൾ നടത്തുമ്പോൾ സ്വകാര്യ സംരംഭകർക്കുകൂടി അവസരമൊരുക്കുന്ന കാര്യം പരിശോധിക്കാവുന്നതുമാണ്.

## ചിമ്മിനി ഡാം ടൂറിസം സർക്യൂട്ട്

160 (1316) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിമ്മിനി അണക്കെട്ട് ഉൾപ്പെടെയുള്ള കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രസ്തുത പദ്ധതിക്കുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## കാരവൻ ടൂറിസം പദ്ധതി

161 (1317) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതി ഇപ്പോൾ ഏതൊക്കെ ജില്ലയിലാണ് തുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാന വ്യാപകമായി വിഭാവനം ചെയ്തിട്ടുള്ള കാരവൻ ടൂറിസം പദ്ധതിയിൽ കാരവൻ പാർക്കിനായി 109 അപേക്ഷകളും കാരവൻ വാഹനത്തിനായി 321 അപേക്ഷകളും ടൂറിസം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാരവനുകൾ ജില്ലാ അടിസ്ഥാനത്തിലല്ല സർവ്വീസ് നടത്തുന്നത്. നിലവിൽ താഴെപ്പറയുന്ന ജില്ലകളിൽ നിന്നുള്ള സംരംഭകരാണ് കാരവനുകൾ വാങ്ങി സർവ്വീസ് ആരംഭിച്ചിട്ടുള്ളത്:-

1. തിരുവനന്തപുരം - 2
2. തൃശ്ശൂർ - 1
3. എറണാകുളം - 1

ഇടുക്കി ജില്ലയിലെ വാഗമണിലാണ് ആദ്യത്തെ കാരവൻ പാർക്ക് പ്രവർത്തനസജ്ജമായിട്ടുള്ളത്.

(ബി) കാസർഗോഡ് ജില്ലയിലെ ടൂറിസം മേഖലയിൽ കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് (ബേക്കൽ ടൂറിസം ഉൾപ്പെടെ) അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽനിന്നും ടൂറിസം മേഖലയിൽ കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് ബേക്കൽ ടൂറിസം ഉൾപ്പെടെ 5 അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ചിറയിൻകീഴ് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

162 (1318) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വിവിധ ടൂറിസം പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ട്രാവൻകൂർ ഹെറിറ്റേജ് സർക്യൂട്ട്-കഠിനംകുളം അഞ്ചുതെങ്ങ് ബാക് വാട്ടർ ടൂറിസം കോറിഡോർ പ്രോജക്ടിന്റെ ഭാഗമായ Construction of Boat terminal at Murukkumpuzha എന്ന പദ്ധതിയും കായിക്കര ടൂറിസം പദ്ധതിയുമാണ് ചിറയിൻകീഴ് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. പ്രസ്തുത പദ്ധതികൾ വേഗത്തിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയുമായി ചേർന്ന് സ്ഥലസന്ദർശനം നടത്തുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യുന്നുണ്ട്. പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചിറയിൻകീഴ് മണ്ഡലത്തിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ഗ്രാമസഭ നടന്നു. തുടർന്നുള്ള റിസോഴ്സ് മാപ്പിംഗ് നടന്നുവരുന്നു. പരിശീലനങ്ങൾക്കുള്ള അപേക്ഷകൾ പഞ്ചായത്ത് വഴി ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലനാട് ക്രൂയിസ് പദ്ധതി

163 (1319) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട് ക്രൂയിസ് പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെട്ടതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ ഏതൊക്കെ പ്രവൃത്തികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് 58.06 കോടി രൂപയുടെയും കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് 83.37 കോടി രൂപയുടെയും വികസനപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ ഇതിനകം 56.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഫണ്ട് മുഖാന്തരം ടൂറിസം വകുപ്പിൽനിന്നും ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കുന്ന 17 ബോട്ട് ടെർമിനൽ/ജെട്ടിയുടെ പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

ധർമ്മടം ബോട്ട് ടെർമിനൽ - 90% പ്രവൃത്തി പൂർത്തീകരിച്ചു.

ചേരിക്കൽ ബോട്ട് ടെർമിനൽ - 99% പ്രവൃത്തി പൂർത്തീകരിച്ചു .

പാറപ്രം ബോട്ട് ടെർമിനൽ - 93% പ്രവൃത്തി പൂർത്തീകരിച്ചു.

മമ്പറം ബോട്ട് ജെട്ടി - 91% പ്രവൃത്തി പൂർത്തീകരിച്ചു.

കരിയാട് ബോട്ട് ടെർമിനൽ - 98% പ്രവൃത്തി പൂർത്തീകരിച്ചു.

പാത്തിക്കൽ ബോട്ട് ജെട്ടി - 92% പ്രവൃത്തി പൂർത്തീകരിച്ചു

കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 97% പ്രവൃത്തി പൂർത്തീകരിച്ചു

പുന്നക്കടവ് ബോട്ട് ജെട്ടി - 98% പ്രവൃത്തി പൂർത്തീകരിച്ചു

ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കോട്ടപ്പുറം – 95% പ്രവൃത്തി പൂർത്തീകരിച്ചു.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട പൂർത്തീകരിക്കാനുള്ള ബോട്ട് ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെപ്പറയും പ്രകാരമാണ്.

മൈനർ ബോട്ട് ടെർമിനൽ മടക്കര - 62% പ്രവൃത്തി പൂർത്തീകരിച്ചു.

അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആക്സസ് ബ്രിഡ്ജ് നിർമ്മാണം ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടപ്പാക്കേണ്ടതുണ്ട്. ഈ പ്രവൃത്തി നടപ്പാക്കിയാൽ മാത്രമേ ബോട്ട് ജെട്ടിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ.

അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 95% പ്രവൃത്തി പൂർത്തീകരിച്ചു.

പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - 50% പ്രവൃത്തി പൂർത്തീകരിച്ചു.

പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - 3% പ്രവൃത്തി പൂർത്തീകരിച്ചു.

മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 99% പ്രവൃത്തി പൂർത്തീകരിച്ചു.

മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 99% പ്രവൃത്തി പൂർത്തീകരിച്ചു.

പട്ടുവം മേജർ ബോട്ട് ടെർമിനൽ - 97% പ്രവൃത്തി പൂർത്തീകരിച്ചു.

കുപ്പം മേജർ ബോട്ട് ടെർമിനൽ - 98% പ്രവൃത്തി പൂർത്തീകരിച്ചു.

നാറാത്ത് ബോട്ട് ജെട്ടി - 75% പ്രവൃത്തി പൂർത്തീകരിച്ചു.

വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 92% പ്രവൃത്തി പൂർത്തീകരിച്ചു.

മുതുകട ബോട്ട് ജെട്ടി - 87% പ്രവൃത്തി പൂർത്തീകരിച്ചു.

പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 79% പ്രവൃത്തി പൂർത്തീകരിച്ചു.

തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു.

പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 81% പ്രവൃത്തി പൂർത്തീകരിച്ചു.

കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പാറയായതിനാൽ പൈലിംഗ് വർക്കുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും ഫൗണ്ടേഷൻ റീ-ഡിസൈനിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്.

താവം ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു.

മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 85% പ്രവൃത്തി പൂർത്തീകരിച്ചു.

മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 78% പ്രവൃത്തി പൂർത്തീകരിച്ചു.

മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 78% പ്രവൃത്തി പൂർത്തീകരിച്ചു.

മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 95% പ്രവൃത്തി പൂർത്തീകരിച്ചു.

മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - 50% പ്രവൃത്തി പൂർത്തീകരിച്ചു.

എ.കെ.ജി. ഐലന്റ് ബോട്ട് ജെട്ടി (Type A) - റീടെണ്ടറിംഗ് സ്റ്റേജിലാണ് .എ.കെ.ജി. ഐലന്റ് ബോട്ട് ജെട്ടി (Type C) - റീടെണ്ടറിംഗ് സ്റ്റേജിലാണ് .

സി.എച്ച്. ഐലന്റ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിംഗ് സ്റ്റേജിലാണ് .

കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിംഗ് സ്റ്റേജിലാണ്.

ഭഗത്സിംഗ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിംഗ് സ്റ്റേജിലാണ്.

ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി M/s KEL മുഖാന്തരം ചെയ്യുന്ന ബോട്ട് ജെട്ടിയോട് അനുബന്ധമായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ പുരോഗതി താഴെപ്പറയും പ്രകാരമാണ്.

മലപ്പട്ടം - മുനമ്പുകടവ് ഭാഗത്ത്:-

ആർട്ടിസാൻസ് ആല – 3 എണ്ണം, കെട്ടിടനിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു. ഗസീബോ - 1 എണ്ണം പൂർത്തിയായി. 2 എണ്ണം അവശേഷിക്കുന്നു.

ടോയ്ലെറ്റ് ബ്ലോക്ക് - കെട്ടിടനിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ അവശേഷിക്കുന്നു.

ആംഗ്ലിംഗ് യാർഡ് - സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായി. ഫിനിഷിംഗ് വർക്കുകൾ അവശേഷിക്കുന്നു.

വേസ്റ്റ് ബിൻ - പൂർത്തീകരിച്ചു. ഗ്രാനൈറ്റ് പേവിംഗ് - ഗ്രൗണ്ട് ലെവലിംഗ് പുരോഗമിക്കുന്നു.

റെയിൻ ഷെൽട്ടർ - ആരംഭിച്ചിട്ടില്ല.

വെനീസ് ഫ്ളോട്ടിംഗ് മാർക്കറ്റ് അറ്റ് പറശ്ശിനിക്കടവ്:- ടെണ്ടറിംഗ് പൂർത്തീകരിച്ചു. മറ്റു പ്രവൃത്തികൾക്ക് CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

മലപ്പട്ടം - കോവുന്തല ഭാഗത്ത്:-

ഫുഡ് കോർട്ട് – 1 എണ്ണം കെട്ടിടനിർമ്മാണം പൂർത്തിയായി.

ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു., ഗസീബോ - 1 എണ്ണം പൂർത്തിയായി. 21 എണ്ണം അവശേഷിക്കുന്നു.

ടോയ്ലറ്റ് ബ്ലോക്ക് - കെട്ടിടനിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ അവശേഷിക്കുന്നു.

ആംഗ്ലിംഗ് യാർഡ് - സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായി. ഫിനിഷിംഗ് വർക്കുകൾ അവശേഷിക്കുന്നു.

വേസ്റ്റ് ബിൻ - പൂർത്തീകരിച്ചു.

ഗ്രാനൈറ്റ് പേവിംഗ്- ഗ്രൗണ്ട് ലെവലിംഗ് പുരോഗമിക്കുന്നു.

റെയിൻ ഷെൽട്ടർ ആരംഭിച്ചിട്ടില്ല.

മറ്റു പ്രവൃത്തികൾക്ക് CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

പട്ടുവം മംഗലശേരിയിൽ: -

ബോട്ട് റേസ് ഗാലറി - വർക്ക് ടെണ്ടറിംഗ് പൂർത്തീകരിച്ചു. പാർക്കിംഗ് യാർഡ്, ഏറുമാടം - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. പട്ടുവം മുതുകുടയിൽ - ഏറുമാടം - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ഏഴോം കൊട്ടക്കീൽ - ഏറുമാടം, ഫുഡ് കോർട്ട് - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

പഴയങ്ങാടി - ബോട്ട് റേസ് ഗാലറി, ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് എന്നിവ ടെണ്ടർ പൂർത്തീകരിച്ചു.

ഓപ്പൺ എയർ തീയറ്റർ, ബയോ ടോയ്‌ലറ്റ് - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

തെക്കുമ്പാട് - മഡ് വാൾ മ്യൂസിയം, റിനോവേഷൻ ഓഫ് തിരുമുറ്റം, കിയോസ്ക്സ്, ആംഗ്ലിംഗ് യാർഡ്. ആർട്ടിസാൻസ് ആല, നടപ്പാത, ഓപ്പൺ എയർ തിയേറ്റർ, പാർക്കിംഗ് ഏരിയ, ബയോ ടോയ്‌ലറ്റ്, സോളാർ വിളക്കുകൾ എന്നിവ - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

പാപ്പിനിശ്ശേരിയിൽ ആർട്ടിസാൻസ് ആല - ടൈപ്പ് 1 & 2 - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ഭഗത്സിംഗ് ഐലൻഡിൽ - ബയോ ടോയ്‌ലറ്റ്, ഗാർഡൻ ലൈറ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ യൂണിറ്റ് - എന്നിവ - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

വളപ്പട്ടണത്ത് - ആർട്ടിസാൻസ് ആല, പാർക്കിംഗ് യാർഡ് എന്നിവ - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

വെനീസ് ഫ്ളോട്ടിംഗ് മാർക്കറ്റ് അറ്റ് വളപ്പട്ടണം – ടെണ്ടറിംഗ് പൂർത്തീകരിച്ചു.

ഈ പദ്ധതിയിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് 6 ബോട്ടുകൾ (6 സീറ്റ് – 2 എണ്ണം, 10 സീറ്റ് - 2 എണ്ണം, 25 സീറ്റ് - 2 എണ്ണം) വാങ്ങുന്നുണ്ട്. ഇതിൽ 4 ബോട്ടുകൾ (6 സീറ്റ് – 2 എണ്ണം, 10 സീറ്റ് - 2 എണ്ണം) ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.

## അരുവിക്കര ഡാമിന്റെ വികസന പ്രവർത്തനങ്ങൾ

164 (1320) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായ അരുവിക്കര ഡാമിന്റെ വികസനപ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി നടത്തിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് ഫണ്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

അരുവിക്കര ഡാമിൽ എത്തുന്ന സഞ്ചാരികൾക്ക് അടിസ്ഥാനസൗകര്യമൊരുക്കുന്നതിനും ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനുമായി 2017 കാലയളവിൽ 1,70,00,000 (ഒരു കോടി എഴുപത് ലക്ഷം രൂപ മാത്രം) രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. M/s Habitat Technology Group ആണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയതും നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നതും. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും NOC ലഭിക്കാത്തതിനാൽ പദ്ധതി നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഒരു തീർത്ഥാടനകേന്ദ്രം കൂടിയായ ഇവിടേയ്ക്ക് എത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിനും തക്കവിധത്തിൽ പുതിയ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## ബേക്കൽ ബീച്ച് ഫെസ്റ്റിവെൽ

165 (1321) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം മേഖലയുടെ ഉന്നമനത്തിനായി ബേക്കൽ ബീച്ച് ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും നൽകണമെന്ന പ്രോജക്ട് പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന് അനുമതിയും സാമ്പത്തിക സഹായവും നൽകി കാസർഗോഡ് ജില്ലയെ ടൂറിസം വികസനരംഗത്ത് ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ബേക്കൽ ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും അനുമതിയും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പ്രോജക്ട് പരിശോധിച്ചുവരുന്നു.

**കൂത്തുപറമ്പ് മണ്ഡലത്തിലെ ടൂറിസം പദ്ധതി രൂപീകരണം**

166 (1322) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പൊയിലൂർ പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിൽനിന്നും ആരംഭിച്ച് നരിക്കോട്മല, വാഴമല, വിമാനപ്പാറ, പഴശ്ശി കാനനപ്പാത എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദസഞ്ചാര ശൃംഖലയുടെ രൂപീകരണം സംബന്ധിച്ച നിലവിലെ പുരോഗതി വിശദീകരിക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിലെ പൊയിലൂർ പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിൽ നിന്നും ആരംഭിച്ച് നരിക്കോട്മല, വാഴമല, വിമാനപ്പാറ, പഴശ്ശി കാനനപാത എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദസഞ്ചാര ശൃംഖലയുടെ രൂപീകരണം സംബന്ധിച്ച സംയുക്ത സ്ഥല പരിശോധന നടത്തുകയും ടൂറിസം സാധ്യതയുള്ള സ്ഥലമാണെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ വിശദമായ സ്ഥല സർവ്വേ നടത്തി ഉടമസ്ഥത അടയാളപ്പെടുത്തേണ്ടതുണ്ട്. വനം വകുപ്പിന്റെയും സ്വകാര്യവ്യക്തികളുടേയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണെന്ന് പ്രാഥമികമായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മുമ്പായി സ്ഥലലഭ്യതയും ഉറപ്പാകേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ വനം വകുപ്പ് തടസ്സം അറിയിച്ച പഴശ്ശി കാനനപാത ഒഴിവാക്കിക്കൊണ്ട് പദ്ധതി നടപ്പാക്കാൻ മുൻകയ്യെടുക്കുമോ; വിശദമാക്കുമോ?

പഴശ്ശി കാനന പാതയാണ് ഈ വിനോദസഞ്ചാര പദ്ധതിയുടെ പ്രധാന ആകർഷണം. എന്നിരുന്നാലും വനം വകുപ്പിന്റെ അനുമതി ലഭിച്ചില്ലെങ്കിൽ പഴശ്ശി കാനനപാത ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതി പരിശോധിക്കാവുന്നതാണ്.

(സി) പ്രസ്തുത വിനോദസഞ്ചാര ശൃംഖല സംബന്ധിച്ച് മറ്റ് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സ്ഥല ലഭ്യത ഉറപ്പാക്കി, പ്രാഥമിക പഠനം നടത്തിയതിനുശേഷം മാത്രമേ പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

## വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി

167 (1323) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ വയ്യാങ്കരച്ചിറ ടൂറിസം പദ്ധതിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ മെഗാ സർക്യൂട്ടിന്റെ ഭാഗമായി മാവേലിക്കര മണ്ഡലത്തിലെ ' മൈക്രോ ഡെസ്റ്റിനേഷൻ അറ്റ് വയ്യാങ്കരച്ചിറ' പദ്ധതിക്ക് 259 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിപ്രകാരം മണ്ഡപം, കുട്ടികളുടെ കളി ഉപകരണങ്ങൾ, നടപ്പാത, വ്യൂയിംഗ് ഡെക്ക്, ഇരിപ്പിടം, ശുചിമുറി, യാർഡ് ലൈറ്റിംഗ്, ലാൻഡ് സ്കേപ്പിംഗ് പ്രവൃത്തികൾ പൂർത്തിയായി. പദ്ധതിയുടെ തുടർനടത്തിപ്പ് ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ഏൽപ്പിക്കുന്നതാണ്.

## തൃക്കാക്കര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

168 (1324) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടപ്പാക്കിയ പദ്ധതികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഏതെങ്കിലും പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) തൃക്കാക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ വിനോദസഞ്ചാര പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. നിലവിൽ പുതിയ പദ്ധതികളൊന്നും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.

## ലോകനാർക്കാവ് പിൽഗ്രിം ടൂറിസം

169 (1325) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോകനാർക്കാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിലെ കൊട്ടാരം പുനരുദ്ധരിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ലോകനാർക്കാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിലെ കൊട്ടാരം പുനരുദ്ധരിക്കുന്നതിന് പദ്ധതിയില്ല. എന്നാൽ തലശ്ശേരി പൈതൃക പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലോകനാർക്കാവ് ക്ഷേത്രത്തിന്റെ നവീകരണത്തിനും ടൂറിസ്റ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 6.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 3.78 കോടി രൂപയുടെ പ്രവൃത്തികൾക്ക് കരാർ ഒപ്പുവച്ചു. ഈ കരാറിൽ കോവിലകം പുനരുദ്ധരിക്കുന്നതിനും അവിടെ ഫോക്‌ലോർ മ്യൂസിയം ആക്കുന്നതിനുംകൂടി 97.8 ലക്ഷത്തിന്റെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് നടപ്പാക്കിവരുന്നത്.

**യുവജന നയം**

170 (1326) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കേരള സംസ്ഥാന യുവജന നയം 12-12-2012-ലെ സ.ഉ. (അച്ചടി)നമ്പർ 3/12/കാ.യു.വ. പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് യുവജനക്ഷേമ ബോർഡ് വഴി എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് യുവജനക്ഷേമ ബോർഡ് വഴി താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കിവരുന്നു.

1) യുവതികൾക്കുള്ള തൊഴിൽ പരിശീലനങ്ങൾ

2) ഓൺലൈൻ പരീക്ഷാ പരിശീലന പദ്ധതി

3) ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിനുള്ള തൊഴിൽ പരിശീലനങ്ങൾ

4) എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം

5) ഓൺലൈൻ ഡെലിവറി സംവിധാനം

6) ടൂറിസ്റ്റ് ഗൈഡ് സർവ്വീസ്

7) സെക്യൂരിറ്റി സർവ്വീസ് പരിശീലനം

**യുവജന കമ്മീഷൻ അധ്യക്ഷ കൈപ്പറ്റിയ ആനുകൂല്യങ്ങൾ**

171 (1327) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയുടെ പ്രതിമാസ ശമ്പളവും മറ്റു ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് പ്രതിമാസം കൺസോളിഡേറ്റഡ് ശമ്പളമായി 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപയും സിറ്റിംഗ് ഫീസ് ഇനത്തിൽ ഓരോ സിറ്റിംഗിനും 400 രൂപ വീതവും അർഹമായ യാത്രാ/ ദിനബത്തകളും അനുവദിക്കുന്നുണ്ട്.

(ബി) നിലവിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ ശമ്പളവും യാത്രാബത്തയും ഉൾപ്പെടെ നാളിതുവരെ കൈപ്പറ്റിയ തുക, ആനുകൂല്യങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ?

നിലവിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ 2016 മുതൽ ശമ്പളമായി 56,01,149 രൂപയും സിറ്റിംഗ് ഫീസായി 26,800 രൂപയും യാത്രാബത്തയായി 89,040 രൂപയും നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്. ആയതിന്റെ പ്രതിമാസ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**യുവജന കമ്മീഷൻ അധ്യക്ഷ പദവിയുടെ ദുരുപയോഗം**

172 (1328) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ ജുഡീഷ്യൽ അധികാരങ്ങളുള്ള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ ഒരു രാഷ്ട്രീയ കക്ഷിയുടെ യുവജന വിഭാഗത്തിന്റെ രാഷ്ട്രീയ പ്രചരണജാഥയുടെ മാനേജരായി പ്രവർത്തിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേരള സംസ്ഥാന യുവജന കമ്മീഷൻ നിയമപ്രകാരം കമ്മീഷൻ അധ്യക്ഷയ്ക്ക് രാഷ്ട്രീയ പാർട്ടിയുടെ പ്രചരണ പരിപാടികളിൽ പങ്കെടുക്കുന്നതിനും നേതൃത്വം നൽകുന്നതിനും സാധിക്കുമോ; എങ്കിൽ പ്രസ്തുത നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) യുവജന കമ്മീഷൻ അധ്യക്ഷ പ്രസ്തുത പദവി ദുരുപയോഗം ചെയ്തതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കുമോ?

(ബി&സി) യുവജന കമ്മീഷൻ നിയമത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

**യുവജനങ്ങളിലെയും വിദ്യാർത്ഥികളിലെയും ലഹരി ഉപയോഗം**

173 (1329) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളിലും വിദ്യാർത്ഥികളിലും ലഹരി ഉപയോഗം അമിതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യുവജനങ്ങളിലും വിദ്യാർത്ഥികളിലും ലഹരി ഉപയോഗം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അമിതമായ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ലഹരി ഉപയോഗത്തിനെതിരായി സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്?

(ബി&സി) യുവജനങ്ങൾക്കിടയിലുള്ള മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയും തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് സന്നദ്ധപ്രവർത്തകരുടെ ഒരു കൂട്ടായ്മ മുഖേന സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഓരോ ജില്ലയിൽനിന്നും ഓരോ കോ-ഓർഡിനേറ്റർമാർക്ക് വീതം പരിശീലനം നൽകിയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന് എതിരായി "ജനസഭ" എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26-ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിനുകീഴിലുള്ള ടീം കേരള, യൂത്ത്-യുവാ ക്ലബ്ബ്, ട്രാൻസ്ജെൻഡർ ക്ലബ്ബ്, അവളിടം യുവതീ ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഈ സാമ്പത്തിക വർഷം ലഹരിവിരുദ്ധ ബോധവൽക്കരണം ഓരോ ഭവനത്തിലും വ്യക്തിയിലും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതല കൂട്ടായ്മകൾ, ജാഗ്രതാ സമിതികൾ എന്നിവ രൂപീകരിക്കുന്നുണ്ട്. നാടകം, മാജിക്, ലഘു വീഡിയോകൾ, മറ്റ് കലാരൂപങ്ങൾ എന്നിവ ഉൾപ്പെടുന്ന ജാഗ്രതാ യാത്ര സംസ്ഥാനത്താകമാനം സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെടുന്നവരെ ലഹരിമുക്ത കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കാനുദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സമാന ചിന്താഗതിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

സ്കൂൾതലത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി പൊതുസമൂഹത്തിലും വിദ്യാലയങ്ങളിലും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂൾ തലത്തിൽ 5410 ലഹരിവിരുദ്ധ ക്ലബ്ബുകളും കോളേജുതലത്തിൽ 899 ലഹരി വിരുദ്ധ ക്ലബ്ബുകളും 622 സി.ബി.എസ്.ഇ. സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിൽ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്ക് പകർന്നുനൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റു മേഖലകളിൽക്കൂടി വിനിയോഗിക്കുന്നതിനുമായി കലാ-കായിക പരിശീലനത്തിനുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങളും സ്പോർട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപ്പാക്കുന്ന 'ഉണർവ്വ്' എന്ന പദ്ധതി ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്.

## സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള നിർമ്മാണപ്രവൃത്തികൾ

174 (1330) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പാക്കിവരുന്ന സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള നിർമ്മാണപ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ട കിഫ്ബി, പ്ലാൻഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, ബഡ്ജറ്റ് ഫണ്ട് എന്നിങ്ങനെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2017-ൽ ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ ഏതാണ്ട് 60 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇനിയും അവസാനഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട് പോകാത്ത സ്ഥിതിവരികയും കോൺട്രാക്ട് കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യമുണ്ടായതിനാൽ കോൺട്രാക്ടറെ നീക്കം ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കിറ്റ്കോ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2017-ൽ ഭരണാനുമതി ലഭിച്ച ജി.ജി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ഒരു കോടി കിഫ്ബി പദ്ധതി

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2019-ൽ ഭരണാനുമതി ലഭിച്ച സി.എം.ജി.എച്ച്.എസ്.എസ്. കുറ്റൂർ, ജി.എച്ച്.എസ്.എസ്. മച്ചാട് എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളും നടപ്പാക്കി. പദ്ധതിയുടെ ഭാഗമായി 29 സ്കൂളുകളിലെ 268 ക്ലാസ്മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും 60 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പാക്കുകയും ചെയ്തു. 712 ലാപ്ടോപ്പ്, 418 പ്രൊജക്ടർ, 269 എണ്ണം, 110 സ്ക്രീൻ, 43" റ്റി.വി. 29 എണ്ണം, 29 ഡി.എസ്.എൽ.ആർ, 29 എം.എഫ്.പി, 29 വെബ് ക്യാം, 603 യു.എസ്.ബി. സ്പീക്കർ എന്നിവയും സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, എല്ലാ അധ്യാപകർക്കും പ്രത്യേക ഐ.ടി. പരിശീലനം, ഡിജിറ്റൽ പഠന വിഭവങ്ങൾക്ക് ' സമഗ്ര' വിഭവ പോർട്ടൽ എന്നിവയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് ഇ-ക്യൂബ് ഇംഗ്ലീഷ് സോഫ്റ്റ്‌വെയർ തുടങ്ങിയവയും സൗജന്യമായി ലഭ്യമാക്കി.

പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയുടെ പ്ലാൻഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഹയർ സെക്കണ്ടറി വിഭാഗത്തിന് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. മച്ചാട് - നിർമ്മാണം പുരോഗമിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 വാർഷിക പദ്ധതിയിൽ ജി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി - 200 ലക്ഷം (2021-22) രൂപ അനുവദിച്ചിട്ടുണ്ട് - നിർമ്മാണം ആരംഭിച്ചിട്ടില്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല.

**സ്കൂളുകൾക്കും അംഗീകാരം നൽകാൻ നടപടി**

175 (1331) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമ്പോൾ നിലവിൽ അംഗീകാരം ലഭിക്കാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് പാവപ്പെട്ട വിദ്യാർത്ഥികൾക്കായി നല്ല നിലയിൽ പ്രവർത്തിക്കുന്നതും എന്നാൽ അംഗീകാരം ലഭിക്കാത്തതുമായ മുഴുവൻ സ്കൂളുകൾക്കും അടിയന്തരമായി അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സർക്കാർ നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അപേക്ഷകൾ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിവരുന്നു.

(സി) അംഗീകാരം ലഭിക്കുന്നതിനുവേണ്ടി എന്നത്തേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുമെന്നും നിലവിൽ അംഗീകാരത്തിനുവേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

22-5-2019-ലെ സ.ഉ.(എം.എസ്.)നമ്പർ 45/2019/പൊ.വി.വ. പ്രകാരം സംസ്ഥാന സിലബസിലുള്ള സ്കൂളുകൾക്കും 1-3-2019-ലെ സ.ഉ.(എം.എസ്) നമ്പർ 22/2019/പൊ.വി.വ. പ്രകാരം സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസിലുള്ള സ്കൂളുകൾക്കും അംഗീകാരത്തിന് വേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 22-10-2021-ലെ സ.ഉ.(എം.എസ്.) നമ്പർ 233/2021/ പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് സ്കൂൾ അധികൃതർ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഒക്ടോബർ 15-നകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**കായംകുളം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ**

176 (1332) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ചതും

പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട്

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GBHSS കായംകുളം സ്കൂളിന്റെ ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. ശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ ആഗസ്റ്റ് മാസാവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

3 കോടി കിഫ്ബി ഫണ്ട്

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHSS രാമപുരം സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ഒരു കോടി കിഫ്ബി ഫണ്ട്

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GGHSS കായംകുളം സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. പുതിയ DSR/GST നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതിയോടുകൂടി പുതിയ ടെണ്ടർ വിളിക്കുന്നതിന് കില നടപടി സ്വീകരിച്ചുവരുന്നു.

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

177 (1333) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫ. എം. എ. ഖാദർ ചെയർമാനായുള്ള വിദഗ്ദ്ധ സമിതി തയാറാക്കിയ മികവിനായുള്ള വിദ്യാഭ്യാസം എന്ന റിപ്പോർട്ട് തയ്യാറാക്കിയ സമിതിയിലെ അംഗങ്ങളിൽ എത്രപേർ സീമാറ്റ് കേരളയിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ ഏകീകരണ കമ്മിറ്റിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

രണ്ടു പേർ.

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സമർപ്പിക്കാത്ത ഏതെങ്കിലും അംഗങ്ങളെ സ്കൂൾ ഏകീകരണ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

എങ്കിൽ ഏതൊക്കെ അംഗങ്ങളെയാണ് ഉൾപ്പെടുത്തിയതെന്നും അങ്ങനെ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും വ്യക്തമാക്കുമോ?

വിദഗ്ദ്ധ സമിതി എന്നത് കൂട്ടായുള്ള പ്രവർത്തനം നടത്തുന്ന സമിതിയാണ്. അവിടെ രൂപപ്പെടുന്ന റിപ്പോർട്ട് സമിതിയുടെ പൊതുവായുള്ളതാണ്. അതുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കാത്ത അംഗങ്ങൾ എന്ന കാര്യം ഉണ്ടാകില്ല.

(സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് 19-10-2017-ൽ രൂപീകരിച്ച പ്രൊഫസർ എം. എ. ഖാദർ അധ്യക്ഷനായ വിദഗ്ദ്ധ സമിതിയുടെ പരിഗണനാ വിഷയങ്ങൾ 3-10-2018-ന് കൂട്ടിചേർത്തതിനുശേഷം ടി വിവരം കേരളത്തിലെ അംഗീകൃത അധ്യാപക സംഘടനകളെ അറിയിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഡി) അറിയിച്ചിരുന്നെങ്കിൽ ഏതൊക്കെ അധ്യാപക സംഘടനകളെയാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) കൂട്ടിച്ചേർത്ത പരിഗണനാ വിഷയങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തിയ അംഗീകൃത അധ്യാപക സംഘടനകൾ ഏതെല്ലാമാണ്;

(എഫ്) പരിഗണനാ വിഷയങ്ങൾ കൂട്ടിച്ചേർക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

(സി-എഫ്) വിദഗ്ദ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഏതെല്ലാം ഘടകങ്ങൾ ഉണ്ടാകണമെന്ന സർക്കാർ നിലപാട് സ്പഷ്ടീകരിക്കുന്നതിനായി കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടതായി വന്നിട്ടുണ്ട്. വിദഗ്ദ്ധ സമിതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത വർദ്ധിപ്പിക്കുന്നതിനായി അധ്യാപകരിൽനിന്നും പൊതുസമൂഹത്തിൽനിന്നും സംഘടനകളിൽനിന്നും നിർദ്ദേശം ആരായുകയും നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 19-10-2017-ൽ രൂപീകരിച്ച പ്രൊഫ. എം. എ. ഖാദർ അദ്ധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സമർപ്പിച്ചതിനുശേഷം എല്ലാ അദ്ധ്യാപക സംഘടനകളുമായും ടി റിപ്പോർട്ടിന്മേൽ ചർച്ച നടത്തിയിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവൃത്തികൾ

178 (1334) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അറിയിക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി ഏറനാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>5 കോടി കിഫ്ബി ഫണ്ട്</u>

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHSS കുഴിമണ്ണ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

<u>3 കോടി കിഫ്ബി ഫണ്ട്</u>

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GVHSS കിഴുപ്പറമ്പ്, GHSS അരീക്കോട് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. സീതിഹാജി മെമ്മോറിയൽ GVHSS എടവണ്ണ സ്കൂളിന്റെ ഒരു ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. എച്ച്.എസ്. ബ്ലോക്കിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

GHSS കാവനൂർ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

GUPS പത്തപ്പിരിയം, GHS പേരകമണ്ണ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. (DSR/GST) നിരക്കുപ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ കില സ്വീകരിച്ചുവരുന്നു.

<u>ഒരു കോടി കിഫ്ബി ഫണ്ട്</u>

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വെറ്റിലപ്പാറ, GUPS ചെങ്ങര, GUPS മൂർക്കനാട് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

GHS പന്നിപ്പാറ, GMUPS അരീക്കോട് എന്നീ സ്കൂളുകളുടെ നിർമ്മാണം 95 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

കിഴിച്ചേരി GLPS-ന്റെ നിർമ്മാണം 82 ശതമാനത്തോളം പൂർത്തീകരിച്ചു.

എരഞ്ഞിമങ്ങാട് GUPS, വടശ്ശേരി GHS എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 30 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

GUPS മൈത്ര, GMUPS മുണ്ടമ്പ്ര എന്നീ സ്കൂളുകളുടെ നിർമ്മാണം 75 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ എസ്.പി.വി.-കൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ പി.ടി.എ. ഫണ്ട്**

179 (1335) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പി.ടി.എ. പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട 2007-ലെ മാർഗ്ഗനിർദ്ദേശം കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിഷ്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പി.ടി.എ. പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട 2007-ലെ മാർഗ്ഗനിർദ്ദേശം പരിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ**

180 (1336) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പെഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്നും എത്ര വിദ്യാർത്ഥികളാണ് പഠിക്കുന്നതെന്നും ഇത്തരം സ്കൂളുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അന്ധ-ബധിര-മൂക വിദ്യാലയങ്ങൾ സർക്കാർ മേഖലയിൽ 7-ഉം എയ്ഡഡ് മേഖലയിൽ 36-ഉം അൺ എയ്ഡഡ് മേഖലയിൽ 2-ഉം എന്ന ക്രമത്തിൽ ആകെ 45 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2020-2021 വർഷത്തെ കണക്കുകൾപ്രകാരം പ്രസ്തുത വിദ്യാലയങ്ങളിലായി 3046 കുട്ടികൾ പഠിക്കുന്നുണ്ട്.

സംസ്ഥാനത്തെ അന്ധ/ബധിര-മൂക വിദ്യാലയങ്ങളിലെ ബോർഡിംഗിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് മാസംതോറും ബോർഡിംഗ് ഗ്രാന്റ് കൂടാതെ യൂണിഫോം അലവൻസ്, സ്കൂൾ റിക്വിസ്റ്റ് അലവൻസ് എന്നിവയും അനുവദിച്ച് നൽകുന്നുണ്ട്.

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് അംഗീകാരം/രജിസ്ട്രേഷൻ നൽകുന്ന അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിൽ 2021-2022 വർഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ അപേക്ഷകൾപ്രകാരം 314 സ്പെഷ്യൽ സ്കൂളുകളിലായി ഏകദേശം 25605 കുട്ടികൾ പഠിക്കുന്നുണ്ട്. പ്രസ്തുത വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പാക്കേജ് മുഖേന ഗ്രാന്റ് അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ ടി വിദ്യാർത്ഥികൾ വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഡിസേബിൾഡ് ആയിട്ടുള്ള എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുവെന്നും അവർക്ക് നൽകിവരുന്ന സേവനങ്ങളും സൗകര്യങ്ങളും ധനസഹായങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 42632 വിദ്യാർത്ഥികളാണ് പഠിക്കുന്നത്.

ഭിന്നശേഷി മേഖലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കൂളുകളിൽ അക്കാദമിക പിന്തുണ നൽകുന്നതിനായി എലിമെന്ററി വിഭാഗത്തിൽ 1521 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും സെക്കന്ററി വിഭാഗത്തിൽ 1365 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും സമഗ്ര ശിക്ഷ കേരള നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സർവ്വീസുകൾ അതുപോലെ വിവിധതരത്തിലുള്ള അലവൻസുകൾ എന്നിവ നിശ്ചയിക്കുകയും തുടർന്ന് കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. മെഡിക്കൽ ക്യാമ്പിൽ നിശ്ചയിച്ചിട്ടുള്ള സഹായഉപകരണങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങി ബി.ആർ.സി.-കൾ വഴി കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഇതോടൊപ്പംതന്നെ കുട്ടികൾക്ക് തെറാപ്പി സർവ്വീസും അക്കാദമിക അധിക പിന്തുണ നൽകാൻവേണ്ടി കേരളത്തിലെ 168 ബി.ആർ.സി.-കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ കുട്ടികൾക്കാവശ്യമായ അക്കാദമിക പിന്തുണയും മെഡിക്കൽ സേവനങ്ങളും തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് കൂടുതൽ ആരോഗ്യപരമായ സേവനങ്ങൾ നൽകുന്നതിനായി പഞ്ചായത്തിൽ മിനിമം 1 ക്രമത്തിൽ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട് അവ ശാക്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. തീവ്രപരിമിതി

അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി വിദ്യാലയങ്ങളിൽ 60 ആയമാരുടെയും ഓട്ടിസം സെന്ററുകളിൽ 168 ആയമാരുടെയും സേവനം നൽകിവരുന്നു. രക്ഷിതാക്കൾക്കായി പ്രത്യേകം കൗൺസിലിംഗും അതുപോലെതന്നെ അവരുടെ കുട്ടികളുടെ സോഷ്യലൈസേഷന്റെ ഭാഗമായി നിരവധി പരിപാടികൾ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും സാമൂഹ്യപരവുമായുള്ള മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി റിസോഴ്സ് സെന്ററുകൾ സർക്കാർ സ്കൂളുകളിൽ നിർമ്മിച്ചിട്ടുണ്ട്. ബി.ആർ.സി.-കളുടെ നേതൃത്വത്തിൽ റിസോഴ്സ് സെന്ററുകൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കുന്നുണ്ട്. കൂടാതെ രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ പരിപാടികളും പഠനബോധന ഉപകരണങ്ങളുടെ സഹായത്തോടെ അക്കാദമിക പിന്തുണയും നൽകിവരുന്നു. അവശ്യംവേണ്ട സെന്ററുകളിൽ തെറാപ്പി സേവനം ഉൾപ്പെടെ ഭിന്നശേഷിയുടെ സ്വഭാവം അനുസരിച്ച് വിവിധതരം സേവനങ്ങൾ ലഭ്യമാക്കുന്നു.

അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, ഗേൾസ് സ്റ്റൈപന്റ് എന്നിവ നൽകുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കായി ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം നൽകിവരുന്നു. അവധി ദിവസങ്ങളിലും ആഘോഷ ദിവസങ്ങളിലും കിടപ്പിലായ കുട്ടികളുടെ വീടുകളിലെത്തി പഠനത്തിലും വിനോദത്തിലും ഏർപ്പെടുന്നതിനായി സമപ്രായക്കാരുടെ 'ചങ്ങാതിക്കൂട്ടം' വീടുകളിൽ എത്തുന്നു. മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, പ്രിൻസിപ്പൽ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ്, പാരന്റ്സ് എന്നിവർക്കായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വീഡിയോ പാഠങ്ങൾ, ശബ്ദപാഠങ്ങൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കി www.ssakerala.in/ie എന്ന വെബ്സൈറ്റിലൂടെ നൽകിവരുന്നു. ടി.എൽ.എം., ബ്രെയ്‌ലി സ്റ്റേഷനറി മെറ്റീരിയൽസ്, ലാർജ് പ്രിന്റ് ടെക്സ്റ്റ് ഇൻസ്ട്രക്ഷണൽ & ട്രെയിനിംഗ് മെറ്റീരിയൽസ് എന്നിവ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ [40 ശതമാനമോ അതിലധികമോ വൈകല്യമുള്ള (കാഴ്ചവൈകല്യം (VI), ശ്രവണവൈകല്യം (HI), ബുദ്ധിവൈകല്യം (MR, Autism), അസ്ഥി സംബന്ധമായ വൈകല്യം (OH, CP, LMD) എന്നീ

വിഭാഗം] കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യംവേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. ഇത് സർക്കാരിന്റെ ഒരു തുടർപദ്ധതിയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് വഴി നൽകിവരുന്ന ഈ സാമ്പത്തിക സഹായം സ്റ്റേറ്റ് പ്ലാൻ (2202-02-109-70 എന്ന ഹെഡ്ഡിൽ നിന്നും) ഫണ്ടിൽ നിന്നാണ് നൽകിവരുന്നത്. സാമ്പത്തിക സഹായമായി നൽകിവരുന്ന ഈ തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പാക്കിവരുന്നു. കാഴ്ചവൈകല്യം, ശ്രവണ വൈകല്യം എന്നീ വിഭാഗങ്ങളിലുള്ളവർക്കായി സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമേ 21 തരം വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങൾ ഉള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്.

## മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായവരുടെ ഉപരിപഠനം

181 (1337) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര പേരാണ് ഉപരിപഠനത്തിന് അർഹത നേടിയിട്ടുള്ളത്; വ്യക്തമാക്കുമോ?

77691 പേർ.

(ബി) പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിലേയ്ക്കായി മലപ്പുറം ജില്ലയിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്?

80100 അപേക്ഷകൾ.

(സി) അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് മലപ്പുറം ജില്ലയിൽത്തന്നെ അവസരമൊരുക്കിയിട്ടുണ്ടോ?

അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് മലപ്പുറം ജില്ലയിൽത്തന്നെ അവസരമൊരുക്കിയിട്ടുണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് അവസരമൊരുക്കുന്നതിനായി അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതിനോ ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ എല്ലാ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ പ്രസ്തുത ജില്ലയിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-22 അധ്യയനവർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുന്നതുകൊണ്ടുതന്നെ ഉപരിപഠനത്തിനു യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമാകുന്നതാണ്.

## സ്കൂൾ ബസ്സ് അനുവദിക്കുന്നതിന് നടപടി

182 (1338) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്കാണ് സ്കൂൾ ബസ് വാങ്ങുന്നതിന് എം.എൽ.എ.-മാർ ഫണ്ട് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത സ്കൂളുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി സ്കൂൾ ബസ് സമയബന്ധിതമായി നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജന്റർ ന്യൂട്രൽ യൂണിഫോം

183 (1339) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) തയ്യാറാക്കിയ കേരള പാഠ്യപദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചട്ടക്കൂട്ടുകളിലെ സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പിൽ സ്കൂളുകളിൽ ലിംഗഭേദമില്ലാതെ ഇരിപ്പിടമൊരുക്കുന്നത് സംബന്ധിച്ച നിർദ്ദേശം ചർച്ചയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ അറിവോടെയാണോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഫോക്കസ് മേഖലകളുമായി ബന്ധപ്പെട്ടുള്ള വിശാലമായ ജനകീയ ചർച്ചകൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓരോ മേഖലയിലുമുള്ള വിശദാംശം ഉൾക്കൊള്ളുന്ന സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പുകൾ തയ്യാറാക്കുന്ന പ്രവർത്തനം നടന്നുവരികയാണ്. കോർകമ്മിറ്റി അംഗങ്ങളുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും വേണ്ടി തികച്ചും അനൗദ്യോഗികമായി നൽകിയ കരട് രേഖയിലാണ് ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന പരാമർശമുള്ളത്. കോർ കമ്മിറ്റി അംഗങ്ങളുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും പരിശോധനയ്ക്കും മെച്ചപ്പെടുത്തലിനും ശേഷമേ ഈ രേഖ ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയുള്ളൂ.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ജന്റർ ന്യൂട്രൽ യൂണിഫോം രീതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ?

നിലവിൽ സ്കൂളുകളിലെ യൂണിഫോം രീതികൾ തീരുമാനിക്കുന്നത് അതത് സ്കൂൾ പി.റ്റി.എ. ആണ്. ജെന്റർ ന്യൂട്രൽ യൂണിഫോം നടപ്പാക്കിയ സ്കൂളുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(സി) ജന്റർ ന്യൂട്രൽ യൂണിഫോം നടപ്പാക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

നിലവിൽ അത്തരത്തിൽ മാനദണ്ഡങ്ങളൊന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്ക് നൽകിയിട്ടില്ല.

## കിച്ചൺ, ടോയ്‍ലറ്റ് എന്നിവയുടെ നിർമ്മാണം

184 (1340) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കിച്ചൺ, ടോയ്‍ലറ്റ് ബ്ലോക്കുകൾ എന്നിവ നിർമ്മിക്കുന്ന പദ്ധതിപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം അനുമതി നൽകിയ സ്കൂളുകളുടെ പട്ടിക വ്യക്തമാക്കുമോ?

സ്കൂളുകളിൽ കിച്ചൺ നിർമ്മിക്കുന്ന പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം അനുമതി നൽകിയ സ്കൂളുകളുടെ പട്ടിക അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. ടി ജില്ലയിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനായി കഴിഞ്ഞ വർഷം അനുമതി നൽകിയിട്ടില്ല.

(ബി) അനുവദിച്ചവയിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയായ സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കിച്ചൺ നിർമ്മാണത്തിനായി അനുമതി നൽകിയതിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച സ്കൂളുകളുടെ വിശദവിവരം അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

(സി) നിർമ്മാണം പൂർത്തിയാക്കിയവയ്ക്ക് പണം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിക്കുന്നതാണ്.

## വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ്

185 (1341) ശ്രീ. ഒ. ആർ. കേളു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് 2022-23 അധ്യയന വർഷം രണ്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) അധികമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാണെങ്കിൽ സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

| New Enrollment of 6th working day 2022-23 | | | |
|---|---|---|---|
| Std. | Govt. | Aided | Total |
| (1) | (2) | (3) | (4) |
| 2 | 2936 | 3934 | 6870 |
| 3 | 4087 | 4919 | 9006 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 5053 | 5192 | 10245 |
| 5 | -7134 | 39679 | 32545 |
| 6 | 4380 | 9043 | 13423 |
| 7 | 4311 | 5879 | 10190 |
| 8 | 26992 | 1799 | 28791 |
| 9 | 2730 | 5279 | 8009 |
| 10 | 1560 | -669 | 891 |
| Total | 44915 | 75055 | 119970 |

(സി) ഈ അധ്യയന വർഷം അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 2022-23 അധ്യയന വർഷം 23096 കുട്ടികൾ കുറഞ്ഞു.

| വർഷം | അൺ എയ്ഡഡ് (സർക്കാർ അംഗീകൃതം) സ്കൂളിലെ കുട്ടികളുടെ എണ്ണം |
|---|---|
| 2021-22 | 356128 |
| 2022-23 | 33303 |

(ഡി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടർച്ചയായി എല്ലാ വർഷവും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്.

| Enhancement of students in Kerala-Growth | | | |
|---|---|---|---|
| Year & Management wise | | | |
| Year | Govt. | Aided | Total |
| 2016-17 | 28860 | 82491 | 111351 |
| 2017-18 | 59852 | 96713 | 156565 |
| 2018-19 | 71360 | 113368 | 184728 |
| 2019-20 | 65215 | 98343 | 163558 |
| 2020-21 | 68742 | 106129 | 174871 |

(ഇ) തുടർച്ചയായി കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാനപരമായി എന്തെല്ലാം മാറ്റങ്ങൾക്കാണ് രൂപം കൊടുത്തത്; വിശദമാക്കാമോ?

നവകേരള മിഷൻ, നവകേരളം കർമ്മ പദ്ധതി എന്നീ പരിപാടികളിൽ യഥാക്രമം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം എന്നീ പേരുകളിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെ ഇടപെടലുകൾ നടത്തി.

* ഭൗതിക സൗകര്യവികസനത്തിന് പുതിയ മാതൃക സൃഷ്ടിക്കുന്നതിന് ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലും അഞ്ചു കോടി രൂപ നൽകി മികവിന്റെ കേന്ദ്രങ്ങളായി ഓരോ വിദ്യാലയങ്ങളെയും പുനർനിർമ്മിച്ചു.

* കിഫ്ബി ഫണ്ടിൽനിന്നും മൂന്നുകോടി രൂപ മുടക്കി 395 വിദ്യാലയങ്ങൾക്കും ഒരു കോടി രൂപ നൽകി 444 വിദ്യാലയങ്ങൾക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അവസരമൊരുക്കി.

* പ്ലാൻ ഫണ്ട്, തീരദേശ വികസന ഫണ്ട്, നബാർഡ് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു.

* വിവരസാങ്കേതികവിദ്യ പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും ഹൈടെക് വിദ്യാഭ്യാസത്തിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തി. ഹൈസ്കൂളിലേയും ഹയർ സെക്കന്ററിയിലേയും 45000 ക്ലാസ് റൂമുകൾ ഹൈടെക്കാക്കി. എല്ലാ പ്രൈമറി സ്കൂളുകളിലും ഹൈടെക് ലാബ് ഒരുക്കി.

* സമഗ്രശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് വിദ്യാലയങ്ങൾക്ക് ജൈവവൈവിധ്യ ഉദ്യാനമൊരുക്കി.

* പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വിവിധ ജനകീയ കൂട്ടായ്മകൾ ആയ പി.ടി.എ., പൂർവ്വ വിദ്യാർത്ഥി-അധ്യാപക സംഘടന, സ്കൂൾ വികസന സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയെ പങ്കാളികളാക്കി വിദ്യാലയ കേന്ദ്രീകൃത പരിപാടികൾ നടപ്പാക്കി.

(എഫ്) ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക് കാര്യങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

* വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് നിരന്തരമായ അധ്യാപക പരിശീലന പരിപാടികൾ കഴിഞ്ഞ വർഷങ്ങളിൽ സംഘടിപ്പിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ മാധ്യമം ഉപയോഗപ്പെടുത്തി അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാലയങ്ങളുടെ അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി അവ നടപ്പാക്കുന്നതിനും എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ചു.

* പ്രകൃതിയിലൂടെ പഠിക്കുക എന്ന ആശയത്തെ മുൻനിർത്തി എല്ലാ വിദ്യാലയങ്ങളുടെ ഭാഗമായും ജൈവവൈവിധ്യ ഉദ്യാനം എന്ന സങ്കൽപ്പം മുന്നോട്ടുവയ്ക്കുകയും ഭൂരിപക്ഷം വിദ്യാലയങ്ങളും അത് ഏറ്റെടുത്തു നടപ്പാക്കുകയും ചെയ്തു.

* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ടാലന്റ് ലാബ് എന്ന ആശയം വിദ്യാലയങ്ങളിൽ നടപ്പാക്കി.

*കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷാകർതൃ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടിക്കുള്ള കൈപ്പുസ്തകം 'നന്മ പൂക്കുന്ന നാളേയ്ക്ക്' പ്രസിദ്ധീകരിച്ചു.

* സവിശേഷ പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് സമഗ്രശിക്ഷ വഴി ഉപകരണങ്ങൾ/ സൗകര്യങ്ങൾ നൽകി. ഈ കുട്ടികളുടെ വിദ്യാഭ്യാസ പ്രക്രിയയിൽ അനുരൂപീകരണം ഉറപ്പുവരുത്തുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കിവരുന്നു.

* കോവിഡ് കാലയളവിൽ കുട്ടികൾക്ക് പഠനനഷ്ടം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഇന്ത്യയ്ക്കാകെ മാതൃകയായ വിധത്തിൽ ഓൺലൈൻ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു.

* വ്യത്യസ്ത വിഷയങ്ങളിൽ പഠന പിന്നോക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഉല്ലാസ ഗണിതം, സുരിലീ ഹിന്ദി എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ നടപ്പാക്കി.

## സ്കൂൾ പാഠപുസ്തകങ്ങളിൽ ജെൻഡർ ഓഡിറ്റിംഗ്

186 (1342) ശ്രീ. വി. ജോയി:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീമതി യു. പ്രതിഭ:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേർതിരിവില്ലാത്ത വിദ്യാഭ്യാസമെന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് ലിംഗപരമോ സാമൂഹികമോ ആയ വേർതിരിവ് ഉണ്ടാകാൻ പാടില്ലെന്നതിനാൽ സ്കൂൾ പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിംഗിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ലിംഗസമത്വം, ലിംഗനീതി, ലിംഗാവബോധം എന്നിവ മുൻനിർത്തി പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിംഗ് നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്കൂൾ എന്നത് ലിംഗനീതി നിഷേധമായതിനാൽ ഇത് അവസാനിപ്പിക്കാൻ മുൻകൈയെടുക്കുമോ?

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായിട്ടുള്ള നിലവിലെ സ്കൂളുകൾ മിക്സഡ് സ്കൂളുകളാക്കുന്നത് സ്കൂളുകളുടെ ആവശ്യമനുസരിച്ചായിരിക്കും. മതിയായ അടിസ്ഥാന സൗകര്യങ്ങളുള്ളതും സ്കൂൾ പി.റ്റി.എ.-യുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നിർദ്ദേശം എന്നിവ പരിഗണിച്ചായിരിക്കും തീരുമാനമെടുക്കുക.

(സി) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സമത്വബോധം പകരുന്നതും സൗകര്യപ്രദമായ യൂണിഫോം തെരഞ്ഞെടുക്കാനുള്ള സ്കൂളുകളുടെ അവകാശം അംഗീകരിച്ചത് മതനിരാസത്തിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ വിദ്യാലയങ്ങളിൽ ജെൻഡർ യൂണിഫോം നിർബന്ധപൂർവ്വം നടപ്പാക്കുകയില്ല. സ്കൂൾ അധികൃതർ, പി.റ്റി.എ., തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും താൽപ്പര്യത്തിനനുസരിച്ചായിരിക്കും ഇക്കാര്യം നടപ്പാക്കുക.

## പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ നടപടി

187 (1343) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം കൈവരിച്ച പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കേരളം കൈവരിച്ച പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ നിരവധി നടപടികൾ സ്വീകരിച്ചുവരികയാണ്.

കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തിയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയും സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

1. അക്കാദമിക പ്രവർത്തനങ്ങളിൽ അധ്യാപകരെ സജീവമായി പങ്കെടുപ്പിക്കുന്നതിന് വേണ്ടതരത്തിൽ ഇൻസർവ്വീസ് അധ്യാപക പരിപാടികൾ മികച്ച രീതിയിൽ സംഘടിപ്പിച്ചുവരുന്നു.

2. വിവിധ വിഷയങ്ങളിൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പലതരത്തിലുള്ള പഠനപോഷണ പരിപാടികൾ നടത്തിവരുന്നു.

3. ജില്ലാതലത്തിൽ ഡയറ്റുകളുടെയും ബ്ലോക്കുതലത്തിൽ ബി.ആർ.സി.-കളുടെയും നേതൃത്വത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ട അധ്യാപക പിന്തുണ നൽകിവരുന്നു.

4. അക്കാദമിക നിലവാരം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്കൂൾതല, ജില്ലാതല, സംസ്ഥാനതല മോണിറ്ററിംഗ് ഫലപ്രദമായി നടത്തിവരുന്നു.

(ബി) ദൈനംദിന ജീവിതത്തിലെ സാമൂഹിക വെല്ലുവിളികൾ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാം ക്ലാസ് മുതൽ മൂല്യാധിഷ്ഠിത സാമൂഹികശാസ്ത്ര പഠനം നിർബന്ധിതമാക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ദൈനംദിന ജീവിതത്തിലെ സാമൂഹിക വെല്ലുവിളികൾ നേരിടാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാം ക്ലാസ് മുതൽ മൂല്യാധിഷ്ഠിത സാമൂഹ്യശാസ്ത്ര പഠനം നിർബന്ധിതമാക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഭരണഘടനാ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകും. സോഷ്യൽ സയൻസ് വിഷയവുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

(സി) സാമൂഹികശാസ്ത്ര പഠനത്തിൽ ദൈനംദിന ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുന്നതിനും ഉതകുംവിധം പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

സാമൂഹികശാസ്ത്ര പഠനത്തിൽ ദൈനംദിന ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുന്നതിനും ഉതകുംവിധം പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കും. നിത്യജീവിത സന്ദർഭങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ മാറ്റിയെടുക്കാമെന്നതിനെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടത്തുന്നതാണ്.

**പിന്നോക്ക മേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസം**

188 (1344) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവത്കൃത/പിന്നോക്ക മേഖലകളിൽ നിന്നുള്ള കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പാർശ്വവത്കൃത/പിന്നോക്ക മേഖലകളിൽ നിന്നുള്ള കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി സമഗ്രശിക്ഷാ കേരളം വിവിധ പരിപാടികൾ നടപ്പാക്കുന്നു.

1. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ (LRC)

2. അവധി ദിവസങ്ങളിലും സ്കൂൾ കഴിഞ്ഞുള്ള ദിവസങ്ങളിലും വിദ്യാ വോളന്റിയർമാരുടെ നേതൃത്വത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്നു. വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസ വേതനം സമഗ്രശിക്ഷാ കേരളം നൽകി വരുന്നു. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 2021-22 വരെ 698

പ്രതിഭാകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. നിലവിൽ 720 പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളായി വർദ്ധിച്ചിട്ടുണ്ട്. LRC-കളിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്.

3. ഊരുവിദ്യാകേന്ദ്രം

പ്രസ്തുത കേന്ദ്രങ്ങളിൽ നിയമിച്ചിട്ടുള്ള വിദ്യാ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്കൂളുകളിലെ ഹാജർ ഉറപ്പുവരുത്തുന്നു. കഴിഞ്ഞ വർഷം വരെ 48-ഉം ഈ വർഷം 60-ഉം ഊരു വിദ്യാകേന്ദ്രങ്ങളാണ് നിലവിലുള്ളത്.

4.നാട്ടരങ്ങ്

ആദിവാസി, മലയോര തീരദേശ മേഖലകളിലെ കുട്ടികളുടെ അവസ്ഥാ പഠനം നടത്തുകയും അത്തരത്തിൽ കണ്ടെത്തുന്ന കുട്ടികളെ ഉൾപ്പെടുത്തി 5 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്യുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ സഹായത്തോടെ തുടർപിന്തുണാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

5. പ്രവേശന പരീക്ഷകളിൽ മികവ് തെളിയിക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതി നടപ്പാക്കുന്നു.

6. ഈ മേഖലയിലെ കുട്ടികൾക്ക് പ്രത്യേകം ആരോഗ്യ-മാനസിക-വിദ്യാഭ്യാസ പരിപാടി, അതിജീവനം പരിപാടി എന്നിവ സംഘടിപ്പിച്ചു.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ പാർശ്വവത്കൃത/പിന്നോക്ക മേഖലകളിൽ നിന്നും പ്ലസ് വൺ അഡ്മിഷന് അപേക്ഷിച്ചിട്ടുള്ള മുഴുവൻ കുട്ടികൾക്കും പഠന സൗകര്യം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽനിന്നും വരുന്ന കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽനിന്നും 20 സ്കൂളുകൾ തെരഞ്ഞെടുക്കുകയും പ്രസ്തുത സ്കൂളുകളിലെ കുട്ടികൾക്കുള്ള പദ്ധതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. 2022-23 വർഷത്തേയ്ക്ക് 400 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പാർശ്വവത്കൃത സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനനിലവാരവും സാഹചര്യങ്ങളും നൽകിക്കൊണ്ട് സ്കൂളുകളിൽ അവരുടെ നിലനിർത്തൽ ഉറപ്പാക്കുകയും വിദ്യാർത്ഥികളെ പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

## സ്കൂളുകളിൽ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നത്

189 (1345) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ ആയുർവേദ ഔഷധങ്ങൾ, പച്ചമരുന്നുകൾ, ഔഷധസസ്യങ്ങൾ എന്നിവയിൽ പരിചയമുണ്ടാക്കുന്നതിനായി പ്രൈമറിതലം മുതൽ ഈ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വിദ്യാർത്ഥികളിൽ ഔഷധ സസ്യങ്ങളുടെ പ്രാധാന്യം സംബന്ധിച്ച അറിവുണ്ടാക്കുന്നതിന് ഉതകുന്ന ഉള്ളടക്ക ഭാഗങ്ങൾ നിലവിലെ പാഠ്യപദ്ധതിയിൽ പ്രൈമറിതലം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ക്ലാസ്സിലെ പരിസരപഠന പുസ്തകത്തിലെ "പൂത്തും തളിർത്തും" എന്ന പാഠത്തിലും അഞ്ചാം ക്ലാസ്സിലെ പരിസരപഠന പുസ്തകത്തിലെ "സസ്യലോകത്തെ അടുത്തറിയാം" എന്ന പാഠത്തിലും ഔഷധസസ്യങ്ങളെ പരിചയപ്പെടുത്തുന്നുണ്ട്. എല്ലാ സ്കൂളുകൾക്കും ക്യാമ്പസിൽ ഒരു ജൈവവൈവിദ്ധ്യ ഉദ്യാനം ഒരുക്കുന്നതിനുള്ള സാമ്പത്തികവും അക്കാദമികവുമായ പിന്തുണ സർക്കാർ നൽകിവരുന്നുണ്ട്. പല സ്കൂളുകളും മികച്ച രീതിയിലുള്ള ഔഷധസസ്യ ഉദ്യാനങ്ങൾ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഭാഗമായി തയ്യാറാക്കി സംരക്ഷിച്ചുവരുന്നുണ്ട്. ക്യാമ്പസ് തന്നെ ഒരു പാഠപുസ്തകമാക്കി മാറ്റുക എന്ന കേരള സർക്കാരിന്റെ ഉദാത്തമായ കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കുട്ടികൾക്ക് പരമാവധി നേരറിവുകൾ നൽകാൻ പര്യാപ്തമാകുംവിധമാണ് ജൈവവൈവിധ്യ ഉദ്യാനങ്ങൾ ക്രമീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

ഔഷധസസ്യങ്ങളും ശലഭോദ്യാനവുമെല്ലാം ഉൾപ്പെടുന്ന ജൈവവൈവിധ്യ ഉദ്യാനത്തെ വിവിധ വിഷയങ്ങളിലെ പാഠഭാഗവുമായി ബന്ധിപ്പിച്ച് പഠനപ്രവർത്തനങ്ങളോട് എങ്ങനെ കണ്ണിചേർത്ത് ഉപയോഗിക്കാമെന്ന് വിശദീകരിക്കുന്ന കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി. ഇതൊരു ഗവേഷണ പ്രവർത്തനമായി ഏറ്റെടുത്തിട്ടുണ്ട്. ഭാഷ, സാമൂഹ്യശാസ്ത്രം, ഗണിതം, സയൻസ് തുടങ്ങി എല്ലാ വിഷയങ്ങളിലും വിവിധ പാഠഭാഗങ്ങളിൽ എങ്ങനെ ജൈവവൈവിധ്യ ഉദ്യാനത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്ന അന്വേഷണമാണ് ഈ പഠനത്തിന്റെ ഭാഗമായി നടക്കുന്നത്. വിവിധ ജില്ലകളിൽ നിന്നുള്ള 25 വിദ്യാലയങ്ങൾ ഈ പഠനത്തിൽ ഭാഗഭാക്കായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്ത് മുൻകയ്യെടുത്ത് ആ പഞ്ചായത്തിലെ മുഴവൻ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കാൻ തയ്യാറായിട്ടുണ്ട്. പത്തനംതിട്ട ഡയറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ മുഴവൻ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനത്തെ പഠന പ്രവർത്തനങ്ങളുമായി കണ്ണിചേർക്കുന്ന പ്രവർത്തന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ ഔഷധഗുണമുള്ളവയായി തിരിച്ചറിയപ്പെടുകയും പാരമ്പര്യ ചികിത്സയിൽ ഉപയോഗിച്ചിരുന്നതുമായ സസ്യങ്ങളെ പരിചയപ്പെടുക എന്നതിനോടൊപ്പം ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്താൽ ഈ സസ്യങ്ങളിലെ രോഗം മാറ്റാൻ സഹായിക്കുന്ന രാസവസ്തുക്കൾ കണ്ടെത്തി വേർതിരിച്ചെടുത്ത് കൃത്യമായ അളവിൽ ഉപയോഗിക്കുന്ന ആധുനിക വൈദ്യശാസ്ത്ര സമീപനം സംബന്ധിച്ച് കുട്ടികളിൽ അവബോധം വളർത്തിയെടുക്കാൻ കൂടിയാണ് ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നത്. നാളെ ഏതൊരു സസ്യത്തിൽനിന്നും പുതിയ ഔഷധങ്ങൾ കണ്ടെത്തിയേക്കാം. 'ഓരോ ചെടിയും പ്രധാനമാണ് അതിനാൽ പ്രാദേശിക സസ്യജന്തു വൈവിധ്യത്തെ സംരക്ഷിക്കേണ്ടത് ആവശ്യമാണ് ' എന്ന സന്ദേശം പാഠഭാഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പകർത്തിയെടുക്കാനാണ് പാഠ്യപദ്ധതി ശ്രമിക്കുന്നത്.

(ബി) സ്കൂളുകളിൽ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളത്; വിശദമാക്കാമോ?

ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന പദ്ധതിയുടെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച ഓരോ സ്കൂളിലും ജൈവവൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ട്. പല ഘട്ടങ്ങളിലായി പൊതുവിദ്യാലയങ്ങൾക്ക് ഇതിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകൾ, ഡയറ്റുകൾ എന്നിവയുടെ നേതൃത്വത്തിലുള്ളതും വിവിധ ക്ലാസ്സ് പ്രവർത്തനങ്ങളുടെയും മറ്റും ഭാഗമായി സ്കൂളുകൾ തനതായി ഏറ്റെടുത്ത പ്രവർത്തനങ്ങളുമുണ്ട്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അപൂർവ്വ ഇനം ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ വനം വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാവനം എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾ**

190 (1346) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുനൂറ് വർഷത്തിലധികം പഴക്കമുള്ള സ്കൂളുകൾ പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നവീകരണത്തിന് മുൻ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ അനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് 5 കോടി/3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും 500-നും 1000-നു മിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിൽ 200 വർഷത്തിലധികം പഴക്കമുള്ള സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. ഇരുനൂറ് വർഷത്തിലധികം പഴക്കമുള്ള സ്കൂളുകൾ പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സ്കൂളുകളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇത്തരത്തിലുള്ള എത്ര സ്കൂളുകൾ കേരളത്തിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഇരുനൂറ് വർഷത്തിലധികം പഴക്കമുള്ള 16 സ്കൂളുകൾ നിലവിലുണ്ട്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി *ചേർക്കുന്നു.

(ഡി) മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് & വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ഗവൺമെന്റ് എൽ.പി.എസ്. മാവേലിക്കരയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് & വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും പൈതൃക സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി ലഭിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## എഡ്യൂക്കേഷണൽ ഹബ്

191 (1347) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് മുതൽ പി.ജി. വരെയുള്ള കുട്ടികൾ ഒരു സ്ഥലത്ത് തന്നെ പഠിക്കുന്ന തരത്തിൽ എഡ്യൂക്കേഷണൽ ഹബ് എന്ന ആശയം പരിഗണനയിലുണ്ടോ?

ഇല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചെങ്ങന്നൂർ ഗരസഭയിൽ പ്രവർത്തിക്കുന്ന കീഴ്ചേരിൽ ജെ.ബി.എസ്., റിലീഫ് എൽ.പി.എസ്., ചെങ്ങന്നൂർ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ബോയ്സ് ഹൈസ്കൂൾ എന്നീ സ്കൂളുകൾ ഒന്നിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ?

(ബി&സി) ഈ വിഷയം സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഹൈടെക് സ്കൂൾ പദ്ധതി**

192 (1348) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യംവച്ച് ആരംഭിച്ച ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ക്ലാസ് മുറികളിൽ ലഭ്യമായിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; വിശദീകരിക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ ആധുനികവൽക്കരണം നടത്തുന്നതിനും സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതിതന്നെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലേയ്ക്ക് ഹൈടെക് ലാബ് പദ്ധതിയും നടപ്പാക്കി. പദ്ധതികളുടെ ഭാഗമായി 16027 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 374274 ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം, 12678 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ്, അദ്ധ്യാപകർക്ക് പ്രത്യേക ഐ.ടി. പരിശീലനം, 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ തുടങ്ങിയ പദ്ധതികൾ കൈറ്റ് നടപ്പാക്കി. ഭാഷാ വിഷയങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വതന്ത്ര

സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബും എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കി. ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ഇ-ലാംഗ്വേജ് ലാബിൽ ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയും നടപ്പാക്കി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ക്ലാസ് മുറികളിലെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി വേഗം കൂടിയ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എല്ലാ ക്ലാസ് മുറികളിലും എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പാക്കി. പദ്ധതികളുടെ ഭാഗമായി സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും നൽകിയിട്ടുണ്ട്. സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ള 4690 സ്കൂളുകളിലെ ഇന്റർനെറ്റ് വേഗത 100 Mbps ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഇത്തരം ബൃഹത്തായ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ശൃംഖല വിദ്യാഭ്യാസ മേഖലയിൽ രൂപീകരിച്ചിട്ടുള്ളത്.

(സി) ഇതിലൂടെ പഠന-ബോധന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിന് 2001 മുതൽ സംസ്ഥാനത്ത് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകി ഐ.ടി./ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ ഹൈസ്കൂൾ ക്ലാസുകളിലും തുടർന്ന് പ്രൈമറിതലത്തിലേയ്ക്കും ഐ.സി.ടി. പഠനം വ്യാപിപ്പിക്കുകയും നിലവിൽ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകവും ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്ക് 'സമഗ്ര' എന്ന പേരിൽ പ്രത്യേക പോർട്ടലും സജ്ജമാക്കി ഉപയോഗിക്കുന്നുണ്ട്. സമഗ്രയിൽ ഓരോ ക്ലാസിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അധ്യാപക പരിശീലനവും പിന്തുണാ സംവിധാനങ്ങളും മോണിറ്ററിംഗ് സംവിധാനവുമെല്ലാം കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. സാങ്കേതികവിദ്യ ഭാഷാ പഠനത്തിന് സഹായിക്കുന്നതിനായി സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് സജ്ജമാക്കി എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കി. നിലവിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇ-ലാംഗ്വേജ് ലാബിന്റെ ഭാഗമായി ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി എല്ലാ പ്രൈമറി വിഭാഗം സ്കൂളുകളിലും നടപ്പാക്കിയിട്ടുണ്ട്.

കുട്ടിയെ അറിയുക, കുട്ടിയെ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ കൈറ്റ് എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ 'സഹിതം' എന്ന പേരിൽ പ്രത്യേക ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. 'സമ്പൂർണ്ണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലുള്ള കുട്ടികളുടെ അടിസ്ഥാന വിശദാംശങ്ങൾ അധ്യാപകരുടെ ലോഗിനിൽ ലഭ്യമാക്കി, 'സഹിതം' പോർട്ടലിലുള്ള മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അധ്യാപകൻ/ അധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിനും അന്വേഷണ പഠനത്തിനായി സഹായിക്കുന്നതിനും 'സഹിതം' സോഫ്റ്റ്‌വെയറിൽ സൗകര്യമൊരുക്കിയിട്ടുമുണ്ട്.

## രാമല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം

193 (1349) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര സബ് ജില്ലയിലെ രാമല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയായി.

(ബി) കോമ്പൗണ്ട് വാൾ, ചിൽഡ്രൻസ് പാർക്ക്, കിച്ചൺ, ഡൈനിംഗ് ഹാൾ എന്നിവയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതിക്കുള്ള നടപടികൾ നടന്നുവരുന്നു.

(സി) പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നത്തേയ്ക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പഴയ കെട്ടിടം പൊളിക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കേണ്ട ബാക്കിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഉദ്ഘാടനം നിർവ്വഹിക്കാനാവുന്നതാണ്.

## പുനലൂർ നെടുമ്പാറ ഗവ. ടി.സി.എൻ.എം. എച്ച്.എസ്.-ൽ ഹോസ്റ്റൽ കെട്ടിടം

194 (1350) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിലെ മലയോര വനമേഖലയായ അമ്പനാട് നിന്നും നെടുമ്പാറ ഗവ. ടി.സി.എൻ.എം. എച്ച്.എസ്.-ലേയ്ക്കുള്ള വാഹനഗതാഗതം മഴക്കെടുതിയും തുടർച്ചയായ

ഉരുൾപൊട്ടലുംമൂലം പൂർണ്ണമായി നിലയ്ക്കുന്നതുമൂലം പ്രദേശത്തെ കുട്ടികൾക്ക് സ്കൂളിൽ എത്താൻ ഒരു ദിവസം 1000 രൂപ ചെലവ് വരുന്ന ജീപ്പ് സർവ്വീസിനെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗവൺമെന്റ് റ്റി.സി.എൻ.എം.എച്ച്.എസ്.-ൽ പഠിക്കുന്ന കുട്ടികളുടെ വാഹനച്ചെലവിനുള്ള സഹായമായി ഒരു വർഷം രണ്ട് ഗഡുക്കളായി 1200 രൂപ Unserved Habitation എന്ന കണക്ക് ശീർഷകത്തിൽനിന്നും അനുവദിച്ച് വരുന്നു.

(ബി) കഴിഞ്ഞവർഷം പുനലൂർ ബി.ആർ.സി. നടത്തിയ സർവ്വേയിൽ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയ പത്ത് കുട്ടികളും അമ്പനാട് മേഖലയിൽ നിന്നാണെന്നുള്ളതും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ടും ഗതാഗത സൗകര്യങ്ങളുടെ കുറവുകൊണ്ടും കുട്ടികളുടെ വിദ്യാഭ്യാസം ദുഷ്കരമാകുന്നതിനാലും ടി.സി.എൻ.എം. നെടുമ്പാറ സ്കൂളിൽ ഹോസ്റ്റൽ സൗകര്യം ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിൽ സമർപ്പിക്കാൻ തോട്ടം മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മണ്ഡലത്തിൽ ബഹു. കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ധാരണയായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം സ്കൂളിൽ നിലവിലുള്ള സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ/ എസ്.എസ്.കെ.-യുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട തുടർനടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

(ബി&സി) ഉണ്ട്. 2022-23-ലെ സമഗ്ര ശിക്ഷ, കേരളയുടെ ബി.ആർ.സി.തല പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി റ്റി.സി.എൻ.എം. എച്ച്.എസ്.-ന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർതലത്തിൽ പരിശോധിച്ചുവരികയാണ്. കൂടാതെ അമ്പനാട് പ്രിയ എസ്റ്റേറ്റ് പ്രദേശത്തെ കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങൾ താൽക്കാലികമായി പരിഹരിക്കുന്നതിനായി അമ്പനാട് എസ്റ്റേറ്റ്, വേഞ്ചർ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ കുട്ടികൾക്ക് അധിക പഠനസഹായം നൽകുന്നതിനായി സമഗ്ര ശിക്ഷ (കേരള) നടത്തുന്ന 'പ്രാദേശിക പ്രതിഭാകേന്ദ്രം' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി

195 (1351) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, എസ്.എസ്.കെ. ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വെള്ളക്കെട്ടിൽ ആകുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളപ്പൊക്കംമൂലം കുട്ടനാട്ടിലെ സ്കൂളുകളെ താത്ക്കാലിക ദുരിതാശ്വാസ ക്യാമ്പുകളാക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ നല്ല നിലവാരത്തിലുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകൾ വെള്ളക്കെട്ടിലാകുന്നതുമൂലം വിദ്യാർത്ഥികളുൾപ്പെടെയുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശുചിത്വമിഷൻ, മറ്റ് ഏജൻസികളുടെ ഫണ്ടുകൾ, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടനാട്ടിലെ സ്കൂളുകളിൽ ശുചിമുറികളുടെ നിർമ്മാണവും പുരോഗമിക്കുന്നു.

(ഡി) കുട്ടനാട്ടിലെ കിടങ്ങറ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തിയതുപോലെ മറ്റു സ്കൂളുകളും നവീകരിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എം.എൽ.എ. ഫണ്ട്, പ്ലാൻ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സ്കൂളുകളിലെ നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി**

196 (1352) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കില എസ്.പി.വി. ആയി നടപ്പാക്കുന്ന ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വിളവൂർക്കൽ, ഗവൺമെന്റ് എൽ.പി. സ്കൂൾ വിളപ്പിൽ എന്നീ സ്കൂളുകളിലെ നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിശദമാക്കാമോ?

കിഫ്ബി മുഖേന കില എസ്.പി.വി. ആയി നടപ്പാക്കുന്ന വിളവൂർക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർലംഘനം നടത്തുകയും പ്രവൃത്തി ആരംഭിക്കുന്നതിന് വിമുഖത കാണിക്കുകയും ചെയ്തതിനാൽ കരാറിൽനിന്നും ഒഴിവാക്കുന്നതിന് കില നോട്ടീസ് നൽകിയിരുന്നു. തുടർന്ന് കരാറുകാരനെ 2-8-2022-ൽ നേരിട്ട് കിലയുടെ ഓഫീസിൽ വിളിച്ചുവരുത്തി റിസ്ക് & കോസ്റ്റൽ കരാർ ഒഴിവാക്കുന്നതാണെന്ന വസ്തുത ബോധ്യപ്പെടുത്തുകയും കരാറുകാരൻ 29-8-2022-ന് പ്രവൃത്തി ആരംഭിക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും കരാറുകാരൻ പ്രവൃത്തി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ-അറേഞ്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കില അറിയിച്ചിട്ടുണ്ട്.

വിളപ്പിൽ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നിർമ്മാണത്തിന് നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ യഥാസമയം സൈറ്റ് വിട്ട് (site handover) നൽകാൻ കഴിയാതെ വരികയും ടെണ്ടർ നോട്ടീസിലെ Clause 3A പ്രകാരം കരാറുകാരന് യഥാസമയം പ്രവൃത്തി ആരംഭിക്കുന്നതിന് അവസരമൊരുക്കി നൽകാൻ കഴിഞ്ഞില്ലെങ്കിൽ കരാറുകാരനുമായി ഒപ്പുവച്ച കരാർ ഉടമ്പടി അവസാനിപ്പിച്ച് കരാറുകാരന്റെ പെർഫോമൻസ് ഗ്യാരന്റി മടക്കി നൽകേണ്ടതാണെന്ന വ്യവസ്ഥപ്രകാരം കരാറുകാരനെ ഒഴിവാക്കുന്നതിന് 5-4-2022-ൽ തീരുമാനിച്ചതായും തുടർന്ന് റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതായും കില അറിയിച്ചിട്ടുണ്ട്.

(ബി) കുരുതംകോട് ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നവീകരണത്തിനായി ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കിയതിനുശേഷം സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

16-6-2022-ലെ സ.ഉ.(സാധാ) നമ്പർ 3632/2022/GEdn. പ്രകാരം കുളത്തുമ്മൽ GHSS എന്ന പ്രവൃത്തിക്ക് പകരമായി കുരുതംകോട് ഗവൺമെന്റ് എൽ.പി. സ്കൂളിന് ഭരണാനുമതി നൽകുകയും എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ആയതുപ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കില സ്വീകരിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സംയോജനം**

197 (1353) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾ സംയോജിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) ഉണ്ട്. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന തസ്തിക 31-5-2019-ലെ സ.ഉ.(കൈ)നമ്പർ 53/2019/പൊവിവ. (അനുബന്ധമായി* ചേർക്കുന്നു.) പ്രകാരം സൃഷ്ടിക്കുകയും മേൽപ്പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളും ഡി.ജി.ഇ.-യുടെ നിയന്ത്രണപരിധിയിൽ കൊണ്ടുവരികയും ചെയ്തു. അതോടൊപ്പം 12-ാം ക്ലാസ്സ് വരെയുള്ള സ്കൂളുകളുടെ സ്ഥാപന മേധാവിയായി ഹയർ സെക്കണ്ടറി പ്രിൻസിപ്പാളിനെ നിയോഗിച്ചു. പ്രസ്തുത സ്കൂളിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററെ വൈസ് പ്രിൻസിപ്പാളായി നാമകരണം ചെയ്തു. ഇതനുസരിച്ച് കേരള വിദ്യാഭ്യാസ നിയമ/ചട്ട ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഏകോപിത സെക്കണ്ടറി സ്കൂളിലെ സ്ഥാപന മേധാവിയായി മാറിയ ഹയർ സെക്കണ്ടറി പ്രിൻസിപ്പാളിന്റെ തൊഴിൽഭാരം ലഘൂകരിക്കുന്നതിനായി അവരുടെ അധ്യയനം 8 പിരീഡായി നിജപ്പെടുത്തുകയും അധികം പിരീഡുകൾ കൈകാര്യം ചെയ്യുന്നതിന് ദിവസവേതനത്തിൽ അധ്യാപകരെ നിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു. ഏകോപനം പൂർണ്ണതയിൽ എത്തിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ അടക്കം വികസിപ്പിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഏകീകരണത്തിനായി ഒരു കോർ കമ്മിറ്റിയെ സി-മാറ്റ് കേരള-യുമായി അറ്റാച്ച് ചെയ്ത് രൂപീകരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ

198 (1354) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ, മേലാർകോട്, വണ്ടാഴി, കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറുശ്ശി എന്നീ പഞ്ചായത്തുകളിൽ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിദ്യാലയങ്ങളുടെ പേരും ഒരോ വിദ്യാലയത്തിനും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) ഇവയിൽ പ്രവൃത്തി പൂർത്തീകരിച്ച വിദ്യാലയങ്ങൾ ഏതെല്ലാം; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറുശ്ശി എന്നീ പഞ്ചായത്തുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ തുക അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരും ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

ആലത്തൂർ പഞ്ചായത്ത്

മൂന്ന് കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. 'coverage issue' ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടികൾ എസ്.പി.വി.-യായ കില സ്വീകരിച്ചുവരുന്നു.

എരിമയൂർ പഞ്ചായത്ത്

മൂന്ന് കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട എരിമയൂർ ജി.എച്ച്.എസ്.എസ്.-ന്റെ 'feasibility study' നടത്തി ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു.

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കുനിശ്ശേരി ജി.എച്ച്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കിഴക്കഞ്ചേരി പഞ്ചായത്ത്

അഞ്ച് കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

തേങ്കുറുശ്ശി പഞ്ചായത്ത്

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട തേങ്കുറിശ്ശി ജി.എച്ച്.എസ്.എസ്-ന്റെ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചു വരുന്നു. 85% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വണ്ടാഴി പഞ്ചായത്ത്

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട മുടപ്പല്ലൂർ ജി.എച്ച്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾക്ക് പുതുക്കിയ നിരക്കപ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കുഴൽമന്ദം, മേലാർകോട് എന്നീ പഞ്ചായത്തുകളിലെ സ്കൂളുകൾ കിഫ്ബി ഫണ്ടിലുൾപ്പെട്ടിട്ടില്ല. ഇതുകൂടാതെ ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചുവടെ പറയുന്ന 2 സ്കൂളുകൾ കൂടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുവരുന്നു.

അലനല്ലൂർ പഞ്ചായത്ത്

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പുതിയങ്കം ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്കൂളിന് പ്ലാൻ ഫണ്ടുപ്രകാരം അനുവദിച്ച ഒരു കോടി രൂപയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്ത്

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ബമണ്ണൂർ ജി.എച്ച്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. 90% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം

199 (1355) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 202 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ സ്കൂളുകളൊന്നും ഉൾപ്പെട്ടിട്ടില്ല.

(സി) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗവ. മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ**

200 (1356) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 1000 വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് ഫണ്ട് അനുവദിച്ചതിൻപ്രകാരം കൊയിലാണ്ടി ഗവ. മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 3 കോടി രൂപ കിഫ്ബി ഫണ്ട് അനുവദിച്ച പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിലവിൽ ആരെയാണ് ചുമതലപ്പെടുത്തിയത്; ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൊയിലാണ്ടി ഗവ. മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് എസ്.പി.വി.-യായ കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് ബിൽഡിംഗ് റൂൾ സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങളുള്ളതിനാൽ കിലയുടെ പ്രതിനിധികളും എൽ.എസ്.ജി.ഡി. പ്രതിനിധികളും സ്കൂൾ പി.ടി.എ.-യുടെ പ്രതിനിധികളും ഉൾപ്പെടെ ഒരു ജോയിന്റ് ഇൻസ്പെക്ഷൻ ടീം സ്ഥലം സന്ദർശിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ നിയോജകമണ്ഡലത്തിൽ കെട്ടിടനിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ള സ്കൂളുകൾ**

201 (1357) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കെട്ടിടനിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണെന്നും ഏതെല്ലാം പദ്ധതികളിലുൾപ്പെടുത്തിയാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങളും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി *ചേർത്തിരിക്കുന്നു.

(സി) തുക അനുവദിച്ചിട്ടും കെട്ടിടനിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉണ്ട്. സ്കൂൾ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ ഏജൻസികളെയും സ്കൂൾ അധികൃതരെയും ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികളുടെ അവലോകനം നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിന് പ്രായോഗിക തടസ്സങ്ങളുള്ള സ്ഥലങ്ങളിൽ നിർമ്മാണം വേഗത്തിലാക്കുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ., എസ്.പി.വി.-കൾ, സ്കൂൾ അധികൃതർ എന്നിവരെ ഉൾപ്പെടുത്തി ചർച്ചകൾ സംഘടിപ്പിച്ച് പ്രശ്നപരിഹാരത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ

202 (1358) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിപ്രകാരം ഉദുമ നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകളെയാണ് മൂന്ന് കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ ഇതിന്റെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആരാണെന്ന് വിശദമാക്കാമോ;

(സി) ഈ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ സ്കൂളുകളുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് എപ്പോൾ സമർപ്പിക്കുമെന്ന് അറിയിക്കാമോ?

(എ-ഡി) കിഫ്ബി പദ്ധതിപ്രകാരം ഉദുമ നിയോജകമണ്ഡലത്തിലെ 7 സ്കൂളുകളെയാണ് മൂന്ന് കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നത്. ജി.എച്ച്.എസ്.എസ്. ബന്തടുക്ക സ്കൂളിന്റെ നിർമ്മാണത്തിന്റെ എസ്.പി.വി.-യായി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജി.എച്ച്.എസ്.എസ്. അഡൂർ, കാസർഗോഡ് സ്കൂളിന്റെ നിർമ്മാണത്തിന്റെ എസ്.പി.വി.-യായി വാപ്കോസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 66 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി.

ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി, ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്. പള്ളിക്കര എന്നീ സ്കൂളുകളുടെ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. ചെമ്മനാട്, ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകളുടെ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചപ്പോൾ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് DPR-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടി കില സ്വീകരിച്ചുവരുന്നു.

നിലവിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ ജി.എസ്.റ്റി. നിരക്ക് ബാധകമാക്കിയതിനാൽ നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകൾക്ക് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.

**സമേതം പദ്ധതി**

203 (1359) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമേതം പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകുമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ സമേതം ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ പൊതുജനങ്ങൾക്കും ദൃശ്യമാവുന്ന വിധത്തിലുള്ള ഓൺലൈൻ സ്കൂൾ ഡേറ്റാ ബാങ്കാണ് 'സമേതം' (www.sametham.kite.kerala.gov.in). കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയ പ്രസ്തുത പോർട്ടലിൽ സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യങ്ങൾ, സ്റ്റാഫിനെ സംബന്ധിക്കുന്ന

വിശദാംശങ്ങൾ, കുട്ടികളുടെ എണ്ണം, സ്കൂൾ വിക്കിയിലെ പേജ്, ലൊക്കേഷൻ മാപ്പ് വിശദാംശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വിവരങ്ങളിൽ കാമ്പസിലെ വിവിധ വിഭാഗങ്ങളുടെ സ്കൂൾ കോഡുകൾ, പാർലമെന്റ്-അസംബ്ലി-തദ്ദേശ സ്ഥാപനം എന്നിവയുടെ പേര്, വിലാസം തുടങ്ങിയവ ഉൾപ്പെടുന്നു. അമ്പതിലധികം ഭൗതിക സൗകര്യവിവരങ്ങൾ ഈ വിഭാഗത്തിലുണ്ട്. എല്ലാ അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും തസ്തികയും പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്, മീഡിയം തിരിച്ചുള്ള കുട്ടികളുടെ എണ്ണം നൽകിയിട്ടുണ്ട്. സമേതത്തിൽ സ്കൂളുകൾ നേരിട്ട് സെർച്ച് ചെയ്യാനും പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ജില്ലകൾ തുടങ്ങിയവ തിരിച്ച് റിപ്പോർട്ടുകൾ കാണാനും സൗകര്യമൊരുക്കിയിട്ടുണ്ട്. സമേതത്തിന്റെ ഹോം പേജിൽ സംസ്ഥാനതല ക്രോഡീകൃത വിവരങ്ങൾ ഡാഷ് ബോർഡായി നൽകിയിട്ടുണ്ട്. 'സമേത'ത്തിനായി പ്രത്യേകം ഡാറ്റാ ശേഖരണം നടത്തേണ്ടതില്ല. 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ hscap (ഹയർ സെക്കണ്ടറി കുട്ടികളുടെ വിശദാംശങ്ങൾ), വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ vhscap (വൊക്കേഷണൽ ഹയർ സെക്കണ്ടറി കുട്ടികളുടെ വിശദാംശങ്ങൾ), ധനകാര്യ വകുപ്പിന്റെ 'സ്പാർക്' (ജീവനക്കാരുടെ വിശദാംശങ്ങൾ) എന്നീ സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടുത്തിയ ഡാറ്റയിൽ സ്വകാര്യതയും സുരക്ഷിതത്വവും സംരക്ഷിച്ചുകൊണ്ട് 'സമേതം' പൊതുഡൊമൈനിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിൽ ഉൾപ്പെട്ട സ്കൂളുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ സമ്പൂർണ, സ്പാർക്ക്, hscap, vhscap തുടങ്ങിയ ആപ്ലിക്കേഷനുകളിൽ കൃത്യമായി പിശകു കൂടാതെ ഉൾപ്പെടുത്തുന്നതിനും അവ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി 'സമേതം' പദ്ധതി നടപ്പാക്കിവരുന്നു.

**സ്കൂൾ പാഠ്യവിഷയത്തിൽ നിയമപഠനം**

204 (1360) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂൾതലം മുതലുള്ള പാഠ്യവിഷയത്തിൽ നിയമപഠനം കൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. ശരിയായ പൗരബോധം ഉളവാകണമെങ്കിൽ രാഷ്ട്രത്തിന്റെ നിയമങ്ങളെക്കുറിച്ചുള്ള അവബോധം ആവശ്യമാണ്. സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളുടെയും കുട്ടികളുടെയും പ്രതീക്ഷകളും ആഗ്രഹങ്ങളും നിർദ്ദേശങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സമാഹരിക്കാനാവശ്യമായ ജനകീയ ചർച്ചകൾ ആഗസ്റ്റ് 23-ന് ആരംഭിക്കുകയുണ്ടായി. നിയമപഠനമടക്കമുള്ള കാര്യങ്ങൾ പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും ഉൾപ്പെടുത്തുന്ന കാര്യം പാഠ്യപദ്ധതി പരിഷ്കരണ ഘട്ടത്തിൽ ആലോചിക്കുന്നതാണ്.

## കേന്ദ്ര സർക്കാർ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും പാഠഭാഗങ്ങൾ ഒഴിവാക്കിയ നടപടി

205 (1361) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും ചരിത്രം, ഭരണഘടന, ജനാധിപത്യവും സമത്വവും തുടങ്ങിയ മേഖലകളിൽ രാജ്യം നേടിയ പുരോഗതികൾ വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ പാഠഭാഗങ്ങൾ ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ കേന്ദ്രസർക്കാർ വിശദീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും പൊളിറ്റിക്കൽ സയൻസ്, ചരിത്രം എന്നീ വിഷയങ്ങളിൽനിന്നും ചില പാഠഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനഭാരം ലഘൂകരിക്കാനാണ് ഈ പാഠഭാഗങ്ങൾ ഒഴിവാക്കിയതെന്നാണ് എൻ.സി.ഇ.ആർ.ടി.-യുടെ വിശദീകരണം.

[എൻ.സി.ഇ.ആർ.ടി. ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പൊളിറ്റിക്കൽ സയൻസ് പാഠപുസ്തകങ്ങളിൽ പൊളിറ്റിക്കൽ തിയറി എന്ന ഒന്നാം വർഷ പാഠപുസ്തകത്തിൽ Chapter 9 'Peace' എന്ന പാഠവും Chapter 10 'Development' എന്ന പാഠവും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. രണ്ടാം വർഷം പാഠപുസ്തകമായ Politics in India Since Independence എന്ന പുസ്തകത്തിൽ Chapter 2 - Era of One Party Dominance-ൽ page 41 പൂർണ്ണമായും Chapter 3 Politics of Planned

Development-ൽ 54 മുതൽ 63 വരെയുള്ള പേജുകളും Chapter 6 – The Crisis of Democratic Order 105-ാം പേജും പേജ് 113 മുതൽ 117 വരെ 'Controversies Regarding Emergency' എന്ന ഭാഗവും Chapter 7-Rise of Popular Movements എന്ന പാഠം പൂർണ്ണമായും Chapter 9-Recent Development in Indian Politics എന്ന പാഠത്തിൽ പേജ് 187-189 വരെ 'Gujarat Riots' എന്ന ഭാഗവും ഒഴിവാക്കിയിട്ടുണ്ട്.

രണ്ടാം വർഷം Contemporary World Politics എന്ന പുസ്തകത്തിൽ Chapter 1 - The Cold War Era, Chapter 3 - US Hegemony in World Politics എന്നീ ചാപ്റ്ററുകളും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

Themes in World History എന്ന ഹയർ സെക്കണ്ടറി ഒന്നാം വർഷ ചരിത്ര പാഠപുസ്തകത്തിൽനിന്നും The Central Islamic Lands എന്ന നാലാം ചാപ്റ്റർ, Confrontation of Cultures എന്ന 8-ാം ചാപ്റ്റർ, Industrial Revolution എന്ന ഒമ്പതാം ചാപ്റ്റർ എന്നിവയുടെ ഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ടെക്സ്റ്റ് ബുക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

രണ്ടാം വർഷ ചരിത്ര പാഠപുസ്തകമായ Themes in Indian History-യിൽ നിന്ന് King and Chronicles എന്ന 9-ാം ചാപ്റ്റർ, Colonial Cities എന്ന 12-ാം ചാപ്റ്റർ, Understanding of Partition എന്ന 14-ാം ചാപ്റ്റർ ഒഴിവാക്കിയിട്ടുണ്ട്.]

(ബി) കേന്ദ്ര സർക്കാർ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും പാഠഭാഗങ്ങൾ ഒഴിവാക്കിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാഠപുസ്തകങ്ങളിൽനിന്നും ഇതുസംബന്ധിച്ച പാഠഭാഗങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ; എങ്കിൽ സർക്കാർ ഈ വിഷയം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും പാഠഭാഗങ്ങൾ ഒഴിവാക്കിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാഠപുസ്തകങ്ങളിൽനിന്നും ഇതുസംബന്ധിച്ച പാഠഭാഗങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. സർക്കാർ ഈ വിഷയം എസ്.സി.ഇ.ആർ.ടി.-യോട് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും എസ്.സി.ഇ.ആർ.ടി. വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ സാഹചര്യത്തിൽ ഭരണഘടനയോടുള്ള കൂറും ജനാധിപത്യവിശ്വാസവും സമത്വവും ചരിത്രബോധവും വളർത്തുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കുമോ?

ഭരണഘടനയോടുള്ള കൂറും ജനാധിപത്യ വിശ്വാസവും സമത്വവും ചരിത്ര ബോധവും വളർത്താനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന ഇടപെടലുകൾ നടത്തിവരുന്നു.

1. പാഠ്യപദ്ധതി പരിഷ്കരണം

ജനാധിപത്യത്തിലും മതനിരപേക്ഷതയിലും അധിഷ്ഠിതമായ ഒരു സ്കൂൾ പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന കരിക്കുലം കമ്മിറ്റി പുന:സംഘടിപ്പിക്കുകയും കരിക്കുലം കോർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

2. നൈതികം

വിദ്യാർത്ഥികളിൽ ഭരണഘടനാ മൂല്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി നൈതികം എന്ന പേരിൽ ഒരു ബോധവൽക്കരണ പരിപാടി സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്.

3. അതിജീവനം

അതിജീവനം എന്ന പേരിൽ ഭരണഘടനാ മൂല്യങ്ങളും സമത്വത്തിൽ അധിഷ്ഠിതമായ ജീവിത അവബോധവും വിദ്യാർത്ഥികളിൽ വികസിപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ DIET-കൾ മുഖാന്തരം പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

4. STEPS

ചരിത്ര അവബോധം, സാമൂഹ്യപ്രതിബദ്ധത, ജനാധിപത്യ മൂല്യങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും കുട്ടികളുടെ സാമൂഹിക ഗുണങ്ങളും പഠന ശേഷിയും ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിദ്യാർത്ഥികൾക്കായി STEPS എന്ന പേരിൽ സാമൂഹ്യശാസ്ത്ര പഠന പോഷണ പരിപാടി നടപ്പാക്കിവരുന്നു.

**പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം**

206 (1362) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 അധ്യയന വർഷത്തിനുശേഷം പി.ടി.എ. സമിതിയുടെ അംഗീകാരത്തോടുകൂടി ആരംഭിച്ച പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള അംഗീകാരം സംബന്ധിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

7-12-2012-ലെ G.O(MS)No.385/2012/GEDN. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സർക്കാർ അംഗീകാരമില്ലാതെ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടില്ലാത്തതിനാൽ സർക്കാർ അംഗീകാരം ലഭിക്കാതെ 2011-12 അധ്യയന വർഷത്തിനുശേഷം പി.ടി.എ.-കൾ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂൾ കുട്ടികളെ നിലവിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയില്ല. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൻകീഴിൽ വരുന്ന വിദ്യാലയങ്ങളിലെയും 1 മുതൽ 8-ാം ക്ലാസ്സുവരെ പഠിക്കുന്നതോ അല്ലെങ്കിൽ ആറു മുതൽ പതിനാല് വയസ്സുവരെയുള്ളവരോ ആയ വിദ്യാർത്ഥികൾക്കോ ആണ് സ്കൂൾ ഉച്ചഭക്ഷണം ലഭിക്കാൻ അർഹതയുള്ളത്. ടി നിയമത്തിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത വിഭാഗം കുട്ടികൾക്ക് മാത്രമാണ് സൗജന്യ ഭക്ഷ്യധാന്യവും ധനസഹായവും കേന്ദ്രസർക്കാർ അനുവദിക്കുന്നത്. 2022-23 വർഷം മുതൽ സമഗ്രശിക്ഷയുടെ പിന്തുണ ലഭിക്കുന്ന സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി/ബാലവാടികളിലെ കുട്ടികളെക്കൂടി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2011-2012 അധ്യയന വർഷം വരെ ഉച്ചഭക്ഷണം നൽകിവന്നിരുന്ന എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്കുകൂടി ഉച്ചഭക്ഷണം നൽകിവരുന്നു. ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രീ-പ്രൈമറി വിഭാഗത്തിലുള്ള സ്കൂൾ കുട്ടികളെയുംകൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പുനലൂർ മണ്ഡലത്തിലെ ഒട്ടുമിക്ക സ്കൂളുകളിലും പ്രീപ്രൈമറി തുടങ്ങിയ കാലം മുതൽ സ്കൂൾ അധ്യാപകരും പി.ടി.എ.-യും കണ്ടെത്തി നൽകുന്ന തുക ഉപയോഗിച്ച്, പ്രൈമറി കുട്ടികളോടൊപ്പം പ്രീപ്രൈമറി കുട്ടികൾക്കും ഉച്ചഭക്ഷണം നൽകി വരികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രീപ്രൈമറി വിഭാഗത്തിൽ നൂറിലധികം കുട്ടികളുള്ളതിനാൽ ഇവർക്ക് ഉച്ചഭക്ഷണം നൽകാൻ പി.ടി.എ.-യ്ക്ക് കഴിയുന്നില്ലെന്നുള്ളതിനാൽ സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) പുനലൂർ മണ്ഡലത്തിൽ പി.റ്റി.എ. നടത്തുന്ന 55 പ്രീ-പ്രൈമറി സ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉച്ച ഭക്ഷണം നൽകിവരുന്നു. ടി മണ്ഡലത്തിലെ 11 സ്കൂളുകളിലെ പ്രീ-പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രീ-പ്രൈമറി സ്കൂൾ വിഭാഗം കുട്ടികളെയുംകൂടി ടി പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പ്ലസ് വൺ അഡ്മിഷന് യോഗ്യത

207 (1363) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം പ്ലസ് വൺ അഡ്മിഷന് യോഗ്യത നേടിയ എത്ര വിദ്യാർത്ഥികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഈ അധ്യയന വർഷം പ്ലസ് വൺ അഡ്മിഷന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I* ആയി ചേർത്തിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും സർക്കാർ, എയ്ഡഡ് മേഖലയിൽ എത്ര പ്ലസ് വൺ സീറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

അനുബന്ധം II* ആയി ചേർത്തിട്ടുണ്ട്.

## പ്ലസ് വൺ അധിക ബാച്ചുകൾ

208 (1364) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിലാണ് ഈ അധ്യയന വർഷത്തിൽ അധിക പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

7-7-2022-ലെ സ.ഉ.(കൈ)നമ്പർ 118/2022/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും ഈ വർഷവും തുടരുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഈ വർഷം രണ്ട് ബാച്ചുകൾ കൂടി കണ്ണൂർ പരിയാരം കെ.കെ.എൻ. സ്മാരക സ്കൂളിൽ ഈ അധ്യയന വർഷത്തേയ്ക്ക് മാത്രം താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള താൽക്കാലിക ബാച്ചുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ അധ്യയന വർഷം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്ലസ് വണ്ണിന് അധിക സീറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര സീറ്റുകളാണ് അധികം അനുവദിച്ചിട്ടുള്ളതെന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഈ അധ്യയന വർഷം അധിക സീറ്റുകൾ അനുവദിച്ച സ്കൂളുകളുടെയും സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു;

| District | School Count | Additional Seats |
|---|---|---|
| Thiruvananthapuram | 134 | 6400 |
| Kollam | 116 | 4620 |
| Pathanamthitta | 0 | 0 |
| Alappuzha | 0 | 0 |
| Kottayam | 0 | 0 |
| Idukki | 0 | 0 |
| Ernakulam | 159 | 5350 |
| Thrissur | 165 | 5820 |
| Palakkad | 125 | 7350 |
| Kozhikode | 150 | 8695 |
| Malappuram | 173 | 13610 |
| Wayanad | 52 | 2260 |
| Kannur | 142 | 7300 |
| Kasargod | 88 | 3450 |
| TOTAL | 1665 | 64855 |

**പ്ലസ് വൺ പ്രവേശനത്തിന് ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകൾ**

209 (1365) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തിലെ പ്ലസ് വൺ പ്രവേശനത്തിന് ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

ഈ അധ്യയന വർഷത്തിലെ പ്ലസ് വൺ പ്രവേശനത്തിന് ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഹയർ സെക്കണ്ടറി:

| District | Total valid applications |
|---|---|
| (1) | (2) |
| Thiruvananthapuram | 36110 |
| Kollam | 34231 |
| Pathanamthitta | 14752 |

| (1) | (2) |
|---|---|
| Alappuzha | 26609 |
| Kottayam | 23644 |
| Idukki | 13266 |
| Ernakulam | 38709 |
| Thrissur | 41550 |
| Palakkad | 44755 |
| Kozhikode | 48124 |
| Malappuram | 80100 |
| Wayanad | 12533 |
| Kannur | 37389 |
| Kasaragod | 20077 |
| Total | 471849 |

വൊക്കേഷണൽ ഹയർ സെക്കണ്ടറി:

| District | Total Application |
|---|---|
| Thiruvananthapuram | 5885 |
| Kollam | 6477 |
| Alappuzha | 1998 |
| Pathanamthitta | 2132 |
| Kottayam | 2830 |
| Idukki | 1842 |
| Ernakulam | 3671 |
| Thrissur | 4494 |
| Palakkad | 4144 |
| Malappuram | 5694 |
| Kozhikode | 8939 |
| Wayanad | 1693 |
| Kannur | 1947 |
| Kasaragod | 1673 |
| Total | 53419 |

(ബി) പ്രസ്തുത അപേക്ഷകളിൽനിന്നും ഇതുവരെ നടന്ന പ്ലസ് വൺ അലോട്ട്മെന്റുകളിൽ എത്ര പേർക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാകുമോ?

ഹയർ സെക്കണ്ടറി സംബന്ധിച്ച വിവരം അനുബന്ധമായി *ചേർക്കുന്നു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി:

| District | Total Allotment as on 2nd Allotment |
|---|---|
| Thiruvananthapuram | 2902 |
| Kollam | 4104 |
| Alappuzha | 1451 |
| Pathanamthitta | 1584 |
| Kottayam | 1870 |
| Idukki | 1098 |
| Ernakulam | 2393 |
| Thrissur | 2613 |
| Palakkad | 1819 |
| Malappuram | 2692 |
| Kozhikode | 2527 |
| Wayanad | 767 |
| Kannur | 1499 |
| Kasargod | 1378 |
| Total | 28697 |

(സി) കൂടുതൽ അപേക്ഷകളുള്ള മലപ്പുറം ജില്ല ഉൾപ്പെടെയുള്ള മലബാറിലെ ജില്ലകളിൽ പ്രവേശനം ലഭിക്കാത്ത മുഴുവൻ പേർക്കും പ്രവേശനം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഹയർ സെക്കണ്ടറിയിൽ 7-7-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 119/2022/പൊവിവ. അനുസരിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ 7-7-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 118/2022/പൊവിവ. അനുസരിച്ച് 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുന്നതിന് അനുമതി നൽകിയതിനുപുറമെ കണ്ണൂർ KKN പരിയാരം സ്മാരക സ്കൂളിൽ ഒരു കോമേഴ്സ് ബാച്ചും (കോഡ്-39), ഒരു ഹ്യുമാനിറ്റീസ് ബാച്ചും (കോഡ് 23) അനുവദിച്ചിട്ടുണ്ട്. അതിനാൽത്തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമാകുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് ഓരോ ബാച്ചിനും 30 വീതം സീറ്റുകളാണുള്ളത്. 2022-23 അധ്യയന വർഷം മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ പുതുതായി രണ്ട് എൻ.എസ്.ക്യൂ.എഫ്. ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട്, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ യഥാക്രമം 2, 2, 1 ബാച്ചുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ഡി) അപേക്ഷകൾ കൂടുതലുള്ള ജില്ലകളിൽ ഹയർ സെക്കണ്ടറി ഇല്ലാത്ത ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനും നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചു സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ഹയർ സെക്കണ്ടറി വകുപ്പിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലുള്ള വീഴ്ച**

210 (1366) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകളും കെടുകാര്യസ്ഥതയും നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫയലുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപക നിയമനം, അധ്യാപകരുടെ ആനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ച് നൽകൽ എന്നിവയ്ക്ക് വൻതോതിൽ കൈക്കൂലി ചോദിച്ച് വാങ്ങുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഇത്തരത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പ്രകാരവുമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്.

**പ്ലസ്‌വൺ സീറ്റ് വർദ്ധന**

211 (1367) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ കൈവരിച്ച മികച്ച വിജയത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

7-7-2022-ലെ സ.ഉ.(കൈ)നമ്പർ 119/2022/പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി

ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 7-7-2022-ലെ സ.ഉ.(കൈ) നമ്പർ 118/2022/പൊ.വി.വ. പ്രകാരം 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ. സ്മാരക സ്കൂളിൽ ഈ അധ്യയന വർഷത്തേയ്ക്ക് മാത്രം 2 ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറിതലത്തിൽ തങ്ങൾക്കിഷ്ടപ്പെട്ട വിഷയം പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിന് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

വർദ്ധിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| District | School Count | Additional Seats |
|---|---|---|
| Thiruvananthapuram | 134 | 6400 |
| Kollam | 116 | 4620 |
| Pathanamthitta | 0 | 0 |
| Alappuzha | 0 | 0 |
| Kottayam | 0 | 0 |
| Idukki | 0 | 0 |
| Ernakulam | 159 | 5350 |
| Thrissur | 165 | 5820 |
| Palakkad | 125 | 7350 |
| Kozhikode | 150 | 8695 |
| Malappuram | 173 | 13610 |
| Wayanad | 52 | 2260 |
| Kannur | 142 | 7300 |
| Kasaragod | 88 | 3450 |
| TOTAL | 1665 | 64855 |

(സി) മൂന്ന് ഘട്ടങ്ങളായുള്ള പ്ലസ് വൺ പ്രവേശന പ്രക്രിയ സുഗമമായി പൂർത്തിയാക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മൂന്ന് ഘട്ടങ്ങളായുള്ള പ്ലസ് വൺ പ്രവേശന പ്രക്രിയ 2022 ആഗസ്റ്റ് 24-ന് സുഗമമായി പൂർത്തിയാക്കാനായിട്ടുണ്ട്.

## പുതുക്കോട് സർവ്വജന സ്കൂൾ

212 (1368) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

17-2-2021-ലെ സ.ഉ.(എം.എസ്)നമ്പർ 82/2021/പൊ.വി.വ. പ്രകാരം പാലക്കാട് ജില്ലയിലെ പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത നമ്പർ 21720/2021-ാം നമ്പർ റിട്ട് ഹർജിയിൽ 10-8-2022-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുപ്രകാരം മേൽ സർക്കാർ ഉത്തരവിലെ തുടർനടപടികൾ രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സർക്കാർ പരിശോധിച്ചു വരുന്നു.

## പ്ലസ് വൺ സീറ്റുകൾ

213 (1369) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ എത്ര പ്ലസ് വൺ സീറ്റുകൾ അധികമായി അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ അധികമായി അനുവദിച്ച പ്ലസ് വൺ സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| District | Additional Seats |
|---|---|
| (1) | (2) |
| Thiruvananthapuram | 3900 |
| Kollam | 2100 |

| (1) | (2) |
|---|---|
| Pathanamthitta | 0 |
| Alappuzha | 0 |
| Kottayam | 0 |
| Idukki | 0 |
| Ernakulam | 1940 |
| Thrissur | 2490 |
| Palakkad | 4780 |
| Kozhikode | 5070 |
| Malappuram | 8795 |
| Wayanad | 1630 |
| Kannur | 4850 |
| Kasaragod | 2630 |
| TOTAL | 38185 |

(ബി) സീറ്റുകൾ വർദ്ധിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

അടിസ്ഥാന സൗകര്യമുള്ള സ്കൂളുകളിൽ മാത്രമാണ് സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്. അതിനാൽ പ്രത്യേകം ഫണ്ട് അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

## പ്ലസ് വൺ സീറ്റുകൾ

214 (1370) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആകെ എത്ര പ്ലസ് വൺ സീറ്റുകൾ അധികമായി അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഈ അധ്യയന വർഷം അധിക സീറ്റുകൾ അനുവദിച്ച സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| District | School Count | Additional Seats |
|---|---|---|
| Thiruvananthapuram | 134 | 6400 |
| Kollam | 116 | 4620 |
| Pathanamthitta | 0 | 0 |
| Alappuzha | 0 | 0 |
| Kottayam | 0 | 0 |
| Idukki | 0 | 0 |
| Ernakulam | 159 | 5350 |
| Thrissur | 165 | 5820 |
| Palakkad | 125 | 7350 |
| Kozhikode | 150 | 8695 |
| Malappuram | 173 | 13610 |
| Wayanad | 52 | 2260 |
| Kannur | 142 | 7300 |
| Kasargod | 88 | 3450 |
| TOTAL | 1665 | 64855 |

(ബി) അധിക സീറ്റുകൾ അനുവദിക്കുന്നതിനുമുമ്പ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ അധികാരികളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

അധിക സീറ്റുകൾ അനുവദിക്കുന്നതിനുമുമ്പ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മേഖലാ ഉപമേധാവികൾ നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പ്രാദേശിക ആവശ്യകത കണക്കിലെടുത്തുമാണ് കഴിഞ്ഞ അധ്യയന വർഷം താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചത്.

(സി) അടിസ്ഥാന സൗകര്യമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ച സ്കൂളുകളിൽ മാത്രമാണോ സീറ്റ് വർദ്ധിപ്പിച്ചിട്ടുള്ളത്; അടിസ്ഥാന സൗകര്യമില്ലാത്ത ഏതെങ്കിലും സ്കൂളിൽ അധിക സീറ്റ് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

അടിസ്ഥാന സൗകര്യമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ച സ്കൂളുകളിലും പ്രാദേശിക ആവശ്യകത കണക്കിലെടുത്തുമാണ് താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചത്. അടിസ്ഥാന സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല അധിക സീറ്റുകൾ അനുവദിച്ചതെങ്കിൽ, സീറ്റ് അനുവദിച്ചത് ഏത് മാനദണ്ഡ പ്രകാരമാണ്; വ്യക്തമാക്കുമോ?

(ഡി&ഇ) ബാധകമല്ല.

(എഫ്) കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ അധിക സീറ്റ് അനുവദിക്കുന്നത്, അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചിട്ടില്ല.

(ജി) കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ അധിക സീറ്റ് അനുവദിക്കുന്ന നടപടി ഒഴിവാക്കി, സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിനുശേഷം അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അടിസ്ഥാന സൗകര്യമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ച സ്കൂളുകളിൽ മാത്രമാണ് താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചിട്ടുള്ളത്.

**ലഹരി ഉപയോഗം**

215 (1371) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

സ്കൂൾതലത്തിൽ ലഹരിവിരുദ്ധ ക്ലാസ്സുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുമുണ്ട്. എൻ.എസ്.എസ്., എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കുട്ടികളെ മദ്യം, മയക്കുമരുന്ന് എന്നിവ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ പോലീസിൽ പരാതി നൽകാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹയർസെക്കണ്ടറി വിഭാഗത്തിൽ പോലീസ്, എക്സൈസ്, സാമൂഹ്യനീതി വകുപ്പുകളുമായി സഹകരിച്ചുകൊണ്ടും സ്കൂൾതലത്തിൽ എസ്.പി.സി., എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് & ഗൈഡ്സ് പ്രവർത്തനങ്ങളുടെ ഭാഗമായും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം, കൗൺസിലിംഗ് പ്രോഗ്രാമുകൾ എന്നിവ നടപ്പാക്കിവരുന്നു.

വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാലയങ്ങളിൽ പൊതുവായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വി.എച്ച്.എസ്.ഇ. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്താറുണ്ട്. കൂടാതെ വകുപ്പുതലത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ ഇൻസൈറ്റ് എന്ന പ്രോഗ്രാം നടത്താറുണ്ട്. നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി/ മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി Yellow line campaign, Habit State, Health Arena, ജാഗ്രതാമതിൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇവയ്ക്കായി സംസ്ഥാന എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പുകൾ സഹകരണം നൽകുന്നുണ്ട്.

## സ്കൂൾ കുട്ടികൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം

216 (1372) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; അറിയിക്കുമോ?

സ്കൂൾ കുട്ടികൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായ മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ട്.

(ബി) ലഹരി മരുന്ന് നൽകി തന്നെ പീഡിപ്പിച്ചതായും പത്തിലധികം പെൺകുട്ടികൾ ഇത്തരത്തിൽ ചൂഷണത്തിന് വിധേയരായിട്ടുള്ളതായും ഒരു സ്കൂൾ വിദ്യാർത്ഥിനി വെളിപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണങ്ങൾ എന്തെങ്കിലും നടത്തുകയുണ്ടായോ; വ്യക്തമാക്കുമോ?

റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള അത്തരം സംഭവങ്ങൾ അടിസ്ഥാന രഹിതമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്.

(സി) തലസ്ഥാനത്ത് പെൺകുട്ടികൾക്കായുള്ള സർക്കാർ സ്കൂളിൽ റാഗിംഗ് നടന്ന സംഭവത്തിലും ലഹരിമരുന്ന് ഉപയോഗവും ലഹരിമരുന്ന് മാഫിയകളുടെ സാന്നിധ്യവും ഉണ്ടെന്ന റിപ്പോർട്ടുകൾ സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ?

അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള അത്തരം സംഭവങ്ങൾ അടിസ്ഥാനരഹിതമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്.

(ഡി) ഇത്തരം സംഭവങ്ങൾ തടയുന്നതിൽ സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. സ്കൂളുകളിൽ നിലവിലുള്ള സ്കൂൾ സംരക്ഷണ സമിതികളെ ശാക്തീകരിക്കാനും സാമൂഹിക പങ്കാളിത്തത്തോടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ഭാവിതലമുറയെ വാർത്തെടുക്കേണ്ട വിദ്യാലയങ്ങൾ ലഹരിവിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

വിവിധ സർക്കാർ വകുപ്പുകളും സർക്കാർ ഏജൻസികളും കൂടിച്ചേർന്ന് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്ന പരിപാടികൾക്ക് നേതൃത്വം നൽകുന്നുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗ പാർശ്വഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തിവരുന്നു.

(1) <u>വിമുക്തി സേഫ്നെറ്റ് പദ്ധതി</u>

പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ. വിഭാഗം നാഷണൽ സർവ്വീസ് സ്കീം സെൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി സേഫ്നെറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഹരിവിരുദ്ധ ജാഗ്രതാ പൊതുസദസ്സുകൾ, സെമിനാറുകൾ, വിദ്യാർത്ഥികൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി ഒരുക്കുന്ന തെരുവു നാടകം, മൈം, റാലികൾ, ഷോർട്ട് ഫിലിം, ജാഗ്രതാ സന്ദേശങ്ങളടങ്ങുന്ന സ്റ്റിക്കറുകൾ പൊതുയിടങ്ങളിലും വാഹനങ്ങളിലും ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ എൻ.എസ്.എസ്. യൂണിറ്റുകളിൽ സംഘടിപ്പിച്ചു.

i) നിരത്തുകളിൽ സംഘടിപ്പിക്കപ്പെട്ട ലഹരിവിരുദ്ധ ചങ്ങലകളും കൂട്ടയോട്ടവും റാലികൾ, ഫ്ലാഷ് മോബ്.

ii) കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിലെ നിയമപരമായ മുന്നറിയിപ്പ് പോസ്റ്റർ പതിച്ചുകൊണ്ടുള്ള പ്രചരണം.

iii) ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന സ്റ്റിക്കറുകൾ വാഹനങ്ങളിൽ പതിച്ചുകൊണ്ടുള്ള പ്രചരണം.

iv) വീടുവീടാന്തരം കയറി ലഹരിവിരുദ്ധ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ അമ്മമാരുടെ പങ്ക് ബോധ്യപ്പെടുത്തിക്കൊണ്ടുള്ള പ്രചരണം.

v) സ്കൂളിന്റെ ചുറ്റളവിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നടന്ന യെല്ലോ ലൈൻ ക്യാമ്പയിൻ

(2) <u>ഇൻസൈറ്റ്</u>

വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടും സ്പഷ്ടമായ മനോഭാവത്തോടുംകൂടി കഴിവുകൾ പ്രകടമാക്കാൻ പ്രാപ്തരാക്കുന്ന പ്രോഗ്രാം. സമൂഹത്തോട് പ്രതിബദ്ധതയുള്ള യുവതലമുറയെ വാർത്തെടുക്കുന്നു. സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഒരു സംവാദ സദസ്സ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് മാനസികോല്ലാസം നേടുവാൻ ഇത്തരം പ്രോഗ്രാമുകളിലൂടെ സാധ്യമാകുന്നു. കൂടാതെ കൗമാര പ്രായത്തിലെ വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുവേണ്ടി പീയർ ഗ്രൂപ്പുകൾ സജ്ജീകരിക്കുകയും ചർച്ചകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നു.

പോസിറ്റീവ് പാരന്റിംഗ്

ഒരു കൗൺസിലറുമായോ ഡോക്ടറുമായോ സംവദിക്കാൻ രക്ഷകർത്താക്കൾക്ക് അവസരമൊരുക്കിക്കൊണ്ട് സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിപാടി. കൗമാര പ്രായത്തിലുള്ള മക്കളുടെ പ്രശ്നങ്ങൾ കൗൺസിലറുമായി തുറന്നു സംസാരിക്കാൻ രക്ഷകർത്താക്കൾക്ക് അവസരം. ലഹരി വസ്തുക്കളുടെ ഉപയോഗവും മാനസികപ്രശ്നങ്ങൾ, ആസക്തികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. രക്ഷകർത്താക്കൾക്ക് കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ അധ്യാപകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ദുഃശീലങ്ങൾ മാറ്റുന്നതിനും സാധിക്കുന്നു.

## സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം

217 (1373) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; വ്യക്തമാക്കുമോ?

സ്കൂൾ കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായ മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചു. സ്കൂളുകളിൽ അത്തരം സംഭവങ്ങൾ നടക്കുന്നതായി കണ്ടെത്തിയിട്ടില്ല. വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗ പാർശ്വഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തിവരുന്നു.

(1) വിമുക്തി സേഫ്നെറ്റ് പദ്ധതി:

പൊതുവിദ്യാഭ്യാസവകുപ്പ് വി.എച്ച്.എസ്.ഇ. വിഭാഗം നാഷണൽ സർവ്വീസ് സ്കീം സെൽ, എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി സേഫ്നെറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഹരിവിരുദ്ധ ജാഗ്രതാ പൊതുസദസ്സുകൾ, സെമിനാറുകൾ, വിദ്യാർത്ഥികൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി ഒരുക്കുന്ന തെരുവു നാടകം, മൈം, റാലികൾ, ഷോർട്ട് ഫിലിം, ജാഗ്രതാ സന്ദേശങ്ങളടങ്ങുന്ന സ്റ്റിക്കറുകൾ പൊതുയിടങ്ങളിലും വാഹനങ്ങളിലും ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ എൻ.എസ്.എസ്. യൂണിറ്റുകളിൽ സംഘടിപ്പിച്ചു.

i) നിരത്തുകളിൽ സംഘടിപ്പിക്കപ്പെടുന്ന ലഹരിവിരുദ്ധ ചങ്ങലകളും കൂട്ടയോട്ടവും, റാലികൾ, ഫ്ലാഷ് മോബ് എന്നിവ.

ii) കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിലെ നിയമപരമായ മുന്നറിയിപ്പ് പോസ്റ്റർ പതിച്ചുകൊണ്ടുള്ള പ്രചരണം.

iii) ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന സ്റ്റിക്കറുകൾ വാഹനങ്ങളിൽ പതിച്ചുകൊണ്ടുള്ള പ്രചരണം.

iv) വീടുവീടാന്തരം കയറി ലഹരിവിരുദ്ധ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ അമ്മമാരുടെ പങ്ക് ബോധ്യപ്പെടുത്തിക്കൊണ്ടുള്ള പ്രചരണം.

v) സ്കൂളിന്റെ ചുറ്റളവിൽ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നടന്ന യെല്ലോ ലൈൻ ക്യാമ്പയിൻ.

(2) <u>ഇൻസൈറ്റ്:</u>

വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടും സ്പഷ്ടമായ മനോഭാവത്തോടുംകൂടി കഴിവുകൾ പ്രകടമാക്കാൻ പ്രാപ്തരാക്കുന്ന പ്രോഗ്രാം. സമൂഹത്തോട് പ്രതിബദ്ധതയുള്ള യുവതലമുറയെ വാർത്തെടുക്കുന്നു. സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഒരു സംവാദ സദസ്സ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് മാനസികോല്ലാസം നേടുവാൻ ഇത്തരം പ്രോഗ്രാമുകളിലൂടെ സാധ്യമാകുന്നു. കൂടാതെ കൗമാര പ്രായത്തിലെ വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുവേണ്ടി പീയർ ഗ്രൂപ്പുകൾ സജ്ജീകരിക്കുകയും ചർച്ചകൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നു.

<u>പോസിറ്റീവ് പാരന്റിംഗ്:</u>

ഒരു കൗൺസിലറുമായോ ഡോക്ടറുമായോ സംവദിക്കുവാൻ രക്ഷകർത്താക്കൾക്ക് അവസരമൊരുക്കിക്കൊണ്ട് സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിപാടി. കൗമാര പ്രായത്തിലുള്ള മക്കളുടെ പ്രശ്നങ്ങൾ കൗൺസിലറുമായി തുറന്നുസംസാരിക്കാൻ രക്ഷകർത്താക്കൾക്ക് അവസരം. ലഹരി വസ്തുക്കളുടെ ഉപയോഗവും മാനസിക പ്രശ്നങ്ങൾ, ആസക്തികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. രക്ഷകർത്താക്കൾക്ക് കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ അദ്ധ്യാപകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ദുഃശീലങ്ങൾ മാറ്റുന്നതിനും സാധിക്കുന്നു.

(ബി) ലഹരി ഉപയോഗിക്കുന്ന ചില വിദ്യാർത്ഥികൾ സ്കൂൾ പരിസരത്തുവച്ച് മറ്റ് വിദ്യാർത്ഥികളെ ആക്രമിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായി വിദ്യാർത്ഥികൾ തന്നെ പരാതി ഉന്നയിച്ചിട്ടും സ്കൂൾ അധികൃതർ ഫലപ്രദമായി നടപടിയെടുക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ സ്കൂൾ പരിസരത്ത് ലഹരി ഉപയോഗം കണ്ടെത്തിയാൽ പിന്തുടരേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തത വരുത്തുമോ; വിശദാംശം നൽകുമോ?

മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളിന്റെ എല്ലാ കോണുകളിലും അധ്യാപകരുടെയും സുരക്ഷാ ജീവനക്കാരുടെയും ശ്രദ്ധ സദാ സമയവും എത്തുന്ന തരത്തിൽ ചുമതലകൾ വിഭജിച്ച് നൽകി. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തി. സ്കൂളിലേയ്ക്കെത്തുന്ന അധ്യാപകരും വിദ്യാർത്ഥികളുമല്ലാത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ വരവിന്റെ ഉദ്ദേശ്യവും വന്നതും പോയതുമായ സമയം രേഖപ്പെടുത്തുന്നതിനും വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ലഹരി ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികളെ ലഹരി കച്ചവടത്തിനുള്ള ഏജന്റുകളായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും സ്കൂൾ പരിസരത്ത് ലഹരിവസ്തുക്കൾ ലഭ്യമാകുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി, പോലീസ്, എക്സൈസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് 2022-23-ൽ വിപുലമായ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിവരുന്നുണ്ട്.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ സൗഹൃദ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്. എന്നിവയുമായി ചേർന്ന് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കാറുണ്ട്. ഈ വർഷവും മേൽ പദ്ധതികൾ പരിഗണനയിലുണ്ട്. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം

218 (1374) ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളിന്റെ എല്ലാ കോണുകളിലും അധ്യാപകരുടെയും സുരക്ഷാ ജീവനക്കാരുടെയും ശ്രദ്ധ സദാസമയവും എത്തുന്ന തരത്തിൽ ചുമതലകൾ വിഭജിച്ചുനൽകി. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തി. സ്കൂളിലേയ്ക്കെത്തുന്ന അധ്യാപകരും വിദ്യാർത്ഥികളുമല്ലാത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ വരവിന്റെ ഉദ്ദേശ്യവും വന്നതും പോയതുമായ സമയം രേഖപ്പെടുത്തുന്നതിനും വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകി.

വിദ്യാർത്ഥികൾക്കിടയിലുള്ള ജീവിതശൈലീ രോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ മുഴുവൻ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജീവിതശൈലീ രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ തൊട്ടടുത്ത പി.എച്ച്.സി.- കളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ (സി.ജി.സി.സി.), നാഷണൽ

സർവ്വീസ് സ്കീം (എൻ.എസ്.എസ്.) പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

1. ലഹരിവിരുദ്ധ ചങ്ങലകൾ, കൂട്ടയോട്ടം, ഫ്ലാഷ് മോബ് തുടങ്ങിയവ.

2. കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള നിയമപരമായ മുന്നറിയിപ്പുകൾ പതിക്കൽ.

3. ലഹരിവിരുദ്ധ സന്ദേശം സംബന്ധിച്ച സ്റ്റിക്കറുകൾ.

4. വീടുകൾ കേന്ദ്രീകരിച്ചുള്ള ലഹരിവിരുദ്ധ പ്രചാരണം.

5. സ്കൂൾ പരിസരത്തും ചുറ്റളവിലും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള " യെല്ലോ ലൈൻ കാമ്പയിൻ.

6. വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വളർത്തുന്നതിനുള്ള ' ഇൻസൈറ്റ് 'പരിശീലനം.

7. മാതാപിതാക്കൾക്ക് ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതിന് പോസിറ്റീവ് പാരന്റിംഗ്.

8. ഹാബിറ്റ് സ്ലേറ്റ്.

9. ജാഗ്രതാ മതിൽ.

(സി) തിരുവനന്തപുരത്തെ ഒരു പ്രമുഖ സ്കൂളിലെ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾ ഉപയോഗിച്ചുവെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അന്വേഷണം നടത്തി. സ്കൂളിലെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് സ്കൂളിലെത്തിയിട്ടുണ്ടായിരുന്ന ജോലിക്കാരുടെ കയ്യിൽനിന്നും വീണുപോയതോ ഉപേക്ഷിച്ചതോ ആയ സാധാരണ ബീഡിയാണ് കുട്ടികൾ എടുത്തത്. അതാണ് അധ്യാപകരുടെ ശ്രദ്ധയിൽപ്പെട്ടതെന്നും ആയത് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ വാങ്ങി നശിപ്പിക്കുകയും കുട്ടികൾക്ക് വ്യക്തമായ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുള്ളതുമാണ്. ഈ ഒരു സംഭവമല്ലാതെ പ്രസ്തുത സ്കൂളിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് യാതൊരുതരത്തിലുള്ള സംഭവങ്ങളും ഉണ്ടായിട്ടില്ലെന്നാണ് അധ്യാപകരുൾപ്പെടെയുള്ള സ്കൂൾ അധികാരികൾ ബോധിപ്പിച്ചിട്ടുള്ളത്.

## സ്കൂൾ കുട്ടികളുടെ ലഹരി ഉപയോഗം തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ

219 (1375) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്കൂൾ കുട്ടികൾ ലഹരി ഉപയോഗിച്ചതും ലഹരി കച്ചവടം നടത്തിയതും ലഹരി ഉപയോഗിച്ച് അതിക്രമം നടത്തിയതുമായ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സ്കൂൾ കുട്ടികൾ ലഹരി ഉപയോഗിച്ചതും കച്ചവടം നടത്തിയതും ലഹരി ഉപയോഗിച്ച് അതിക്രമം നടത്തിയതുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് പത്രവാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ എല്ലാ കോണുകളിലും അധ്യാപകരുടെയും സുരക്ഷാജീവനക്കാരുടെയും ശ്രദ്ധ സദാസമയവും എത്തുന്ന തരത്തിൽ ചുമതലകൾ വിഭജിച്ചു നൽകി. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തി. സ്കൂളിലേയ്ക്ക് എത്തുന്ന അധ്യാപകരും വിദ്യാർത്ഥികളും അല്ലാത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ വരവിന്റെ ഉദ്ദേശ്യവും വന്നതും പോയതുമായ സമയം രേഖപ്പെടുത്തുന്നതിനും വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഫലപ്രദമായ ബോധവൽക്കരണവും തിരുത്തൽ നടപടികളും കൈക്കൊള്ളുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

തിരുത്തൽ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. എൻ.എസ്.എസ്., എൻ.സി.സി., സ്കൗട്ട്സ്&ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിന് കഴിയുമോയെന്ന് പരിശോധിക്കുന്നതിനും മദ്യം, മയക്കുമരുന്ന് എന്നിവ അധ്യാപകർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ, സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പോലീസ്, എക്സൈസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

ഹയർസെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള ജീവിത ശൈലീരോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ മുഴുവൻ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളുടെ വിഷയത്തിൽ തൊട്ടടുത്ത പി.എച്ച്.സി.-കളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഹയർസെക്കണ്ടറി വിഭാഗത്തിൽ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും സൗഹൃദ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനത്തിൽ ലഹരി ഉപയോഗം തടയാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ (സി.ജി.സി.സി.), നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി ഉപയോഗം നിരുൽസാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

1. ലഹരിവിരുദ്ധ ചങ്ങലകൾ, കൂട്ടയോട്ടം, ഫ്ലാഷ് മോബ്.

2. കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള നിയമപരമായ മുന്നറിയിപ്പുകൾ പതിക്കൽ.

3. ലഹരിവിരുദ്ധ സന്ദേശം സംബന്ധിച്ച സ്റ്റിക്കറുകൾ.

4. വീടുകൾ ക്രേന്ദ്രീകരിച്ചുള്ള ലഹരിവിരുദ്ധ പ്രചാരണം.

5. സ്കൂൾ പരിസരത്തും ചുറ്റുമുള്ള പ്രദേശത്തും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള “ യെല്ലോ ലൈൻ കാമ്പയിൻ” .

6. വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വളർത്തുന്നതിനുള്ള "ഇൻസൈറ്റ്" പരിശീലനം.

7. മാതാപിതാക്കൾക്ക് ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതിന് 'പോസിറ്റീവ് പാരന്റിംഗ് '.

8. ഹാബിറ്റ് സ്ലേറ്റ്.

9. ജാഗ്രതാ മതിൽ.

## പ്ലസ് വൺ പ്രവേശനം

220 (1376) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ സീറ്റിലേയ്ക്കുള്ള അപേക്ഷയിൽ തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനുള്ള അവസരം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ?

പ്ലസ് വൺ സീറ്റിലേയ്ക്കുള്ള അപേക്ഷയിൽ തിരുത്തൽ വരുത്താൻ അവസരമുണ്ട്. ഹയർ സെക്കണ്ടറിയിൽ അപേക്ഷ ഫൈനൽ കൺഫർമേഷൻ നടത്തുന്നതിനുമുമ്പ് ലോഗിൻ വിവരങ്ങൾ ഒഴിച്ചുള്ള എല്ലാ വിവരങ്ങളും തിരുത്താവുന്നതാണ്. അതിനുശേഷം ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുമ്പോൾ വീണ്ടും തെറ്റുകളുണ്ടെങ്കിൽ വിദ്യാർത്ഥികൾക്കുതന്നെ അവരുടെ കാൻഡിഡേറ്റ് ലോഗിൻ വഴി തെറ്റുകൾ തിരുത്താനുള്ള അവസരം ലഭ്യമാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ, അപേക്ഷയിൽ തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ മുഖ്യ അലോട്ട്മെന്റിനുമുമ്പായി തിരുത്തൽ അവസരം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) അപേക്ഷയിൽ പിശകോ മറ്റോ ഉണ്ടെങ്കിൽ ഓൺലൈൻ വഴി തന്നെ തെറ്റ് തിരുത്തുന്നതിനുള്ള സൗകര്യമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അപേക്ഷയിൽ പിശകോ മറ്റോ ഉണ്ടെങ്കിൽ ഓൺലൈൻ വഴി തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ കാൻഡിഡേറ്റ് ലോഗിൻ വഴി തെറ്റുകൾ തിരുത്താനുള്ള അവസരം ലഭ്യമാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളിലെ ഹയർ സെക്കണ്ടറി സീറ്റുകൾ

221 (1377) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്നും ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ എത്ര കുട്ടികൾ ഉപരിപഠനത്തിന് അർഹത നേടിയെന്ന് വിദ്യാലയങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

നിയോജകമണ്ഡലം തിരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർഥികളുടെയും ഉപരിപഠനത്തിനു യോഗ്യത നേടിയ വിദ്യാർഥികളുടെയും കണക്ക് ശേഖരിച്ചു സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I* ആയി ചേർത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വിദ്യാലയങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 3720 സീറ്റുകളാണ് നിലവിലുള്ളത്. വിദ്യാലയങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധം II* ആയി ചേർത്തിട്ടുണ്ട്.

**പ്ലസ് വൺ പ്രവേശനം**

222 (1378) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശന നടപടികൾ പരാതികളില്ലാത്തവിധം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

പ്ലസ് വൺ പ്രവേശന നടപടികൾ പരാതികളില്ലാത്തവിധം പൂർത്തീകരിക്കുന്നതിന് ചുവടെ ചേർക്കുംപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7-7-2022-ലെ സ.ഉ.(കൈ) നമ്പർ 119/2022/പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ, 7-7-2022-ലെ സ.ഉ. (കൈ) നമ്പർ 118/2022/പൊ.വി.വ. പ്രകാരം 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരാനും അതോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ. സ്മാരക സ്കൂളിൽ രണ്ട് ബാച്ചുകൾ ഈ അധ്യയന വർഷത്തേയ്ക്ക് മാത്രം താത്ക്കാലികമായും അനുവദിച്ചിട്ടുണ്ട്.

(ബി) പ്ലസ് വൺ പ്രവേശന സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് പകരം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് മതിയാകുമെന്ന് തീരുമാനമെടുത്തിരുന്നോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമുദായിക സംവരണം പരിശോധിക്കുന്നതിന് എസ്.എസ്.എൽ.സി. ബുക്കിലെ സമുദായ വിവരങ്ങൾ മതി. എന്നാൽ എസ്.എസ്.എൽ.സി. ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(സി) അർഹതപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

7-7-2022-ലെ സ.ഉ.(കൈ) നമ്പർ 119/2022/പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 7-7-2022-ലെ സ.ഉ.(കൈ) നമ്പർ 118/2022/പൊ.വി.വ. പ്രകാരം 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരാനും അതിനോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ. സ്മാരക സ്കൂളിൽ 2 ബാച്ചുകൾ ഈ അധ്യയന വർഷത്തേയ്ക്ക് മാത്രം അനുവദിച്ചിട്ടുള്ളതിനാലും ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശനം സാധ്യമാകുന്നതാണ്.

**പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ**

223 (1379) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ്വൺ പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഹയർസെക്കണ്ടറി വെബ്സൈറ്റ് പ്രവർത്തനരഹിതമാകുന്നത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പ്ലസ്‌വൺ പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഹയർസെക്കണ്ടറി വെബ്‌സൈറ്റ് പ്രവർത്തനരഹിതമായിട്ടില്ല. അപേക്ഷ സമർപ്പണം ആരംഭിക്കുന്ന സമയത്ത് സെർവറിൽ നല്ല തിരക്ക് അനുഭവപ്പെട്ടിരുന്നു. അത് ഉടൻതന്നെ പരിഹരിക്കുകയും ചെയ്തു. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല.

(ബി) വെബ്‌സൈറ്റിലെ തകരാറുകൾ പരിഹരിച്ച് പ്ലസ്‌വൺ അഡ്മിഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വെബ്‌സൈറ്റിന് തകരാറുകൾ സംഭവിച്ചിട്ടില്ല. അപേക്ഷ സമർപ്പണം ആരംഭിക്കുന്ന സമയത്ത് സെർവറിൽ നല്ല തിരക്ക് അനുഭവപ്പെട്ടിരുന്നു. അത് ഉടൻതന്നെ പരിഹരിക്കുകയും ചെയ്തു. പ്ലസ് വൺ അപേക്ഷാ സമർപ്പണം സമയബന്ധിതമായി പൂർത്തീകരിച്ചു. തുടർന്നുള്ള അഡ്മിഷൻ നടപടികൾ സമയബന്ധിതമായി നടന്നുവരികയുമാണ്.

(സി) ഹയർസെക്കണ്ടറി പോർട്ടൽ കാലാനുസൃതമായി പരിഷ്കരിക്കാത്തതാണ് ഇത് തകരാറിലാകാൻ കാരണമെന്ന് സാങ്കേതിക വിദഗ്ധർ അഭിപ്രായപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയിട്ടുള്ള, മികച്ച ഇ-ഗവേണൻസ് സോഫ്റ്റ്‌വെയറിനുള്ള 3 ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഏകജാലക പ്രവേശന പ്രക്രിയ നടപ്പാക്കിവരുന്നത്. ശേഷികൂടിയ സെർവറുകളും കാലാനുസൃതമായ പരിഷ്കാരങ്ങളും സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടുണ്ട്.

## പ്ലസ് വൺ സീറ്റുകൾ

224 (1380) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അധ്യയനവർഷം ആകെ എത്ര പ്ലസ് വൺ സീറ്റുകൾ ഉണ്ടായിരുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ; എത്ര കുട്ടികൾ ഉപരിപഠനത്തിന് യോഗ്യത നേടിയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കഴിഞ്ഞ അധ്യയന വർഷം ഉണ്ടായിരുന്ന പ്ലസ് വൺ സീറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| District | Total Seats |
|---|---|
| Thiruvananthapuram | 37851 |
| Kollam | 30882 |
| Pathanamthitta | 16082 |
| Alappuzha | 26010 |
| Kottayam | 24156 |
| Idukki | 13090 |
| Ernakulam | 36660 |
| Thrissur | 37352 |
| Palakkad | 35910 |
| Kozhikode | 42862 |
| Malappuram | 67106 |
| Wayanad | 11135 |
| Kannur | 35190 |
| Kasaragod | 17795 |
| TOTAL | 432081 |

കഴിഞ്ഞ അധ്യയന വർഷം ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| District | Total No. |
|---|---|
| Thiruvananthapuram | 33891 |
| Kollam | 30547 |
| Pathanamthitta | 10341 |
| Alappuzha | 21917 |
| Kottayam | 19636 |
| Idukki | 11197 |
| Ernakulam | 31491 |
| Thrissur | 35158 |
| Palakkad | 38518 |
| Kozhikode | 44430 |
| Malappuram | 75554 |
| Wayanad | 11518 |
| Kannur | 34481 |
| Kasaragod | 19287 |
| TOTAL | 417966 |

(ബി) ഈ അധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; എത്ര കുട്ടികളാണ് ഉപരിപഠനത്തിന് യോഗ്യത നേടിയതെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഈ അധ്യയന വർഷം ഉള്ള പ്ലസ് വൺ സീറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| Districts | Total seats |
|---|---|
| Thiruvananthapuram | 37775 |
| Kollam | 31242 |
| Pathanamthitta | 14741 |
| Alappuzha | 22639 |
| Kottayam | 22158 |
| Idukki | 11817 |
| Ernakulam | 37889 |
| Thrissur | 38366 |
| Palakkad | 35617 |
| Kozhikode | 42517 |
| Malappuram | 66835 |
| Wayanad | 11055 |
| Kannur | 35167 |
| Kasaragod | 17728 |
| TOTAL | 425546 |

ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| District | Total No. |
|---|---|
| (1) | (2) |
| Thiruvananthapuram | 34039 |
| Kollam | 30534 |
| Pathanamthitta | 10437 |
| Alappuzha | 21879 |

| (1) | (2) |
|---|---|
| Kottayam | 19393 |
| Idukki | 11294 |
| Ernakulam | 31780 |
| Thrissur | 35671 |
| Palakkad | 38972 |
| Kozhikode | 43496 |
| Malappuram | 77691 |
| Wayanad | 11946 |
| Kannur | 35167 |
| Kasaragod | 19658 |
| TOTAL | 421957 |

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഒളകര ജി.എൽ.പി. സ്കൂളിന് കെട്ടിടം**

225 (1381) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ ഒളകര ജി.എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനായി സ്ഥലം എം.എൽ.എ. മുഖേന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നൽകിയതും പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയതുമായ പ്രൊപ്പോസലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നു.

**വാമനപുരം മണ്ഡലത്തിൽ ഗവൺമെന്റ് സ്കൂളുകൾക്ക് പുതിയ കെട്ടിടം**

226 (1382) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ ഗവൺമെന്റ് സ്കൂളുകളിൽ 2016 മുതൽ ഇതുവരെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി യാതൊരു സർക്കാർ ഫണ്ടും

ലഭിക്കാത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളുടെ പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി യാതൊരു സർക്കാർ ഫണ്ടും ലഭിക്കാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.പി. സ്കൂൾ

1. ഗവ. എൽ.പി. സ്കൂൾ, അരുവിപ്പുറം
2. ഗവ. റ്റി.എസ്., അടപ്പുപാറ
3. ഗവ. എൽ.പി. സ്കൂൾ, ദേവപ്പുര
4. ഗവ. എൽ.പി. സ്കൂൾ, കാഞ്ഞിരംപാറ
5. ഗവ. എൽ.പി. സ്കൂൾ, കാഞ്ചിനട
6. ഗവ. എൽ.പി. സ്കൂൾ, കരിമൺകോട്
7. ഗവ. എൽ.പി. സ്കൂൾ, കുറുപുഴ
8. ഗവ. എൽ.പി. സ്കൂൾ, മുതുവിള
9. ഗവ. എൽ.പി. സ്കൂൾ, തെങ്ങുംകോട്
10. ഗവ. റ്റി.എസ്., താന്നിമൂട്
11. ഗവ. റ്റി.എൽ.പി. സ്കൂൾ, തലത്തുത്ത്കാവ്
12. പഞ്ചായത്ത് എൽ.പി. സ്കൂൾ, ഇളവട്ടം
13. പഞ്ചായത്ത് എൽ.പി. സ്കൂൾ, ചെല്ലഞ്ചി
14. ജവഹർ എൽ.പി. സ്കൂൾ, തെന്നൂർ
15. ഗവ. എൽ.പി. സ്കൂൾ, പാങ്ങോട്
16. ഗവ. എൽ.പി. സ്കൂൾ, പനവൂർ
17. ഗവ. എൽ.പി. സ്കൂൾ, കുഴിവിള
18. ഗവ. എൽ.പി. സ്കൂൾ, നെട്ടുംകൈത
19. ഗവ. എൽ.പി. സ്കൂൾ, മുക്കുടിൽ
20. ഗവ. എൽ.പി. സ്കൂൾ, മടത്തുവാതുക്കൽ

21. ഗവ. എൽ.പി.സ്കൂൾ, മേലാറ്റുമൂഴി

22. ഗവ. എൽ.പി. സ്കൂൾ, പേരുമല

23. ഗവ. എൽ.പി. സ്കൂൾ, പൂവണത്തുംമൂട്

24. ഗവ. എൽ.പി. സ്കൂൾ, വെള്ളുമണ്ണടി

25. ഗവ. എൽ.പി. സ്കൂൾ, പാണയം

യു.പി. സ്കൂൾ

1. ഗവ. യു.പി. സ്കൂൾ, ആനച്ചൽ

2. ഗവ. യു.പി. സ്കൂൾ, ഞാറനീലിക്കാണി

3. ഗവ. യു.പി. സ്കൂൾ, പാലുവള്ളി

4. ഗവ. യു.പി. സ്കൂൾ, പൊൻമുടി

5. ഗവ. യു.പി. സ്കൂൾ, വാമനപുരം

6. ഗവ. യു.പി. സ്കൂൾ, ആനാകുടി

7. ഗവ. യു.പി. സ്കൂൾ, തെങ്ങുംകോട്

8. ഗവ. യു.പി. സ്കൂൾ, നെല്ലനാട്

ഹൈസ്കൂൾ

ഗവ. ട്രൈബൽ എച്ച്.എസ്., ഇടിഞ്ഞാർ

ഹയർ സെക്കണ്ടറി സ്കൂൾ

ഗവ. ബി.എച്ച്.എസ്.എസ്., മിതൃമ്മല

**മുപ്ലിയം ഗവ. ഹൈസ്കൂളിന് പുതിയ കെട്ടിടം**

227 (1383) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുപ്ലിയം ഗവ. ഹൈസ്കൂളിന് കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള SPV-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്ക് ബാധകമായതിനാൽ പുതുക്കിയ നിരക്കിൽ 3.90 കോടി രൂപയായി ഉയർത്തിക്കൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്ത് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### നെന്മാറ വട്ടേക്കാട് ഗവ.യു.പി. സ്കൂൾ

228 (1384) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ വട്ടേക്കാട് ഗവ. യു.പി. സ്കൂളിന്റെ നിർമ്മാണപ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) വട്ടേക്കാട് ഗവ. യു.പി. സ്കൂളിലെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കോസ്റ്റ്ഫോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട് .

### പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണം

229 (1385) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിപ്രകാരം നടപ്പാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും 'കില' നിർവ്വഹണ ഏജൻസിയായതുമായ മൈലച്ചൽ ജി.എച്ച്.എസ്.എസ്., കീഴാറൂർ ജി.എച്ച്.എസ്.എസ്., ധനുവച്ചപുരം എൻ.കെ.എം. ജി.എച്ച്.എസ്.എസ്., ആനാവൂർ ജി.എച്ച്.എസ്.എസ്., പാറശാല വി.എച്ച്.എസ്.ഇ. എന്നീ അഞ്ച് സ്കൂളുകളിലെ കെട്ടിടനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിപ്രകാരം ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട് ഭരണാനുമതി ലഭിച്ചതും 'കില' നിർവ്വഹണ ഏജൻസിയായതുമായ മൈലച്ചൽ ഗവ. എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്കുപ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി, സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>കീഴാറൂർ ഗവ.എച്ച്.എസ്.എസ്</u>:- സ്കൂളിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിരുന്നു. 45 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി, 2 പാർട്ട് ബില്ലുകൾ കരാറുകാരന് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പുതിയ റേറ്റ് ആവശ്യപ്പെട്ടുകൊണ്ട് പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. പുതിയ റേറ്റ് നിയമപരമായി നൽകാൻ കഴിയില്ലെന്നും പ്രവൃത്തി കരാർ ഉടമ്പടിപ്രകാരം പൂർത്തിയാക്കിയില്ലെങ്കിൽ നിയമപരമായി തുടർനടപടികൾ സ്വീകരിക്കുമെന്നും കാണിച്ച്, കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കരാറുകാരനെ നേരിൽ കേൾക്കുന്നതിനും റേറ്റ് റിവിഷൻ അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കുന്നതിനും 30-8-2022 വരെ സമയം നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്നും 'കില' അറിയിച്ചിട്ടുണ്ട്.

<u>ധനുവച്ചപുരം, എൻ.കെ.എം.ജി.എച്ച്.എസ്.എസ്</u>:- സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിക്ക് 10-2-2021-ന് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടത്തേണ്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതിന് യഥാസമയം കഴിയാതെ വന്നതിനാൽ കരാറുകാരന്റെ ആവശ്യപ്രകാരം ടിയാനെ കരാറിൽനിന്ന് ഒഴിവാക്കി, പുതിയ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശിപാർശ ചെയ്തതനുസരിച്ച് കരാറുകാരനെ കരാറിൽനിന്ന് ഒഴിവാക്കി. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്കുപ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് 'കില' ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ആനാവൂർ ഗവ. എച്ച്.എസ്.എസ്:- സ്കൂളിന്റെ നിർമ്മാണപ്രവൃത്തിക്ക് 10-2-2021-ന് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടത്തേണ്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതിന് യഥാസമയം കഴിയാതെ വന്നതിനാൽ പുതിയ റേറ്റ് നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കരാറുകാരൻ നൽകിയ അപേക്ഷ നിരസിക്കുകയും കരാർ ഉടമ്പടിപ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നൽകി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനെ ടിയാന്റെ റിസ്ക് & കോസ്റ്റിൽ കരാർ ഒഴിവാക്കുന്നതിനുള്ള നടപടികൾ 'കില' സ്വീകരിച്ചുവരുന്നു. തുടർന്ന് പുതിയ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പാറശ്ശാല ജി.വി.എച്ച്.എസ്.എസ്:- 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളിന്റെ ഡി.പി.ആർ. അംഗീകരിച്ചു. എസ്.പി.വി.-യായി 'കില'-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്കുപ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി, സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചർ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മേൽ വിവരിച്ച എല്ലാ കെട്ടിടങ്ങൾക്കും ആർക്കിടെക്ചർ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്., യോഗിനി മാതാ ഹൈസ്കൂൾ**

230 (1386) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഒരേ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്-ലും, യോഗിനി മാതാ ഹൈസ്കൂളിലും കഴിഞ്ഞ 10 വർഷമായി മാനേജർ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മാനേജർ ഇല്ലാത്തതും അധ്യാപക നിയമനം ഉൾപ്പെടെയുള്ള നിരവധി വിഷയങ്ങൾ പരിഹരിക്കാൻ കഴിയാത്തതുംമൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രണ്ട് വിദ്യാലയങ്ങളിലെയും ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും നിലവിലുള്ള അധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും താത്ക്കാലികാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) ബി.എസ്.എസ്. എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നു. മാത്രമല്ല മേൽ മാനേജ്മെന്റ് തർക്കം സംബന്ധിച്ച് നിരവധി സിവിൽ കേസുകളും നിലവിലുണ്ട്. (OP(C) 1340/2019, OP(C) 1341/2019, OP(C) 1450/2019, OP(C) 1452/2019) മാനേജ്മെന്റ് തർക്കവുമായി ബന്ധപ്പെട്ട വിഷയത്തിൽ സിവിൽ കേസുകൾ നിലനിൽക്കുന്നതിനാൽ പ്രശ്നത്തിൽ ഇടപെടാൻ സർക്കാരിന് നിർവ്വാഹമില്ല. എന്നാൽ കുട്ടികളുടെ അധ്യയനം തടസ്സംകൂടാതെ നടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടം**

231 (1387) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞെങ്കിലും പ്രസ്തുത കെട്ടിടത്തിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) കിഫ്ബി ഫണ്ടിൽനിന്നും 5 കോടി രൂപ മുടക്കി നിർമ്മിച്ച ടി സ്കൂൾ കെട്ടിടം 31-5-2022-ന് ഉദ്ഘാടനം കഴിഞ്ഞെങ്കിലും ടി കെട്ടിട റൂമുകൾക്ക് കെ.ഇ.ആർ. പ്രകാരം ആവശ്യമുള്ള അളവുകളില്ലാത്തതിനാൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽനിന്നും ബിൽഡിംഗ് ഫിറ്റ്നസ് ലഭ്യമാകാത്തതിനാലാണ് പ്രസ്തുത കെട്ടിടത്തിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കാത്തത്.

വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽനിന്നും കെട്ടിട നമ്പർ/ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനുമായി അപേക്ഷിച്ചിട്ടുണ്ട്. 27-7-2022-ന് ടി സർട്ടിഫിക്കറ്റ് ലഭിക്കുകയും ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് സംബന്ധമായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ

232 (1388) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അപേക്ഷിച്ച വിദ്യാർത്ഥികളിൽ, രണ്ടുഘട്ട അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ എത്രപേർക്ക് പ്രവേശനം ലഭിച്ചു; എത്ര സീറ്റുകൾ ഒഴിവുണ്ട്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അപേക്ഷിച്ച വിദ്യാർത്ഥികളിൽ രണ്ടാം ഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ 33413 (മുപ്പത്തി മൂവായിരത്തി നാനൂറ്റി പതിമൂന്ന്) പേർക്ക് പ്രവേശനം ലഭിച്ചു. ഇനി 12840 (പന്ത്രണ്ടായിരത്തി എണ്ണൂറ്റി നാല്പത്) സീറ്റുകൾ ഒഴിവുണ്ട്.

(ബി) അപേക്ഷിച്ച കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സീറ്റുകളുടെ എണ്ണത്തിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠന സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

7-7-2022-ലെ സ.ഉ.(കൈ)നമ്പർ 119/2022/പൊ.വി.വ. പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 7-7-2022-ലെ സ.ഉ.(കൈ) നമ്പർ 118/2022/പൊ.വി.വ. പ്രകാരം 2021-22 അധ്യയന വർഷം താൽക്കാലികമായി

അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ. സ്മാരക സ്കൂളിൽ 2 ബാച്ചുകളും ഈ അധ്യയന വർഷത്തേയ്ക്ക് മാത്രം താത്ക്കാലികമായി അനുവദിച്ചിട്ടുണ്ട്.

(ഡി) ജില്ലയിൽ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും പുതിയ ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ**

233 (1389) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കുവേണ്ടി കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ച കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സിനുള്ള പശ്ചാത്തല സൗകര്യങ്ങൾ കിഫ്ബി വഴി ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത കോഴ്സ് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കിഫ്ബി മുഖാന്തരം നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായതായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് ഔദ്യോഗിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്ലസ് ടു കോഴ്സ് അനുവദിക്കുന്ന വിഷയത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്-ഉം ജി.ജി.എച്ച്.എസ്.എസ്-ഉം ഒന്നാക്കൽ**

234 (1390) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മതിലിനാൽ വേർതിരിക്കപ്പെട്ട ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്-ഉം ജി.ജി.എച്ച്.എസ്.എസ്-ഉം ഒന്നാക്കി, രണ്ട് സ്കൂളുകളുടെയും ഭൗതിക സൗകര്യങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) ഇതുമായി ബന്ധപ്പെട്ട് ചില നിവേദനങ്ങൾ ലഭിച്ചിരുന്നു. എന്നാൽ സ്കൂൾ സംയോജിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കുന്നംകുളം മോഡൽ ബോയ്സ് എച്ച്.എസ്.എസ്.-ലെ സ്പോർട്സ് ഡിവിഷൻ

235 (1391) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മോഡൽ ബോയ്സ് എച്ച്.എസ്.എസ്.-ൽ നിലവിൽ ഏത് ഡിവിഷൻവരെയാണ് സ്പോർട്സ് ഡിവിഷനുള്ളതെന്ന് വിശദമാക്കാമോ?

ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്. കുന്നംകുളം, തൃശ്ശൂരിൽ നിലവിൽ ഏഴ്, എട്ട് ക്ലാസുകളിൽ സ്പോർട്സ് ഡിവിഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഇത് പ്ലസ് ടു ക്ലാസ് വരെ ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## പേരാമ്പ്ര ശ്രീ വാസുദേവാശ്രമം സ്കൂൾ സർക്കാർ ഏറ്റെടുത്ത നടപടി

236 (1392) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ശ്രീ വാസുദേവാശ്രമം സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

10-4-1967-ലെ സ.ഉ.(കൈ)നമ്പർ 159/1967/പൊ.വി.വ., 18-11-1970-ലെ സ.ഉ.(കൈ)നമ്പർ 479/1970/പൊ.വി.വ. എന്നിവയിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന വ്യവസ്ഥയോടെ കോഴിക്കോട് ജില്ലയിൽ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന നടുവത്തൂർ ശ്രീ വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കുന്നതിന് 4-6-2022-ലെ സ.ഉ.(സാധാ)നമ്പർ 3392/2022/ പൊ.വി.വ. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്ന് കത്ത് നൽകുകയും ആയതിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നടപടി സ്വീകരിച്ചുവരികയുമാണ്.

(ബി) പ്രസ്തുത സ്കൂളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ പ്രൊബേഷൻ, പ്രമോഷൻ എന്നിവ സംബന്ധിച്ച് എത്ര അപേക്ഷകളുണ്ടെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കാമോ?

ഹയർ സെക്കണ്ടറി വിഭാഗത്തിൽ 10 ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹയർ സെക്കണ്ടറി റീജിയണൽ ആഫീസിൽ അപേക്ഷകളുണ്ട്. ആയതിന്മേൽ നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കണ്ടറി വിഭാഗം) അനുമതിക്കായി റീജിയണൽ ആഫീസർ 5-2-2022-ലെ എ 2/6718/2021 കത്തുപ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ, പ്രൊമോഷൻ എന്നിവ സംബന്ധിച്ച അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

(സി) സ്കൂൾ സർക്കാർ ഏറ്റെടുത്തതിനുശേഷം പ്രമോഷൻ-പ്രൊബേഷൻ എന്നിവയിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഉത്തരവിന് വിധേയമായി ഹൈസ്കൂൾ വിഭാഗത്തിലെ ജീവനക്കാരുടെ പ്രൊബേഷൻ, പ്രൊമോഷൻ എന്നിവയിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറും ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജീവനക്കാരുടേത് പൊതുവിദ്യാഭ്യാസ ഡയറക്ടറുമാണ്.

(ഡി) പ്രസ്തുത സ്കൂൾ ഏറ്റെടുത്തതിനുശേഷം സ്കൂളിന്റെ മാസ്റ്റർപ്ലാൻ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടി എന്തായെന്ന് വ്യക്തമാക്കുമോ?

മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി ലഭിച്ചിട്ടില്ല.

(ഇ) പ്രസ്തുത സ്കൂളിലെ നിലവിലെ കെട്ടിടങ്ങളുടെ കാലപ്പഴക്കം പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

## കാസർഗോഡ് കുമ്പള ഉപജില്ലയിലെ ഷേണി ശ്രീ ശാരദാംബ എ.യു.പി. സ്കൂൾ

237 (1393) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പള ഉപജില്ലയിലെ ഷേണി ശ്രീ ശാരദാംബ എ.യു.പി. സ്കൂളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഹിന്ദി ടീച്ചറെ നിയമിക്കുന്നത് സംബന്ധിച്ച് സ്കൂൾ മാനേജർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ (ഫയൽ നമ്പർ: എസ്.സി.3/128/2022 പൊ.വി.വ.) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

കാസർഗോഡ് കുമ്പള ഉപജില്ലയിലെ ഷേണി ശ്രീ ശാരദാംബ എ.യു.പി. സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഹിന്ദി ടീച്ചറെ നിയമിക്കുന്നതുസംബന്ധിച്ച് സ്കൂൾ മാനേജർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷ റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ ലഭ്യമാക്കുമോ?

ഫയൽ നമ്പർ ഡി.ജി.ഇ./8516/2022-എച്ച് 5.

## ബദൽ സ്കൂൾ നിലനിർത്തുന്നതിനുള്ള നടപടികൾ

238 (1394) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിലെ തരിക്കുളം ബദൽ സ്കൂൾ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഈ വിഷയം സബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമ വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

## അധ്യാപകരുടെ നിയമനം

239 (1395) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ നിയമനം സംബന്ധിച്ചും നിയമന അംഗീകാരം സംബന്ധിച്ചുമുള്ള എത്ര ഫയലുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് ജില്ല തിരിച്ചും വിഷയം തിരിച്ചും വ്യക്തമാക്കുമോ?

ഹയർസെക്കണ്ടറി വിഭാഗത്തിൽ എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ നിയമനം സംബന്ധിച്ചും നിയമന അംഗീകാരം സംബന്ധിച്ചുമുള്ള ഫയലുകളുടെ എണ്ണം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഫയലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വിഷയം | ജില്ല തിരിച്ചുള്ള എണ്ണം |
|---|---|
| എൻ.വി.ടി. കൊമേഴ്സ് | കൊല്ലം -2<br>പത്തനംതിട്ട -1<br>എറണാകുളം -1<br>കോഴിക്കോട് -1<br>പാലക്കാട് -2 |
| എൻ.വി.ടി. ഇംഗ്ലീഷ് | പാലക്കാട് -1 |
| എൻ.വി.ടി. ഫിസിക്സ് | പത്തനംതിട്ട -1<br>ആലപ്പുഴ -1<br>കൊല്ലം -1<br>കോട്ടയം -1 |
| എൻ.വി.ടി. ബയോളജി | തൃശ്ശൂർ -1<br>കോട്ടയം -1 |
| എൻ.വി.ടി. മാത്തമാറ്റിക്സ് | തൃശ്ശൂർ -1 |
| എൻ.വി.ടി. ഇംഗ്ലീഷ് | കൊല്ലം -1<br>പത്തനംതിട്ട -1 |
| എൻ.വി.ടി. കെമിസ്ട്രി | ആലപ്പുഴ -1<br>കൊല്ലം -1 |
| എൻ.വി.ടി. ഇ.ഡി. | എറണാകുളം -1<br>തൃശ്ശൂർ -1 |

**പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപക നിയമനം**

240 (1396) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ ഇതുവരെയായി പി.എസ്.സി. മുഖേന എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി., എച്ച്.എസ്.എസ്.ടി. എന്നീ തസ്തികകളിലായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ നിയമന വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | എൽ.പി.എസ്.ടി. | 847 |
| 2 | യു.പി.എസ്.ടി. | 1541 |
| 3 | എച്ച്.എസ്.ടി. | 1343 |
| ആകെ | | 3731 |

പൊതുവിദ്യാഭ്യാസ വകുപ്പിലെ (ഹയർ സെക്കണ്ടറി വിഭാഗം) നിയമന വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) | 1102 |
| 2 | എച്ച്.എസ്.എസ്.റ്റി. | 57 |
| ആകെ | | 1159 |

**ആശ്രിത നിയമനം**

241 (1397) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപികയായിരിക്കെ മരണമടഞ്ഞ ആശാദേവി എം. എസ്.-ന്റെ അവകാശിയായ ശ്രീ. അനീഷ് കുമാർ എം. എസ്., ആശ്രിത നിയമനത്തിനായി ഫയൽ നമ്പർ 228565/2021 പ്രകാരം നൽകിയിരുന്ന അപേക്ഷയിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടപടി സ്വീകരിക്കാൻ വൈകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത ആശ്രിത നിയമന അപേക്ഷയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്ന് (ഹയർ സെക്കണ്ടറി വിഭാഗം) യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി അപേക്ഷയിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നിരവധി പ്രാവശ്യം ക്ലിയറൻസ് ചോദിക്കാതെ, ഡിഫക്ട് മുഴുവൻ ഒറ്റപ്രാവശ്യമായി ക്ലിയർ ചെയ്തുനൽകി അനുകമ്പാപൂർണ്ണമായ നടപടി സ്വീകരിക്കുമോ?

ശ്രീ. അനീഷ് കുമാർ. എം. എസ്. ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കാണ് ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നത്. ടി തസ്തികയുടെ ഉയർന്ന പ്രായപരിധിയായ 36 വയസ് കഴിഞ്ഞ സാഹചര്യത്തിൽ, അപേക്ഷ നിരസിച്ചിരുന്നു. അപേക്ഷകനോട് പാർട്ട്ടൈം കണ്ടിജന്റ് പോസ്റ്റിലേയ്ക്ക് അപേക്ഷ നൽകാവുന്നതാണെന്ന് അറിയിച്ചിരുന്നു.

(സി) അപേക്ഷകൻ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് പുനഃസമർപ്പിച്ചിരിക്കുന്ന അപേക്ഷ ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന്റെ 9-6-2022-ലെ കത്തിനൊപ്പം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഡയറക്ടറേറ്റ് വീണ്ടും ക്ലാരിഫിക്കേഷൻ ചോദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്കൂൾ പ്രിൻസിപ്പൽ മറുപടി നൽകി സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ശ്രീ. അനീഷ് കുമാർ എം. എസ്.-ന് ആശ്രിത നിയമനം എത്രയും വേഗം നൽകുന്നതിന് അനുകമ്പാപൂർണ്ണമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) അപേക്ഷകൻ പാർട്ട്ടൈം കണ്ടിൻജന്റ് പോസ്റ്റിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് (ഹയർ സെക്കണ്ടറി വിഭാഗം) ലഭിച്ചിട്ടുണ്ട്. 7-1-2018-ലെ G.O (P) No. 01/2018/P&ARD പ്രകാരം കേന്ദ്ര സംസ്ഥാന വകുപ്പുകൾ, അതിനുകീഴിലുള്ള സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നില്ലെന്ന ഡിക്ലറേഷൻ അപേക്ഷയിൽ ചേർത്തിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സ്കൂൾ പ്രിൻസിപ്പലിൽനിന്നും ലഭ്യമാക്കി നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക്, തുടർനടപടി സ്വീകരിക്കുന്നതാണ്.

**എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനങ്ങൾ**

242 (1398) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാനുണ്ട്; ഉപജില്ലാതലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ ആകെ 1590 എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാനുണ്ട്.

മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 99 അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാനുണ്ട്.

മലപ്പുറം ജില്ലയിലെ 4 വിദ്യാഭ്യാസ ഓഫീസർമാർക്കുകീഴിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കാനുള്ള അധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിദ്യാഭ്യാസ ജില്ല | നിയമനാംഗീകാരം ലഭിക്കാനുള്ള അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | മലപ്പുറം | 225 |
| 2 | തിരൂർ | 89 |
| 3 | വണ്ടൂർ | 178 |
| 4 | തിരൂരങ്ങാടി | 56 |
| ആകെ | | 548 |

മലപ്പുറം ജില്ലയിലെ 17 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കീഴിൽവരുന്ന സ്കൂളുകളിലെ നിയമനാംഗീകാരം ലഭിക്കാനുള്ള അധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിദ്യാഭ്യാസ ഉപജില്ല | നിയമനാംഗീകാരം ലഭിക്കാനുള്ള അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | മലപ്പുറം | 21 |
| 2 | കുറ്റിപ്പുറം | 38 |
| 3 | താനൂർ | 36 |
| 4 | കിഴിശ്ശേരി | 47 |
| 5 | മഞ്ചേരി | 24 |
| 6 | കൊണ്ടോട്ടി | 87 |
| 7 | മങ്കട | 74 |
| 8 | എടപ്പാൾ | 12 |
| 9 | വണ്ടൂർ | 20 |
| 10 | മേലാറ്റൂർ | 32 |
| 11 | നിലമ്പൂർ | 105 |
| 12 | പരപ്പനങ്ങാടി | 71 |
| 13 | പെരിന്തൽമണ്ണ | 90 |
| 14 | പൊന്നാനി | 26 |
| 15 | തിരൂർ | 55 |
| 16 | വേങ്ങര | 46 |
| 17 | അരീക്കോട് | 59 |
| | ആകെ | 943 |

ആകെ = 99+548 + 943 = 1590

(ബി) എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ സംവരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് 25-6-2022-ൽ സ.ഉ.(കൈ)നമ്പർ 111/2022/പൊവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റിട്ട് ഹർജി നമ്പർ 19808/2021-ൽ 10-8-2022-ലെ അന്തിമ വിധിന്യായത്തിൽ, 2018 നവംബർ 18-ന് ശേഷമുള്ള എയ്ഡഡ് സ്കൂൾ നിയമനങ്ങൾ ഭിന്നശേഷി സംവരണം പാലിച്ചുമാത്രമേ അംഗീകരിക്കാവൂയെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അർഹതയുള്ളവരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ഓപ്പറേഷൻ ജ്യോതി**

243 (1399) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ ജ്യോതി' എന്ന പേരിൽ വിദ്യാഭ്യാസ വകുപ്പിൽ നടന്ന വിജിലൻസ് പരിശോധനയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെല്ലാം ഓഫീസുകളിലാണ് വിജിലൻസ് പരിശോധന നടന്നതെന്നും എവിടെയൊക്കെയാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും അറിയിക്കാമോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഓപ്പറേഷൻ ജ്യോതി എന്ന പേരിൽ പരിശോധന നടത്തിയിട്ടുള്ളതായി അറിയിപ്പുകളോ റിപ്പോർട്ടുകളോ സർക്കാരിൽ ലഭ്യമായിട്ടില്ല. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും താഴെപ്പറയുന്ന ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച റിപ്പോർട്ടുകളൊന്നും പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടില്ല.

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

2. തിരുവനന്തപുരം, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

3. നെയ്യാറ്റിൻകര, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

4. നെടുമങ്ങാട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

5. പാറശ്ശാല, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

6. കാട്ടാക്കട, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

7. വർക്കല, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
8. കൊല്ലം, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
9. കരുനാഗപ്പള്ളി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
10. ചാത്തന്നൂർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
11. വെളിയം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
12. അഞ്ചൽ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
13. പത്തനംതിട്ട, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
14. തിരുവല്ല, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
15. പന്തളം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
16. മാവേലിക്കര, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
17. കുട്ടനാട്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
18. ഹരിപ്പാട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
19. ചെങ്ങന്നൂർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
20. കാഞ്ഞിരപ്പള്ളി, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
21. കോട്ടയം, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
22. പാലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
23. ചങ്ങനാശ്ശേരി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
24. കറുകച്ചാൽ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
25. ഏറ്റുമാനൂർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
26. കട്ടപ്പന, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
27. അടിമാലി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
28. അറക്കുളം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
29. എറണാകുളം, ജില്ലാ വിദ്യാഭ്യാസ ഓഫീസ്
30. ആലുവ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
31. പിറവം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

32. പെരുമ്പാവൂർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

33. തൃപ്പൂണിത്തുറ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

34. തൃശ്ശൂർ, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

35. ചേർപ്പ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

36. പാലക്കാട്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

37.മണ്ണാർക്കാട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

38. ഒറ്റപ്പാലം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

39. തിരൂർ, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

40. തിരൂരങ്ങാടി, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

41. നിലമ്പൂർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

42. കോഴിക്കോട്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

43. താമരശ്ശേരി, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

44. വടകര, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

45. കുന്ദമംഗലം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

46. കോഴിക്കോട് റൂറൽ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

47. വയനാട്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

48. സുൽത്താൻബത്തേരി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

49. വൈത്തിരി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

50. കണ്ണൂർ, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

51. തളിപ്പറമ്പ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

52. തലശ്ശേരി, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

53. ഇരിട്ടി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

54. കാസർഗോഡ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

55. കാഞ്ഞങ്ങാട്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്

(ബി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട പരാതികളുടെ അടിസ്ഥാനത്തിലാണോ സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളിൽ വിജിലൻസ് പരിശോധനകൾ നടന്നതെന്ന് അറിയിക്കാമോ; എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തുന്നത് അഴിമതിക്കുവേണ്ടിയാണോയെന്നും അറിയിക്കാമോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ, പരിശോധനകൾ നടത്തിയത് പരാതികളുടെ അടിസ്ഥാനത്തിലാണോയെന്നും നിയമനങ്ങൾ അംഗീകരിക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാവുകയുള്ളൂ.

(സി) തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിലുള്ള മുല്ലശ്ശേരി സബ് ജില്ലയിലെ മരുതയൂർ എ.എം.എൽ.പി. സ്കൂളിലെ പ്രധാനാധ്യാപികയായ ശ്രീമതി ഷൈനി പോൾ എം. പ്രസ്തുത തസ്തികയിലെ 1-6-2020 മുതലുള്ള നിയമനാംഗീകാരത്തിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിലുള്ള മുല്ലശ്ശേരി സബ് ജില്ലയിലെ മരുതയൂർ എ.എം.എൽ.പി. സ്കൂളിലെ പ്രധാനാധ്യാപികയായ ശ്രീമതി ഷൈനി പോൾ എം.-ന്റെ അപേക്ഷയിന്മേൽ സമന്വയ വഴി ഉത്തരവായിട്ടുണ്ടെന്നും നടപടി ഉത്തരവ് മുല്ലശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും പ്രസ്തുത ഓഫീസിൽനിന്നും മാനേജർക്കും സ്കൂളിനും മെയിൽ ചെയ്ത് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ഡി.പി.ഐ.-യിലെ ഇ 3/234380/2021 നമ്പർ ഫയലിലെ അപാകതകൾ പരിഹരിച്ച് മാസങ്ങളായിട്ടും ടി ഫയലിൽ ഇതുവരെയും തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; 13-7-2022-ന് നൽകിയ നിയമസഭാ ചോദ്യത്തിനുള്ള മറുപടി നൽകി ഒരു മാസം പിന്നിട്ടിട്ടും ടി ഫയലിൽ ഇതുവരെയും നടപടിയുണ്ടാകാത്തത് മനഃപൂർവ്വമാണോയെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഇ 3/234380/2021 ഫയലിൽ തീരുമാനമായിട്ടുണ്ടെന്നും ടി ഫയലിൽ 16-7-2022-ന് അപ്പീൽ അനുവദിക്കുന്നതിന് നോട്ട് ഓർഡർ ആവുകയും നടപടി ഉത്തരവ് 20-8-2022-ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി വിവരം സമന്വയ വഴി മാനേജർക്ക് ലഭ്യമാണെന്നും ഫയലിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) ടി ഫയൽ മേൽ ഓഫീസിൽ ലഭിച്ചത് എന്നാണെന്നും എത്രകാലം ടി ഫയലിന്മേൽ കാലതാമസമുണ്ടായെന്നും അറിയിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തെറ്റായ പ്രവണതകളുണ്ടായോ എന്നറിയിക്കാമോ?

പ്രസ്തുത ഫയൽ 16-7-2021-നാണ് സമന്വയ വഴി ഓഫീസിൽ ലഭിച്ചതെന്നും സമന്വയയിൽ സമർപ്പിച്ചിട്ടുള്ള ഈ അപ്പീൽ ജില്ലാ-ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 11-4-2022-ലെ ജെ1/218/ 2021/പൊ.വി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ആവശ്യമായ ഘട്ടത്തിൽ മുല്ലശ്ശേരി ഉപജില്ലാ അധികാരിയോട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തിരുന്നു. തുടർന്ന് ആവശ്യമായ രേഖകൾ പരിശോധിച്ച് നിലവിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 16-7-2022-ന് നോട്ട് ഓർഡർ അംഗീകരിക്കുകയും ഫയൽ തീർപ്പാക്കുകയും നടപടി ഉത്തരവ് 20-8-2022-ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും നടപടി ഉത്തരവ് മുല്ലശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും പ്രസ്തുത ഓഫീസിൽനിന്നും മാനേജർക്കും സ്കൂളിനും മെയിൽ ചെയ്ത് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഫയലിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

244 (1400) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ആയതിലേയ്ക്ക് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ-സി) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 8-11-2021-ൽ സ.ഉ.(പി)നമ്പർ 19/2021/പൊ.വി.വ., 25-6-2022-ൽ സ.ഉ. (കൈ)നമ്പർ 111/2022/പൊ.വി.വ. എന്നീ ഉത്തരവുകൾ പൊതുവിദ്യാഭ്യാസ

വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/21 നമ്പർ റിട്ട് പെറ്റീഷനിൽ 10-8-2022-ൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം 8-11-2021-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

245 (1401) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസെബിലിറ്റി തുടങ്ങിയ അവസ്ഥയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതും വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതുമായ സംസ്ഥാനത്തെ മുന്നൂറോളം സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി നൽകുന്ന ഗ്രാന്റും മറ്റാനുകൂല്യങ്ങളും യഥാസമയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഗ്രാന്റും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## ഖാദർ കമ്മിറ്റി

246 (1402) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റിയെ എന്നാണ് നിയമിച്ചത്; കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്; കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

19-10-2017-ലെ സ.ഉ.(സാധാ) നമ്പർ 3779/2017/പൊ.വി.വ. പ്രകാരമാണ് ഖാദർ കമ്മിറ്റി രൂപീകരിച്ചത്. താഴെപ്പറയുന്ന മൂന്ന് പേരാണ് സമിതിയിലെ അംഗങ്ങൾ.

1. ഡോ. എം. എ. ഖാദർ (എസ്.സി.ഇ.ആർ.റ്റി. മുൻ ഡയറക്ടർ)

2. ശ്രീ. ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്)

3. ഡോ. സി. രാമകൃഷ്ണൻ, (വിദ്യാഭ്യാസ വിദഗ്ദ്ധൻ, പാലാട്ട് ഹൗസ്, പീലിക്കോട് പി.ഒ., കാസർഗോഡ്)

സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- 2009 വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

- ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

- 2009 വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

(ബി) ഖാദർ കമ്മിറ്റിക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; കാലാവധി കഴിഞ്ഞതിനുശേഷം വീണ്ടും നീട്ടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ?

ഖാദർ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള 19-10-2017-ലെ ഉത്തരവിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിറ്റിക്ക് 3 മാസമാണ് സമയം അനുവദിച്ചിരുന്നത്. എന്നാൽ കമ്മിറ്റിയുടെ കാലയളവ് വിവിധ കാരണങ്ങളാൽ താഴെപ്പട്ടികയിൽ പറയുംപ്രകാരം 9 തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | ദീർഘിപ്പിച്ച് നൽകിയ കാലയളവ് |
|---|---|---|
| (1) | (2) | (3) |
| 1. | 3-3-2018-ലെ സ.ഉ.(സാധാ)നമ്പർ 941/2018/പൊവിവ. | 6 മാസം |
| 2. | 8-3-2018-ലെ സ.ഉ.(സാധാ) നമ്പർ 923/2019/പൊവിവ. | 2019 ആഗസ്റ്റ് 31 വരെ |

| (1) | (2) | (3) |
|---|---|---|
| 3. | 9-12-2019-ലെ സ.ഉ.(സാധാ) നമ്പർ 5389/2019/പൊവിവ. | 2019 ഡിസംബർ 31 വരെ |
| 4. | 29-11-2020-ലെ സ.ഉ.(സാധാ)നമ്പർ 3182/2020/പൊവിവ. | 2020 ഡിസംബർ 31 വരെ |
| 5. | 22-2-2021-ലെ സ.ഉ.(സാധാ)നമ്പർ 1838/2021/പൊവിവ. | 2021 ജൂൺ 30 വരെ |
| 6. | 14-9-2021-ലെ സ.ഉ.(സാധാ) നമ്പർ 4057/2021/പൊവിവ. | 2021 ഒക്ടോബർ 31 വരെ |
| 7. | 2-12-2021-ലെ സ.ഉ.(സാധാ) നമ്പർ 5594/2021/പൊവിവ. | 2022 ജനുവരി 31 വരെ |
| 8. | 17-2-2022-ലെ സ.ഉ.(സാധാ)നമ്പർ 900/2022/പൊവിവ. | 2022 ഏപ്രിൽ 30 വരെ |
| 9. | 21-7-2022-ലെ സ.ഉ.(സാധാ)നമ്പർ 4275/2022/പൊവിവ. | 2022 സെപ്റ്റംബർ 30 വരെ |

(സി) പ്രസ്തുത കമ്മിറ്റിക്കുവേണ്ടി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഖാദർ കമ്മിറ്റിയുടെ പ്രവർത്തനത്തിന് നാളിതുവരെ 12,87,692 രൂപയാണ് ചെലവഴിച്ചത്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - പണി പൂർത്തിയാക്കാതെ കിടക്കുന്ന സ്കൂൾ കെട്ടിടങ്ങൾ

246 (1403) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട അലനല്ലൂർ ജി.എച്ച്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട എടത്തനാട്ടുകര GOHSS-ന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 55 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ഷോളയാർ GTHS-ന് coverage issue ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുമാറ്റി സ്ഥലം കണ്ടെത്തുന്നതിന് സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

GUPS ബീമനാട്, GHS തെങ്കര എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റിൽ ഇതനുസരിച്ചുള്ള ഭേദഗതികൾ വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് 'കില'-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

GVHS അഗളി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മണ്ണാർക്കാട് GMUPS-ന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കോൺട്രാക്ടർ കരാർ അവസാനിപ്പിക്കുന്നതിന് കത്ത് നൽകുകയുണ്ടായി. പുതിയ നിരക്കുപ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്കൂളിൽ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള 1 കോടി രൂപയുടെ നിർമ്മാണം പൂർത്തിയായി. ചളവ GUPS-ന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 90 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

നെച്ചുള്ളി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

(ബി) നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്ന പല സ്കൂൾ കെട്ടിടങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-കൾക്കും കരാറുകാർക്കും കർശനനിർദ്ദേശം നൽകുമോ?

ഉണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ എസ്.പി.വി.-കൾക്കും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**കാസർഗോഡ് സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ**

248 (1404) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിൽ സൈക്കോളജി അധ്യാപികയായും കോഴ്സ് കോ-ഓർഡിനേറ്റർ ഇൻ-ചാർജ്ജായും ഹസീബ എന്ന വ്യക്തി (ചിറകര പി. ഒ., തലശ്ശേരി, കണ്ണൂർ) ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എപ്പോൾ നടന്ന അഭിമുഖത്തിലാണ് ഇവർ തെരഞ്ഞെടുക്കപ്പെട്ടതെന്നും അപ്പോയിന്റ്മെന്റ് ലെറ്റർ നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ;

(ബി) അപ്പോയിന്റ്മെന്റ് ലെറ്റർ നൽകിയിട്ടില്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 13-3-2020-ൽ അഭിമുഖം നടത്തി ടിയാൾക്ക് 16-8-2021-ന് നിയമന ഉത്തരവ് നൽകിയിരുന്നു.

(സി) അഭിമുഖത്തിനുശേഷം പ്രസ്തുത അധ്യാപിക ക്ലാസ് എടുത്തിരുന്നോ; എങ്കിൽ എത്ര മാസം ക്ലാസ് എടുത്തുവെന്ന് വ്യക്തമാക്കാമോ?

26-8-2021 മുതൽ 31-5-2022 വരെ ക്ലാസ് എടുത്തിരുന്നു.

(ഡി) പ്രസ്തുത അധ്യാപികയ്ക്ക് ജോലി ചെയ്ത മാസങ്ങളിലെ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ ശമ്പളം നൽകാനുണ്ട്; കുടിശ്ശിക എപ്പോൾ നൽകാനാകുമെന്ന് അറിയിക്കാമോ?

31-03-2022 വരെ ശമ്പളം നൽകിയിട്ടുണ്ട്. രണ്ട് മാസത്തെ ശമ്പളം നൽകാനുണ്ട് (2022 ഏപ്രിൽ, മേയ്). ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ ക്ലാസ് മുറികളുടെ ശോചനീയാവസ്ഥ**

249 (1405) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ശോചനീയാവസ്ഥയിലുള്ള ക്ലാസ് മുറികളുള്ള സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ശോചനീയാവസ്ഥയിലുള്ള ക്ലാസ്സ് മുറികളുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടുവട്ടം ഗവൺമെന്റ് ജനതാ ഹയർ സെക്കണ്ടറി സ്കൂളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ഇല്ലാത്തതിനാൽ പുതിയ ക്ലാസ് മുറികൾ അനുവദിക്കണമെന്ന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

നടുവട്ടം ഗവൺമെന്റ് ജനതാ ഹയർ സെക്കണ്ടറി സ്കൂളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ഇല്ലാത്തതിനാൽ ഹയർ സെക്കണ്ടറി വിഭാഗത്തിന് സൗകര്യപ്രദമായ ക്ലാസ് മുറികൾ, ലബോറട്ടറികൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി പുതിയ കെട്ടിടം അനുവദിക്കണമെന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022-2023-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി സ്കൂൾ കെട്ടിടനിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകി 19-8-2022-ൽ സ.ഉ.(ആർ.റ്റി)4931/22/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) വാടാനാംകുറിശ്ശി ഗവൺമെന്റ് ഹയർ സെക്കണ്ടറി/ഹൈസ്കൂൾ കെട്ടിടങ്ങൾ അൺഫിറ്റ് ആയതിനാൽ കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട വാടാനാംകുറിശ്ശി GHSS-ന്റെ കെട്ടിടനിർമ്മാണം പൂർത്തിയാവുകയും ടി കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ സ്കൂളുകൾ**

250 (1406) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കിഫ്ബി വഴി പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ മറ്റത്തിൽ ഭാഗം എൽ.പി. സ്കൂൾ, പെരുമ്പളം എച്ച്.എസ്., തേവർവട്ടം എച്ച്.എസ്. എന്നീ സ്കൂളുകളിൽ നിർമ്മാണപ്രവൃത്തികൾ നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഏജൻസി കൃത്യമായി പ്രവൃത്തികൾ നടത്തുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അരൂർ മണ്ഡലത്തിൽ 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി അനുമതി നൽകിയ മറ്റത്തിൽ ഭാഗം എൽ.പി. സ്കൂളിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്കുപ്രകാരം 1.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്, ഇതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതാണെന്ന് എസ്.പി.വി.-യായ 'കില' അറിയിച്ചിട്ടുണ്ട്.

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പെരുമ്പളം എച്ച്.എസ്.എസ്., തേവർവട്ടം എച്ച്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നെങ്കിലും കിഫ്ബി-യുടെ അംഗീകാരം ലഭിക്കാത്തതിനാൽ എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചിരുന്നില്ല. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്കുപ്രകാരം 1.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. Soil test നടത്തി റിസൾട്ട് ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകിക്കൊണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് 'കില' അറിയിച്ചിട്ടുണ്ട്.

## ഖാദർ കമ്മിറ്റി ശിപാർശകൾ

251 (1407) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പുകൾ എന്നിവ സംയോജിപ്പിക്കുന്നതിനായി ഖാദർ കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നിലവിൽ വരുന്ന പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതല ഓഫീസ് സംവിധാനങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ എന്നുമുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ പൂർത്തിയായ നടപടികൾ വിശദമാക്കാമോ?

(എ-സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ (ഖാദർ കമ്മിഷൻ) ഒന്നാംഘട്ട റിപ്പോർട്ടിൽ പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതല ഓഫീസ് സംവിധാനങ്ങൾ ശിപാർശ ചെയ്തിട്ടുണ്ട്.

സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനായി നിയോഗിച്ച കോർ കമ്മിറ്റി ഇതുസംബന്ധിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏകീകരണം സംബന്ധിച്ച തുടർനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതിക്ക് ഭൂമി വിട്ടുനൽകൽ

252 (1408) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് നഗരൂർ നെടുമ്പറമ്പ് ഗവ. എച്ച്.എസ്.എസ്. വക ഭൂമി വിട്ടുനൽകണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പുളിമാത്ത് - നഗരൂർ - കരവാരം കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് നഗരൂർ നെടുമ്പറമ്പ് ഗവ. എച്ച്.എസ്.എസ്. വക 25 സെന്റ് സ്ഥലം വിട്ടുനൽകണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചുവരുന്നു.

## ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ കുട്ടികൾക്കായി സ്കൂളിൽ സൗകര്യമൊരുക്കുന്നത് സംബന്ധിച്ച്

253 (1409) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികളുടെ ആരോഗ്യം കണക്കിലെടുത്ത് പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് 19-3-2022-ന് പുറത്തിറക്കിയ സർക്കുലർപ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഇൻസുലിൻ എടുക്കുന്നതിന് വൃത്തിയും സ്വകാര്യതയുള്ളതുമായ മുറി സജ്ജീകരിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ വൈദ്യസഹായം ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണവും സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അധ്യാപക പരിശീലന പരിപാടികളിൽ ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ഇതുസംബന്ധിച്ചുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

| നമ്പർ | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 114 |
| 2 | കൊല്ലം | 896 |
| 3 | ആലപ്പുഴ | 772 |
| 4 | പത്തനംതിട്ട | 20 |
| 5 | കോട്ടയം | 16 |
| 6 | ഇടുക്കി | 101 |
| 7 | എറണാകുളം | 31 |
| 8 | തൃശ്ശൂർ | 30 |
| 9 | പാലക്കാട് | 167 |
| 10 | മലപ്പുറം | 244 |
| 11 | കോഴിക്കോട് | 32 |
| 12 | വയനാട് | 61 |
| 13 | കണ്ണൂർ | 702 |
| 14 | കാസർഗോഡ് | 127 |
| | ആകെ | 3313 |

### ഉർദ്ദു ഹൈസ്കൂൾ അധ്യാപക പരിശീലന കോഴ്സ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി.

254 (1410) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉർദ്ദു ഹൈസ്കൂൾ അധ്യാപക പരിശീലന കോഴ്സായ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഡി.എൽ.ഇ.ഡി.) നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കോഴ്സ് നിർത്തലാക്കിയിട്ടില്ല. ഒരു വർഷ ഡി.എൽ.എഡ്. (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സുകൾ രണ്ട് വർഷമാക്കി പരിഷ്കരിച്ച് മേൽ വിഷയങ്ങൾക്ക് പ്രൈമറിതലത്തിൽ അധ്യാപകരാകുന്നതിന് യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) തലശ്ശേരി ഗവണ്മെന്റ് ട്രെയിനിംഗ് കോളേജിൽ ഉർദു ബി.എഡ്. കോഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ ഉർദു ബി.എഡ്. കോഴ്സ് അനുവദിച്ചിട്ടില്ല.

(സി) പത്താംതരംവരെ ഒന്നാം ഭാഷയായി ഉർദു പഠിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഹയർ സെക്കണ്ടറിയിലും ഉർദു ഭാഷ പഠിക്കാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഉർദു ഭാഷാ പഠന സൗകര്യം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ഹയർ സെക്കണ്ടറിയിൽ ഒന്നാം ഭാഷ ഇംഗ്ലീഷാണ്. കൂടാതെ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ഉറുദു രണ്ടാം ഉപഭാഷയായി പഠിക്കാനുള്ള സൗകര്യമുണ്ട്. സർക്കാർ അംഗീകരിച്ച വിഷയ കോമ്പിനേഷനുകളാണ് ഹയർസെക്കണ്ടറിയിൽ വർഷങ്ങളായി നിലനിൽക്കുന്നത്. അതിൽ മാറ്റം വരുത്തണമെങ്കിൽ സ്കൂളുകളിൽ നിലനിൽക്കുന്ന വിഷയകോമ്പിനേഷനുകളെയും അധ്യാപക തസ്തികകളെയും ആയത് എപ്രകാരം ബാധിക്കുമെന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ പഠനവും വിലയിരുത്തലും ആവശ്യമാണ്.

**നെന്മാറ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി**

255 (1411) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നാളിതുവരെ നിർമ്മാണം തുടങ്ങാൻ കഴിയാത്ത സ്കൂളുകൾ ഏതെല്ലാമാണെന്നും കാലതാമസമുണ്ടാകാനുള്ള കാരണമെന്താണെന്നും വിശദമാക്കാമോ;

(സി) നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകൾ ഏതെല്ലാമാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-ഡി) ഉണ്ട്. നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017-ൽ നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി അക്കാദമിക ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന 3 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൊടുവായൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 83% നിർമ്മാണം പൂർത്തീകരിച്ചു.

ജി.ജി.വി.എച്ച്.എസ്.എസ്. നെന്മാറ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. 'Feasibility study' നടത്തി. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതിയോടുകൂടി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് 'കില' നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ജി.എച്ച്.എസ്.എസ്. മുതലമട സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി-യിൽ സമർപ്പിച്ചിരുന്നു. ചില ഭേദഗതികൾ വരുത്തുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രകാരമുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് ബാധകമായതിനാൽ പുതിയ നിരക്കിലുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടിവന്നതും നിർമ്മാണ നടപടികൾ വൈകാൻ കാരണമായി.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം ഈ അധ്യയന വർഷാവസാനത്തോടെ പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

## എറണാകുളം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ

256 (1412) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ എൽ.പി. വിഭാഗം പ്രധാന അധ്യാപകരുടെ പ്രൊമോഷന്റെ ഭാഗമായി എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ എത്ര ഒഴിവുകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

23 ഒഴിവുകൾ

(ബി) പ്രസ്തുത ജില്ലയിലെ സർക്കാർ എൽ.പി. വിദ്യാലയങ്ങളിൽനിന്ന് 2023 ജനവരി 1 മുതൽ ഡിസംബർ 31 വരെ വിരമിക്കുന്ന എൽ.പി. വിഭാഗം പ്രധാനാധ്യാപകരുടെയും അധ്യാപകരുടെയും എണ്ണം അറിയിക്കാമോ?

പ്രധാനാധ്യാപകർ -55

അധ്യാപകർ - 43

(സി) സ്റ്റാഫ് ഫിക്സേഷൻ വഴി ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എൽ.പി. വിഭാഗത്തിലുണ്ടായ അധിക തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ?

51 അധിക തസ്തികകൾ

(ഡി) ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ജില്ലയിൽ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ 58 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 41 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾ**

257 (1413) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണനയും സംവരണവും നൽകണമെന്ന കോടതി ഉത്തരവ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) 18-11-2018-ലെ സ.ഉ.(പി) നമ്പർ 18/2018/സാ.നീ.വ. ഉത്തരവിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 7-2-1996 മുതൽ 18-4-2017 വരെ 3%, 19-4-2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 8-11-2021-ൽ സ.ഉ(പി)നമ്പർ 19/2021/പൊ.വി.വ. ഉത്തരവുപുറപ്പെടുവിച്ചിരുന്നു.

തുടർന്ന് 7-2-1996 മുതൽ 18-4-2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19-4-2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ 7-2-1996 മുതൽ 18-4-2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും 19-4-2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക്‌ലോഗ് കണക്കാക്കി നിയമനം നടത്താൻ 25-6-2022-ലെ സ.ഉ.(കൈ) നമ്പർ 111/2022/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/21 നമ്പർ റിട്ട് പെറ്റീഷനിൽ 10-8-2022-ൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സംരക്ഷിത അധ്യാപകർ**

258 (1414) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സംരക്ഷിത അധ്യാപകർ ഇല്ലാത്ത ജില്ലകളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അങ്ങനെയുള്ള ജില്ലകളിൽ ദിവസവേതനക്കാരെ നിയമിക്കാനുള്ള അനുമതി എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) എല്ലാ ജില്ലകളിലും സംരക്ഷിത അധ്യാപകർ ഉണ്ടെങ്കിലും ചില ജില്ലകളിൽ ചില തസ്തികകളിൽ സംരക്ഷിത അധ്യാപകർ ലഭ്യമാകാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംരക്ഷിത അധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2019-20 അധ്യയന വർഷത്തെ കണക്കനുസരിച്ചുള്ള എണ്ണം അനുബന്ധം (1)* ആയി ചേർക്കുന്നു.

2022-23-ലെ തസ്തിക നിർണ്ണയം, പുനർവിന്യാസം എന്നിവ പൂർത്തിയാകാത്തതിനാൽ നടപ്പ് അധ്യയന വർഷത്തെ സംരക്ഷിത അധ്യാപകരുടെ എണ്ണം ലഭ്യമായിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്ത് 1979-നുശേഷം ഉയർത്തപ്പെട്ട എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടിക അനുബന്ധം (2) *ആയി ചേർക്കുന്നു.

(ഇ) ഇത്തരം സ്കൂളുകളിൽ മാനേജർമാർ ഒഴിവ് നീക്കിവച്ചിട്ടും സംരക്ഷിത അധ്യാപകരുടെ അഭാവം കാരണം അധ്യാപക ബാങ്കിൽനിന്ന് അധ്യാപകരെ നിയമിക്കാത്ത അവസ്ഥയുണ്ടോ; എങ്കിൽ അങ്ങനെയുള്ള സ്കൂളുകളുടെ പേര്, ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്. പട്ടിക അനുബന്ധം (3)* ആയി ചേർക്കുന്നു.

(എഫ്) സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങളിൽ, സംരക്ഷിത അധ്യാപകരിൽനിന്നും നിയമിക്കുന്നതിന് ബാക്കിയായിട്ടുള്ള അധ്യാപകരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കാമോ?

അനുബന്ധം (4)* ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ജി) മാനേജർമാർ ഒഴിവ് നീക്കിവച്ചിട്ടും സംരക്ഷിത അധ്യാപകരുടെ അഭാവം കാരണം നിയമനം നടക്കാത്ത എയ്ഡഡ് സ്കൂളുകളുണ്ടോ; എങ്കിൽ അത്തരം സ്കൂളുകളിൽ 15-7-2021-നു റിട്ടയർമെന്റ് തസ്തികയിൽ നിയമിച്ച അധ്യാപകരുടെ നിയമനം അംഗീകരിക്കപ്പെടാത്ത സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്. പട്ടിക അനുബന്ധം (5)* ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം

259 (1415) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപക നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മേലടി, പേരാമ്പ്ര എ.ഇ. ഓഫീസുകളിലും വടകര, താമരശ്ശേരി ഡി.ഇ. ഓഫീസുകളിലും എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും എത്ര കാലമായുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ?

എയ്ഡഡ് സ്കൂൾ അധ്യാപക നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മേലടി, പേരാമ്പ്ര എ.ഇ. ഓഫീസുകളിലും വടകര, താമരശ്ശേരി ഡി.ഇ. ഓഫീസുകളിലും നിലവിലുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. മേലടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - 2021-22-ലെ 7 അപേക്ഷകളും 2022-23-ലെ 84 അപേക്ഷകളുമുൾപ്പെടെ ആകെ 91 അപേക്ഷകൾ.

2. പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - 96 (1-1-2021 മുതലുള്ള അപേക്ഷകൾ).

3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസ് - 143 (2019 മുതലുള്ള അപേക്ഷകൾ)

4. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസ് - 90 (2017 മുതലുള്ള അപേക്ഷകൾ)

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നിലനിന്നിരുന്നതിനാലാണ് 2021-22-ലെ (15-7-2021 മുതലുള്ളത്) ശേഷിക്കുന്ന നിയമനങ്ങൾ തീർപ്പുകൽപ്പിക്കാതിരുന്നത്. 2022-23 വർഷം നടത്തിയ നിയമനങ്ങൾ അംഗീകരിക്കാതെ ശേഷിക്കുന്നത് പ്രസ്തുത വർഷത്തെ തസ്തിക നിർണ്ണയം പൂർത്തീകരിക്കാത്തതിനാലും ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാലുമായിരുന്നു.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 19808/21-ന്മേൽ 10-8-2022-ന് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡിലെ അധ്യാപിക ശ്രുതി ഭാസ്കറുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) നിലവിലുണ്ടായിരുന്ന അധ്യാപിക, പി.എസ്.സി. നിയമനം ലഭിച്ച് പോയതിനെത്തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് മാനേജർ നിയമിച്ച ശ്രുതിഭാസ്കറിന് നിയമന അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇമ്പയേർഡ് സ്പെഷ്യൽ സ്കൂളും പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതുമാണ്. ജി.ഒ.(എം.എസ്)നമ്പർ 284/15/പൊ.വി.വ. തീയതി 9-11-2015 പ്രകാരമാണ് വടകര റോട്ടറി സ്കൂളിൽ പുതുതായി 2016-17 വർഷം മുതൽ തസ്തികകൾ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ ഈ സ്കൂളിൽ നിലവിൽ തുടരുന്ന

യോഗ്യതയുള്ള അദ്ധ്യാപകരെ നിലനിർത്തിയതിനുശേഷം വരുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന നിബന്ധനയുണ്ട്. ശ്രീമതി ശ്രുതില എസ്., പ്രസ്തുത വിദ്യാലയത്തിൽ നേരത്തെ തുടർന്നുവന്ന യോഗ്യതയുള്ള അധ്യാപികയായതിനാൽ നിയമനാംഗീകാരം ലഭിക്കുകയും തുടർന്ന് ടിയാരി 6-6-2019-ന് രാജിവച്ച ഒഴിവിലാണ് മാനേജർ ശ്രീമതി ശ്രുതി ഭാസ്കറിനെ 6-6-2019 മുതൽ സഹാധ്യാപികയായി പുതുതായി നിയമിച്ചിട്ടുള്ളത്. ജി.ഒ. (എം.എസ്) നമ്പർ 284/15/പൊ.വി.വ., തീയതി 9-11-2015 പ്രകാരം 6-6-2019-ന് പുതുതായി ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെയാണ് നിയമിക്കേണ്ടത്. ഇവിടെ ശ്രീമതി ശ്രുതില. എസ്, രാജിവച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ പുതുതായി നിയമനം നടത്തിയ മാനേജരുടെ നടപടി മേൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായതിനാലാണ് വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡിലെ സഹാധ്യാപികയായ ശ്രീമതി ശ്രുതി ഭാസ്കറുടെ നിയമനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19-4-2022-ലെ ബി1/28808/21 നമ്പർ ഉത്തരവുപ്രകാരം നിരസിക്കാനിടയായത്. ശ്രീമതി ശ്രുതി ഭാസ്കർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

## പാടൂർ അലിമുൽ ഇസ്ലാം എച്ച്.എസ്. എസ്സിലെ പ്രിൻസിപ്പലിനെ സസ്പെൻഡ് ചെയ്ത നടപടി

260 (1416) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാടൂർ അലീമുൽ ഇസ്ലാം എച്ച്.എസ്.എസ്സി-ലെ പ്രിൻസിപ്പൽ ഫൈസലിനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ടിയാനെ സസ്പെൻഡ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ?

ജോലി ലഭിക്കുന്നതിനായി ശ്രീ. ഫൈസൽ കെ. വി. സമർപ്പിച്ച ബിരുദ-ബിരുദാനന്തര ബിരുദ, ബി.എഡ്. സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, ടിയാൻ വിദ്യാഭ്യാസ യോഗ്യതയായി സമർപ്പിച്ചിരുന്ന ബിരുദ-ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകൾ അവ ടിയാന് നൽകിയിരുന്നുവെന്ന് പറയപ്പെട്ട യൂണിവേഴ്സിറ്റികൾ, ആയത് വ്യാജമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ പൊതുവിദ്യാഭ്യാസ ഡയറക്ടർ സസ്പെൻഡ് ചെയ്തത്.

(സി) ടിയാനെതിരെയുള്ള അന്വേഷണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ കർശനമായ അന്വേഷണം നടത്തുന്നതിനും അന്വേഷണം വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) വ്യാജ സർട്ടിഫിക്കറ്റ് നൽകി ജോലിയിൽ പ്രവേശിച്ചതിലൂടെ 22 വർഷത്തോളം സർക്കാരിനെയും/ വകുപ്പിനെയും/ വിദ്യാർത്ഥികളെയും/ പൊതുജനങ്ങളെയും കബളിപ്പിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയതിനാൽ പാവറട്ടി പോലീസ് സ്റ്റേഷനിൽ ടിയാൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ആയതിന്മേൽ പോലീസ് അന്വേഷണം നടന്നുവരുന്നു. സർവ്വീസിൽ പ്രവേശിക്കുന്നതിന് ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് ബന്ധപ്പെട്ട സർവ്വകലാശാലകൾ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെതിരെയുള്ള വകുപ്പുതല നടപടികൾ പൂർത്തിയാക്കുന്നതിനായി ടിയാന് കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. ആയതിന് ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലാവധി 21-7-2022 മുതൽ ആറു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്.

### ഭിന്നശേഷിക്കാരുടെ സംവരണം

261 (1417) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനത്തിന് ഭിന്നശേഷിക്കാർക്ക് നിശ്ചിത ശതമാനം സംവരണം നൽകണമെന്ന കോടതി നിർദ്ദേശത്തെത്തുടർന്നുള്ള പ്രതിസന്ധി എന്താണെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/21 നമ്പർ റിട്ട് പെറ്റീഷനിൽ 10-8-2022-ൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ആയതിന് സത്വര നടപടി സ്വീകരിക്കുമോ?

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/21 നമ്പർ റിട്ട് പെറ്റീഷനിൽ 10-8-2022-ൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ

സ്വീകരിച്ചുവരുന്നു. ജോലിയിൽ പ്രവേശിച്ചതിലൂടെ 22 വർഷത്തോളം സർക്കാരിനെയും/ വകുപ്പിനെയും/ വിദ്യാർത്ഥികളെയും/ പൊതുജനങ്ങളെയും കബളിപ്പിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയതിനാൽ പാവറട്ടി പോലീസ് സ്റ്റേഷനിൽ ടിയാൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ആയതിന്മേൽ പോലീസ് അന്വേഷണം നടന്നുവരുന്നു. സർവ്വീസിൽ പ്രവേശിക്കുന്നതിന് ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് ബന്ധപ്പെട്ട സർവ്വകലാശാലകൾ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെതിരെയുള്ള വകുപ്പുതല നടപടികൾ പൂർത്തിയാക്കുന്നതിനായി ടിയാന് കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. ആയതിന് ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലാവധി 21-7-2022 മുതൽ ആറു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## എൽ.പി. സ്കൂൾ ടീച്ചർ തസ്തിക

262 (1418) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എത്ര മലയാളം എൽ.പി. സ്കൂൾ ടീച്ചർ തസ്തികകളുണ്ടെന്നും അതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എപ്പോൾ റിപ്പോർട്ട് ചെയ്യുമെന്ന് വിശദമാക്കാമോ?

2019-20 തസ്തിക നിർണ്ണയപ്രകാരം കോട്ടയം ജില്ലയിലെ എൽ.പി.എസ്.ടി. (മലയാളം) ആകെ 972 തസ്തികകളുള്ളതിൽ 70 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ആയതിൽ 55 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിൽ എൽ.പി. സ്കൂൾ ടീച്ചർ തസ്തികകളിൽ എംപ്ലോയ്മെന്റ്, കരാർ, വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ആരൊക്കെ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ആറുമാസ മാസക്കാലയളവിലധികം ലീവെടുത്ത് നിൽക്കുന്ന എത്ര ജീവനക്കാർ ഈ തസ്തികകളിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഒന്ന്.

(ഡി) 15-2-2022-ലെ എസ്.എൽ.പി.(സി)നമ്പർ 9111-9124 ഉത്തരവുപ്രകാരം ഓരോ ജില്ലയിലും എത്ര യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരുവിക്കരയിലെ സ്കൂളുകൾ

263 (1419) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 8 പഞ്ചായത്തുകളിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ പേരുവിവരം, അധ്യാപക-അനധ്യാപക ജീവനക്കാരുടെയും ദിവസവേതന, താൽക്കാലിക ജീവനക്കാരുടെയും അനുവദിക്കപ്പെട്ടിട്ടുള്ള പോസ്റ്റുകളുടെയും നിലവിലുള്ളവരുടെയും എണ്ണം, ഒഴിവുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പഞ്ചായത്തുതലത്തിൽ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും, അധ്യാപക-അനധ്യാപക ജീവനക്കാരുടെയും ദിവസവേതന താൽക്കാലിക ജീവനക്കാരുടെയും അനുവദിക്കപ്പെട്ടിട്ടുള്ള പോസ്റ്റുകളുടെയും നിലവിലുള്ളവരുടെയും എണ്ണം, ഒഴിവുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ പേരുവിവരം പട്ടിക തിരിച്ച് ചുവടെച്ചേർക്കുന്നു:

| School code | School Name | School Type | Local Body | First Year | | Second Year | |
|---|---|---|---|---|---|---|---|
| | | | | Seats | Admitted | Seats | Admitted |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1020 | GOVT.HSS., THOLIKODE, THIRUVANANTHAPURAM | Govt. | Tholicode | 195 | 193 | 195 | 193 |
| 1042 | GOVT. VHSS, VELLANAD, THIRUVANANTHAPURAM | Govt. | Vellanad | 325 | 324 | 325 | 329 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 1074 | SN HSS. UZHAMALAKKAL, THIRUVANANTHAPURAM | Aided backward | Uzhamalackal | 195 | 150 | 195 | 195 |
| 1137 | GOVT. VHSS., ARYANAD, THIRUVANANTHAPURAM | Govt. | Aryanad | 195 | 195 | 195 | 194 |
| 1138 | GOVT.HSS., POOVACHAL, THIRUVANANTHAPURAM | Govt. | Poovachal | 130 | 128 | 130 | 129 |
| 1139 | GOVT.HSS., ARUVIKKARA, THIRUVANANTHAPURAM | Govt. | Aruvikkara | 130 | 130 | 130 | 129 |
| 1145 | GOVT. VHSS., VITHURA, THIRUVANANTHAPURAM | Govt. | Vithura | 260 | 261 | 260 | 257 |
| 1168 | GOVT.VHSS., PARUTHIPPALLY, THIRUVANANTHAPURAM | Govt. | Kuttichal | 130 | 128 | 130 | 128 |

**സമയബന്ധിത ഹയർഗ്രേഡ്**

264 (1420) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ അധ്യാപകരായി ജോലി ചെയ്യുമ്പോൾ ബൈട്രാൻസ്ഫർ പ്രമോഷനിലൂടെ ഹയർ സെക്കണ്ടറി അധ്യാപകരാവുകയും പിന്നീട് എച്ച്.എസ്.എ. ലീനിൽ ഡി.പി.സി. ചേർന്ന് പ്രസ്തുത അധ്യാപകരെ 2019-ൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കുകയും ചെയ്തുവെങ്കിലും ഇത്തരത്തിൽ പ്രൊമോട്ട്

ചെയ്യപ്പെട്ട പ്രസ്തുത അധ്യാപകരുടെ എച്ച്.എസ്.എസ്.ടി. സേവനകാലം പരിഗണിച്ച് നോഷണലായി എച്ച്.എസ്.എ.-യുടെ ഹയർ ഗ്രേഡും സീനിയർ ഗ്രേഡും അനുവദിക്കാതിരുന്നതിനാൽ ഇവർക്ക് അവരുടെ ജൂനിയറായ ഹെഡ്മാസ്റ്റർമാരെക്കാൾ കുറഞ്ഞ ശമ്പളമേ ലഭിക്കുന്നുള്ളൂവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി വിഭാഗം വിശേഷാൽ ചട്ടങ്ങൾപ്രകാരം ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്ക് ഹൈസ്കൂൾ ടീച്ചർ തസ്തികയിൽനിന്നും ബൈട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം ഹൈസ്കൂൾ ടീച്ചർ തസ്തികയിൽനിന്നും ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരീകരണം ലഭിക്കാത്തവർക്ക് ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ലീൻ പ്രകാരം ടി പേർ ഹൈസ്കൂൾ ടീച്ചർമാരുടെ സീനിയോറിറ്റി പട്ടികയിലും തുടർന്ന് ഹെഡ്മാസ്റ്റർ നിയമനത്തിനുള്ള സെലക്റ്റ് ലിസ്റ്റിലും ഉൾപ്പെടുകയും ചെയ്യും. ഇപ്രകാരം ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടുന്ന അധ്യാപകർക്ക് ശമ്പളം നിർണ്ണയിക്കുമ്പോൾ അവർ എച്ച്.എസ്.എസ്.ടി. ആയിരുന്ന കാലയളവിൽ എച്ച്.എസ്.എ. ആയി തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ട ഇൻക്രിമെന്റിനാണ് അർഹതയുള്ളത്. സമയബന്ധിത ഹയർ ഗ്രേഡ് പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം പരിഗണിച്ചാണ് നൽകുന്നതെന്നും ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക ഹൈസ്കൂൾ ടീച്ചറുടെ പ്രൊമോഷൻ തസ്തികയല്ലെന്നും വ്യക്തമാക്കിയിട്ടുമുണ്ട്.

(ബി) എങ്കിൽ എന്താണ് തടസ്സമെന്നും ഇത്തരം കേസുകളിൽ മുമ്പ് നോഷണലായി സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിരുന്നോയെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വരുന്നത് അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചപ്പോഴാണ്. ഇതിന് ഇളവ് നൽകികൊണ്ട് 11-1-2021-ലെ സ.ഉ.(കൈ) നമ്പർ 11/2021/പൊ.വി.വ. നമ്പർപ്രകാരം സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ അവർക്ക് 22/27 വർഷ സമയബന്ധിത ഹയർഗ്രേഡിന് അർഹതയുണ്ടെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(സി) പുതിയ ശമ്പള പരിഷ്കരണ ഉത്തരവിൽ ഇതുസംബന്ധിച്ച് വ്യക്തമായ പരാമർശമില്ലെന്ന കാരണത്താലാണ് നോഷണലായി സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് എ.ജി. തടസ്സവാദം ഉന്നയിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങൾ പ്രകാരം സമയബന്ധിത ഹയർഗ്രേഡ്, പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം

പരിഗണിച്ചാണ് നൽകുന്നത്. ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക ഹൈസ്കൂൾ ടീച്ചറുടെ പ്രമോഷൻ തസ്തികയല്ലെന്നും ഇപ്രകാരം ഹെഡ്മാസ്റ്റർ നിയമനം ലഭിച്ച അധ്യാപകർക്ക് സമയബന്ധിത ഹയർഗ്രേഡുകൾക്ക് അർഹതയില്ലെന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് 11-1-2021-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) എങ്കിൽ ഇത്തരത്തിൽ ഹെഡ്മാസ്റ്റർമാരായ അധ്യാപകർക്ക് മുൻകാലത്ത് നൽകി വന്നിരുന്നതുപോലെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുൻകാലങ്ങളിൽ ഇപ്രകാരം നിയമിതരായിട്ടുള്ള അധ്യാപകർക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ നൽകുന്നതിന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. 11-1-2021-നാണ് ഇതുമായി ബന്ധപ്പെട്ട ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

## എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ നിയമനം

265 (1421) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) റാങ്ക് ലിസ്റ്റിൽനിന്ന് സമാന തസ്തികയായ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) തസ്തികയിലേയ്ക്കുകൂടി നിയമനം നടത്തുന്നതുസംബന്ധിച്ച് (ഫയൽ നമ്പർ ജെ 4/117/2021) തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) റാങ്ക് ലിസ്റ്റിൽനിന്ന് സമാന തസ്തികയായ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)-ലേയ്ക്ക് മുമ്പും നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഫയൽ നമ്പർ ജെ4/ 117/2021 പരിശോധിച്ചുവരുന്നു.

## തൊഴിലവസരങ്ങൾ

266 (1422) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 സർക്കാർ എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചതെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് എല്ലാ തൊഴിൽ മേഖലയിലും ഉണർവുണ്ടാക്കുന്നതിലും പൊതു-സ്വകാര്യ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പി.എസ്.സി. മുഖാന്തരം 161361 പേർക്ക് നിയമനം നൽകി. 27000 സ്ഥിരം തസ്തികകളുൾപ്പെടെ 44000-ൽ അധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം ഉൾപ്പെടെ 50000-ൽ അധികം പേർക്ക് നിയമനം നൽകി. സ്വകാര്യ മേഖലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നിയമനം നൽകിവരുന്നുണ്ട്. സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം 1.4 ലക്ഷമായി ഉയർത്തിയതിലൂടെ ഈ മേഖലയിൽ 4.18 ലക്ഷം തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ഇവരുടെ എണ്ണം 6.38 ലക്ഷമായി ഉയർന്നു. ഐ.ടി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചതിലൂടെ നിരവധി സ്വകാര്യ സംരംഭങ്ങൾ പുതുതായി പ്രവർത്തനമാരംഭിക്കുകയും അതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

**കെയ്സ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

267 (1423) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ജില്ല തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'SANKALP' പദ്ധതിയുടെ ഭാഗമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മേൽനോട്ടത്തിൽ ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ നൈപുണ്യ സമിതിയുടെയും സഹായത്തോടെ എല്ലാ ജില്ലകളിലും ജില്ലാതല തൊഴിൽ മേളകൾ സംഘടിപ്പിച്ചു. ഈ തൊഴിൽമേളകൾ വഴി 3233 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു.

ഓരോ ജില്ലകളിലും ജോലി ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 186, കൊല്ലം - 399, ആലപ്പുഴ - 198, പത്തനംതിട്ട - 243, ഇടുക്കി - 132, കോട്ടയം - 351, എറണാകുളം - 58, തൃശ്ശൂർ - 307, പാലക്കാട് - 355, മലപ്പുറം - 246, കോഴിക്കോട് - 132, വയനാട് - 150, കണ്ണൂർ - 112, കാസർഗോഡ് -358.

വിവിധ നൈപുണ്യ വികസന പദ്ധതികളുടെ ഏകോപനം നടപ്പാക്കുന്നതിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ് കേരളത്തിലെ എല്ലാ നൈപുണ്യ വികസന ഏജൻസികൾക്കുമായി സംഘടിപ്പിച്ചിരുന്നു.

സങ്കൽപ്പ് പദ്ധതിയിൽ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി കളിമൺ നിർമ്മാണ പ്രവർത്തനങ്ങളിൽ പെരിയ പോട്ടറി സൊസൈറ്റിയിലെ 18 അംഗങ്ങൾക്ക് പാലക്കാടുള്ള ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.

ഹ്രസ്വകാല പരിശീലന പരിപാടികളുടെ ഭാഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (CIPET)-യുമായി സഹകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ 25 വിദ്യാർത്ഥികൾക്കായി പ്ലാസ്റ്റിക് ഇൻജക്ഷൻ മോൾഡിംഗ് കോഴ്സ് നടത്തുകയും പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും വിവിധ കമ്പനികളിലായി നിയമനം നേടാൻ സഹായിക്കുകയും ചെയ്തു.

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി തിരുവനന്തപുരം ജില്ലയിൽ NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം 2015 മുതൽ KASE-ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 155 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും 107 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

KASE-നുകീഴിൽ ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Programme for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 170 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും 122 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

നിർമ്മാണമേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and

Construction (IIIC) 2015 മുതൽ KASE-നു കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 231 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും 28 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

KASE-ഉം ഒഡെപെക് (ODEPC)-മായി സഹകരിച്ച് Multi Language Learning Institute എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET പരിശീലന കേന്ദ്രം 2020 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 231 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും 28 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

KASE-ഉം ഒഡെപെക് (ODEPC)-മായി സഹകരിച്ച് Occupation Training and Exam Center (OTEC) എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ 2021 മുതൽ Occupational English Test-നായി (OET) പരീക്ഷാകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രം വഴി 114 പേർ OET പരീക്ഷ എഴുതുകയുണ്ടായി.

കേന്ദ്ര നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ അനെർട്ടും KASE-ഉം കൈകോർത്തുകൊണ്ട് ഈ മേഖലയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രം തിരുവനന്തപുരത്ത് 2021-ൽ ആരംഭിച്ചു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 196 പേർക്ക് തൊഴിൽ പരിശീലനം നൽകി.

M/s. Sports Research Management Institute എന്ന തിരുവനന്തപുരത്തുള്ള സ്ഥാപനം നടത്തുന്ന കായിക മേഖലയിലെ 2017 മുതൽ KASE അംഗീകാരം (accreditation) ഉള്ള PG Diploma in Sports Management, Certified Sports Manager, Advanced Diploma in Sports Business and Advanced Diploma in Sports Engineering എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 24 പേർക്ക് പരിശീലനം നൽകുകയും 5 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

'സങ്കൽപ്' പദ്ധതിയുടെ കീഴിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പരിപാടികളുടെ ഭാഗമായി വനിതകൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റുപിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ പുതുതായി അനുവദിച്ച കൗശൽ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിശദവിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ?

കൗശൽ കേന്ദ്രയുടെ സെന്ററുകൾ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കോഴിക്കോട് ജില്ലയിലെ പാളയത്തും കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിലും നിലവിൽ പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട

ജില്ലയിലെ കോന്നി മണ്ഡലത്തിൽ പുതിയ കേന്ദ്രം ആരംഭിക്കുന്നതിനായി കെട്ടിട ഉടമയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർക്കാർ അംഗീകൃത ഏജൻസി മുഖേന ലഭിച്ച ഇന്റീരിയർ, ഇലക്ട്രിക്കൽ, പ്ലമ്പിംഗ് തുടങ്ങിയ ജോലികൾക്കായുള്ള എസ്റ്റിമേറ്റുകളുടെ പരിശോധന നടന്നുവരുന്നു. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ കൗശൽ കേന്ദ്ര ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് PWD വഴി വാടക നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിൽ കൗശൽ കേന്ദ്ര ആരംഭിക്കുന്നതിനായി BSNL കെട്ടിടം ലഭ്യമാണെന്ന് ജില്ലാകളക്ടർ അറിയിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതുകൂടാതെ കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ പുതിയ കൗശൽ കേന്ദ്ര സെന്റർ തുടങ്ങുന്നതിനായി അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

268 (1424) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അധീനതയിൽ ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുത്ത പത്ത് ഏക്കർ സ്ഥലം പ്രയോജനപ്പെടുത്തി കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ജനപ്രതിനിധിയെയും ഡി.പി.ആർ. തയ്യാറാക്കിയ സൊസൈറ്റിയെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു യോഗം ചേരണമെന്ന 17-3-2022 -ലെ യോഗ തീരുമാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ബോർഡിലെ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

269 (1425) ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതുസംബന്ധിച്ച വിഷയം സമഗ്രപഠനത്തിന് വിധേയമാക്കേണ്ടതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ക്ഷേമനിധി ബോർഡുകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അവലോകന യോഗങ്ങൾ പ്രത്യേകമായി ചേരുകയും പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുഗമമാക്കുന്നതിനുമായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫറും നടപ്പാക്കിവരുന്നു. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകവഴി കൂടുതൽ തൊഴിലാളികളെ ബോർഡുകളിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ മുഴുവൻ അവരുടെ ആധാർ നമ്പറും ബാങ്ക് അക്കൗണ്ട് നമ്പറും കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ സാമൂഹിക ക്ഷേമ പെൻഷനേക്കാൾ കുറഞ്ഞ തുക ക്ഷേമനിധി പെൻഷനായി വിതരണം ചെയ്യുന്ന ബോർഡുകൾ നിലവിലുണ്ടോ; എങ്കിൽ സാമൂഹികക്ഷേമ പെൻഷൻ തുകയ്ക്ക് തുല്യമായ തുക ക്ഷേമനിധി പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇല്ല.

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനച്ചെലവുകൾ വർദ്ധിക്കുന്നത് ഇവയുടെ മുന്നോട്ടുള്ള പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനച്ചെലവുകൾ വർദ്ധിക്കുന്നത് ഇവയുടെ മുന്നോട്ടുള്ള പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നില്ല. അംശദായ വർദ്ധനവ്

നടപ്പാക്കിയും സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തിയും ക്ഷേമ ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനച്ചെലവ് നിയന്ത്രിക്കുന്നതിനായി ബോർഡുകൾക്ക് ലഭിക്കുന്ന അംശദായത്തിന്റെയോ വരുമാനത്തിന്റെയോ നിശ്ചിത ശതമാനം മാത്രമേ പ്രവർത്തനച്ചെലവിനായി നീക്കിവയ്ക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയും ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയും ഭരണച്ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ ബോർഡുകൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രതിസന്ധിയിലായ സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**എടരിക്കോട് ഇ.എസ്.ഐ. ആശുപത്രി**

270 (1426) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത ആശുപത്രി സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

## അതിഥി തൊഴിലാളികളുടെ വിവരശേഖരണം

271 (1427) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയമസഭാമണ്ഡലത്തിനുകീഴിൽ വരുന്ന എട്ട് പഞ്ചായത്തുകളിൽ നിലവിൽ തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ എണ്ണം, അവരുടെ സംസ്ഥാനം എന്നീ വിവരങ്ങൾ പഞ്ചായത്തുതലത്തിൽ ലഭ്യമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ജില്ലയിൽത്തന്നെ ജോലിയെടുക്കാത്തതിനാൽ അവരുടെ കൃത്യമായ കണക്ക് ലഭ്യമാകുന്നതല്ല. തൊഴിൽ വകുപ്പ് മുഖേന അതിഥിത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന 'ആവാസ്' പദ്ധതിപ്രകാരം നാളിതുവരെ അരുവിക്കര നിയമസഭാമണ്ഡലത്തിനുകീഴിൽ വരുന്ന 8 പഞ്ചായത്തുകളിൽ തൊഴിലെടുക്കുന്ന അതിഥിത്തൊഴിലാളികളുടെ എണ്ണം, അവരുടെ സംസ്ഥാനം എന്നീ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി 2010 പ്രകാരം, ഗസ്റ്റ് ആപ്പ് വഴി രജിസ്റ്റർ ചെയ്ത അതിഥിത്തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അരുവിക്കര - 175, ആര്യനാട് - 6, തൊളിക്കോട് - 0, വിതുര - 0, ഉഴമലയ്ക്കൽ - 6, വെള്ളനാട് - 0, കുറ്റിച്ചൽ - 83, പൂവച്ചൽ - 30

(ബി) അതിഥിത്തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ടി പദ്ധതിയുടെ വിവരശേഖരണം നടന്നുവരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനുമിടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ലോക്ക്ഡൗണിനുശേഷം സംസ്ഥാനത്ത് ജോലിക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ച് വിവരശേഖരണത്തിനായി 'അതിഥി പോർട്ടൽ' കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്ന അതിഥിത്തൊഴിലാളികൾക്ക് അവരുടെ യാത്ര സ്വന്തം സംസ്ഥാനത്തുനിന്ന് ആരംഭിക്കുന്നതിന് മുമ്പുതന്നെ 'അതിഥി പോർട്ടൽ' മുഖേന രജിസ്റ്റർ ചെയ്യുന്നതിനും കേരളത്തിൽ എത്തുന്ന മുറയ്ക്ക് അതിഥിത്തൊഴിലാളികൾക്കായി സംസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന ബയോമെട്രിക് വിവരങ്ങൾ നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും സർക്കാർ അതിഥിത്തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുന്നു. കോവിഡ് പോലുള്ള പകർച്ചവ്യാധികളോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടാകുന്ന ഘട്ടത്തിൽ അതിഥിത്തൊഴിലാളികൾക്ക് വിവരങ്ങളും നിർദ്ദേശങ്ങളും ലൈവായി മൊബൈൽ പോർട്ടലിലൂടെ നൽകിക്കൊണ്ട് അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. ടി പോർട്ടലിലൂടെ അതിഥിത്തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും തൊഴിലാളികളുടെ വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്.

കേരളത്തിൽ ജോലി ചെയ്യുന്ന അതിഥിത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ നടത്തിപ്പ് കേരള കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. രജിസ്ട്രേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിന് " Guest App" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ബോർഡിലെ എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും തൊഴിലിടങ്ങളിൽ നേരിട്ടുചെന്ന് മൊബൈൽ ഫോൺ ഉപയോഗിച്ച് ഫോട്ടോയെടുത്ത് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം " Guest App" - ൽ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് മുഖേന രജിസ്ട്രേഷൻ ചെയ്യുന്ന തൊഴിലാളികൾക്ക് ഐ.ഡി. കാർഡും രസീതും തൊഴിലാളികളുടെ വാട്സ്ആപ്പ് നമ്പറിൽത്തന്നെ ലഭ്യമാകുന്ന സാങ്കേതിക സംവിധാനവും ഈ ആപ്പിൽ ലഭ്യമാണ്. അതിഥിത്തൊഴിലാളികളുടെ രജിസ്ട്രേഷനിൽ കാര്യമായ പുരോഗതി കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗസ്റ്റ് ആപ്പ് വികസിപ്പിച്ചിരിക്കുന്നത്.

## അതിഥിത്തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം

272 (1428) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അതിഥിത്തൊഴിലാളികൾ കൊലപാതക കേസുകളിൽ പ്രതികളായിട്ടുണ്ടെന്ന വിവരം തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈ വിഷയത്തിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തിയിട്ടില്ല. എന്നാൽ ആഭ്യന്തര വകുപ്പിന്റെ കണക്കുപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് 118 കേസുകളിലായി 159 അതിഥിത്തൊഴിലാളികൾ കൊലപാതക കേസുകളിൽ പ്രതികളായിട്ടുണ്ട്.

(ബി) അതിഥിത്തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് എത്തുന്ന ഇത്തരം തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അതിഥിത്തൊഴിലാളികളുടെ പേരും മറ്റു വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ Migrant Labour Register-ൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുന്നുമുണ്ട്. ടി ആളുകൾക്ക് ക്രിമിനൽ പശ്ചാത്തലമുണ്ടോയെന്നത് മനസ്സിലാക്കാൻ ICJS (Inter-operable Criminal Justice System) സംവിധാനമുപയോഗിച്ച് പരിശോധിച്ചുവരുന്നതാണ്. കൂടാതെ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരും സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥരും അതിഥിത്തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് സ്ഥിതിവിവരങ്ങൾ നിരീക്ഷിച്ചുവരുന്നു.

(സി) അതിഥിത്തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവരുടെ ആധാർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളുടെ ആധികാരികത ഉറപ്പാക്കിക്കൊണ്ട് മേൽവിലാസവും പശ്ചാത്തലവും സംബന്ധിച്ച് കൃത്യമായ വിവരശേഖരണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് ‘ ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ടി പദ്ധതിപ്രകാരമുള്ള വിവര ശേഖരണം നടന്നുവരുന്നു. ആധാർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളുടെ ആധികാരികത ഉറപ്പാക്കിക്കൊണ്ട് ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിത തിരിച്ചറിയൽ കാർഡ്, സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ് എന്നിവ പ്രസ്തുത കാർഡിൽ ഉണ്ടായിരിക്കും.

**സംസ്ഥാനത്തെ അതിഥിത്തൊഴിലാളികൾ**

273 (1429) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതിനേക്കാൾ അധികം അതിഥിത്തൊഴിലാളികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇതര സംസ്ഥാന കുടിയേറ്റത്തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റത്തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും ജില്ലാതലത്തിൽ അതത് ജില്ലാ ലേബർ ഓഫീസർമാരിൽനിന്നും സംസ്ഥാനതലത്തിൽ ജില്ലാ ലേബർ ഓഫീസറിൽ (ആസ്ഥാനം) നിന്നും ലൈസൻസ് നേടേണ്ടതുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിപ്രകാരം 2017 നവംബർ മുതൽ നാളിതുവരെ 516320 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) അതിഥിത്തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

ഇതര സംസ്ഥാന കുടിയേറ്റത്തൊഴിലാളികളെ നിയമിക്കാനുദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റത്തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും ജില്ലാതലത്തിൽ അതത് ജില്ലാ ലേബർ ഓഫസർമാരിൽ നിന്നും സംസ്ഥാനതലത്തിൽ ജില്ലാ ലേബർ ഓഫീസറിൽ (ആസ്ഥാനം) നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. തൊഴിൽ വകുപ്പിനുകീഴിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തുമ്പോൾ ഈ വിഷയം പരിഗണിക്കുന്നുണ്ട്.

(സി) വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) അതിഥിത്തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ആവശ്യം നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അതിഥിത്തൊഴിലാളികളുടെ വിവരശേഖരണം ലക്ഷ്യമിട്ടാണ് സർക്കാർ ' ആവാസ്' പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. കൂടാതെ ' അതിഥി പോർട്ടൽ' വഴിയും കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡ് വികസിപ്പിച്ചിട്ടുള്ള ' ഗസ്റ്റ് ആപ്പ്' വഴിയും രജിസ്ട്രേഷൻ നടത്താൻ നിലവിൽ സംവിധാനമുള്ള സാഹചര്യത്തിൽ ഇതരസംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണത്തിനായി പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

**പള്ളിക്കത്തോട് ഐ.റ്റി.ഐ.-യിൽ പുതിയ ബാച്ച്**

274 (1430) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ഗവ. ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക്, മെക്കാനിക്ക് ട്രേഡിന്റെ എത്ര ബാച്ച് നിലവിലുണ്ടെന്ന് അറിയിക്കാമോ?

പള്ളിക്കത്തോട് ഗവ. ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക് മെക്കാനിക്ക് ട്രേഡിന്റെ 2 യൂണിറ്റുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് മാറിയ കാലത്തിൽ ജോലി സാധ്യത വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ഒരു ബാച്ചുകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) പുതിയ ബാച്ചിന് അധികച്ചെലവ് ഉണ്ടാകില്ലെന്ന വസ്തുത കണക്കിലെടുത്ത് പുതിയ ബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(ബി&സി) പള്ളിക്കത്തോട് ഗവ. ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക് മെക്കാനിക്ക് ട്രേഡിന്റെ അധികബാച്ച് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കോന്നിയിൽ ലേബർ ഓഫീസ്**

275 (1431) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ താലൂക്കാസ്ഥാനമായ കോന്നിയിൽ ലേബർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ചുമട്ടുതൊഴിൽ മേഖല**

276 (1432) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടായിരുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30-4-2018-ലെ ജി.ഒ.(ആർ.ടി) നമ്പർ 511/2018/തൊഴിൽപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നത് നിയമവിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ

നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അനാരോഗ്യകരമായ പ്രവണത എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുന്നത് മുൻനിർത്തി വിവിധ ട്രേഡ് യൂണിയനുകളുമായി ഇതിനകം പലതവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമാണ് ഉണ്ടാകുന്നത്. ആയതിന് സത്വരം പരിഹാരം കണ്ടുവരുന്നുണ്ട്.

ചുമട്ടുതൊഴിൽ മേഖലയിലെ കയറ്റിറക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുകയും ആയത് 14 ജില്ലകളിലും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തൊഴിൽസേവ ആപ്പിന്റെ ഉപയോഗം സംബന്ധിച്ച് അറിയിക്കാമോ?

തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും തൊഴിൽ നിയമങ്ങളിലും തൊഴിൽവകുപ്പിന്റെ നടപടിക്രമങ്ങളിലുമുള്ള അജ്ഞതമൂലമുണ്ടാകുന്ന തൊഴിൽ തർക്കങ്ങളും സംശയങ്ങളും ബുദ്ധിമുട്ടുകളും ചുമട്ടുതൊഴിൽ രംഗത്തുണ്ടാകുന്ന നോക്കുകൂലി, ചുമട്ടുതൊഴിൽ തർക്കങ്ങൾ തുടങ്ങിയവ ഒഴിവാക്കുന്നതിനുമായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ രൂപീകരിച്ചിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനാണ് തൊഴിൽസേവ ആപ്പ്. തൊഴിൽസേവ മൊബൈൽ ആപ്ലിക്കേഷൻ 2-7-2022-ൽ തിരുവനന്തപുരത്തുവച്ച് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തു. വിവിധ ജില്ലകളിലെ ഹെഡ്‌ലോഡ് നിരക്കുകളും വകുപ്പുമായി ബന്ധപ്പെട്ട പതിവ് ചോദ്യങ്ങളടങ്ങിയ ചോദ്യാവലിയും അവയുടെ ഉത്തരങ്ങളും ആപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടി ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ചുമട്ടുതൊഴിൽ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എസ്.എം.എസ്. അലർട്ടായി ലഭ്യമാവുകയും വളരെ വേഗത്തിൽ പരിഹാരം കാണുന്നതിനും സാധിക്കുന്നു.

(സി) ആധുനിക യന്ത്രങ്ങളുടെ വിപുലമായ ഉപയോഗവും അവ ഉപയോഗിക്കുന്നതിൽ ചുമട്ടുതൊഴിലാളികളുടെ വൈദഗ്ധ്യക്കുറവും ചുമട്ടുതൊഴിലാളികളുടെ തൊഴിലവസരങ്ങൾ കുറയ്ക്കുന്നതിനാൽ തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

ചുമട്ടുതൊഴിലാളികളുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തന നൈപുണ്യം എന്നിവയുടെ അടിസ്ഥാനത്തിൽ ലോജിസ്റ്റിക് പരിശീലന മേഖലയിൽ പരിചയസമ്പന്നരായ ഏജൻസികൾ മുഖേന നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (NSDC) അംഗീകരിച്ച ലോജിസ്റ്റിക് മോഡ്യൂൾ പ്രകാരം പ്രത്യേക വിദഗ്ധ പരിശീലനം നൽകുന്ന ഒരു പദ്ധതിക്ക് 'കില' രൂപം നൽകിവരുന്നുണ്ട്, എന്നാൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ചുമട്ടുതൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനുമുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കയറ്റിറക്ക് മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കിവരുന്നു. ടി നിയമപ്രകാരം ചുമട്ടുതൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നു. കയറ്റിറക്ക് മേഖലയിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതിയും നടപ്പാക്കിവരുന്നു. ടി നിയമപ്രകാരമുള്ള ക്ഷേമപദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ (പൂൾ ഏരിയ) ചുമട്ടുതൊഴിൽ വേതനം കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡിന്റെ ശിപാർശപ്രകാരം സർക്കാർ നിശ്ചയിച്ചുവരുന്നു. ടി വേതന നിരക്കുകൾ ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ വെബ്സൈറ്റിലാണ് ലഭ്യമാകുന്നത്. ഇതുകൂടാതെ ചുമട്ടു തൊഴിൽ മേഖലയിലെ ക്ഷേമപദ്ധതി പ്രദേശങ്ങളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലും അറ്റാച്ച്ഡ്, സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കും കയറ്റിറക്കുകൂലി നിശ്ചയിക്കുന്നത് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാരാണ്. ഇപ്രകാരം നിശ്ചയിച്ച കൂലിനിരക്ക് ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ തൊഴിലവകാശങ്ങൾ സംബന്ധിച്ച പരിശീലനം 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് തൊഴിലാളികൾക്ക് നൽകുന്നുമുണ്ട്.

**നെന്മാറ ഐ.റ്റി.ഐ.**

277 (1433) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഐ.റ്റി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ ഐ.റ്റി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മൂന്നുകോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യു.ഡി. റേറ്റ് റിവിഷൻ വരികയും എസ്റ്റിമേറ്റ് തുക 3.3 കോടി രൂപയായി ഉയരുകയും ചെയ്തതിനാൽ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## വാണിയംകുളം ഐ.ടി.ഐ.-യുടെ വികസനം

278 (1434) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ.-യുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വാണിയംകുളം സർക്കാർ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഐ.ടി.ഐ.-യുടെ കൂടുതൽ വികസനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഐ.ടി.ഐ. ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്ന പദ്ധതി നടന്നുവരുന്നു.

(ബി) പുതിയ കാലഘട്ടത്തിനനുസരിച്ച് വാണിയംകുളം ഐ.ടി.ഐ.-ക്ക് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഐ.ടി.ഐ.-ക്ക് സ്വന്തമായി എത്ര സെന്റ് സ്ഥലം സ്വന്തമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

വാണിയംകുളം ഐ.ടി.ഐ.-യിൽ സോളാർ ടെക്നീഷ്യൻ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രസ്സ്മേക്കിംഗ് എന്നീ 3 ട്രേഡുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ടി ഐ.ടി.ഐ.-ക്കായി 1.06 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. 3 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ക്ലസ്റ്ററിനായി നീക്കിവച്ചിട്ടുണ്ട്. ബാക്കി 1.03 ഏക്കർ സ്ഥലം സ്വന്തമായുണ്ട്.

## അരീക്കോട് ഐ.ടി.ഐ. നവീകരണം

279 (1435) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് സർക്കാർ ഫണ്ട് ഉപയോഗിച്ചും കിഫ്ബി ഫണ്ട് ഉപയോഗിച്ചുമുള്ള പദ്ധതികൾ നിലവിലുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് ചാക്ക, കോഴിക്കോട് എന്നീ 2 ഐ.ടി.ഐ.-കളെയും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ, മലമ്പുഴ എന്നീ 10 ഐ.ടി.ഐ.-കളേയുമാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇല്ലെങ്കിൽ ഐ.ടി.ഐ.-കളെ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ അരീക്കോട് ഐ.ടി.ഐ.-യെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

അരീക്കോട് ഐ.ടി.ഐ.-യിൽനിന്നും നവീകരണപ്രവൃത്തികൾക്കായി ശിപാർശകൾ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**ജനറൽ ഐ.ടി.ഐ./വനിതാ ഐ.ടി.ഐ.-കളിൽ നൂതന കോഴ്സുകൾ**

280 (1436) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മണ്ഡലത്തിലെ ജനറൽ ഐ.ടി.ഐ., വനിതാ ഐ.ടി.ഐ.- കളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദമാക്കുമോ?

നിലവിലെ ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പുതിയ ട്രേഡുകൾ തൽക്കാലം അനുവദിക്കാൻ നിർവ്വാഹമില്ല.

**പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.**

281 (1437) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രൊപ്പോസലുകൾ പരിശോധിച്ച് പുതിയ കോഴ്സുകൾ അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

(എ&ബി) ഇല്ല. പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന് നടപടി

282 (1438) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി വനിത ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി ഐ.ടി.ഐ. നവീകരണവുമായി ബന്ധപ്പെട്ടോ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായോ പ്രത്യേക ശിപാർശകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. ആയതുലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മടിക്കൈ ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

283 (1439) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കെട്ടിടമടക്കം നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം കണക്കിലെടുത്ത് പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കാമോ?

(എ&ബി) നിലവിലുള്ള ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് മടിക്കൈ ഐ.ടി.ഐ.-യിൽ തൽക്കാലം പുതിയ ട്രേഡുകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

(സി) മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ 2 കോഴ്സുകളാണുള്ളത്.

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നത്

284 (1440) ശ്രീ. എം. എസ്. അരുൺകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തശേഷം പുതുക്കാൻ കഴിയാതെ വന്നവർക്കും കാർഡ് നഷ്ടപ്പെട്ടവർക്കും രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ റദ്ദായ ഉദ്യോഗാർത്ഥികൾക്ക് ആയത് പുതുക്കുന്നതിന് കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്.

സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച് 1-1-2000 മുതൽ 31-3-2022 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 30-6-2022 വരെ സമയം അനുവദിച്ചുനൽകി ഉത്തരവുപുറപ്പെടുവിച്ചിരുന്നു.

കൂടാതെ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായത് പുതുക്കി പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ആയതിന്റെ മെരിറ്റ് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ

285 (1441) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായ കണക്കുകൾപ്രകാരം 19-8-2022 തീയതി അടിസ്ഥാനമാക്കി സംസ്ഥാനത്ത് 3038748 അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുണ്ട്.

(ബി) ഇവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും തൊഴിൽ വിദ്യാഭ്യാസം മുൻനിർത്തി എല്ലാവർക്കും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി മുൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും നിലവിലെ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും ശരിയായ കരിയർ ആസൂത്രണം ചെയ്യുന്നതിനുമുള്ള 'കരിയർ

ഡെവലപ്മെന്റ് സെന്ററുകൾ', പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള 'സമന്വയ', സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുന്നതിനായി 'സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ', മുതിർന്ന പൗരന്മാർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 'നവജീവൻ', തൊഴിൽരഹിതരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കിയുള്ള 'കൈവല്യ' പദ്ധതി, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച 'എംപ്ലോയബിലിറ്റി സെന്ററുകൾ', സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിവരുന്ന 'മോഡൽ കരിയർ സെന്റർ'കളും മുൻ സർക്കാരിന്റെ കാലത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. കൂടാതെ, തൊഴിൽ മേളകളും സംഘടിപ്പിച്ചിരുന്നു.

മുൻ സർക്കാർ നടപ്പാക്കിയ ടി പദ്ധതികളെല്ലാംതന്നെ ഈ സർക്കാരിന്റെ കാലയളവിലും തുടർന്നുവരുന്നു.

**ചിയാക്കിൽ പുതിയ രജിസ്ട്രേഷൻ**

286 (1442) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിയാക്കിൽ (കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള) പുതിയ രജിസ്ട്രേഷൻ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) പല കാരണങ്ങൾകൊണ്ട് അംഗത്വ കാർഡ് പുതുക്കാൻ സാധിക്കാത്തവർക്ക് ആയത് പുതുക്കി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ്. ആയതിനാൽ പുതിയ രജിസ്ട്രേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതും അംഗത്വം ലഭിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡം നിശ്ചയിക്കുന്നതും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ്.

## സംസ്ഥാനത്തെ അന്യാധീനപ്പെട്ട റവന്യൂ ഭൂമി

287 (1443) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്യാധീനപ്പെട്ട റവന്യൂ ഭൂമി എത്രയെന്നും അവ സർക്കാർ അധീനതയിൽ എത്തിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അന്യാധീനപ്പെട്ട 348.6892 ഹെക്ടർ ഭൂമിയുണ്ട്. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) 3778/2018/റവ. പ്രകാരം ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൻപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നത് ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളുൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 8-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പുമുഖാന്തരവും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ച വകുപ്പുകളുടെ അധീനതയിലുള്ള കയ്യേറ്റം പ്രസ്തുത വകുപ്പുമുഖേനയും നടത്തി സർക്കാർ ഭൂമി സംരക്ഷിച്ചുവരുന്നു.

(ബി) റവന്യൂ വകുപ്പിനുകീഴിൽ ഒഴിഞ്ഞ് കിടക്കുന്നതോ ഉപയോഗശൂന്യമായതോ അനധികൃതമായി കയ്യേറിയതോ ആയ കെട്ടിടങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ അവ ഉപയോഗയോഗ്യമാക്കി നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ സ്ഥാപനങ്ങൾ അവയിലേയ്ക്ക് മാറ്റുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ഉപയോഗശൂന്യമായവയിൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുന്നതിനും നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ?

(ബി&സി) തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ഒഴിഞ്ഞുകിടക്കുന്നതും ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഭൂരഹിതരുടെ വിവരശേഖരണം

288 (1444) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പട്ടിക തയ്യാറാക്കിയതെന്ന് അറിയിക്കാമോ; പ്രസ്തുത പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായവർക്ക് ഭൂമിയും മറ്റ് ഭൗതികസാഹചര്യങ്ങളും എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) സംസ്ഥാനത്തെ ഭൂരഹിതരുടെ വിവരശേഖരണം റവന്യൂ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ഭൂരഹിതരുടെ വിവരശേഖരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

## നദികളുടെ സംരക്ഷണം

289 (1445) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

3-11-2017-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴയുടെ നവീകരണത്തിനും പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളുടെ സംരക്ഷണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

3-11-2017-ൽ ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ഭാരതപ്പുഴ, പെരിയാർ,

ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളിലെ സംരക്ഷണ പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനിച്ചിരുന്നു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ 9 നദികളുടെ സംരക്ഷണപ്രവൃത്തിക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ 21-11-2017-ലെ 30433/പി3/16/റവ. നമ്പർ സർക്കുലർപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴയുടെ നവീകരണത്തിനും പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ളതും നിലവിൽ സ്വീകരിച്ചുവരുന്നതുമായ നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

**സംസ്ഥാനത്തെ റീ-സർവ്വെ നടപടികൾ**

290 (1446) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വെ നടപടികൾ കാരണം കരമടച്ച് വന്നിരുന്ന വസ്തു ഉടമകളുടെ വസ്തുവിൽ മാറ്റം വരികയും കരമടയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാവുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി സർവ്വെ ചെയ്യാതെയാണ് നിലവിൽ ആധാരം ചമയ്ക്കുന്നതും ടി ആധാരത്തിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് നടത്തി കരമടച്ച് വരുന്നതും. എന്നാൽ റീ-സർവ്വെപ്രകാരം എല്ലാ പാർസലുകളും കൃത്യമായി അളന്ന് റെക്കോർഡുകൾ തയ്യാറാക്കുമ്പോൾ ആധാരവിസ്തീർണ്ണത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാവുകയും കരമടയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാവുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തെറ്റായ വിവരങ്ങളുടെയോ നിഗമനങ്ങളുടെയോ അടിസ്ഥാനത്തിൽ, പട്ടയഭൂമിക്ക് കരമടച്ചവരുടെ വസ്തു ആധാരപ്രകാരമുള്ളതിൽനിന്നും കുറവുവന്നത് പരിഹരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

റീ-സർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ റീ-സർവ്വെയ്ക്ക് മുമ്പ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെയടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും കരമൊടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ കരം തീർത്ത് നൽകുന്നതിന് അനുമതി നൽകി 21-4-2022-ലെ സ.ഉ.(കൈ)നമ്പർ 110/2022/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വിസ്തീർണ്ണ വ്യത്യാസംമൂലമുള്ള പ്രശ്നപരിഹാരത്തിനായി ഭൂരേഖാ തഹസീൽദാർക്ക് അപേക്ഷ നൽകാവുന്നതാണ്.

(സി) വർഷങ്ങളായുള്ള ഇത്തരം പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സർവ്വെ റെക്കാർഡുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ റെക്കാർഡുകൾ നാലുവർഷം കൊണ്ട് തയ്യാറാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് കൃത്യമായ സർവ്വെ റെക്കാർഡുകളുടെ അടിസ്ഥാനത്തിൽ വസ്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിനും അതുപ്രകാരം പോക്കുവരവ് ചെയ്യാൻ സാധിക്കുന്നതും വിസ്തീർണ്ണ വ്യത്യാസംപോലുള്ള പരാതികൾക്ക് സ്ഥായിയായ പരിഹാരം കാണാൻ സാധിക്കുന്നതുമാണ്. അതോടൊപ്പം ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകുന്നതോടെ ഭൂരേഖകളെല്ലാം ഡിജിറ്റലായി പരിപാലിക്കാനും ഏകീകൃത പോർട്ടൽ ലഭ്യമാക്കാനും സാധിക്കും. ഇതിലേയ്ക്ക് "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ, എൻ.ഐ.സി. മുഖേന തയ്യാറാക്കിവരുന്നു.

(ഡി) വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് വില്ലേജുതലം മുതൽ കമ്മീഷണറേറ്റുവരെ ആഗസ്റ്റ് 01 മുതൽ സെപ്റ്റംബർ 30 വരെ ഫയൽ അദാലത്ത് നടന്നുവരികയാണ്.

**റൂം ഫോർ റിവർ പദ്ധതി**

291 (1447) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. സനീഷ്‌കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയമടക്കമുള്ള ദുരന്തങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിനായി സ്വീകരിച്ച മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

മഴക്കാലത്തിന് മുന്നോടിയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ചുചേർക്കുകയും സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ചെയ്തു. തയ്യാറെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് ആവശ്യമായ കേന്ദ്രസേനകളുടെ വിന്യാസം പ്രസ്തുത യോഗത്തിലൂടെ ബന്ധപ്പെട്ടവരെ അറിയിച്ചു. സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യമുണ്ടായാൽ ഏതുവിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ്ഗനിർദ്ദേശം നൽകുന്ന ഓറഞ്ച് ബുക്ക് കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ സംസ്ഥാനത്തെ കോവിഡ് സാഹചര്യവും കണക്കിലെടുത്ത് ആവശ്യമായ പുതുക്കൽ വരുത്തിക്കൊണ്ട് 2022-ലെ പുതിയ പതിപ്പ് തയ്യാറാക്കി.

സംസ്ഥാന-ജില്ലാ ദുരന്തനിവാരണ പ്ലാനുകൾക്കുപുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രളയസാധ്യതാ ഭൂപടം പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാമാപിനികൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിന് സ്ഥലം നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ കാലാവസ്ഥാ വകുപ്പിന്റെ സേവനങ്ങളോടൊപ്പംതന്നെ മറ്റ് സ്വകാര്യ ഏജൻസികളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ ആദ്യപടിയെന്നോണം ഒരു വർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ അത്തരം സേവനങ്ങൾ ദുരന്തനിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളുടെ പ്രളയസാധ്യത, പ്രളയ മോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള ശ്രമങ്ങളും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പുസംവിധാനം സ്ഥാപിച്ചുവരികയാണ്. ദുരന്തങ്ങൾ സംഭവിക്കുന്ന ഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിനാവശ്യമായ കേന്ദ്രസേനകൾ മുൻകൂറായി വിന്യസിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തുകയും അവ വ്യോമസേനയ്ക്ക് കൈമാറുകയും ചെയ്തു. കേരളത്തിലെ പോലീസ്, ഫയർ & റസ്ക്യൂ

സർവ്വീസസ് എന്നിവയെ സജ്ജമാക്കി. ഇതുകൂടാതെ മൂന്നര ലക്ഷം സന്നദ്ധപ്രവർത്തകരുടെ സന്നദ്ധസേനയുണ്ടാക്കി. കേന്ദ്ര പദ്ധതിയായ 'ആപ്ദാ മിത്ര' രാജ്യത്താദ്യമായി മാതൃകാപരമായി നടപ്പാക്കി, പ്രത്യേക പരിശീലനം നൽകിയ വോളണ്ടിയർമാരെ സൃഷ്ടിച്ചു. ദുരന്തഘട്ടങ്ങളിൽ, ജനങ്ങളെ മാറ്റുന്നതിനായി ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചു. ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. NCRMP-യുടെ സാമ്പത്തിക സഹായത്തോടെ മൾട്ടി പർപ്പസ് ഷെൽട്ടറുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ദുരന്തങ്ങളിൽ അപകടം സംഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാരത്തുകയാണ് കേരളത്തിൽ നൽകിവരുന്നത്. ഇതിനുപുറമെ 2018-ലെ പ്രളയത്തിനുശേഷം പുനരുജ്ജീവന വായ്പാപദ്ധതി നടപ്പാക്കിയിട്ടുണ്ട്.

നദികളിലും പുഴകളിലും അടിഞ്ഞുകൂടിയ എക്കൽ, ചെളി നീക്കം ചെയ്തു. തോട്ടപ്പള്ളി സ്പിൽവെ, തണ്ണീർമുക്കം ബണ്ട്, അന്ധകാരനഴി എന്നിവിടങ്ങളിലൂടെ കടലിലേയ്ക്ക് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പാലങ്ങളുടെ അടിയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കി. നീരൊഴുക്കിന് തടസ്സമാകുന്ന ഒരുമുട്ടുകൾ യഥാസമയം നീക്കം ചെയ്തു. ഡാമുകൾ തുറക്കുന്ന സമയങ്ങളിൽ നദീതീരങ്ങളിൽ താമസിക്കുന്നവർക്ക് യഥാസമയം ജാഗ്രതാനിർദ്ദേശം നൽകി. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വിദഗ്ദ്ധ സമിതി എന്നിവർ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തരമായി ക്യാമ്പുകൾ സജ്ജമാക്കുകയും ജനങ്ങൾക്ക് 'അനൗൺസ്മെന്റ്' വഴി വിവരം നൽകുകയും മുൻകരുതലിന്റെ ഭാഗമായി ജനങ്ങളെ മാറ്റിത്താമസിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ക്വാറി പ്രവർത്തനങ്ങൾ താത്ക്കാലികമായി നിർത്തിവച്ചു. ഡാമുകളിൽ റൂൾ കർവ് പ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചു. മത്സ്യത്തൊഴിലാളികളെ കടലിൽ പോകുന്നതിൽനിന്ന് വിലക്കി. RED ALERT പ്രഖ്യാപിച്ച ജില്ലകളിൽ പൊതുയോഗങ്ങൾ നിരോധിച്ചു. പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകി. വൾനറബിൾ ഏരിയയിൽ താമസിച്ചിരുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു. അപകടകരമായി നിലനിന്നിരുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഇതുകൂടാതെ 2018-ലെ പ്രളയത്തോടനുബന്ധിച്ച് പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന

തോടുകളിലെയും കനാലുകളിലെയും എക്കലും ചെളിയും നീക്കംചെയ്ത് ജലനിർഗ്ഗമനം സുഗമമാക്കുന്ന പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്. പദ്ധതിയിലും പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്.

(ബി) പ്രളയം തടയാൻ റൂം ഫോർ റിവർ അടക്കമുള്ള ഡച്ച് മാതൃകയിലുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പ്രളയം തടയാൻ സഹായകമായ 'റൂം ഫോർ റിവർ' എന്ന ഡച്ച് മാതൃകയിലുള്ള പദ്ധതി കുട്ടനാട് പാക്കേജിന്റെ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ ഹൈഡ്രോഡൈനമിക് പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) റൂം ഫോർ റിവർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

2018-ൽ കുട്ടനാട്ടിലുണ്ടായ അതിതീവ്രമായ പ്രളയത്തിന്റെ മുഖ്യകാരണം എ.സി. കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിലും മറ്റും മണ്ണടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ട് പ്രവൃത്തികളും 'റൂം ഫോർ റിവർ' പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാൻ തീരുമാനിച്ചു. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 4.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന് വിശദമായ ഹൈഡ്രോഡൈനമിക് പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും 1-3-2021-ൽ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളതുമാണ്. ചെന്നൈ ഐ.ഐ.റ്റി. സൈറ്റ് സന്ദർശിക്കുകയും പ്രാരംഭ പഠനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് ഫൈനൽ റിപ്പോർട്ട് ഐ.ഐ.റ്റി.-യിൽനിന്നും ലഭിച്ചിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### പാർക്കിംഗ് പ്ലാറ്റ്ഫോം പണിയുന്നതിനുള്ള അപേക്ഷ

292 (1448) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006-2011-ലെ സർക്കാരിന്റെ കാലത്ത് പൊളിച്ചുകളഞ്ഞ ദേവികുളം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ ഓഫീസിന്റെ മുന്നിലെ കോൺക്രീറ്റ് പാതയ്ക്ക് പകരം

പ്രസ്തുത സ്ഥലത്ത് പാർക്കിംഗ് പ്ലാറ്റ്ഫോം പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ വകുപ്പിന് നൽകിയ അപേക്ഷയിന്മേൽ ദേവികുളം തഹസീൽദാർ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**മൂന്നാറിലെ കയ്യേറ്റഭൂമിയിലെ കോൺക്രീറ്റ് പാത**

293 (1449) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006-2011-ലെ സർക്കാരിന്റെ കാലത്ത് മൂന്നാർ ദൗത്യസംഘം കയ്യേറ്റമാണെന്ന് കണ്ടെത്തിയതും പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുന്നിലുണ്ടായിരുന്നതുമായ കോൺക്രീറ്റ് പാത പൊളിക്കുന്നതിനുമുമ്പ് റവന്യൂ അധികാരികൾ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത നോട്ടീസിന്റെയും നോട്ടീസിന് ബന്ധപ്പെട്ടവർ നൽകിയ മറുപടിയുടെയും പകർപ്പ് ലഭ്യമാക്കുമോ?

റവന്യൂ അധികാരികൾ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടില്ല. ദേശീയപാത, PWD പുറമ്പോക്കുകളിലെ അനധികൃത നിർമ്മാണം, കയ്യേറ്റം എന്നിവ ഒഴിപ്പിക്കുന്നത് പൊതുമരാമത്ത് വകുപ്പായതിനാൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾക്കായി പൊതുമരാമത്ത്, ദേശീയപാതാ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 3-5-2007-ൽ സബ് കളക്ടർ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം 1* ആയി ചേർക്കുന്നു.

**പട്ടയം റദ്ദാക്കിയ ഭൂമിയിൽ വാണിജ്യ പ്രവർത്തനം**

294 (1450) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലെ എല്ലാ അനധികൃത പട്ടയങ്ങളും റദ്ദാക്കിയിട്ടും പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ഓഫീസ് പരിഷ്കരിക്കുന്നതിനുള്ള വാണിജ്യ പ്രവർത്തനം നടത്താൻ ദേവികുളം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹൈക്കോടതി ഉത്തരവും നിലവിലുള്ള ചട്ടങ്ങളുമനുസരിച്ച് വീടുകളുടെ നിർമ്മാണത്തിന് മാത്രമേ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' നൽകാനാകൂയെന്നും വാണിജ്യപ്രവർത്തനം നടത്തുന്നതിന് സാധിക്കില്ലെന്നും കാണിച്ചുകൊണ്ട് ദേവികുളം തഹസീൽദാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷയിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പാറശ്ശാല മണ്ഡലത്തിലെ പട്ടയം വിതരണം

295 (1451) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ എത്ര പട്ടയങ്ങളുണ്ടെന്നും പ്രസ്തുത പട്ടയങ്ങൾ എപ്പോൾ നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കാമോ?

നിലവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ 117 പട്ടയങ്ങൾ അടുത്ത പട്ടയമേളയിൽ വിതരണം ചെയ്യാൻ കഴിയും. അവയുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലയിൽ | 1 |
| 2 | വെള്ളറട | 14 |
| 3 | പെരുങ്കടവിള | 8 |
| 4 | പാറശ്ശാല | 1 |
| 5 | പരശുവയ്ക്കൽ | 1 |
| 6 | കള്ളിക്കാട് | 80 |
| 7 | അമ്പൂരി | 3 |
| 8 | ഒറ്റശേഖരമംഗലം | 1 |
| 9 | വാഴിച്ചൽ | 6 |
| 10 | കീഴാറൂർ | 2 |

(ബി) ഒറ്റശേഖരമംഗലം, കള്ളിക്കാട് വില്ലേജുകളിലായി മലയോര ഹൈവേ കടന്നുപോകുന്ന പ്രദേശത്തെ റോഡ് പുറമ്പോക്കിൽ എത്ര ആളുകൾ താമസിക്കുന്നുണ്ട്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; അവരിൽ മറ്റ്

സ്ഥലങ്ങളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരെ പുനരധിവസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

മലയോര ഹൈവേ കള്ളിക്കാട് മുതൽ വാഴിച്ചൽ വരെ റോഡ് പുറമ്പോക്കിൽ 42 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അതിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത 38 കുടുംബങ്ങളുണ്ട്. അവരുടെ പേരുവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രദേശത്തെ താമസക്കാർക്ക് എപ്പോൾ പട്ടയം ലഭ്യമാക്കാൻ കഴിയും; ആയതിലേയ്ക്ക് എന്തൊക്കെ നടപടികളാണ് അവശേഷിക്കുന്നത്; വിവരം ലഭ്യമാക്കാമോ?

(സി&ഡി) 26-2-2019-ലെ സ.ഉ.(കൈ) നമ്പർ 77/2019/റവ. പ്രകാരം അഞ്ചുചങ്ങല ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിലെ 476 കുടുംബങ്ങൾക്ക് പരമാവധി 15 സെന്റ് നിജപ്പെടുത്തി കൈവശഭൂമി പതിച്ചുനൽകാൻ തീരുമാനിക്കുകയുണ്ടായി. നെയ്യാർഡാം റിസർവോയറിന്റെ കരയിലുള്ള കൈവശക്കാരുടെ കാര്യത്തിൽ നിലവിലുള്ള ഡാം സേഫ്റ്റി നിയമപ്രകാരം MFL+1+10m അകലത്തിലുമുള്ള സ്ഥലത്തിനുപുറത്ത് പതിവ് അനുവദിക്കാനും സംരക്ഷിത മേഖലയിലെ കൈവശക്കാരെ പുനരധിവസിപ്പിക്കാനും തീരുമാനിച്ചു. എന്നാൽ MFL+1+10m എന്ന ലൈൻമാർക്ക് അളവനുസരിച്ച് തയ്യാറാക്കിയ സ്കെച്ചും നിലവിലെ സ്കെച്ചും തമ്മിൽ വ്യത്യാസമുള്ളതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിരുന്നു. ആയതിനാൽ MFL+1+10m അനുസരിച്ചുള്ള അകലവും ഉയരവും പാലിക്കാത്ത കെട്ടിടങ്ങൾ ഒഴിവാക്കി പുതുക്കിയ സ്കെച്ച് നൽകണമെന്നുകാണിച്ച് ഇറിഗേഷൻ വകുപ്പ് തഹസീൽദാർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 24-8-2020-ന് രാവിലെ പത്തുമണിക്ക് ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ജില്ലാ സർവ്വെ സൂപ്രണ്ട്, സർവ്വേയർമാർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), തഹസീൽദാർ കാട്ടാക്കട ഉൾപ്പെടെയുള്ള റവന്യൂ അധികാരികൾ സ്ഥലപരിശോധന നടത്തി, അടിയന്തരമായി സർവ്വെ നടത്തി MFL+1+10m അനുസരിച്ചുള്ള പുതുക്കിയ സ്കെച്ച് തയ്യാറാക്കി സർവ്വെ വകുപ്പും Dam Safety Authority-യും സംയുക്തമായി ഒപ്പ് രേഖപ്പെടുത്തി നൽകാൻ തീരുമാനമായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടയ സ്കെച്ചിന്റെ പ്രിന്റുകൾ അംഗീകാരത്തിനായി ഇറിഗേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിൽനിന്നും റെക്കാർഡുകൾ വേഗത്തിൽ ലഭ്യമാക്കി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടയം അപേക്ഷകൾ**

296 (1452) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

വിവിധ ഭൂപതിവ് ചട്ടങ്ങൾപ്രകാരം 278 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ഏതുതരം പട്ടയമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(സി) നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ പേരുവിവരങ്ങളും പട്ടയത്തിന് അപേക്ഷിച്ച തീയതിയും ഏതുതരം പട്ടയത്തിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

അനുബന്ധം II & III* ആയി ചേർത്തിരിക്കുന്നു.

ലാൻഡ് ട്രിബ്യൂണലുകളിലെ അപേക്ഷകൾ ലഭ്യമാകുന്ന തീയതിക്കനുസരിച്ച് രജിസ്റ്ററിൽ ഉൾപ്പെടുത്തിയാണ് സൂക്ഷിച്ചുവരുന്നത്. ആയത് കമ്പ്യൂട്ടറിൽ ചേർക്കാത്തതിനാൽ പ്രസ്തുത പട്ടയത്തിന് അപേക്ഷ നൽകിയവരുടെ വിവരങ്ങൾ ലഭ്യമല്ല.

(ഡി) ഓരോ അപേക്ഷയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

തൃശ്ശൂർ താലൂക്കിലെയും വനഭൂമി ഓഫീസിലെയും വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന പട്ടയ അപേക്ഷകളുടെ നിലവിലെ സ്ഥിതി അനുബന്ധം II*-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനുബന്ധം III*-ൽ ഉൾപ്പെടുത്തിയിട്ടുള്ള തലപ്പിള്ളി താലൂക്കിലെ വിവിധ ഭൂമി പതിവുപ്രകാരമുള്ള 127 അപേക്ഷകളിലും 10 ഇനാം അപേക്ഷകളിലും പതിവ് നടപടികൾ സ്വീകരിച്ചുവരുന്നു. താലൂക്കുതല അദാലത്ത് നടത്തിയതുവഴി ലഭിച്ച 146 അപേക്ഷകൾ ആവശ്യമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

NRF വിഭാഗത്തിൽപ്പെട്ട 116 പതിവ് അപേക്ഷകളിന്മേൽ പതിവ് നടപടി സ്വീകരിക്കണമെങ്കിൽ 1980-ലെ വനസംരക്ഷണ നിയമപ്രകാരം കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കണയന്നൂർ താലൂക്കിലെ പട്ടയ വിതരണം**

297 (1453) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ പെരുമാന്നൂർ ദേശത്ത് കണ്ണൂർകാറ്റുപറമ്പ്, കോനാട്ട്പറമ്പ്, കുറ്റൻപറമ്പ്, ഷാരടി ലൈൻ എന്നിവിടങ്ങളിൽ കഴിഞ്ഞ അമ്പതുവർഷമായി താമസിച്ചുവരുന്ന നാൽപത്തിയേഴ് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എപ്പോൾ പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത ഭൂമി തോട് പുറമ്പോക്കായതിനാൽ നിലവിൽ പതിച്ച് നൽകാൻ നിർവ്വാഹമില്ല. എന്നാൽ നിയമപരമായ സാധുത വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) അതുസംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ കേസ് കോടതിയുടെ പരിഗണനയിലില്ല.

**പട്ടയ വിതരണം**

298 (1454) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈവശഭൂമിക്ക് പട്ടയം വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-ാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും 2-ാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 41021 പട്ടയങ്ങളുമുൾപ്പെടെ ഒരു വർഷക്കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | പത്തനംതിട്ട | 373 |
| 4 | ആലപ്പുഴ | 635 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | വയനാട് | 1733 |
| 12 | കോഴിക്കോട് | 6738 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 1946 |
| | ആകെ | 54535 |

(ബി) വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഉപയോഗരഹിതമായ ഭൂമി തിരിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(സി) പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് മലയോര/വനഭൂമി പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച 19000 ഏക്കർ വനഭൂമി പതിച്ചുനൽകുന്ന പദ്ധതിപ്രകാരം പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഭൂമി പതിവുനടപടികൾ നടന്നുവരുന്നു. കൂടാതെ 1993-ലെ ഭൂമി പതിവുചട്ടപ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്ന നടപടികളും വിവിധ ജില്ലകളിൽ സ്വീകരിച്ചുവരുന്നു. 2023 വർഷത്തിൽ മലയോര മേഖലയിലെ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പരമാവധി പട്ടയം നൽകുന്നതിനുള്ള ശ്രമമാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിനായി പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറായി വരുന്നു.

(ഡി) മുൻകാലങ്ങളിൽ ലഭിച്ച പേപ്പർ പട്ടയങ്ങൾക്കുപകരം സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-പട്ടയങ്ങൾ ലഭിക്കുന്നതിന് സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്നും അനുവദിക്കുന്ന ക്രയസർട്ടിഫിക്കറ്റുകൾ ഇപ്പോൾ സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഇത്തരം പട്ടയങ്ങൾ ഇ-പട്ടയങ്ങളായാണ് ഇപ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നത്. ഭൂമി പതിവുനിയമപ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾകൂടി ഓൺലൈനായി നൽകാൻ തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്കായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

## കണ്ണൂർ ജില്ലയിലെ ദേവസ്വം പട്ടയ കേസുകൾ

299 (1455) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ദേവസ്വം പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്ന കണ്ണൂർ ഡെപ്യൂട്ടി കളക്ടറുടെ ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ എത്ര അപേക്ഷകളാണ് തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

3604 അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ട്.

(ബി) ഏതുവർഷം, ഏതുമാസംവരെ നൽകിയ അപേക്ഷകളിലാണ് നിലവിൽ തീരുമാനമായിട്ടുള്ളത്; വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ ചുവടെപ്പറയുന്ന 3 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്.

1. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, കണ്ണൂർ താലൂക്ക്-2020 ഡിസംബർ വരെ ലഭിച്ച അപേക്ഷകൾ വിചാരണയ്ക്ക് എടുത്തിട്ടുണ്ട്.

2. ഡെപ്യൂട്ടി കളക്ടർ (ആർ.ആർ.) ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, തളിപ്പറമ്പ് താലൂക്ക്-2015 ഡിസംബർ വരെ ലഭിച്ച അപേക്ഷകൾ വിചാരണയ്ക്ക് എടുത്തിട്ടുണ്ട്.

3. ഡെപ്യൂട്ടി കളക്ടർ (ഡി.എം.) ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, തലശ്ശേരി & ഇരിട്ടി താലൂക്ക്-2018 ഡിസംബർ വരെ ലഭിച്ച അപേക്ഷകൾ വിചാരണയ്ക്ക് എടുത്തിട്ടുണ്ട്.

മേൽപ്പറഞ്ഞ വർഷങ്ങളിലെ കേസുകൾ വിചാരണയ്ക്കെടുത്തെങ്കിലും മുൻ വർഷങ്ങളിലുള്ള കേസുകളും തീർപ്പാക്കാനുണ്ട്. കക്ഷികൾ രേഖകൾ പൂർണ്ണമായി സമർപ്പിക്കാത്ത സാഹചര്യത്തിലും എതിർകക്ഷികൾ തടസ്സവാദം ഉന്നയിക്കുന്ന സാഹചര്യത്തിലും അത്തരം കേസുകൾ തീരുമാനമാകാതെ നീണ്ടുപോകാറുണ്ട്. ലാൻഡ് ട്രൈബ്യൂണലുകൾ സിവിൽ കോടതി ആയതിനാൽ വിചാരണ, തെളിവെടുപ്പ്, എതിർകക്ഷികളുടെ ആക്ഷേപങ്ങൾ പരിഗണിക്കൽ എന്നീ നടപടിക്രമങ്ങൾ പരിഗണിച്ചാണ് തീരുമാനമെടുക്കുന്നത്. ഇക്കാരണത്താലാണ് മുൻവർഷത്തെ കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നത്.

(സി) വർഷങ്ങൾക്കുമുമ്പ് നൽകിയ അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലിന് സിവിൽ കോടതിയുടേതായ അധികാരങ്ങളാണുള്ളത്. നോട്ടീസ് നൽകൽ, വിചാരണ, തെളിവെടുപ്പ്, രേഖകൾ ഹാജരാക്കൽ തുടങ്ങിയ നടപടിക്രമം പാലിച്ചാണ് കേസുകളിൽ തീരുമാനമെടുക്കുന്നത്. ദേവസ്വത്തിന്റെ എതിർവാദമുള്ള കേസുകളിലും കുടിയായ്മ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്ത കേസുകളിലും തീർപ്പ് കൽപ്പിക്കാൻ താമസമുണ്ടാകും. ദേവസ്വം ഭൂമികളിൽ ലാൻഡ് ട്രൈബ്യൂണൽ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റിട്ട് പെറ്റീഷൻ (സി) 8851/2020 നമ്പർ കേസ് നിലവിലുണ്ട്. ഈ കേസിലുണ്ടായ ഇടക്കാല ഉത്തരവിൽ ദേവസ്വങ്ങൾ ഹാജരായി അവരെ കേൾക്കാതെ ഉത്തരവ് പുറപ്പെടുവിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ ദേവസ്വം ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്.

(ഡി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകളോ മറ്റ് മാർഗ്ഗങ്ങളോ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിരവധി കർമ്മ പദ്ധതികൾ സർക്കാർതലത്തിലും സ്റ്റേറ്റ് ലാൻഡ് ബോർഡ്തലത്തിലും നടത്തി വരുന്നുണ്ട്. സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മ പരിപാടിയിലും രണ്ടാം നൂറുദിന കർമ്മ പരിപാടിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകൾ 47744 ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ നൽകിയിട്ടുണ്ട്. തുടർന്നും ലാൻഡ് ട്രൈബ്യൂണൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള കർമ്മപദ്ധതികൾ, അദാലത്തുകൾ എന്നിവ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

### ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടയവിതരണം

300 (1456) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 28 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. (മുൻസിപ്പൽ പട്ടയം-1, കോളനി പട്ടയം-3, എൽ.എ. പട്ടയം-6, എൽ.റ്റി. പട്ടയങ്ങൾ-18)

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ഏതു തരം പട്ടയമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

അനുബന്ധം I* ആയി ചേർക്കുന്നു.

(സി) നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളവരുടെ പേരുവിവരങ്ങളും അപേക്ഷകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

അനുബന്ധം II* ആയി ചേർക്കുന്നു.

### മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടയ വിതരണം

301 (1457) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണാർക്കാട് മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

പാലക്കാട് ദേവസ്വം ലാൻഡ് ട്രൈബ്യൂണലിന്റെ കീഴിൽ 7 ദേവസ്വം പട്ടയങ്ങളും അട്ടപ്പാടി ലാൻഡ് ട്രൈബ്യൂണലിന്റെ കീഴിൽ 584 ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങളും നാല് സെന്റ് പട്ടയങ്ങൾ 106 എണ്ണവും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടയം നൽകാൻ ഇനി എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; അവർക്കുകൂടി പട്ടയം നൽകാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

267 ദേവസ്വം പട്ടയ അപേക്ഷകളും 4313 ലാൻഡ് ട്രൈബ്യൂണൽ പട്ടയ അപേക്ഷകളും നാല് സെന്റ് പട്ടയ അപേക്ഷകളിൽ 67 അപേക്ഷകളും അവശേഷിക്കുന്നുണ്ട്. എല്ലാ പട്ടയ അപേക്ഷകളിലും നിയമാനുസരണം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

302 (1458) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ നിലവിൽ വന്നതിനുശേഷം കുന്നംകുളം മണ്ഡലത്തിൽ എത്ര പേർക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നംകുളം മണ്ഡലത്തിൽ 1964-ലെ ചട്ടപ്രകാരം 11 പട്ടയങ്ങളും 88 മിച്ചഭൂമി പട്ടയങ്ങളും 857 ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകളുമടക്കം 956 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനി എത്ര പേരാണ് പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ?

വിവിധ ഭൂപതിവുപ്രകാരം 429 അപേക്ഷകളും ലാൻഡ് ട്രൈബ്യൂണലിൽ 145 അപേക്ഷകളും കുന്നംകുളം മണ്ഡലത്തിൽ ഇനി അവശേഷിക്കുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി *ചേർക്കുന്നു.

(സി) പട്ടയ വിതരണത്തിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

പട്ടയത്തിനായി സമർപ്പിച്ച അപേക്ഷകളിൽ വില്ലേജ് ഓഫീസറിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാക്കി, ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി അപേക്ഷകരെ കത്ത് മുഖാന്തരവും ഫോൺ മുഖാന്തരവും ബന്ധപ്പെടുകയും രേഖകൾ ലഭ്യമായവയിൽ സർവ്വേ നടപടികളും പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ താമസിക്കുന്നവരുടെ അപേക്ഷകളിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും റവന്യൂ വകുപ്പിലേയ്ക്ക് ഭൂമി പുനർനിക്ഷിപ്തം ചെയ്തു ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ലാൻഡ് ട്രൈബ്യൂണൽ അപേക്ഷകളിൽ വിചാരണ നടത്തിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊയിലാണ്ടിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടി

303 (1459) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം കൊയിലാണ്ടി മണ്ഡലത്തിന്റെ പരിധിക്കുള്ളിൽ പട്ടയം അനുവദിക്കപ്പെട്ട വ്യക്തികളുടെ പേരുവിവരങ്ങൾ വിശദമാക്കുമോ?

2016-നുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ 130 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ പേരുവിവരങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) നിലവിൽ മണ്ഡലത്തിൽ പട്ടയത്തിനുള്ള എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്; വില്ലേജ് തിരിച്ച് പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

ഇരിങ്ങൽ വില്ലേജിലെ കോട്ടക്കടപ്പുറം നിവാസികളായ 11 പേരുടെ പട്ടയ അപേക്ഷകൾ നിലവിൽ തീർപ്പുകൽപ്പിക്കാനുണ്ട്. ടി അപേക്ഷകരുടെ പേരുവിവരങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച ഭൂമിക്ക് പട്ടയം

304 (1460) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിത-ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പുമുഖേന ആവിഷ്കരിച്ച പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിലെ പത്ത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ അവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ കുന്നത്തുകാൽ വില്ലേജിലെ സർവ്വെ നമ്പർ 94/2-ൽപ്പെട്ട 18.62 ആർ. വസ്തു 1209/91 നമ്പർ വിലയാധാരപ്രകാരം കേരള ഗവർണർക്കുവേണ്ടി തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പേരിൽ ഹാരിസ് നാടാർ മുതൽപേർ തെക്കേതട്ട് പുത്തൻവീട്, നെല്ലിവിള, കുന്നത്തുകാൽ വില്ലേജ് എന്നിവരിൽ നിന്ന് വാങ്ങിയിട്ടുള്ളതായി അറിയുന്നു. ടി സ്ഥലം 10 പേർക്ക് 4 സെന്റ് വീതം (പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിപ്രകാരം) അനുവദിച്ചുനൽകിയിട്ടുള്ളതായി അറിയുന്നു. നിലവിൽ ടി സ്ഥലം വില്ലേജ് റിക്കാർഡുപ്രകാരം ബ്ലോക്ക് 40-ൽ റീസർവ്വെ 94/2

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

18.96 ആർ. 1489 നമ്പർ തണ്ടപ്പേർപ്രകാരം കുന്നത്തുകാൽ വില്ലേജിൽ ടി ദേശത്ത് നെല്ലിവിള തെക്കേ പുത്തൻവീട്ടിൽ യോവുനാടാർ, ഹാരിസ് നാടാർ, ജ്ഞാനാൾ സ്വാമിയാർ എന്നിവരുടെ പേരിൽ കിടക്കുന്നതായി കാണുന്നു. പ്രസ്തുത സ്ഥലം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പേരിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര തഹസീൽദാർ, കുന്നത്തുകാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്തുപ്രകാരം ടി സ്ഥലത്ത് 4 സെന്റ് വീതം പത്തുപേർക്ക് നൽകിയിട്ടുള്ളതും പത്തുപേരും ഒന്നിച്ച് പ്രമാണം വാങ്ങണമെന്ന് പട്ടികജാതി വികസന ഓഫീസർ നിർദ്ദേശിച്ചതിനാൽ പത്തുപേരും ഒന്നിച്ച് വരാത്തതിനാൽ പ്രമാണം ഓഫീസിൽനിന്ന് കൈപ്പറ്റാൻ സാധിച്ചിട്ടില്ലെന്നും തുടർന്ന് ഓഫീസ് മാറിയതിനാൽ പ്രമാണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചപ്രകാരം 4 സെന്റ് വീതം ലഭിച്ചവർക്ക് പട്ടികജാതി വികസന വകുപ്പ് സ്ഥലം ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് കുന്നത്തുകാൽ സബ് രജിസ്ട്രാർ ഓഫീസ് മുഖേന പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) അവരിൽ എത്രപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിപ്രകാരം ഭൂമി ലഭിച്ച അവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അവർക്ക് എന്നത്തേയ്ക്ക് പട്ടയം ലഭ്യമാക്കി നൽകാൻ കഴിയും; ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഫയൽ നമ്പർ ഉൾപ്പെടെ, അറിയിക്കാമോ?

(ബി&സി) നിലവിൽ പ്രസ്തുത സ്ഥലത്ത് 5 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇതിൽ 3 പേർ 27-6-2022-ൽ (LA1-89/22, LA1-90/22, LA1-91/22) നെയ്യാറ്റിൻകര തഹസീൽദാർ മുഖേന വില്ലേജ് ഓഫീസർക്ക് ഭൂമി പതിവിനായി അപേക്ഷ നൽകുകയും നിലവിലെ താമസക്കാർക്ക് ആധാരപ്രകാരം വസ്തു ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ അപേക്ഷകർക്കുള്ള പട്ടയം**

305 (1461) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി I, കിഴക്കഞ്ചേരി II, എരിമയൂർ I എന്നീ വില്ലേജുകളിൽ എത്ര അപേക്ഷകർക്കാണ് ഇനി പട്ടയം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

അനുബന്ധം 'എ'* ആയി ചേർക്കുന്നു.

(ബി) മേൽപ്പറഞ്ഞ വില്ലേജുകളിലെ പട്ടയത്തിന് അപേക്ഷിച്ചവരുടെ പേരുവിവരങ്ങൾ, അപേക്ഷാ തീയതി, ഹിയറിംഗ് തീയതി, സ്വീകരിച്ച നടപടികൾ എന്നിവയുടെ പട്ടിക ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഴക്കഞ്ചേരി 1, കിഴക്കഞ്ചേരി 2, എരിമയൂർ 1 എന്നീ വില്ലേജുകളിൽ നൽകാനുള്ള ലാൻഡ് ട്രൈബ്യൂണൽ പട്ടയ അപേക്ഷകരുടെ പേരുവിവരം, ഹിയറിംഗ് തീയതി, അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്നിവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയവ ക്രോഡീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ വിവരം ശേഖരിച്ചുവരുന്നു. കിഴക്കഞ്ചേരി 1, കിഴക്കഞ്ചേരി 2 വില്ലേജുകളിൽ ഭൂമി പതിവ് അപേക്ഷകൾ ഇല്ല. എരിമയൂർ 1 വില്ലേജിലെ ഭൂമി പതിവ് പട്ടയ അപേക്ഷയുടെ പേരുവിവരം അനുബന്ധം 'ബി'* ആയി ചേർക്കുന്നു. പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ ജില്ലയിലെ പട്ടയം ലഭിച്ച ഭൂമിയുടെ പോക്കുവരവ്**

306 (1462) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ വില്ലേജുകളിൽ പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയുടെ പോക്കുവരവ് ചെയ്ത് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കല്ലൂർ വില്ലേജ്, വട്ടക്കോട്ട് മലദേശത്തെ കർഷകർക്ക് പോക്കുവരവിനായുള്ള ആർ.ഒ.ആർ. (റെക്കോർഡ് ഓഫ് റൈറ്റ്സ്) വില്ലേജിൽനിന്നും അനുവദിച്ച് നൽകാത്തതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിൽ വട്ടക്കോട്ട് മലമ്പ്രദേശങ്ങളിൽ റബ്ബർ കൃഷിക്കായി ഭൂമി പതിവുചട്ടം 8 - D of Special Rules Assignment of 'Govt. Lands for Rubber Cultivation' പ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. 'Assignee shall not use the land or suffer it to be used except for the purpose for which is assigned' എന്ന വ്യവസ്ഥയോടുകൂടിയാണ് മേൽ പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളത്. Special rule for Rubber Cultivation 1960 പ്രകാരം പതിവ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയ ഭൂമി പ്രസ്തുത ചട്ടം സബ് റൂൾ 17 പ്രകാരമുള്ള ലൈസൻസ് പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. ഉപനിയമം 20(1) പ്രകാരം ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്. ആയതിനാലാണ് ആർ.ഒ.ആർ. അനുവദിക്കാത്തത്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

307 (1463) ശ്രീ. സജി. ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അപേക്ഷകർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41021 പട്ടയങ്ങളും ഉൾപ്പെടെ ഒരു വർഷക്കാലയളവിനുള്ളിൽ ആകെ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിലെ 1-ാം വാർഡിൽ ഉൾപ്പെട്ട നികരുംപുറത്ത് നൂറ് വർഷത്തിലധികമായി താമസിക്കുന്ന 15 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത് പരിഗണനയിലുണ്ടോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഉൾപ്പെട്ട നികരുംപുറത്ത് നൂറ് വർഷത്തിലധികമായി താമസിക്കുന്ന 15 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന വിഷയം പരിഗണനയിലുണ്ട്.

(സി) എങ്കിൽ അതുസംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീസർവ്വേ 74/10-ൽപ്പെട്ട 28.40 ആർസ് ഭൂമി 443-ാം നമ്പർ തണ്ടപ്പേർ പ്രകാരം വടക്കേക്കര പകുതിയിൽ തറയിൽ കാട്ടിൽ കിഴക്കേതിൽ ഉമ്മുമ്മൻ വർഗ്ഗീസ് എന്നയാളുടെ പേരിലാണ്. ടി സ്ഥലം നിലവിൽ നികരുംപുറം കോളനി എന്നറിയപ്പെടുന്നു. 15 കുടുംബങ്ങൾ 1982 മുതൽ ടി സ്ഥലത്ത് താമസിച്ചുവരുന്നു. തണ്ടപ്പേർ കക്ഷിയിൽനിന്ന് പഞ്ചായത്തിനോ സർക്കാരിലേയ്ക്കോ ടി ഭൂമി വിട്ടുകിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി വ്യക്തിയുടെ പേരിൽ കൊണ്ടുകിടക്കുന്ന ഭൂമി സർക്കാരിലേയ്ക്കോ പഞ്ചായത്തിലേയ്ക്കോ മാറ്റുന്നതിനുള്ള നടപടി ചെങ്ങന്നൂർ തഹസീൽദാർ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ചെങ്ങന്നൂർ നഗരസഭയിലെ 19-ാം വാർഡിൽ

നൂറ് വർഷത്തിലധികമായി താമസിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഞ്ച് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ചെങ്ങന്നൂർ നഗരസഭയിലെ 19-ാം വാർഡിൽ താമസിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ചെങ്ങന്നൂർ തഹസീൽദാർ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) കുട്ടപ്പൻ ചണ്ണത്തുംകാലയിൽ

ഓർഡർ ഓഫ് അസൈൻമെന്റ് നൽകിയിട്ടുള്ളതാണ്.

2) തങ്കമ്മ നാരായണൻ

പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ ടി വ്യക്തി മരണപ്പെട്ടു.

3) സുരേഷ്

4) കുമാരി രഘുനാഥ്

ഇവർ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച ശ്രീമതി തങ്കമ്മ നാരായണന്റെ മകനും മരുമകളുമാണ്. ഇവർക്ക് താമസ ആവശ്യത്തിനുള്ള ഭൂമി മാത്രം പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയം ബഹുമാനപ്പെട്ട കേരള സംസ്ഥാന പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ കമ്മീഷന്റെ പരിഗണനയിലുള്ളതായതിനാൽ ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്.

5) ശ്രീമതി. ജോയമ്മ സി. കെ.

പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ചെങ്ങന്നൂർ തഹസീൽദാർ സ്വീകരിച്ചുവരുന്നു.

**പണ്ടാരച്ചിറ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകൽ**

308 (1464) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ പണ്ടാരച്ചിറ കോളനിയിൽ നിരവധി വർഷങ്ങളായി താമസിക്കുന്ന നാൽപ്പതോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

തൃക്കാക്കര മണ്ഡലത്തിലെ പണ്ടാരച്ചിറ കോളനി നിവാസികളിൽ അപേക്ഷ നൽകിയവർക്കെല്ലാംതന്നെ കൈവശരേഖ നൽകിയിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ അവർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി പുഴ പുറമ്പോക്ക് ആയതിനാൽ നിയമപരമായ സാധ്യത വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

**കാസർഗോഡ് ജില്ലയിലെ പട്ടയവിതരണം**

309 (1465) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയത്തിനായി എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ ലഭിച്ചിട്ടുണ്ടെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

| | |
|---|---|
| മഞ്ചേശ്വരം താലൂക്ക് | - 6249 |
| കാസർഗോഡ് താലൂക്ക് | - 5469 |
| ഹോസ്ദുർഗ് താലൂക്ക് | - 4120 |
| വെള്ളരിക്കുണ്ട് താലൂക്ക് | - 441 |

(ബി) 2016-നുശേഷം എത്ര പേർക്ക് പ്രസ്തുത ജില്ലയിൽ പട്ടയം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| മഞ്ചേശ്വരം താലൂക്ക് | - 1382 |
| കാസർഗോഡ് താലൂക്ക് | - 689 |
| ഹോസ്ദുർഗ് താലൂക്ക് | - 654 |
| വെള്ളരിക്കുണ്ട് താലൂക്ക് | - 404 |

**പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്ത പട്ടയ അപേക്ഷകൾ**

310 (1466) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അത്തരത്തിലുള്ള എത്ര പട്ടയ അപേക്ഷകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അത്തരത്തിലുള്ള 25 അപേക്ഷകളുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നില്ലെന്ന വിഷയത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ചുനൽകരുതെന്ന പൊതുമരാമത്ത് വകുപ്പിന്റെ സർക്കുലർ നിർദ്ദേശം നിലനിൽക്കുന്നതിനാൽ PWD നിരാക്ഷേപ പത്രം അനുവദിക്കാത്ത സാഹചര്യമുണ്ട്. ഭാവിയിൽ റോഡ് വികസനത്തിന് ആവശ്യമില്ലാത്ത ഭൂമിക്ക് നിരാക്ഷേപ പത്രം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ഒരു കൂടിയാലോചന നടത്തി തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**അരുവിക്കര മണ്ഡലത്തിലെ പട്ടയ വിതരണം**

311 (1467) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനായി ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം, അപേക്ഷകരുടെ പേര്, മേൽവിലാസം, ഭൂവിസ്തൃതി, തരം എന്നീ വിവരങ്ങൾ വില്ലേജ് തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ നാളിതുവരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) അരുവിക്കര മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാൻ 64 അപേക്ഷകൾ അവശേഷിക്കുന്നു. അവയുടെ നിലവിലെ അവസ്ഥയും അപേക്ഷകരുടെ പേരുവിവരം, മേൽവിലാസം, ഭൂവിസ്തൃതി, തരം എന്നിവ സംബന്ധിച്ച് വില്ലേജ് തിരിച്ച് തയ്യാറാക്കിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(സി) നിരസിച്ച അപേക്ഷകളുണ്ടെങ്കിൽ അവ നിരസിക്കാനുള്ള കാരണം സഹിതം വിവരങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി പതിവിനായി ലഭ്യമാക്കിയിട്ടുള്ള അപേക്ഷകളിൽ പതിവുനിയമ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്തതും ഭൂമി പതിവുനിയമങ്ങൾക്കുള്ളിൽ വരാത്തതുമായ അപേക്ഷകൾ മാത്രമേ നിരസിച്ചിട്ടുള്ളൂ.

**ഭൂരഹിതർക്ക് പട്ടയം**

312 (1468) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഭൂരഹിതർക്ക് പട്ടയം നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു വർഷക്കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | പത്തനംതിട്ട | 373 |
| 4 | ആലപ്പുഴ | 635 |
| 5 | കോട്ടയം | 382 |
| 6 | എറണാകുളം | 2977 |
| 7 | ഇടുക്കി | 3671 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | കോഴിക്കോട് | 6738 |
| 12 | വയനാട് | 1733 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 1946 |
| | ആകെ | 54535 |

(ബി) എത്ര ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു എന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്ന അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്ന അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 241 |
| 2 | കൊല്ലം | 5841 |
| 3 | പത്തനംതിട്ട | 165 |
| 4 | ആലപ്പുഴ | 531 |
| 5 | കോട്ടയം | 222 |
| 6 | എറണാകുളം | 2162 |
| 7 | ഇടുക്കി | 1750 |
| 8 | തൃശ്ശൂർ | 7799 |
| 9 | പാലക്കാട് | 550 |
| 10 | മലപ്പുറം | 176 |
| 11 | കോഴിക്കോട് | 176 |
| 12 | വയനാട് | 368 |
| 13 | കണ്ണൂർ | 137 |
| 14 | കാസർഗോഡ് | 515 |

**ദുരന്തനിവാരണ വകുപ്പ് അനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തി**

313 (1469) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ ദുരന്തനിവാരണ വകുപ്പ് ഫ്ലഡ് പ്രവൃത്തി ഇനത്തിൽ വാമനപുരം മണ്ഡലത്തിൽ അനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ പട്ടികയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) 2016 മുതൽ 2022 വരെ ദുരന്തനിവാരണ വകുപ്പ് ഫ്ലഡ് പ്രവൃത്തി ഇനത്തിൽ വാമനപുരം മണ്ഡലത്തിൽ അനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ പട്ടികയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം**

314 (1470) ശ്രീ. സജി. ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അപേക്ഷകളിൽ സമയബന്ധിതമായിത്തന്നെ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. അപാകതകൾ കണ്ടെത്തുന്ന അപേക്ഷകളിൽ അപാകത പരിഹരിച്ച് സമർപ്പിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് നിലവിലുള്ളത്.

(ബി) ആലപ്പുഴ ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതരുടെ അപേക്ഷകളിൽ ആർക്കെല്ലാമാണ് ഇനി ധനസഹായം നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ആലപ്പുഴ ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി നാളിതുവരെ 4861 അപേക്ഷകൾ ലഭിച്ചതിൽ 4729 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതും 72 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും 60 അപേക്ഷകൾ വില്ലേജ് ആഫീസുകളിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മുളക്കുഴ വില്ലേജിൽ കോവിഡ് ബാധിച്ച് മരിച്ച ശ്രീഭവനത്തിൽ ഭാസുരാംഗന്റെ ആശ്രിതർക്കും രജനിഭവനത്തിൽ രവീന്ദ്രന്റെ ആശ്രിതയ്ക്കും നാളിതുവരെ സഹായം ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മുളക്കുഴ വില്ലേജിൽ കോവിഡ് ബാധിച്ച് മരിച്ച ശ്രീഭവനത്തിൽ ഭാസുരാംഗന്റെ ഭാര്യ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷാരേഖകൾ ഇരട്ടിപ്പായി കണ്ടതിനാൽ വില്ലേജ് ആഫീസർ അപേക്ഷ നിരസിച്ചിരുന്നു. ഒരിക്കൽക്കൂടി അപേക്ഷ സമർപ്പിക്കാൻ കക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജനി ഭവനത്തിൽ രവീന്ദ്രന്റെ ആശ്രിതർ നാളിതുവരെ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അവർക്ക് എന്ന് സഹായം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

കോവിഡ് പോർട്ടൽ (relief.kerala.gov.in) മുഖേന അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

**സജ്ജം പദ്ധതി**

315 (1471) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ ലഘൂകരണ സാക്ഷരതയുടെ കീഴിൽ ആസൂത്രണം ചെയ്ത സജ്ജം പദ്ധതി ഏതൊക്കെ വകുപ്പുകളിലൂടെയാണ് നടപ്പാക്കിവരുന്നത്; വ്യക്തമാക്കുമോ?

താഴെപ്പറയുന്ന വകുപ്പുകളിലൂടെയാണ് സജ്ജം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

ആരോഗ്യ വകുപ്പ്

മത്സ്യബന്ധന വകുപ്പ്

വനം, വന്യജീവി വകുപ്പ്

ജലവിഭവ വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്

സാമൂഹിക നീതി വകുപ്പ്

സ്ത്രീകളുടേയും കുട്ടികളുടേയും വികസന വകുപ്പ്

പോലീസ്

അഗ്നിരക്ഷാ സേന

വിവരപൊതുജന സമ്പർക്ക വകുപ്പ്

പൊതുഭരണ വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ്

(ബി) അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്കിടയിൽ ദുരന്തനിവാരണ സാക്ഷരത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഓരോ വ്യക്തിക്കും തങ്ങൾ നേരിടാൻ സാധ്യതയുള്ള ദുരന്ത സാധ്യതയെപ്പറ്റി അവബോധം ഉണ്ടാക്കുകയും അതുവഴി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സമൂഹത്തിനുണ്ടാകുന്ന ആഘാതം ലഘൂകരിക്കാനും കഴിയുമെന്നതാണ് സജ്ജം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**നദീതീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ**

316 (1472) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രളയംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

നദീതീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രളയംമൂലം ജീവഹാനി സംഭവിക്കുന്നത് തടയുന്നതിനായി മഴ മുന്നറിയിപ്പ് ലഭിക്കുന്നതനുസരിച്ച് കുടുംബങ്ങളെ സുരക്ഷിതമായി ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റുകയും അവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം കണക്കാക്കുന്നത് SDRF/NDRF-ൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന്റെ മാനദണ്ഡങ്ങളും ഇനങ്ങളും അനുസരിച്ചാണ്. ഇതനുസരിച്ച് പ്രകൃതിക്ഷോഭത്തിൽ മരിച്ച വ്യക്തിയുടെ കുടുംബത്തിന് ദുരിതാശ്വാസ സഹായമായി നാല് ലക്ഷം രൂപയും മലയോര പ്രദേശത്തെ പൂർണ്ണമായും തകർന്ന വീടിന് 1,01,900 രൂപയും സമതല പ്രദേശത്തെ വീടിന് 95,100 രൂപയും നൽകുന്നു. എന്നാൽ സംസ്ഥാന ദുരന്തപ്രതികരണനിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം അനുവദിക്കുന്ന തുക പരിമിതമായതിനാൽ തീവ്രദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതംകൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ സഹായമാണ് നൽകുന്നത്. അതുപ്രകാരം മലയോര/സമതല പ്രദേശത്തെ 75 ശതമാനത്തിലധികം തകർന്ന വീടിന് 4 ലക്ഷം രൂപ ദുരിതാശ്വാസ സഹായമായി അനുവദിക്കുന്നു. വ്യക്തികൾക്ക് ഉണ്ടാകുന്ന മുറിവുകളുടെയും വീടുകളുടെ കേടുപാടുകളുടെ തോത് അനുസരിച്ചും വിവിധ മാനദണ്ഡങ്ങൾപ്രകാരം സഹായധനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽനിന്നും ആയതിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ?

കഴിഞ്ഞ കാലയളവിൽ ചെങ്ങന്നൂർ മണ്ഡലത്തിൽനിന്നും അപേക്ഷകൾ ലഭ്യമായിട്ടില്ല.

**ദുരന്തനിവാരണ വകുപ്പ് മുഖേനയുള്ള റോഡ് അറ്റകുറ്റപ്പണി**

317 (1473) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ നശിക്കപ്പെടുന്ന റോഡുകൾ ദുരന്തനിവാരണ വകുപ്പ് മുഖേന പുനരുദ്ധരിക്കുന്ന പദ്ധതി സംസ്ഥാനത്ത് എന്നാണ് നടപ്പാക്കിത്തുടങ്ങിയതെന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭത്തിൽ നശിച്ചുപോകുന്ന റോഡുകളുടെ Immediate Restoration ആണ് ദുരന്തപ്രതികരണനിധി ഉപയോഗിച്ച് നടത്തുന്നത്. ഇപ്രകാരം പ്രകൃതിക്ഷോഭത്തിൽ നശിക്കപ്പെടുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ (Immediate Restoration), ദുരന്ത നിവാരണ വകുപ്പ് മുഖേന നേരിട്ട് നിർവ്വഹിക്കുന്നില്ല. എന്നാൽ, ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8-10-2009-ലെ സ.ഉ.(കൈ) നമ്പർ 396/2009/ഡി.എം.ഡി. ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം 2009 മുതൽ പ്രവൃത്തികളുടെ നിർവ്വഹണം നടത്തിവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്നാണ് അവസാനമായി ഭേദഗതി ചെയ്തിട്ടുള്ളത്; പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഉണ്ടായിരുന്ന എസ്റ്റിമേറ്റ് റേറ്റ് (ഡി.എസ്.ആർ.) ഏതായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അവസാനമായി ഭേദഗതി വരുത്തിയത് 27-3-2018-ലെ സ.ഉ.(കൈ)നമ്പർ 3/2018/ഡി.എം.ഡി. ഉത്തരവുപ്രകാരമാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാലയളവിൽ 2016-ലെ DSR നിരക്കാണ് നിലവിലുണ്ടായിരുന്നത്.

(സി) പ്രസ്തുത റേറ്റിനെ അപേക്ഷിച്ച് ഇപ്പോൾ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള 2018-ലെ ഡി.എസ്.ആർ. പ്രകാരം നിരക്കിലുണ്ടായ വലിയ അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡി.എസ്.ആർ. പ്രകാരം ഉണ്ടാകുന്ന വർദ്ധനവനുസരിച്ച് പ്രസ്തുത പദ്ധതിയിൽ അനുവദിക്കാവുന്ന പരമാവധി തുക പത്ത് ലക്ഷമെന്നത് വർദ്ധിപ്പിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും അനുവദിക്കുന്ന പരമാവധി തുക 10 ലക്ഷം രൂപയാണ്. 10-10-2012-ലെ സ.ഉ.(കൈ)നമ്പർ 384/2012/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് 10 ലക്ഷം രൂപ വരെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഗ്രാമീണ റോഡുകൾക്ക് കിലോമീറ്ററിന് 60,000 രൂപയും (അറുപതിനായിരം രൂപ മാത്രം) സ്റ്റേറ്റ് ഹൈവേ/ മേജർ ജില്ലാ റോഡുകൾക്ക് 1,00,000 രൂപയും (ഒരു ലക്ഷം രൂപ മാത്രം) മാത്രമാണ് അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾക്കായി വിനിയോഗിക്കാനാവുന്നത്. പ്രസ്തുത തുകയിലും ഉയർന്ന തുകയാണ് 10-10-2012-ലെ സ.ഉ.(കൈ)നമ്പർ 384/2012/ഡി.എം.ഡി. പ്രകാരം നിലവിൽ സംസ്ഥാനത്ത് അനുവദിച്ചുവരുന്നത്. എന്നാൽ ഈ തുക അനുവദിക്കുന്നതിന് നിരവധി ആഡിറ്റ് തടസ്സങ്ങൾ നിലവിലുണ്ട്. കേന്ദ്ര മാനദണ്ഡങ്ങൾപ്രകാരം അനുവദിക്കുന്ന തുകയ്ക്കുപരിയായി 10 ലക്ഷം രൂപ വരെ സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ചുവരുന്ന നിലവിലെ സ്ഥിതി തുടരുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കേന്ദ്ര മാനദണ്ഡങ്ങൾക്ക് ഉപരിയായ പ്രവൃത്തികൾകൂടി റോഡുകളുടെ സുസ്ഥിര പുനരുദ്ധാരണത്തിന് ഉപയുക്തമാകുംവിധം നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് പ്രത്യേകമായി ഇളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്രത്തിന് മെമ്മോറാണ്ടങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്രത്തിൽനിന്നും നാളിതുവരെയും അനുകൂലമായ പ്രതികരണം ലഭിച്ചിട്ടില്ല. ആയതിനാൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും നിലവിൽ 10 ലക്ഷം രൂപയിൽ കൂടുതൽ റോഡുകളുടെ പുനരുദ്ധാരണത്തിന് വിനിയോഗിക്കുന്ന കാര്യം പരിഗണനയിലില്ല.

**പ്രകൃതി ദുരന്തങ്ങൾ നേരിടുന്നവരെ മാറ്റിപാർപ്പിക്കൽ**

318 (1474) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനത്തടി പഞ്ചായത്തിലെ കമ്മാടിയിൽ തോട് കരകവിഞ്ഞൊഴുകുന്നതും മണ്ണിടിച്ചിലുംമൂലം എത്ര ആദിവാസി കുടുംബങ്ങളെയാണ് മാറ്റി പാർപ്പിക്കേണ്ട സ്ഥിതിയുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിലെ പനത്തടി ഗ്രാമപഞ്ചായത്തിലെ കമ്മാടിയിൽ തോട് കരകവിഞ്ഞൊഴുകുന്നതും മണ്ണിടിച്ചിലുംമൂലം അപകട ഭീഷണി നേരിടുന്ന 10 കുടുംബങ്ങളെയാണ് മാറ്റിപാർപ്പിക്കേണ്ട സ്ഥിതിയുള്ളത്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ച് അവരെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകാമോ?

(ബി&സി) പ്രസ്തുത കുടുംബങ്ങളെ പനത്തടി വില്ലേജിലെ സർവ്വെ നമ്പർ 351-ൽപ്പെട്ട റവന്യൂ ഭൂമിയിൽ മാറ്റിപ്പാർപ്പിക്കാനായി ഭൂമി സർവ്വേ ചെയ്ത് വേർതിരിക്കാൻ വെള്ളരിക്കുണ്ട് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോവിഡും കാലവർഷവുംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ**

319 (1475) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയും 2022 ജൂലൈ മാസത്തിലെ കാലവർഷക്കെടുതിയുംമൂലമുണ്ടായ നാശനഷ്ടങ്ങളും മരണങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതുമൂലമുണ്ടായ സാമ്പത്തിക നഷ്ടങ്ങളും മരണങ്ങളും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അതിന് വിധേയരായ കുടുംബങ്ങൾക്ക് എത്ര തുകയുടെ സഹായങ്ങൾ നൽകിവരുന്നുവെന്നും അതിനായി നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും ആയത് പൂർണ്ണമാക്കാൻ ഇനി എത്ര തുക ആവശ്യമുണ്ടെന്നും വ്യക്തമാക്കുമോ?

(എ-സി) കോവിഡ്മൂലം സംസ്ഥാനത്ത് ആകെ 70570 പേരും 2022 ജൂലൈ മാസത്തിലെ കാലവർഷക്കെടുതിയിൽ 27 പേരും മരണപ്പെട്ടിട്ടുണ്ട്. കാലവർഷക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തി വരുന്നു. കോവിഡ്മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് എക്സ് ഗ്രേഷ്യയായി 50,000 രൂപ ധനസഹായവും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5,000 രൂപ വീതം 36 മാസത്തേയ്ക്ക് പെൻഷനും അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഇതിനകം 317.89 കോടി രൂപ അനുവദിച്ചിട്ടുള്ളതും 49.10 കോടി രൂപയോളം നിലവിൽ ആവശ്യമുള്ളതുമാണ്.

(ഡി) അതിനായി എത്ര തുകയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടുവെന്നും എത്ര തുക ലഭ്യമായിയെന്നും വിശദമാക്കുമോ?

കോവിഡ് ധനസഹായം അനുവദിക്കുന്നതിനായി കൂടുതൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടെങ്കിലും തുക ലഭ്യമായിട്ടില്ല.

**കടവുപുഴ പാലം പുനർനിർമ്മാണം**

320 (1476) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കടവുപുഴ പാലം കഴിഞ്ഞ വർഷത്തെ അതിതീവ്ര മഴയിൽ തകർന്ന് ഗതാഗതയോഗ്യമല്ലാതായതും തന്മൂലം ജനങ്ങൾ ഇരുപത്തഞ്ച് കിലോമീറ്റർ ചുറ്റി സഞ്ചരിക്കേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം ദുരന്തനിവാരണ ഫണ്ടിൽ ഉൾപ്പെടുത്തി അടിയന്തരമായി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 10-10-2012-ലെ സ.ഉ.(കൈ)നമ്പർ 384/2012/ ഡിഎംഡി ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണം, കേടുപറ്റിയ പാലങ്ങളുടെ താൽക്കാലിക അറ്റകുറ്റപ്പണികൾ, പാലങ്ങളുടെ കേടായ റെയിലിംഗ് നന്നാക്കൽ, പാലങ്ങളിലേയ്ക്കുള്ള പ്രവേശനത്തിന്റെ താൽക്കാലിക അറ്റകുറ്റപ്പണികൾ, തകർന്ന കലുങ്കുകളുടെ അറ്റകുറ്റപ്പണി മുതലായ പ്രവൃത്തികൾക്കാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കാൻ വ്യവസ്ഥയുള്ളത്. മേൽ സാഹചര്യത്തിൽ SDRF നിബന്ധനകൾ നിലനിൽക്കുന്നതിനാൽ ദുരന്തനിവാരണ ഫണ്ടിൽ ഉൾപ്പെടുത്തി പാലം പുനർനിർമ്മിക്കുവാൻ സാധിക്കുകയില്ല. കടവുപുഴ പാലം അടിയന്തരമായി പുനർനിർമ്മിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാൻ പൊതുമരാമത്ത് (ബ്രിഡ്ജസ്) വകുപ്പിന് കോട്ടയം ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനായി രണ്ട് സെന്റ് വസ്തു സൗജന്യമായി വിട്ടുകൊടുത്ത വ്യക്തിയുടെ ശേഷിക്കുന്ന മൂന്ന് സെന്റ് സ്ഥലത്തുള്ള വീട് ഏതുനിമിഷവും നിലംപതിക്കാവുന്ന അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അവസ്ഥ പരിഹരിക്കാൻ ദുരന്തനിവാരണ ഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിലെ അനധികൃത നിലംനികത്തൽ**

321 (1477) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിൽ 1316-ൽ തുടങ്ങുന്ന

സർവ്വേ നമ്പറുകളിൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ടിട്ടുള്ളതുമായ ഭൂമി അനധികൃതമായി തരംമാറ്റുന്നുവെന്നത് സംബന്ധിച്ച പരാതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിൽ ഉൾപ്പെട്ട 131/6 സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിൽ അനധികൃതമായി മണ്ണിട്ട് നികത്തി തരംമാറ്റുന്നത് സംബന്ധിച്ച പരാതി ലഭിച്ചിരുന്നു.

(ബി) പ്രസ്തുത പരാതിയിന്മേൽ റവന്യൂ വകുപ്പിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല സംഘം എന്തെങ്കിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പരാതിയിന്മേൽ റവന്യൂ വകുപ്പ് രൂപീകരിച്ച സംസ്ഥാനതല സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) അപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമായിരുന്നുവെന്നും പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെയും ആയത് കൈകാര്യം ചെയ്യുന്ന ഡി2/36/2022/റവ. നമ്പർ ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിൽ അനധികൃതമായി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച പരാതിയിൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ടിന്റെയും ആയത് പരിശോധിച്ചു വരുന്ന ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാൻ തൽക്കാലം കഴിയുകയില്ല.

**പള്ളിക്കമണ്ണടി പാലത്തിനായുള്ള സ്ഥലമേറ്റെടുക്കൽ**

322 (1478) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പള്ളിക്കമണ്ണടിപ്പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കൊല്ലം ജില്ലയിലെ മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജുകളിൽ നിന്നായി 31.56 ആർസ് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ നിയമം, 2013 സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 4-2-2022-ലെ 405-ാം

നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ, അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR) അംഗീകരിച്ചിട്ടുള്ളതും DVS തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**പെരുവയൽ വില്ലേജ് ഓഫീസ്**

323 (1479) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ളതും ഇപ്പോൾ സഹകരണ സംഘം ലിക്വിഡേറ്റർ എന്ന നിലയിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ളതുമായ പൂവാട്ടുപറമ്പ് ദേശം റീ.സ.നമ്പർ 66/2-ൽ ഉൾപ്പെട്ട ഭൂമി, ബാധ്യതകൾ അടച്ചുതീർത്ത് സർക്കാർ ഏറ്റെടുക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത പെരുവയൽ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്താൻ ആയത് ഏറ്റെടുക്കുന്ന വിഷയത്തിൽ സത്വരനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പെരുവയൽ വില്ലേജ് പൂവാട്ടുപറമ്പ് ദേശത്ത് റീ.സ.നമ്പർ 66/2-ൽ ഉൾപ്പെട്ടതും വ്യവസായ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 4 സെന്റ് ഭൂമി സ്വന്തമായി കെട്ടിടമില്ലാത്ത പെരുവയൽ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി പരിഗണിക്കാവുന്നതാണെന്ന് കോഴിക്കോട് തഹസിൽദാർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽനിന്നും പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ കോഴിക്കോട് ഹരിജൻ നെയ്ത്ത് സഹകരണ സംഘം സ്ഥിതി ചെയ്യുന്നതായും നിലവിൽ സംഘം സമാപ്തീകരണത്തിൽ ആണെന്നും ലിക്വിഡേറ്ററുടെ കൈവശത്തിൽ ആണെന്നുള്ള വിവരവുമാണ് ലഭിച്ചിരുന്നത്.

പ്രസ്തുത സാഹചര്യത്തിൽ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൂവാട്ടുപറമ്പ് ദേശം റീ.സ.നമ്പർ 63/2-ൽപ്പെട്ട സ്ഥലം വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നടപടി സ്വീകരിക്കാൻ തഹസീൽദാർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ പൂവാട്ടുപറമ്പ് ദേശത്ത് റീ.സ. നമ്പർ 66/2-ൽപ്പെട്ട വ്യവസായ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി പെരുവയൽ വില്ലേജിനുവേണ്ടി ഏറ്റെടുക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ലാത്തതാണ്.

## കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ

324 (1480) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, അകതിയൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 4.9261 ഹെക്ടർ ഭൂമി കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടർ, ടൂറിസം വകുപ്പ് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ 26-6-2020-ലെ സ.ഉ. (സാധാ) നമ്പർ 2293/2020/റവ. പ്രകാരം അനുമതി നൽകിയിട്ടുള്ളതും സാമൂഹികാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് യൂണിറ്റിനെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം 31-3-2022-ലെ സ.ഉ.(അച്ചടി) 120/2022/റവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ സ്ഥലപരിശോധന നടത്തി അർത്ഥനാധികാരി അംഗീകരിച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരം ചൊവ്വന്നൂർ വില്ലേജിലെ 219/17, 219/18 pt എന്നീ സർവ്വേ നമ്പരുകൾ ഏറ്റെടുപ്പിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും കൂടാതെ അകതിയൂർ വില്ലേജിലെ തന്നെ പുതിയ സർവ്വേ നമ്പരുകൾ പ്രകാരമുള്ള ഭൂമികൂടി ഏറ്റെടുപ്പിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ലാൻഡ് പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട ആകെ ഭൂമിയുടെ അളവ് 6.5583 ഹെക്ടർ ആണെന്നും ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 10-6-2022-ലെ സ.ഉ.(അച്ചടി) 174/2022/റവ. പ്രകാരം തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതിയുടെ സാമൂഹികാഘാത പഠനം നടന്നുവരുന്നതുമാണ്.

## നീലേശ്വരം എടത്തോട് റോഡിന് സ്ഥലം ഏറ്റെടുക്കൽ

325 (1481) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം എടത്തോട് റോഡ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നീലേശ്വരം-എടത്തോട് റോഡ്

വികസനത്തിനായി, സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 28-5-2022-ലെ 1753 അസാധാരണ ഗസറ്റിൽ (20-5-2022-ലെ DCKSGD/15273/2019/L1 നടപടിക്രമം) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് (BVR) ജില്ലാ കളക്ടർ 1-7-2022-ന് അംഗീകരിച്ചിട്ടുള്ളതും Detailed Valuation Statement (DVS) തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്.

(ബി) സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട Detailed Valuation Statement (DVS) അംഗീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഇത്രയും കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ?

നീലേശ്വരം - എടത്തോട് റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ (റോഡ്സ് വിഭാഗം) റിക്വിസിഷൻ 9-12-2019-ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികളിലേയ്ക്ക് കടക്കുകയുമുണ്ടായി. സാമൂഹിക പ്രത്യാഘാത പഠനം പൂർത്തീകരിച്ച്, വിദഗ്ദ്ധ സമിതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുകയും 19-1-2021-ലെ 188-ാം നമ്പർ അസാധാരണ ഗസറ്റിൽ (30-12-2020-ലെ DCKSGD/15273/2019/L1 നടപടിക്രമം) 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുമുണ്ടായി.

11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. എന്നാൽ റിക്വിസിഷനിംഗ് അതോറിറ്റി ഫണ്ട് യഥാസമയം കെട്ടിവയ്ക്കാത്തതിനാൽ നിശ്ചിത സമയത്തിനുള്ളിൽ ജില്ലാ കളക്ടർക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്നു. അതിനാൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 18-1-2022-ലെ G.O.(P) No.36/2022/RD പ്രകാരം സമയപരിധി 6 മാസം കൂടി നീട്ടി അനുവദിക്കുകയുണ്ടായി. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16-5-2022-ലെ എൽ.ആർ./8436/2021/സി1 നമ്പർ ഉത്തരവുപ്രകാരം ആർ.ആർ. പാക്കേജിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. തുടർന്ന് 19(1) പ്രഖ്യാപനം 28-5-2022-ലെ 1753 അസാധാരണ ഗസറ്റിൽ (20-5-2022-ലെ DCKSGD/15273/2019/L1 നടപടിക്രമം) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് (BVR) ജില്ലാ കളക്ടർ

1-7-2022-ന് അംഗീകരിച്ചിട്ടുള്ളതും Detailed Valuation Statement (DVS) തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്. Detailed Valuation Statement (DVS) അംഗീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ സ്ഥലമേറ്റെടുക്കൽ നടപടി ഇപ്പോൾ അന്തിമഘട്ടത്തിൽ എത്തിയിട്ടുള്ളതും താമസംവിനാ പൂർത്തീകരിക്കാൻ സാധിക്കുന്നതുമാണ്.

**മലമേൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന വസ്തുവിന്റെ വിവരം**

326 (1482) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ അറക്കൽ വില്ലേജിൽപ്പെട്ട മലമേൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന ഭാഗത്ത് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ എത്ര സെന്റ് വസ്തുവുണ്ടെന്ന് വിശദമാക്കാമോ?

മലമേൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന ഭാഗത്ത് ദേവസ്വം ബോർഡിന് തണ്ടപ്പേർ അവകാശമുള്ള ഭൂമിയില്ല.

(ബി) പ്രസ്തുത ക്ഷേത്രം സ്ഥിതിചെയ്യുന്ന വസ്തു, നിലവിൽ റവന്യൂ രേഖകൾ അനുസരിച്ച് ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ;

മലമേൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന സർവ്വേ നമ്പർ 258/1-ൽപ്പെട്ട സ്ഥലം വില്ലേജ് രേഖകൾ പ്രകാരം പുറമ്പോക്ക് ഭൂമിയാണ്.

(സി) ഈ വസ്തു ടൂറിസം പദ്ധതിക്കായി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

**ഭൂമി ഏറ്റെടുത്ത് പട്ടയം നൽകൽ**

327 (1483) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷന്റെ 73.73

ഏക്കർ ഭൂമി 18-8-2000-ലെ TLB SR/980/TPY നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഭൂമിയിൽനിന്ന് 63.73 ഏക്കർ ഭൂമി "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിക്കുവേണ്ടി റിസർവ്വ് ചെയ്ത് ഉത്തരവായിട്ടുള്ളതും ബാക്കി 10 ഏക്കർ ഭൂമി 13-9-2013-ലെ G.O.(MS) 396/2013/RD നമ്പർ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ വകുപ്പിന് കൈമാറുന്നതിന് ഉത്തരവാകുകയും ചെയ്തു. എന്നാൽ 18-8-2000-ലെ പ്രസ്തുത താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിനെതിരെ വടക്കേക്കളം പ്ലാന്റേഷൻ ഫയൽ ചെയ്ത സി.ആർ.പി.(എൽ.ആർ.) 44/2013 നമ്പർ കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 5-2-2013-ലെ ഉത്തരവുപ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ ടി കേസിൽ അന്തിമ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടില്ല. കേസ് വേഗത്തിൽ തീർപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സി.ആർ.പി.(എൽ.ആർ.) 44/2013 നമ്പർ കേസിലെ അന്തിമവിധിക്കനുസൃതമായി മാത്രമേ പട്ടയ വിതരണം നടത്താൻ സാധിക്കുകയുള്ളൂ.

### പാറശ്ശാല മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി

328 (1484) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

### കരമന-വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ

329 (1485) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

റീച്ച് 1 - കരമന മുതൽ കുണ്ടമൺകടവ് പാലം വരെ

തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് എന്നീ വില്ലേജുകളിൽനിന്നായി 1.1356 ഹെക്ടർ സ്ഥലം കരമന - വെള്ളറട റീച്ച്-1 വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലെന്ന് ജില്ലാകളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 4-1-2022-ലെ സ.ഉ.(അച്ചടി) 8/2022/റവ., 13-6-2022-ലെ സ.ഉ.(അച്ചടി) 176/2022/റവ. എന്നീ നമ്പരുകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ എൽ.എ. സർവ്വേ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധീകരിച്ച് 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചുവരുന്നു.

റീച്ച് 2 - കുണ്ടമൺകടവ് പാലം മുതൽ ഞാറവിള വരെ

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ, മലയിൻകീഴ്, കുളത്തുമ്മൽ, വീരണകാവ്, വിളവൂർക്കൽ, മാറനല്ലൂർ എന്നീ വില്ലേജുകളിലെ 4.5670 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 2 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ദ്ധ സമിതി രൂപീകരിച്ച് 25-1-2022-ലെ സ.ഉ.(കൈ) നമ്പർ 23/2022/റവ., 5-4-2022-ലെ സ.ഉ.(കൈ) നമ്പർ 97/2022/റവ. എന്നീ ഉത്തരവുകൾപ്രകാരം എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റീച്ച് 3 - ഞാറവിള മുതൽ വെള്ളറട വരെ

തിരുവനന്തപുരം ജില്ലയിലെ കളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ദ്ധ സമിതി രൂപീകരിച്ച് 25-1-2022-ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ. പ്രകാരം എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള അന്തിമ വിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കുന്നത് സാധ്യമാക്കുന്നതിനും സമാന്തരമായി വാല്വേഷൻ കണക്കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിച്ചതിനുശേഷം അടിസ്ഥാന ഭൂവില നിശ്ചയിക്കുന്നതും കെട്ടിടങ്ങളുടെയും വൃക്ഷങ്ങളുടെയും വിലനിർണ്ണയം കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറ്റിപ്പുറം വില്ലേജ് ഓഫീസിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി**

330 (1486) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസിന് രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ മലപ്പുറം ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസിന് രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ജില്ലാ രജിസ്ട്രാർ മുഖേന രജിസ്ട്രേഷൻ വകുപ്പിന് ജില്ലാ കളക്ടർ കത്ത് നൽകിയിരിക്കുകയാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിക്കൽ

331 (1487) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ അപേക്ഷയിലും സ്വീകരിച്ച നടപടിയും അപേക്ഷയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(സി) ഓരോ അപേക്ഷയിലും ആവശ്യപ്പെട്ട ഭൂമി, വിസ്തീർണ്ണം, സർവ്വേ നമ്പർ, വില്ലേജ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

സർക്കാരിൽ ലഭ്യമായ പ്രൊപ്പോസലുകളിൽ തുടർനടപടി കൈക്കൊണ്ടു വരുന്നു. മറ്റ് പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്.

## ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കാൻ നടപടി

332 (1488) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഏഴോളം ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്കായി കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിലെ ലാൻഡ് ബോർഡ് അധീനതയിലുള്ള മിച്ചഭൂമിയിൽനിന്നും അഞ്ചേക്കർ ഭൂമി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

പ്രസ്തുത വിഷയം പരിഗണിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ 94/2A-1pt, 74/1A, 158/2, 446/1, 185/3 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ടുകിടക്കുന്ന ഭൂമി പദ്ധതിക്കായി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി പദ്ധതിക്ക് അനുയോജ്യമാണോയെന്ന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിധ്യത്തിൽ സംയുക്ത സ്ഥലപരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**നേര്യമംഗലം വില്ലേജിൽ എസ്.എൻ.ഡി.പി. യോഗത്തിന് ഭൂമി പാട്ടത്തിന് നൽകൽ**

333 (1489) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ നേര്യമംഗലം വില്ലേജിൽ എസ്.എൻ.ഡി.പി. യോഗത്തിന് ഭൂമി പാട്ടത്തിന് നൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നേര്യമംഗലം വില്ലേജ് സർവ്വേ 1392/1, 1392/3, 1130/1 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട 4 ആർ (9.900 സെന്റ്) നേര്യമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രം വക സ്ഥലം എസ്.എൻ.ഡി.പി. യോഗം നേര്യമംഗലം ശാഖാ അധികൃതർ അനധികൃതമായി കയ്യേറിയതിനെത്തുടർന്ന് കേരള ഭൂസംരക്ഷണ നിയമപ്രകാരം 8/2018 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് ഒഴിപ്പിക്കൽ ഉത്തരവ് നൽകിയതിനെതിരെ ടി കക്ഷികൾ റവന്യൂ ഡിവിഷണൽ ഓഫീസർ മൂവാറ്റുപുഴ, ജില്ലാകളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർക്ക് നൽകിയ റിവിഷൻ പെറ്റീഷനുകളും അപ്പീലുകളും നിരസിച്ച് ഉത്തരവായിരുന്നതും അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് തുടർനടപടി സ്വീകരിക്കാൻ കോതമംഗലം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുത്തെങ്കിൽ മാത്രമേ എസ്.എൻ.ഡി.പി. യോഗത്തിന്റെ പാട്ടത്തിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകുന്നതിന് നടപടി**

334 (1490) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസിന് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ്

നൽകിയ കുറിപ്പിന് കോട്ടയം കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച കോട്ടയം ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(ബി) അതുസംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് പഞ്ചായത്തിൽനിന്നും അപേക്ഷ സമർപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഫയലിൽ തീരുമാനമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച പഞ്ചായത്തിന്റെ അപേക്ഷ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത സ്ഥലത്തിന് മറ്റ് സർക്കാർ സ്ഥാപനങ്ങളും മറ്റിതര സ്ഥാപനങ്ങളും നൽകുന്ന വാടക നൽകാമെന്നും സ്ഥലം എം.എൽ.എ. എന്ന നിലയിൽ എഗ്രിമെന്റ് വയ്ക്കാമെന്നും അപേക്ഷിച്ചിട്ടും സ്ഥലം അനുവദിക്കാൻ റവന്യൂ വകുപ്പ് തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തതിന്റെ പ്രധാന തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കാൻ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

(സി&ഡി) പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസിന് സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ സ്പഷ്ടീകരണം പരിശോധിച്ചുവരികയാണ്. നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച മങ്കടയിലെ റോഡുകളുടെ പുനരുദ്ധാരണം

335 (1491) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പുനരുദ്ധാരണം പൂർത്തിയാക്കിയ റോഡുകളുടെയും പ്രവൃത്തി പുരോഗമിച്ചുവരുന്നവയുടെയും ഇനിയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുടെയും നിലവിലെ സ്ഥിതി, തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് തുക സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ പട്ടിക തിരിച്ച് അനുബന്ധം 1* ആയി ചേർത്തിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തവയുടെ കാലതാമസത്തിന്റെ കാരണം അറിയിക്കുമോ?

സാങ്കേതികമായി എസ്റ്റിമേറ്റ് സമർപ്പിക്കൽ, ടെണ്ടർ നടപടികൾ എന്നിവ വൈകുന്നതുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസമുണ്ടായിട്ടുള്ളത്.

(സി) കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകൾ പുനരുദ്ധാരണ പ്രവൃത്തിക്കായി ഏറ്റെടുക്കേണ്ടത് സംബന്ധിച്ച മാനദണ്ഡം നിഷ്കർഷിച്ചുകൊണ്ടും പ്രവൃത്തി നടപ്പാക്കേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവുകൾ അനുബന്ധം 2*ആയി ചേർത്തിട്ടുണ്ട്.

## വില്ലേജ് ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ

336 (1492) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ രേഖകളും രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര വില്ലേജുകൾ സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്തുവെന്ന വിവരം ലഭ്യമാക്കാമോ?

(എ&ബി) ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും ലഭ്യമായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈൻ ആയി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്യുമെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനേജ്മെന്റ് സിസ്റ്റം (DMS) തയ്യാറാക്കിയിട്ടുണ്ട്. DMS സോഫ്റ്റ്‌വെയർ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS)-മായി ബന്ധപ്പെടുത്തി ഓൺലൈനായിത്തന്നെ രേഖകൾ കാണാനും പരിശോധിക്കാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ കാലപ്പഴക്കം വന്ന റവന്യൂ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് ഒഴിവാക്കാനും ഡിജിറ്റൽ രേഖകളുമായി ഓൺലൈൻ ആയിത്തന്നെ ഒത്തുനോക്കുന്നതിനും സാധിക്കും.

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 303 വില്ലേജുകളിലെ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 25 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 38 വില്ലേജുകൾ, കൊല്ലം ജില്ലയിൽ 18 വില്ലേജുകൾ, പത്തനംതിട്ട ജില്ലയിൽ 17 വില്ലേജുകൾ, കോട്ടയം ജില്ലയിൽ 10 വില്ലേജുകൾ, മലപ്പുറം ജില്ലയിൽ 3 വില്ലേജുകൾ ഉൾപ്പെടെ ആകെ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്ററുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. ഇതിലൂടെ കാലപ്പഴക്കം വന്ന റവന്യൂ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് ഒഴിവാക്കാനും ഡിജിറ്റൽ രേഖകളുമായി ഓൺലൈൻ ആയിത്തന്നെ ഒത്തുനോക്കുന്നതിനും സാധിക്കുന്നതാണ്.

## മങ്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം

337 (1493) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ സ്വന്തമായി കെട്ടിടമില്ലാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നതുമായവ ഏതെല്ലാമാണ്; പ്രസ്തുത അപര്യാപ്തത പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളെല്ലാം സ്വന്തം കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും അങ്ങാടിപ്പുറം, വലമ്പൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനും പുഴക്കാട്ടിരി വില്ലേജിന് അറ്റകുറ്റപ്പണിക്കുമായുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുണ്ട്.

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ വില്ലേജ് ഓഫീസിലും അനുവദിച്ചിട്ടുള്ള സ്റ്റാഫ് സ്ട്രെംഗ്ത് എത്രയാണ്; നിലവിൽ ജീവനക്കാരുടെ ഒഴിവുകളുള്ള ഓഫീസുകൾ ഏതെല്ലാമാണ്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിലെ ഓരോ വില്ലേജ് ഓഫീസിലും അനുവദിച്ചിട്ടുള്ള സ്റ്റാഫ് സ്ട്രെംഗ്ത്, നിലവിൽ ജീവനക്കാരുടെ ഒഴിവുകളുള്ള ഓഫീസുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു. വില്ലേജുകളിലെ വി.എഫ്.എ./വി.എ. തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പുകൾ, ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനാവശ്യമായ സംവിധാനങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അപര്യാപ്തമായതോ പ്രവർത്തനരഹിതമായിട്ടുള്ളതോ കാലപ്പഴക്കമുള്ളതോ ആയിട്ടുള്ള വില്ലേജ് ഓഫീസുകൾ നിലവിലുണ്ടോ?

എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ് മുതലായവ ഉണ്ടെങ്കിലും കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമത കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ പൊതുജനങ്ങൾക്ക് കാര്യക്ഷമമായും സമയബന്ധിതമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ അവ സജ്ജമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പൊതുജനങ്ങൾക്ക് കാര്യക്ഷമമായും സമയബന്ധിതമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ എല്ലാ വില്ലേജ് ഓഫീസുകളിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ് മുതലായവ ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമിതരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിനായി 5,99,93,000 രൂപ 22-02-2022-ലെ സ.ഉ (കൈ) നമ്പർ 56/2022/റവ. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന ഫണ്ടിൽ നിന്നും വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് അനുവാദം നൽകി 4-6-2022-ലെ സ.ഉ.(പി) നമ്പർ 62/2022/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം

338 (1494) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസുകൾ പ്രവർത്തനമാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഓരോ ഓഫീസിനും അനുവദിച്ചിട്ടുള്ള മുറികളിൽ ഓഫീസ് സാമഗ്രികളുടെയും ഇരിപ്പിടങ്ങളുടെയും ക്രമീകരണങ്ങൾ അതത് വകുപ്പുകൾ മുഖേന പൂർത്തീകരിക്കാത്തതുമൂലമാണ് ആഫീസുകൾ ആരംഭിക്കാൻ കഴിയാത്തത്.

(ബി) നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് നിലമ്പൂർ നഗരസഭ കെട്ടിട നമ്പർ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; നിലമ്പൂർ നഗരസഭാ സെക്രട്ടറി ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കേണ്ടത് ഏത് വകുപ്പിന്റെ ഉത്തരവാദിത്വമാണെന്ന് അറിയിക്കാമോ?

പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ നഗരസഭാ അധികൃതർ ചില ന്യൂനതകളുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ കെട്ടിടനിർമ്മാണ അനുമതിയും കെട്ടിട നമ്പരും അനുവദിച്ചിട്ടില്ല. പ്രസ്തുത ന്യൂനതകൾ പരിഹരിക്കേണ്ടത് നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് മലപ്പുറം ഡിവിഷനാണ്.

(സി) ന്യൂനതകൾ പരിഹരിച്ചുനൽകേണ്ടത് പൊതുമരാമത്ത് കെട്ടിട വിഭാഗമാണെങ്കിൽ ആയതിനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; കെട്ടിട നമ്പർ ലഭിക്കുന്നതിനായി റവന്യൂ വകുപ്പ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ നഗരസഭ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാനാവശ്യപ്പെട്ട് അസി. എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്, മലപ്പുറം സെക്ഷന് 18-4-2022-ൽ നിലമ്പൂർ തഹസീൽദാർ കത്ത് നൽകുകയും ആയതിന് മറുപടിയായി 14-7-2022-ൽ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് സെക്ഷനിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 25-7-2022-ൽ നിലമ്പൂർ നഗരസഭാ സെക്രട്ടറിക്ക് നിലമ്പൂർ തഹസീൽദാർ കത്ത് നൽകിയിട്ടുള്ളതുമാണ്.

(ഡി) നിലമ്പൂർ നഗരസഭ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാനാകുമെന്ന് അറിയിക്കാമോ?

ഓരോ ഓഫീസിനും അനുവദിച്ചിട്ടുള്ള മുറികളിൽ ഓഫീസ് സാമഗ്രികളുടെയും ഇരിപ്പിടങ്ങളുടെയും ക്രമീകരണങ്ങൾ അതത് വകുപ്പുകൾ പൂർത്തീകരിക്കുന്ന മുറയ്ക്കും ഓരോ ഓഫീസിനും വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്കും നിലമ്പൂർ നഗരസഭ കെട്ടിട നമ്പർ അനുവദിക്കുന്ന മുറയ്ക്കും മാത്രമേ മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനസജ്ജമാക്കാൻ കഴിയുകയുള്ളൂ.

**പേരാമ്പ്ര മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

339 (1495) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ?

പേരാമ്പ്ര മണ്ഡലത്തിൽ ആകെ 15 വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അതിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ 4 സ്മാർട്ട് വില്ലേജുകളുണ്ട്.

(സി) വില്ലേജ് ഓഫീസുകൾ പൂർണ്ണമായി സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനികീകരിക്കുന്നതിനുള്ള പദ്ധതിയാണ്

സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

പ്രസ്തുത സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റെക്കോർഡ് റൂം, ടോയ്ലറ്റുകൾ, ഫർണിച്ചർ എന്നിവയും സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുന്നു.

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

## ഭൂമി തരംമാറ്റൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി നിയമിച്ച ജീവനക്കാർ

340 (1496) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളിൽ ഭൂമി തരംമാറ്റൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി എത്ര ജീവനക്കാരെ പുതിയതായി നിയമിച്ചിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയത്; പ്രസ്തുത ജീവനക്കാരെ നിയമിച്ചതിന്റെ നടപടിക്രമം വ്യക്തമാക്കുമോ?

22-2-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/ആർ.ഡി. പ്രകാരം, ഭൂമി തരംമാറ്റ നടപടികൾ അതിവേഗം പൂർത്തീകരിക്കുന്നതിനായി, 917 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ക്ലാർക്ക്, സർവ്വേയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരിൽനിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം, ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക എഴുത്തുപരീക്ഷയും അഭിമുഖവും നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, സംവരണതത്വം പാലിച്ച്, ജില്ലാകളക്ടറുടെ നടപടിക്രമംപ്രകാരം നിയമനം നടത്തിയതുമായ 917 പേർ നിലവിലുണ്ട്.

(ബി) ഓരോ റവന്യൂ ഓഫീസിലും അപ്രകാരം നിയമനം നൽകിയ ഉദ്യോഗസ്ഥരുടെ എണ്ണവും തസ്തികയും ജില്ല തിരിച്ച് വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ജീവനക്കാരുടെ ശമ്പള ഇനത്തിൽ സംസ്ഥാന സർക്കാരിന് ഒരു മാസം എത്ര രൂപ ബാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ?

താത്ക്കാലിക ജീവനക്കാരായി നിയമനം നൽകിയ ഉദ്യോഗസ്ഥരുടെ എണ്ണവും തസ്തികയും സംബന്ധിച്ച്, ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്*. ടി ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതിമാസം 2.92 കോടിയോളം രൂപ സർക്കാരിന് ബാധ്യതയുണ്ട്.

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ**

341 (1497) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനായി റവന്യൂ വകുപ്പിൽ എത്ര ജീവനക്കാരെയാണ് പുതിയതായി നിയമിച്ചത്; എന്നുമുതലാണ് അവരെ നിയമിച്ചത്; എത്ര കാലയളവിലേയ്ക്കാണ് നിയമനം നൽകിയത്; അവരുടെ ശമ്പള ഇനത്തിൽ സംസ്ഥാന ഖജനാവിന് പ്രതിമാസമുണ്ടാകുന്ന ബാധ്യത എത്രയാണ്; വ്യക്തമാക്കുമോ?

22-2-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/ആർ.ഡി. പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളിന്മേലുള്ള നടപടികൾ അതിവേഗം പൂർത്തീകരിക്കുന്നതിനായി നിയമിച്ച, 917 താൽക്കാലിക ജീവനക്കാർ നിലവിലുണ്ട്. റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി, 2022 ഏപ്രിൽ മാസം മുതലാണ് ടി ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. 179 ദിവസ കാലയളവിലേയ്ക്കാണ് ടി നിയമനം നടത്തിയിട്ടുള്ളത്. ടി ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതിമാസം 2.92 കോടിയോളം രൂപ സർക്കാരിന് ബാധ്യതയുണ്ട്.

(ബി) പ്രസ്തുത ജോലികളുടെ പൂർത്തീകരണത്തിനായി റവന്യൂ വകുപ്പിന്റെ ഓഫീസുകളിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വാങ്ങി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

22-2-2022-ലെ സ.ഉ. (കൈ) നമ്പർ 56/2022/ആർ.ഡി. പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളിന്മേലുള്ള നടപടികൾ അതിവേഗം പൂർത്തീകരിക്കുന്നതിനായി, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 5,99,93,000 രൂപ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ച് ഉത്തരവായിരുന്നു. അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. തൽക്കാലം വാടകയ്ക്കോ ലീസിനോ പകരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയോ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഭൂമിയുടെ തരംമാറ്റത്തിനുള്ള അപേക്ഷകളിൽ ഏത് കാലയളവ് വരെയുള്ളത് പൂർണ്ണമായും തീർപ്പുകൽപ്പിക്കാൻ നാളിതുവരെ സാധിച്ചിട്ടുണ്ട്; തീർപ്പാക്കാനുള്ള അപേക്ഷകൾ എന്നത്തേയ്ക്ക് പൂർണ്ണമായും തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഭൂമിയുടെ തരംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ, തീർപ്പാക്കാനായി ശേഷിക്കുന്ന ഓഫ്‌ലൈൻ അപേക്ഷകൾ, 2022 നവംബർ 1-നുമുമ്പ് തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ഓഫ്‌ലൈൻ അപേക്ഷകൾ തീർപ്പാക്കാൻ ബന്ധപ്പെട്ട കാര്യാലയങ്ങൾ മുൻഗണന നൽകിയിട്ടുണ്ട്. ഭൂമി തരംമാറ്റം സംബന്ധിച്ച് മുൻഗണനയ്ക്ക് അർഹമായ വിഭാഗങ്ങളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ 10-1-2022 മുതൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി**

342 (1498) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അമിതജോലിഭാരംമൂലം പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കാനാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് എല്ലാ ജില്ലകളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിൽനിന്നും പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായതിനുശേഷം ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## പയ്യന്നൂരിൽ ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി ഭൂമി അനുവദിക്കൽ

343 (1499) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി പയ്യന്നൂർ താലൂക്കിലെ കോറോം വില്ലേജിൽ കണ്ടെത്തിയ റവന്യൂ ഭൂമി യൂണിവേഴ്സിറ്റിക്ക് പാട്ടവ്യവസ്ഥയിൽ നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ തുടർനടപടികൾ ഏതുഘട്ടംവരെയായെന്ന് വിശദമാക്കാമോ;

(ബി) ഭൂമി കൈമാറ്റം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ കോറോം വില്ലേജിൽപ്പെട്ട 5.0935 ഹെക്ടർ ഭൂമി, യൂണിവേഴ്സിറ്റിക്ക് പാട്ടവ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ കളക്ടർ 27-7-2022-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പരിശോധിച്ചുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പെരുവള്ളൂർ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കാൻ നടപടി

344 (1500) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ വില്ലേജിനെ സ്മാർട്ട് വില്ലേജാക്കി പരിവർത്തനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഫയലിലെ നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) പെരുവള്ളൂർ വില്ലേജിനെ സ്മാർട്ട് വില്ലേജാക്കി മാറ്റുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

## കുന്ദമംഗലം വില്ലേജിലെ അവകാശികളില്ലാത്ത ഭൂമി ഉപയോഗപ്പെടുത്തൽ

345 (1501) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവകാശികളില്ലാത്തതുമൂലം അനാഥമായിക്കിടക്കുന്ന ഭൂമി കുന്ദമംഗലം വില്ലേജിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുത്ത് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കുന്ദമംഗലം വില്ലേജിലെ കുന്ദമംഗലം ദേശത്തെ പടനിലം ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ പഴയ കെട്ടിടം സ്ഥിതിചെയ്യുന്ന റീ-സർവ്വേ 49/48 നമ്പർ ഭൂമിയാണ് അവകാശികളില്ലാതെ അനാഥമായി കിടക്കുന്നത്. പ്രസ്തുത ഭൂമി എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

346 (1502) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിക്കാട്ടൂർ വില്ലേജിലെ വെള്ളിപറമ്പ് ദേശത്ത് റീ-സർവ്വേ 26/1 ബി-യിൽപ്പെട്ടതും പി.ഡബ്യൂ.ഡി.-യുടെ കൈവശത്തിലുള്ളതുമായ 47 സെന്റ് ഭൂമിയിൽനിന്ന് 10 സെന്റ് ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിന് എതിർപ്പില്ലെന്ന് പൊതുമരാമത്ത്

വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. ടി സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് കൈമാറുന്നതിനുള്ള തുടർനടപടികൾ കോഴിക്കോട് ജില്ലാകളക്ടർ സ്വീകരിച്ചുവരുന്നു.

(ബി) കുറ്റിക്കാട്ടൂർ വില്ലേജ് പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം വിട്ടുനൽകുന്നതിന് പ്രസ്തുത വകുപ്പ് നിരാക്ഷേപ പത്രം നൽകിയിട്ടും ആയത് ഏറ്റെടുക്കുന്നതിൽ റവന്യൂ വകുപ്പ് കാലതാമസം വരുത്തുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

പ്രസ്തുത ഭൂമിയിൽ 8 കുടുംബങ്ങൾ കുടിയേറി താമസിക്കുന്നതിനാലാണ് ടി 10 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നത്.

## അരൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് വസ്തുക്കൾ

347 (1503) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ പാണാവള്ളി, തൈക്കാട്ടുശ്ശേരി എന്നീ വില്ലേജുകളിൽ നിലവിലുള്ള റവന്യൂ പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശം നൽകാമോ?

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി പാണാവള്ളി വില്ലേജുകളിലായി 873 ഹെക്ടർ 37 ആർസ് 84 ച.മീ. പുറമ്പോക്ക് ഭൂമിയാണുള്ളത്. ടി വസ്തുക്കളിൽ ഭൂരിഭാഗവും കായൽ പുറമ്പോക്കും തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയുമാകുന്നു.

## തണ്ടപ്പേർ മാറ്റി നൽകുന്നതിന് നടപടി

348 (1504) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ റീ- സർവ്വേ നമ്പർ 151/2-ൽപ്പെട്ട 17.20 ആർ ഭൂമി ഖാദി ബോർഡ് ചെയർമാന്റെ പേരിൽ തണ്ടപ്പേർ മാറ്റി നൽകുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4-ൽ 1204-ാം നമ്പർ തണ്ടപ്പേർ പ്രകാരം ഇടയ്ക്കോട് ദേശത്ത് ഖാദിബോർഡ് സർവ്വോദയത്തിനുവേണ്ടി റീസർവ്വേ 151/2-ൽ 17.20 ആർ സ്ഥലം നിലവിലുണ്ട്. ഖാദി ബോർഡ് ചെയർമാന്റെ പേരിൽ തണ്ടപ്പേർ മാറ്റി നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പ്രമാണവും അനുബന്ധ രേഖകളും പരിശോധിച്ച് നിയമാനുസരണ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആയതിന്മേൽ സിവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത തണ്ടപ്പേരിൽ കൈവശാവകാശം സംബന്ധിച്ച് പഞ്ചായത്ത് ഓംബുഡ്സ്മാനിൽ OP നമ്പർ 61/11 പ്രകാരം കേസ് നിലവിലുള്ളതായി കാണുന്നു.

**മഞ്ചേരി-നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില നിർണ്ണയം**

349 (1505) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചപ്പോൾ ഏറനാട് താലൂക്കിലെ മഞ്ചേരി-നറുകര വില്ലേജുകളിൽ ഫെയർ വാല്യൂ നിശ്ചയിച്ചതിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2010-ൽ ഫെയർവാല്യു നിശ്ചയിച്ചതിൽ മഞ്ചേരി-നറുകര വില്ലേജുകളിൽ അപാകത ബോധ്യപ്പെട്ടതിനാൽ ഫെയർവാല്യു പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫെയർ വാല്യൂ നിർണ്ണയത്തിലെ ക്രമക്കേടുകൾക്കെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ മഞ്ചേരി-നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില 2019-ലെ അസാധാരണഗസറ്റ് വിജ്ഞാപനത്തിലൂടെ പുതുക്കി നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

2019 ഫെബ്രുവരി 23-ലെ അസാധരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ മഞ്ചേരി നറുകര വില്ലേജുകളിലെ ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) എന്നാൽ 2010-ൽ തെറ്റായി നിർണ്ണയിച്ച ന്യായവില വർദ്ധിപ്പിച്ച് നൽകി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**കോട്ടക്കൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

350 (1506) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമാണെന്ന് കണ്ടെത്തിയ രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച പ്രൊപ്പോസലും എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടില്ല.

**കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം**

351 (1507) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

നഷ്ടപരിഹാരം നൽകുന്നതിനുള്ള വിവരശേഖരണം അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത നാശനഷ്ടങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം കാലവിളംബം കൂടാതെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നാശനഷ്ടം തിട്ടപ്പെടുത്തിയ കേസുകളിൽ അർഹമായ നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുന്തിരുത്തി വാടിക്കൽ ഇൗക്കുപാലം അറ്റകുറ്റപ്പണി**

352 (1508) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ-മംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പെരുന്തിരുത്തി വാടിക്കൽ ഇൗക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിനായി ഏതെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ആയതിന്റെ നടപടി ഏതുഘട്ടംവരെയായെന്ന് വിശദമാക്കാമോ?

(എ&ബി) തിരൂർ താലൂക്കിൽ മംഗലം വില്ലേജിലെ പെരുന്തിരുത്തി വാടിക്കൽ ഇൗക്കുപാലം കൈവരികളും മറ്റു തകർന്ന അവസ്ഥയിലാണെന്നും പാലം അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നതിനായി 67,31,000 രൂപ

(അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം) ചെലവ് വരുന്ന എസ്റ്റിമേറ്റ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും ഫണ്ട് അനുവദിക്കുന്നതിന് മലപ്പുറം ജില്ലാകളക്ടർ ദുരന്തനിവാരണ വകുപ്പിലേയ്ക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നിർവ്വഹിക്കേണ്ടതാണെന്ന് ജില്ലാകളക്ടറെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെരുന്തിരുത്തി വാടിക്കൽ തൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണി മംഗലം, പുറത്തൂർ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർവ്വഹിക്കുന്നതിനും പ്രസ്തുത പ്രവൃത്തി തിരൂർ ബ്ലോക്ക് സെക്രട്ടറി മേൽനോട്ടം വഹിക്കുന്നതിനും മലപ്പുറം ജില്ലാകളക്ടർ അറ്റകുറ്റപ്പണികൾ വിലയിരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

## കരവാളൂർ ഗ്രാമപഞ്ചായത്തിന് കാർഷിക വൃത്തിക്കായി ഭൂമി വിട്ടുകിട്ടുന്നതിന് നടപടി

353 (1509) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കരവാളൂർ ഗ്രാമപഞ്ചായത്തിലെ തേവിയോട് വാർഡിൽ നരിക്കൽ സബ് സെന്ററിലേയ്ക്ക് പോകുന്ന റോഡിന് വലതുവശത്ത് ഒരേക്കർ ഇരുപത്തി ഒൻപത് സെന്റ് സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം കരവാളൂർ ഗ്രാമപഞ്ചായത്തിന് കാർഷിക വൃത്തിക്കായി വിട്ടുകിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; വിശദാംശം നൽകാമോ?

(ബി&സി) പ്രസ്തുത സ്ഥലം കരവാളൂർ ഗ്രാമപഞ്ചായത്തിന് കാർഷിക വൃത്തിക്കായി വിട്ടുകിട്ടുന്നതിനുവേണ്ടി കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കൽപ്പൂര് വയലിലെ മിച്ചഭൂമി**

354 (1510) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ ഏറ്റെടുത്ത കോഴിക്കോട് താലൂക്കിലെ കുമാരനല്ലൂർ വില്ലേജിലെ കൽപ്പൂര് വയലിൽ അവശേഷിക്കുന്ന മിച്ചഭൂമി എത്രയാണെന്ന് വ്യക്തമാക്കുമോ?

കൽപ്പൂര് വയലിൽ മിച്ചഭൂമി മുഴുവൻ പതിച്ചുനൽകിയതാണ്. ആയതിനാൽ ഇനി ഏറ്റെടുത്ത മിച്ചഭൂമി അവശേഷിക്കുന്നില്ല.

(ബി) പ്രസ്തുത ഭൂമി നിലവിൽ എന്ത് ആവശ്യത്തിനായാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മിച്ചഭൂമി അന്യാധീനപ്പെടുന്നതിനെതിരെ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഉപഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ചില അപാകതകളുള്ളതിനാലും ടി ഭൂമി ഉപഭോക്താക്കൾ ഉപയോഗിക്കാത്തതിനാലും ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃക്കാക്കര മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

355 (1511) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളത്, ഓരോ സ്ഥലത്തും എത്ര ഭൂമി വീതമാണുള്ളത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടെ ലഭ്യമാക്കാമോ?

തൃക്കാക്കര നിയോജകമണ്ഡലത്തിൽ വാഴക്കാല വില്ലേജ് ബ്ലോക്ക് 9-ൽ റീസർവ്വേ 178/2-ൽ 04.64.50 ഹെക്ടറും റീസർവ്വേ 177/4-ൽ 03.06.32 ഹെക്ടറും കാക്കനാട് വില്ലേജിൽ 7, 8, 9 ബ്ലോക്കുകളിലായി 232.73.86 ഹെക്ടർ ഭൂമിയും റവന്യൂ പുറമ്പോക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. വാഴക്കാല വില്ലേജിലെ പുറമ്പോക്ക്

ഭൂമിയിൽനിന്നും മൂലമ്പിള്ളി പുനരധിവാസ പദ്ധതിക്ക് ഭൂമി നൽകിയത് കഴിച്ച് ബാക്കിയുള്ള ഭൂമിയുടെ വിസ്തീർണ്ണവും കാക്കനാട് വില്ലേജിലെ പുറമ്പോക്ക് ഭൂമിയിൽനിന്നും വിവിധ വർഷങ്ങളിലായി പട്ടയം അനുവദിച്ചതിനുശേഷമുള്ള ഭൂമിയുടെ വിസ്തീർണ്ണവും അളന്ന് തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്.

(ബി) മറ്റ് സർക്കാർ വകുപ്പുകൾക്ക് പ്രസ്തുത വകുപ്പുകളുടെ ആവശ്യങ്ങൾക്കായി റവന്യൂ ഭൂമി പതിച്ച് നൽകുന്നതിന് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

5-6-2018-ലെ ജി.ഒ.(പി)31/2018/റവ. നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഉപയോഗാനുമതി നൽകിവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**തെറ്റായി ചെയ്ത പോക്കുവരവ് റദ്ദുചെയ്യാൻ നടപടി**

356 (1512) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോൺ ജോസ് എന്ന വ്യക്തി തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി സബ് കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഫയലിൽ (എച്ച് 1-27673/2021) തീർപ്പുകൽപ്പിക്കാൻ കാലതാമസമുണ്ടായത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ തിരുവനന്തപുരം സബ് കളക്ടറിൽനിന്നും മറുപടി ലഭിക്കുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; ടിയാന്റെ വസ്തുകരം ഒടുക്കുന്നതിനുള്ള സാഹചര്യം അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രീ. ജോൺ ജോസ് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി H1-27673/21 നമ്പരായി തഹസിൽദാർ (ഭൂരേഖ) സബ് കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും ടി റിപ്പോർട്ടിനോടൊപ്പം നിയമപരമായിട്ടുള്ള കക്ഷിയുടെ അപ്പീൽ അപേക്ഷ ഉൾപ്പെടുത്തിയിരുന്നില്ല. സബ് കളക്ടർ 20-8-22-ൽ അപ്പീൽ അപേക്ഷയും അനുബന്ധരേഖകളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാജരാക്കുന്നതിന് ടിയാന് കത്ത് നൽകിയെങ്കിലും നാളിതുവരെ കക്ഷി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻതന്നെ തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത പരാതി സബന്ധിച്ച ബി2/419244/22 എന്ന ഫയലിൽ എത്രയും വേഗം തീർപ്പുകൽപ്പിച്ച് അപേക്ഷകന് നീതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബി2/419244/22 എന്നത് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നിന്നുള്ള ഒരു കത്താണ്. ഈ കത്തിൽ കക്ഷിയുടെ അപ്പീൽ അപേക്ഷ ഉൾപ്പെടുത്തുകയോ പ്രതിപാദിക്കുകയോ ചെയ്തിട്ടില്ല. അപ്പീൽ അപേക്ഷ സമർപ്പിച്ചാലുടൻതന്നെ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

**ചെറുകോട് ട്രൈബൽ സ്കൂൾ കെട്ടിട നിർമ്മാണം**

357 (1513) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിലെ ചെറുകോട് ട്രൈബൽ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണ് മാറ്റുന്നതിന് ജില്ലാ കളക്ടറുടെ അനുമതി തേടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

അനുമതി തേടിയിട്ടുണ്ട്.

(ബി) എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും തുടർ നടപടിയെന്തെന്നും വിശദമാക്കാമോ?

പുറമ്പോക്ക് ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിൽനിന്നും മണ്ണ് ഖനനം ചെയ്യുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2015-ലെ 106 (2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഉത്തമ വിശ്വാസമുള്ളപക്ഷം പൊതുആവശ്യത്തിന് ടി സ്ഥാപനത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ള ഖനന പ്രവൃത്തികൾക്ക് ക്വാറിയിംഗ് പെർമിറ്റ്/ക്വാറിയിംഗ് ലീസ് എന്നിവ ആവശ്യമില്ല. മൈനിംഗ് & ജിയോളജി വകുപ്പിൽ നിയമാനുസൃത റോയലിറ്റി അടച്ച് മണ്ണ് നീക്കം ചെയ്യാവുന്നതാണ്. എങ്കിലും ടി വിഷയത്തിൽ അനുമതി തേടിയിട്ടുള്ള സാഹചര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം കോട്ടക്കുന്നിന്റെ ചെരുവിലെ മണ്ണിടിച്ചിൽ തടയൽ

358 (1514) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടക്കുന്നിന്റെ ചെരുവിലെ മണ്ണിടിച്ചിൽ ഭീഷണിയെത്തുടർന്ന് ജനങ്ങളെ പുനരധിവസിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ മണ്ണിടിച്ചിൽ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ മഴക്കാലത്ത് ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി കോട്ടക്കുന്നിന്റെ മുകളിൽ ശേഖരിക്കപ്പെടുന്ന ജലം സുരക്ഷിതമായി താഴേയ്ക്ക് എത്തിക്കുന്നതിനുള്ള ഡ്രെയിനേജ് നിർമ്മിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ടി സമിതി സ്ഥലപരിശോധന നടത്തി പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണിടിച്ചിൽ തടയുന്നതിനായി കോട്ടക്കുന്നിൽ ഡ്രെയിനേജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി റവന്യൂ ഭൂമി സർവ്വേ നടത്തി അതിരുകൾ നിർണ്ണയിക്കുന്നതിനായി മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്കും അടിക്കാടുകൾ വെട്ടി തെളിക്കുന്നതിനായി നടപടി സ്വീകരിക്കാൻ ഡി.റ്റി.പി.സി. സെക്രട്ടറിക്കും മലപ്പുറം മുനിസിപ്പൽ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ ഭൂമിയുടെ സർവ്വേ എത്രയും വേഗം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശക്തമായ മണ്ണിടിച്ചിലിന് ശാശ്വതപരിഹാരം കാണുന്നതിനും അനുയോജ്യമായ സ്ഥലവും വീടും കണ്ടെത്തി പ്രദേശവാസികളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശരിയായ ഡ്രെയിനേജ് സിസ്റ്റം സ്ഥാപിക്കുന്നതിലൂടെ കോട്ടക്കുന്നിൽ മഴക്കാലത്ത് ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒരുപരിധിവരെ ഒഴിവാക്കുന്നതിന് സാധിക്കും. പ്രദേശവാസികളെ പുനരധിവസിപ്പിക്കുന്ന വിഷയം വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിലെ വിചാരണ നടപടികൾ

359 (1515) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ മൂത്തേടം വില്ലേജിനുകീഴിൽ വരുന്ന എസ്.ആർ. 156/97 നമ്പർ മിച്ച ഭൂമി കേസിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നീതി നിഷേധിക്കുന്ന തരത്തിൽ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ വിചാരണാ നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മിച്ചഭൂമി കേസിലെ നൂറ്റി അൻപത്തി അഞ്ച് കർഷക കുടുംബങ്ങൾ കേസിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ 2017-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കുടുംബങ്ങളുടെ പേരും വിലാസവും ലഭ്യമാക്കാമോ?

(എ&ബി) ഈ മിച്ചഭൂമി കേസിൽ ഇരുന്നൂറ്റി മുപ്പത്തെട്ടോളം കക്ഷികൾ 1963-ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 85(8) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 2017-നും അതിനുമുമ്പുമായി സമർപ്പിച്ച 155 പേരുടെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 85(8) പ്രകാരമുള്ള അപേക്ഷയിൽ ഓതറൈസ്ഡ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടുപ്രകാരം പ്രഖ്യാതാവുമായി ബന്ധമില്ലെന്ന് കാണുന്നു. എന്നാൽ ടി വഹകൾ തിരിച്ചറിയിക്കുന്നതിലേയ്ക്കായാണ് സർവ്വേ നടപടികൾ ആവശ്യമായിവരുന്നത്. സർവ്വേ നടപടികൾ പൂർത്തിയായശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 85(8) പ്രകാരം അപേക്ഷ സമർപ്പിച്ച 155 കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2017-ൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടും ഇത്തരത്തിൽ ഫയൽ തീർപ്പാക്കാതെ നീതി നിഷേധിക്കപ്പെടുന്നത് സർക്കാരിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി പരിഗണിക്കാൻ സാധിക്കുമോ?

ഈ മിച്ചഭൂമി കേസിൽ കേരള ഭൂപരിഷ്കരണ നിയമം അനുശാസിക്കും വിധം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം കേസുകൾ ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി തീർപ്പാക്കാൻ സാധിക്കുന്നവയല്ല.

(ഡി) പ്രസ്തുത കേസ് പരിഗണിക്കേണ്ട നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ ചെയർമാൻ, സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ എന്നീ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാനങ്ങളിൽ സ്ഥിരമായി ഉദ്യോഗസ്ഥരില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാനങ്ങളിൽ സ്വതന്ത്ര ചുമതലയുള്ള ഉദ്യോഗസ്ഥരെ നിയമിക്കാനും വിചാരണാ നടപടി ഉടൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പട്ടാമ്പി താലൂക്കിലെ റീ-സർവ്വേ നടപടികൾ**

360 (1516) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കിൽ കൊപ്പം വില്ലേജിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പട്ടാമ്പി താലൂക്കിലെ കൊപ്പം വില്ലേജിന്റെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജ് പരിധിയിൽ എത്ര സർക്കാർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

കൊപ്പം വില്ലേജ് പരിധിയിൽ 128.7245 ഹെക്ടർ സർക്കാർ ഭൂമി നിലവിലുണ്ട്.

(സി) വിവിധ സർക്കാർ വകുപ്പുകളുടെ കൈവശം എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കുമോ?

കൊപ്പം വില്ലേജിലെ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

- ആരോഗ്യം - 0.5230 ഹെക്ടർ
- വിദ്യാഭ്യാസം - 1.6850 ഹെക്ടർ
- ആഭ്യന്തരം - 0.2025 ഹെക്ടർ
- റവന്യൂ - 0.680 ഹെക്ടർ
- തദ്ദേശസ്വയംഭരണം - 0.245 ഹെക്ടർ
- ഗ്രാമവികസനം - 0.493 ഹെക്ടർ
- വ്യവസായം - 3.7840 ഹെക്ടർ
- പൊതുമരാമത്ത് - 24.8187 ഹെക്ടർ
- വനം വകുപ്പ് - 17.75 ഹെക്ടർ

• ഇതര സർക്കാർ ഭൂമികൾ (തോട്, പൊതുകിണർ, കുളം, വെള്ളച്ചാൽ, ദേവസ്വം ക്ഷേത്രങ്ങൾ, വഖഫ് പള്ളികൾ, പഞ്ചായത്ത് റോഡ് മുതലായവ) - 78.5433 ഹെക്ടർ

(ഡി) കൊപ്പം ടൗൺ ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലോ പുറമ്പോക്ക് ഭൂമിയിലോ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) എങ്കിൽ അവ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

(ഡി&ഇ) കൊപ്പം ടൗണിൽ നിരവധി കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതും ആയത് ഒഴിപ്പിച്ചെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

## കാസർഗോഡ് ജില്ലയിൽ ഭൂമി അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ

361 (1517) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരാധനാലയങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വായനശാലകൾ തുടങ്ങിയവയ്ക്ക് ഭൂമി അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ ആരാധനാലയങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വായനശാലകൾ തുടങ്ങിയവയ്ക്ക് ഭൂമി അനുവദിക്കുന്നതിനായി 29-1-2020-ലെ സ.ഉ. (കൈ) നമ്പർ 40/2020/റവ. പ്രകാരം ആകെ 184 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

കാസർഗോഡ് - 102

ഹോസ്ദുർഗ് - 45

മഞ്ചേശ്വരം - 20

വെള്ളരിക്കുണ്ട് - 17

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ഭൂമി അനുവദിച്ച സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ ഒരു സ്ഥാപനത്തിനും ഭൂമി അനുവദിച്ച് ഉത്തരവായിട്ടില്ല. അപേക്ഷകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ

362 (1518) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ എത്രയാണ്; വ്യക്തമാക്കാമോ?

കൊച്ചി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സർവ്വേ/അളവ് നടപടികൾ സ്വീകരിക്കുന്നതിന് 2935 അപേക്ഷകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

2018-ലെ പ്രളയവും 2020-21 വർഷത്തെ കോവിഡ് മഹാമാരി പ്രതിസന്ധിമൂലവും സർവ്വേ സംബന്ധമായ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി അളവ് നടപടികൾ സ്വീകരിക്കാൻ കഴിയാതെ വന്നിട്ടുള്ളതിനാൽ ടി കാലയളവുകളിലെ ഫയലുകൾ യഥാസമയം തീർപ്പാക്കാൻ കഴിയാതെ വന്നിട്ടുള്ളതാണ്. ടി കാലയളവുകളിലെ അപേക്ഷകളും അതിനെത്തുടർന്ന് വന്നിട്ടുള്ള അപേക്ഷകളുടെ ബാഹുല്യവുംമൂലം സർവ്വേയർമാർക്ക് വലിയ ജോലിഭാരമാണ് വന്നിട്ടുള്ളത്. ആയതിനാലാണ് സർവ്വേ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളത്.

(സി) വിവാഹം, വിദ്യാഭ്യാസം എന്നിവ പോലുള്ള വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ താലൂക്ക് സർവ്വേയറുടെ സേവനം ലഭ്യമാകാത്തതിനാൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കൂടുതൽ സർവ്വേയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2022 ജൂൺ മാസം വരെ കൊച്ചി താലൂക്കിൽ 3 സർവ്വേയർമാരുടെ സേവനമാണ് ലഭ്യമായിട്ടുണ്ടായിരുന്നത്. സർവ്വേയർമാരുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി കൂടുതൽ സർവ്വേയർമാരെ നിയമിക്കണമെന്നുള്ള കൊച്ചി ഭൂരേഖ തഹസിൽദാരുടെ അപേക്ഷ പരിഗണിച്ച് എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം ഒരു സർവ്വേയറെ അധികമായി നിയോഗിച്ചിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലാകളക്ടറുടെ നടപടിക്രമംപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 6 മാസം കാലാവധിയിൽ 3 സർവ്വേയർമാരെക്കൂടി നിയമിച്ചിട്ടുമുണ്ട്.

(ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് 24-7-2019-ന് പൊന്നാഞ്ചേരി ആത്മജ സിദ്ധാർത്ഥൻ സമർപ്പിച്ച പരാതിയിൽ പറയുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യപ്പെട്ട് കത്ത് നൽകുന്നതിന് 22-8-2019-ലെ ജനറൽ കമ്മിറ്റി 25/1 നമ്പറായി തീരുമാനമെടുത്ത് 23-10-2019-ൽ താലൂക്കിൽ സമർപ്പിച്ച പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത പരാതിക്കാരിയുടെ സ്ഥലം എന്നത്തേയ്ക്ക് അളന്ന് തിട്ടപ്പെടുത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പള്ളിപ്പുറം പഞ്ചായത്തിലെ കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊന്നാഞ്ചേരി ശ്രീമതി ആത്മജ സിദ്ധാർത്ഥന്റെ വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 2019-ൽ ലഭിച്ചിരുന്നുവെങ്കിലും അതിനുമുൻപ് ലഭിച്ചിരുന്ന അപേക്ഷകളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ ഉണ്ടായിരുന്നതിനാലും പിന്നീട് 2020-ൽ ഉണ്ടായ കോവിഡ് മഹാമാരിയെത്തുടർന്ന് സമ്പൂർണ്ണ ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും തുടർന്ന് ഓഫീസ് പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചപ്പോൾ സർവ്വേയർമാർക്ക് കോവിഡ് ബാധിച്ചതിനാലുമാണ് സർവ്വേ നടപടി പൂർത്തിയാക്കാൻ കാലതാമസം സംഭവിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ അടിയന്തര പ്രാധാന്യം നൽകി സർവ്വേ നടപടി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം**

363 (1519) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ദേശീയ അവാർഡ് ജേതാവായ നഞ്ചിയമ്മയുടെ ഭൂമി കൈവശപ്പെടുത്തിയ വ്യക്തിക്കെതിരെ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും പരാതികൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ എന്തൊക്കെ വിഷയങ്ങൾ അന്വേഷിക്കണമെന്നാണ് ആവശ്യപ്പെടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

8-8-2022-ന് രേഖപ്പെടുത്തിയ ഒരു പരാതി 26-8-2022-ൽ ഓൾ ഇന്ത്യ ക്രാന്തികാരി കിസാൻ സഭ കേരള സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. എം. സുകുമാരൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ജി. പി. ശെൽവരാജ് എന്നയാളിൽനിന്നും ഒസ്യത്തുകളുണ്ടാക്കി വ്യാജ രേഖകൾ ചമച്ചതിനെ സംബന്ധിച്ച അന്വേഷണം

നടത്തണമെന്നും പരിധിയിൽ കൂടുതൽ ഭൂമിക്ക് രേഖകളുണ്ടാക്കി കൈവശം വയ്ക്കുന്നവർക്കെതിരെ തക്കതായ നടപടി സ്വീകരിക്കാത്ത വില്ലേജ്, താലൂക്ക് ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) നഞ്ചിയമ്മയുടെ ഭൂമി സ്വന്തമാക്കുന്നതിന് അഗളി വില്ലേജ് ഓഫീസിലെ വ്യാജ നികുതി രസീത് കോടതിയിൽ ഹാജരാക്കി എന്ന പരാതിയിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അതുസംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അട്ടപ്പാടി ട്രൈബൽ താലൂക്ക്, അഗളി വില്ലേജ് സർവ്വെ നമ്പർ 1167/1, 1167/6 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയിന്മേൽ ശ്രീ. മാരിമുത്തു S/o. കന്തസ്വാമി എന്നിവരുടെ പേരിലുള്ള വ്യാജ ഭൂനികുതി രസീത് കോടതിയിൽ ഹാജരാക്കി ഭൂമി കൈവശപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ഒറ്റപ്പാലം സബ് കളക്ടറുടെ 20-2-2020-ലെ TLA 297/87 നമ്പർ ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിച്ച് ശ്രീമതി നഞ്ചി (നഞ്ചിയമ്മ), ശ്രീമതി മരുതി, ശ്രീ. കുമരപ്പൻ എന്നിവർ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം 1999 വകുപ്പ് 7(5) പ്രകാരം പാലക്കാട് ജില്ലാകളക്ടർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ ജില്ലാകളക്ടർ ബന്ധപ്പെട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി 10-8-2022-ന് വിചാരണ നടത്തിയിരുന്നുവെങ്കിലും ശ്രീ. മാരിമുത്തു S/o കന്തസ്വാമി എന്നിവർ വിചാരണയ്ക്ക് ഹാജരാകാത്തതിനാലും കക്ഷികൾക്ക് അവരുടെ വാദങ്ങൾ കേൾക്കുന്നതിനുമായി 13-9-2022-ന് തുടർവിചാരണ നിശ്ചയിച്ചിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണം നടത്തിവരുന്നുമുണ്ട്.

(സി) വ്യാജരേഖ ഹാജരാക്കി ചമച്ച ആധാരത്തിന്മേലുള്ള തുടർ കൈമാറ്റങ്ങൾ റദ്ദാക്കുന്നത് സംബന്ധിച്ച് സർക്കാരിന് സ്വീകരിക്കാനാകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വ്യാജരേഖ ചമയ്ക്കുന്ന കേസുകളിൽ സാധാരണ സിവിൽ/ക്രിമിനൽ നടപടികളാണ് സ്വീകരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം സംബന്ധിച്ച് 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നഞ്ചിയമ്മയുടെ ഭൂമി കയ്യേറ്റം ചെയ്ത സംഭവത്തിൽ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അത് സംബന്ധിച്ച് എന്തൊക്കെ തുടർനടപടികളാണ് വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

26-8-2022-ൽ സർക്കാരിൽ ലഭിച്ച പരാതി പരിശോധിച്ച് നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ച് കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതിന് നടപടി**

364 (1520) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ തൊഴവാനൂർ ദേശം ചോലയിൽ വീട്ടിൽ അബ്ദുൽ ഹമീദ്, അദ്ദേഹത്തിന്റെ സഹോദരൻ ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ, തിരൂർ റവന്യൂ ഡിവിഷൻ ഓഫീസർ എന്നിവർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ; സാക്ഷ്യപത്രം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) റവന്യൂ സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ, തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരെ അഡ്രസ് ചെയ്ത് തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ തൊഴവാനൂർ ദേശം ചോലയിൽ വീട്ടിൽ അബ്ദുൽ ഹമീദ് മലപ്പുറം, ജില്ലാകളക്ടർക്ക് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ അദ്ദേഹത്തിന്റെ സഹോദരൻ ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നില്ല. മറിച്ച് മരിച്ച വ്യക്തിയുടെ സ്വത്ത് കൈമാറ്റം സംബന്ധിച്ചുള്ളതായിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ മലപ്പുറം, ജില്ലാകളക്ടർ DCMPM/11132/21-G6 നമ്പർ ഫയലിൽ നടപടി സ്വീകരിച്ച് 15-11-2021-ൽ തുടർനടപടിക്കായി തിരൂർ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കൈമാറുകയും തിരൂർ, റവന്യൂ ഡിവിഷണൽ ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് സഹോദരനെ കാണാതായത് സംബന്ധിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) മുമ്പാകെ പരാതിപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കാൻ അപേക്ഷകന് കത്ത് നൽകുകയുമുണ്ടായി. പ്രസ്തുത രേഖകൾ നാളിതുവരെ ഹാജരാക്കാത്തതിനാൽ ടി അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധന നടത്തി ആവശ്യപ്പെട്ട കാര്യം ശരിയെന്ന് ഉറപ്പുവരുത്തി സാക്ഷ്യപത്രം അനുവദിക്കുന്നതാണ്.

## പുഴയോരങ്ങൾ കയ്യേറി നികത്തൽ

365 (1521) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ഇരിമ്പ്രനെല്ലൂർ വില്ലേജിലെ ഏനാമാക്കൽ, പള്ളിനട കടവ്, തോയക്കാവ് മുനമ്പ് എന്നീ ഭാഗങ്ങളിൽ പുഴയുടെ സംഭരണശേഷിയും നീരൊഴുക്കും തടസ്സമാകുന്ന വിധത്തിൽ അനധികൃതമായി പുഴയോരങ്ങൾ കയ്യേറി നികത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

തൃശ്ശൂർ ജില്ലയിലെ ഇരിമ്പ്രനെല്ലൂർ വില്ലേജിലെ ഏനാമാക്കൽ, പള്ളിനട കടവ്, തോയക്കാവ് മുനമ്പ് എന്നീ ഭാഗങ്ങളിൽ പുഴയോരങ്ങൾ നികത്തുന്നതായി പരാതിയുള്ളതാണ്. ആയത് പരിശോധിച്ചതിൽ ഇത്തരത്തിൽ പുഴയിൽനിന്ന് ചേറും മണ്ണും കോരി നിറച്ച് സമീപസ്ഥലത്ത് നികത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനെത്തുടർന്ന് ആയതിനെതിരെ വില്ലേജ് ഓഫീസർ നിറുത്തൽ ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി വില്ലേജ് രേഖകൾപ്രകാരം സ്ഥിര പുഞ്ച എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ ടി ഭൂമി പുഴയായി കിടക്കുന്നതിനാൽ ആയത് തണ്ണീർത്തടത്തിൽ ഉൾപ്പെടുമോയെന്നത് സംബന്ധിച്ച് പ്രാദേശികതല നിരീക്ഷണ സമിതിതലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വെങ്കിടങ്ങ് കൃഷി ഓഫീസർക്കും കൂടാതെ പ്രസ്തുത ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാത്തതിനാൽ ആയത് തിട്ടപ്പെടുത്തുന്നതിനായി താലൂക്ക് സർവ്വേയർക്കും രാത്രികാലങ്ങളിലെ അനധികൃതമായിട്ടുള്ള നികത്തൽ പ്രവർത്തനങ്ങൾ തടയുന്നതിനായി രാത്രികാല പരിശോധന ശക്തമാക്കുന്നതിന് പാവറട്ടി സ്റ്റേഷൻ ഹൗസ് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം

366 (1522) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ട്സിന് പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം പാട്ടരഹിതമായി കൈമാറുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസലിൽ മാവേലിക്കര വില്ലേജ് ബ്ലോക്ക് 83 റീ-സർവ്വേ 8/2-ൽപ്പെടുന്ന

26.71 ആർ വസ്തു കമ്പോളവിലയുടെ 2% നിരക്കായ 1,82,503 രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടം അനുവദിക്കുന്നതിനാണ് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തത്. പമ്പാ ജലസേചന പദ്ധതി വകയായ 66 സെന്റ് ഭൂമി ഈ ആവശ്യത്തിനായി കൈമാറുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസിന് കെട്ടിട നിർമ്മാണത്തിനായി കമ്പോളവിലയുടെ 2% വാർഷിക പാട്ടനിരക്കിൽ 15 വർഷത്തേയ്ക്ക് വ്യവസ്ഥകളോടെ പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ദൃശ്യകലാ വിദ്യാഭ്യാസത്തിന്റെ ഉത്തമ താൽപ്പര്യം മുൻനിർത്തി രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസിന് പാട്ടത്തുക സൗജന്യമാക്കി പാട്ടം അനുവദിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. പാട്ടത്തുക സൗജന്യമാക്കാൻ സാധിക്കുമോയെന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത സ്ഥാപനം സ്വയംഭരണ സ്ഥാപനമാണോ അതോ സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണോ എന്നതിൽ വ്യക്തത വരുത്താനും ഇതുസംബന്ധിച്ച് രേഖകൾ സമർപ്പിക്കാനും ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഇതുസംബന്ധിച്ച ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിരിക്കുകയാണ്.

(ബി) പ്രസ്തുത സ്ഥലം കോളേജിന് കൈമാറാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പാട്ടരഹിതമായി ഭൂമി അനുവദിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**വികസനപദ്ധതികൾക്കായി കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസം**

367 (1523) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വികസന പദ്ധതികൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ലാൻഡ് അക്വിസിഷൻ ആക്ട് 1894 പ്രകാരമുള്ള ഭൂമിയേറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ആക്ട് പ്രകാരമുള്ള പുനരധിവാസ ആനുകൂല്യം ഉണ്ടായിരുന്നില്ല. പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ചിട്ടുള്ള പദ്ധതികൾക്ക് പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. RFCTLARR Act 2013 പ്രകാരമുള്ള ഭൂമിയേറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് Schedule 2 പ്രകാരമുള്ള പുനരധിവാസ ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് RFCTLARR Act 2013-ലെ Schedule 2-ൽ പ്രതിപാദിക്കുന്നതിനേക്കാൾ കൂടുതൽ തുക വകയിരുത്തിക്കൊണ്ട് 29-12-2017-ലെ G.O.(MS) No.448/2017/ RD പ്രകാരം "State Rehabilitation Policy" ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) വല്ലാർപാടം, മൂലമ്പിള്ളി, എൻ.എച്ച്.-47 വികസനം തുടങ്ങിയ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട മുഴുവൻ പേരെയും പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുള്ളവരെക്കൂടി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ICTT വല്ലാർപാടം പദ്ധതിക്കായി എൽ.എ. ആക്ട് 1894 പ്രകാരമാണ് സ്ഥലമേറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി 19-3-2008-ലെ ജി.ഒ.(എം.എസ്.) നമ്പർ 62/08/RD പ്രകാരമുള്ള പുനരധിവാസ പാക്കേജ് (മൂലമ്പിള്ളി പാക്കേജ്) പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയതിൻപ്രകാരം റോഡ് നിർമ്മാണത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 165 കുടുംബങ്ങളും റെയിൽവേയ്ക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 143 കുടുംബങ്ങളും ഉൾപ്പെട്ട 308 കുടുംബങ്ങൾക്കുപുറമെ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭാഗികമായി വീട് നഷ്ടപ്പെട്ട 7 പേരെയും ഉൾപ്പെടെ 315 പേർക്ക് മൂലമ്പിള്ളി പാക്കേജ് പ്രകാരം പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതാണ്. ആയതിന് പട്ടയവിതരണം നടത്തിയിട്ടുള്ളതാണ്. കുടുംബങ്ങൾക്ക് വാടകയിനത്തിലും ഷിഫ്റ്റിംഗ് ചാർജ്ജ് ഇനത്തിലും നൽകേണ്ട തുക മുഴുവൻ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പൈലിംഗ് ചാർജ്ജ് നൽകിവരുന്നു. എൻ.എച്ച്.-47 വികസന പദ്ധതിയിൽ ആരെയും പുനരധിവസിപ്പിച്ചിട്ടില്ലാത്തതാണ്.

(സി) പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

അർത്ഥനാധികാരികളിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് പുനരധിവാസ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ പ്രധാന കാരണം.

## കെട്ടിട നികുതി കണക്കാക്കുന്നതിനുള്ള മാനദണ്ഡം

368 (1524) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽനിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ കെട്ടിട നികുതി അടയ്ക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും പുനർനിർണ്ണയിക്കുന്നതിനും 9-7-2015-ലെ സ.ഉ. (എം.എസ്) നമ്പർ 231/15/ തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും അങ്ങനെ കൂട്ടിച്ചേർക്കലുകൾ വരുത്തുന്ന ഭാഗത്തിന് അധിക വസ്തു നികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. 1975-ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രം വസ്തു നികുതി അടവാക്കി രസീത് നൽകാവുന്നതാണെന്നും കെട്ടിടത്തിന് നികുതിയിളവിന് സാധ്യതയുള്ളപക്ഷം ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽനിന്നോ തഹസിൽദാർ ചുമതലപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥരിൽനിന്നോ ലഭ്യമാക്കി ഹാജരാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതുപ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി നിർണ്ണയിക്കുന്നത്.

(ബി) എങ്കിൽ കെട്ടിട നികുതി കണക്കാക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; സ്ക്വയർ മീറ്റർ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നതെങ്കിൽ ഒരു സ്ക്വയർ മീറ്ററിന് എത്ര തുകയാണ് നികുതിയായി കണക്കാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി ഈടാക്കുന്നത്. നിരക്കുകൾ സ്ലാബ് അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിട നികുതി നിരക്കുകൾ പ്രതിപാദിക്കുന്ന 18-9-2020-ലെ എസ്.സി1/49/2020/റവ. നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എത്ര സ്ക്വയർ മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്കാണ് ആഡംബര നികുതി ഈടാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

278.7 സ്ക്വയർ മീറ്ററോ അതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ളതും 1999 ഏപ്രിൽ 1-നുശേഷം പൂർത്തിയാക്കിയിട്ടുള്ളതുമായ താമസാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും ആഡംബര നികുതി ചുമത്തിവരുന്നു. നിലവിലുള്ള നിരക്കുകൾ 18-9-2020-ലെ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷ**

369 (1525) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റത്തിനുള്ള എത്ര അപേക്ഷകളാണ് സംസ്ഥാനത്ത് നിലവിൽ തീർപ്പാക്കാനുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഭൂമി തരം മാറ്റത്തിനായി, സംസ്ഥാനത്ത് നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ സംബന്ധിച്ച്, ജില്ല തിരിച്ചുള്ള പട്ടിക, അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഏത് കാലയളവുവരെയുള്ള അപേക്ഷകളിലാണ് നാളിതുവരെ പൂർണ്ണമായും തീർപ്പ് കൽപ്പിക്കാൻ സാധിച്ചിട്ടുള്ളതെന്നും അവശേഷിക്കുന്ന അപേക്ഷകൾ എത്ര കാലയളവിനുള്ളിൽ തീർപ്പാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

നിയമാനുസൃതം തീർപ്പുകൽപ്പിക്കാൻ സാധ്യമായ, 2019 വരെയുള്ള ഓഫ്‌ലൈൻ അപേക്ഷകൾ പൂർണ്ണമായും 2020, 2021 വർഷങ്ങളിലെ അപേക്ഷകൾ ഭാഗികമായും തീർപ്പാക്കാൻ സാധിച്ചിട്ടുള്ളതാണ്. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഫ്‌ലൈൻ അപേക്ഷകൾ, 2022 നവംബർ ഒന്നിനകം തീർപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ, 10-1-2022 മുതൽ, ഓൺലൈൻ ആയി ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ആഴ്ചകളിലും റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ്, തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തിക്കൊണ്ട് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടും വകുപ്പുമന്ത്രി പ്രഖ്യാപിച്ച കാലയളവിനുള്ളിൽ പഴയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

22-2-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/RD പ്രകാരമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചും നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയും ഫയൽ തീർപ്പാക്കൽ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളതാണ്. ഭൂമി തരംമാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് തീവ്രയജ്ഞ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച് എല്ലാ ആഫീസുകളിലും അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള നടപടികളിലൂടെ നവംബർ മാസത്തിനകംതന്നെ പഴയ അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കുന്നതാണ്.

**സർവ്വെ സ്കെച്ച് ലഭ്യമാക്കുന്നതിന് നടപടി**

370 (1526) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ ഗവ. പോളിടെക്നിക് കോളേജിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയ കളർ പ്രിന്റിലുള്ള സർവ്വേ സ്കെച്ച് തയ്യാറാക്കി നൽകുന്നതിനും ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽനിന്നും വൈക്കം താലൂക്ക് സർവ്വേയർക്ക് 25-5-2021-ൽ കത്തും തുടർന്ന് 22-7-2021-ൽ ഓർമ്മക്കുറിപ്പും നൽകിയിട്ടും നാളിതുവരെ പ്രസ്തുത രേഖകൾ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇവ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിനുവേണ്ടി വിലയ്ക്ക് വാങ്ങിയ 6 ഏക്കർ 6.9025 സെന്റ് സ്ഥലവും പൊന്നും വിലയ്ക്ക് എടുത്ത 13 ഏക്കർ 32.244 സെന്റ് സ്ഥലവും ഉൾപ്പെടെ 19 ഏക്കർ 39.147 സെന്റ് ഭൂമിയാണ്. റീസർവ്വേയ്ക്കുശേഷം ബ്ലോക്ക് 29-ൽ റീ-സർവ്വേ 208/33-ൽ 14.79 ആർ., റീ-സർവ്വേ 193-ൽ 8.1719 ഹെക്ടർ ഉൾപ്പെടെ 8.3198 ഹെക്ടർ (20 ഏക്കർ 55 സെന്റ്) വിസ്തീർണ്ണം പുറമ്പോക്കിൽ ചേർത്ത് റെക്കോർഡിൽ നിലവിലുള്ളതാണ്. റീസർവ്വേയ്ക്ക് ശേഷം കൂടുതലായി വന്നിട്ടുള്ള 1 ഏക്കർ 16 സെന്റ് സ്ഥലം സബ് ഡിവിഷൻ ചെയ്ത് മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് വിലയ്ക്കുവാങ്ങിയതും

പൊന്നംവിലയ്ക്ക് എടുത്തതുമായ ഭൂമിയുടെ സ്കെച്ച് ആവശ്യമാണ്. ടി ഭൂമിയിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണവും പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണവും ചേർത്ത് 4-7-2022-ൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതാണ്. കടുത്തുരുത്തി പോളിടെക്നിക്ക് കോളേജ് ചുറ്റുമതിൽ നിർമ്മിച്ചപ്പോൾ പൊന്നംവിലയ്ക്കെടുക്കാത്ത തന്റെ ഭൂമി കൂടി ഉൾപ്പെടുത്തിയതായി അപ്പു സി. എസ്., ചാലപ്പുറത്ത് മ്യാലിൽ എന്നയാൾ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. ഇക്കാരണത്താൽ പൊന്നംവിലയ്ക്കെടുത്ത ഭൂമി കൃത്യമായി നിർണ്ണയിക്കുന്നതിന് അക്വിസിഷൻ സ്കെച്ച് ലഭ്യമാക്കുന്നതിന് എൽ.എ. ജനറൽ, പാലാ ഓഫീസിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളതും ടി സ്കെച്ച് ലഭ്യമാക്കി പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതുമാണ്.

(ബി) റീ-സർവ്വേ പ്രകാരമുള്ള സ്കെച്ചിന്റെ പകർപ്പിനായി നിശ്ചിത ഫീസ് അടച്ച് വിവരം വൈക്കം തഹസിൽദാരെ അറിയിച്ചിട്ടും ഒരു തീരുമാനവും കൈക്കൊള്ളാത്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം സർവ്വേ സ്കെച്ച് നൽകുന്നതിന് അടിയന്തര തീരുമാനമുണ്ടാകുമോയെന്ന് അറിയിക്കാമോ?

റീ-സർവ്വേ പ്രകാരമുള്ള സ്കെച്ച് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയ കളർപ്രിന്റിലുള്ള സർവ്വേ സ്കെച്ച് വൈക്കം താലൂക്ക് സർവ്വേയർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഇല്ല. കടുത്തുരുത്തി പോളിടെക്നിക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ മുൻ സർവ്വേ നമ്പർ പ്രകാരമുള്ള അക്വിസിഷൻ സ്കെച്ചുകൾ ലഭ്യമായാൽ സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് സർവ്വേ സ്കെച്ച് തയ്യാറാക്കി നൽകുന്നതാണ്.

## ക്രാഫ്റ്റ് വില്ലേജ് സ്ഥലം സർവ്വേ നടപടികൾ

371 (1527) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ ക്രാഫ്റ്റ് വില്ലേജ് നിർമ്മാണത്തിനായിട്ടുള്ള സ്ഥലം സർവ്വേ നടത്തുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

സർവ്വേ നടത്തി ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിന് റവന്യൂ വകുപ്പിൽനിന്നും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈമാറുന്ന സ്ഥലമെല്ലാം പൂർണ്ണ സബ്ഡിവിഷനുകളിൽ ആയതിനാൽ ആലത്തൂർ താലൂക്ക് ഓഫീസിൽനിന്നും നടപടി പൂർത്തീകരിച്ച് സമർപ്പിച്ചിട്ടുള്ളതാണ്.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ**

372 (1528) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട്, ആറ്റിങ്ങൽ-അവനവഞ്ചേരി വില്ലേജുകളിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് വില്ലേജിലെ ഭൂരിഭാഗം വരുന്ന പഞ്ചായത്തിൽ ഉൾപ്പെട്ടുവരുന്ന ഭാഗം റീ-സർവ്വെ നടപടികൾ പൂർത്തിയാക്കി 1-6-2005-ന് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ടി വില്ലേജിന്റെ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടുവരുന്ന ഭാഗം റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും പ്രസ്തുത നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ടി ബ്ലോക്കിന്റെ റീ-സർവ്വേ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്.

ആറ്റിങ്ങൽ വില്ലേജിൽ ആകെയുള്ള 122 ബ്ലോക്കുകളിൽ 77 ബ്ലോക്കുകളുടെ ഫീൽഡ് ജോലികളും 30 ബ്ലോക്കുകളുടെ ഓഫീസ് ജോലികളും പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 45 ബ്ലോക്കുകളുടെ ഫീൽഡ് ജോലികളും 92 ബ്ലോക്കുകളുടെ ഓഫീസ് ജോലികളും പുരോഗതിയിലാണ്.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ ഭാഗമായ അവനവഞ്ചേരി വില്ലേജിന്റെ ലൊക്കേഷൻ, ഡിമാർക്കേഷൻ എന്നീ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ റീ-സർവ്വേ നടപടികൾ**

373 (1529) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ-സർവ്വേ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കല്ലറ, പാലോട്, പാങ്ങോട്, വാമനപുരം എന്നീ വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) റീ-സർവ്വേ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ ഓരോ വില്ലേജിലും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

- കല്ലറ വില്ലേജിൽ നിലവിൽ 13740 അപേക്ഷകൾ ലഭ്യമായതിൽ 11436 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- പനവൂർ വില്ലേജിൽ നിലവിൽ 685 അപേക്ഷകൾ ലഭ്യമായതിൽ 567 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- നെല്ലനാട് വില്ലേജിൽ നിലവിൽ 542 അപേക്ഷകൾ ലഭ്യമായതിൽ 368 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- പുല്ലമ്പാറ വില്ലേജിൽ നിലവിൽ 1179 അപേക്ഷകൾ ലഭ്യമായതിൽ 1001 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- ആനാട് വില്ലേജിൽ നിലവിൽ 583 അപേക്ഷകൾ ലഭ്യമായതിൽ 446 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- കുറുപുഴ വില്ലേജിൽ നിലവിൽ 5525 അപേക്ഷകൾ ലഭ്യമായതിൽ 4934 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- പാലോട് വില്ലേജിൽ നിലവിൽ 1924 അപേക്ഷകൾ ലഭ്യമായതിൽ 638 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- പാങ്ങോട് വില്ലേജിൽ നിലവിൽ 4640 അപേക്ഷകൾ ലഭ്യമായതിൽ 418 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
- വാമനപുരം വില്ലേജിൽ റീ-സർവ്വെ പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഭ്യമായ അപേക്ഷകളുടെ എണ്ണം - 979.

(സി) പരാതികൾ തീർപ്പാക്കാൻ കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

(സി&ഡി) റീ-സർവ്വേ അപാകത സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്നതിനാൽ ടി അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും ആയത് അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ ഭൂരേഖ തഹസിൽദാരുടെ നേതൃത്വത്തിൽ പരാതികൾ തരംതിരിച്ച് ആക്ഷേപത്തിന് ഇടവരാത്തവിധം പരിഹരിച്ചുവരുന്നു. ഡിജിറ്റൽ റീ-സർവ്വേ നടപടികൾ ആരംഭിക്കുന്നതോടെ പ്രശ്നപരിഹാരം ഉണ്ടാകുന്നതാണ്.

## ആലത്തൂർ താലൂക്കിലെ റീ-സർവ്വേ നടപടികൾ

374 (1530) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ആലത്തൂർ താലൂക്കിൽ ആകെയുള്ള 30 വില്ലേജുകളുടെയും റീസർവ്വെ ജോലികൾ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകൾ ചുവടെ ചേർക്കുന്നു.

ആലത്തൂർ, എരുമയൂർ 1, എരുമയൂർ 2, കണ്ണമ്പ്ര 1, കണ്ണമ്പ്ര 2, കാവശ്ശേരി 1, കാവശ്ശേരി 2, കിഴക്കഞ്ചേരി 1, കിഴക്കഞ്ചേരി 2, കോട്ടായി 1, കോട്ടായി 2, കുഴൽമന്ദം 1, കുഴൽമന്ദം 2, കുത്തനൂർ 1, കുത്തനൂർ 2, മംഗലം ഡാം, മാത്തൂർ 1, മാത്തൂർ 2, മേലാർക്കോട്, പെരിങ്ങോട്ടുകുറിശ്ശി 1, പെരിങ്ങോട്ടുകുറിശ്ശി 2, പുതുക്കോട്, തരൂർ 1, തരൂർ 2, തേങ്കുറിശ്ശി 1, തേങ്കുറിശ്ശി 2, വടക്കഞ്ചേരി 1, വടക്കഞ്ചേരി 2, വണ്ടാഴി 1, വണ്ടാഴി 2.

(ബി) റീ-സർവ്വേ നടന്ന വില്ലേജുകളിൽ റീ-സർവ്വേയുമായി ബന്ധപ്പെട്ട എത്ര പരാതികൾ പരിഹരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

റീ-സർവ്വേയുമായി ബന്ധപ്പെട്ട് ആലത്തൂർ താലൂക്കിൽ 857 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(സി) പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റീ-സർവ്വേ പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി സർവ്വേയർമാർക്ക് നിശ്ചിത ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി സർവ്വേയർമാരെ നിയമിച്ചിട്ടുള്ളതും 30-5-2022-നമുമ്പുള്ളതും വളരെ കാലപ്പഴക്കമുള്ളതുമായ അപേക്ഷകൾ റീ-സർവ്വേ ഓഫീസുകളിലെ സർവ്വേയർമാരുടെ സഹായത്തോടെ തീർപ്പാക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നതുമാണ്.

## ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ

375 (1531) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ഭൂമി തരംമാറ്റൽ അപേക്ഷകളുടെ ബാഹുല്യംമൂലവും കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളും കൂടാതെ, കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ, ഇലക്ഷൻ - പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയിലേയ്ക്ക് ജീവനക്കാരെ നിയമിക്കേണ്ടി വന്നതിനാലും ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിൽ പൊതുവെ കാലതാമസം നേരിടുകയുണ്ടായി. നിലവിലുള്ള നിയമത്തിൽ 25 സെന്റ് സ്ഥലം വരെ തരംമാറ്റത്തിന് പണമടയ്ക്കേണ്ട എന്ന തീരുമാനത്തിലൂടെ അപേക്ഷകളുടെ എണ്ണം നിരവധി ഇരട്ടിയായി. ഇതിനെത്തുടർന്നുണ്ടായ കോടതി വ്യവഹാരങ്ങളും കാലതാമസത്തിന് ഇടയാക്കി. ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയും ആവശ്യമെന്ന് കാണുന്നപക്ഷം നേരിട്ട് സ്ഥലപരിശോധന നടത്തിയും രേഖകൾ പരിശോധിച്ചും വളരെ അവധാനതയോടെയും സൂക്ഷ്മതയോടെയുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർമാർ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത്. എന്നാൽ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും ഇപ്രകാരം വർദ്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായുള്ള വേണ്ടത്ര ജീവനക്കാരുടെ കുറവും കമ്പ്യൂട്ടറിന്റെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും ഫീൽഡ് പരിശോധനയ്ക്കായുള്ള വാഹനങ്ങളുടെ അപര്യാപ്തതയും അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടാൻ കാരണമാകുകയുണ്ടായി. എന്നാൽ ഭൂമിതരംമാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 22-2-2022-ലെ സ.ഉ. (കൈ) നമ്പർ 56/2022/ആർ.ഡി. പ്രകാരമുള്ള നടപടികൾ സ്വീകരിച്ചും ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയും ഫയൽ തീർപ്പാക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണം നടത്തിയിട്ടുള്ളതാണ്. 22-2-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/ആർ.ഡി. പ്രകാരം, 990 താൽക്കാലിക തസ്തികകൾ ആറ് മാസത്തേയ്ക്ക് സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ഭൂമി

തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകൾ സത്വരമായി തീർപ്പാക്കുന്നതിനാവശ്യമായ ക്ലാർക്ക്, സർവ്വേയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ 917 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്. ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അപേക്ഷകൾ കൂടുതലുള്ള വില്ലേജുകളിൽ രണ്ട് വില്ലേജുകൾക്ക് ഒരു വാഹനം എന്ന നിലയ്ക്ക് ഫീൽഡ് പരിശോധനയ്ക്കായി വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഉത്തരവായിട്ടുണ്ട്.

എല്ലാ ആഫീസുകളിലും അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായും അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ, അടിയന്തര സാഹചര്യമുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകി തരംമാറ്റ അപേക്ഷകളിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കുന്നത് പൂർണ്ണമായി ഓൺലൈൻ മുഖേന ആക്കിയും നടപടികൾ ലഘൂകരിച്ചും അപേക്ഷ സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന അവലോകന യോഗങ്ങൾക്കുപുറമെ, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിലും റവന്യൂ ഡിവിഷണൽ ഓഫീസർമാരുമായി, നിശ്ചിത സമയങ്ങളിൽ, ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട നടപടികളുടെയും അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതിയുടെയും അവലോകനം നടത്തി വരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെൽ മുഖേനയും ഭൂമി തരംമാറ്റ അപേക്ഷകളുടെ പ്രതിദിന തീർപ്പാക്കൽ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. കൂടാതെ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ ആഴ്ചകളിലും ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ്, ഭൂമി തരംമാറ്റ അപേക്ഷകളിലെ പുരോഗതി വിലയിരുത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

(ബി) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കണയന്നൂർ താലൂക്കുകളിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് 3862 അപേക്ഷകളും കണയന്നൂർ താലൂക്കിൽ 3834 അപേക്ഷകളും ഓഫ്‌ലൈനും ഓൺലൈനുമായി തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. വിശദവിവരം അടങ്ങിയ പട്ടിക അനുബന്ധമായി *ചേർത്തിട്ടുള്ളതാണ്.

(സി) കാലതാമസമൊഴിവാക്കി പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അദാലത്തുകൾ നടത്തി പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തീർപ്പാക്കാൻ സാധ്യമായ, ശേഷിക്കുന്ന ഓഫ്‌ലൈൻ അപേക്ഷകൾ, 2022 നവംബർ ഒന്നിനകം പൂർണ്ണമായും തീർപ്പാക്കുന്നതിനും ഓൺലൈൻ അപേക്ഷകൾ പരമാവധി തീർപ്പാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളതാണ്. കൂടാതെ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പ്രതിദിനം വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്.

**ഇരട്ട വീടുകളുടെയും ലക്ഷം വീടുകളുടെയും പുനരുദ്ധാരണം**

376 (1532) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശോചനീയാവസ്ഥയിലുള്ള ഇരട്ട വീടുകളുടെയും ലക്ഷം വീടുകളുടെയും പുനരുദ്ധാരണത്തിനുള്ള മാനദണ്ഡം വിശദമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കിയ എം.എൻ. ലക്ഷം വീടുകളിൽ ശോചനീയാവസ്ഥയിലുള്ള ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് സ്പെഷ്യൽ ബംബർ ലോട്ടറി നടത്തി സമാഹരിച്ച തുക ഉപയോഗിച്ച് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങുകയും ഗുണഭോക്താക്കളുടെ യോഗ്യതാമാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുകയും അതിൻപ്രകാരം ഗുണഭോക്താവ് നേരിട്ടോ ഏജൻസികൾ മുഖേനയോ 400 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിനും നിർമ്മാണത്തിന്റെ പുരോഗതി പരിശോധിച്ച് നാല് ഘട്ടങ്ങളിലായി 4 ലക്ഷം രൂപ അനുവദിക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഈ പദ്ധതിപ്രകാരം ലഭ്യമായ മുഴുവൻ തുകയ്ക്കും അർഹരായ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പ്രവൃത്തി നിർവ്വഹണം പുരോഗമിച്ചുവരികയുമാണ്. എന്നാൽ ഇനിയും നിരവധി ഇരട്ട വീടുകൾ ഒറ്റ വീടുകളായി മാറ്റേണ്ടതുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ ഇക്കാര്യത്തിനായി മാറ്റിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ച് ലഭിക്കുന്നതനുസരിച്ചും സാധ്യമായ ധനാഗമമാർഗ്ഗങ്ങൾ ആശ്രയിച്ചും മുഴുവൻ ഇരട്ട വീടുകളും ഒറ്റ വീടുകളാക്കി മാറ്റിത്തീർക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാലഘട്ടത്തിനനുസൃതമായ വിധത്തിൽ നവനിർമ്മാണ രീതികൾക്കുകൂടി പ്രാധാന്യം നൽകിക്കൊണ്ട് ഉചിതമായ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് പദ്ധതി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ഭവനനിർമ്മാണ ബോർഡ്**

377 (1533) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേനയുള്ള ഭവനനിർമ്മാണ പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ ഭവനനിർമ്മാണ പദ്ധതികളാണ് കഴിഞ്ഞ സാമ്പത്തിക വർഷം ബോർഡ് നടപ്പാക്കിയത്?

2021-22 സാമ്പത്തിക വർഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളും ആയവയുടെ ബഡ്ജറ്റ് വിഹിതവും ചുവടെ ചേർക്കുന്നു:

| പദ്ധതി | ബഡ്ജറ്റ് വിഹിതം |
|---|---|
| ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി (കരീപ്ര കൊല്ലം, പീരുമേട് ഇടുക്കി) | 13 കോടി രൂപ |
| ആശ്വാസ് വാടക വീട് പദ്ധതി (കണ്ണൂർ) | 6 കോടി രൂപ |
| ഗൃഹശ്രീ ഭവന പദ്ധതി | 20 കോടി രൂപ |

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര ഭവന പദ്ധതികൾ പൂർത്തീകരിച്ചു; വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷം ഗൃഹശ്രീ ഭവന പദ്ധതിപ്രകാരം 189 വീടുകൾ പൂർത്തീകരിക്കുന്നതിന് 3.78 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതിക്കും ആശ്വാസ് വാടക വീട് പദ്ധതിക്കും തുക റിലീസ് ചെയ്ത് നൽകിയിരുന്നില്ല.

**ഭവന പദ്ധതികൾ**

378 (1534) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിനായി ഭവനനിർമ്മാണ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വന്തമായി രണ്ട്/മൂന്ന് സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/ താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സന്നദ്ധസംഘടന/NGO/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സബ്സിഡി നൽകുന്ന 'ഗൃഹശ്രീ' പദ്ധതിയും 2 ലക്ഷം രൂപ സബ്സിഡി നൽകുന്ന, 3 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ 'ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി'-യും സർക്കാർ ധനസഹായത്തോടെ നടപ്പാക്കിവരുന്നുണ്ട്.

സംസ്ഥാന നിർമ്മിതി കേന്ദ്രം വീടില്ലാത്തവർക്ക് വീട് ലഭിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ 'സ്വയം പര്യാപ്ത കെട്ടിട സമുച്ചയം' എന്ന പേരിൽ 30 യൂണിറ്റുകൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയത്തിന് തുടക്കം കുറിക്കുകയും ആദ്യഘട്ടത്തിൽ 16 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**ആശ്വാസ് വാടക ഭവന പദ്ധതി**

379 (1535) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസസൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പാക്കുന്ന പദ്ധതിയാണ് ആശ്വാസ് വാടക വീട് പദ്ധതി.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 50 സെന്റ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ 3 ഡോർമിറ്ററികളും 34 ബാത്ത് അറ്റാച്ച്ഡ് മുറികളും ഉൾപ്പെടുന്ന ആകെ 106 കിടക്കകളുള്ള മൂന്നുനില കെട്ടിടം നടപ്പാക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു. പൈലിംഗ് വർക്ക് പൂർത്തിയായി. പൈൽ ക്യാപ്പിന്റെ നിർമ്മാണം നടന്നുവരികയാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ 50 സെന്റ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ ആകെ 75 കിടക്കകളുള്ള രണ്ടുനില കെട്ടിടം നടപ്പാക്കുന്നതിന് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം അവസാനഘട്ടത്തിലാണ്.

കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് മൂന്നുനിലകളുള്ള കെട്ടിടത്തിൽ 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതിക്ക് 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം പുനരധിവാസ പാക്കേജ്**

380 (1536) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാർ വിഴിഞ്ഞം പുനരധിവാസ പാക്കേജിനായി എത്ര കോടി രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ?

പുനരധിവാസത്തിനായി 475 കോടി രൂപ 5 വർഷം കൊണ്ട് അനുയോജ്യമായ പദ്ധതികൾക്ക് വിനിയോഗിക്കാവുന്ന തരത്തിൽ വിഭാവന ചെയ്തിരുന്നു.

(ബി) പ്രസ്തുത പാക്കേജ് പ്രകാരം 2015 മുതൽ 2020 വരെയുള്ള കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി എത്ര കോടി രൂപ വിനിയോഗിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

തുറമുഖനിർമ്മാണംമൂലം തീരശോഷണം സംഭവിച്ചാൽ പദ്ധതിയേതര മേഖലയിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനായി 350 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ

തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടുകൂടി 800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്നമുറയ്ക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്.

**വിഴിഞ്ഞം പാക്കേജ്**

381 (1537) <u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ച് വർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം സമീപപ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണമുണ്ടായാൽ ബാധിക്കപ്പെട്ടേക്കാവുന്നവരുടെ പുനരധിവാസത്തിനുവേണ്ടി 5 വർഷം കൊണ്ട് 475 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് 2015-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. ഫിഷറീസ് വകുപ്പ് വഴിയാണ് ഈ പ്രോജക്ട് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. ഇതിൽ ഭവന നിർമ്മാണത്തിന് 350 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിഭാവന ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലുള്ള ആളുകളെ പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഗൃഹനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മുട്ടത്തറയിൽ 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. ഫ്ലാറ്റ് നിർമ്മാണത്തിന് മാത്രമായി 21 കോടി രൂപ ചെലവഴിച്ചു, ബീമാപള്ളിയിൽ 20 ഫ്ലാറ്റ് നിർമ്മിച്ചുനൽകി. കാരോട് 6 കോടി രൂപ ചെലവിൽ സ്ഥലം വാങ്ങി 128 ഫ്ലാറ്റും നിർമ്മിച്ച് ഇതിനകം കൈമാറി.

കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഈ ഫ്ലാറ്റുകൾ പൂർത്തിയായാൽ ക്യാമ്പുകളിൽ കഴിയുന്ന എല്ലാവർക്കും വീടുകൾ നൽകാൻ കഴിയും. മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17 ഏക്കർ ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെയും ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തുള്ള ഭവന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ അനുവദിച്ചു.

2020-21-ൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ്-19 എന്നിവമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 36.12 കോടി രൂപ ധനസഹായം അനുവദിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. 207104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്.

തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനുമായി പൂന്തുറ മുതൽ വലിയതുറവരെയുള്ള ഭാഗത്ത് ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഈ

പദ്ധതിയുടെ വിജയത്തിനനുസരിച്ച് ഇത് മറ്റ് മേഖലകളിലും നടത്താനാണ് ഉദ്ദേശിക്കുന്നത്. തീരദേശത്തെ കുട്ടികൾക്ക് വിദ്യാ നൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി., മെഡിസിൻ എന്നീ പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ 3.75 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 5.60 കോടി രൂപ ചെലവ് വരുന്ന മറ്റൊരു പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്.

വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു.

1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിഴിഞ്ഞം CHC-യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള ഒരു നില അദാനി കമ്പനി നിർമ്മിച്ച് നൽകുന്നുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതുകൂടാതെ നിലവിലുള്ള സബ്സെന്ററിനെ ഒരു PHC ആയി ഉയർത്താമെന്ന് ആരോഗ്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്രപദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പാക്കിയിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി 1.8 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ ഏജൻസിയായ ASAP 48 കോടി രൂപ ചെലവിൽ ഈ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി നൈപുണ്യ വികസന പദ്ധതിക്കുവേണ്ടി കെട്ടിടം നിർമ്മിച്ചുവരികയാണ്. കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിടനിർമ്മാണത്തിന് ചെലവഴിക്കുന്നത്. ഇവിടെ പരിശീലനം ലഭിക്കുന്ന ആളുകൾക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

തുറമുഖം വന്നതോടെ കളിസ്ഥലം നഷ്ടപ്പെട്ടതിന് പകരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ രണ്ടേക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു ആധുനിക സീഫുഡ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തുറമുഖത്തോടൊപ്പം ഈ പ്രോജക്ടും പൂർത്തിയാക്കുന്നതാണ്. ഇതുകൂടാതെ അദാനി കമ്പനിയുടെ CSR ഫണ്ടിലുൾപ്പെടുത്തി ഒട്ടേറെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമ്മാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല പരിചരണം, കപ്പാസിറ്റി ബിൽഡിംഗ് എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്ററിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടുകൂടി

800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. വിദ്യാഭ്യാസത്തിനും മറ്റ് ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും തുക വകയിരുത്തി ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നുണ്ട്. വാർദ്ധക്യ കാലപരിചരണത്തിന് പകൽ വീട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ASAP വഴി നടപ്പാക്കുന്ന ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുമാത്രം 48 കോടി രൂപ ചെലവാകും. ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശ ജനതയുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് വഴിതെളിക്കും. ഇതുകൂടാതെ തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ വലിയ തോതിലുള്ള തൊഴിലവസരങ്ങളും ഉണ്ടാകും. ഈ നിലയിൽ സർക്കാർ ഉത്തരവായതിനേക്കാൾ കൂടിയ തുകയാണ് ഈ പ്രോജക്ടിന് ചെലവഴിക്കുന്നത്.

475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ജീവനോപാധി പദ്ധതികൾക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.37 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി പരിശോധിച്ചുവരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വിഴിഞ്ഞം പാക്കേജ്**

382 (1538) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ചുവർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിക്ക് 2015-ൽ അന്നത്തെ സർക്കാർ രൂപം നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം സമീപപ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണമുണ്ടായാൽ ബാധിക്കപ്പെട്ടേയ്ക്കാവുന്നവരുടെ പുനരധിവാസത്തിനുവേണ്ടി 5 വർഷം കൊണ്ട് 475 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് 2015-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. ഫിഷറീസ് വകുപ്പ് വഴിയാണ് ഈ പ്രോജക്ട് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. ഇതിൽ ഭവന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണത്തിന് 350 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിഭാവന ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലുള്ള ആളുകളെ പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഗൃഹനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മുട്ടത്തറയിൽ 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. ഫ്ലാറ്റ് നിർമ്മാണത്തിന് മാത്രമായി 21 കോടി രൂപ ചെലവഴിച്ചു, ബീമാപള്ളിയിൽ 20 ഫ്ലാറ്റ് നിർമ്മിച്ചു നൽകി. കാരോട് 6 കോടി രൂപ ചെലവിൽ സ്ഥലം വാങ്ങി 128 ഫ്ലാറ്റും നിർമ്മിച്ച് ഇതിനകം കൈമാറി.

കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഈ ഫ്ലാറ്റുകൾ പൂർത്തിയായാൽ ക്യാമ്പുകളിൽ കഴിയുന്ന എല്ലാവർക്കും വീടുകൾ നൽകാൻ കഴിയും. മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17 ഏക്കർ ഭൂമിയിൽനിന്ന് 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെയും ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തുള്ള ഭവനപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ അനുവദിച്ചു.

2020-21-ൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ്-19 എന്നിവമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 36.12 കോടി രൂപ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായം അനുവദിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. 207104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്.

തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനുമായി പൂന്തുറ മുതൽ വലിയതുറവരെയുള്ള ഭാഗത്ത് ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ വിജയത്തിനനുസരിച്ച് ഇത് മറ്റ് മേഖലകളിലും നടത്താനാണ് ഉദ്ദേശിക്കുന്നത്. തീരദേശത്തെ കുട്ടികൾക്ക് വിദ്യാനൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി., മെഡിസിൻ എന്നീ പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ 3.75 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 5.60 കോടി രൂപ ചെലവ് വരുന്ന മറ്റൊരു പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്.

വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു.

1.74 കോടി രൂപ ചെലവിൽ പദ്ധതിപ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000-ലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിഴിഞ്ഞം CHC-യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള ഒരു നില അദാനി കമ്പനി നിർമ്മിച്ചുനൽകുന്നുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതുകൂടാതെ നിലവിലുള്ള സബ്സെന്ററിനെ ഒരു PHC ആയി ഉയർത്താമെന്ന് ആരോഗ്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്രപദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പാക്കിയിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി 1.8 കോടി രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ ഏജൻസിയായ ASAP 48 കോടി രൂപ ചെലവിൽ ഈ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി നൈപുണ്യ വികസന പദ്ധതിക്കുവേണ്ടി കെട്ടിടം നിർമ്മിച്ചുവരികയാണ്. കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിടനിർമ്മാണത്തിന് ചെലവഴിക്കുന്നത്. ഇവിടെ പരിശീലനം ലഭിക്കുന്ന ആളുകൾക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

തുറമുഖം വന്നതോടെ കളിസ്ഥലം നഷ്ടപ്പെട്ടതിനുപകരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ രണ്ടേക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു ആധുനിക സീഫുഡ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തുറമുഖത്തോടൊപ്പം ഈ പ്രോജക്റ്റും പൂർത്തിയാക്കുന്നതാണ്. ഇതുകൂടാതെ അദാനി കമ്പനിയുടെ CSR ഫണ്ടിലുൾപ്പെടുത്തി ഒട്ടേറെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സ്ഥലമേറ്റെടുക്കൽ, വീട് നിർമ്മാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല പരിചരണം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്ററിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ

ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടുകൂടി 800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. വിദ്യാഭ്യാസത്തിനും മറ്റ് ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും തുക വകയിരുത്തി ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നുണ്ട്. വാർദ്ധക്യകാല പരിചരണത്തിന് പകൽ വീട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ASAP വഴി നടപ്പാക്കുന്ന ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുമാത്രം 48 കോടി രൂപ ചെലവാകും. ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശ ജനതയുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് വഴിതെളിക്കും. ഇതുകൂടാതെ തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ വലിയ തോതിലുള്ള തൊഴിലവസരങ്ങളും ഉണ്ടാകും. ഈ നിലയിൽ സർക്കാർ ഉത്തരവായതിനേക്കാൾ കൂടിയ തുകയാണ് ഈ പ്രോജക്ടിന് ചെലവഴിക്കുന്നത്.

475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ജീവനോപാധി പദ്ധതികൾക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.37 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി പരിശോധിച്ചുവരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

383 (1539) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാകുന്നതോടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

തുറമുഖ നിർമ്മാണം പൂർത്തിയാകുമ്പോൾ സ്കിൽഡ്, സെമിസ്കിൽഡ്, അൺസ്കിൽഡ് ആയ നിരവധി പേർക്ക് കരാർ കമ്പനിയിൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതാണ്. കൃത്യമായ കണക്കുകൾ തുറമുഖ നിർമ്മാണം പൂർത്തിയായശേഷം പ്രവർത്തനരീതി, വരുന്ന ചരക്കുകളുടെ അളവ്, സ്വഭാവം എന്നിവയനുസരിച്ച് ലഭ്യമാകുന്നതാണ്. കൂടാതെ ഇതിന്റെ പല മടങ്ങ് തൊഴിൽ സാധ്യതകൾ നേരിട്ടല്ലാതെ തുറമുഖവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നതാണ്. (ഉദാ: ഗതാഗതമേഖല, ടൂറിസം, വ്യവസായവും വാണിജ്യവും, ചരക്കുനീക്കം തുടങ്ങിയ മേഖലകൾ)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സർക്കാർ അദാനി കമ്പനിയുമായി ചേർന്ന് പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുന്ന തുറമുഖ പദ്ധതിക്കായി 2015 ആഗസ്റ്റ് 17-നാണ് കൺസഷൻ കരാർ ഒപ്പിട്ടത്. ടി കരാർപ്രകാരം 2015 ഡിസംബർ 5-ന് ആരംഭിച്ച തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു. എന്നാൽ, പല കാരണങ്ങളാൽ വൈകിയ പദ്ധതി 2024-ൽ പൂർത്തീകരിക്കാമെന്നാണ് കരാർ കമ്പനി അറിയിച്ചിരിക്കുന്നത്. എന്നാൽ, ഈ സമയക്രമം സർക്കാർ അംഗീകരിച്ചിട്ടില്ല. പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് അവരുമായി ചർച്ച നടത്തുന്നതിനും അവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസവും മറ്റ് അനുബന്ധ ആവശ്യങ്ങളും പരിഗണിച്ച് പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. പദ്ധതിബാധിത പ്രദേശമായ കോട്ടപ്പുറത്തെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി മോണിറ്ററിംഗ് കമ്മിറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്. മത്സ്യസമ്പത്ത് ഇനിയും വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് കൃത്രിമപാരുകൾ സ്ഥാപിച്ച് വരുന്നുണ്ട്. ഇത് മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്രദമായ പദ്ധതിയാണ്. കൂടാതെ വിഴിഞ്ഞത്തെ മത്സ്യമേഖലയിലെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുംകൂടി ഉദ്ദേശിച്ച് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)-ന്റെ കെട്ടിടനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിനുശേഷം തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പാക്കുന്നതാണ്.

(സി) തീരശോഷണത്തിന് കാരണം വിഴിഞ്ഞം തുറമുഖത്തിന്റെ അശാസ്ത്രീയമായ നിർമ്മാണമാണെന്ന മത്സ്യമേഖലയിലെ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ഇതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

വിശദവും സമഗ്രവും ശാസ്ത്രീയവുമായി നടത്തിയ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് 2014-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ (MoEF&CC) നിന്നും പാരിസ്ഥിതികാനുമതി (Environmental Clearance-EC) ലഭിച്ചത്. തുറമുഖ നിർമ്മാണം, സമീപ പ്രദേശങ്ങളിൽ തീരശോഷണത്തിന് കാരണമാകുമോയെന്നത് പാരിസ്ഥിതികാഘാത പഠനത്തിന്റെ ഭാഗമായി പ്രത്യേകം പഠിച്ചിട്ടുള്ളതും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള Expert Appraisal Committee (EAC)-യുടെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. ടി പഠനം കേന്ദ്ര സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ ചെന്നൈ ആസ്ഥാനമായുള്ള L&T Ramboll കൺസൾട്ടിംഗ് എഞ്ചിനീയേഴ്സാണ് നടത്തിയത്. ഈ പഠന റിപ്പോർട്ട് പ്രകാരം തുറമുഖ വികസനംമൂലം സമീപതീരങ്ങളിൽ തീരശോഷണം സംഭവിക്കാനിടയില്ലെന്നാണ് കണ്ടെത്തിയിരിക്കുന്നത്. എന്നിരുന്നാലും NGT-യുടെ നിർദ്ദേശപ്രകാരം ഒരു Expert Committee-യും Shoreline Committee-യും ഇത് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇവരുടെ റിപ്പോർട്ടുപ്രകാരം തുറമുഖ നിർമ്മാണംമൂലമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള തീരശോഷണമെന്ന് വ്യക്തമായിട്ടില്ല. അതേസമയം ഓഖിക്കുശേഷം എട്ടോളം ശക്തിയേറിയ ചുഴലിക്കാറ്റുകൾ കേരളതീരത്ത് രൂപപ്പെട്ടിട്ടുണ്ട്. ഇവയുടേയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും പ്രഭാവം കേരള തീരത്ത് വൻതോതിലുള്ള തീരശോഷണത്തിന് കാരണമായിട്ടുണ്ടെന്നാണ് അനുമാനിക്കുന്നത്.

(ഡി) തുറമുഖ നിർമ്മാണത്തോടനുബന്ധിച്ച് പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ സ്ഥലമുടമകളുടെ വീടുകൾക്ക് 5 സെന്റ് സ്ഥലം വീതം പുനരധിവാസമായി സ്ഥലത്തിന്റേയും കെട്ടിടത്തിന്റെയും നഷ്ടപരിഹാരത്തിനുപുറമെ നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യവികസനത്തിനായും നിരവധി സാമൂഹിക ക്ഷേമ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000 രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000 രൂപയും ചിപ്പിക്കച്ചവടക്കാർക്ക്

1,00,000 രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000 രൂപയും വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതിപ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. കട്ടമരത്തൊഴിലാളികളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനായുള്ള പരിശോധനാ നടപടികൾ അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ ഭൂരിഭാഗവും പൂർത്തിയായിക്കഴിഞ്ഞു.

**വിഴിഞ്ഞം തുറമുഖ പ്രദേശവാസികളുടെ സംരക്ഷണം**

384 (1540) ശ്രീ. വി. ജോയി:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് തുറമുഖ പദ്ധതി മുന്നോട്ടുപോകുന്നത്. പദ്ധതിബാധിത മേഖലയിലുള്ള അർഹരായ മത്സ്യബന്ധന/ മത്സ്യേതര വിഭാഗത്തിലെ തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനായി RDO ചെയർമാനായി LIAC കമ്മിറ്റിയേയും ഇതിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായി LIAC അപ്പീൽ കമ്മിറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതിബാധിത പ്രദേശത്തുനിന്നും ലഭ്യമായ അപേക്ഷകളും

അപ്പീലുകളും പരിഗണിച്ച് അർഹരായവർക്ക് സർക്കാർ അംഗീകാരത്തോടെ ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി നാളിതുവരെ ആകെ 2640 പദ്ധതിബാധിതർക്ക് 99.94 കോടി രൂപ (സൗജന്യ മണ്ണെണ്ണ വിതരണം ഉൾപ്പെടെ) ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ (ആയിരത്തിൽപ്പരം) വീടുകളിൽ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്രപദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പാക്കി. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)-ന്റെ കെട്ടിടനിർമ്മാണം 50 കോടി രൂപ ചെലവിൽ പൂർത്തീകരണഘട്ടത്തിലാണ്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിനുശേഷം തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനുസമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമെ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പാക്കിവരുന്നുണ്ട്.

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുമായും സംഘടനകളുമായും ജനപ്രതിനിധികളുമായും പുനരധിവാസവും സംരക്ഷണവും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും സർക്കാർ നടത്തിയ ഇടപെടലുകൾ ഫലപ്രദമായിരുന്നോ; വിശദമാക്കുമോ?

പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസവും മറ്റ് അനുബന്ധ ആവശ്യങ്ങളും പരിഗണിച്ച് പരിഹരിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. പദ്ധതിബാധിത പ്രദേശമായ കോട്ടപ്പുറത്തെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി മോണിറ്ററിംഗ് കമ്മിറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ ഇനിയും കൂടിയാലോചന വേണമെന്നാവശ്യപ്പെട്ട് പ്രദേശവാസികളോ സംഘടനകളോ ജനപ്രതിനിധികളോ സർക്കാരിനെ സമീപിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

പ്രദേശവാസികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൂടിയാലോചനകളിൽക്കൂടിയാണ് നടപ്പാക്കിവരുന്നത്. ചർച്ച ചെയ്യുന്നതിനായി പ്രദേശവാസികളിൽനിന്നും ഉയർന്നുവരുന്ന വിഷയങ്ങൾ അതത് സമയങ്ങളിൽത്തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും ചർച്ച ചെയ്തുവരുന്നുണ്ട്. കൂടാതെ പ്രദേശവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുമായും ജനപ്രതിനിധികളുമായും വിവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

**വിഴിഞ്ഞം പദ്ധതി**

385 (1541) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന കുതിപ്പിന് കാരണമാകുന്ന വിഴിഞ്ഞം പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെത്തുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ്/ഏജൻസികളെ ഏകോപിപ്പിച്ചും ത്വരിതപ്പെടുത്തിക്കൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധതലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു.

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കൂടുതൽ ഗതാഗതസൗകര്യങ്ങൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

വിഴിഞ്ഞം തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ഒരു ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് ദേശീയപാതാ അതോറിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന് ഏതാണ്ട് 8000 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരം പാരിപ്പള്ളിയിൽ നിന്നാരംഭിച്ച് വിഴിഞ്ഞം തുറമുഖവുമായി ബന്ധിപ്പിക്കുന്ന തരത്തിലാണ് റോഡ് വിഭാവന ചെയ്തിരിക്കുന്നത്. തുറമുഖത്തെ ദേശീയ പാതയുമായി (NH-66) ബന്ധിപ്പിക്കുന്ന 2 km. റോഡ് കണക്റ്റിവിറ്റി, പദ്ധതിയുടെ ഭാഗമായി കരാർ കമ്പനി നിർമ്മാണം നടത്തിവരുന്നു. ഇതിനാവശ്യമായ രണ്ട് പാലങ്ങളുടെ പ്രവൃത്തി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി റോഡും ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷന്റെ പ്ലാൻ NHAI തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട തുറമുഖവും ദക്ഷിണ റെയിൽവേ ശൃംഖലയിലെ ഏറ്റവും അടുത്ത സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ ലൈൻ സർക്കാർ സ്ഥാപിക്കണമെന്ന് കരാർ വ്യവസ്ഥയുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന തയ്യാറാക്കിയ, തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 Km. റെയിൽവേ ലൈനിന്റെ പ്രോജക്ട് റിപ്പോർട്ടിന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ

386 (1542) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; കരാർപ്രകാരം നിർമ്മാണം പൂർത്തിയാക്കാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടുണ്ടോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സർക്കാർ-സ്വകാര്യ പങ്കാളിത്തതോടെ (PPP) നടപ്പാക്കുന്നതിനായി 2015 ആഗസ്റ്റ് 17-ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ കൺസഷൻ കരാറിലേർപ്പെട്ടു. കരാർപ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൺസഷണയർ പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ; ആദ്യഘട്ട നിർമ്മാണ കാലയളവായ നാലുവർഷം (1460 ദിനങ്ങൾ) ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിവിധ ഘട്ടങ്ങളുടെ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി തുറമുഖ പ്രവർത്തനവും പരിപാലനവും കമ്പനി നടത്തി, കരാർ കാലയളവിനുശേഷം തുറമുഖം സർക്കാരിന് കൈമാറണമെന്നാണ് കരാർ വ്യവസ്ഥ.

പദ്ധതി കരാർപ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്.

(ബി) പദ്ധതി ഏത് വർഷം പൂർത്തീകരിക്കുമെന്നാണ് പ്രസ്തുത കരാർ പ്രകാരം അദാനി ഗ്രൂപ്പ് ഉറപ്പ് നൽകിയിരുന്നതെന്ന് വെളിപ്പെടുത്താമോ?

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം കരാർപ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-ന് ആയിരുന്നു.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ഇതുസംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കരാർപ്രകാരം പദ്ധതി നിർമ്മാണം വൈകുകയാണെങ്കിൽ, പൂർത്തീകരണത്തിനായി 90 ദിവസത്തെ ഗ്രേസ് പീരിയഡും 180 ദിവസം പിഴയോടുകൂടിയും അധിക സമയം നൽകാനും വ്യവസ്ഥയുണ്ട്. ഗ്രെയ്സ് പിരീഡിനുശേഷം കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും പെർഫോമൻസ് ഗ്യാരന്റിയുടെ 0.1% (12 ലക്ഷം രൂപ) പിഴയായി ഈടാക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെത്തുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ്/ഏജൻസികളെ ഏകോപിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധതലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു. സ്വന്തമായി ക്വാറികൾ സ്ഥാപിച്ച് പാറ സംഭരണം വർദ്ധിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം പാക്കേജ്**

387 (1543) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ചുവർഷംകൊണ്ട് 475 കോടി രൂപ വിനിയോഗിക്കാവുന്ന രീതിയിൽ 2015-ലെ സർക്കാർ രൂപം നൽകിയ പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ സ്ഥലമേറ്റെടുക്കൽ, വീട് നിർമ്മാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല പരിചരണം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും ഓരോ ഇനത്തിനും നാളിതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്ററിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടുകൂടി 800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. വിദ്യാഭ്യാസത്തിനും മറ്റ് ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും തുക വകയിരുത്തി ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നുണ്ട്. വാർദ്ധക്യകാലപരിചരണത്തിന് പകൽ വീട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ASAP വഴി നടപ്പാക്കുന്ന ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുമാത്രം 48 കോടി രൂപ ചെലവാകും. ഫുഡ് പ്രോസസിംഗ് യൂണിറ്റിനും തുക ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശ ജനതയുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് വഴിതെളിക്കും. ഇതുകൂടാതെ തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ വലിയ തോതിലുള്ള തൊഴിലവസരങ്ങളുമുണ്ടാകും. ഈ നിലയിൽ സർക്കാർ ഉത്തരവായതിനേക്കാൾ കൂടിയ തുകയാണ് ഈ പ്രോജക്ടിന് ചെലവഴിക്കുന്നത്.

475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ജീവനോപാധി പദ്ധതികൾക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.37 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി പരിശോധിച്ചുവരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിഴിഞ്ഞം പുനരധിവാസ പാക്കേജ്

388 (1544) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 സർക്കാരിന്റെ കാലത്ത് രൂപം നൽകിയ വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഇവയിൽ നാളിതുവരെ എന്തൊക്കെ നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം സമീപ പ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണമുണ്ടായാൽ ബാധിക്കപ്പെട്ടേയ്ക്കാവുന്നവരുടെ പുനരധിവാസത്തിനുവേണ്ടി അഞ്ചുവർഷം കൊണ്ട് 475 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് 2015-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. ഫിഷറീസ് വകുപ്പ് വഴിയാണ് ഈ പ്രോജക്ട് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. ഇതിൽ ഭവന നിർമ്മാണത്തിന് 350 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിഭാവന ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പ്രസ്തുത പദ്ധതിയുടെ പുരോഗതി ഇപ്രകാരമാണ്:

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലുള്ള ആളുകളെ പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഗൃഹനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മുട്ടത്തറയിൽ 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. ഫ്ലാറ്റ് നിർമ്മാണത്തിന് മാത്രമായി 21 കോടി രൂപ ചെലവഴിച്ചു, ബീമാപള്ളിയിൽ 20 ഫ്ലാറ്റ് നിർമ്മിച്ചുനൽകി. കാരോട് 6 കോടി രൂപ ചെലവിൽ സ്ഥലം വാങ്ങി 128 ഫ്ലാറ്റും നിർമ്മിച്ച് ഇതിനകം കൈമാറി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഈ ഫ്ലാറ്റുകൾ പൂർത്തിയായാൽ ക്യാമ്പുകളിൽ കഴിയുന്ന എല്ലാവർക്കും വീടുകൾ നൽകാൻ കഴിയും. മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17 ഏക്കർ ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെയും ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തുള്ള ഭവനപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ അനുവദിച്ചു.

2020-21-ൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ്-19 എന്നിവമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 36.12 കോടി രൂപ ധനസഹായം അനുവദിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. 207104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്.

തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനുമായി പൂന്തുറ മുതൽ വലിയതുറവരെയുള്ള ഭാഗത്ത് ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ വിജയത്തിനനുസരിച്ച് ഇത് മറ്റ് മേഖലകളിലും നടത്താനാണ് ഉദ്ദേശിക്കുന്നത്. തീരദേശത്തെ കുട്ടികൾക്ക് വിദ്യാനൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി., മെഡിസിൻ എന്നീ പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ 3.75 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 5.60 കോടി രൂപ ചെലവ് വരുന്ന മറ്റൊരു പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്.

വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (ആയിരത്തിലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിഴിഞ്ഞം CHC-യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള ഒരു നില അദാനി കമ്പനി നിർമ്മിച്ച് നൽകുന്നുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതുകൂടാതെ നിലവിലുള്ള സബ്സെന്ററിനെ ഒരു PHC ആയി ഉയർത്താമെന്ന് ആരോഗ്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്രപദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പാക്കിയിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി 1.8 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ ഏജൻസിയായ ASAP 48 കോടി രൂപ ചെലവിൽ ഈ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി നൈപുണ്യ വികസന പദ്ധതിക്കുവേണ്ടി കെട്ടിടം നിർമ്മിച്ചുവരികയാണ്. കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിടനിർമ്മാണത്തിന് ചെലവഴിക്കുന്നത്. ഇവിടെ പരിശീലനം ലഭിക്കുന്നയാളുകൾക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

തുറമുഖം വന്നതോടെ കളിസ്ഥലം നഷ്ടപ്പെട്ടതിന് പകരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ രണ്ടേക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു ആധുനിക സീഫുഡ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തുറമുഖത്തോടൊപ്പം ഈ പ്രോജക്ടും പൂർത്തിയാക്കുന്നതാണ്. ഇതുകൂടാതെ അദാനി കമ്പനിയുടെ CSR ഫണ്ടിലുൾപ്പെടുത്തി ഒട്ടേറെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്ററിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടുകൂടി 800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. വിദ്യാഭ്യാസത്തിനും മറ്റ് ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും തുക വകയിരുത്തി ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നുണ്ട്. വാർദ്ധക്യകാല പരിചരണത്തിന് പകൽ വീട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ASAP വഴി നടപ്പാക്കുന്ന ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുമാത്രം 48 കോടി രൂപ ചെലവാകും. ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശ ജനതയുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് വഴിതെളിക്കും. ഇതുകൂടാതെ തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ വലിയ തോതിലുള്ള തൊഴിലവസരങ്ങളും ഉണ്ടാകും. ഈ നിലയിൽ സർക്കാർ ഉത്തരവായതിനേക്കാൾ കൂടിയ തുകയാണ് ഈ പ്രോജക്ടിന് ചെലവഴിക്കുന്നത്. 475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ജീവനോപാധി പദ്ധതികൾക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.37 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി പരിശോധിച്ചുവരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കണ്ണൂർ ഗ്രീൻഫീൽഡ് പോർട്ട്**

389 (1545) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ ആരംഭിക്കാൻ പോകുന്ന ഗ്രീൻഫീൽഡ് പോർട്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പദ്ധതി പ്രദേശത്തെ വിശദമായ മണ്ണ് പരിശോധന (Geotechnical investigation by drilling upto 60 metres under the sea-bed) പൂർത്തിയാക്കുകയും അന്തിമ റിപ്പോർട്ട് (എൻ.ഐ.ടി. കോഴിക്കോടിന്റെയും ജി.ഇ.സി. തൃശ്ശൂരിന്റെയും പരിശോധനയ്ക്കും അംഗീകാരത്തിനുംശേഷം) ജനുവരി 2022-ൽ സമർപ്പിക്കുകയും ചെയ്തു. സാങ്കേതിക ഉപദേഷ്ടാവായ (Technical

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Consultant) M/s. Howe Engineering Projects (India) Pvt Ltd. സമർപ്പിച്ച ഡ്രാഫ്റ്റ് ഡിസൈൻ റിപ്പോർട്ട് ഐ.ഐ.ടി. മദ്രാസ് പരിശോധിക്കുകയും അവരുടെ ശിപാർശകളടങ്ങിയ റിപ്പോർട്ട് ജൂൺ 2022-ൽ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അന്തിമ ഡിസൈൻ റിപ്പോർട്ട് സാങ്കേതിക ഉപദേഷ്ടാവ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതിക ഉപദേഷ്ടാവായ M/s. Howe Engineering Projects (India) Pvt Ltd. തയ്യാറാക്കിവരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അന്തിമഘട്ടത്തിലാണ്. 2021 മാർച്ച് മാസത്തിൽ State Environmental Impact Assessment Authority (SEIAA) പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള Terms of Reference അംഗീകരിച്ചു. ഇതിനുശേഷം, ശേഖരിച്ച സാമ്പിളുകളുടെ പരിശോധനയും റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിച്ചുവരികയാണ്.

തുറമുഖത്തെ എൻ.എച്ച്-66 കണ്ണൂർ ബൈപാസുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ അലൈൻമെന്റ് MIPS Ltd. തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതി അനുസരിച്ച് NH-66 പോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ് പൂർണ്ണമായും NHAI നിർമ്മിച്ചു തരാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. NHAI-യുടെ നോട്ടിഫിക്കേഷൻ താമസിയാതെ പ്രതീക്ഷിക്കുന്നു.

തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി - ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലകളുടെ (Special Economic Zones) ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഉപദേഷ്ടാവ് ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് (TCE) 2022 മാർച്ചിൽ ഹിന്റർലാൻഡ് ബിസിനസ് പൊട്ടൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചു.

146.61 ഏക്കർ സ്ഥലം മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ്സ് ലിമിറ്റഡ് കമ്പനിക്ക് പതിച്ചുനൽകുന്നതിന് കണ്ണൂർ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം നൽകാമോ?

പദ്ധതി പ്രദേശത്തെ വിശദമായ മണ്ണ് പരിശോധന (Geotechnical Investigation) കടലിനടിയിലും അതിനു താഴെയും വളരെ മൃദുവായ കളിമണ്ണിന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നു. ഇതുകാരണം പരമ്പരാഗത രീതിയിലുള്ള ഘടനകളുടെ രൂപകൽപ്പനയ്ക്കും (design) നിർമ്മാണത്തിനും ബുദ്ധിമുട്ടാണ്,

പ്രത്യേകിച്ച് മൊത്തം 3.5 കിലോമീറ്റർ നീളമുള്ള പുലിമുട്ട് നിർമ്മാണത്തിന്. പരമ്പരാഗത രീതിയിലുള്ള പുലിമുട്ട് നിർമ്മാണം സാധ്യമല്ലാത്തതുകൊണ്ട് പുലിമുട്ട് നിർമ്മാണത്തിന് മുന്നോടിയായി കടലിന്റെ അടിത്തട്ട് മെച്ചപ്പെടുത്തേണ്ടതായി (ground improvement for foundations) വരും. ഈ മെച്ചപ്പെടുത്തൽ (ground improvement) പ്രക്രിയ സമയമെടുക്കുന്നതും ഗണ്യമായി ചെലവേറിയതുമാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ?

പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാവായ (Technical Consultant) M/s. Howe Engineering Projects (India) Pvt Ltd. തയ്യാറാക്കിവരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അവസാന ഘട്ടത്തിലേയ്ക്ക് പുരോഗമിക്കുകയാണ്. ഡി.പി.ആർ. അംഗീകരിച്ചതിനുശേഷം ഏത് തരത്തിലുള്ള ധനസമാഹരണം (as a PPP or on the CIAL model etc.) വേണമെന്നതിനുള്ള തീരുമാനമെടുത്തതിനുശേഷം മാത്രമേ പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശങ്ങൾ അന്തിമമാക്കാൻ സാധിക്കുകയുള്ളൂ.

**ഉൾനാടൻ ജലഗതാഗതത്തിൽ തുറമുഖ വകുപ്പിന്റെ ചുമതലകൾ**

390 (1546) <u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഉൾനാടൻ ജലഗതാഗത ചട്ടപ്രകാരം തുറമുഖ വകുപ്പിൽ ഏതെല്ലാം ചുമതലകളും അധികാരങ്ങളും നിക്ഷിപ്തമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള ഉൾനാടൻ ജലയാന നിയമം 2010 പ്രകാരം താഴെപ്പറയുന്ന സേവനങ്ങളാണ് നൽകുന്നത്.

- ജലയാനങ്ങൾക്ക് നിർമ്മാണ അനുമതി നൽകുക
- ജലയാനങ്ങളുടെ ഇനിഷ്യൽ സർവ്വേ
- ജലയാനങ്ങളുടെ ഫൈനൽ സർവ്വേ
- ജലയാനങ്ങളുടെ രജിസ്ട്രേഷൻ
- ജലയാനങ്ങളുടെ വാർഷിക സർവ്വേ
- ജലയാനങ്ങളുടെ ഡ്രൈ ഡോക്കിംഗ് സർവ്വേ

- യാർഡ് അക്രഡിറ്റേഷൻ
- ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി ക്രൂ ലൈസൻസ് നൽകുക
- അനധികൃതമായി പ്രവർത്തിക്കുന്ന ജലയാനങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക

(ബി) ഹൗസ് ബോട്ടുകൾ, ഫെറി ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ തുടങ്ങിയ എല്ലാ ഉൾനാടൻ ജലാശയ യാനങ്ങളുടെയും നിർമ്മാണത്തിനും രജിസ്ട്രേഷനുമുള്ള അനുമതി കാലതാമസംകൂടാതെ നൽകുന്നതിന് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള ഉൾനാടൻ ജലയാന നിയമം 2010 പ്രകാരം ജലയാനങ്ങളുടെ സർവ്വേ, രജിസ്ട്രേഷൻ നടപടികൾ സുഗമമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി ആറ് പോർട്ട് ഓഫ് രജിസ്ട്രികളിലായാണ് കെ.ഐ.വി. സേവനങ്ങൾ നൽകുന്നത്. ഇതിലേയ്ക്കായി രജിസ്റ്ററിംഗ് അതോറിറ്റി, ചീഫ് സർവ്വേയർ, രണ്ട് സർവ്വേയർമാർ, ചീഫ് എക്സാമിനർ എന്നിങ്ങനെ അഞ്ച് തസ്തികകൾ നിലവിലുണ്ട്.

(സി) ലസ്കർ, സ്രാങ്ക് മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ തുടങ്ങിയ ബോട്ട് ജീവനക്കാർക്ക് ലൈസൻസുകൾ നൽകുന്നതിന് നിലവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയും മാനദണ്ഡവും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കേരള ഉൾനാടൻ ജലയാന നിയമം 2010 റൂൾ 34 - 46 പ്രകാരമാണ് ബോട്ട് ജീവനക്കാർക്ക് ലൈസൻസ് നൽകുന്നതിന് യോഗ്യതകളും മാനദണ്ഡങ്ങളും നിഷ്കർഷിച്ചിട്ടുള്ളത്. ആയത് അനുബന്ധമായി ചേർക്കുന്നു.* ആയത് 2021 കേന്ദ്ര ഇൻലാൻഡ് വെസ്സൽ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

(ഡി) ബോട്ട് യാർഡുകൾക്ക് അക്രഡിറ്റേഷൻ അനുവദിക്കുന്നതിനും ജലയാനങ്ങൾക്ക് റൂട്ട് പെർമിറ്റ് അനുവദിക്കുന്നതിനും എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ഉൾനാടൻ ജലയാന നിയമം (ഭേദഗതി) 2015, ചട്ടം 141 പ്രകാരമാണ് യാർഡുകൾക്ക് അക്രഡിറ്റേഷൻ അനുവദിച്ച് നൽകുന്നത്. ഫോം നം. 34 പ്രകാരം നിശ്ചിത ഫീസ് ഉൾപ്പെടെ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനകൾ നടത്തി അംഗീകാരം നൽകിവരുന്നുണ്ട്. ഓരോ പോർട്ട് ഓഫ് രജിസ്ട്രിയിലും രജിസ്റ്റർ ചെയ്യുന്ന വെസ്സലുകൾക്ക് അതത് പോർട്ട് ഓഫ് രജിസ്ട്രികളുടെ പരിധിയിൽ സർവ്വീസ് നടത്തുന്നതിനാണ് അനുമതി നൽകിവരുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബോട്ട് മാസ്റ്റർ ലൈസൻസ്

391 (1547) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് പുതുതായി നൽകാതെ, പുതുക്കി നൽകുന്നതിന് മാത്രമായി പ്രത്യേക ഉത്തരവുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ?

കെ.ഐ.വി. ഇൻലാൻഡ് റൂൾ 2010 പ്രകാരം ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (സി.ഐ.ബി.) നൽകിവരുന്ന ക്രൂ സർട്ടിഫിക്കറ്റുകളിൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. സി.ഐ.ബി സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിന് 18-4-2017-ലെ സ.ഉ.(സാധാ)നമ്പർ 312/ 2017/മതുവ. പ്രകാരവും 6-12-2017-ലെ സ.ഉ.(സാധാ)നമ്പർ 928/2017/മതുവ. പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2015 മുതൽ തുറമുഖ വകുപ്പുവഴി എത്ര ബോട്ട് മാസ്റ്റർ ലൈസൻസ് പുതുക്കി നൽകിയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

2015 മുതൽ തുറമുഖ വകുപ്പുവഴി 470 ബോട്ട് മാസ്റ്റർ സർട്ടിഫിക്കറ്റുകൾ പുതുക്കി നൽകിയിട്ടുണ്ട്.

## തുറമുഖ മണൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ

392 (1548) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും തുറമുഖ മണൽ മാനുവൽ ഡ്രെഡ്ജിംഗ് മുഖേന നീക്കം ചെയ്യുന്നതിനും അതുവഴി ശേഖരിക്കുന്ന മണൽ സുതാര്യമായ മാർഗ്ഗത്തിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളെ വികസിപ്പിച്ച് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി ഈ തുറമുഖങ്ങളിൽ ബെർത്ത് ക്രെയിനുകൾ, ടഗ്ഗുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളിൽ ISPS കോഡ് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേയ്ക്കുള്ള യാനങ്ങളുടെ സഞ്ചാരം സുഗമമാക്കുന്നതിലേയ്ക്കായി മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്. 2017 വരെ രജിസ്റ്റർ ചെയ്ത തൊഴിലാളി സഹകരണ സംഘങ്ങളാണ് ഡ്രഡ്ജിംഗ് നടത്തി മണൽ വിൽപ്പന നടത്തിവന്നിരുന്നത്. 2017-ലെ മാന്വൽ ഡ്രഡ്ജിംഗ് നയത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ ഡ്രഡ്ജിംഗിൽനിന്ന് ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഈ പ്രവർത്തനം ഏൽപ്പിച്ചു. ഇപ്രകാരം മാനുവൽ ഡ്രഡ്ജിംഗ് നടത്തി ലഭിക്കുന്ന മണൽ തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റിൽ ബുക്കിംഗ് നടത്തുന്നവർക്ക് മുൻഗണനാക്രമത്തിൽ അനുവദിച്ചുവരുന്നു.

(ബി) ഏതെല്ലാം തുറമുഖങ്ങളിലാണ് മാന്വൽ ഡ്രഡ്ജിംഗ് ആരംഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം പഞ്ചായത്തുകൾക്കാണ് അതിന് അനുമതി നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

നിലവിൽ കേരളത്തിലെ ആറ് തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് നടന്നുവരുന്നു. ഇതിന്റെ ചുമതല അതത് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തുറമുഖങ്ങളുടേയും പഞ്ചായത്തുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തുറമുഖങ്ങളുടെ വിവരങ്ങൾ | പഞ്ചായത്തുകളുടെ വിവരങ്ങൾ |
|---|---|
| (1) | (2) |
| പൊന്നാനി | 1. പൊന്നാനി നഗരസഭ<br>2. പുറത്തൂർ ഗ്രാമപഞ്ചായത്ത് |
| വടകര | 1. വടകര നഗരസഭ<br>2. പയ്യോളി നഗരസഭ |
| ബേപ്പൂർ | 1. കോഴിക്കോട് കോർപ്പറേഷൻ<br>2. ഫറോക്ക് മുനിസിപ്പാലിറ്റി |
| കൊടുങ്ങല്ലൂർ | 1. എറിയാട് പഞ്ചായത്ത്<br>2. പള്ളിപ്പുറം പഞ്ചായത്ത് |

| (1) | (2) |
|---|---|
| അഴീക്കൽ | 1. അഴീക്കോട് പഞ്ചായത്ത്<br>2. വളപട്ടണം പഞ്ചായത്ത്<br>3. പാപ്പിനിശ്ശേരി പഞ്ചായത്ത്<br>4. മാട്ടൂൽ പഞ്ചായത്ത് |
| കാസർഗോഡ് | 1. കാസർഗോഡ് മുനിസിപ്പാലിറ്റി<br>2. നീലേശ്വരം മുനിസിപ്പാലിറ്റി<br>3. ചെമ്മനാട് പഞ്ചായത്ത്<br>4. മഞ്ചേശ്വരം പഞ്ചായത്ത്<br>5. കുമ്പള പഞ്ചായത്ത്<br>6. മൊഗ്രാൽ പഞ്ചായത്ത്<br>7. ചെറുവത്തൂർ പഞ്ചായത്ത്<br>8. പടന്ന പഞ്ചായത്ത് |

(സി) പ്രസ്തുത തുറമുഖങ്ങളോടനുബന്ധിച്ചുള്ള പ്രദേശത്തെ മണൽക്ഷാമത്തിന് പരിഹാരം കാണുന്നതിനും നിർമ്മാണമേഖലയ്ക്ക് ഉണർവ്വേകുന്നതിനും ഇതുവഴി സാധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) മണൽ വിതരണം സുഗമവും സുതാര്യവുമായി നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ?

മാന്വൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കടവുകളിൽനിന്നും തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റ് വഴിയാണ് വിൽപ്പന നടത്തുന്നത്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം മണൽ ബുക്ക് ചെയ്യുന്ന ഉപഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് മണൽ വില ബാങ്കിൽ ഒടുക്കുന്നമുറയ്ക്ക് മണൽ കൊണ്ടുപോകുന്നതിനുള്ള അനുമതി നൽകിവരുന്നു.

(ഇ) മാന്വൽ ഡ്രഡ്ജിംഗ് വിവിധ തുറമുഖങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തുറമുഖ ചാനലുകളിൽ ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വിഘാതം സൃഷ്ടിക്കുന്ന പദാർത്ഥങ്ങൾ നീക്കം ചെയ്യാനാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇപ്രകാരം ആഴം കൂട്ടേണ്ടതായ തുറമുഖ പ്രദേശങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതാണ്.

## തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മ്യൂസിയം നിർമ്മാണം

393 (1549) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഭാവിയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

(എ&ബി) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിന്റെ ആദ്യഘട്ടമായി മ്യൂസിയം കെട്ടിടത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ 54 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു. കെട്ടിടത്തിൽ മ്യൂസിയം ഗ്യാലറികളുടെ സജ്ജീകരണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കേരളം മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിലേയ്ക്ക് 10,35,804 രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. ഈ നടപടി നിലവിൽ പുരോഗമിക്കുകയാണ്.

(സി) ഈ മ്യൂസിയം എന്നത്തേയ്ക്ക് ജനങ്ങൾക്ക് തുറന്നു കൊടുക്കാനാകുമെന്ന് അറിയിക്കാമോ?

മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി മ്യൂസിയം തുറന്നുകൊടുക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്.

## കലാപരവും സാംസ്കാരികവുമായ ഉന്നതിക്കായി പദ്ധതികൾ

394 (1550) ശ്രീ. എം. എം. മണി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കലാപരവും സാംസ്കാരികവുമായ വളർച്ചയും വികാസവും അടയാളപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യാനുതകുന്ന തരത്തിൽ കേരള സ്റ്റേറ്റ് മ്യൂസിയം ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേരളപ്പിറവി മുതലുള്ള സംസ്ഥാനത്തിന്റെ കലാപരവും സാംസ്കാരികവുമായ വളർച്ചയും വികാസവും അടയാളപ്പെടുത്തി സൂക്ഷിക്കാൻ ഉതകുന്ന തരത്തിൽ കേരള

സ്റ്റേറ്റ് മ്യൂസിയം എന്ന പേരിൽ ഒരു മ്യൂസിയം തൃശ്ശൂരിൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിന്റെ ചരിത്രം, സംസ്ഥാന രൂപീകരണം മുതൽ നാളിതുവരെയുള്ള പ്രധാനപ്പെട്ട ചരിത്ര സംഭവങ്ങൾ, സംസ്കാരം, കല, കൃഷി, വ്യവസായം, വിദേശികളുടെ ആധിപത്യത്തിനെതിരെയുള്ള പോരാട്ടം, സ്വാതന്ത്ര്യസമര ചരിത്രം, നവോത്ഥാനം തുടങ്ങി കേരളത്തിന്റെ തനതു സംസ്കാരം പ്രദർശിപ്പിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. കൂടാതെ ചിത്രപ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ അരങ്ങേറുന്നതിന് മാത്രമായി പുതിയ ആർട്ട്ഗ്യാലറിയും അനുബന്ധ സംവിധാനങ്ങളുമൊരുക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) ചരിത്രശേഷിപ്പിന്റെ അമൂല്യനിധിയായ താളിയോലകൾക്കായി രാജ്യത്തുതന്നെ ആദ്യമായി ഒരു മ്യൂസിയം സംസ്ഥാനത്ത് ഒരുക്കുന്നുണ്ടോ; മ്യൂസിയത്തിൽ സജ്ജീകരിക്കുന്ന രേഖകൾ, ഗവേഷണ സൗകര്യം, ഡിജിറ്റൈസേഷൻ തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചരിത്രത്തിന്റെ രേഖപ്പെടുത്തലുകളായ താളിയോല രേഖകൾക്കായി രാജ്യത്തെ ആദ്യത്തെ താളിയോലരേഖാമ്യൂസിയം സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ തിരുവനന്തപുരം മേഖലാ ഓഫീസായ സെൻട്രൽ ആർക്കൈവ്സിൽ സജ്ജീകരിച്ചുവരുന്നു. പ്രസ്തുത മ്യൂസിയത്തിൽ കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക ചരിത്രങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന സംഭവങ്ങളെ ആസ്പദമാക്കിയുള്ള ഗ്യാലറികളും ഡയോരമകളുമാണ് സജ്ജമാക്കിയിട്ടുള്ളത്. കേരളത്തിന്റെ പ്രാചീന ലിഖിതങ്ങളായ വട്ടെഴുത്ത്, കോലെഴുത്ത്, മലയാഴ്മ, തമിഴ് തുടങ്ങിയ ഭാഷകളിൽ എഴുതപ്പെട്ട താളിയോല രേഖകളിലെ ചരിത്ര സംഭവങ്ങളെ പശ്ചാത്തലമാക്കിയിട്ടുള്ളതാണ് ഈ മ്യൂസിയത്തിന്റെ ഉള്ളടക്കം. ഗവേഷകർക്കാവശ്യമായ തരത്തിൽ താളിയോലരേഖകൾ ശാസ്ത്രീയ സംരക്ഷണം നടത്തി സൂക്ഷിക്കുന്നതിലേയ്ക്കായി വകുപ്പിന്റെ ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് റിസർച്ച് സെന്റർ എന്ന സ്ഥാപനം കാര്യവട്ടത്ത് ആരംഭിക്കുന്നതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പഴയ തറവാടുകളിലടക്കം സംരക്ഷിക്കപ്പെടാതെ നശിക്കുന്ന താളിയോലകളെ വീണ്ടെടുക്കാനും സൂക്ഷിക്കാനും കമ്മ്യൂണിറ്റി ആർക്കൈവ്സ് എന്ന പേരിൽ പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ?

പുരാരേഖാ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിപ്രകാരം സംരക്ഷിക്കപ്പെടാതെ കിടക്കുന്ന സ്വകാര്യ രേഖകൾ ശാസ്ത്രീയമായി സംരക്ഷണം നടത്തി നൽകുന്ന പദ്ധതികൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മലബാറിലെ ചില മനകളിലെ താളിയോല രേഖകളും കൂടൽമാണിക്യം ക്ഷേത്രത്തിലേയും കണ്ണൂർ ആംഗ്ലിക്കൽ ചർച്ചിലേയും നിരണം സെന്റ് ജോൺസ് ദേവാലയത്തിലേയും റിക്കാർഡുകളും സംരക്ഷിച്ചുനൽകിയിട്ടുണ്ട്.

**ഗാന്ധി സ്മൃതി മ്യൂസിയം**

395 (1551) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മ്യൂസിയം കൂടുതൽ വിപുലപ്പെടുത്തി വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ആകർഷിക്കാൻ കഴിയുന്ന പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ആകർഷിക്കുന്ന തരത്തിൽ പൂർത്തിയാക്കി തുറന്നുനൽകിയിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവൃത്തികൾ ഇപ്പോൾ പരിഗണനയിലില്ല.

**കോന്നി ആനത്താവളത്തിൽ പൈതൃക മ്യൂസിയം**

396 (1552) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുരാവസ്തു വകുപ്പിന് കീഴിൽ കോന്നി ആനത്താവളത്തിൽ ജില്ലാ പൈതൃക മ്യൂസിയം പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി ആനത്താവളത്തിലാണ് പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നത്. ആയതിലേയ്ക്ക് വനം

വകുപ്പ് പുരാവസ്തു വകുപ്പിന് രണ്ട് കെട്ടിടങ്ങൾ നിർദ്ദേശിച്ചു. എന്നാൽ വനം വകുപ്പ് കൈമാറിയ കെട്ടിടങ്ങളിൽ ഒരെണ്ണം മ്യൂസിയം സജ്ജീകരണത്തിന് യോഗ്യമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം വനം വകുപ്പിന് തിരികെ നൽകുന്നതിനും പകരം മറ്റൊരു കെട്ടിടം വിട്ടുനൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ കെട്ടിടം പുരാവസ്തു വകുപ്പിന് കൈമാറുന്ന മുറയ്ക്ക് പൈതൃക മ്യൂസിയത്തിന്റെ ശേഷിക്കുന്ന സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**കൃഷ്ണപുരം കൊട്ടാരത്തിലെ നവീകരണ പ്രവൃത്തികൾ**

397 (1553) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എത്ര തുകയുടെ നവീകരണ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നടത്തിയ പ്രധാനപ്പെട്ട സംരക്ഷണ/നവീകരണ, പരിസരവികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) മ്യൂസിയത്തിന്റെ സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ആയതിന് 60.69 ലക്ഷം രൂപ ചെലവ് വന്നു.

(2) മ്യൂസിയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ നടത്തിയതിന് 49.75 ലക്ഷം രൂപ ചെലവഴിച്ചു.

(3) മ്യൂസിയത്തിന്റെ പരിസരം മോടിപിടിപ്പിക്കുകയും പുൽത്തകിടി, ഇരിപ്പിടങ്ങൾ, ജലധാര എന്നിവ സ്ഥാപിക്കുകയും ചെയ്തതിന് 61.64 ലക്ഷം രൂപ ചെലവഴിച്ചു.

(4) അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ച ഇനത്തിൽ 15.56 ലക്ഷം രൂപ ചെലവഴിച്ചു.

(5) പുൽത്തകിടിയുടെ വാർഷിക പരിപാലനത്തിനായി 4.85 ലക്ഷം രൂപ ചെലവഴിച്ചു.

**ആറ്റിങ്ങൽ കൊട്ടാരത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ**

398 (1554) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊട്ടാരത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കായി 105 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതുപ്രകാരമുള്ള സംരക്ഷണപ്രവൃത്തികളിൽ മുഖ്യഘടകമായ കൊട്ടാരത്തിന്റെ ഇരുനില മുഖമണ്ഡപത്തിന്റെ ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായി. മുഖമണ്ഡപത്തിന്റെ നാശോന്മുഖമായിരുന്ന മേൽക്കൂര, ഭിത്തികൾ, തൂണുകൾ, കൈവരികൾ, അലങ്കാരപ്പണിത്തരങ്ങൾ തുടങ്ങിയവയെല്ലാം പൂർവ്വസ്ഥിതിയിൽ ശാസ്ത്രീയമായ രീതിയിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. കൊട്ടാരത്തിലെ നാലുകെട്ടിന്റെ ജീർണ്ണത പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

**ഫോർട്ട് കൊച്ചി വില്ലേജ് ഓഫീസ് പുനർനിർമ്മാണത്തിന് എൻ.ഒ.സി.**

399 (1555) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ സ്മാരകമായ ഫോർട്ട് കൊച്ചി സെന്റ് ഫ്രാൻസിസ് ചർച്ചിന്റെ റെഗുലേറ്റഡ് സോണിൽ ഉൾപ്പെട്ട ഫോർട്ട് കൊച്ചി വില്ലേജ് ഓഫീസ് പുനർനിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.-ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ദേശീയ സ്മാരകമായ ഫോർട്ട് കൊച്ചി സെന്റ് ഫ്രാൻസിസ് ചർച്ചിന്റെ സമീപത്തുള്ള ഫോർട്ട് കൊച്ചി വില്ലേജ് ഓഫീസ് പുനർനിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി മട്ടാഞ്ചേരി പൊതുമരാമത്ത് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ കോംപീറ്റന്റ് അതോറിറ്റിയായ പുരാവസ്തു വകുപ്പ് ഡയറക്ടർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ സ്ഥലപരിശോധനയും സർവ്വേയും നടത്തിയതിനുശേഷം ആയത് ന്യൂഡൽഹിയിലുള്ള നാഷണൽ മോണ്യുമെന്റ് അതോറിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10:00 AM]

## II അടിയന്തരപ്രമേയം

### തെരുവ് നായ ശല്യം

മി. സ്പീക്കർ: സംസ്ഥാനത്ത് തെരുവ് നായ ശല്യം രൂക്ഷമാകുന്നതുമൂലം നിരവധിപേർക്ക് തെരുവ് നായയുടെ കടിയേൽക്കുകയും പലരും മരണപ്പെടുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വളരെ പ്രാധാന്യത്തോടെ സർക്കാർ കാണുന്നതും തീരുമാനങ്ങളെടുത്തിട്ടുള്ളതും ഇടപെടലുകൾ നടത്തുന്നതുമായ ഒരു വിഷയമാണിത്. സംസ്ഥാനത്ത് ഈ വർഷം പേവിഷബാധയേറ്റ് ഇതുവരെ 20 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇവരിൽ 15 പേർ പേവിഷബാധയ്ക്കെതിരെയുള്ള IDRV (Intra-Dermal Rabies Vaccination), Immunoglobulin എന്നീ വാക്സിനുകൾ എടുക്കാത്തവരും ഒരാൾ ഭാഗികമായി വാക്സിൻ എടുത്തിട്ടുള്ളയാളും 4 പേർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഐ.ഡി.ആർ.വി.-യും ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുള്ളവരുമാണ്. സംസ്ഥാനത്തുണ്ടായിട്ടുള്ള എല്ലാ പേവിഷബാധ മരണങ്ങളെക്കുറിച്ചും ജില്ലാതലത്തിൽ വിശദമായ അന്വേഷണം നടത്തി death information report സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ആളുകളുടെ ആശങ്കയകറ്റുന്നതിനും തെറ്റിദ്ധാരണകൾ ഒഴിവാക്കി കൃത്യമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഉണ്ടായിട്ടുള്ള ഓരോ മരണം സംബന്ധിച്ചും ശാസ്ത്രീയമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ ടി സമിതിയുടെ റിപ്പോർട്ട് ലഭ്യമാകും. പേവിഷബാധയ്ക്കെതിരായ കുത്തിവയ്പ്പ് എടുത്തിട്ടും മരണമടഞ്ഞവരുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ അവർക്ക് നായ്ക്കളിൽനിന്നുള്ള കടിയേറ്റിരിക്കുന്നത് രോഗബാധ സാധ്യത കൂടുതലുള്ള മുഖം, കഴുത്ത്, കൈവെള്ള, വിരലുകൾ എന്നിവിടങ്ങളിലാണ്. ഇവയെല്ലാം കാറ്റഗറി-III വിഭാഗത്തിൽപ്പെട്ട മുറിവുകളാണ്. ഇവർക്കെല്ലാം നായയുടെ കടിയേറ്റ് ഒരു മാസത്തിനുള്ളിൽത്തന്നെ മരണം സംഭവിച്ചിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച് ചർച്ച ചെയ്യാൻ 18-7-2022-ന് ആരോഗ്യം, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം എന്നീ വകുപ്പുമന്ത്രിമാർ സംയുക്തമായി യോഗം ചേർന്നിരുന്നു. ടി മൂന്ന് വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥരും ഈ യോഗത്തിൽ പങ്കെടുത്തു.

പ്രസ്തുത യോഗത്തിൽ പേവിഷബാധ തടയുന്നതിന് സമയബന്ധിതമായി ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിക്കുകയും അതിനനുസരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. യോഗ തീരുമാനങ്ങൾ എത്രത്തോളം നടപ്പിലായെന്ന് പരിശോധിക്കാൻ 25-8-2022-ന് വീണ്ടും മേൽപ്പറഞ്ഞ മൂന്ന് വകുപ്പുമന്ത്രിമാരുടെയും നേതൃത്വത്തിൽ ഉന്നതതല യോഗം ചേരുകയും യോഗതീരുമാനങ്ങളനുസരിച്ച് ഓരോ വകുപ്പും ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ ഉത്തരവുകൾ പുറപ്പെടുവിച്ച് ആവശ്യമായ തുടർനടപടികൾ ഊർജ്ജിതമായും സമയബന്ധിതമായും നടത്താൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് 23-8-2022-ൽ ഇതുസംബന്ധിച്ച് വളരെ വ്യക്തമായ ഉത്തരവ് ഇറക്കിയിട്ടുണ്ട്. തെരുവ് നായ്ക്കളുടെ വന്ധ്യംകരണം പൂർണ്ണമായും നിലച്ചുവെന്ന വാദം ശരിയല്ല. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം അലഞ്ഞുതിരിഞ്ഞ് നടക്കുന്ന തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചുമതല നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഉണ്ടെങ്കിലും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ രൂപപ്പെടുത്തിയ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങൾ പ്രകാരവും കേന്ദ്ര നിർദ്ദേശങ്ങൾ പ്രകാരവും നായ്ക്കളെ കൊന്നുകളയാൻ പാടില്ലാത്തതും എന്നാൽ വന്ധ്യംകരണ പ്രവർത്തനം നടത്തി അവയെ നിയന്ത്രിക്കേണ്ടതുമാണ്. സംസ്ഥാനത്ത് 2017 മുതൽ തെരുവ് നായ നിയന്ത്രണ പദ്ധതി അഥവാ എ.ബി.സി. പദ്ധതി തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട് എന്നീ 8 ജില്ലകളിൽ കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കുന്നത്. മറ്റുള്ള ജില്ലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും സംയുക്ത പ്രോജക്ട് മുഖേനയും മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കിവരികയായിരുന്നു. കുടുംബശ്രീക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമില്ലെന്ന വാദമുയർത്തി ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 13204/2021 കേസിൽ 19-7-2021-ന് കുടുംബശ്രീ മുഖാന്തരം എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഇടക്കാല വിധിയുണ്ടാകുകയും ആയതിന്റെ ഭാഗമായി കുടുംബശ്രീ മുഖാന്തരമുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തു. 2017 മുതൽ 2021 വരെയുള്ള കാലയളവിൽ കുടുംബശ്രീ മുഖാന്തരം 79426 നായ്ക്കളിൽ വന്ധ്യംകരണം നടത്തുകയുണ്ടായി. ഇപ്രകാരം പ്രവർത്തനം നടന്നുവരവെയാണ് കുടുംബശ്രീ മുഖേനയുള്ള വന്ധ്യംകരണ പ്രവൃത്തി തടസ്സപ്പെട്ടത്. എന്നാൽ ഇതേ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

മൃഗസംരക്ഷണ വകുപ്പുമായിചേർന്ന് വന്ധ്യംകരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സമാന്തരമായി സ്വീകരിക്കുകയുമുണ്ടായി. കുടുംബശ്രീ നേരിട്ട് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ നൽകി തൃശ്ശൂർ, എറണാകുളം ജില്ലകളിലെ കുടുംബശ്രീയുടെ എ.ബി.സി. കേന്ദ്രങ്ങൾ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽനിന്നുള്ള സംഘം നേരിട്ട് പരിശോധിച്ചെങ്കിലും അവർ അംഗീകാരം നൽകിയില്ല. ടി വിഷയം നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അതുകൊണ്ട് എ.ബി.സി. പ്രവർത്തനങ്ങൾ തടസ്സപ്പെടരുതെന്ന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്. എ.ബി.സി. പ്രോഗ്രാമിനുള്ള സൗകര്യമില്ലാത്ത എല്ലാ ബ്ലോക്കുകളിലും ഇതിനുവേണ്ടിയുള്ള ഓപ്പറേഷൻ തീയേറ്റർ, നായ്ക്കളെ താമസിപ്പിക്കുന്നതിനുള്ള ഷെൽറ്റർ, മറ്റ് സൗകര്യങ്ങൾ എന്നിവയൊരുക്കാൻ സംയുക്ത യോഗത്തിൽ തീരുമാനമെടുത്ത് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയും നായ്ക്കൾക്ക് സുഖകരമായി ജീവിക്കാൻ കഴിയുന്ന അവസ്ഥയുമാണ് നിലനിൽക്കുന്നത് എന്നുള്ളത് ഏറ്റവും സങ്കടകരമായ ഒരു കാര്യമാണ്. മനുഷ്യരെ പട്ടി കടിച്ചാൽ വാർത്തയാകുന്നില്ല, പട്ടിയെ മനുഷ്യൻ കടിച്ചാൽ വാർത്തയാകുന്നു. പട്ടിയെ മനുഷ്യൻ കടിക്കേണ്ട അവസ്ഥയിലേയ്ക്ക് സംസ്ഥാനം എത്തിയിട്ടുള്ളത് വളരെ ദുഃഖകരമാണ്. ഇവിടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇരിപ്പില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേയുള്ളൂ. ഈ സമ്മേളനത്തിൽ 23-8-2022-ന് ഞാനും ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. എൻ. ഷംസുദ്ദീനും ഡോ. എം. കെ. മുനീറും ചോദിച്ച, 'തെരുവ് നായ്ക്കളുടെ ശല്യം നേരിടുന്നതിനുള്ള നടപടികൾ' എന്ന തലക്കെട്ടിലെ 'അക്രമകാരികളായ തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ'; എന്ന ചോദ്യത്തിന് 'മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്' എന്നാണ് മറുപടി നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം. ഇപ്പോഴും 'പരിഗണനയിലാണ്' എന്നാണ് മറുപടി നൽകിയിരിക്കുന്നത്. 'എ.ബി.സി.' എന്ന് സർക്കാർ പറയുന്നുണ്ട്, 'Animal Birth Control' എന്നത് എവിടെ നടന്നു;

ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു? എനിക്ക് വലിയ സങ്കടമുണ്ട്. 28-10-2016-ൽ ഇതേ വിഷയം സംബന്ധിച്ച് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നതാണ്. ഇന്നും അതേ വിഷയം തന്നെ അടിയന്തരപ്രമേയമായി അവതരിപ്പിക്കേണ്ട അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. തെരുവ് നായ്ക്കളുടെ ശല്യം കാരണം കുട്ടികൾക്ക് സ്കൂളിൽ പോകാൻ സാധിക്കുന്നില്ല, ആളുകൾക്ക് പ്രഭാത സവാരി നടത്താൻ കഴിയുന്നില്ല, ബസ് കാത്തുനിൽക്കാനോ മാർക്കറ്റിൽ പോകാനോ കഴിയുന്നില്ല. കക്ഷി-രാഷ്ട്രീയമില്ലാതെ നമ്മൾ അതിനെക്കുറിച്ച് ചിന്തിക്കണം. ഈ വിഷയം സർക്കാർ ഗൗരവമായി കാണണം. ബഹുമാനപ്പെട്ട സ്പീക്കറുടെ അധീനതയിലാണല്ലോ ഈ നിയമസഭാ സമുച്ചയവും എം.എൽ.എ. ക്വാർട്ടേഴ്സുമുള്ളത്. ഇതുവഴി രാവിലെ ആർക്കെങ്കിലും നടക്കാൻ സാധിക്കുന്നുണ്ടോ; സെക്രട്ടേറിയറ്റിലേയ്ക്ക് ആർക്കെങ്കിലും പോകാൻ കഴിയുന്നുണ്ടോ? വേസ്റ്റ് എടുക്കാനായി എം.എൽ.എ. ക്വാർട്ടേഴ്സിൽ നായ്ക്കൾ ഓടിനടക്കുകയാണ്. മുകളിലത്തെ നിലയിലേയ്ക്കുവരെ വരുന്നുണ്ട്. ഏത് റൂമിലേയ്ക്കാണ് വരാത്തത്? നമ്മുടെ കാര്യം മാത്രമല്ല, ജനങ്ങളുടെയും സാധാരണക്കാരുടെയും കുട്ടികളുടെയുമെല്ലാം കാര്യങ്ങൾ ആലോചിക്കണം. താമരശ്ശേരി അടിവാരത്ത് 35 വയസ്സുള്ള ഒരു വീട്ടമ്മ സ്വന്തം കുട്ടിയെ സ്കൂൾ ബസ്സിൽ കയറ്റിവിട്ട് തിരിച്ചുവരുന്ന വഴി നായ പിന്നാലെ കൂടിയതുകാരണം ടിപ്പർ ലോറിയിടിച്ച് മരിച്ചു. ദുഃഖകരമായ ആ അവസ്ഥ നമ്മൾ മനസ്സിലാക്കണം. ഇതിന് ആദ്യം ചെയ്യേണ്ടത് എന്താണ്? നായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നുണ്ടെന്നുള്ളത് ശരിയാണ്. പക്ഷെ അവ വായ കൊണ്ടാണ് കടിക്കുന്നത്. അതിന് എന്തെങ്കിലും പരിഹാരമുണ്ടോ എന്നാണ് ആദ്യം കണ്ടുപിടിക്കേണ്ടത്. വന്ധ്യംകരണം നടത്തിയാൽ അവ പ്രസവിക്കില്ലെന്നേയുള്ളൂ. വേറൊന്നുമില്ല. അതിന്റെ നിയമങ്ങളെക്കുറിച്ച് ആലോചിക്കണം. മന്ത്രിമാരായ ശ്രീ. പി. രാജീവും ശ്രീ. കെ. എൻ. ബാലഗോപാലുമൊക്കെ ലോക്സഭയിലും രാജ്യസഭയിലും ഉണ്ടായിരുന്നതാണല്ലോ; ഈ നിയമം പാസ്സാക്കിയപ്പോൾ എല്ലാവരും എവിടെയായിരുന്നു? നിങ്ങൾ ആലോചിച്ചുനോക്കൂ. ആ നിയമത്തിൽ മൃഗങ്ങളുടെ കാര്യം മാത്രമേയുള്ളൂ, മനുഷ്യരില്ല. മനുഷ്യജീവന് ഏറ്റവും പ്രയാസമുള്ള, മനുഷ്യന് പുറത്തിറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയിൽ ഇങ്ങനെയൊരു നിയമമുണ്ടാക്കുമ്പോൾ അതിൽ മനുഷ്യനുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കണ്ടേ; അത് അവിടെയാരെങ്കിലും മനസ്സിലാക്കിയോ? അതിന്റേതാണ് ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം. കൃഷിയിടങ്ങളിൽ പന്നി ഇറങ്ങിയാൽ അതിനെ വെടിവച്ച് കൊല്ലാൻ

ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. എന്നാൽ പേവിഷബാധയുള്ള നായ്ക്കളെ വെടിവച്ച് കൊല്ലാൻ എന്തെങ്കിലും അധികാരമുണ്ടോ? അവയെ കൊല്ലണമെന്നല്ല ഞാൻ പറയുന്നത്. ഒരു മേനകാ ഗാന്ധി മാത്രം തീരുമാനമെടുത്താൽ പോരാ, ഈ വിഷയം എല്ലാവരും മനസ്സിലാക്കണം. തെരുവ് നായയുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ 6 വയസ്സുള്ള ഒരു ആൺകുട്ടി കുഴൽകിണറിൽ വീണ് മരിച്ച സംഭവം പഞ്ചാബിലുണ്ടായത് നമ്മളെല്ലാവരും പത്രത്തിൽ വായിച്ചതാണ്. സമാനമായ ദുരന്തം നമ്മുടെ നാട്ടിൽ എവിടെയും എപ്പോഴും സംഭവിക്കാവുന്നതാണ്. രാജ്യത്ത് നായ്ക്കളുടെ കടിയേറ്റ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ആദ്യത്തെ ആറ് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. ആരോഗ്യ രംഗത്ത് കേരളം മുമ്പിലാണ്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വാക്സിന്റെ കാര്യങ്ങൾ പറയുന്നുണ്ടല്ലോ; നമ്മുടെ വാക്സിന്റെ സ്ഥിതിയെന്താണ്? 2021-ൽ 16 പേരും 2022-ൽ 20 പേരുമാണ് പേവിഷബാധയേറ്റ് മരിച്ചത്. പാലക്കാട് മങ്കടയിൽ ബി.സി.എ. വിദ്യാർത്ഥിനിയായിരുന്ന ശ്രീലക്ഷ്മി എന്ന 19 വയസ്സുകാരി വാക്സിൻ എടുത്തിട്ടും അയൽവീട്ടിലെ നായയുടെ കടിയേറ്റ് മരിച്ചു. ശ്രീ. ടി. പി. രാമകൃഷ്ണന്റെ നിയോജകമണ്ഡലമായ പേരാമ്പ്ര കൂത്താളിയിൽ തെരുവ് നായയുടെ കടിയേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണമടഞ്ഞ പേരാമ്പ്ര പുതിയേടത്ത് ചന്ദ്രിക നാല് ഡോസ് വാക്സിൻ എടുത്തിരുന്നു. കഴിഞ്ഞ വർഷം ഒക്ടോബറിൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത 7 വയസ്സുള്ള കുട്ടിയും ഇന്നലെ തൃശ്ശൂരിലെ 60 വയസ്സുള്ള ആദിവാസി വയോധികയായ മനയ്ക്കൽ പാറുവും നായയുടെ കടിയേറ്റാണ് മരിച്ചത്. നമ്മൾ ഏത് കാലത്തേയ്ക്കാണ് പോകുന്നത്? അതുകൊണ്ടുതന്നെ ഈ വിഷയം ഗൗരവമായെടുക്കണം. എങ്ങനെയാണ് വാക്സിന്റെ പ്രശ്നമുണ്ടായത്; ബഹുമാനപ്പെട്ട മന്ത്രി പറയുന്നതാണോ ശരി? ആദ്യം വാക്സിന് ഓർഡർ കൊടുത്തപ്പോൾ അതിന്റെ ക്വാളിറ്റി നോക്കിയില്ല. വാക്സിൻ ഉൽപ്പാദിപ്പിച്ച് 40 ദിവസം കഴിഞ്ഞാണ് അത് ലഭിക്കുന്നത്. അടിയന്തരമായി KMSCL (Kerala Medical Services Corporation Limited) ഓർഡർ കൊടുക്കുകയും പരിശോധന കൂടാതെ വാക്സിൻ ലഭിക്കുകയും ചെയ്തു. വാക്സിൻ കുത്തിവച്ച് എന്തെങ്കിലും സംഭവിച്ചാൽ ഞങ്ങൾ ഉത്തരവാദികളല്ല എന്നാണ് അപ്പോൾ വാക്സിൻ നിർമ്മാണ കമ്പനി കെ.എം.എസ്.സി.എൽ-ന് എഴുതിയത്. ആ മെയിലിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. പിന്നീട് ഈ പ്രശ്നങ്ങൾ വന്നപ്പോൾ ആ 50000 ഡോസ് വാക്സിനും

മാറ്റിവച്ചിട്ട് തമിഴ്നാട്ടിൽനിന്നും 5000 ഡോസ് വാക്സിൻ കൊണ്ടുവന്നു. ആ വാക്സിനാണ് പേരാമ്പ്രയിൽ പേവിഷബാധയേറ്റ് മരിച്ച ആൾക്ക് നൽകിയത്. അപ്പോൾ അതും നിർത്തി. എവിടേയ്ക്കാണ് നിങ്ങളുടെ പോക്ക്? ജനങ്ങൾക്ക് ഈ വാക്സിനിൽ വിശ്വാസമുണ്ടാകുന്നതിന് ആവശ്യമായ സംവിധാനം സംസ്ഥാനത്തുണ്ടോ? ഏറ്റവും താഴെത്തട്ടിലുള്ള താലൂക്ക് ആശുപത്രികളിലെങ്കിലും ഈ വാക്സിൻ എത്തണ്ടേ; ഇത് എവിടെയാണുള്ളത്; ആർക്കാണ് കൊണ്ടുവരാൻ സാധിക്കുക? ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പറഞ്ഞത് കേരളത്തിൽ ടൂറിസം വികസിക്കുന്നുണ്ടെന്നാണ്. എങ്ങനെ വികസിക്കാനാണ്? റോഡിലെ കുഴിയും തെരുവ് നായ്ക്കളുടെ ശല്യവും കാരണം ഏതെങ്കിലും മനുഷ്യർ ഈ നാട്ടിലേയ്ക്ക് വരുമോ? ഇക്കാര്യങ്ങൾ നാം മനസ്സിലാക്കണം. അരലക്ഷം വാക്സിനുകളാണ് പിൻവലിക്കുന്നതെന്നാണ് ആദ്യം പറഞ്ഞത്. ഈ അഞ്ഞൂറും ആയിരവും എത്തിച്ചത് എന്തിനാണ്? കഴിഞ്ഞ മാർച്ച് മാസത്തിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നെങ്കിൽ ജൂൺ ആദ്യവാരം മരുന്ന് എത്തുമായിരുന്നില്ലേ; ആരോഗ്യ വകുപ്പിന് എന്താണ് സംഭവിച്ചത്? ആ വിവാദം തീർക്കാനാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കോയമ്പത്തൂരിൽ നിന്നും വാക്സിൻ കടം വാങ്ങി പാലക്കാട് എത്തിച്ചത്. അതിനുശേഷം കമ്പനിയുടെ പരിശോധന സർട്ടിഫിക്കറ്റ് അന്നത്തെ എം.ഡി. ആയിരുന്ന ശ്രീ. ശ്രീറാം വെങ്കിട്ടരാമന് മെയിൽ ചെയ്തു. ഈ മരുന്ന് ഉപയോഗിക്കുന്നതുമൂലം ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ ഞങ്ങൾ ഉത്തരവാദികളല്ല എന്നാണ് വാക്സിൻ കമ്പനി അന്ന് പറഞ്ഞത്. പിന്നെ എന്തിനാണ് ആ മരുന്ന് കൊടുക്കുന്നത്? ജനങ്ങളുടെ ആരോഗ്യ സുരക്ഷയും അവരുടെ ജീവനും സംരക്ഷണം നൽകേണ്ടത് ഒരു സർക്കാരല്ലേ; അപ്പോൾ സർക്കാരിന്റെ വകുപ്പുകളൊക്കെ എവിടെയായിരുന്നു? 'കേന്ദ്ര ലാബിന്റെ അന്തിമ സർട്ടിഫിക്കറ്റില്ലാതെ വാക്സിൻ വിതരണം ചെയ്യാൻ പാടില്ല എന്നാണ് ചട്ടം. ഏത് സാഹചര്യത്തിലാണ് അന്ന് അനുമതി നൽകിയതെന്ന് വ്യക്തമല്ല. ഔദ്യോഗികമായി ആവശ്യപ്പെട്ടാൽ മാത്രമേ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് വാക്സിൻ പരിശോധനയ്ക്കെടുക്കാൻ സാധിക്കൂ' എന്ന് ഡ്രഗ്സ് കൺട്രോളർ ശ്രീ. പി. എൻ. ജയന്റെ ഒരു സ്റ്റേറ്റ്മെന്റുണ്ട്. അദ്ദേഹത്തിന് വേറെ പണിക്ക് പോയിക്കൂടേ? ഒരു പരാതിയോ വാർത്തയോ വന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതിന്റെ നിജസ്ഥിതി അന്വേഷിക്കണ്ടേ? അദ്ദേഹം എന്തിനാണ് ആ സ്ഥാനത്തിരിക്കുന്നത്? അത് ആലോചിക്കണം. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമൊക്കെ ഇവിടെയുണ്ട്. ശ്രീ. വി. ശിവൻകുട്ടി മേയറായിരുന്ന ആളാണ്.

ഒരു നായയെ പിടിച്ച് വന്ധ്യംകരണം നടത്തി മൂന്ന് ദിവസം അവിടെ നിർത്തിയശേഷം എവിടെ നിന്നാണോ അതിനെ പിടിച്ചത് അവിടെത്തന്നെ തിരിച്ചുവിടുന്നതിന് 2,100 രൂപ ചെലവ് വരും. നൂറ് നായ്ക്കളെ വന്ധ്യംകരണം നടത്തുമ്പോൾ ഒരു പഞ്ചായത്തിന് 2,10,000 രൂപ ചെലവ് വരും. ഏത് പദ്ധതിയിലാണ് ഇതിനുവേണ്ടി പണം നീക്കിവച്ചിട്ടുള്ളത്? നിങ്ങൾ മിനിഞ്ഞാന്ന് കോ-ഓർഡിനേഷൻ കമ്മിറ്റികൂടി സർക്കുലർ ഇറക്കിയത് കണ്ടു. ഇവിടെ എട്ട് മാസംകൊണ്ട് 124742 ആളുകളെ നായ കടിച്ചു. അപ്പോൾ സർക്കാർ എവിടെയായിരുന്നു? നിങ്ങൾ മൂന്ന് വകുപ്പുമന്ത്രിമാരും എന്നാണ് ഒരുമിച്ചിരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി റിവ്യൂ ചെയ്യുമ്പോൾ ഇക്കാര്യം പരിശോധിക്കണം. മൃഗസംരക്ഷണം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ മന്ത്രിമാർ നാല് മാസം മുമ്പല്ലേ യോഗം ചേർന്ന് അവലോകനം ചെയ്തത്; ഏത് പഞ്ചായത്തിനാണ് ഇതിനുവേണ്ടി തുക നീക്കിവച്ചത്? ജില്ലാ പഞ്ചായത്തിന് ഇത് കൈമാറുമെന്നും അവരാണ് ഇതിന് മേൽനോട്ടം വഹിക്കുന്നതെന്നും നിങ്ങൾ ഇപ്പോൾ പറയുന്നു. കഴിഞ്ഞ നിയമസഭയിൽ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എനിക്ക് നൽകിയ മറുപടിയിൽ പറഞ്ഞത് തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പിന്റെ 50 സെന്റ് സ്ഥലത്ത് ഷെൽറ്ററുണ്ടാക്കി നായ്ക്കളെ അവിടേയ്ക്ക് കൊണ്ടുപോകുമെന്നാണ്. അത് നടന്നോ? ഇത് ആറ് വർഷം മുമ്പ് പറഞ്ഞ മറുപടിയാണ്. ജനസാന്ദ്രത കൂടിയ ഈ സംസ്ഥാനത്ത് എങ്ങനെ അത് നടക്കും? ഒന്നുകിൽ ആ പഞ്ചായത്തിൽ കാര്യങ്ങൾ നടക്കണം. പിന്നെ കോടതി മുഖേനെയാണോ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്? കോടതി ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ കേൾക്കണം. കോടതിക്ക് അധികാരമില്ലാത്ത കാര്യങ്ങളിലെല്ലാം കോടതി ഇടപെടുന്നുണ്ടല്ലോ; ഗവൺമെന്റിന് കർശന നിർദ്ദേശം നൽകുന്നുണ്ടല്ലോ; ഇവിടെ പാസ്സാക്കിയ നിയമത്തിനെതിരായി കോടതി അഭിപ്രായങ്ങൾ പറയുന്നുണ്ടല്ലോ; എന്നിട്ടും ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് എന്താണ് കോടതി അഭിപ്രായം പറയാത്തത്? നന്നായി നടത്തിക്കൊണ്ടിരുന്ന കുടുംബശ്രീയുടെ എ.ബി.സി. പദ്ധതിയെ കോടതി ഇടപെട്ടാണ് കുളമാക്കിയത്. ഇത് ഏത് കോടതിയിൽ വേണമെങ്കിലും ഞങ്ങൾ പറയാം. പറയേണ്ട കാര്യങ്ങൾ ഞങ്ങൾ എവിടെയും പറയും. മൃഗസ്നേഹികളുടെ സംഘടനയുണ്ടല്ലോ; അവർക്ക് എന്താണ് പണി? അവർ മൃഗങ്ങളുടെ ഫോട്ടോ കാണിച്ച് പണം വാങ്ങി പുട്ടടിക്കുന്നുണ്ടല്ലോ? അത് നിങ്ങൾ ആലോചിച്ചുനോക്കൂ. ഞങ്ങൾ കഴിഞ്ഞ തവണ നിയമസഭയിൽ ശ്രീ. കെ. ബി. ഗണേഷ് കുമാർ കൊണ്ടുവന്ന

അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യം പറഞ്ഞതാണ്. നായ്ക്കളെ പേടിച്ച് കാറിൽനിന്നും ഇറങ്ങി പെട്ടെന്ന് നടക്കാൻ നമുക്ക് സാധിക്കുമോ? നാട്ടിൽ എല്ലാവരുടെയും സ്ഥിതി അതാണ്. വിദേശത്തുനിന്നും മക്കളും പേരക്കുട്ടികളും വന്നാൽ റോഡിലേയ്ക്ക് അവരെ പറഞ്ഞുവിടാൻ കഴിയില്ല, കുട്ടികൾക്ക് മുറ്റത്ത് കളിക്കാനും സാധിക്കില്ല. വിദേശത്ത് ഫ്ലാറ്റിൽ താമസിച്ചിരുന്ന കുട്ടികൾക്ക് നാട്ടിൽ വന്ന് വീട്ടുമുറ്റത്ത് കളിക്കാമെന്ന് വിചാരിച്ചാൽ അതിനും സാധിക്കില്ല. സർക്കാർ ഈ വിഷയം ഗൗരവമായി കാണണം. നായ്ക്കളെ കൊല്ലണമെന്ന് ഞങ്ങൾ പറയില്ല. ഇനി അങ്ങനെ പറഞ്ഞ് വിവാദമാക്കുന്നുമില്ല. എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടത്തണം. പിന്നെ അവ വായകൊണ്ട് കടിക്കുന്നതുകൊണ്ട് എന്താണ് അതിനൊരു പരിഹാരമാർഗ്ഗമെന്ന് പറയണം. ലോക്ആയുക്തയുടെ പല്ല് പറിച്ചാൽ പോരാ. പട്ടിയുടെ പല്ലും പറിക്കണം. അതിനൊരു തീരുമാനമുണ്ടാകണം, അതിനാണ് നിയമമുണ്ടാക്കേണ്ടത്. ഈ ഗവൺമെന്റ് ജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും മുൻഗണന നൽകി അവർക്ക് സ്വൈര്യമായി യാത്ര ചെയ്യാൻ, കുട്ടികൾക്ക് സ്കൂളിൽ പോകാൻ, അവർക്ക് സുഖമായി ജീവിക്കാനുള്ള സംവിധാനമുണ്ടാക്കണം. അതുകൊണ്ട് ഈ വിഷയം ഗൗരവമായി പരിഗണിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗം സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ സാധാരണ എല്ലാ വിഷയങ്ങളും കൃത്യമായി പഠിച്ചാണ് അവതരിപ്പിക്കാറുള്ളത്. പക്ഷെ ഇന്ന് അദ്ദേഹത്തെ ചില കാര്യങ്ങളിൽ ആരോ തെറ്റിദ്ധരിപ്പിച്ചതായി കാണുന്നുണ്ട്.

മി. സ്പീക്കർ: ഇന്ന് സാധാരണയിൽ കവിഞ്ഞ ഗൗരവത്തിലാണ് അദ്ദേഹം സംസാരിച്ചത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ തുടക്കത്തിൽ പറഞ്ഞ കാര്യം ഒന്നുകൂടി ആവർത്തിക്കുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അതുകൊണ്ടുതന്നെ സർക്കാർ അതേ ഗൗരവത്തോടെയും പ്രാധാന്യത്തോടെയുമാണ് ഇതിനെ നോക്കിക്കാണുന്നത്. സംസ്ഥാനത്ത് പേവിഷബാധയേറ്റ് മരണമടഞ്ഞ 20 പേരിൽ 5 പേരും വീടുകളിൽ വളർത്തുന്ന നായ്ക്കളുടെ കടിയേറ്റാണ് മരിച്ചത്. 20 പേരിൽ 15 പേരും വാക്സിൻ എടുത്തിട്ടില്ല. ഒരാൾ ഭാഗികമായി വാക്സിൻ എടുത്തിരുന്നു. മറ്റ് നാല് പേർ മാനദണ്ഡപ്രകാരം വാക്സിൻ എടുത്തിട്ടുണ്ട്. വാക്സിൻ എടുത്തിട്ടും മരണപ്പെട്ടത് എന്തുകൊണ്ടാണെന്നുള്ളതാണ് ഇവിടത്തെ ചോദ്യം.

വളരെ പ്രസക്തമായ ഒരു ചോദ്യമാണത്. അതിന് മെഡിക്കൽ രംഗത്തെ വിദഗ്ദ്ധർ നൽകിയിട്ടുള്ള ഉത്തരം നാഡീവ്യൂഹങ്ങൾ കൂടുതലുള്ള കൈകളിലും അതുപോലെ തലച്ചോറുമായി സാമീപ്യമുള്ള മുഖം, ചെവി, കഴുത്ത്, ചുണ്ടുകൾ എന്നിവിടങ്ങളിൽ പേവിഷബാധയുള്ള നായ്ക്കളിൽനിന്നും കടിയേൽക്കുമ്പോൾ വളരെ പെട്ടെന്നുതന്നെ വൈറസ് തലച്ചോറിലെത്തുകയും പേവിഷബാധയേറ്റുള്ള മരണം സംഭവിക്കുകയും ചെയ്യുകയാണ് എന്നാണ്. നിഷ്കർഷിച്ച മാനദണ്ഡപ്രകാരം വാക്സിൻ എടുത്ത നാല് പേരിലും വാക്സിൻ ശരീരത്തിൽ പ്രവർത്തിച്ച് തുടങ്ങുന്നതിന് മുമ്പുതന്നെ വൈറസ് തലച്ചോറിൽ എത്തിയിരുന്നു എന്നുള്ളതാണ് റിപ്പോർട്ടുകളിൽനിന്നും വ്യക്തമാകുന്നത്. വാക്സിൻ പ്രവർത്തിച്ച് തുടങ്ങാൻ രണ്ടാഴ്ച സമയമാണ് എടുക്കുന്നത്. അപ്പോൾ അതിന് മുമ്പുതന്നെ വൈറസ് തലച്ചോറിൽ എത്തിയിട്ടുണ്ട് എന്നുള്ളതാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വാക്സിനേഷൻ സംബന്ധിച്ച ഒരു പൊതുബോധം സമൂഹത്തിൽ ഉണ്ടാകേണ്ടതുണ്ട്. നായ്ക്കളിൽ നിന്നുള്ള കടിയേൽക്കുമ്പോൾ ആദ്യം ചെയ്യേണ്ടത് 10 മുതൽ 15 മിനിട്ടുവരെ സോപ്പ് ഉപയോഗിച്ചോ വെള്ളമുപയോഗിച്ചോ കഴുകുകയെന്നുള്ളതാണ്. വൈറസ് നാഡിയിലൂടെ തലച്ചോറിലെത്തുന്നത് തടയാൻ ആദ്യം ചെയ്യാൻ കഴിയുന്ന കാര്യം അതുതന്നെയാണ്. അതിനുശേഷം എത്രയുംവേഗം ഐ.ഡി.ആർ.വി.യും ഇമ്മ്യൂണോഗ്ലോബുലിനും എടുക്കുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം വാക്സിനെ സംബന്ധിച്ച കാര്യം പറഞ്ഞു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് നമുക്ക് മരുന്നുകൾ ലഭ്യമാകുന്നത്. ഐ.ഡി.ആർ.വി. (ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ)-യും ഇമ്മ്യൂണോഗ്ലോബുലിനും കെ.എം.എസ്.സി.എൽ. മുഖേനയാണ് ലഭ്യമാക്കുന്നത്. ഇതിന് കേന്ദ്ര ലബോറട്ടറിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റുള്ളതാണ്. എന്നാൽ ഖസോളിയിലെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റ് വേണമെന്നുള്ളത് കെ.എം.എസ്.സി.എൽ.-ന്റെ ഒരു പ്രത്യേകമായ മാനദണ്ഡമാണ്. സാധാരണ ഏതു കമ്പനിയും ഏത് ബാച്ച് മരുന്ന് ഉൽപ്പാദിപ്പിക്കുമ്പോഴും രണ്ട് തവണ ഇൻഹൗസ് ടെസ്റ്റ് ചെയ്യാറുണ്ട്. ആ ഇൻഹൗസ് ടെസ്റ്റുകൾ കൂടാതെ കെ.എം.എസ്.സി.എൽ. നിഷ്കർഷിച്ച ഒരു മാനദണ്ഡം തങ്ങൾ വാങ്ങുന്ന മരുന്നുകൾക്കെല്ലാം സി.ഡി.എൽ.-ന്റെ ഗുണനിലവാര സർട്ടിഫിക്കേഷൻ ഉണ്ടാകണമെന്നുള്ളതാണ്. അങ്ങ് ഇവിടെ 50000 vial മാർക്കറ്റിൽനിന്നും പിൻവലിച്ചുവെന്ന് പറഞ്ഞു. എന്നാൽ അങ്ങനെയല്ല. കെ.എം.എസ്.സി.എൽ. ഏതാനും മാസങ്ങൾക്കുമുമ്പ് മാർക്കറ്റിലുള്ള റെസ്പോൺസസ് വളരെ കൃത്യമായി അവലോകനം ചെയ്തിരുന്നു. ഒരു ആശുപത്രിയിൽനിന്നും ഈ വാക്സിനെടുത്ത ഒരാൾക്ക് തരിപ്പും പെരുപ്പും ഉണ്ടായെന്ന് പറഞ്ഞപ്പോൾ ആ ബാച്ച് മരുന്ന് വളരെ കൃത്യമായി കെ.എം.എസ്.സി.എൽ. പരിശോധിക്കുകയും വീണ്ടും ഖസോളിയിലേയ്ക്ക്

അയയ്ക്കുകയും ചെയ്തപ്പോൾ ഇത് നേരത്തെ ടെസ്റ്റ് ചെയ്ത് ഗുണനിലവാര സർട്ടിഫിക്കറ്റുള്ളതിനാൽ ഇനിയും പരിശോധിക്കേണ്ട കാര്യമില്ലെന്ന് പറഞ്ഞ് വീണ്ടും അവർ അത് റിലീസ് ചെയ്യുകയാണുണ്ടായത്. അതുകൊണ്ട് ഇവയുടെ സംഭരണത്തിലും വിതരണത്തിലും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്.

തമിഴ്നാട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും വാക്സിൻ വാങ്ങിയതിന്റെ സാഹചര്യം കൂടി നമ്മൾ കാണേണ്ടതാണ്. കുറച്ച് വർഷങ്ങളിലായി കേരളത്തിൽ ഐ.ഡി.ആർ.വി.-യുടെ ഉപഭോഗം ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഐ.ഡി.ആർ.വി. വാക്സിന്റെ അളവിൽ 2016-17-നെ അപേക്ഷിച്ച് 2021-22-ൽ 57 ശതമാനമാണ് വർദ്ധനവുണ്ടായിട്ടുള്ളത്. അതുപോലെ ഇതേ കാലയളവിൽ ആന്റി റാബീസ് സിറത്തിന്റെ, അതായത് ഇമ്മ്യൂണോഗ്ലോബുലിന്റെ ഉപഭോഗവും 109% വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് കാണേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2017-ൽ ഏകദേശം 1,35,000 ഡോഗ് ബൈറ്റ്സാണ് ഉണ്ടായിരുന്നതെങ്കിൽ 2022 ജൂലൈ മാസം വരെയായപ്പോൾ അത് 1,83,931 ആയി. ക്യാറ്റ് ബൈറ്റ്സിലും ഇതുപോലെയുള്ള വർദ്ധനവുണ്ടായിട്ടുള്ളതിനാൽ ഇതിനോടനുസൃതമായി ഏതാണ്ട് ഇത്രയും ആളുകൾ വാക്സിനും എടുത്തിട്ടുണ്ട്. വാക്സിൻ എടുത്തവരിൽ നാലുപേർ മരിച്ചു. അവർ എന്തുകൊണ്ട് മരണപ്പെട്ടു എന്നുള്ളതാണ് ഞാൻ ആദ്യം പറഞ്ഞത്. ഓരോ മരണം സംബന്ധിച്ചും കൃത്യവും ശാസ്ത്രീയവുമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനാണ് ഒരു മൾട്ടി ഡിസിപ്ലിനറി സമിതിയെ നിയോഗിച്ചിട്ടുള്ളത്. ടി സമിതിയുടെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാകും.

മരിച്ചവരുടെ കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ചിത്രാ കോളനിയിൽ താമസിക്കുന്ന പാറു എന്ന 60 വയസ്സുള്ള അമ്മയിൽ പേവിഷബാധയുടെ ലക്ഷണങ്ങൾ കണ്ടതിനെത്തുടർന്ന് അവരെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും പിന്നീട് മരണപ്പെടുകയുമുണ്ടായി. അവർ ഒരു മാസം മുമ്പ് കാട്ടിൽ വനവിഭവങ്ങൾ ശേഖരിക്കാൻ പോയെന്നും കാട്ടിൽത്തന്നെ താമസിക്കുകയായിരുന്നെന്നും അവിടെനിന്നും മുഖത്തിന് മുറിവേൽക്കുകയായിരുന്നുവെന്നും ഇവർ വാക്സിൻ സ്വീകരിച്ചിട്ടില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 11-7-2022-ൽ മുഖത്തുണ്ടായ മുറിവ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാണിച്ച് തുന്നലിട്ടിട്ടുള്ളതായാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ ഘട്ടത്തിൽ അത് നായയുടെ കടിയേറ്റുണ്ടായ മുറിവാണെന്ന് വ്യക്തമാക്കാതെ പാറയുടെ മുകളിൽനിന്നും വീണ് പരിക്കേറ്റതായാണ് അന്ന് മകൻ ആശുപത്രി അധികൃതരെ അറിയിച്ചിരുന്നത്.

തുടർന്ന് ഇവരുടെ കൂടെയുണ്ടായിരുന്ന ഒരാളെ കണ്ടെത്തുകയും വാക്സിനേഷനായി മെഡിക്കൽ കോളേജിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പാറുവിന്റെ കൂടെയുണ്ടായിരുന്ന മറ്റ് രണ്ടുപേരെത്തേടി ഉൾക്കാട്ടിൽ പോയെങ്കിലും അവരെ കണ്ടെത്താനായില്ല. അവരെ കണ്ടെത്തി വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ മരണപ്പെട്ട 60 വയസ്സുള്ള ഒരു വ്യക്തിക്ക് മുഖത്തും ചുണ്ടുകളിലുമാണ് കടിയേറ്റത് (കാറ്റഗറി III wound). അന്നേ ദിവസം തന്നെ കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽനിന്നും ഐ.ഡി.ആർ.വി.-യും തലശ്ശേരി ജനറൽ ആശുപത്രിയിൽനിന്നും ERIG വാക്സിനും എടുത്തു. മരണം സംഭവിക്കുന്നതിനുമുമ്പ് രണ്ട് ഡോസ് വാക്സിനുകളും തുടർന്നുള്ള വാക്സിനുകളും കൃത്യമായി എടുത്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ മരണപ്പെട്ട 67 വയസ്സുള്ള വ്യക്തിക്ക് കഴുത്തിലും കൈകളിലും തെരുവ് നായയുടെ കടിയേൽക്കുകയും (കാറ്റഗറി III wound) അന്നേ ദിവസം രണ്ട് മണിക്കൂറിനുള്ളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഐ.ഡി.ആർ.വി.-യും ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുമുണ്ട്. മരണം സംഭവിക്കുന്നതിനുമുമ്പ് രണ്ട് ഡോസ് വാക്സിനും അവിടെനിന്നും കൃത്യമായി നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ മരണപ്പെട്ട 19 വയസ്സുള്ള വിദ്യാർത്ഥിനിക്ക് അയൽവാസിയുടെ വളർത്തുനായയിൽ നിന്നാണ് കയ്യിൽ കടിയേറ്റത് (കാറ്റഗറി III wound). തുടർന്ന് ഒന്നര മണിക്കൂറിനുള്ളിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽനിന്ന് ഐ.ഡി.ആർ.വി.-യും ആറ് മണിക്കൂറിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്ന് ഇമ്മ്യൂണോഗ്ലോബുലിനുമെടുക്കുകയും ചെയ്തു. മരണം സംഭവിക്കുന്നതിനുമുമ്പ് മൂന്ന് ഡോസ് വാക്സിനും കൃത്യമായി എടുത്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ മരണപ്പെട്ട 59 വയസ്സുള്ള വ്യക്തിക്ക് ചെവിയിലും കൈകളിലും തെരുവ് നായയിൽനിന്നും കടിയേൽക്കുകയും ഏകദേശം ആറ് മണിക്കൂറിനുള്ളിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽനിന്ന് ഐ.ഡി.ആർ.വി.-യും തൃശ്ശൂർ മെഡിക്കൽ കോളേജിൽനിന്ന് ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുണ്ട് (കാറ്റഗറി III wound). തുടർന്ന് മൂന്നാം ദിവസം എടുക്കേണ്ട വാക്സിൻ മുടങ്ങുകയും ഏഴാം ദിവസം വാക്സിൻ നൽകുകയും ചെയ്തെങ്കിലും അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ ആരംഭിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. കോഴിക്കോട് ജില്ലയിൽ മരണപ്പെട്ട 56 വയസ്സുള്ള വ്യക്തിക്ക് മുഖത്തും കൈകളിലും തെരുവുനായയുടെ കടിയേൽക്കുകയും (കാറ്റഗറി III wound) അന്നേ

ദിവസം തന്നെ പേരാമ്പ്ര താലൂക്കാശുപത്രിയിൽ നിന്നും ഐ.ഡി.ആർ.വി.-യും കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ERIG വാക്സിനും എടുത്തിട്ടുണ്ട്. മരണം സംഭവിക്കുന്നതിനുമുമ്പ് രണ്ട് ഡോസ് വാക്സിനും വളരെ കൃത്യമായി നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് എവിടെ നിന്നാണ് ഇതിനുള്ള പണം കണ്ടെത്തുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. അത് സർക്കാരിന്റെ പരിഗണനയിലാണ് എന്നുള്ളതല്ല; ഈ വിഷയങ്ങൾ എങ്ങനെയാണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് വളരെ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കേണ്ടത്. ഇതിന്റെ മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്ത് ആയിരിക്കും. ഇതിലുള്ള വിഹിതം ജില്ലാ പഞ്ചായത്തിന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പൊതു വിഭാഗം വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട് വിഹിതം എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണം, ആരോഗ്യം, മൃഗസംരക്ഷണം എന്നീ മൂന്ന് വകുപ്പുകളും സംയുക്തമായി പേവിഷ നിർമ്മാർജ്ജന ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കും. പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പരിശീലനം നൽകാൻ തീരുമാനമെടുക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ ഓരോ പ്രദേശത്തെയും നായ്ക്കളുടെ എണ്ണമനുസരിച്ച് രണ്ട് ബ്ലോക്കുകൾക്ക് ഒരെണ്ണമെന്ന നിലയിൽ ഓപ്പറേഷൻ തിയേറ്റർ, നായ്ക്കളെ താമസിപ്പിക്കാനുള്ള ഷെൽറ്റർ, മറ്റ് സൗകര്യങ്ങൾ എന്നിവയൊക്കെ ഒരുക്കണം. ബ്ലോക്ക് പഞ്ചായത്തുകളോടൊപ്പം സമീപത്തുള്ള നഗരസഭകളെയും കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ കോർപ്പറേഷനുകൾ പ്രത്യേകമായി സൗകര്യമൊരുക്കുന്നുണ്ട്. കണ്ണൂരിൽ ജില്ലാ പഞ്ചായത്താണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്. എല്ലാ കോർപ്പറേഷനുകളും അവരുടെ പ്രോഗ്രാമായിത്തന്നെ ഇത് നടപ്പിലാക്കുന്നുണ്ട്.

വെറ്ററിനറി സർജൻ നിശ്ചയിച്ച ഇതിന്റെ മാനദണ്ഡം (Standard Operating Procedure) എന്താണെന്നുള്ളത് മുഖ്യനിർവ്വഹണ ഏജൻസിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിനനുസരിച്ച് ഇത് എങ്ങനെ ക്രമീകരണക്കണമെന്നുള്ളത് പ്രവൃത്തിപഥത്തിലാണ്. ഇതോടൊപ്പം ഡോഗ് ക്യാച്ചേഴ്സിനെ നിയോഗിച്ച് നായ്ക്കളെ പിടികൂടി അവയെ പാർപ്പിക്കുന്നതിനുള്ള ഷെൽറ്റർ, ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ, മരുന്ന് തുടങ്ങിയ സംവിധാനങ്ങളൊരുക്കുന്നതിനുള്ള ചുമതലകളും നൽകിയിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ സംവിധാനമില്ലാത്തയിടങ്ങളിലെ കാര്യമാണ് ഞാൻ പറഞ്ഞത്. 30 ഇടങ്ങളിൽ ഇപ്പോൾത്തന്നെ ടി സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിനനുസരിച്ച് നായ ഒന്നിന് മരുന്നിന് 600 രൂപ, നായ്ക്കളുടെ ട്രാൻസ്പോർട്ടേഷന് 200 രൂപ, ആഹാരത്തിന് 400 രൂപ, ഒരു നായയെ പിടിക്കുന്നതിന് ഡോഗ് ക്യാച്ചേഴ്സിന് നൽകാൻ 300 രൂപ എന്നീ നിരക്കിൽ ആകെ 1500 രൂപയാണ്. അതത് ഗ്രാമപഞ്ചായത്ത്-നഗരസഭകൾ പിടികൂടിയ നായ്ക്കളെ ബ്ലോക്കുതല എ.ബി.സി. സെന്ററിലെത്തിച്ച് ശസ്ത്രക്രിയ നടത്തി അനന്തര ചികിത്സകളും മറ്റും നൽകി പൂർണ്ണമായ ആരോഗ്യം ഉറപ്പാക്കേണ്ടതും പെൺനായകൾക്ക് അഞ്ച് ദിവസവും ആൺനായകൾക്ക് നാല് ദിവസവും ഷെൽറ്റർ ഒരുക്കേണ്ടതും അതിനുശേഷം ആരോഗ്യം ഉറപ്പാക്കി പഴയ സ്ഥലത്ത് തിരിച്ചുവിടുക എന്നുള്ളതുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. എ.ബി.സി. പ്രോഗ്രാം പ്രകാരം നടപടിക്രമങ്ങളും ഓപ്പറേഷനും നടക്കുന്നത് എ.ബി.സി. ഡോഗ് റൂളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറും പ്രകാരമാണെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്. എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ബഹുമാന്യയായ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ഇതിനുശേഷം വിശദീകരിക്കുന്നതാണ്.

വളരെ പ്രധാനപ്പെട്ട കാര്യം, ഒരു പൊതുബോധം ഇക്കാര്യത്തിൽ വേണമെന്നുള്ളതുകൊണ്ടുതന്നെ ഒരു മിഷൻ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ മൂന്ന് വകുപ്പുകളും സംയുക്തമായി ഈ പ്രോഗ്രാം ആസൂത്രണം ചെയ്തിട്ടുള്ളത്. 2025-ഓടുകൂടി കേരളത്തിൽ ഒരു റാബീസ് ഡെത്തും ഹ്യൂമൻ റാബീസ് കേസും ഉണ്ടാകാൻ പാടില്ല. അതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ദേശീയ തലത്തിലുള്ള മിഷൻ 2030 ആണ്. അതിന് എല്ലാ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സംയോജിതമായ പ്രവർത്തനം അനിവാര്യമാണെന്നുള്ളതുകൊണ്ട് ഈ രീതിയിലുള്ള ഒരു മിഷൻ/യജ്ഞത്തിന്റെ അടിസ്ഥാനത്തിലാണ് ഇതിനെ കാണുന്നത്.

വാക്സിൻ എടുക്കുന്ന കാര്യത്തിൽ ഒരു കാരണവശാലും വിമുഖതയുണ്ടാകരുത്. വാക്സിന്റെ പ്രൊട്ടക്ഷൻ ഈ കേസുകളിൽ നാം കണ്ടതാണ്. ഇത്രയുമധികം നായ്ക്കളിൽനിന്ന് കടിയേൽക്കുമ്പോഴും 20 പേർ പേവിഷബാധയേറ്റ് മരിക്കുമ്പോഴും 4 പേർ മാത്രമേ ശരിയായ രീതിയിൽ വാക്സിനെടുത്തിട്ടുള്ളൂ. ഞരമ്പുകളിൽ കടിയേറ്റതുകൊണ്ടാണ് അവർ മരണപ്പെട്ടതെന്നാണ് കാണുന്നത്. കാരണം

വാക്സിൻ പ്രവർത്തിച്ച് തുടങ്ങുന്നതിന് മുമ്പുതന്നെ വൈറസ് തലച്ചോറിൽ എത്തപ്പെടുന്നു. അതുകൊണ്ട് വാക്സിൻ എടുക്കേണ്ടത് അത്യാവശ്യമാണ്. സർക്കാർ ഇക്കാര്യത്തിൽ കൃത്യമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കോവിഡ് കാലത്ത് കൂടുതൽ വീടുകളിലും ഓമനമൃഗങ്ങളെ വളർത്താൻ തുടങ്ങിയതുമൂലം നായ്ക്കളുടെയും പൂച്ചകളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. അതുപോലെ ആ സമയത്ത് ഇവയ്ക്ക് രോഗപ്രതിരോധ കുത്തിവയ്പ്പ് കൃത്യമായി നൽകാൻ കഴിയാതിരുന്നതിനാൽ അവയുടെ രോഗപ്രതിരോധശേഷി കുറയാനിടയാവുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് പുതിയതായി ഓമനമൃഗങ്ങളെ വളർത്താൻ തുടങ്ങിയ പല വ്യക്തികൾക്കും പേവിഷബാധയുമായി ബന്ധപ്പെട്ട ബോധവൽക്കരണം ലഭിക്കാതിരുന്നതിനാൽ വളർത്തുമൃഗങ്ങൾക്ക് കുത്തിവയ്പ്പ് എടുക്കാതിരിക്കുകയും അത് പേവിഷബാധ കേസ്സുകൾ വർദ്ധിക്കുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് 'റാബീസ് ഫ്രീ കേരള' പദ്ധതി പ്രകാരം വളർത്തുനായ്ക്കളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു. ഇപ്രകാരം 2021 വർഷം 127128 പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തിവരുന്നു. ഈ വിഷയത്തിൽ 26-7-2022-ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമുണ്ടായിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പും ലൈസൻസും നിർബന്ധമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത കമ്മിറ്റി തീരുമാനപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള ആറ് ലക്ഷത്തോളം വാക്സിനുകളിൽനിന്ന് അഞ്ച് ലക്ഷത്തോളം വാക്സിനുകൾ ഇതിനകം എല്ലാ മൃഗാശുപത്രികൾക്കും കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള ഒരു ലക്ഷത്തോളം വാക്സിനുകൾ ഉടൻ വിതരണം ചെയ്യും. ഇനിയും നാല് ലക്ഷത്തോളം വാക്സിനുകളാണ് ജില്ലകളിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. അവ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പേവിഷബാധ നിർമ്മാജ്ജനവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉൾപ്പെടെ വ്യാപകമായ ബോധവൽക്കരണ ക്യാമ്പയിനുകൾ സന്നദ്ധ സംഘടനകൾ, റസിഡന്റ്സ്

അസോസിയേഷനുകൾ എന്നിവയുമായി ചേർന്നുകൊണ്ട് നടത്തുന്നതാണ്. സംസ്ഥാന വ്യാപകമായി മുഴുവൻ വളർത്തുനായ്ക്കൾക്കും പൂച്ചകൾക്കും ക്യാമ്പുകൾ സംഘടിപ്പിച്ച് സമയബന്ധിതമായി പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തെരുവ് നായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏകദേശം മൂന്ന് ലക്ഷം തെരുവ് നായ്ക്കളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് നിയന്ത്രിക്കാനും വാക്സിൻ കൊടുക്കാനും സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമപ്രകാരം തെരുവ് നായ്ക്കളെ കൊല്ലാൻ നമുക്ക് സാധിക്കില്ല. വന്ധ്യംകരണം മാത്രമാണ് സ്വീകാര്യമായ പരിഹാര മാർഗ്ഗം. തെരുവുകളിൽ ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് തെരുവ് നായ്ക്കളുടെ ശല്യം അധികരിക്കാൻ ഒരു കാരണമാണ്. ഇതിനെതിരെ വ്യാപകമായ നിലയിൽ ബോധവൽക്കരണം നടത്താനാണ് മൃഗസംരക്ഷണ വകുപ്പ് ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സംസ്ഥാനത്ത് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടും ആളുകൾ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. കുറച്ച് മരണം ഉണ്ടായപ്പോൾ തന്നെ സമൂഹത്തിൽ വലിയ ആശങ്ക ഉയരുന്ന നിലയാണ് വന്നിട്ടുള്ളത്. മെഡിക്കൽ വിദഗ്ദ്ധരുടെ അഭിപ്രായം തന്നെയാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ ജനങ്ങളുടെ ആശങ്ക കണക്കിലെടുത്ത് ഒരു വിദഗ്ദ്ധ സമിതി ഈ വാക്സിനെക്കുറിച്ച് പരിശോധന നടത്തുന്നത് ഉചിതമായിരിക്കും എന്നാണ് തോന്നുന്നത്. അത്തരമൊരു നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കുകയും ചെയ്യും. ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് വാക്സിൻ പരിശോധിക്കാനുള്ള സംവിധാനം ആരോഗ്യ വകുപ്പ് നടപ്പാക്കുമെന്ന് ഞാൻ വ്യക്തമാക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, വയനാട്ടിൽ വളർത്തുനായ കടിച്ച് ഒരു വീട്ടമ്മ മരിച്ചിരുന്നു. ശല്യമുള്ള വളർത്തുനായ്ക്കളെ നിയന്ത്രിക്കുന്നതിന് അല്ലെങ്കിൽ അവയെ വീട്ടിൽ വളർത്തുന്നതിന് ഒരു നിയമം കൊണ്ടുവരുമെന്ന് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു. എന്നാൽ അങ്ങനെയൊരു നിയമം ഇതുവരെ ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെയും മറുപടികളുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവതരമായ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അമിതമായ ഉത്കണ്ഠയാണ് ഈ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവരാനുള്ള പ്രധാന കാരണം. സ്റ്റാറ്റിസ്റ്റിക്സ് നോക്കിയാൽ ഞെട്ടിപ്പിക്കുന്ന, ഭയാനകമായ കണക്കുകളാണ് കാണാൻ സാധിക്കുന്നത്. 2015 മുതൽ നായ്ക്കളുടെ കടിയേറ്റവരുടെ എണ്ണം നോക്കിയാൽ അത് ഒരു ലക്ഷത്തിന് മുകളിലാണ്. കഴിഞ്ഞ രണ്ടുവർഷത്തെ കണക്കെടുത്താലും വലിയ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-ലും 2021-ലും ഇപ്പോൾ 2022 ആഗസ്റ്റ് മാസം അവസാനിക്കാറായതുവരെയുള്ള കണക്കുകൾ നോക്കിയാലും വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിലധികം പേർക്ക് നായയുടെയും പൂച്ചയുടെയും കടിയേറ്റിട്ടുണ്ട്. നേരത്തെ വാക്സിൻ വളരെ ഇഫക്ടീവായിരുന്നതിനാൽ ഒരു കാരണവശാലും ആളുകൾ മരിക്കുമായിരുന്നില്ല. 2020 മുതലാണ് ആളുകൾ മരിക്കാൻ തുടങ്ങിയത്. ഈ വർഷം മരണപ്പെട്ട ആളുകളുടെ എണ്ണം വലിയതോതിൽ വർദ്ധിക്കുകയും 20 പേരോളം ആകുകയും ചെയ്തു. മാതാപിതാക്കൾ ഭയത്തോടുകൂടിയാണ് പിഞ്ചുകുട്ടികളെ സ്കൂളിലേയ്ക്ക് അയയ്ക്കുന്നത്. കാരണം, നായ്ക്കൾ കൂട്ടംചേർന്ന് കുട്ടികളെ ആക്രമിക്കുമെന്ന് അവർ ഭയപ്പെടുന്നു. മൃഗസംരക്ഷണ വകുപ്പുമന്ത്രി വളർത്തുനായ്ക്കളെക്കുറിച്ചാണ് പറഞ്ഞത്. വളർത്തുനായ്ക്കളേക്കാൾ ഗൗരവമായ പ്രശ്നം തെരുവ് നായ്ക്കളാണ്. അവ കൂട്ടം ചേർന്ന് കുഞ്ഞുങ്ങളെയും പ്രായമായവരെയും സ്ത്രീകളെയുമെല്ലാം ആക്രമിക്കുകയാണ്. നായ്ക്കളിൽനിന്നും രക്ഷപ്പെടാൻവേണ്ടി ഫുട്പാത്തിൽനിന്നും റോഡിലേയ്ക്ക് ചാടിയ ഒരു സ്ത്രീയെ വണ്ടി ഇടിക്കുകയും അവർ മരണപ്പെടുകയും ചെയ്തു. നായ്ക്കളെ പേടിച്ച് കുട്ടികളും പ്രായമായവരുമെല്ലാം പുറത്തേയ്ക്ക് പോകാൻ ഭയപ്പെടുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. പുറത്തിറങ്ങിയാൽ നായ്ക്കൾ മുഖവും ശരീരവുമെല്ലാം കടിച്ചുമുറിക്കുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ഒരു സ്ഥലത്തും പോകാൻ പറ്റാത്ത അവസ്ഥയാണ്. ടൂ-വീലറിൽ പോകുന്നവരുടെ പിന്നാലെ നായ്ക്കൾ ഓടുകയും ടൂ-വീലർ മറിഞ്ഞ് യാത്രക്കാർ അപകടത്തിൽപ്പെടുകയും ചെയ്യുന്നു. ടൂ-വീലറിന്റെ പുറകെ നായ്ക്കൂട്ടം ചേയ്സ് ചെയ്യുകയാണ്. ഏത് സ്ഥലത്തും ഇതൊരു ഗൗരവതരമായ പ്രശ്നമായി മാറിയിരിക്കുകയാണ്. മൂന്ന് കാര്യങ്ങളാണ് പ്രധാനമായും എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒന്ന്, വാക്സിന്റെ കൃത്യമായ വിതരണം നടക്കുന്നില്ല എന്നുള്ളതാണ്. രണ്ട്, വാക്സിന്റെ ക്വാളിറ്റിയെക്കുറിച്ചുള്ള സംശയമാണ്. വാക്സിന്റെ നിലവാരത്തെക്കുറിച്ച് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച്

അന്വേഷിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട പി. കെ. ബഷീർ സൂചിപ്പിച്ച ഒരു കാര്യം, സാധാരണയായി ഇവിടെ വാക്സിൻ വാങ്ങാനുള്ള നടപടികൾ നവംബർ മുതൽ മാർച്ച് മാസത്തോടെ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ പ്രാവശ്യം അതൊന്നും ചെയ്തില്ല. ജൂൺ 6-നാണ് KMSCL (Kerala Medical Services Corporation) മരുന്ന് വാങ്ങാൻ തുടങ്ങിയത്. നിരവധി മരുന്നുകളുടെ വിഷയം ഞാൻ സബ്മിഷനായി ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. പേവിഷ വാക്സിനുമായി ബന്ധപ്പെട്ട് നവംബർ മുതൽ മാർച്ച് വരെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ജൂണിൽ മരുന്ന് കിട്ടേണ്ടതായിരുന്നു. എന്നാൽ നടപടികൾ തുടങ്ങിയത് ജൂണിലാണ്. തുടങ്ങിയപ്പോഴേയ്ക്കും പെട്ടെന്ന് മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിൽ (സി.ഡി.എൽ.) പരിശോധിച്ചിട്ടുവേണം ഈ വാക്സിൻ വിതരണം ചെയ്യേണ്ടത്. സി.ഡി.എൽ.-ൽ പരിശോധിക്കാതെ മരുന്ന് കൊടുക്കാൻ കെ.എം.എസ്.സി.എൽ. ആവശ്യപ്പെട്ടു. പരിശോധിച്ചില്ലെന്നാണ് ഇവിടെ പറഞ്ഞത്. പരിശോധിക്കാതെ, അന്തിമ റിപ്പോർട്ടുകളില്ലാതെ, ഫലപ്രാപ്തി പൂർണ്ണമായും പരിശോധിച്ച് ബോധ്യപ്പെടാത്ത വാക്സിനാണ് വിതരണം ചെയ്തത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പരിശോധന റിപ്പോർട്ടില്ലാതെ ഒരു വാക്സിനും സംസ്ഥാനത്ത് കൊടുത്തിട്ടില്ല. ഇൻ-ഹൗസ് റിപ്പോർട്ടും സി.ഡി.എൽ. (സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി)-ന്റെ റിപ്പോർട്ടും അങ്ങനെ രണ്ട് റിപ്പോർട്ടുകളുള്ള വാക്സിനുകളാണ് കൊടുത്തിട്ടുള്ളത്. 60-ഉം 80-ഉം അതിലധികവും ദിവസമെടുക്കുന്നത്, ഡിസംബർ മാസത്തിൽ, അതായത് 4-12-2021-ലാണ് ടെണ്ടർ നടപടികൾ ആരംഭിച്ചത്. അതിലും കൂടുതൽ സമയമെടുക്കുന്ന സാഹചര്യത്തിലാണ് സമാന്തരമായ മാർഗ്ഗങ്ങൾ സ്വീകരിച്ചത്. പക്ഷെ, അപ്പോഴും ഈ പരിശോധനയുള്ളതാണെന്നുള്ളത് ഉറപ്പുവരുത്തണമെന്ന നിർദ്ദേശമാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയായ കാര്യമല്ല. കെ.എം.എസ്.സി.എൽ-ന്റെ മാനേജിംഗ് ഡയറക്ടർക്ക് Vins Bio Products Limited അയച്ച കത്ത് നമ്മുടെ കയ്യിലുണ്ട്. ആ കത്തിൽ പറഞ്ഞിട്ടുണ്ട്, We have informed the General Manager (procurement) and made him understand about the merits and demerits of supplying our Equine Anti Rabies Immunoglobulin injection 300 vial with respect to Drugs and Cosmetics Act, 1940. ഇവിടെ സാധനത്തിന്റെ ലഭ്യതയില്ലാതെ വന്നപ്പോൾ സി.ഡി.എൽ.

പരിശോധിക്കാതെ അയയ്ക്കാൻ നിങ്ങൾ പറഞ്ഞു. പിന്നീട് അത് വിവാദമായപ്പോൾ അവ വിതരണം ചെയ്യുന്നത് നിർത്തിവച്ചതിനുശേഷം തമിഴ്നാട്ടിൽനിന്നും കൊണ്ടുവന്നു. എന്നാൽ കൊണ്ടുവന്നത് ഗുണനിലവാരമില്ലാത്ത വാക്സിനായിരുന്നു. കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെ സി.ഡി.എൽ.-ന്റെ പരിശോധനയില്ലാതെ വിതരണം ചെയ്യാനുള്ള സാഹചര്യമുണ്ടായത് കെ.എം.എസ്.സി.എൽ-ന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. 2002-ൽ കേന്ദ്രസർക്കാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നിലവാരമില്ലാത്ത വാക്സിൻ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നുണ്ട്. അതുകൊണ്ടാണ് അത് പരിശോധിക്കാൻ സംവിധാനമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. മാത്രമല്ല, വാക്സിൻ വിതരണത്തിൽ National guidelines for Rabies prophylaxis ഉണ്ട്. National centre for Disease Control-ന്റെ നിബന്ധനകൾ അനുസരിച്ചാണ് ഇത് ചെയ്യുന്നത്. ഈ നിബന്ധനകളനുസരിച്ചാണോ കൃത്യമായി വാക്സിൻ നൽകുന്നതെന്ന് പരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. വാക്സിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം കേരളത്തിൽ ഇല്ലാത്തതുകൊണ്ടാണ് സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. വാക്സിൻ എടുത്തിട്ടും മരിച്ചവർക്ക് നൽകിയ ആ ബാച്ച് വാക്സിൻ ഗുണനിലവാരമുള്ളതാണോയെന്ന് പരിശോധിച്ചിട്ടില്ല. വാക്സിൻ എടുത്തവർക്ക് അലർജിയുണ്ടായതായി പല ആശുപത്രികളിൽനിന്നും റിപ്പോർട്ട് വന്നിട്ടുണ്ട്. അലർജി മാത്രമല്ല വാക്സിന്റെ ഇംപാക്ടുമില്ല. ക്വാളിറ്റിയില്ലാത്ത അനധികൃതമായ വാക്സിൻ വരുന്നുണ്ടെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു പ്രശ്നം. എ.ബി.സി പ്രോഗ്രാമിനെ സംബന്ധിച്ചുള്ളതാണ് രണ്ടാമത്തെ പ്രശ്നം. മൂന്ന് വകുപ്പുമന്ത്രിമാരുംകൂടി യോഗം ചേർന്നുവെന്നൊക്കെ ഇവിടെ പറയുകയുണ്ടായി. ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ.-മാരോടും ഞാൻ ചോദിക്കുകയാണ് ഏത് നിയോജകമണ്ഡലത്തിലാണ് ഇപ്പോൾ എ.ബി.സി പ്രോഗ്രാം നടക്കുന്നത്? The Prevention of Cruelty to Animals Act. 1960 അനുസരിച്ച് തെരുവ് നായ്ക്കളെ കൊല്ലാൻ സാധിക്കില്ല. IPC 428, 429 എന്നീ വകുപ്പുകൾ പ്രകാരം അവയെ കൊല്ലാൻ സാധിക്കില്ല. അതിനെ sterilize ചെയ്യുക മാത്രമാണ് നമുക്ക് ചെയ്യാൻ സാധിക്കുന്നത്. അതിനെ പിടിച്ചുകൊണ്ടുവന്ന് താമസവും ഭക്ഷണവും വാക്സിനുമൊക്കെ നൽകി sterilize ചെയ്യുക. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി sterilization ഗൗരവതരമായി നടക്കുന്നില്ല, വളരെ മോശമായാണ് നടക്കുന്നത്. എ.ബി.സി. പ്രോഗ്രാം (Animal Birth Control Programme) എന്നത് ലോകാരോഗ്യ

സംഘടനയുടെ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ്. ആ പദ്ധതി കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാനത്ത് നടക്കുന്നില്ല. ലോക്കൽ ബോഡിയോട് ചെയ്യാൻ പറഞ്ഞാൽ അവർക്ക് എവിടെ നിന്നാണ് ഇത്രയും പണം ലഭിക്കുക? അതാണ് ശ്രീ. പി. കെ. ബഷീർ ചോദിച്ചത്. ലോക്കൽ ബോഡിക്ക് സ്വന്തം ഫണ്ടെടുത്ത് sterilization നടത്താൻ സാധിക്കുമോ? sterilization ചെലവേറിയതായതിനാൽ സർക്കാർ വിഹിതം ആവശ്യമാണ്. കേരളം നേരിടുന്ന ഗൗരവതരമായ ഈ വിഷയത്തിൽ രണ്ട് വർഷമായി സർക്കാർ ഒന്നും ചെയ്യുന്നില്ല. മൂന്ന് മന്ത്രിമാർ ചേർന്ന് യോഗം ചേർന്നാൽ തീരുമാനമാകുമോ? എ.ബി.സി. പ്രോഗ്രാം നടക്കാത്തതുകൊണ്ടാണ് തെരുവ് നായ്ക്കളുടെ എണ്ണം ഗുരുതരമായി വർദ്ധിച്ചതും ഭയാനകമായ രീതിയിൽ നായയുടെയും പൂച്ചയുടെയും കടിയേറ്റവരുടെ എണ്ണം കൂടിയതും ആളുകളുടെ മരണനിരക്ക് വർദ്ധിച്ചതും. നമുക്ക് ഒരു വിഷയത്തിൽ എപ്പോഴും ഒരു root cause വേണം. എന്താണ് നായ്ക്കൾ വർദ്ധിക്കാൻ കാരണം? മാലിന്യം നീക്കം ചെയ്യുന്ന കാര്യത്തിൽ കേരളം വളരെ മോശമായ രീതിയിൽ വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറച്ച് കാലങ്ങളായി മാലിന്യം നീക്കം ചെയ്യുന്നതിനെക്കുറിച്ച് ഗൗരവമായി സംസാരിക്കുന്നുണ്ടെങ്കിലും ഫലപ്രദമായ ഒരു മാലിന്യ നിയന്ത്രണ സംവിധാനം എങ്ങുമില്ല. ഒരു മോഡൽ എവിടെയാണുള്ളത്? തൃക്കാക്കര തെരഞ്ഞെടുപ്പ് കാലത്ത് വോട്ടർമാർ കൊച്ചിയിലെ ഒരു ഫ്ലാറ്റിന് മുകളിൽ കൊണ്ടുപോയി ആറിന്റെ തൊട്ടപ്പുറത്ത് കിടക്കുന്ന കൊച്ചി നഗരത്തിലെ മാലിന്യ കൂമ്പാരം കാണിച്ചുതന്നു. കേരളത്തിലെ എല്ലാ സ്ഥലത്തും മാലിന്യം ഗൗരവതരമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ വർദ്ധിക്കുന്നതിലൂടെ തെരുവ് നായ്ക്കളുടെ എണ്ണവും പെരുകുകയാണ്. അതുകൊണ്ടുതന്നെ ഇതിനെ പല രീതിയിലാണ് അഡ്രസ്സ് ചെയ്യേണ്ടത്. ഒന്ന്, മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതികൾക്ക് വേഗത കൂട്ടുക, രണ്ട്, എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടത്തുക. മൂന്ന്, ഗുണനിലവാരമുള്ള വാക്സിൻ കൃത്യമായി വിതരണം ചെയ്യുക. ഈ മൂന്ന് കാര്യങ്ങളിലും ഗൗരവതരമായ വീഴ്ച പറ്റിയിട്ടുണ്ട്. അത് പരിശോധിച്ച് നടപടി സ്വീകരിക്കണം. കേരളം വളരെ ഉത്കണ്ഠയോടെ നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണിത്. കുഞ്ഞുങ്ങളും പ്രായമുള്ളവരും നടന്നുപോകുമ്പോൾ അവരെ തെരുവ് നായ്ക്കൾ ആക്രമിക്കുന്ന സ്ഥിതിയാണ്. മരണത്തിന്റെ എണ്ണവും വർദ്ധിക്കുന്നതോടുകൂടി ഇതിന്റെ ഗൗരവവും വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് എല്ലാ ഗൗരവത്തോടുകൂടിയും ഗവൺമെന്റ് വീഴ്ചകൾ മനസ്സിലാക്കി ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# III ശ്രദ്ധ ക്ഷണിക്കൽ

## (1) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ തീരദേശവാസികളുടെ ആശങ്ക

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ദൈവത്തിന്റെ സ്വന്തം നാടിന് പ്രകൃതി കനിഞ്ഞ് നൽകിയ വരദാനമാണ് അറബിക്കടലിന്റെ തീരത്തുള്ള മനോഹരമായ മത്സ്യബന്ധന ഗ്രാമമായ വിഴിഞ്ഞം. നാളെ കേരള വികസന ചരിത്രത്തിലെ നാഴികക്കല്ലായി മാറുന്നതും ഇതേ വിഴിഞ്ഞം തന്നെയാകും. ഒരുകാലത്ത് ലോകത്തിന്റെ കടൽ സഞ്ചാരനിയമം രൂപപ്പെടുത്തുന്നതിൽ ഇന്ത്യയും കേരളവും നിർണ്ണായക ശക്തിയായിരുന്നു. ഈജിപ്റ്റുമായി നേരിട്ടുള്ള വ്യാപാരബന്ധം ലോക കച്ചവടക്കാരെ കേരളത്തിലേയ്ക്ക് ആകർഷിച്ചിരുന്നു. ഇത്തരമൊരു തിരിച്ചുവരവിലേയ്ക്ക് ഇന്ത്യയെ പ്രാപ്തമാക്കാൻ പര്യാപ്തമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. വരുംകാല സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ തുറമുഖമായി വിഴിഞ്ഞത്തെ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കും. കേവലം ഒരു തുറമുഖ പദ്ധതി എന്നതിനെക്കാളുപരി ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ പോകുന്ന സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം. വിഴിഞ്ഞം തുറമുഖത്തിന് ചരിത്രത്തിൽ വളരെയേറെ പ്രസക്തിയുണ്ട്. കേരള സർവ്വകലാശാലയിലെ ഗവേഷക സംഘം നടത്തിയ പഠനത്തിൽ എ.ഡി. 620-ൽ വിഴിഞ്ഞം പ്രധാന തുറമുഖമായിരുന്നുവെന്ന് കണ്ടെത്തുകയുണ്ടായി. റോമിലെയും മെസപ്പൊട്ടോമിയയിലെയും സഞ്ചാരികളുടെ കുറിപ്പുകളിൽ വിഴിഞ്ഞത്തെ പരാമർശിക്കുന്നുണ്ട്. എ.ഡി. 1-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അജ്ഞാതനായ നാവികന്റെ Periplus of the Erythraean Sea എന്ന യാത്രാ വിവരണത്തിലും വിഴിഞ്ഞത്തെക്കുറിച്ച് പരാമർശമുണ്ട്. റോമിലെയും മെസപ്പൊട്ടോമിയയിലെയും സഞ്ചാരികൾ അവരുടെ കുറിപ്പുകളിലും വിഴിഞ്ഞത്തെ പരാമർശിക്കുന്നുണ്ട്. 'ആയ്' രാജാക്കന്മാരുടെ തുറമുഖ നഗരമായിരുന്ന വിഴിഞ്ഞം കേന്ദ്രീകരിച്ചായിരുന്നു പ്രധാന സൈനിക കേന്ദ്രം ഉണ്ടായിരുന്നത്. 990 കാലഘട്ടത്തിൽ ഈ പ്രദേശം രാജരാജ ചോളൻ ആക്രമിച്ച് കീഴ്പ്പെടുത്തുകയും രാജേന്ദ്ര ചോള പട്ടണമെന്ന് നാമകരണം ചെയ്യുകയും ചെയ്തു. മദ്രാസ് മ്യൂസിയത്ത് ലഭ്യമായിട്ടുള്ള ഏടിൽ 781-ൽ പാണ്ഡ്യ ചക്രവർത്തിയായ നെടുംചടയൻ വേണാട് ആക്രമിക്കുകയും രാജാവിനെ വധിച്ച് തലസ്ഥാനമായിരുന്ന വിഴിഞ്ഞം നഗരവും കോട്ടയും സമ്പത്തും കീഴടക്കിയതായും പറയുന്നുണ്ട്. ചൈന, ഇറാൻ, തുർക്കി, പേർഷ്യ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും മൂന്നാം നൂറ്റാണ്ടിൽ വിഴിഞ്ഞം തുറമുഖത്തേയ്ക്ക് വ്യാപാര കപ്പലുകൾ അടുത്തതിന്റെ തെളിവുകളും ഗവേഷണത്തിൽ കണ്ടെത്താനായി. ഡച്ച്, ബ്രിട്ടീഷ് വ്യാപാരികൾ അവശേഷിപ്പിച്ച തെളിവുകളും

കണ്ടെത്താനായി. തുറമുഖ വികസനത്തിന് ഇത്രയും പ്രകൃതിദത്തമായ സൗകര്യങ്ങൾ ഒത്തിണങ്ങിയ മറ്റൊരിടം ഇന്ത്യയിലില്ല. ഏറ്റവുമധികം കേവുഭാരമുള്ള കപ്പലിനുപോലും അനായാസം നങ്കൂരമിടാൻ സാധിക്കുന്ന വിധം 18 മുതൽ 20 മീറ്റർ വരെ ആഴം ഇവിടെയുണ്ട്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ വിഴിഞ്ഞം തുറമുഖമെന്ന സ്വപ്നം കാണാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. ഇന്ന് ടി പദ്ധതിക്കെതിരെ സമരം നയിക്കുന്നവരും അന്നുമുതൽ നമുക്കൊപ്പം ഈ സ്വപ്നം കാണാനുണ്ടായിരുന്നവരാണ്. ജീവൻ പണയംവച്ചുള്ള മത്സ്യബന്ധന വൃത്തിയിൽനിന്നും മാറി തങ്ങളുടെ മക്കളെ പഠിപ്പിച്ച് പുതിയ തൊഴിലവസരങ്ങളിലേയ്ക്ക് കടത്തിവിടണമെന്നുള്ളതായിരുന്നു തീരത്തുള്ളവരും സ്വപ്നം കണ്ടത്. ആ സ്വപ്നത്തിനൊപ്പമാണ് ഇടതുപക്ഷവും സി.പി.ഐ.(എം)-ഉം നിലയുറപ്പിച്ചിരുന്നത്. വി. എസ്. അച്യുതാനന്ദൻ സർക്കാരും തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. വിജയകുമാറുമാണ് വിഴിഞ്ഞം പദ്ധതി കരയ്ക്കെത്തിച്ച് ടെണ്ടർ ചെയ്തത്. എന്നാൽ കരാർ ലഭിച്ച Zoom Developers എന്ന കമ്പനിയുടെ പ്രധാന ഷെയർഹോൾഡർ ചൈനീസ് കമ്പനിയാണെന്ന കാരണം പറഞ്ഞുകൊണ്ട് കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാർ അനുമതി നിഷേധിക്കുകയാണുണ്ടായത്. കൊച്ചി മെട്രോയ്ക്കും കേന്ദ്രഭരണം ഉപയോഗിച്ച് അനുമതി വൈകിപ്പിച്ചതും ഇതേ കാലത്തിലാണെന്നുള്ളതും സാന്ദർഭികമായി ഞാൻ ഓർക്കുകയാണ്. പിന്നീട് 2011-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു. 'അതിവേഗം ബഹുദൂരം' എന്നൊക്കെയായിരുന്നു പരസ്യ വാചകമെങ്കിലും വേഗത അഴിമതി കാട്ടുന്നതിൽ മാത്രമായിരുന്നു. അതിന്റെ ഉത്തമ ഉദാഹരണമായിരുന്നു വിഴിഞ്ഞം പദ്ധതി. 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ പദ്ധതി റീ-ടെണ്ടർ ചെയ്ത് കരാറിൽ ഒപ്പിടാൻ 2015 ആഗസ്റ്റ് വരെ സമയമെടുത്തു. കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസ് ഒന്നിച്ചുവന്നാൽ കേരളത്തിൽ വികസനം കോരിച്ചൊരിഞ്ഞു കളയുമെന്നായിരുന്നു വാഗ്ദാനമെങ്കിലും അന്ന് കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിക്ക് പോലും യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളത്തിലേയ്ക്ക് വികസന പദ്ധതി അനുവദിക്കാൻ ധൈര്യമില്ലെന്ന് അക്കാലത്ത് പരസ്യമായി പറയേണ്ടിവന്നു. ഈ കാലയളവിൽ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി ഏറ്റവും ശക്തമായി ശബ്ദമുയർത്തിയിരുന്നത് ഇടതുപക്ഷമായിരുന്നു. പ്രതിപക്ഷമെന്നാൽ വികസന പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്നവരല്ലെന്ന് ഞങ്ങൾക്ക് ഉത്തമ ബോധ്യമുണ്ടായിരുന്നു. വിഴിഞ്ഞം തുറമുഖത്തിനായി എൽ.ഡി.എഫ്. അക്കാലത്ത് നടത്തിയിരുന്ന ചില സമരങ്ങൾ ഞാൻ ഓർക്കുകയാണ്. 23-10-2012-ന് അന്താരാഷ്ട്ര തുറമുഖ ലോബിക്കുവേണ്ടി വിഴിഞ്ഞം തുറമുഖം അട്ടിമറിക്കുന്നു. തുറമുഖ പദ്ധതി നടപ്പിലാക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള എൽ.ഡി.എഫ്. ജനകീയ കൺവൻഷൻ ഉദ്ഘാടനം ചെയ്തത് ഞങ്ങളുടെ പ്രിയങ്കരനായ സഖാവ് ശ്രീ. കോടിയേരി

ബാലകൃഷ്ണൻ ആയിരുന്നു. 3-4-2013-ൽ വിഴിഞ്ഞം തുറമുഖം പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജനകീയ കൂട്ടായ്മ ഡോ. ടി. എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. 16-4-2013-ൽ വിഴിഞ്ഞം തുറമുഖം അട്ടിമറിക്കുന്നതിനെതിരെ വിഴിഞ്ഞം മുതൽ സെക്രട്ടേറിയേറ്റുവരെ മനുഷ്യ ചങ്ങല സൃഷ്ടിച്ചു. സഖാവ് പിണറായി വിജയൻ ആദ്യ കണ്ണിയും ശ്രീ. പന്ന്യൻ രവീന്ദ്രൻ അവസാന കണ്ണിയുമായിരുന്നു. ഇതിൽ പതിനായിരങ്ങൾ പങ്കെടുത്തു. തിരുവനന്തപുരം ജില്ല സാക്ഷ്യം വഹിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും ദൈർഘ്യമേറിയ രാഷ്ട്രീയസമരം വിഴിഞ്ഞം തുറമുഖപദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാളയം രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ നടത്തിയ 212 ദിവസം നീണ്ടുനിന്ന ആ സമരം ഉദ്ഘാടനം ചെയ്ത നേതാവിന്റെ പേര് പിണറായി വിജയൻ എന്നായിരുന്നു. ഓരോ ദിവസവും പാർട്ടിയുടെ ഓരോ ലോക്കൽ കമ്മിറ്റികൾക്ക് ചുമതല നൽകി ഉജ്ജ്വല സമരം നടത്തിയ ജില്ലാ സെക്രട്ടറി എന്ന നിലയ്ക്ക് എനിക്ക് അത് അഭിമാനം പകരുന്നതാണ്. തെരുവുകളിൽ മാത്രമല്ല നിയമസഭയ്ക്കുള്ളിലും ഞങ്ങൾ വിഴിഞ്ഞം തുറമുഖത്തിനായി ശബ്ദമുയർത്തി. 2014 ജനുവരി 8-ന് പ്രതിപക്ഷഉപനേതാവായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ 'വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി' എന്ന വിഷയത്തിൽ ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ടാണ് ആ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവസാനിക്കുന്നത്. 2014 ഫെബ്രുവരി 3-ന് ഇടതുപക്ഷ സാമാജികരായ ശ്രീമതി ജമീല പ്രകാശം സർവ്വശ്രീ വി. ശിവൻകുട്ടി, വി. എസ്. സുനിൽ കുമാർ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ 'വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ കൗൺസിലിന്റെ നിരാഹാരം' വിഷയത്തിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുകയുണ്ടായി. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ കൗൺസിൽ (VMAC) നടത്തിവന്നിരുന്ന നിരാഹാര സമരം നാല് ദിവസം പിന്നിട്ട വേളയിൽ അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ഈ സഭയിൽ അന്നത്തെ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും ഇന്നത്തെ തൃപ്പൂണിത്തുറ നിയോജകമണ്ഡലം എം.എൽ.എ.യുമായ ശ്രീ. കെ. ബാബു അന്ന് പറഞ്ഞത് ജനങ്ങൾക്ക് ഇതിൽ ആശങ്കയുള്ളതായി കാണുന്നില്ല; അതുകൊണ്ട് ഇതിനേക്കാൾ പ്രാധാന്യമുള്ള തെരുവ് നായ്ക്കളുടെ ശല്യം എന്ന വിഷയം ചർച്ച ചെയ്യാമെന്നായിരുന്നു. വർഷങ്ങളുടെ തഴക്കവും പഴക്കവും അനുഭവ സമ്പത്തും കേമത്തം പറയുന്നവരുടേതാണ് ഈ മറുപടി. ഭരണപക്ഷത്തിന്റെ വികസന

വിരുദ്ധവും കേരളത്തിൽ അന്ന് സംഭവിക്കുമായിരുന്ന കുതിച്ചുചാട്ടത്തെ പിടിച്ചുനിർത്തുകയും ചെയ്യുന്ന നിലയിലുള്ള മറുപടിയിൽ പ്രതിഷേധിച്ച് അന്നത്തെ പ്രതിപക്ഷം ഈ സഭാങ്കണത്തിൽ നിന്ന് വാക്കൗട്ട് നടത്തിയിരുന്നു. ഏറ്റവുമൊടുവിൽ അദാനി ഗ്രൂപ്പുമായി യു.ഡി.എഫ്. സർക്കാർ കരാറിൽ ഏർപ്പെട്ടു. ആ കരാറിലെ പല വ്യവസ്ഥകളോടും പ്രതിപക്ഷത്തിന് വിയോജിപ്പുണ്ടായിരുന്നു. അതിലെ പല വ്യവസ്ഥകളും സംസ്ഥാന താൽപ്പര്യത്തിന് യോജിക്കുന്നതായിരുന്നില്ല. വിഴിഞ്ഞം പദ്ധതിയുടെ ഭാവിയും പ്രാധാന്യവും മുന്നിൽ കണ്ടുകൊണ്ടാണ് വിഴിഞ്ഞം തുറമുഖ കരാറിനോട് ഇടതുപക്ഷത്തിന് പല വിയോജിപ്പുകളുണ്ടെങ്കിലും ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ ആ ഗവൺമെന്റ് തയ്യാറായത്. ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് 2016 ജനുവരി 1-ന് കോടിയേരി ബാലകൃഷ്ണൻ സഖാവിനും ഐസക് സഖാവിനുമൊപ്പം നടത്തിയ ഒരു പത്രസമ്മേളനം ഞാൻ ഓർക്കുകയാണ്. ഞാനും അന്നത്തെ പത്രസമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അന്ന് അദ്ദേഹം പറഞ്ഞത് ചില വികസന വിരുദ്ധരായ ആളുകൾ നമ്മുടെ ഇടയിലുണ്ടെന്നാണ്. എല്ലാ കാര്യങ്ങളെയും എതിർക്കാൻ തയ്യാറാകുന്നവർ. അവരാണ് യഥാർത്ഥത്തിൽ സാമൂഹ്യവിരുദ്ധർ. വികസന വിരുദ്ധ നിലപാട് ഒരുകാലത്തും പാർട്ടി സ്വീകരിച്ചിരുന്നില്ല. വികസന വിരുദ്ധരെ ഞങ്ങളുടെ കൂട്ടത്തിൽ ആരും പിന്തുണയ്ക്കുകയില്ല. ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോഴും നിലപാട് ഇതുതന്നെയായിരുന്നു. അതുകൊണ്ടുതന്നെ വികസന പ്രവർത്തനങ്ങൾക്ക് ഇടംകോലിടാൻ ഞങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ പോലും ശ്രമിച്ചിരുന്നില്ല. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് ഞങ്ങൾ സമരം ചെയ്തിരുന്നത്. കുടിയൊഴിപ്പിക്കപ്പെടുന്ന ജനങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും ലഭ്യമാക്കുന്നതിനുവേണ്ടി ഞങ്ങൾ സമരം ചെയ്തിട്ടുണ്ട്. അപ്പോഴും പദ്ധതികൾക്കെതിരെ ഞങ്ങൾ സമരം ചെയ്തിരുന്നില്ല.

മി. സ്പീക്കർ: അങ്ങ് ചുരുക്കി സംസാരിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒരു മിനിറ്റുകൂടി അനുവദിക്കണം. വിഴിഞ്ഞം തുറമുഖത്തിനെതിരെയുള്ള ഇത്തരം സംഘടിത നീക്കങ്ങൾ പുതുമയുള്ളതല്ല. പദ്ധതിയുടെ കരാർ ഒപ്പ് ഇടുന്നതിനുമുമ്പ് നടന്ന കോലാഹലങ്ങൾ എല്ലാവർക്കും ഓർമ്മ കാണും. ഒന്നിനുപുറകെ ഒന്നായി കോടതിയിലും ട്രിബ്യൂണലിലും കേസ്സുകളായിരുന്നു. 2014 നവംബർ 5-ന് കേരള കൗമുദിയിൽ വന്ന ഒരു വാർത്ത ഞാൻ ഓർമ്മിക്കുകയാണ്. 'വ്യാജ ഹർജിക്കാരെ വെറുതെ വിടരുത് എന്ന തലക്കെട്ടുള്ള വാർത്തയിൽ പറയുന്നത് പദ്ധതിക്കെതിരെ ട്രിബ്യൂണലിനെ സമീപിച്ച രണ്ടുപേരിൽ ഒരാൾ ഹർജി പിൻവലിച്ചതിനെക്കുറിച്ചാണ്. ഇംഗ്ലീഷ് അറിയാത്ത തന്നെക്കൊണ്ട് ചിലർ ചില കടലാസുകളിൽ നിർബന്ധിച്ച്

ഒപ്പിടിയിക്കുകയായിരുന്നുവെന്നും ഹർജി നൽകിയത് തന്റെ അറിവോ സമ്മതമോ ഇല്ലാതെയായിരുന്നുവെന്നുമാണ് അദ്ദേഹം വെളിപ്പെടുത്തിയത്. ഇതുതന്നെയല്ലേ ഇപ്പോഴും നടക്കുന്നത്? ചില നിക്ഷിപ്ത താല്പര്യക്കാർ, അവർ അന്താരാഷ്ട്ര തുറമുഖ ലോബിയുടെ ആളുകളാണോ അതോ മറ്റൊരു വിമോചന സമരത്തിന് കോപ്പുകൂട്ടുന്നവരാണോ എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അവർ വ്യക്തമായ ലക്ഷ്യത്തോടെ പാവപ്പെട്ട മത്സ്യബന്ധനത്തൊഴിലാളികളെ പറഞ്ഞുതെറ്റിദ്ധരിപ്പിച്ച് പദ്ധതിക്കെതിരെ കലാപം സൃഷ്ടിക്കുന്നതിനായി ഇറങ്ങിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷേ വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യം എങ്ങനെയാണ് ന്യായമാകുന്നത്. തുറമുഖ നിർമ്മാണം കാരണം കടൽക്ഷോഭമുണ്ടാകുന്നുവെന്നാണ് ഇവർ പറയുന്നത്. എന്നാൽ തുറമുഖ നിർമ്മാണം കാരണമല്ല, കാലാവസ്ഥാ വ്യതിയാനംമൂലമാണ് തീരശോഷണമുണ്ടാകുന്നതെന്ന് ഇതിനോടകം പഠനങ്ങളിൽ തെളിഞ്ഞുകഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനം യാഥാർത്ഥ്യമാണ്. ഇന്ത്യയിലെ മൂന്നിലൊന്ന് തീരവും കഴിഞ്ഞ 28 വർഷത്തിനുള്ളിൽ തീരശോഷണത്തിലൂടെ നഷ്ടപ്പെട്ടു. ബംഗാളിലാണ് ഏറ്റവും കൂടുതൽ നഷ്ടപ്പെട്ടത്. കേരളത്തിൽ ചെല്ലാനത്തും ചെറായിയിലും പൊന്നാനിയിലും തലശ്ശേരിയിലും കാസർഗോഡുമൊക്കെ തീരശോഷണം കാര്യമായി സംഭവിച്ചിട്ടുണ്ട്. ഇതൊന്നുമുണ്ടായത് തുറമുഖ നിർമ്മാണം കൊണ്ടല്ല. കെ-റെയിൽ വന്നാൽ വെള്ളപ്പൊക്കമുണ്ടാകും, IOC പ്ലാന്റ് വന്നാൽ വൈപ്പിൻ ദ്വീപ് ഇല്ലാതാകും, പാറ പൊട്ടിച്ചതുകൊണ്ട് ഉരുൾപൊട്ടലുണ്ടാകും, കാട് ഇല്ലാതാകുന്നതുകൊണ്ട് കാട്ടുപന്നി പെരുകും, തുറമുഖം വന്നാൽ തീരം കടലെടുക്കും തുടങ്ങിയ അന്ധവിശ്വാസങ്ങൾ കേരളത്തിൽ മാത്രമാണ് ചെലവാകുന്നത്. അതിന് മാധ്യമങ്ങളും ഒരു പ്രത്യേകവിഭാഗം സാംസ്കാരിക പ്രമുഖരും ചേർന്ന് പിന്തുണ കൊടുക്കുകയാണ്. യുവതലമുറയോട് ചെയ്യുന്ന ദ്രോഹമല്ലേ ഇത്? ഏതെങ്കിലും വലിയ വികസന പദ്ധതികൾ ചെയ്തതുകൊണ്ടാണോ 1341-ൽ മുസിരിസ് പട്ടണം കടലെടുത്തുപോയതും കൊച്ചി ഉണ്ടായതും. കോട്ടയം ജില്ലയിലെ കടുത്തുരുത്തിയും ചങ്ങനാശ്ശേരിയുമൊക്കെ ഒരുകാലത്ത് കടലിനടിയിലായിരുന്ന പ്രദേശമായിരുന്നുവെന്നതിന് ശാസ്ത്രീയമായ തെളിവുണ്ട്. തീരശോഷണവും തീരമുണ്ടായിവരുന്നതുമൊക്കെ എല്ലാക്കാലത്തുമുണ്ടായിട്ടുണ്ട്, അതെല്ലാം ഇനിയുമുണ്ടാകും. എന്നാൽ ഈ കാരണം പറഞ്ഞ് തുറമുഖനിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യം എങ്ങനെയാണ് നീതിയുക്തമാകുന്നത്? ഈ വിഷയത്തിൽ ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽ വന്നിരിക്കുകയാണ്. അതായത് മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിക്കെതിരെ പ്രതിഷേധം നടത്താം, എന്നാൽ തടസ്സപ്പെടുത്തരുത്. പദ്ധതിയെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ഉചിതമായ സ്ഥലത്ത് ഉന്നയിക്കാം, പ്രതിഷേധം നിയമത്തിന്റെ

പരിധിയിൽ നിന്നാകണം. പ്രതിഷേധമുള്ളതുകൊണ്ട് നിർമ്മാണം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകാനാകില്ല എന്നൊക്കെയാണ്. 70 ശതമാനത്തോളം നിർമ്മാണം പൂർത്തിയായപ്പോഴുണ്ടായ ഈ സമരം നിഷ്കളങ്കമല്ല. സമരത്തിന്റെ പേരിൽ നിർമ്മാണം തടസ്സപ്പെടുകയാണെങ്കിൽ അത് ഈ പദ്ധതിയെ മാത്രമല്ല ബാധിക്കുക. കഴിഞ്ഞ ആറുവർഷംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ സൃഷ്ടിച്ചെടുത്ത നിക്ഷേപ സൗഹാർദ്ദ അന്തരീക്ഷത്തെ തന്നെ അട്ടിമറിക്കും. പ്രതിപക്ഷത്തിന്റെ ലക്ഷ്യവും അതുതന്നെയാണ്. കേരളത്തിൽ ഒരു പദ്ധതിയും നടപ്പിലാകരുതെന്നാണ് അവരുടെ ആഗ്രഹം. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ട് ലോകം മുഴുവൻ പകച്ചുനിൽക്കുമ്പോഴും കേരളം ഫലപ്രദമായി ആ മഹാമാരിയെ പ്രതിരോധിക്കാൻ ശ്രമിക്കുമ്പോൾ ആ പ്രതിരോധ പ്രവർത്തനത്തെ അട്ടിമറിക്കാൻ നോക്കിയ പ്രതിപക്ഷത്തുനിന്നും നമുക്ക് മറിച്ചൊന്നും പ്രതീക്ഷിക്കാനാകില്ല.

<u>മി. സ്പീക്കർ</u>: യെസ്..യെസ്.. അങ്ങ് വേണ്ടതിലധികം സമയമെടുത്തു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് നിർത്താം. വിഴിഞ്ഞം തുറമുഖ പദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ശ്രദ്ധക്ഷണിക്കലിന് ഇത്രയും സമയം വേണോ?

<u>മി. സ്പീക്കർ</u>: വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് സമയം അനുവദിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അതുകൊണ്ട് ഇത്തരം വികസന അട്ടിമറി ശ്രമങ്ങളെ മറികടന്ന് എത്രയുംവേഗം പദ്ധതി പൂർത്തിയാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളടക്കമുള്ള ജനങ്ങൾക്ക് നൽകിയ അവശേഷിക്കുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വിഴിഞ്ഞത്തിന്റെ ചരിത്രപരമായ പ്രാധാന്യവും വർത്തമാനകാല പ്രസക്തിയും ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദമാക്കിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കലിന്റെ അവസാന ഭാഗത്തെക്കുറിച്ചാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. ഇത് വളരെ പ്രസക്തമായ പ്രശ്നമായതുകൊണ്ട് വിശദമായ മറുപടി പറയേണ്ടിവരും. നമ്മുടെ സംസ്ഥാനത്തിന്റെ തീരമേഖലയിൽ പുരോഗമിക്കുന്ന സുപ്രധാനമായ ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം. 2023 ഏപ്രിൽ

മാസത്തോടെ തുറമുഖത്ത് ആദ്യത്തെ ബാർജ് എത്തുമെന്നും ഒക്ടോബർ മാസത്തോടെ കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കാനാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിക്ക് ആവശ്യമായ പഠനങ്ങളെല്ലാം പൂർത്തിയായതിനുശേഷമാണ് കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കേന്ദ്രസർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയാണ് പരിസ്ഥിതി ആഘാത പഠനം നടത്തിയത്. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഈ പഠന റിപ്പോർട്ട് പരിശോധിച്ചതിനുശേഷം അനുമതിയിൽ ഇടപെടണമെന്ന ആവശ്യം തള്ളിയിരുന്നു. പദ്ധതി പ്രദേശത്തിന്റെ തെക്കും വടക്കും 10 കിലോമീറ്റർ വീതമുണ്ടാകുന്ന വ്യതിയാനങ്ങൾ പഠിച്ച് എല്ലാ ആറുമാസം കൂടുമ്പോഴും റിപ്പോർട്ട് സമർപ്പിക്കാൻ ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു. കൂടാതെ ഷോർ ലൈൻ നിരീക്ഷിക്കാൻ ഒരു മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിരുന്നു. ഇതനുസരിച്ച് പഠനവും നിരീക്ഷണവും തുടരുന്നുണ്ട്. ഇതിലൊന്നും പദ്ധതിയുടെ ഭാഗമായി തീരശോഷണമുണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിനുമുമ്പും ഈ പ്രദേശങ്ങളിൽ കടൽക്ഷോഭവും തീരശോഷണവും ഉണ്ടായിരുന്നതായി പഠന റിപ്പോർട്ടുണ്ട്. തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി തീരശോഷണമുണ്ടാകുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതേസമയം മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളെ സർക്കാർ അനുഭാവപൂർവ്വമാണ് കാണുന്നത്. ഇതിൽ ചിലത് ദീർഘകാലാടിസ്ഥാനത്തിലുള്ളവയും ചിലത് അടിയന്തരമായി പരിഗണിക്കേണ്ടവയുമാണ്. എന്നാൽ കുറച്ച് നാളുകളായി ഒരു വിഭാഗം ആളുകൾ പ്രധാനമായും ഏഴ് ആവശ്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് സെക്രട്ടേറിയറ്റിന് മുന്നിലും വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രദേശത്തിന്റെ പരിസരത്തും സമരം നടത്തിവരികയാണ്. അവർ ഏഴ് പ്രധാന ആവശ്യങ്ങളുന്നയിച്ചതിൽ ഭൂരിഭാഗത്തിലും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. എന്നാൽ തുറമുഖ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന ആവശ്യത്തോട് സർക്കാരിന് യോജിക്കാൻ കഴിയില്ല. സമരക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വത പരിഹാരം കാണുക;

(2) തീരശോഷണം കാരണം വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ വാടക നൽകി മാറ്റിപ്പാർപ്പിക്കുക;

(3) വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക;

(4) തീരശോഷണത്തിന് കാരണമാകുന്നതും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുംമുഖം ബീച്ചുകൾക്ക് ഭീഷണിയാകുന്നതുമായ തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക;

(5) മണ്ണെണ്ണ വിലവർദ്ധന പിൻവലിക്കാൻ ഇടപെടുക. തമിഴ്നാട് മാതൃകയിൽ മണ്ണെണ്ണ ലഭ്യമാക്കുക;

(6) കാലാവസ്ഥാ മുന്നറിയിപ്പുകാരണം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക;

(7) മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

സമരം നടത്തുന്നവരുടെ പ്രതിനിധികളുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഇക്കാര്യത്തിൽ ചർച്ച നടത്തിവരികയാണ്. തുറമുഖ നിർമ്മാണ പ്രവൃത്തികൾ കടലോര മേഖലയിൽ തീരശോഷണത്തിന് ഇടയാക്കുന്നുവെന്ന ആശങ്ക ഉൾപ്പെടെയുള്ള വിഷയങ്ങളും ചർച്ചയിൽ പരിഗണിച്ചുവരികയാണ്. ചർച്ചകളിൽ മത്സ്യത്തൊഴിലാളികൾ പൂർണ്ണമായും സഹകരിക്കുന്നുണ്ട്. തുറമുഖ പദ്ധതിക്കായി മത്സ്യത്തൊഴിലാളികളെ കുടിയൊഴിപ്പിച്ചിട്ടില്ല. തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നുവെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുമില്ല. കടലാക്രമണത്തിനിരയാകുന്ന കുടുംബങ്ങളെയും സി.ആർ.ഇസഡ്. പരിധിക്കുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെയും മാറ്റിപാർപ്പിക്കാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനായി തിരുവനന്തപുരത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മുട്ടത്തറയിലുള്ള 8 ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ട്. കടൽക്ഷോഭത്തിന്റെയും സി.ആർ.ഇസഡ്. നിയന്ത്രണങ്ങളുടെയും ഭാഗമായി വിഴിഞ്ഞം പദ്ധതി പ്രദേശത്ത് പുനരധിവാസം വേണ്ടിവരുന്നവരുടെ ആവശ്യങ്ങൾക്ക് സർക്കാർ മുൻഗണന നൽകും. ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. അവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതുവരെ 5,500 രൂപ പ്രതിമാസ വാടകയും സർക്കാർ വഹിക്കുന്നതാണ്. ഇതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

11.00 AM]

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പുനർഗേഹം പദ്ധതിയിൽ 2450 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തുമുള്ള പുനരധിവാസത്തിന് സർക്കാർ മുൻഗണന നൽകും. തിരുവനന്തപുരം ജില്ലയിൽ 335 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കാനുള്ളത്. സ്വന്തമായി വീടുവയ്ക്കാൻ തയ്യാറാകുന്നവർക്ക്

സ്ഥലത്തിനും വീടിനുമായി 10 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പുനരധിവാസ പദ്ധതിയിലെ വീടുകളുടെ നിർമ്മാണം കാര്യക്ഷമമായി നടപ്പാക്കാൻ മാസന്തോറും അവലോകനം നടത്തുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ഫിഷറീസ്, ജലവിഭവ വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളായുമുള്ള ഒരു സമിതി രൂപീകരിക്കും. വീടുകളുടെ നിർമ്മാണം കൃത്യസമയത്ത് നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനാണ് സമിതി രൂപീകരിക്കുന്നത്. 2021-2022-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ തീരദേശ സംരക്ഷണത്തിനായി അഞ്ച് വർഷക്കാലയളവിലേയ്ക്ക് 5300 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി ചെല്ലാനം തീരത്ത് ആദ്യഘട്ട പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഗുണഫലം ഈ കാലവർഷത്തിൽ കണ്ടതുമാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ തീരം സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ജിയോ ട്യൂബുകൾ, ജിയോ കണ്ടെയ്നറുകൾ, റോളിംഗ് ബാരിയർ സംവിധാനങ്ങൾ, ടെട്രാപോഡുകൾ തുടങ്ങിയവയും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് ഉചിതമായ തീരസംരക്ഷണം പ്രാദേശിക പങ്കാളിത്തത്തോടെയും കൂടിയാലോചനകളോടെയും നടപ്പാക്കും. പൂന്തുറയ്ക്കും വലിയതുറയ്ക്കും ഇടയ്ക്ക് കണ്ടെത്തിയിട്ടുള്ള എല്ലാ ഹോട്ട്സ്പോട്ടുകളിലും തീരസംരക്ഷണത്തിനായി 150 കോടി രൂപയുടെ ഒരു പദ്ധതി പുരോഗമിക്കുകയാണ്. പൂന്തുറയിൽ 100 മീറ്ററിൽ നടപ്പാക്കിയ പദ്ധതിയുടെ വിലയിരുത്തലിനുശേഷം മറ്റ് ഹോട്ട്സ്പോട്ടുകളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും. ശംഖുംമുഖം പാതയോര സംരക്ഷണം പുരോഗമിച്ചുവരികയാണ്. കോവളം ബീച്ച് പുനരുദ്ധാരണ ടൂറിസം പദ്ധതിക്കായുള്ള 58 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു.

മണ്ണെണ്ണയുടെ വിലക്കയറ്റം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതല്ല. മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്തയയ്ക്കുകയും ഫിഷറീസ് വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയെ നേരിൽ കാണുകയും ചെയ്തിരുന്നു. നിലവിൽ ലിറ്ററിന് 25 രൂപ സർക്കാർ സബ്സിഡി നൽകുന്നുമുണ്ട്. കേന്ദ്രസർക്കാർ മണ്ണെണ്ണ വില കുറയ്ക്കുമെന്ന് പ്രതീക്ഷിക്കാനാകില്ല. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകണമെങ്കിൽ മണ്ണെണ്ണ ഇതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന യാനങ്ങൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കണം. ഘട്ടംഘട്ടമായി ഇതിനുള്ള നടപടികൾ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കും. ഇതിനായി മത്സ്യത്തൊഴിലാളികളുടെ പിന്തുണയോടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും. പ്രകൃതിക്ഷോഭം പോലുള്ള ഘട്ടങ്ങളിലും കോവിഡ്-19 സാഹചര്യത്തിലും എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമ്പത്തിക സഹായവും സൗജന്യ റേഷനും ഭക്ഷ്യക്കിറ്റും ക്ഷേമനിധി ബോർഡിൽ നിന്നുള്ള

ധനസഹായവും അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർന്നും ആവശ്യാനുസരണം ഉചിതമായ നടപടി സ്വീകരിക്കും. മുതലപ്പൊഴി ഹാർബറിന്റെ വടക്കുവശത്തായി 23 കോടി രൂപ ചെലവിൽ 1.91 കി.മീ. ദൂരം ഗ്രോയിൻ സംരക്ഷണത്തിനായി ഏറ്റെടുത്തിട്ടുണ്ട്. ഇത് തുറമുഖത്ത് ലാന്റിംഗ് സൗകര്യങ്ങളും സുരക്ഷയും മെച്ചപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിപ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ചിപ്പി ശേഖരണത്തിലും ലോബ്സ്റ്റർ മത്സ്യബന്ധന തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്കും കരമടി മത്സ്യബന്ധന വിഭാഗത്തിൽപ്പെട്ടവർക്കും റിസോർട്ട് തൊഴിലാളികൾക്കുമെല്ലാം ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 കിടക്കകളുള്ള ഒരു താലൂക്കാശുപത്രിയായി ഉയർത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തുറമുഖ പദ്ധതിക്കായി 7.30 കോടി രൂപ ചെലവിൽ നിർമ്മിച്ച പ്ലാന്റിന് പുറമെ കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആയിരത്തിൽപ്പരം ജലവിതരണ കണക്ഷനുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോട്ടപ്പുറം പ്രദേശത്ത് ഭവനരഹിതരായ 1026-ൽപ്പരം ആളുകൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് നൽകാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ മാത്രം 340 കുടുംബങ്ങളെ ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട്. മുട്ടത്തറയിൽ 192-ഉം കാരോട് 128-ഉം ബീമാപള്ളിയിൽ 20-ഉം കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്. തിരുവനന്തപുരം ജില്ലയിൽ വീട് നിർമ്മിക്കാനായി 832 പേർക്ക് ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 399 പേർ വീട് നിർമ്മാണം പൂർത്തിയാക്കി. ബാക്കിയുള്ളവയുടെ തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

തീരശോഷണമുണ്ടാകുന്നതിന് തുറമുഖ നിർമ്മാണവുമായി ബന്ധമില്ലെന്നാണ് ഇതുവരെയുള്ള പഠനങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. എങ്കിലും മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുന്ന ആശങ്കകൾ പരിഗണിച്ച് ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കും. ടി സമിതിയോട് മൂന്ന് മാസത്തിനകം ഒരു ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കും. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം ആവശ്യമായ നടപടി സ്വീകരിക്കും. ഇവകൂടാതെ തുറമുഖ നിർമ്മാണം പൂർത്തിയായാൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യങ്ങൾക്കായി ഒരു ബോട്ട് ലാൻഡിംഗ് സ്റ്റേഷൻ ഒരുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഇപ്പോൾത്തന്നെ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. തുറമുഖം കമ്മീഷൻ

ചെയ്യുന്നതോടൊപ്പം ഒരു പാരമ്പര്യേതര ഊർജ്ജ പാർക്ക് (Renewable Energy Park) സ്ഥാപിക്കുന്നുണ്ട്. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയാണ്. പദ്ധതി പൂർത്തിയായാൽ പാർക്കിൽനിന്നും സബ്സിഡി നിരക്കിൽ ഇന്ധനം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി ഏറ്റവുമധികം പദ്ധതികളും ആനുകൂല്യങ്ങളും അനുവദിച്ച സർക്കാരാണിത്. അവർ ഉന്നയിക്കുന്ന ഏത് ന്യായമായ ആവശ്യങ്ങളും സർക്കാർ പരിഗണിക്കുകതന്നെ ചെയ്യും. മന്ത്രിതല സമിതി ഇതിനകം നിരവധി ചർച്ചകളും ആശയവിനിമയങ്ങളും നടത്തിക്കഴിഞ്ഞു. സമരക്കാർ ഉന്നയിച്ച 7 ആവശ്യങ്ങളിൽ പ്രധാനമായും ഈ പദ്ധതി നിർത്തിവയ്ക്കുക എന്നതൊഴികെ മഹാഭൂരിഭാഗവും പരിഗണിച്ച് നടപ്പിലാക്കാൻ തയ്യാറാണെന്ന് സർക്കാർ അവരെ അറിയിച്ചിട്ടുണ്ട്. എന്നാൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യം ഒരു സാഹചര്യത്തിലും അംഗീകരിക്കാനാകാത്തതാണ്. ദേശീയ പ്രാധാന്യമുള്ളതും ഇത്രയധികം പുരോഗമിച്ചതുമായ പദ്ധതി നിർത്തിവയ്ക്കണമെന്ന ആവശ്യം യുക്തിസഹമല്ല, അംഗീകരിക്കാനാകുന്നതുമല്ല. പദ്ധതിയിലെ കാലതാമസം സംബന്ധിച്ചുള്ള ആർബിട്രേഷൻ നടപടികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും സ്വീകരിക്കാനാകില്ല. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ ഉന്നയിച്ചതുപോലെ വിഴിഞ്ഞം പദ്ധതി പൊതുമേഖലയിൽ ആരംഭിക്കണമെന്നതായിരുന്നു ഞങ്ങളുടെ നിലപാട്. അന്നത്തെ സർക്കാർ അത് അംഗീകരിച്ചില്ല. തുടർന്ന് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ പദ്ധതി പ്രവർത്തനം ആരംഭിച്ചിരുന്നു. അതിനാൽ പദ്ധതി തുടരട്ടെയെന്ന നിലപാട് സംസ്ഥാന താൽപ്പര്യം മുൻനിർത്തി എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചു. ഇപ്പോൾ 6 വർഷം പിന്നിട്ടു. പദ്ധതി നിർവ്വഹണത്തിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർത്തിവയ്ക്കാനാകില്ല. മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരത്തെ സംയമനത്തോടെയാണ് സർക്കാരും പോലീസും കൈകാര്യം ചെയ്യുന്നത്. ഒരുതരത്തിലും മത്സ്യത്തൊഴിലാളി മേഖലയിൽ സംഘർഷമുണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്. എന്നാൽ ഏതുവിധേനയും സംഘർഷമുണ്ടാക്കണമെന്ന രീതിയിൽ ഒരു വിഭാഗം നടത്തുന്ന പ്രവർത്തനങ്ങളെ കാണാതിരിക്കാനാകില്ല. ചിലരുടെ പ്രവർത്തനം സദുദ്ദേശ്യത്തോടെയല്ലെന്നും ചിലർക്കെങ്കിലും രാഷ്ട്രീയ ലക്ഷ്യമുണ്ടെന്നുള്ളതും വിസ്മരിക്കാനാകില്ല. ഇപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചുവരികയാണ്. നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും സർക്കാർ ഇടപെടൽ അനിവാര്യമായിട്ടുണ്ട്. സമരം ചെയ്യുന്നവർ ഉന്നയിക്കുന്ന ആവശ്യങ്ങൾ മാത്രമല്ല പ്രാദേശികമായി മറ്റ് ആശങ്കകളും

പ്രശ്നങ്ങളുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണിക്കും. ഏറെ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്ന സമൂഹമാണ് മത്സ്യത്തൊഴിലാളികളുടേത്. അതുകൊണ്ടാണ് തീരമേഖലയിലെ പ്രശ്നങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. അത് മനസ്സിലാക്കിയും ഉൾക്കൊണ്ടും അനുഭവങ്ങളുടെ വെളിച്ചത്തിലും ഈ സമരത്തിൽനിന്ന് ബന്ധപ്പെട്ടവർ അടിയന്തരമായി പിന്തിരിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തുറമുഖനിർമ്മാണം പൂർത്തീകരണത്തിലേയ്ക്കടുക്കുന്ന ഘട്ടത്തിൽ അത് നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ ഉന്നയിക്കുന്ന ന്യായമായ ഏത് ആവശ്യവും പരിഗണിക്കുന്നതിൽ സർക്കാരിന് വിമുഖതയില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കി ബന്ധപ്പെട്ടവർ സമരത്തിൽനിന്ന് അടിയന്തരമായി പിന്തിരിയണമെന്നാണ് സർക്കാരിന്റെ അഭ്യർത്ഥന. അതിന് അവർ തയ്യാറാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കരാർ ഏറ്റെടുത്ത കമ്പനി 2024-ൽ മാത്രമേ തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളുവെന്ന് പറയുകയാണ്. 2023-ൽ ആദ്യ കപ്പൽ അവിടെ അടുക്കുമെന്ന് പ്രസ്താവിച്ചതായി കേൾക്കുകയുണ്ടായി. 2023-ൽ ആദ്യത്തെ കപ്പൽ തുറമുഖത്ത് അടുത്ത് അതിന്റെ പ്രവർത്തനങ്ങൾ നടത്തുമെന്ന് കരുതാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ ലഭിച്ചിരിക്കുന്ന റിപ്പോർട്ട് അങ്ങനെയാണ്. തുറമുഖ വകുപ്പ് ആ തരത്തിലുള്ള പ്രതീക്ഷയിലാണ് നിൽക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ച സമയത്ത് പതിവിന് വിപരീതമായി ബഹുമാനപ്പെട്ട അംഗം പ്രതിപക്ഷത്തിനെതിരായി ഒരു ദുരാരോപണം ഉന്നയിക്കുകയുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഞങ്ങൾ കഴിഞ്ഞ ദിവസം റൂൾ 50 പ്രകാരം നോട്ടീസ് നൽകിയതാണ്. അന്ന് നൽകേണ്ട മറുപടിയാണ് ഇന്നത്തെ ശ്രദ്ധ ക്ഷണിക്കലിന്റെ മറുപടിയായി വളഞ്ഞ വഴിയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഈ മറുപടി അന്ന് പറഞ്ഞാൽ മതിയായിരുന്നു. പ്രതിപക്ഷത്തിനെതിരായി ഒരു ദുരാരോപണവും ഇക്കാര്യത്തിൽ ഉന്നയിക്കേണ്ടതില്ല. കാരണം ഞങ്ങൾ നിയമസഭയ്ക്കകത്തും സമരവേദിയിലും പറഞ്ഞത് മുഖ്യമന്ത്രി മുൻകൈയെടുത്ത് ഈ വിഷയം അവസാനിപ്പിക്കണമെന്നാണ്. അവിടെ സമരം നടത്തുന്നവരും സർക്കാരും തമ്മിലുണ്ടാകുന്ന അകൽച്ച രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി പ്രതിപക്ഷം ഉപയോഗിക്കില്ല. വലിയതുറയിലെ സിമന്റ് ഗോഡൗണിൽ കിടക്കുന്ന പാവപ്പെട്ട മനുഷ്യരുടെ വിഷയം മൂന്ന് തവണ ഞാൻ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അവരെ വാടക വീടുകളിലേയ്ക്ക് മാറ്റാമെന്നും ലോംഗ് ടേമിലേയ്ക്കുള്ള അവരുടെ സെറ്റിൽമെന്റ് ശരിയാക്കാമെന്നൊക്കെ മറുപടി നൽകിയിട്ടുണ്ട്. ഇതൊക്കെത്തന്നെയാണ് പ്രതിപക്ഷവും ആവശ്യപ്പെട്ടത്. അവിടത്തെ പരിതാപകരമായ അവസ്ഥ മാറ്റി

അവരെ പുനരധിവസിപ്പിക്കാനും താൽക്കാലികമായ സംവിധാനമുണ്ടാക്കാനും അത് ദീർഘകാലത്തേയ്ക്ക് നടപ്പാക്കാനുമാണ് ഞങ്ങൾ സഭയിൽ കേണപേക്ഷിച്ചത്, കൈകൂപ്പിപ്പറഞ്ഞത്. അത്തരത്തിലൊരു നടപടി സ്വീകരിക്കണമെന്ന് പറഞ്ഞതല്ലാതെ പ്രസ്തുത പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ പ്രതിപക്ഷം നടത്തിയിട്ടുണ്ടോ? അതുകൊണ്ട് അത്തരത്തിലുള്ള ദുരാരോപണങ്ങൾ പിൻവലിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ശ്രദ്ധ ക്ഷണിക്കൽ വേളയിൽ ഇത്തരത്തിലൊരു ആരോപണമുന്നയിച്ചത് ശരിയായില്ല.

ശ്രീ. പിണറായി വിജയൻ: സർ, സമരം നടത്തുന്ന മത്സ്യത്തൊഴിലാളികളും സർക്കാരും രണ്ട് ചേരിയിലേ അല്ല. എല്ലാ പ്രശ്നങ്ങളിലും ഒരേ ചേരിയിലാണ്. മത്സ്യത്തൊഴിലാളികളുടെ ഏത് പ്രശ്നവും പരിഹരിക്കാൻ അവരോടൊപ്പം നിൽക്കുന്ന സമീപനമാണ് എല്ലാ ഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഓഖി ദുരന്തം എല്ലാവർക്കും ഓർമ്മയുണ്ടാകും. ഓഖി ദുരന്ത ഘട്ടത്തിൽ രാജ്യത്തെവിടെയുമില്ലാത്ത തരത്തിലുള്ള ഒരു പാക്കേജായിരുന്നു സർക്കാർ കൊണ്ടുവന്നത്. അത് മത്സ്യത്തൊഴിലാളികളോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി കൊണ്ടുവന്നതാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന് മറുപടി പറയുമ്പോൾ 'സമരത്തിന് നേതൃത്വം കൊടുക്കുന്നവരിൽ ചിലർ നടത്തുന്ന ഇടപെടലുകൾ ചില പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണെന്നാണ് തോന്നുന്നത് എന്നൊരു വാചകം ഞാൻ സൂചിപ്പിച്ചിരുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിൽ സഭ ഒന്നാകെയാണ് എല്ലാ നിലപാടുകളുമെടുത്തിട്ടുള്ളത്. അക്കാര്യത്തിൽ ഭിന്നതയുടെ പ്രശ്നമില്ല. എന്തെങ്കിലും കൂടിപ്പോയെന്ന് ആരെങ്കിലും പറയുമെന്നല്ലാതെ കുറഞ്ഞുപോകുന്ന അവസ്ഥ ഒരു ഘട്ടത്തിലുമുണ്ടായിട്ടില്ല. പരിധിക്കുള്ളിൽനിന്ന് എത്രമാത്രം ചെയ്യാൻ കഴിയുമോ അതും അതിൽ കൂടുതലും ചെയ്യുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പക്ഷെ ചില ഭാഗങ്ങളിൽനിന്നും സാധാരണഗതിയിൽ പ്രതീക്ഷിക്കാത്ത എന്തോ ചില താല്പര്യങ്ങൾ വച്ചുകൊണ്ടുള്ള നീക്കമുണ്ടാകുന്നു. അത് സംസ്ഥാനത്തിന്റെ താല്പര്യത്തിന് ചേർന്നതല്ല. എന്തിന്റെ പേരിലായാലും അത്തരത്തിലൊരു നിലപാട് തുടർന്നുകൊണ്ടുപോകാൻ പാടില്ല. എല്ലാവരുമല്ല. ചില ആളുകളാണ് അത്തരം നിലപാടുകൾ സ്വീകരിക്കുന്നത്. സർക്കാർ സ്വീകരിച്ച നടപടികളിൽ മതിപ്പുള്ള ധാരാളം ആളുകളുണ്ട്. സമരം നടത്തുന്നവരും സമരത്തിന് നേതൃത്വം കൊടുക്കുന്നവരും കേരളത്തിലുള്ളവരാണ്. അവർക്കെല്ലാം അനുഭവങ്ങളുണ്ട്. ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായി ചിന്തിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിച്ചത്, അതാണ് പ്രതീക്ഷിക്കുന്നത്. ഇന്നും ചർച്ച നടത്താൻ സർക്കാർ സന്നദ്ധമാണ്. ഒരു തവണ ചർച്ച നടത്താൻ തയ്യാറായി വിവരങ്ങളെല്ലാം കൊടുത്തു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നേരിട്ട് അവരുമായി സംസാരിച്ചു. ഓഫീസിൽ നിന്ന് വിവരങ്ങൾ കൊടുത്തപ്പോൾ അവർ വരുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിമാരടക്കം എല്ലാവരും അവരെ

പ്രതീക്ഷിച്ചിരുന്നെങ്കിലും അവർ വന്നില്ല. നിർഭാഗ്യകരമായ ഒരു അവസ്ഥയായിരുന്നു അത്. ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. സർക്കാർ ഇന്നും ചർച്ചയ്ക്ക് തയ്യാറാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) സംസ്ഥാന വിദ്യാഭ്യാസ നയം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ദേശീയ വിദ്യാഭ്യാസ നയം, 2020 സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഗുരുതരമായ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ കേരളത്തിന്റെ പൈതൃകവും സംസ്കാരവും സംരക്ഷിക്കുകയും പുതിയ കാലത്തിന്റെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളുകയും ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുതകുകയും ചെയ്യുന്ന വിധത്തിലുള്ള സംസ്ഥാന വിദ്യാഭ്യാസ നയം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ധാർമ്മിക മൂല്യങ്ങളെ പരിപൂർണ്ണമായി തകർക്കുന്ന പുതിയ വിദ്യാഭ്യാസ നയം രാജ്യത്ത് നടപ്പിലാക്കാൻ പോകുകയാണ്. ഭാഷയും സാഹിത്യവും ചരിത്രവും അപ്രസക്തമാക്കുന്നതും നിരക്ഷരത സാർവ്വത്രികമാക്കുന്നതുമായ ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പിലാക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കും. ഈ നയം വിദ്യാഭ്യാസ രംഗത്ത് വരേണ്യവത്കരണം ശക്തിപ്പെടുത്തുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയം, 2020 ആർ.എസ്.എസ്.-ന്റെ താല്പര്യങ്ങൾക്കനുസരിച്ച് തയ്യാറാക്കിയതാണ്. ഫാസിസ്റ്റ് ആശയങ്ങൾ വിദ്യാർത്ഥികളിൽ സന്നിവേശിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലാണ് റിപ്പോർട്ട് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. വിദ്യാഭ്യാസ ഗുണനിലവാരം തകർക്കുന്നതിനായി തീവ്രദേശീയതയും വർഗ്ഗീയതയും യാഥാസ്ഥികതയും സിലബസിൽ കടത്തിവിട്ട് തങ്ങളുടെ അജണ്ട നടപ്പിലാക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത്. ജനാധിപത്യ-മതേതര-ശാസ്ത്രീയ വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണ നിഷേധമാണ് ദേശീയ വിദ്യാഭ്യാസ നയം ലക്ഷ്യം വയ്ക്കുന്നതെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കിയതാണ്. പുതിയ നയം വൈരുദ്ധ്യങ്ങളും അവ്യക്തതകളും നിറഞ്ഞതാണ്. മതനിരപേക്ഷത, സംവരണം, ഫെഡറലിസം തുടങ്ങിയവയൊന്നും ഈ നയത്തിൽ കാണുന്നില്ല. 65 പേജുള്ള വിദ്യാഭ്യാസ നയത്തിൽ ഒരിടത്തുപോലും രാജ്യത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായ സെക്കുലറിസം എന്ന വാക്ക് പ്രയോഗിച്ചിട്ടില്ല. പിന്നാക്ക ജനവിഭാഗങ്ങളുടെ ഉന്നമനം, സംവരണം

തുടങ്ങിയ കാര്യങ്ങളും റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. സമത്വം, സാഹോദര്യം, മതേതരത്വം തുടങ്ങിയ മൂല്യങ്ങളുടെ നിരാസമാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സമീപനം. ഇത് പ്രാകൃതമായ മദ്ധ്യകാല യുഗത്തിലേയ്ക്ക് ഇന്ത്യയെ നയിക്കും. സെൻട്രൽ ലിസ്റ്റിലേയ്ക്ക് വിദ്യാഭ്യാസത്തെ മാറ്റാനുള്ള നയവും നിലപാടുകളും ഇതിന്റെ പിന്നിലുണ്ടെന്ന് വ്യക്തമാണ്. സ്കൂളുകളിൽ ഇംഗ്ലീഷിന് പുറമേ കൊറിയൻ, ജാപ്പനീസ്, തായ്, ഫ്രഞ്ച്, ജർമ്മൻ, സ്പാനിഷ്, റഷ്യൻ എന്നീ വിദേശ ഭാഷകൾ പഠിക്കാൻ അവസരം നൽകുമ്പോൾ കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന അറബി ഭാഷയെ അപ്പാടെ അവഗണിക്കുകയാണ് ചെയ്തത്. ഉയർന്ന തൊഴിൽ സാധ്യതയുള്ള അറബി ഭാഷയെ തഴഞ്ഞത് ഫാസിസ്റ്റ് അജണ്ടയുടെ ഭാഗമാണെന്ന് വ്യക്തമാണ്. ഇതിലൂടെ ത്രിഭാഷ പദ്ധതി സംസ്ഥാനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. അപ്രധാനമായ ഭാഷകൾപോലും പുതിയ നയത്തിൽ ഇടംപിടിച്ചപ്പോൾ യു.എൻ. അംഗീകൃത ഭാഷയുടെ പേര് ഇതിൽ പരാമർശിക്കുന്നതുപോലുമില്ല. കുത്തക മുതലാളിത്തത്തിന്റെ ഉന്നമനത്തിനുവേണ്ടി കലാലയങ്ങളെ തൊഴിൽ ശാലകളാക്കി മാറ്റാനും കോർപ്പറേറ്റുകളുടെ അജണ്ട നടപ്പിലാക്കാനും സഹായിക്കുന്ന വിധമാണ് ഇതിന്റെ രൂപീകരണം. 9 വയസ്സ് മുതലുള്ള കുട്ടികൾക്ക് തൊഴിൽ വിദ്യാഭ്യാസം നൽകുന്നതോടെ ഇവരിൽ പലരും ഉന്നത വിദ്യാഭ്യാസ തലങ്ങളിലേയ്ക്ക് എത്താതെ പോകും. ഉന്നത വിദ്യാഭ്യാസം ചില പ്രത്യേക വിഭാഗക്കാരുടെ മാത്രം അവകാശമായി മാറുകയെന്നതാണ് ഇതിന് പിന്നിലുള്ള ലക്ഷ്യം. ഒ.ബി.സി., പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ മേഖലകളിലുള്ള പ്രാതിനിധ്യം യഥാക്രമം 35 ശതമാനം, 14.4 ശതമാനം, 5.2 ശതമാനം എന്നിങ്ങനെയാണ്. എന്നാൽ മുസ്ലീങ്ങളുടേത് 5 ശതമാനവും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളുടേത് 2.2 ശതമാനവും മാത്രമാണ്. ഇക്കാര്യങ്ങളൊന്നും ദേശീയ വിദ്യാഭ്യാസ നയം പരിഗണിക്കുന്നില്ല. വിദ്യാഭ്യാസപരമായി വളരെ പിന്നിൽ നിൽക്കുന്ന പ്രദേശങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ട് കേരളത്തിൽ ഈ ദേശീയ വിദ്യാഭ്യാസ നയം ഒട്ടും അനുയോജ്യമല്ല. ദേശീയ വിദ്യാഭ്യാസ നയത്തിൽ സൂചിപ്പിക്കുന്ന പല കാര്യങ്ങളും കേരളം നേരത്തെ നടപ്പിലാക്കിയതാണ്. പഠനച്ചെലവ് കൂടുന്ന ഈ നയം പാവപ്പെട്ടവർക്കും സാധാരണക്കാർക്കും വിദ്യാഭ്യാസം നിഷേധിക്കുന്ന അവസ്ഥ സൃഷ്ടിക്കും. അത് പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കും. ഇതിനുള്ള പരിഹാരമായി വിപുലമായ കൂടിയാലോചനകളിലൂടെ കേരളത്തിലെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലയുടെ സ്വഭാവങ്ങൾ പൂർണ്ണമായും

പ്രതിഫലിക്കുന്ന രൂപത്തിൽ ഒരു സംസ്ഥാന വിദ്യാഭ്യാസ നയം രൂപീകരിക്കുകയാണ് വേണ്ടത്. അതിന് ദേശീയ വിദ്യാഭ്യാസ നയത്തിലെ ഗുണപരമായ വശങ്ങൾ പ്രാവർത്തികമാക്കാവുന്നതാണ്. തമിഴ്നാട്-പശ്ചിമ ബംഗാൾ സർക്കാരുകൾ സംസ്ഥാന വിദ്യാഭ്യാസ നയം രൂപീകരിക്കാൻ സ്വന്തം കമ്മീഷനുകളെ നിയമിച്ചത് ഈ അവസരത്തിൽ പ്രത്യേകം എടുത്തുപറയുകയാണ്. ദേശീയ വിദ്യാഭ്യാസ നയത്തിലെ പല പരാമർശങ്ങളും ഇതിനകം കൈവരിച്ച വിദ്യാഭ്യാസ പുരോഗതിയെ തകർക്കുമെന്നും ത്രിഭാഷാ നയം പോലുള്ള പല നിർദ്ദേശങ്ങളും അംഗീകരിക്കാൻ കഴിയില്ലെന്നും അതിനാൽ ദേശീയ വിദ്യാഭ്യാസ നയം അംഗീകരിക്കില്ലെന്നും ഇതിനോടകം തമിഴ്നാട് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പാർലമെന്റിൽ ചർച്ച ചെയ്യാതെയും കാര്യമായ പഠനങ്ങളോ ഗവേഷണങ്ങളോ നടത്താതെയും ജനാധിപത്യവിരുദ്ധ മാർഗ്ഗത്തിലൂടെ സംഘപരിവാർ അജണ്ടകൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച് കൊണ്ടുവരാൻ ശ്രമിക്കുന്ന ഈ നയത്തെ നമ്മൾ എതിർക്കണം. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 'ദേശീയ വിദ്യാഭ്യാസ നയം, 2020' ജനാധിപത്യവിരുദ്ധവും ഫെഡറൽ സംവിധാനങ്ങൾക്ക് യോജിക്കാത്തതും സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥി സമൂഹത്തിന് വിദ്യാഭ്യാസം ലഭിക്കാത്തതുമാണ് എന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് ശ്രദ്ധക്ഷണിക്കലിലൂടെ അവതാരകൻ സൂചിപ്പിച്ചത്. ഞാൻ മറുപടി പറയാനിരുന്ന പല കാര്യങ്ങളും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. 2020 ജൂലൈ 29-നാണ് കേന്ദ്രസർക്കാർ 'ദേശീയ വിദ്യാഭ്യാസ നയം, 2020' പ്രഖ്യാപിച്ചത്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ നയരേഖയുടെ കരട് 2019-ൽ ചർച്ചയ്ക്കായി അയച്ചപ്പോൾ നാളിതുവരെ തുടർന്ന നിലപാടിൽനിന്ന് ഭിന്നമായി ഈ വിദ്യാഭ്യാസ നയരേഖ ഫെഡറൽ തത്വങ്ങളെയെല്ലാം ദുർബലപ്പെടുത്തി അമിതമായ കേന്ദ്രീകരണത്തിന് വഴിവയ്ക്കുമെന്നും സ്വകാര്യവത്കരണത്തിലേയ്ക്ക് നയിക്കുമെന്നും വർഗ്ഗീയവത്കരണത്തിന് ഇടവരുത്തുമെന്നും സ്കൂൾ വിദ്യാഭ്യാസ കാര്യത്തിൽനിന്നുപോലും ഭരണകൂടത്തിന്റെ പിൻമാറ്റത്തിനിടവരുത്തുമെന്നുമുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച് കേരളത്തിന്റെ ആശങ്ക അറിയിച്ചുകൊണ്ടുള്ള ഒരു പ്രമേയം കേരള നിയമസഭ 2019 നവംബർ 21-ന് ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. ആ പ്രമേയത്തിൽ വളരെ വിശദമായി അക്കാര്യങ്ങൾ പറയുന്നുണ്ട്. വൈവിധ്യങ്ങളാൽ

സമ്പന്നമായ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസരംഗത്ത് എല്ലാ കാര്യങ്ങളിലും കേന്ദ്രീകൃതമാകുന്നത് ഭരണഘടനയുടെ സത്തയ്ക്കെതിരാണെന്നതും പാഠപുസ്തകങ്ങൾപോലും കേന്ദ്രീകൃതമാകണമെന്ന നിർദ്ദേശം ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് ഒത്തുപോകുന്നതല്ലെന്നും മാത്രമല്ല ഇന്ത്യയുടെ ബഹുസ്വരതയെ ഉൾക്കൊള്ളുന്നതിന് വിഘാതമാകുന്ന തരത്തിലുള്ളതാണെന്നുമുള്ള കാര്യം പ്രസ്തുത പ്രമേയത്തിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ നയം ആര്; എങ്ങനെ; എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് 'SARTHAQ' ('Students' and Teachers' Holistic Advancement through Quality Education) എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി കേന്ദ്ര സർക്കാർ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ സാധാരണയായി പാഠ്യപദ്ധതി ചട്ടക്കൂടുണ്ടാക്കി ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതകൾ ഉൾച്ചേർത്ത് സംസ്ഥാന പാഠ്യ പദ്ധതി ചട്ടക്കൂട് രൂപീകരിക്കാൻ ആവശ്യപ്പെടുന്നതാണ് പതിവ് രീതി. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-നെ തുടർന്ന് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 വികസിപ്പിക്കുകയും അതനുസരിച്ച് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും കേരളം തയ്യാറാക്കുകയും ചെയ്തിരുന്നു. ഇതിൽനിന്നും ഭിന്നമാണ് കേന്ദ്രം ഇപ്പോൾ കൈക്കൊള്ളുന്ന സമീപനം. കേന്ദ്ര വിദ്യാഭ്യാസ നയത്തിലെ പല നിർദ്ദേശങ്ങളും നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളം മുമ്പുതന്നെ നേടിയെടുത്തിട്ടുള്ളതാണ്. കുട്ടികളുടെ സ്കൂൾ പ്രാപ്യത, പഠനത്തുടർച്ച എന്നിവയൊന്നും നമ്മെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ പ്രശ്നമേയല്ല. എന്നാൽ ദേശീയാടിസ്ഥാനത്തിൽ ഇത് ഗൗരവമേറിയ പ്രശ്നമാണ്. ദേശീയ വിദ്യാഭ്യാസ നയം, 2020-ൽ പരിഗണിക്കേണ്ട ചില നിർദ്ദേശങ്ങളുണ്ട്. പ്രീ-സ്കൂൾ ഗൗരവമായി കാണുന്നതും അതുസംബന്ധിച്ച് നടത്തിയ നിരീക്ഷണങ്ങളും കേരളമടക്കം ശ്രദ്ധിക്കേണ്ട കാര്യങ്ങളിലുൾപ്പെട്ടതാണ്. പക്ഷേ ഇത് എങ്ങനെ നടപ്പാക്കുമെന്നത് നയരേഖയിലോ തുടർന്ന് പ്രഖ്യാപിച്ച പ്രവർത്തന പദ്ധതിയിലോ കാണുന്നില്ല. ഓരോ കുട്ടിയുടെയും കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുമെന്ന നയത്തിലെ സമീപനത്തെ സ്വാഗതം ചെയ്യാവുന്നതാണ്. പക്ഷേ അതേ നയരേഖതന്നെ 3 മുതൽ 18 വയസ്സ് വരെയുള്ള വിദ്യാഭ്യാസ പ്രാപ്യത മാത്രമേ പറയുന്നുള്ളൂ. അതിനർത്ഥം വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നിലവിൽ 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം അവരുടെ അവകാശമാണ്. ആ നിലപാടിൽനിന്ന് കേന്ദ്രസർക്കാർ പിൻവാങ്ങുന്നത് എന്തുകൊണ്ടാണ്? ഇതിനോട് നമുക്ക് യോജിക്കാൻ കഴിയില്ല. മനഃപാഠം പഠിക്കുന്നതും പരീക്ഷയ്ക്കുവേണ്ടി മാത്രം പഠിക്കുന്നതും നിരുത്സാഹപ്പെടുത്തുമെന്നും

ആശയ ഗ്രഹണത്തെ പ്രോത്സാഹിപ്പിക്കുമെന്നൊക്കെ നയരേഖ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അതേ നയരേഖ തന്നെ 10, 12 ക്ലാസുകൾക്കുപുറമെ 3, 5, 8 ക്ലാസുകളിലും പൊതുപരീക്ഷ വിഭാവന ചെയ്യുന്നുണ്ട്. ഇത് പരസ്പര വിരുദ്ധമായ സമീപനവും വിദ്യാഭ്യാസപരമായി ഇതുവരെ കൈക്കൊണ്ട നയങ്ങളോട് ഒത്തുപോകാത്തതുമാണ്. കരിക്കുലത്തിൽ വൈവിദ്ധ്യങ്ങളെയും പ്രാദേശിക സാധ്യതകളെയും പ്രോത്സാഹിപ്പിക്കുമെന്ന് ഒരു ഭാഗത്ത് പറയുന്നുണ്ട്. അതേസമയം പ്രാദേശിക അംഗങ്ങളുൾക്കൊള്ളുന്ന ദേശീയ പാഠപുസ്തകം, മൂല്യനിർണ്ണയം നടത്തണമെന്ന് നയരേഖയുടെ മറ്റൊരിടത്ത് പറയുന്നു. ഇങ്ങനെ പരസ്പരം യോജിക്കാത്ത ഒട്ടേറെ പ്രസ്താവനകൾ നയരേഖയിലുണ്ട്. ജനാധിപത്യം, മതനിരപേക്ഷത, സ്ഥിതിസമത്വം എന്നിവയെ ദേശീയ വിദ്യാഭ്യാസ നയരേഖ പൂർണ്ണമായും തമസ്കരിച്ചിരിക്കുകയാണ്. ഈ രീതിയിൽ മാത്രമേ നയരേഖയെ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. ഭരണഘടന മുന്നോട്ടുവച്ച ഫെഡറൽ സംവിധാനത്തെ കേരളം അംഗീകരിക്കുന്ന സമീപനം കൈക്കൊണ്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ദേശീയ നയത്തിലെ ജനവിരുദ്ധ-വിദ്യാർത്ഥിവിരുദ്ധ നിലപാടിനെ അക്കാദമികമായും സാമൂഹികമായും എതിർക്കാൻ കേരളത്തിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതേസമയം വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ സവിശേഷതയെ ഉൾക്കൊണ്ടുകൊണ്ട് മുന്നേറാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ന്റെ തുടർച്ചയായി കേരളം വിപുലമായ ജനകീയ ചർച്ചകളിലൂടെ രൂപീകരിച്ച സമഗ്രമായ വിദ്യാഭ്യാസ രേഖയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007. ഇതിൽ സ്കൂൾ വിദ്യാഭ്യാസത്തിൽ കേരളം സ്വീകരിക്കുന്ന പുരോഗമനപരമായ നിലപാടുകളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതും പ്രധാനമാണ്. അതിന്റെയടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ നയത്തിലൂടെയാണ് കേരളം സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. നിലവിൽ സർക്കാർ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരണത്തിന്റെ ശ്രമത്തിലാണ്. കേരളം സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കൈക്കൊള്ളുന്ന നിലപാടുകൾ സ്വാഭാവികമായും പ്രസ്തുത രേഖയുടെ ഭാഗമായിരിക്കും. വിപുലമായ ജനകീയ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും കേരളത്തിന്റേതായ തനത് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിർബന്ധപൂർവ്വം ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ട് ദേശീയ വിദ്യാഭ്യാസ നയം അടിച്ചേൽപ്പിക്കാൻ വന്നാൽ അത് കേരളം അംഗീകരിക്കുന്ന പ്രശ്നമില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങയുടെ മറുപടി തൃപ്തികരവും സ്വാഗതാർഹവുമാണ്. നമുക്കൊരു വിദ്യാഭ്യാസ പരിസരമുണ്ട്. വിദ്യാഭ്യാസപരമായി കേരളം ഏറെ പുരോഗമിച്ചിട്ടുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസിയിൽ പറയാത്ത, വിദ്യാഭ്യാസ നയത്തിൽ ഉൾക്കൊള്ളിക്കേണ്ട മൂല്യങ്ങളെ കസ്റ്റമൈസ് ചെയ്ത് സംസ്ഥാനത്തിനകത്ത് അത്തരമൊരു വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിനായി തമിഴ്നാടിനെയും പശ്ചിമ ബംഗാളിനെയും പോലെ നമുക്കും മുന്നോട്ടുപോകാൻ സാധിക്കുമോ; അതനുസരിച്ച് ശ്രമിക്കാൻ കഴിയുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരളത്തിന് കേരളത്തിന്റേതായ വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടതുണ്ട്. പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള കരിക്കുലം കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ യോഗം ചേരുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് ഉൾപ്പെടുത്താത്ത മൂല്യങ്ങളൊക്കെ പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നുണ്ട്. അങ്ങ് സൂചിപ്പിച്ച മതേതരത്വം ഉൾപ്പെടെയുള്ള കാര്യങ്ങളും അതിൽ ഉൾപ്പെടുന്നുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തുമുള്ള കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതെല്ലാം വച്ചുകൊണ്ടുള്ള ഒരു നയം കേരള സർക്കാർ രൂപീകരിക്കും.

## IV സബ്മിഷൻ

### (1) വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള-കാലിക്കറ്റ് സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് ഭാഗികമായി മാത്രം അനുമതി നൽകിയ 26-8-2022-ലെ സർക്കാർ ഉത്തരവ് നിലവിലെ ഹൈക്കോടതി വിധിക്ക് വിരുദ്ധമാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് കോഴ്സുകൾ നടത്താൻ യു.ജി.സി. ഇതുവരെ അംഗീകാരം നൽകിയിട്ടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ഹൈക്കോടതി വിധിയനുസരിച്ച് ഹിയറിംഗ് നടത്തിയാണ് ചെയ്തിരിക്കുന്നത്. കോഴ്സ് നടത്താൻ യു.ജി.സി. അനുമതി നൽകിയതിന്റെ രേഖ ഓപ്പൺ സർവ്വകലാശാലയ്ക്ക് ഹാജരാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ മറ്റ് സർവ്വകലാശാലകൾക്ക് പ്രസ്തുത കോഴ്സ് നടത്താൻ അനുമതി നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഉത്തരവിടണമെന്നും കോടതിവിധിയിൽ നിർദ്ദേശിച്ചിരുന്നു. സർവ്വകലാശാലയ്ക്ക് അംഗീകാരം കിട്ടിയ രേഖ ഇപ്പോൾ

ഹാജരാക്കിയിട്ടുണ്ടെങ്കിലും യു.ജി.സി.-യുടെ മുൻകൂർ അംഗീകാരമില്ലാതെ ഒരു കാരണവശാലും ഈ കോഴ്സുകൾ ആരംഭിക്കാൻ പാടില്ലെന്ന് ആ രേഖയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് യു.ജി.സി.-യുടെ മുൻകൂർ അനുമതിയില്ലാതെ കോഴ്സുകൾ ആരംഭിക്കാൻ കഴിയില്ല. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാത്തതിൽ അനിശ്ചിതത്വമുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിൽ ഭേദഗതി വരുത്തിയാണ് കഴിഞ്ഞ പ്രാവശ്യം കാലിക്കറ്റ്/കേരള/മറ്റ് സർവ്വകലാശാലകൾക്ക് ഈ കോഴ്സുകൾ നടത്താൻ അനുമതി നൽകിയത്. എന്നാൽ ആ അനിശ്ചിതത്വം ഇപ്പോഴും നിലനിൽക്കുകയാണ്. അതുകൊണ്ട് ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കോഴ്സുകളെല്ലാം നടത്താൻ മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് ഒരു സമാന്തര വിദ്യാഭ്യാസ സംവിധാനമുണ്ട്. കോളേജുകളില്ലാത്ത കാലത്ത് തൊഴിൽരഹിതരും വിദ്യാസമ്പന്നരുമായ ചെറുപ്പക്കാർ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തി പാരലൽ കോളേജുകൾ തുടങ്ങി ജീവിതമാർഗ്ഗം കണ്ടെത്തിയിരുന്നു. ധാരാളം ആളുകൾ സമാന്തര വിദ്യാഭ്യാസ രംഗത്ത് പാരലൽ കോളേജുകൾ നടത്തുന്നത് ഗ്രാമങ്ങളിലും നഗരങ്ങളിലും ചെന്നാൽ നമുക്ക് കാണാൻ സാധിക്കും. അവരെല്ലാം വലിയ പ്രതിസന്ധിയിലും പ്രശ്നത്തിലുമാണ്. ഈ വർഷവും അനിശ്ചിതത്വം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ യു.ജി.സി. ഇതുവരെ കോഴ്സുകൾക്ക് അംഗീകാരം നൽകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ കോഴ്സുകൾ തുടങ്ങാൻ സാധിക്കില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. കഴിഞ്ഞ വർഷം ചെയ്തതുപോലെ ഈ വർഷം കൂടി മറ്റ് സർവ്വകലാശാലകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസ കോഴ്സുകളും നടത്താൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വകുപ്പ് 42(2) പ്രകാരം കേരള, കാലിക്കറ്റ്, മഹാത്മഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാല ആക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം അവയുടെ അധികാര പരിധിയിലായിരുന്ന വിദൂര വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ അങ്ങനെയുള്ള സർവ്വകലാശാലകളിൽനിന്ന് മാറ്റിയും ഒഴിവാക്കിയും ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ നിക്ഷിപ്തമാക്കുകയും ഈ ആക്ടിലെ വകുപ്പ് 72 പ്രകാരം ഈ ആക്ടിന്റെ പ്രാബല്യത്തീയതിയിലും അന്നുമുതൽക്കും വിദൂര വിദ്യാഭ്യാസത്തിലൂടെയോ

പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഒരു പഠന കോഴ്സിലേയ്ക്ക് പ്രവേശനം നേടാനുദ്ദേശിക്കുന്ന ഒരു വിദ്യാർത്ഥിയുടെ സംഗതിയിൽ ഈ ആക്ടുമൂലം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി അല്ലാത്ത സംസ്ഥാന നിയമംമൂലം സ്ഥാപിക്കപ്പെട്ട മറ്റേതൊരു സർവ്വകലാശാലയും അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് അത്തരം പഠന കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകുവാൻ പാട്ടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതുവരെ കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേനയുള്ള കോഴ്സുകൾ നടത്തുന്നതിന് 6-8-2021-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സർക്കാർ ഉത്തരവ് 30/2021 വിജ്ഞാപന പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്താൻ യു.ജി.സി.-യുടെ അംഗീകാരം 2022 സെപ്റ്റംബർ മാസത്തോടുകൂടി ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്ന് 2022-23 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം അഥവാ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണെന്ന് 9-6-2022-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ബി2/177/2020 സർക്കുലർ പ്രകാരം മറ്റ് സർവ്വകലാശാലകളെ അറിയിച്ചിരുന്നു. പ്രസ്തുത സർക്കുലറിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റീഷനുകളിന്മേൽ 16-8-2022-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്താനുദ്ദേശിക്കുന്ന 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഒഴികെയുള്ള മറ്റ് കോഴ്സുകൾ കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ തുടങ്ങിയ സർവ്വകലാശാലകൾക്ക് യു.ജി.സി. അനുമതിയോടെ ഈ അക്കാദമിക് വർഷം തുടർന്ന് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 26-8-2022-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നമ്പർ 1303/2022 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾക്ക് യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 31 ആയിരുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേക യു.ജി.സി. അനുമതി ആവശ്യമാണ്.

മേയ് 28-ന് തന്നെ ഇതിനുവേണ്ട രേഖകളെല്ലാം സർവ്വകലാശാല യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് യു.ജി.സി. ആവശ്യപ്പെട്ട വിശദാംശങ്ങളും ബന്ധപ്പെട്ട രേഖകളും നിശ്ചിത സമയത്തുതന്നെ നൽകിയിട്ടുണ്ട്. അപേക്ഷ പരിശോധിച്ച യു.ജി.സി. സർവ്വകലാശാലയിൽ വിദഗ്ദ്ധ സമിതിയുടെ വെർച്വൽ വിസിറ്റ് നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സുകളുടെ അനുമതി സംബന്ധിച്ച അന്തിമ തീരുമാനം ഉടൻ ഉണ്ടാകുമെന്ന് കരുതുന്നു. യു.ജി.സി.-യുടെ അന്തിമ അനുമതി ലഭിച്ചാൽ ഉടൻതന്നെ ഈ അക്കാദമിക് സെഷനിൽത്തന്നെ മേൽപ്പറഞ്ഞ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് ഈ കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതി ഈ അക്കാദമിക് വർഷം ലഭിക്കാതെ വന്നാൽ മറ്റ് സർവ്വകലാശാലകൾക്ക് ഈ കോഴ്സുകൾ നടത്താൻ അനുമതി നൽകുന്നതാണ്.

(2) മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എൻ. കെ. അക്ബർ: സർ, നഗരസഭകളിലും കോർപ്പറേഷനുകളിലും ജോലി ചെയ്തുവരുന്ന കണ്ടിൻജന്റ് തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കണ്ടിൻജന്റ് വർക്കേഴ്സ് ഫെഡറേഷൻ- സി.ഐ.ടി.യു.-വിന്റെ ഒരു നിവേദനം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിട്ടുണ്ട്. കോപ്പറേഷനുകളിലും നഗരസഭകളിലും വർഷങ്ങളായി താൽക്കാലികമായി ജോലി ചെയ്തുവരുന്ന ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. ഇവരിൽ ചിലർ ജോലിക്കിടയിൽ മരണപ്പെട്ടിട്ടുണ്ട്. അപകടം സംഭവിച്ചതിനാൽ പിന്നീട് ജോലി ചെയ്യാൻപോലും സാധിക്കാത്ത സ്ഥിതിയിലായവരുമുണ്ട്. താൽക്കാലികമായി ജോലിചെയ്യുന്നവരാണ് എന്നുള്ളതുകൊണ്ട് ഇവർക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. നഗരസഭകളിലും മറ്റും ജീവനക്കാരുടെ തസ്തിക കാലോചിതമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും കണ്ടിൻജന്റ് തസ്തികയിൽ ഈ വർദ്ധനവുണ്ടായിട്ടില്ല. നഗരങ്ങൾ വർദ്ധിച്ച് നഗര വിസ്തൃതി കൂടുകയും പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി മാറുകയും കമ്പോളങ്ങളും മറ്റും വലുതാകുകയും ചെയ്തെങ്കിലും തൊഴിലാളികളുടെ എണ്ണം വർദ്ധിക്കാത്തതിനാൽ സി.എൽ.ആർ. തൊഴിലാളികളെ വയ്ക്കാൻ നഗരസഭകൾ നിർബന്ധിതമാകുന്നു. ആയതിനാൽ പത്ത് വർഷം പൂർത്തീകരിച്ച സി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ചില നഗരസഭകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമാനുസൃതം നിയമിച്ച തൊഴിലാളികളെ ഒഴിവുകളുണ്ടായിട്ടും പ്രൊബേഷൻ പിരീഡാണെന്ന് പറഞ്ഞ് ഒന്നും രണ്ടും വർഷം തൊഴിൽ സ്ഥിരപ്പെടുത്താതെ മുന്നോട്ടുകൊണ്ടുപോകുന്ന

സ്ഥിതിയുണ്ട്; ഇത് പരിഹരിക്കണം. ചിലരെ രാഷ്ട്രീയപ്രേരിതമായി കൗൺസിലുകൾ ഒഴിവാക്കുന്ന പ്രവണതകളുണ്ട്. ഇത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ സി.എൽ.ആർ. ആയി നിരവധി വർഷം ജോലി ചെയ്തതിനുശേഷം ചുരുങ്ങിയ കാലം സ്ഥിരം തൊഴിലാളികളായി ജോലി ചെയ്ത് മിനിമം പെൻഷൻ ലഭിക്കാതെ വിരമിച്ചുപോകുന്ന തൊഴിലാളികളുണ്ട്. ഇവർക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിനായി സി.എൽ.ആർ. ആയി ജോലി ചെയ്ത കാലയളവിലെ സേവനംകൂടി കണക്കാക്കി പെൻഷൻ ആനുകൂല്യം നൽകാൻ സന്നദ്ധമാകണം. ഏകീകൃത സർവ്വീസ് തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പാക്കുകയാണ്. കണ്ടിൻജന്റ് തൊഴിലാളികളെയും ഏകീകൃത സർവ്വീസിൽ ഉൾപ്പെടുത്താൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരളത്തിലുള്ള നഗരങ്ങളിലെ വൃത്തിയുടെ കാവൽക്കാരാണ് മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ. അനുദിനം വികസിക്കുന്ന നഗരങ്ങളിലെ മാലിന്യശേഖരണവും സംസ്കരണവും ഏറ്റെടുത്ത് നടത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് കണ്ടിൻജന്റ് ജീവനക്കാരായ സാനിറ്റേഷൻ വർക്കർമാരാണ്. മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ നിയമനം നടത്തുന്നത് അതത് നഗരസഭകളാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണ് ജീവനക്കാരെ കണ്ടെത്തുന്നത്. ഇപ്രകാരം നിയമിക്കപ്പെടുന്നവരുടെ ശമ്പളം നൽകുന്നതും അതത് നഗരസഭകളാണ്. ഈ മേഖലയിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമായി ആറായിരത്തിലധികം കണ്ടിൻജന്റ് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്കൊപ്പം കണ്ടിൻജന്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അതത് സമയം സർക്കാർ പരിഷ്കരിക്കാറുണ്ട്. എങ്കിലും തനത് ഫണ്ടിന്റെ കുറവുകാരണം ചില നഗരസഭകളിൽ കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യവും യഥാസമയം ലഭിക്കുന്നില്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നിലപാട് സ്വീകരിക്കാം. കണ്ടിൻജന്റ് ജീവനക്കാരുടെ ഒഴിവുകൾ നികത്തേണ്ടത് അതത് നഗരസഭകളാണ്. ഒഴിവുകളുള്ള നഗരസഭകളിൽ അത് നികത്തുന്നതിൽ യാതൊരു തടസ്സവും നിലവിലില്ല. പത്ത് വർഷവും അതിൽ കൂടുതലും സർവ്വീസുള്ള ഒട്ടേറെ താൽക്കാലിക കണ്ടിൻജന്റ് ജീവനക്കാർ നഗരസഭകളിൽ ജോലി ചെയ്തുവരുന്നുണ്ട്. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിലവിലുള്ള കോടതി വിധികൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. 31-12-2000-ൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കണ്ടിൻജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന്

യോഗ്യരാക്കി 29-3-2001-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ടിൻജന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നഗരസഭകളിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. തൊഴിലാളികളുടെ എണ്ണം കുറവാണെന്ന് കണ്ടാൽ അത്യാവശ്യം ജീവനക്കാരെ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ രാഷ്ട്രീയ പ്രേരിതമായി പിരിച്ചുവിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് ഉചിതമായ നിർദ്ദേശം നൽകുന്നതാണ്. കണ്ടിൻജന്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലും താൽക്കാലിക സർവ്വീസിൽ ഇരിക്കുമ്പോഴുണ്ടാകുന്ന മരണം ഉൾപ്പെടെയുള്ള വിവിധങ്ങളായ കാര്യങ്ങളിലും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആധുനിക കാലഘട്ടത്തിനനുസരിച്ച് തൊഴിൽ സാഹചര്യങ്ങളിൽ മാറ്റം വരുത്താനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കണ്ടിൻജന്റ് ജീവനക്കാർക്ക് മാത്രമായി ഒരു വിശേഷാൽ ചട്ടം രൂപീകരിക്കാനും സർക്കാർ ഇതിനകംതന്നെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(3) <u>പാലക്കാട് നഗരസഭയിലെ റോഡുകളുടെ പുനരുദ്ധാരണം</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സഞ്ചരിക്കാൻ ഗതാഗതയോഗ്യമായ നല്ല റോഡ് ഉണ്ടാവുക എന്നുള്ളത് ഒരു പൗരന്റെ അവകാശമാണ്. അത് ഭരണകൂടമോ ജനപ്രതിനിധികളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന ഔദാര്യമല്ല. 5 ശതമാനം മുതൽ 21 ശതമാനം വരെ നികുതി അടയ്ക്കുന്ന ജനങ്ങൾക്ക് റോഡിലിറങ്ങിയാൽ ജീവൻ പോകുന്ന അവസ്ഥയുണ്ടാകുന്നതും അപകടങ്ങളുണ്ടാകുന്നതും വാഹനങ്ങൾക്ക് കേടുപാടുകൾ വരുന്നതുമൊക്കെ ഗുരുതരമായ പ്രശ്നമായി നാം നോക്കിക്കാണേണ്ടതുണ്ട്. റോഡുകൾ നന്നാക്കിക്കൊടുക്കുക എന്നുള്ളത് ആരുടെയും ഔദാര്യമല്ല. മുനിസിപ്പൽ റോഡിലെ കുഴി, സംസ്ഥാന പാതയിലെ കുഴി, ദേശീയപാതയിലെ കുഴി എന്നൊന്നും ജനങ്ങളോട് പറയാൻ കഴിയുന്ന മറുപടിയല്ല. അമൃത് പദ്ധതിയുടെ പേരിൽ പാലക്കാട് മുനിസിപ്പാലിറ്റിയിലെ റോഡുകൾ പൊളിച്ചിട്ടിട്ട് അതിന്റെ റെസ്റ്റൊറേഷൻ വർക്ക് വർഷങ്ങളായി വൈകുന്നതിന്റെ പേരിൽ ആ നാട്ടിലെ ഒട്ടുമിക്ക വാർഡുകളിലെ ജനങ്ങളും വലിയ ദുരിതവും പ്രയാസവും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വൺ ടൈം മാനേജ്മെന്റ് ഫണ്ടെങ്കിലും കൊടുത്ത് നഗരത്തിലെ പ്രധാനപ്പെട്ട റോഡുകളുടെ റെസ്റ്റൊറേഷൻ വർക്കുകൾ പൂർത്തിയാക്കേണ്ടതുണ്ട്. പാലക്കാട് നഗരത്തിലെ ജില്ലാ ആശുപത്രി മുതൽ സുൽത്താൻപേട്ട് വരെയുള്ള ഏറ്റവും പ്രധാനപ്പെട്ട റോഡുപോലും നല്ല കണ്ടീഷനിലല്ല. യഥാർത്ഥത്തിൽ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കേണ്ടതും

ബി.എം.&ബി.സി. പ്രവർത്തനങ്ങൾ നടത്തേണ്ടതുമായ ധാരാളം റോഡുകൾ അവിടെയുണ്ട്. കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന മുനിസിപ്പൽ റോഡുകളുടെ അവസ്ഥയും വളരെ ദയനീയമാണ്. ഈ റെസ്റ്റോറേഷൻ വർക്ക് പൂർത്തിയാകാത്തതിന് പുറമെ അഞ്ചോ ആറോ പി.ഡബ്ല്യു.ഡി. റോഡുകൾ വെട്ടിപ്പൊളിച്ചിട്ടിരിക്കുന്ന സാഹചര്യവുമുണ്ട്. നഗരത്തിലേയ്ക്ക് ഇറങ്ങിയാൽ ഗതാഗതക്കുരുക്കും തകർന്ന റോഡുകളും കാരണം ആളുകളുടെ സമയവും എനർജിയും നഷ്ടപ്പെടുന്നതും വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നതും സ്ഥിരം ഏർപ്പാടായി മാറിയിരിക്കുകയാണ്. നഗരസഭയുടെ ഫണ്ടുപയോഗിച്ച് റോഡുകൾ നേരെയാക്കുന്നതിനോടൊപ്പം ഒരു വൺ ടൈം സഹായം കൂടി നൽകി പ്രധാന നഗര റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താത്തതിനാൽ ഓരോ മഴയിലും ഈ പ്രശ്നങ്ങൾ ആവർത്തിക്കപ്പെടുകയാണ്. അതോടൊപ്പം അമൃത് പദ്ധതിക്കുവേണ്ടി എടുക്കുന്ന കുഴികൾ കൂടിയാകുമ്പോൾ ദുരിതം ഇരട്ടിയാവുകയാണ്. മഴ പെയ്യുമ്പോൾ ചെളിയും വെള്ളവും നിറഞ്ഞിട്ടുള്ള പ്രശ്നവും വെയിലാണെങ്കിൽ പൊടി കാരണം വാഹനങ്ങൾ റോഡിലിറക്കാൻ കഴിയാത്ത അവസ്ഥയുമാണ്. ഇത് എല്ലാ എം.എൽ.എ.-മാരെയും ബാധിക്കുന്ന പ്രശ്നമാണ്. പാലക്കാട് നഗരത്തിലെ ഈ റോഡുകളുടെ ദുരവസ്ഥയിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ കഴിയണം. പണ്ട് പി.ഡബ്ല്യു.ഡി.-യിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വലിയ റോഡുകൾക്ക് വൺ ടൈം സഹായം ലഭിക്കുമായിരുന്നു. അതുവച്ച് ആ വർക്ക് ചെയ്താൽ അവരുടെ പ്ലാൻ ഫണ്ടിൽനിന്നുള്ള വർക്കുകളുടെ പരിമിതികൾ മറികടക്കാൻ സാധിക്കും. ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പാലക്കാട് നഗരത്തിലെ റോഡുകൾ നവീകരിക്കുന്നതിനും ചില പ്രധാനപ്പെട്ട റോഡുകളെങ്കിലും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കണം. പാലക്കാട് മുനിസിപ്പാലിറ്റിയുടെയും ടൗൺ ഹാളിന്റെയും മുന്നിൽക്കൂടി പോകുന്ന റോഡ് ഉൾപ്പെടെ കോട്ടയ്ക്ക് ചുറ്റുമുള്ള, മൈതാനത്തിന് ചുറ്റുമുള്ള റോഡും ഇപ്പോഴും മുനിസിപ്പൽ റോഡായി നിൽക്കുന്ന സാഹചര്യമുണ്ട്. അതൊക്കെ ഏറ്റെടുക്കാൻ വൺ ടൈം സഹായമെങ്കിലും നൽകി നഗര റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് എത്തിക്കാനും അവിടെയുള്ള തകർന്ന റോഡുകളുടെ റെസ്റ്റോറേഷൻ വർക്കുകൾ സമയബന്ധിതമായി നടത്താനുമുള്ള അടിയന്തര ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പാലക്കാട് നഗരസഭയുടെ പരിധിയിൽ വരുന്ന പ്രധാന നഗര റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ തുക അനുവദിക്കേണ്ടതിന്റെ ആവശ്യകതയാണ് ശ്രീ. ഷാഫി പറമ്പിൽ സബ്മിഷനായി

ഇവിടെ അവതരിപ്പിച്ചത്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ജനങ്ങൾക്ക് നൽകേണ്ടുന്ന സേവനങ്ങളൊന്നും ഔദാര്യമായല്ല കാണേണ്ടത്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ അവരുടെ അവകാശമാണ്. അവർക്ക് നൽകേണ്ട സേവനങ്ങൾ നൽകേണ്ടതുമാണ്. അക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ പ്രാദേശിക ഗവൺമെന്റുകൾക്കോ യാതൊരു സംശയവും ഉണ്ടാകേണ്ടതില്ല. അമൃത് മിഷന്റെ ഭാഗമായി പാലക്കാട് നഗരത്തിലെ പ്രധാന പാതകളുടെ 150 കിലോമീറ്റർ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഭാഗമായി റോഡ് ഗതാഗതം പ്രയാസകരമായി തീർന്നിരിക്കുന്നു. എന്നാൽ അമൃത് ഫണ്ടുപയോഗിച്ച് ഈ റോഡുകളുടെ പുനഃസ്ഥാപന പ്രവർത്തനം നഗരസഭ മുഖേന ചെയ്തിട്ടുണ്ട്. 33 കിലോമീറ്റർ റോഡുകളുടെ റീ-ടാറിംഗ് പ്രവൃത്തികളാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളത്. അതിന്റെ പട്ടിക ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. *

മഴയുടെ രൂക്ഷത കുറഞ്ഞതിനാൽ പ്രവൃത്തികൾ പുനരാരംഭിക്കുന്നുണ്ട്. നഗരത്തിലെ ടൗൺ ഹാൾ റോഡ്, ശാദി മഹൽ റോഡ് എന്നിവ റിപ്പയർ ചെയ്യുന്നതിന് വാർഷിക പദ്ധതിയിൽ 1.2 കോടി രൂപ വകയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാക്കി രണ്ടുമാസത്തിനകം ടാറിംഗ് പൂർണ്ണമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം മനസ്സിലാക്കി വ്യക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നതാണ്.

(4) മണലൂരിലെ വിവിധ റോഡുകളുടെ റെസ്റ്റൊറേഷൻ പ്രവൃത്തികൾ

ശ്രീ. മുരളി പെരുനെല്ലി: സർ, അമൃത് പദ്ധതിപോലെ ജൽജീവൻ തുടങ്ങിയ കുടിവെള്ള പദ്ധതികൾക്കായി പൈപ്പ്ലൈൻ സ്ഥാപിക്കുമ്പോൾ മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി, ചാവക്കാട്, ചിറ്റാട്ടുകര, കുണ്ട്കടവ് എന്നീ പി.ഡബ്ല്യു.ഡി. റോഡുകളും മൂന്ന്, നാല് പഞ്ചായത്തുകളിലായി കിടക്കുന്ന നിരവധി ഗ്രാമീണ റോഡുകളും പൊളിച്ചതുമൂലം ജനങ്ങൾ വലിയ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്; കുഴികളിൽ വീണ് അപകടങ്ങൾ സംഭവിക്കുന്നത് പതിവായിരിക്കുകയാണ്. കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ പോകാനായി സ്കൂട്ടറിൽ യാത്ര ചെയ്തിരുന്ന ദമ്പതികൾ കുഴിയിൽ വീണ് അപകടം പറ്റിയതിനാൽ ആശുപത്രിയിലാണ്. സ്കൂട്ടർ ഓടിച്ചയാൾ ഹെൽമറ്റ് ധരിച്ചിരുന്നതുകൊണ്ടും വേഗത കുറച്ച് പോയിരുന്നതുകൊണ്ടും വലിയ അപകടത്തിലേയ്ക്ക് പോയില്ലെന്നുള്ളത് ആശ്വാസം നൽകുന്ന കാര്യമാണ്. മുൻകാലങ്ങളിലൊക്കെ ഇത്തരം റോഡുകൾ പൊളിക്കുമ്പോൾ അതിന്റെ റെസ്റ്റൊറേഷൻ വർക്കുകൾ അതത് വകുപ്പുകളാണ്

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചെയ്തിരുന്നത്. എന്നാൽ 24-2-2022-ലെ ഉത്തരവുപ്രകാരം പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനഃസ്ഥാപന ചുമതല വാട്ടർ അതോറിറ്റിക്കാണ് നൽകിയിരിക്കുന്നത്. 15 കിലോമീറ്ററിലധികം പി.ഡബ്ല്യു.ഡി. റോഡ് പൊളിച്ചിട്ട് വർഷങ്ങളായി. അവിടെ റെസ്റ്റൊറേഷൻ വർക്ക് നടന്നിട്ടില്ല. ഇനി രണ്ടര കിലോമീറ്റർ റോഡ് പൊളിക്കുന്ന നടപടി ഇതുവരെയായിട്ടില്ല. റോഡിൽ പൈപ്പ് ഇട്ടിരിക്കുന്നതിനാൽ അതുണ്ടാക്കുന്ന പുലിവാല് വേറെ വരുന്നുണ്ട്. അതുപോലെ കഷ്ടിച്ച് 17 കിലോമീറ്റർ നീളം വരുന്ന പി.ഡബ്ല്യു.ഡി. റോഡിൽ മുല്ലശ്ശേരി വരെയുള്ള 10 കിലോമീറ്റർ ഭാഗത്ത് നാലേമുക്കാൽ കോടി രൂപയുടെ ബി.എം.&ബി.സി. വർക്ക് ആരംഭിച്ചുകഴിഞ്ഞു. ആ റോഡിന്റെ ഇടയിൽ എനാമാക്കൽ റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ ഏകദേശം 200 മീറ്റർ ദൂരം ഇറിഗേഷൻ വകുപ്പിന്റെ കൈവശമാണ്. അവിടെ യാതൊരു പണിയും ഇറിഗേഷൻ വകുപ്പ് നടത്തുന്നില്ല. അത് കുഴിയായി കിടക്കുകയാണ്. പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചാൽ ആ പണി ഇതിന്റെ ഭാഗമായി നടന്നുപോകുമെന്നാണ് അറിയുന്നത്. മുല്ലശ്ശേരി, പാവറട്ടി, വാടാനപ്പള്ളി തുടങ്ങിയ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾക്കുവേണ്ടി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പൊളിച്ച റോഡുകളാകമാനം തകർന്ന് തരിപ്പണമായിരിക്കുകയാണ്. പൊളിക്കുന്ന ഭാഗത്ത് സമയബന്ധിതമായി റെസ്റ്റൊറേഷൻ വർക്ക് നടക്കുന്നില്ലെങ്കിൽ ആ വഴി പോകുന്ന വാഹനങ്ങളെല്ലാം തിരിഞ്ഞ് ടാറിട്ട മറ്റ് നല്ല റോഡുകളിൽക്കൂടി പോകുകയും ആ റോഡുകൾ തകരുകയും ചെയ്യും. അങ്ങനെ റോഡുകളാകമാനം തകർന്ന് കിടക്കുന്ന സ്ഥിതിയാണുള്ളത്. ഗുരുവായൂർ, ചാവക്കാട്, തൃപ്രയാർ, തൃശ്ശൂർ എന്നിവിടങ്ങളിലേയ്ക്ക് നിരവധി വാഹനങ്ങൾ പോകുന്ന റോഡാണ് പ്രസ്തുത പി.ഡബ്ല്യു.ഡി. റോഡ്. അടിയന്തരമായി പി.ഡബ്ല്യു.ഡി., ഗ്രാമീണ റോഡുകളുടെ റെസ്റ്റൊറേഷൻ വർക്ക് പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് പരിഹാരം കാണണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ശ്രീ. മുരളി പെരുനെല്ലി ഇവിടെ സൂചിപ്പിച്ച വിഷയങ്ങൾ ഏറെക്കാലമായി അദ്ദേഹം തന്നെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിൽ ചില കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലുള്ള ചില പ്രശ്നങ്ങൾ അവിടെ ശേഷിക്കുന്നുമുണ്ട്. അമൃത് പദ്ധതിയിൽ തൃപ്രയാർ- കാഞ്ഞാണി-ചാവക്കാട് റോഡിൽ മണലൂർ മണ്ഡലം ഉൾപ്പെടുന്ന ഭാഗത്ത് 2.34 കിലോമീറ്റർ ദൂരത്തിൽ

മാത്രമാണ് കേരള ജല അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടത്താനുണ്ടായിരുന്നത്. ആയതിനാൽ ട്രഞ്ച് എടുത്ത ഭാഗവും അല്ലാത്ത ഭാഗങ്ങളിലുണ്ടായിരുന്ന കുഴികളും താൽക്കാലികമായി പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. മഴ തുടരുന്നതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ബാക്കിയുള്ള 1.67 കിലോമീറ്റർ ദൂരത്തിൽ ആവശ്യമായ ഭാഗങ്ങളിലെ പ്രവൃത്തികൾ മഴ മാറിയാലുടൻ ചെയ്തുതീർക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ട്രഞ്ച് എടുത്തതിനുപുറത്തുള്ള ഭാഗങ്ങളിലെ റോഡിൽ ആവശ്യമായ റെസ്റ്റോറേഷൻ വർക്ക് ചെയ്യാൻ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരുന്നു. അമൃത് പദ്ധതിയിൽ ഗുരുവായൂർ നഗരസഭയുടെ ഫണ്ട് അനുവദിക്കാത്തതിനാൽ ആവശ്യമായ അധിക ഫണ്ടായ 3.89 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യു.ഡി. ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. മഴ മാറിയാൽ സെപ്റ്റംബർ രണ്ടാം വാരത്തിൽ 2.34 കിലോമീറ്റർ നീളവും ട്രഞ്ച് എടുത്ത ഭാഗം മുഴുവനും ബി.എം. ചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ചിറ്റാട്ടുകര-കുണ്ടുകടവ് റോഡിൽ 2022 മേയ് മാസത്തിൽത്തന്നെ പൈപ്പ്‌ലൈൻ ജോലികൾ പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. 2.88 കിലോമീറ്റർ ദൂരം പൊതുമരാമത്ത് വകുപ്പാണ് പുനരുദ്ധരിക്കേണ്ടത്. ഇതിനുള്ള 55.16 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്. റീ-ബിൽഡ് കേരള പദ്ധതിയിൽ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കായി 80 കിലോമീറ്റർ ദൂരത്തിൽ പഞ്ചായത്ത് റോഡുകളിലും പി.ഡബ്ല്യു.ഡി. റോഡുകളിലുമായി ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾക്കുള്ള ഫണ്ട് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്തുകൾ തന്നെ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുകയോ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ആവശ്യമായ തുക ലഭ്യമാക്കി റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുകയോ ചെയ്യേണ്ടതുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ റെസ്റ്റോറേഷനുവേണ്ടിയുള്ള തുകയായ 5.08 കോടി രൂപ 2021 മാർച്ച് മാസത്തിൽത്തന്നെ പി.ഡബ്ല്യു.ഡി.-യിൽ അടച്ചു. അതോടൊപ്പം അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ കൈവശമിരിക്കുന്ന ഏകദേശം 200 മീറ്റർ വരുന്ന മേഖല പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കാൻ തയ്യാറാണെങ്കിൽ അത് പൊതുമരാമത്ത് വകുപ്പ് ചെയ്യുന്നതിൽ തടസ്സമില്ലെന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അത് തീർച്ചയായും

പരിശോധിക്കാവുന്ന കാര്യമാണ്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട തടസ്സങ്ങളോ തർക്കങ്ങളോ കാര്യമായിട്ടുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയുള്ള എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ അത് ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും തയ്യാറാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സമയംകൂടി കണക്കിലെടുത്തുകൊണ്ട് സെപ്റ്റംബർ മാസം പകുതിക്കുശേഷം ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

## (5) ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ആന്റണി ജോൺ: സർ, ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേഗത്തിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. കോതമംഗലം നിയോജകമണ്ഡലത്തിലെ കവളങ്ങാട്, വാരപ്പെട്ടി, പല്ലാരിമംഗലം എന്നീ മൂന്ന് പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പൽ പ്രദേശത്തുമുണ്ടാകുന്ന ജലക്ഷാമത്തിന് വലിയതോതിൽ പരിഹാരമാകുന്ന ഒരു പദ്ധതിയായാണ് ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആവോലിച്ചാലിൽ പുതിയ പമ്പ്ഹൗസ് സ്ഥാപിച്ച് പെരിയാറിൽനിന്നും വെള്ളം ലിഫ്റ്റ് ചെയ്ത് എത്തിച്ച് ഈ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒന്നുരണ്ട് മീറ്റിംഗുകൾ വിളിക്കുകയും അതിന്റെ തുടർനടപടി വേഗത്തിലാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഡിസംബർ മാസമാകുമ്പോൾ വെള്ളം കുറവായതിനാൽ പമ്പ്ഹൗസുകളിൽ ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതോടൊപ്പം കടുത്ത വരൾച്ച നേരിടുന്നതിനാൽ കാർഷിക മേഖലയിലും വലിയ പ്രതിസന്ധിയാണുള്ളത്. ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കിയാൽ ഞാൻ സൂചിപ്പിച്ച മൂന്ന് പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പൽ പ്രദേശത്തുമൊക്കെ വലിയതോതിൽ അനുഗ്രഹമാകുന്ന ഒരു പദ്ധതിയാകും. ഈ പദ്ധതിക്ക് 2021-ൽ 10.70 കോടി രൂപയുടെ ഭരണാനുമതിയും പിന്നീട് 10-3-2022-ൽ 12.65 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും ലഭിച്ചിരുന്നു. എങ്കിലും സാങ്കേതികാനുമതി ലഭ്യമാക്കി തുടർനടപടികളിലേയ്ക്ക് പോകാൻ സാധിക്കുന്നില്ല. വാട്ടർ അതോറിറ്റി, വനം വകുപ്പ്, കെ.ആർ.എഫ്.ബി. എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അനുമതി ലഭ്യമാക്കുന്നതിലെ പ്രശ്നമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അനുമതികൾ വേഗത്തിൽ ലഭ്യമാക്കി അടുത്ത വേനൽക്കാലത്തിനുമുമ്പ് അല്ലെങ്കിൽ ഈ

വരുന്ന ഡിസംബർ മാസത്തിന് മുമ്പെങ്കിലും ഈ പദ്ധതി പ്രാവർത്തികമാക്കാൻ അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വളരെ പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. അതിനുവേണ്ടി 12.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 10-3-2022-ൽ സർക്കാർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ട് പ്രധാന വിഷയങ്ങളാണുള്ളത്. ഒന്ന്, ഇതിന്റെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പമ്പ് ഹൗസ് നിർമ്മിക്കണം; അതിനാവശ്യമായ അനുമതി വേണം. രണ്ട്, വനം വകുപ്പിന്റെ അനുമതിയുംകൂടി ആവശ്യമാണ്. ഈ രണ്ട് വിഷയങ്ങളാണ് ഇതിന്റെ ഭാഗമായി വന്നത്. മാത്രമല്ല, മലയോര ഹൈവേ പ്രോജക്ടിന്റെ അലൈൻമെന്റിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട പൈപ്പ്ലൈൻ അലൈൻമെന്റ് വന്നതിനാൽ വീണ്ടും ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടതുപ്രകാരം അത് ഡിപ്പാർട്ടുമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. താമസിയാതെ പ്രസ്തുത നടപടികൾ പൂർത്തിയാകും. പമ്പ്ഹൗസ് നിർമ്മിക്കേണ്ട സ്ഥലം വാട്ടർ അതോറിറ്റിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. സമയബന്ധിതമായി ആ സ്ഥലം ലഭ്യമാക്കി നൽകും. ഈ രണ്ട് കാര്യങ്ങളും പരിഹരിച്ച് വളരെ പെട്ടെന്നുതന്നെ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

### (6) നെല്ലായയിലെ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 കാലഘട്ടത്തിൽ ലൈസൻസ് നൽകിയ നെല്ലായ പഞ്ചായത്തിലെ 11-ാം വാർഡിൽ കളത്തിൽ കുഞ്ഞഹമ്മദ് ഹാജിയുടെ 59/1 സർവ്വെ നമ്പരിൽപ്പെടുന്ന സ്ഥലത്ത് അടുത്ത കാലത്താണ് കരിങ്കൽ ക്വാറിയുടെ പ്രാഥമികമായ പ്രവർത്തനമാരംഭിച്ചത്. ക്വാറിയുടെ പ്രവർത്തനമാരംഭിച്ച് ഒരു സാമ്പിൾ ടെസ്റ്റ് നടത്തിയപ്പോൾ തന്നെ പരിസരവാസികൾക്ക് വലിയ ഭീതിയും ആശങ്കയുമാണുണ്ടായത്. ചളവറ, നെല്ലായ, വല്ലപ്പുഴ പഞ്ചായത്തുകളിലെ പ്രകൃതിയെയും ആവാസ വ്യവസ്ഥയെയും സംരക്ഷിച്ചുകൊണ്ട് നിൽക്കുന്ന സമതല പ്രദേശത്തുനിന്നും ഏകദേശം 500 അടി ഉയരത്തിലുള്ള പൊൻമുഖം മലയുടെ ഭാഗത്താണ് ഈ ക്വാറി ആരംഭിക്കാൻ തുടങ്ങിയത്. 2007-ൽ ഈ ക്വാറിമലയുടെ മറ്റൊരു ഭാഗത്ത് ചെങ്കൽ ഖനനം നിയമവിരുദ്ധമായി ആരംഭിച്ച സന്ദർഭത്തിൽ, കേരള നിയമസഭയിൽ അന്നത്തെ പട്ടാമ്പി എം.എൽ.എ. ശ്രീ. സി. പി. മുഹമ്മദ്

അവതരിപ്പിച്ച സബ്മിഷന് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെയും ഇടപെടലിന്റെയും അടിസ്ഥാനത്തിൽ ആ ഭാഗത്ത് ഖനനം നിർത്തിയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ 2018-19 വർഷത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഈ മലയുടെ ഒരു ഭാഗത്തുനിന്ന് കനത്ത മണ്ണിടിച്ചിലും മലയിടിച്ചിലും ഉണ്ടായതിന്റെ ഭാഗമായി നിരവധി കുടുംബങ്ങളെ അന്ന് സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്കും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും മാറ്റിയ അനുഭവവും അവിടെ ഉണ്ടായിട്ടുണ്ടെന്ന് അർത്ഥം. ആ സന്ദർഭത്തിലാണ് നെല്ലായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് പൊൻമുഖം മല സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കപ്പെട്ടത്. ഈ മലയിലുണ്ടാകുന്ന ഏതൊരു പ്രത്യാഘാതവും പിന്നീട് വല്ലപ്പുഴയിലെ നാലാം വാർഡിലെ ജനങ്ങളും അനുഭവിക്കേണ്ടി വരുന്നു. ഏകദേശം എണ്ണൂറോളം കുടുംബങ്ങൾ, വിവിധ സ്ഥാപനങ്ങൾ, മദ്രസ്സകൾ, പള്ളികൾ, കല്യാണമണ്ഡപം, വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഈ സമതല പ്രദേശത്തെ ജനങ്ങൾ ഭയവിഹ്വലരാണ്. അവിടെ ഏത് രീതിയിലുള്ള പാരിസ്ഥിതികാഘാത പഠനം നടത്തിയാണ് ക്വാറിക്ക് പ്രവർത്തനാനുമതി ലഭിച്ചതെന്ന് വ്യക്തമല്ല. അവിടെ അന്വേഷിച്ചാൽ ഇതിന്റെ ഭീകര രൂപം മനസ്സിലാകും. അതുകൊണ്ട് പൊൻമുഖം മലയെ സംരക്ഷിക്കുന്നതിനായി ഒരു ജനകീയ സമിതി രൂപീകരിച്ചുകൊണ്ടും നിയമപരമായ നടപടികളും ജനാധിപത്യ രീതിയിലുള്ള ജനകീയ പ്രക്ഷോഭങ്ങളും സംഘടിപ്പിച്ചുകൊണ്ടും ഇതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകളും ദുരിതങ്ങളും പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഒറ്റപ്പാലം താലൂക്കിലെ നെല്ലായ വില്ലേജിലെ ശ്രീ. ഗോപിനാഥൻ എന്നയാൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ ക്വാറീയിംഗ് പെർമിറ്റിനുവേണ്ടി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽനിന്ന് സ്ഥലം പരിശോധിക്കുകയും ടി പരിശോധനയിൽ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന ക്ലിയറൻസുള്ള സ്ഥലമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച മൈനിംഗ് പ്ലാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസെന്റ് ടു ഓപ്പറേറ്റ്, എക്സ്പ്ലോസീവ് ലൈസൻസ്, പഞ്ചായത്ത്-പരിസ്ഥിതി വകുപ്പുകളുടെ ലൈസൻസുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് ലെറ്റർ ഓഫ് ഇൻഡെന്റ്

അയയ്ക്കുകയുണ്ടായി. ഈ സ്ഥലത്ത് ക്വാറീയിംഗിന് അനുമതി നൽകരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽ ലഭിച്ചിരുന്നു. എന്നാൽ നെല്ലായ ഗ്രാമപഞ്ചായത്തിൽനിന്നും ലൈസൻസ് അനുവദിക്കാത്തതിനെതിരെ ഈ വ്യക്തി കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിൽ കോടതി അദ്ദേഹത്തിന് അനുകൂലമായ വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. 26-5-2022-ലെ ലെറ്റർ ഓഫ് ഇൻഡെന്റിൽ ആവശ്യപ്പെട്ട രേഖകളായി അംഗീകരിച്ച മൈനിംഗ് പ്ലാൻ, ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ്, നേരത്തെ ബഹുമാന്യനായ അംഗം പറഞ്ഞ ഇ.ഐ.എ.-യുടെ പാരിസ്ഥിതികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസെന്റ് ടു ഓപ്പറേറ്റ് ഇവയെല്ലാം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ഓഫീസിൽനിന്ന് വീണ്ടും സ്ഥലം പരിശോധിക്കുകയും ക്വാറീയിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തത്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം പ്രതിപാദിക്കുന്ന ക്ലിയറൻസുള്ളതിനാലും മറ്റ് വകുപ്പുകളുടെ നിയമപ്രകാരമുള്ള ലൈസൻസുകളും അപേക്ഷകളും ഹാജരാക്കിയതിനാലുമാണ് ജില്ലാ ഓഫീസിൽ നിന്നും പ്രസ്തുത ക്വാറീയിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും പരാതികൾ യഥാസമയം പരിശോധിച്ചതിന് ശേഷവുമാണ് ക്വാറിയിംഗ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്നാണ് വകുപ്പുതല പരിശോധനയിൽ കാണുന്നത്.

12.00 Noon]

## (7) കൊടുവള്ളി ഗവ. ആർട്സ് & സയൻസ് കോളേജിന്റെ സമഗ്ര വികസനം

ഡോ. എം. കെ. മുനീർ: സർ, കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കൊത്തൻപാറ മലയിലെ അഞ്ച് ഏക്കർ ഭൂമിയിലാണ് കൊടുവള്ളി സി.എച്ച്.എം.കെ.എം. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥിതി ചെയ്യുന്നത്. അവിടെ ആകെയുള്ള എട്ട് ക്ലാസ് റൂമുകളിൽ നാലെണ്ണം അഡ്മിനിസ്ട്രേഷനും ലാബിനുംവേണ്ടി മാറ്റിയതിനാൽ അവശേഷിക്കുന്ന നാല് ക്ലാസ് റൂമുകൾ മാത്രമാണ് പഠനത്തിനായുള്ളത്. ബി.എ. (ഇംഗ്ലീഷ്/മലയാളം), ബി.കോം., ബി.എസ്സി. (സ്റ്റാറ്റിസ്റ്റിക്സ്) എന്നീ യു.ജി. കോഴ്സുകളും എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് എന്ന പി.ജി. കോഴ്സുമാണ് അവിടെയുള്ളത്. ഇത്രയും ക്ലാസ്സുകൾ നടത്താൻ പതിനാറ് ക്ലാസ് റൂമുകൾ ആവശ്യമാണെന്നിരിക്കെ അവിടെ നാല് ക്ലാസ്

റൂമുകളിലായാണ് പഠനം നടത്തുന്നത്. വരാന്തയിലും പോർട്ടിക്കോയിലുമായാണ് കുട്ടികൾ ക്ലാസ്സുകൾ അറ്റൻഡ് ചെയ്തുകൊണ്ടിരിക്കുന്നത്. 14 കോടി രൂപയുടെ കിഫ്ബി പദ്ധതി നിലവിലുണ്ടെങ്കിലും ഇപ്പോഴുള്ള ബിൽഡിംഗിന്റെ മുകളിൽ ഇനിയൊരു ഫ്ലോർ നിർമ്മിക്കാൻ സാധിക്കില്ലെന്നും നിർമ്മിച്ചാൽ അത് താങ്ങാനുള്ള ശക്തി താഴത്തെ ഫ്ലോറിനില്ലെന്നുമാണ് ടി പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ പറയുന്നത്. അതുകൊണ്ട് അവിടെയുള്ള അഞ്ച് ഏക്കർ ഭൂമി അക്വയർ ചെയ്താൽ മാത്രമേ ഇനി ക്ലാസ് റൂമുകൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഒരു കോളേജ് അദ്ധ്യാപികയായിരുന്നതുകൊണ്ട് ഈ ശോചനീയാവസ്ഥ പ്രത്യേകിച്ച് പറയേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അവിടെയുള്ള retaining wall നിർമ്മിക്കുന്നതിനുവേണ്ടി R.C.C. Retaining Wall എന്നാണ് അതിന്റെ പേരിൽ സൂചിപ്പിച്ചിട്ടുള്ളത്. അതിന്റെ nomenclature മാറ്റി construction of retaining wall and compound wall എന്നുരേഖപ്പെടുത്തിക്കൊണ്ടുള്ള റിവൈസ്ഡ് എ.എസ്.-നുവേണ്ടിയുള്ള ഫയൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് സാംഗ്ഷൻ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. മാത്രമല്ല, അഞ്ച് ഏക്കർ ഭൂമി കൂടി അക്വയർ ചെയ്താൽ മാത്രമേ കിഫ്ബിയുടെ 14 കോടി രൂപ ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ. കിഫ്ബിക്ക് ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള പ്രൊവിഷനുള്ളതുകൊണ്ട് കിഫ്ബിയോട് 14 കോടി രൂപ എന്നത് 15 കോടി രൂപ ആക്കണമെന്ന് പറഞ്ഞാൽത്തന്നെ നമുക്ക് ലാൻഡ് അക്വയർ ചെയ്ത് ടി കെട്ടിടം നിർമ്മിക്കാനുള്ള സൗകര്യമുണ്ടാകും. ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണം. ആർട്സ് കോളേജില്ലാത്ത കൊടുവള്ളി നിയോജകമണ്ഡലത്തിൽ കോളേജ് അനുവദിക്കണമെന്ന നിലയ്ക്കാണ് 2013-ൽ ഈ കോളേജ് അനുവദിച്ചത്. പഞ്ചായത്താണ് ഇപ്പോഴുള്ള ലാൻഡ് അക്വയർ ചെയ്ത് നൽകിയത്. ഇപ്പോൾ ആ പഞ്ചായത്തിന് അതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കൊടുവള്ളി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൊടുവള്ളി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 29-10-2019-ലെ 1941/2019 നമ്പർ ഉത്തരവുപ്രകാരം 4.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഘടന മാറ്റിയതിനാൽ ആയതുപ്രകാരം പുതുക്കിയ ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ

കോളേജുകളും അടുത്ത അഞ്ചുവർഷംകൊണ്ട് ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകുകയും ആയതുപ്രകാരം കൊട്ടുവള്ളി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിന്ന് ലഭ്യമാക്കിയ പദ്ധതി റിപ്പോർട്ടിൽ കോളേജിനായി സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും ആയതിനായി ഏകദേശം 5 കോടിയോളം രൂപ ആവശ്യമായി വരുമെന്നും അറിയിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 22-2-2020-ലെ 310/2020 നമ്പർ ഉത്തരവുപ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ വെർട്ടിക്കൽ എക്സ്പാൻഷൻ നടത്തുന്നതിനും പുതിയ അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനുമായി 14,26,16,140 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 'ഗൃഹ' മാനദണ്ഡങ്ങൾക്കനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും പുതുക്കുന്നതിനായി കിഫ്ബി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ എസ്.പി.വി.-ആയ കിറ്റ്കോ പ്ലാനും എസ്റ്റിമേറ്റും പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്ലാനും എസ്റ്റിമേറ്റും കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമായശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.

(8) ചാലക്കുടി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 100 കി. മീ. അകലെയുള്ള മലക്കപ്പാറയിലെ തോട്ടം തൊഴിലാളികൾ, അതിരപ്പിള്ളി വാഴച്ചാൽ മേഖലയിലെ ആദിവാസികൾ ഉൾപ്പെടെയുള്ള സാധാരണക്കാർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രിയാണ് ചാലക്കുടി താലൂക്കാശുപത്രി. National Quality Assurance Standards പ്രകാരം നടന്ന പരിശോധനയിൽ രാജ്യത്തെ മികച്ച സർക്കാർ ആശുപത്രിയായി തുടർച്ചയായി രണ്ടുവർഷം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കായകൽപ്പ അവാർഡും കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഉൾപ്പെടെയുള്ള അവാർഡുകളും നേടിയിട്ടുള്ള ഈ ആശുപത്രി കോവിഡ് കാലത്ത് മെഡിക്കൽ കോളേജ് കഴിഞ്ഞാൽ ജില്ലയിലെ രണ്ടാമത്തെ ആശുപത്രിയായിരുന്നു. കോവിഡ് കാലത്ത് പൊതുജന പങ്കാളിത്തത്തോടെ ആർ.ടി.പി.സി.ആർ. മെഷീൻ, ഓക്സിജൻ പ്ലാന്റ്, 8 വെന്റിലേറ്ററുകൾ, ഓക്സിജൻ കിടക്കകൾ തുടങ്ങിയവ ഈ ആശുപത്രിക്ക് കൈമാറിയിരുന്നു. ഫിസീഷ്യന്റെ അഭാവംമൂലം ഇവിടത്തെ വെന്റിലേറ്ററുകൾ പ്രവർത്തിക്കാത്ത സ്ഥിതിയാണ്. ദേശീയപാതയിൽ അപകടത്തിൽപ്പെടുന്നവർക്കുൾപ്പെടെ ആശ്രയിക്കാൻ കഴിയുന്ന ഈ ആശുപത്രി സ്ഥിതി ചെയ്യുന്നത് ദേശീയപാത 66-ലാണ്. ഏകദേശം 1600-ലധികം രോഗികളാണ് പ്രതിദിനം ചികിത്സ തേടി ഒ.പി.-യിലെത്തുന്നത്.

ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ ഒഴിവുകൾ നികത്താത്തതുമൂലം രോഗികൾക്ക് മണിക്കൂറുകളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. സർജറി കൺസൾട്ടന്റ് ഇല്ലാത്തതുമൂലം ശസ്ത്രക്രിയകൾ നടക്കുന്നില്ല. കാർഡിയോളജി, ഡെർമറ്റോളജി വിഭാഗങ്ങൾ നിലവിലില്ല. ഡയാലിസിസ് ചെയ്യേണ്ട നൂറ് കണക്കിന് രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ പേർക്ക് ഡയാലിസിസിനുള്ള സൗകര്യമൊരുക്കണം. മാമോഗ്രാം പ്രവർത്തിപ്പിക്കുന്നതിനായി റേഡിയോളജിസ്റ്റ് ഇല്ല. ട്രോമാ കെയർ കെട്ടിടത്തിന്റെ പണി പൂർത്തിയായതിനാൽ അതിനാവശ്യമായ തസ്തികകളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ഒ.പി. ബ്ലോക്കിന് പുതിയ കെട്ടിടം ആവശ്യമാണ്. വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും സ്ഥലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്ന ചുരുക്കം താലൂക്കാശുപത്രിയിൽ ഒന്നാണിത്. മലക്കപ്പാറ മുതൽ കിലോമീറ്ററുകൾ താണ്ടി ചികിത്സയ്ക്കെത്തുന്ന ആദിവാസികളുൾപ്പെടെയുള്ള സാധാരണക്കാർക്ക് സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി വീണ്ടും കിലോമീറ്ററുകൾ താണ്ടി മെഡിക്കൽ കോളേജിൽ പോകേണ്ട അവസ്ഥയാണുള്ളത്. ആയതിനാൽ ഈ ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ചാലക്കുടി താലൂക്കാസ്ഥാന ആശുപത്രിയിലെ ശരാശരി ഒ.പി. 1700-ഉം ഐ.പി. 100-ഉം ആണ്. ആശുപത്രിയിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 144 ആണെങ്കിലും നിലവിൽ 204-ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. അവിടത്തെ സൂപ്രണ്ട് ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ മികച്ച രീതിയിൽ പ്രവർത്തിച്ചതിന്റെ കൂടി ഫലമായി 2018, 2022 എന്നീ വർഷങ്ങളിൽ NQAS (National Quality Assurance Standards) ദേശീയ അംഗീകാരവും 2021-ൽ സംസ്ഥാന കായകൽപ്പ അവാർഡും ഈ ആശുപത്രിക്ക് ലഭ്യമായിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, സ്പെഷ്യാലിറ്റി ഒ.പി., ഐ.പി., 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ്, ആധുനിക ഓട്ടോ അനലൈസർ സംവിധാനം, ആർ.ടി.പി.സി.ആർ., TrueNat തുടങ്ങിയ ടെസ്റ്റുകൾ ചെയ്യുന്ന മൈക്രോബയോളജി വിഭാഗം, എക്സ്റേ, യു.എസ്.ജി., സി.ടി., മാമോഗ്രാം സംവിധാനമുള്ള റേഡിയോളജി ഡിപ്പാർട്ട്മെന്റ്, മെഡിക്കൽ ഐ.സി.യു., ടെലിമെഡിസിൻ ഹബ്ബ് കമാൻഡ്, സർജിക്കൽ ഐ.സി.യു., പീഡിയാട്രിക് ഐ.സി.യു., ഓക്സിജൻ പ്ലാന്റ്, 96 ഓക്സിജൻ ബെഡ്ഡുകൾ, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ലോൺഡ്രി, 24 മണിക്കൂർ ആംബുലൻസ്

സർവ്വീസ്, ജില്ലയിലെ വിമുക്തി കേന്ദ്രം, ഫിസിയോ തെറാപ്പി, പോസ്റ്റ്മോർട്ടം യൂണിറ്റ്, ഐസൊലേഷൻ വാർഡ് തുടങ്ങി വിവിധങ്ങളായ പദ്ധതികളും സേവനങ്ങളും ഈ ആശുപത്രി മുഖാന്തരം ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ ട്രോമാ കെയർ വിഭാഗം പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി 4,10,00,000 (നാല് കോടി പത്ത് ലക്ഷം) രൂപ അനുവദിച്ചിട്ടുള്ളതിനാൽ അതിനുള്ള കെട്ടിട നിർമ്മാണം പുരോഗമിച്ചുവരികയും അത് നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലുമാണ്. 94 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 'ലക്ഷ്യ' മാനദണ്ഡപ്രകാരമുള്ള ലേബർ റൂം പുനരുദ്ധാരണ പ്രവൃത്തികൾ, 24 ലക്ഷം രൂപ ഉപയോഗപ്പെടുത്തി Centralised Sterile Department, വാർഷിക പദ്ധതിയിലുൾപ്പെടുത്തി 74 ലക്ഷം രൂപയുടെ പ്രവൃത്തികൾ, കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ECRP-1 പ്രകാരം 18 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ടുള്ള രോഗികൾക്കുള്ള ഇരിപ്പിടം സജ്ജമാക്കൽ, ഡ്രെയിനേജ്, മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾ, ECRP-II പ്രകാരം 16,44,000 (പതിനാറ് ലക്ഷത്തി നാൽപ്പത്തിനാലായിരം) രൂപ ഉപയോഗിച്ച് 5 പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജമാക്കൽ എന്നീ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഉദ്ഘാടനത്തിനായി ഞാൻ അവിടം സന്ദർശിച്ചപ്പോൾ ബഹുമാന്യനായ എം.എൽ.എ. ശ്രീ. സനീഷ്കുമാർ ജോസഫും അവിടെയുണ്ടായിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് ആശുപത്രിയിൽ ബേൺസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആയതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നിന്നും തൃശ്ശൂർ ജില്ലാ ആശുപത്രിയെ തെരഞ്ഞെടുത്ത് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്ന നടപടികളാണ് ആദ്യഘട്ടത്തിൽ സർക്കാർ നടപ്പിലാക്കിവരുന്നത്. ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി, പീഡിയാട്രിക്, ഡെന്റൽ, സർജറി, ഇ.എൻ.ടി., ഒഫ്താൽമോളജി, ഓർത്തോ, അനസ്തേഷ്യ, ജനറൽ മെഡിസിൻ, കാഷ്വാലിറ്റി, എക്സ്റേ ലാബ്, ഡയാലിസിസ് എന്നീ വിഭാഗങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ആശുപത്രിയിൽ സൂപ്രണ്ട് അടക്കം വിവിധ വിഭാഗങ്ങളിലായി 22 ഡോക്ടർമാരുൾപ്പെടെ ആകെ 121 ജീവനക്കാരുടെ അംഗീകൃത സ്ഥിരം തസ്തികകളുണ്ട്. ഇതിനുപുറമേ എൻ.എച്ച്.എം. മുഖാന്തരം 19, എച്ച്.എം.സി. മുഖാന്തരം 77 എന്നിങ്ങനെ 96 താൽക്കാലിക ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. അങ്ങനെ ആകെ 217 ജീവനക്കാരുടെ സേവനം നിലവിൽ ഈ ആശുപത്രിയിൽ ലഭ്യമാണ്. അവിടെ 2 ഡോക്ടർമാരുടെ (ഒരു ഇ.എൻ.ടി.

കൺസൾട്ടന്റ്, ഒരു അനസ്തേഷ്യ കൺസൾട്ടന്റ്) ഒഴിവുകളും മറ്റു വിഭാഗം ജീവനക്കാരുടെ 9 ഒഴിവുകളുമുണ്ട്. സ്ഥിരം തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് എൻ.എച്ച്.എം./എച്ച്.എം.സി. മുഖാന്തരമോ അഡ്ഹോക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമോ നടപടിക്രമങ്ങൾ പാലിച്ച് താൽക്കാലികമായി നിയമനം നടത്തുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ ആശുപത്രിയിൽ താഴെപ്പറയും പ്രകാരം 18 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

| പുതിയ തസ്തികകൾ | എണ്ണം |
|---|---|
| ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ | 1 |
| ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II | 1 |
| ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 2 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 |
| മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ | 1 |
| ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 2 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 5 |

ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ആദിവാസി മേഖലയിലുൾപ്പെടെയുള്ളവർ ആശ്രയിക്കുന്ന ആശുപത്രിയെന്ന നിലയിൽ ആ ആശുപത്രിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്കതല ആശുപത്രിയായി നിലവിൽ പരിഗണിക്കപ്പെടുന്ന ഈ ആശുപത്രിയിൽ അനിവാര്യമായ അധിക തസ്തിക സൃഷ്ടിക്കാൻ സാധിക്കുമോയെന്ന കാര്യം സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നുണ്ട്.

### (9) താഴമ്പള്ളി, കഠിനംകുളം തീരസംരക്ഷണം

ശ്രീ. വി. ശശി: സർ, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി ഭാഗത്തെ തീരശോഷണം തടയാനും കഠിനംകുളം കായലിന്റെ തീരസംരക്ഷണത്തിനുമായി രൂപം നൽകിയ കിഫ്ബി പ്രോജക്ട് ഇതുവരെ

നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ഏതാണ്ട് മൂന്നര വർഷം പിന്നിടുകയാണ്. ഈ പ്രോജക്ടിന്റെ പുതിയ എസ്റ്റിമേറ്റിന് കഴിഞ്ഞ മാർച്ച് മാസത്തിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചതായി അറിയാൻ കഴിഞ്ഞു. താഴമ്പള്ളിയിൽ മുഞ്ഞമൂട് പ്രദേശം മുതൽ 2.7 കിലോമീറ്റർ വരെ കടൽത്തീരം സംരക്ഷിക്കുന്നതിനായി 9 ഗ്രോയിനുകളാണ് ഇനി നിർമ്മിക്കാനുള്ളത്. അതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം എത്രയുംവേഗം ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഇതിനോടൊപ്പം കഠിനംകുളം കായൽത്തീര സംരക്ഷണവും നിർമ്മാണവും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അത് നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും എത്രയുംവേഗം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വടക്കുവശത്തുള്ള താഴമ്പള്ളി ഭാഗത്തും കഠിനംകുളം കായലിന്റെ തീരദേശ പ്രവൃത്തികൾ നടപ്പാക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ 1831 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് 9-11-2018-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിരുന്നു. ഈ പദ്ധതിയിൽ 1.9 കിലോമീറ്റർ ദൂരത്തിൽ 10 ഗ്രോയിനുകളുടെ നിർമ്മാണമാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നോഡൽ സ്റ്റഡി നടത്തുകയും 25-4-2019-ന് 1656 ലക്ഷം രൂപയുടെ പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. 4-6-2019-ന് പ്രീ-ക്വാളിഫിക്കേഷൻ ദർഘാസ് ക്ഷണിച്ചെങ്കിലും ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 16-09-2019 അവസാന തീയതിയായി നിശ്ചയിച്ച് പുനർദർഘാസ് ക്ഷണിച്ചെങ്കിലും അതിൽ രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. ഇവർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ രണ്ടാമതും പുനർദർഘാസ് ക്ഷണിക്കേണ്ടിവന്നു. പ്രസ്തുത ദർഘാസിലും വളരെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തിരുന്നതിനാൽ ടെണ്ടറിന് അംഗീകാരം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ കിഫ്ബി അധികാരികൾ സ്ഥലം സന്ദർശിച്ച് ഡി.എസ്.ആർ. 2018 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് പരിഷ്കരിക്കാൻ 12-10-2021-ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് സമർപ്പിച്ച 2651 ലക്ഷം രൂപയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിന് 15-3-2022-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഇൻവെസ്റ്റിഗേഷൻ വിഭാഗം പ്രസ്തുത പ്രദേശത്ത് Bathymetric survey നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 28-4-2022-ന് ചേർന്ന സാങ്കേതികാനുമതി സമിതി 2409.60 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. 50 മുതൽ 110 വരെ മീറ്റർ നീളത്തിൽ 10 ഗ്രോയിനുകൾ നിർമ്മിക്കുന്നതിനാണ് സാങ്കേതികാനുമതി ലഭിച്ചിരിക്കുന്നത്. തുടർന്ന് ക്ഷണിച്ച ഡബിൾ കവർ ടെണ്ടറിൽ 9 പേർ പങ്കെടുത്തെങ്കിലും 25-7-2022-ന് ചേർന്ന ടെണ്ടർ കമ്മിറ്റി ഇതിൽ 6 പേരെ യോഗ്യരാക്കുകയും തുടർന്ന് ഫിനാൻഷ്യൽ ബിഡിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മെസ്സേഴ്സ് രാമലിംഗം കൺസ്ട്രക്ഷൻ കമ്പനി (പ്രൈവറ്റ്) ലിമിറ്റഡിന്റെ ദർഘാസ് തെരഞ്ഞെടുക്കുകയും ചെയ്തു. എസ്റ്റിമേറ്റ് നിരക്കിൽനിന്നും 5.2 ശതമാനം കുറവായാണ് പ്രസ്തുത കമ്പനി ക്വാട്ട് ചെയ്തിരുന്നത്. കിഫ്ബിയുടെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന് നോട്ടീസ് നൽകുന്നതിന് മുന്നോടിയായി പ്രവൃത്തിയുടെ സാങ്കേതിക രേഖകളും ഫയലുകളും കിഫ്ബിയുടെ പരിശോധനയ്ക്ക് നൽകി അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി ഈ മൺസൂൺ സീസണിനുശേഷം സെപ്റ്റംബർ അവസാനത്തോടുകൂടി നിർമ്മാണം ആരംഭിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(10) മലബാർ ഇസ്ലാമിക് കോംപ്ലക്സിന് പകരം ഭൂമി

ശ്രീ. എം. രാജഗോപാലൻ: സർ, മലബാർ ഇസ്ലാമിക് കോംപ്ലക്സിന് പകരം ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. കോവിഡ് മഹാമാരിക്കാലത്ത് കാസർഗോഡ് ജില്ലയ്ക്ക് ലഭിച്ച സൗഭാഗ്യമാണ് ടാറ്റ ഗ്രൂപ്പ് നിർമ്മിച്ച കോവിഡ്-19 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി. ജില്ലയിലെ തെക്കിൽ വില്ലേജിലാണ് ഈ ആശുപത്രി അനുവദിക്കപ്പെട്ടത്. ഇതിനായി കണ്ടെത്തിയ സർക്കാർ ഭൂമി നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ഭൂമിയോട് ചേർന്നുള്ള മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഉടമസ്ഥതയിലുള്ള 1.6695 ഹെക്ടർ വഖഫ് ഭൂമി ഒരു പൊതു ആവശ്യത്തിനായി ഏറ്റെടുക്കാൻ 2020-ൽ സർക്കാരും വഖഫിന്റെ ഉടമസ്ഥാവകാശിയായ മലബാർ ഇസ്ലാമിക് കോംപ്ലക്സും തമ്മിൽ ധാരണയിലെത്തുകയായിരുന്നു. ഇതിനുപകരമായി ഈ ഭൂമിയോട് ചേർന്ന് സമാന വിലമതിക്കുന്ന 1.6695 ഹെക്ടർ സർക്കാർ ഭൂമി ഒരു പ്രത്യേക കേസ്സായി പരിഗണിച്ചുകൊണ്ട് പതിച്ചുനൽകുന്നതായ ഒരു ഉടമ്പടിയായിരുന്നു അത്. തെക്കിൽ വില്ലേജിൽ 266/03, 267/2(ബി-1), 276/(1-

എ), 277/1 എന്നീ സർവ്വേ നമ്പരുകളിലാണ് റവന്യൂ ഭൂമി പതിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നത്. എന്നാൽ ഇതുവരെ ആ ഭൂമി അനുവദിക്കപ്പെട്ടിട്ടില്ല. അത് പ്രയോഗവൽക്കരിക്കുന്നതിന് കരാർ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കാസർഗോഡ് ജില്ലയിലെ ജംഇയ്യത്തുൽ ഉലമ മലബാർ ഇസ്ലാമിക് കോംപ്ലക്സ് സമസ്തയുടെ കീഴിലുള്ള ഒരു സ്ഥാപനമാണ്. ഈ അസോസിയേഷന്റെ കൈവശത്തിലിരുന്നതും വഖഫ് ബോർഡിൽ 10237/ആർ.എ. നമ്പരായി രജിസ്റ്റർ ചെയ്തിരുന്നതുമായ വഖഫ് ഭൂമി ടാറ്റ ഗ്രൂപ്പിന്റെ സഹായത്തോടെ Quarantine/Isolation സൗകര്യങ്ങളോടുകൂടിയ ഒരു കോവിഡ്-19 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണത്തിനായി വിട്ടൊഴിഞ്ഞുനൽകിയതിന് പകരമായി ഭൂമി പതിച്ചു നൽകുന്ന വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ കോവിഡ് ബാധിതരായ ആളുകൾ വരുന്നുണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെ കർണ്ണാടക സംസ്ഥാനം അവരുടെ ബോർഡർ കെട്ടിയടയ്ക്കുകയും കാസർഗോഡ് ജില്ലയിലെ ജനങ്ങൾ ഈ അവസരത്തിൽ വളരെ ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്ത അവസരത്തിലാണ് സമസ്ത ഈ ഭൂമി സർക്കാരിന് ഉപയോഗിക്കാൻ നൽകുന്നത്. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ കണ്ടെത്തിയ സർക്കാർ ഭൂമി പ്രസ്തുത ആശുപത്രി നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെതിനാൽ ടി ഭൂമിയോട് ചേർന്നുകിടക്കുന്നതും മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഉടമസ്ഥതയിലുള്ളതും തെക്കിൽ വില്ലേജിൽ റീസർവ്വെ നമ്പർ 276/1 എ, 277/1 എ എന്നീ നമ്പരുകളിൽപ്പെട്ടതുമായ 1.6695 ഹെക്ടർ സ്ഥലം ടി ആശുപത്രി നിർമ്മാണത്തിന് ഉതകുന്നതാണെന്ന് കാസർഗോഡ് ജല്ലാ കളക്ടർ കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത വഖഫ് ഭൂമി ഒരു പൊതു ആവശ്യത്തിലേയ്ക്ക് കേരള ഭൂമി വിട്ടൊഴിയൽ നിയമം, 1958 പ്രകാരം സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നതിനും ഇതിനുപകരം തെക്കിൽ വില്ലേജിൽതന്നെ റീ സർവ്വെ 267/2 ബി 1, 266/1, 276/1 എ, 277/1 എ

എന്നിവയിൽപ്പെട്ട 1.6695 ഹെക്ടർ ഭൂമി സർക്കാർ സ്ഥലം വഖഫ് ബോർഡ് നിയന്ത്രണത്തിലുള്ള മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഉപയോഗത്തിനായി ഒരു പ്രത്യേക കേസായി പരിഗണിച്ച് പതിച്ചുനൽകണമെന്ന വ്യവസ്ഥയിൽ ജില്ലാ കളക്ടറും ടി വഖഫ് പ്രസിഡന്റ് ജനാബ്:സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങളും തമ്മിൽ 17-4-2020-ൽ ഉടമ്പടിയിലേർപ്പെടുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് ഭൂമി പതിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി. വഖഫ് ബോർഡ് നിയന്ത്രണത്തിലും മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഉടമസ്ഥതയിലുമായിരുന്ന 1.6695 ഹെക്ടർ ഭൂമിക്ക് ആകെ 70.51 ലക്ഷം രൂപയാണ് ന്യായവില കണക്കാക്കിയിട്ടുള്ളത്. ഈ വസ്തുവിനോട് ചേർന്നുകിടക്കുന്നതും മലബാർ ഇസ്ലാമിക് കോംപ്ലക്സിന് നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ സർക്കാർ ഭൂമിക്ക് പുതുക്കിയ ന്യായവില പ്രകാരം 1.6695 ഹെക്ടറിന് ആകെ 79.51 ലക്ഷം രൂപയാണ് വില കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം കൈമാറ്റം ചെയ്യുന്ന വസ്തുക്കളുടെ വില സമാനമാണ്. പൊതു ആവശ്യത്തിനായി സർക്കാർ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം വഖഫ് വസ്തു ഏറ്റെടുക്കാൻ വഖഫ് ആക്ട് സെക്ഷൻ 51(1-A) പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കോവിഡ്-19 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം, 1958 പ്രകാരം വിട്ടൊഴിഞ്ഞ ഭൂമിക്കോ പകരമായി മറ്റു ഭൂമിക്കോ ഭാവിയിൽ അവകാശവാദമുന്നയിക്കാൻ കഴിയുന്നതല്ല. എന്നാൽ കോവിഡ്-19 മഹാമാരി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും രോഗികൾ ഏറെ ആശ്രയിക്കുന്ന അതിർത്തി സംസ്ഥാനത്തിലെ മംഗലാപുരം ആശുപത്രിയിലേയ്ക്ക് അടിയന്തര സാഹചര്യങ്ങളിൽപോലും രോഗികളെ അതിർത്തി കടത്തിവിടാതെ തടയുന്ന മനുഷ്യത്വരഹിതമായ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽതന്നെ കോവിഡ്-19 ഹോസ്പിറ്റലിന്റെ നിർമ്മാണം അനിവാര്യമായി വരികയും കേരള ഭൂമി വിട്ടൊഴിയൽ നിയമം, 1958 പ്രകാരം ജംഇയ്യത്തുൽ ഉലമ മലബാർ ഇസ്ലാമിക് കോംപ്ലക്സ് വക വഖഫ് വസ്തു വിട്ടൊഴിഞ്ഞുനൽകുന്നതിന് വഖഫ് ബോർഡ് തീരുമാനം കൈക്കൊള്ളുകയുമാണുണ്ടായത്.

മേൽ സാഹചര്യത്തിൽ കാസർഗോഡ് താലൂക്കിൽ, തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 276/1 എ, 277/1 എ എന്നിവയിൽ ഉൾപ്പെട്ടതുമായ 1.6695 ഹെക്ടർ വഖഫ് ഭൂമിക്ക് പകരം പ്രസ്തുത വില്ലേജിൽത്തന്നെ സർവ്വേ നമ്പർ 266/1, 267/2 ബി1 എന്നീ നമ്പരുകളിൽപ്പെട്ട ഭൂമികൾ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് 1960-ലെ ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള 1964 ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരമുപയോഗിച്ച് പതിച്ചുനൽകി 26-8-2022-ലെ സ.ഉ.(കൈ)202/2022/റവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിരവധി പഴികൾ സർക്കാരിന് കേൾക്കേണ്ടിവന്നിട്ടുണ്ട്. പക്ഷെ ഒരിക്കൽപ്പോലും വഖഫ് ഭൂമികൾ സർക്കാർ അപഹരിച്ചുവെന്ന രീതിയിലുള്ള പ്രചരണങ്ങൾ ഉണ്ടായിട്ടില്ല. റവന്യൂ നടപടികൾക്ക് വിധേയമാകേണ്ട സമയം മാത്രമാണ് ഇക്കാര്യത്തിലെടുത്തിട്ടുള്ളത്. ഇപ്പോൾ ഈ ഭൂമി സമസ്തയ്ക്ക് വിട്ടുനൽകി ഉത്തരവായിട്ടുണ്ട്.

## V നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ

## VI ക്രമപ്രശ്നം

ബില്ലിൽ ഉൾപ്പെടാത്ത മൂലനിയമത്തിലെ വകുപ്പുകൾക്ക് സബ്ജക്ട് കമ്മിറ്റി ഭേദഗതി നിർദ്ദേശിച്ചത് സംബന്ധിച്ച്

ശ്രീ. രമേശ് ചെന്നിത്തല: സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിൽ കേരള നിയമസഭ 1999-ൽ പാസ്സാക്കിയ നിയമത്തിന്റെ സെക്ഷൻ 3, 5, 7, 14, 15 എന്നീ വകുപ്പുകൾക്കാണ് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ബിൽ 2022 ആഗസ്റ്റ് 23-ന് സഭയിൽ അവതരിപ്പിക്കുകയും അത് ചർച്ച ചെയ്തശേഷം ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയുമുണ്ടായി. 23-8-2022-ന് തന്നെ സമിതി യോഗം ചേരുകയും ഭേദഗതി ബില്ലിൽ ഓപ്പൺ ചെയ്യാത്ത 2, 6 എന്നീ വകുപ്പുകൾ ഓപ്പൺ ചെയ്ത് പരിഗണിക്കുകയും ഭേദഗതി നിർദ്ദേശിക്കുകയും ചെയ്തു. ഇത് തികച്ചും ചട്ടവിരുദ്ധവും മുൻകാലങ്ങളിൽ നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കർമാർ നൽകിയിട്ടുള്ള റൂളിംഗുകളുടെ ലംഘനവുമാണ്. സഭ 23-8-2022-ൽ ഈ ബിൽ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുമ്പോൾ ഓപ്പൺ ചെയ്യാത്ത വകുപ്പുകൾ ഓപ്പൺ ചെയ്ത് പരിശോധിക്കാനുള്ള അധികാരം നൽകിയിരുന്നില്ല. ഇപ്രകാരം സഭ അധികാരപ്പെടുത്താത്ത ഒരു കാര്യം സബ്ജക്ട് കമ്മിറ്റി എടുത്തത് കീഴ്വഴക്കങ്ങൾക്കും സ്പീക്കർമാരുടെ റൂളിംഗുകൾക്കും കടകവിരുദ്ധമാണ്. 1953 മാർച്ച് 20-ാം തീയതി അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗിന്റെ പ്രസക്തഭാഗങ്ങൾ ഞാൻ വായിക്കാം. " The function of the Select Committee on a Bill is to go through the text of the Bill, clause by clause, and, if necessary, word by word, with a view to make such amendments in it as may seem likely to render it more generally acceptable to the House. Strictly an amendment which is outside the scope of the Bill..." അതാണ് പ്രസക്തമായ ഭാഗം. " ...outside the scope of the Bill or of the amending Bill may be out of order and cannot be entertained unless a special instruction has been given by the House to the Committee" സഭ കമ്മിറ്റിക്ക് ഇത്തരം അധികാരം നൽകിയിട്ടില്ല. സഭ നൽകാത്ത ഒരു അധികാരം ഉപയോഗിച്ചുകൊണ്ട് കമ്മിറ്റി പ്രധാനപ്പെട്ട ചില വകുപ്പുകളിൽ ഭേദഗതി നിർദ്ദേശിച്ചത് സഭയോടുള്ള അനാദരവും ചട്ടങ്ങളുടെ ലംഘനവുമാണെന്ന് വളരെ വ്യക്തമാണ്. 23-08-2022-ൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുമ്പോൾ അത്തരമൊരു നിർദ്ദേശം സഭയോ ബഹുമാനപ്പെട്ട സ്പീക്കറോ നൽകാത്ത സാഹചര്യത്തിൽ ഇല്ലാത്ത അധികാരം ഉപയോഗിച്ചുകൊണ്ട് ചട്ടവിരുദ്ധമായി, ക്രമപ്രകാരമല്ലാതെ കമ്മിറ്റി ഈ ഭേദഗതികൾ ചേർത്ത് പാസ്സാക്കിയാണ് ഇപ്പോൾ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. അത്തരമൊരു സാഹചര്യത്തിൽ ഈ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത് ക്രമപ്രകാരമാണോയെന്ന് ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണം. റൂൾസ് ഓഫ് പ്രൊസീജ്വർ എടുത്തുനോക്കിയാലും പഴയകാല സ്പീക്കർമാരുടെ റൂളിംഗ് എടുത്തുനോക്കിയാലും ഇത് ചട്ടവിരുദ്ധമാണെന്ന് കാണാൻ സാധിക്കും. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ പാടുള്ളതല്ലെന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിക്കാൻ പോകുന്ന ക്രമപ്രശ്നവും സമാനമാണ്. ആയതിനാൽ ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച കാര്യങ്ങൾ ആവർത്തിക്കേണ്ടതില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വളരെയധികം പ്രാധാന്യം ഉള്ളതുകൊണ്ടാണ് ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ പിശകാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഓപ്പൺ ചെയ്യാത്ത രണ്ട് വകുപ്പുകളിന്മേലാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 3, 5, 7,

14, 15 എന്നീ വകുപ്പുകളാണ് ഭേദഗതി ബില്ലിൽ നൽകിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടത്തിയതിനുശേഷമാണ് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചത്. സബ്ജക്ട് കമ്മിറ്റിയിൽ എത്തിയപ്പോൾ ഓപ്പൺ ചെയ്യാത്ത 2, 6 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തി തിരുത്തി നൽകിയിരിക്കുകയാണ്. ഇതിന്റെ പ്രാധാന്യം കൊണ്ടുമാത്രം പൂർണ്ണമായി വായിക്കാതെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ആവർത്തിച്ച് വായിക്കുകയാണ്. " ...... an amendment which is outside the scope of the Bill or of the amending Bill may be out of order and cannot be entertained unless a special instruction has been given by the House to the Committee" –സഭ അങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടില്ല. 1953-ലെ സെലക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഒരു ക്രമപ്രശ്നത്തിന് അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗാണിത്. റൂൾസ് ഓഫ് പ്രൊസീജ്വറിൽ വളരെ കൃത്യമായി സബ്ജക്ട് കമ്മിറ്റിയെപ്പറ്റി പറയുന്ന പാർട്ടിൽ "The procedure applicable to the Select Committee on a Bill shall apply to the Subject Committee when they consider Legislation." എന്ന് പറയുന്നുണ്ട്. സെലക്ട് കമ്മിറ്റിക്ക് ബാധകമായിട്ടുള്ളതെല്ലാം സബ്ജക്ട് കമ്മിറ്റിക്കും ബാധകമാണെന്ന് റൂളിൽ പറയുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി എന്നുപറയുന്നത് സഭയുടെ മിനിയേച്ചറാണ്. നമ്മുടെ സൗകര്യത്തിനുവേണ്ടി larger body ആയ സഭ മിനിയേച്ചർ ബോഡിയായ സബ്ജക്ട് കമ്മിറ്റിക്ക് നൽകുകയാണ്. Larger body ആയ സഭ അനുവാദം നൽകാത്ത ഒരു കാര്യത്തിൽ, അതായത് 2, 6 വകുപ്പുകളിൽ ഭേദഗതി വരുത്തി പുതിയ രൂപത്തിൽ സബ്ജക്ട് കമ്മിറ്റി തിരികെ നൽകിയിരിക്കുകയാണ്. ഇത് ഗുരുതരമായ പിശകും സഭാദ്ധ്യക്ഷന്മാർ മുമ്പ് നൽകിയിട്ടുള്ള റൂളിംഗുകളുടെയും കീഴ്വഴക്കങ്ങളുടെയും കൃത്യമായ ലംഘനവുമാണ്. ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. സി. വിഷ്ണുനാഥും ഉന്നയിച്ച ക്രമപ്രശ്നത്തിൽ ഒരു ചട്ടവും ഉദ്ധരിച്ചുകണ്ടില്ല. അതായത് ഇന്ന ചട്ടം ഇത് ബാർ ചെയ്യുന്നുണ്ടെന്ന് പറഞ്ഞിട്ടില്ല. പകരം ഉദ്ധരിക്കപ്പെട്ടത് റൂളിംഗും കീഴ്വഴക്കങ്ങളും മാത്രമാണ്. ഞാൻ റൂൾസ് ഓഫ് പ്രൊസീജ്വർ മുഴുവൻ പരിശോധിച്ചു. ഓപ്പൺ ചെയ്യാൻ പാടില്ലെന്ന് ഏത് ചട്ടത്തിലാണ് പറയുന്നത്? ചട്ടം പറയുകയാണെങ്കിൽ ഞാൻ അതിലേയ്ക്ക് വരാം. ഏതെങ്കിലും ഒരു ചട്ടം ഇങ്ങനെ ഓപ്പൺ ചെയ്യാൻ പാടില്ലെന്ന് പറയുന്നുണ്ടോ? ചട്ടത്തിൽ അപ്രകാരം പറയുന്നില്ലെന്നുള്ളതാണ് വസ്തുത. സബ്ജക്ട് കമ്മിറ്റിയുടെ അധികാരം എന്താണെന്നുള്ളത് സംബന്ധിച്ചാണ് ശ്രീ. രമേശ് ചെന്നിത്തലയും

ശ്രീ. പി. സി. വിഷ്ണുനാഥും ഉദ്ധരിച്ചത്. അവർ ഇവിടെ പറഞ്ഞ കാര്യം 1957-ലെ റൂളിംഗിലാണ് വരുന്നത്. അതുപോലെ 1994-ലെ മറ്റൊരു റൂളിംഗുണ്ട്. ബില്ലിൽ മൗലികമായ മാറ്റം വരുത്താൻ സഭയ്ക്ക് എന്താണോ അധികാരമുള്ളത് - 'ചട്ടം 272 (2), 237 (2) എന്നിവ കൂട്ടിവായിച്ചാൽ ഇതേ അധികാരം സെലക്ട് കമ്മിറ്റിക്കും സബ്ജക്ട് കമ്മിറ്റിക്കും ഉണ്ടെന്നും ആ നിലയിൽ ബില്ലിൽ കമ്മിറ്റി വരുത്തിയ മൗലികമായ മാറ്റങ്ങൾ ക്രമാനുസൃതമാണെന്നുമാണ് പറയുന്നത്. അതായത് എന്ത് അധികാരമാണോ സഭയ്ക്കുള്ളത് അതേ അധികാരം പ്രത്യേകിച്ച് നിഷ്കർഷിച്ചിട്ടില്ലെങ്കിലും സബ്ജക്ട് കമ്മിറ്റിക്കുമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓപ്പൺ ചെയ്യാമോ ഇല്ലയോ എന്നതുസംബന്ധിച്ച് മറ്റ് സമാനമായ റൂളിംഗുകളുമുണ്ട്. അതിൽ പറയുന്നത് ഭേദഗതിക്കായി സ്വയം തുറക്കപ്പെടുന്നത് സംബന്ധിച്ചാണ്. 'മൂലനിയമത്തിലെ ഒരു വകുപ്പിന്റെ ഖണ്ഡം സംബന്ധിച്ച ഭേദഗതി ബില്ലിന്റെ കാര്യത്തിൽ ആ ഖണ്ഡം മാത്രമാണ്.....' ഇത് ഒരു റൂളിംഗാണ്. 'എന്നാൽ ഭേദഗതി ബില്ലിന്റെ വ്യവസ്ഥകൾക്ക് ആനുഷംഗികമായോ വ്യവസ്ഥകൾ ആശ്രയിച്ചിട്ടുള്ളതായോ പരിണതഫലമായുള്ളതോ ആയ ഭേദഗതികൾ മൂലനിയമത്തിന് മറ്റ് ഖണ്ഡങ്ങൾ സംബന്ധിച്ച് ഉന്നയിക്കാവുന്നതാണ്'. ഇത് മറ്റൊരു റൂളിംഗ് ആണ്.

ചട്ടം 82(i)-ൽ പറയുന്നത്, 'ഭേദഗതി ബില്ലിന്റെ പരിധിക്കുള്ളിലും അതുമായി ബന്ധപ്പെട്ട ഖണ്ഡത്തിലെ വിഷയത്തോട് സംഗതമായിരിക്കേണ്ടതുമാണ് എന്നാണ്. അതായത് ഭേദഗതി ബില്ലിലെ വിഷയത്തോട് സംഗതമായിട്ട് വേറെ ഏതെങ്കിലും വകുപ്പുകളുണ്ടെങ്കിൽ ആ വകുപ്പുകളിൽക്കൂടി ബന്ധപ്പെടാമെന്നാണ് ചട്ടം 82(i)-ൽ പറയുന്നത്. ചട്ടം 82(iv)-ൽ പറയുന്നത് 'ഒരു ഭേദഗതി, പിന്നീടുള്ള ഒരു ഭേദഗതിയേയോ പട്ടികയേയോ പരാമർശിക്കുകയോ അഥവാ അങ്ങനെയുള്ള ഭേദഗതി വരുത്താതെ അസ്പഷ്ടമായിരിക്കുകയോ ചെയ്യുമ്പോൾ, പിന്നീടുള്ള ഭേദഗതിക്കോ പട്ടികയ്ക്കോ ഉള്ള നോട്ടീസ് തുടരെയുള്ള ഭേദഗതികൾ മുഴുവനായും സ്പഷ്ടമാകത്തക്ക നിലയിൽ, ആദ്യത്തെ ഭേദഗതി അവതരിപ്പിക്കുന്നതിന് മുൻപ് കൊടുക്കേണ്ടതാണ് എന്നാണ്. അപ്പോൾ ഒരു ഭേദഗതി നമ്മൾ കൊണ്ടുവന്നാൽ ആ ഭേദഗതി മറ്റേതെങ്കിലും ക്ലോസ്സിനകത്ത് ഒരു ഭേദഗതി വരുത്താതെ സ്പഷ്ടമാകുന്നില്ലെങ്കിൽ ആ ക്ലോസ്സിനകത്ത് ഭേദഗതി വരുത്താമെന്നാണ് ചട്ടം. അത് റൂളിംഗ് അല്ല. പ്രസ്തുത ബില്ലിലെ സെക്ഷൻ 14-ൽ സ്വാഭാവികമായും കോംപീറ്റന്റ് അതോറിറ്റിയുടെ അധികാരങ്ങളാണ് തുറക്കുന്നത്. അപ്പോൾ സ്വാഭാവികമായും സെക്ഷൻ 2-ൽ സ്പർശിക്കേണ്ടിവരും. ഇവിടെ ഉപലോക് ആയുക്ത സിറ്റിംഗ് ജഡ്ജിയുടെ കാര്യം പറഞ്ഞു. സിറ്റിംഗ് ജഡ്ജിയായിരിക്കുമ്പോൾ ആ ജഡ്ജിയെ റിമൂവ് ചെയ്യണമെങ്കിൽ ഇംപീച്ച്മെന്റ് പ്രോസസ്സിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. സിറ്റിംഗ് ജഡ്ജിയില്ല, റിട്ടയേർഡ് ജഡ്ജിയാണെന്നുള്ളത് നമ്മൾ തുറന്ന ക്ലോസ്സാണ്. അങ്ങനെ വരുമ്പോൾ *വകുപ്പ്* 6(3) പ്രസക്തമല്ല. 6(3)-ൽ

പറയുന്നത്, 'സിറ്റിംഗ് ജഡ്ജിയെ മാറ്റുന്നതിന് എന്താണോ ഇംപീച്ച്മെന്റ് പ്രോസസ് അതുതന്നെ ഫോളോ ചെയ്യണമെന്നുള്ളതാണ്'. അപ്പോൾ വകുപ്പ് 3 തുറന്നതോടുകൂടി തന്നെ 6(3) അപ്രസക്തമായി. ഇതുതന്നെ കുറച്ചുകൂടി സ്പഷ്ടമായി ശക്ധർ ആൻഡ് കൗളിൽ എന്താണ് പറയുന്നതെന്ന് നോക്കാം. 'Amendments to sections of the Principal Act which are not touched by the amending Bill have, therefore, been allowed, if such amendments are consequential upon the amendment sought to be made through the amending Bill or, being intimately connected, fall within the scope of the bill' എന്നാണ്. അപ്പോൾ നമ്മുടെ സബ്ജക്ട് കമ്മിറ്റി അതിനകത്ത് നിന്നിട്ടുള്ള പൊതുനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് ഇത് ചട്ടവിരുദ്ധമോ ക്രമവിരുദ്ധമോ അല്ല. റൂളിന്റെ പരിധിക്കകത്തുള്ളത് തന്നെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണ നിയമനിർമ്മാണം നടക്കുന്ന വേളയിൽ ക്രമപ്രശ്നം ഉന്നയിക്കുകയാണെങ്കിൽ റൂൾ ഉദ്ധരിക്കും. റൂളിൽ ഇല്ലെങ്കിൽ നിലവിലുള്ള സ്പീക്കർമാരുടെ റൂളിംഗുകളായിരിക്കും ഉദ്ധരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വാദം നമ്മൾ ശരിവയ്ക്കുകയാണെങ്കിൽ സ്പീക്കർമാരുടെ റൂളിംഗിന് യാതൊരു വിലയുമില്ലാത്ത സാഹചര്യമുണ്ടാകും. ഇങ്ങനെ ബിൽ കമ്മിറ്റിയിൽ പോയി വേറൊരു സെക്ഷൻ ഓപ്പൺ ചെയ്യാൻ പാടില്ലെന്ന് കൃത്യമായ റൂളിംഗ് ഉണ്ട്. അത് ചട്ടത്തിലില്ല എന്ന വാദം ശരിയാണ്. ചട്ടത്തിലില്ലാത്ത സ്ഥിതിക്ക് നിലവിലുള്ള റൂളിംഗിനെ നമ്മൾ പിന്തുടരേണ്ടതാണ്. ഇല്ലെങ്കിൽ സ്പീക്കർമാരുടെ റൂളിംഗിന് പ്രസക്തിയില്ലെന്ന പ്രധാനപ്പെട്ട വിഷയമുണ്ടാകും. ആ വാദമാണ് അങ്ങ് ഉന്നയിച്ചിരിക്കുന്നത്.

ശ്രീ. പി. രാജീവ്: സർ, ഞാൻ അതല്ല ഉദ്ദേശിച്ചത്. നോട്ടീസിൽ ചട്ടവിരുദ്ധമാണെന്ന് പറയുമ്പോൾ അത് ഏത് ചട്ടത്തിന് വിരുദ്ധമാണെന്ന് പറയേണ്ടത് പ്രാഥമികമായ ഉത്തരവാദിത്വമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, യഥാർത്ഥത്തിൽ ചട്ടങ്ങളെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ് precedence and rulings of the Speaker. അങ്ങേയ്ക്കറിയാം ലോക്സഭയിൽ ഏറ്റവും കൂടുതൽ എടുക്കുന്നത് പഴയകാല സ്പീക്കർമാരുടെ റൂളിംഗുകളെയും കൺവെൻഷൻസിനെയും പ്രീസിഡന്റ്സിനെയുമാണ്. ആ നിലയിൽ പരിശോധിച്ചാണ് ഞങ്ങൾ— ഒബ്ജക്ഷൻ ഉന്നയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഓപ്പൺ ചെയ്യാത്ത, സഭ അറിയാത്ത, സഭ അനുവാദം കൊടുക്കാത്ത, സ്പീക്കർ അനുവദിക്കാത്ത ഒരു കാര്യമാണിത്. അതാണ് ഇവിടെ ഓപ്പൺ ചെയ്തിരിക്കുന്നത് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അത് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവിടെ ക്രമപ്രശ്നം അവതരിപ്പിക്കുന്ന വേളയിൽ കൂടുതൽ പ്രാധാന്യം കൊടുത്തത് സ്പീക്കറുടെ റൂളിംഗിനാണെന്ന് അങ്ങേയ്ക്കും നമുക്കെല്ലാവർക്കും അറിയാം. ചട്ടവിരുദ്ധം എന്ന വാക്കിനപ്പുറത്തേയ്ക്ക് സ്പീക്കറുടെ റൂളിംഗിന് emphasis കൊടുത്തുകൊണ്ട് തന്നെയാണ് പറഞ്ഞിട്ടുള്ളത്. കാരണം സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിലാണ് സഭ മുന്നോട്ടുപോകുന്നത്. ആ emphasis-ൽ നിൽക്കണമെന്ന റിക്വസ്റ്റ് ഞാൻ വയ്ക്കുകയാണ്. അല്ലെങ്കിൽ ഭാവിയിൽ ഇവിടെ നടക്കുന്ന എല്ലാ നിയമനിർമ്മാണങ്ങളും സഭ ചർച്ച ചെയ്യുകയും സബ്ജക്ട് കമ്മിറ്റി വേറെ തീരുമാനമെടുക്കുകയും ചെയ്താൽ അതെല്ലാം അർത്ഥശൂന്യമാകും.

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞു. ഞാൻ രണ്ട് ഭാഗമാണ് പറഞ്ഞത്. ഒന്ന്, ചട്ടം ബാർ ചെയ്യുന്നില്ല. അതുകൊണ്ട് ചട്ടവിരുദ്ധമാണെന്ന് പറയാൻ കഴിയില്ല. രണ്ട്, അംഗങ്ങൾ പറഞ്ഞത് 1957-ലെ റൂളിംഗാണ്. എന്നാൽ ഞാൻ 1994-ലെ റൂളിംഗാണ് പറഞ്ഞത്. 1994-ലെ റൂളിംഗിൽ പറയുന്നത് പ്രത്യേകം നിർദ്ദേശിക്കാതെ തന്നെ സഭയ്ക്ക് എന്ത് അധികാരമുണ്ടോ അതേ അധികാരം സബ്ജക്ട് കമ്മിറ്റിക്കും സെലക്ട് കമ്മിറ്റിക്കുമുണ്ടെന്നാണ്. ഇപ്രകാരം ബില്ലിൽ മൗലികമായ മാറ്റം വരുത്തുവാൻ സഭയ്ക്ക് അധികാരമുള്ളതുപോലെതന്നെ സെലക്ട് കമ്മിറ്റിക്കും സബ്ജക്ട് കമ്മിറ്റിക്കും ഇതേ അധികാരമുണ്ട്. ഞാൻ 1957-ലെ റൂളിംഗിന് പകരം 1994-ലെ റൂളിംഗാണ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരള നിയമസഭയുടെ ഒരു മിനിയേച്ചറാണ് സബ്ജക്ട് കമ്മിറ്റി. That is a general statement by the Speaker not at all specific.

ശ്രീ. പി. രാജീവ്: സർ, അങ്ങനെയല്ല. *അത്* കേരള തദ്ദേശാധികാര സ്ഥാപനങ്ങൾ (രൂപീകരണവും വോട്ടർ പട്ടിക തയ്യാറാക്കലും) ബില്ലുമായി ബന്ധപ്പെട്ട റൂളിംഗ് ആണ്. എങ്ങനെ ഓപ്പൺ ചെയ്യാൻ സാധിക്കുമെന്നുള്ളതിന് ശക്ധർ ആൻഡ് കൗൾ ഞാൻ ക്വാട്ട് ചെയ്തിരുന്നു. അത് consequent ആണോ dependent ആണോ എന്ന കാര്യം കൂടി അതിൽ ഞാൻ ഉദ്ധരിച്ചു. അപ്പോൾ റൂളിംഗുകളെല്ലാം വളരെ വ്യക്തമാണ്. രണ്ട് റൂളിംഗുകളും ഞാൻ പറഞ്ഞുകഴിഞ്ഞു. റൂളിംഗുകളിൽ contradiction ഉണ്ടാകുമ്പോൾ സാധാരണഗതിയിൽ സ്വീകരിക്കേണ്ട രീതി ശക്ധർ ആൻഡ് കൗൾ അടിസ്ഥാനപ്പെടുത്തി ഞാൻ സൂചിപ്പിച്ചുകഴിഞ്ഞതാണ്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ...... ഓർഡർ......

2022 ആഗസ്റ്റ് 23-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി റഫർ ചെയ്യുകയും ചെയ്ത 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിലൂടെ ഭേദഗതിക്കായി ഓപ്പൺ ചെയ്യാത്ത മൂലനിയമത്തിലെ 2, 6 എന്നീ വകുപ്പുകൾക്ക് സബ്ജക്ട് കമ്മിറ്റി ഭേദഗതി നിർദ്ദേശിച്ചത് ക്രമവിരുദ്ധവും ഇതുസംബന്ധിച്ച് മുൻകാലങ്ങളിൽ ചെയറിൽനിന്നും ഉണ്ടായിട്ടുള്ള റൂളിംഗുകൾക്ക് വിരുദ്ധവുമാണെന്നാണ് ഇവിടെ ക്രമപ്രശ്നത്തിലൂടെ ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. സി. വിഷ്ണുനാഥും ഉന്നയിച്ചത്.

ബില്ലിന്റെ അവതരണ ഘട്ടത്തിൽ ഭേദഗതിക്കായി ഓപ്പൺ ചെയ്യാതിരുന്ന മൂലനിയമത്തിലെ രണ്ട് വകുപ്പുകൾക്കുകൂടിയുള്ള ഭേദഗതി നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ടിലൂടെ ശിപാർശ ചെയ്യപ്പെടാൻ ഇടയായ സാഹചര്യം ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യങ്ങളെല്ലാം വിശദമായിതന്നെ പരിശോധിച്ചു. ആഗസ്റ്റ് 23-ാം തീയതി സഭയിൽ അവതരിപ്പിച്ച 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബില്ലിലൂടെ മൂലനിയമത്തിലെ 3, 5, 7, 14, 15 എന്നീ വകുപ്പുകളാണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ സഭയിലും തുടർന്ന് സബ്ജക്ട് കമ്മിറ്റിയിലും നടന്ന വിശദമായ ചർച്ചകളുടെ പശ്ചാത്തലത്തിൽ മൂലനിയമത്തിലെ 2, 6 എന്നീ വകുപ്പുകൾകൂടി മറ്റ് വകുപ്പുകളോടൊപ്പം ഭേദഗതി ചെയ്യപ്പെടുന്നത് ഉചിതമായിരിക്കുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി അപ്രകാരം തീരുമാനമെടുക്കുകയും സമിതി റിപ്പോർട്ടിലൂടെ അത് ശിപാർശ ചെയ്യുകയും ചെയ്തതായാണ് ചെയർ മനസ്സിലാക്കുന്നത്. സബ്ജക്ട് കമ്മിറ്റി തലത്തിൽ അപ്രകാരമുള്ള ഒരു തീരുമാനം കൈക്കൊള്ളാനിടയായ സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കപ്പെട്ട കാര്യം whether it is proper or not എന്നാണ്. മാത്രവുമല്ല, ഇക്കാര്യത്തിൽ മുൻ സ്പീക്കർമാരുടെ റൂളിംഗിന് വിരുദ്ധമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോയെന്നും പരിശോധിക്കപ്പെടേണ്ടതാണ്. ബില്ലുകൾ പരിഗണിക്കുന്ന പാർലമെന്ററി കമ്മിറ്റികളെക്കുറിച്ച് ശക്ധർ ആന്റ് കൗൾ എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് ഇനിപറയും പ്രകാരമാണ്.

" A Committee may amend and redraft a Bill completely, including the long title and the short title without changing its principle.

In regard to an amending Bill, amendments thereto are to be confined to the sections of the principle Act touched by the amending Bill, except in cases where the clauses of the Bill necessarily lead to an amendment or modifications of any other sections which are intimately connected therewith" (Chapter XXX, Page 887, Seventh Edition).

അതായത് ചില പ്രത്യേക സാഹചര്യങ്ങളിൽ ഓപ്പൺ ചെയ്യാത്ത വകുപ്പുകൾക്കുകൂടി ഭേദഗതികൾ നിർദ്ദേശിക്കാൻ ബില്ലുകൾ പരിശോധിക്കുന്ന പാർലമെന്റിലെ ജോയിന്റ് കമ്മിറ്റികൾക്കും സെലക്ട് കമ്മിറ്റികൾക്കും അധികാരമുണ്ടെന്നാണ് ശക്ധർ ആന്റ് കൗൾ എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്.

ബില്ലിൽ മൗലികമായ മാറ്റം വരുത്തുവാൻ സഭയ്ക്ക് അധികാരമുള്ളതുപോലെ തന്നെ ചട്ടം 227 (2), 237 (2) എന്നിവ കൂട്ടിവായിച്ചാൽ ഇതേ അധികാരം സെലക്ട് കമ്മിറ്റിക്കും സബ്ജക്ട് കമ്മിറ്റിക്കും ഉണ്ടെന്നും ആ നിലയിൽ ബില്ലിൽ വരുത്തിയ മൗലിക മാറ്റങ്ങൾ ക്രമാനുസൃതമാണെന്നും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1994-ലെ കേരള തദ്ദേശാധികാര സ്ഥാപനങ്ങൾ (രൂപീകരണവും വോട്ടർ പട്ടിക തയ്യാറാക്കലും) ബിൽ അവതരിപ്പിക്കുന്നതിനുമുമ്പായി സഭയിൽ ഉയർന്ന ക്രമപ്രശ്നം തീർപ്പാക്കിക്കൊണ്ട് റൂളിംഗ് ഉണ്ടായിട്ടുള്ള കാര്യം നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട് (അധ്യായം XVI, പേജ് 369, രണ്ടാം പതിപ്പ്).

ഇവിടെ ബഹുമാന്യരായ അംഗങ്ങൾ 1953-ലെ റൂളിംഗ് ഉദ്ധരിക്കുകയുണ്ടായി. 1994-ലെ റൂളിംഗാണ് ഇപ്പോൾ പറഞ്ഞത്. ഇതിനെല്ലാം പുറമെ 1997 ഏപ്രിൽ 8-ാം തീയതി സഭ പാസ്സാക്കിയ 1997-ലെ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതിനെത്തുടർന്ന് ബില്ലിൽ ഉൾപ്പെടാത്ത മൂലനിയമത്തിലെ 15-ാം വകുപ്പിന് കൂടി ഭേദഗതി നിർദ്ദേശിച്ചുകൊണ്ടാണ് കമ്മിറ്റി, ബിൽ സഭയ്ക്ക് റിപ്പോർട്ട് ചെയ്തതും സഭ അന്തിമമായി ബിൽ പാസ്സാക്കിയതും. അതിനാൽ ഇത്തരത്തിൽ ബില്ലിൽ ഓപ്പൺ ചെയ്യാത്ത മൂലനിയമത്തിലെ വകുപ്പുകൾക്ക് സബ്ജക്ട് കമ്മിറ്റി തലത്തിൽ ഭേദഗതി നിർദ്ദേശം വരുന്നതിലും സഭ അത് പരിഗണിക്കുന്നതിലും ഏതെങ്കിലും തരത്തിലുള്ള അപാകമുള്ളതായി കാണുന്നില്ല. മുമ്പ് പല സന്ദർഭങ്ങളിലും ഈ രീതി നമ്മുടെ സഭയിൽ അവലംബിച്ചിട്ടുള്ളതായി കാണുന്നതിനാൽ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ഓർഡർ...... ഓർഡർ.....

## നിയമനിർമ്മാണകാര്യം (തുടർച്ച)

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നേരത്തേ ഇതിന്റെ വിശദാംശങ്ങൾ പറഞ്ഞതാണ്. എന്നാൽ ചില ഭേദഗതികൾ കൂടി സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. അതിലൊന്ന് കോംപീറ്റന്റ് അതോറിറ്റിയെ സംബന്ധിച്ചുള്ളതാണ്. അത് ലോക്പാലുമായി par ചെയ്യുന്ന രൂപത്തിലാണുള്ളത്. ലോക്പാലിൽ പ്രധാനമന്ത്രിയുടെ ഹൗസ് ഓഫ് പീപ്പിൾ ആണ്. പ്രധാനമന്ത്രി തുടരണോ വേണ്ടയോ എന്നത് പാർലമെന്റ് മൊത്തത്തിലല്ല ലോക്സഭയാണ് തീരുമാനിക്കുന്നത്. അതുകൊണ്ടാണ് ലോക്പാലിൽ വരുന്നത്. മുഖ്യമന്ത്രിയുടെ കാര്യത്തിൽ നിയമസഭ എന്നുള്ളത് ലോക്പാലിന് തുല്യമാക്കി മാറ്റിയിട്ടുണ്ട്. അതോടൊപ്പംതന്നെ രാഷ്ട്രീയപാർട്ടികൾ കോംപീറ്റന്റ് അതോറിറ്റിക്ക് നിശ്ചയിക്കാൻ പറ്റാത്ത സംവിധാനമായതുകൊണ്ട് അതിനെ ഒഴിവാക്കിയിട്ടുമുണ്ട്. നേരത്തേ പറഞ്ഞ ചെറിയ ഭേദഗതികളാണ്. സിറ്റിംഗ് ജഡ്ജി ഒഴിവാകുന്നതുകൊണ്ട് ഇംപീച്ച്മെന്റ് പ്രോസസ്സ് എന്നുള്ള ഭാഗവും ഒഴിവാക്കിയിട്ടുണ്ട്. ഇതാണ് പൊതുവെ വന്നിട്ടുള്ള വ്യവസ്ഥകൾ.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് ഓപ്പൺ ചെയ്ത പോയിന്റ്, ലോക്പാലിൽ പ്രൈം മിനിസ്റ്ററെ റിമൂവ് ചെയ്യണോ വേണ്ടയോ എന്നത് ലോക്സഭ തീരുമാനിക്കുമെന്നല്ലേ? അങ്ങനെയൊരു പ്രൊവിഷൻ ലോക്പാലിൽ പറഞ്ഞിട്ടില്ല. ലോക്പാലിൽ അങ്ങനെയൊരു പ്രൊവിഷൻ ഉണ്ടെങ്കിൽ ഒന്ന് വായിക്കുമോ; ലോക്പാലിൽ കോംപീറ്റന്റ് അതോറിറ്റി ഇൻഫോം ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ പറഞ്ഞാൽ റിമൂവ് ചെയ്യുമെന്നല്ല. അതിനകത്ത് ലോക്പാൽ കണ്ടെത്തുന്ന കാര്യങ്ങൾ സ്പെഷ്യൽ കോർട്ടിലേയ്ക്ക് റിപ്പോർട്ട് ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ കോംപീറ്റന്റ് അതോറിറ്റി ഒരു തീരുമാനമെടുക്കുന്നതിനെ സംബന്ധിച്ചോ ലോക്പാലിന്റെ ഫൈൻഡിംഗിന് ഒരു

അപ്പലേറ്റ് അതോറിറ്റിയായി വർക്ക് ചെയ്യുന്നതിനെ സംബന്ധിച്ചോ ലോക്പാലിൽ എവിടെയും ഒരു റഫറൻസുമില്ല. ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ ഒന്ന് പോയിന്റ് ചെയ്താൽ നന്നായിക്കും.

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞതും അദ്ദേഹം കേട്ടതും രണ്ടും രണ്ടാണ്. കോംപീറ്റന്റ് അതോറിറ്റിയുടെ ഡെഫനിഷനിൽ മാറ്റം വരുത്തിയിട്ടുണ്ട്. കോംപീറ്റന്റ് അതോറിറ്റി എന്ന് ലോക്പാലിൽ പറയുന്നത് ആ ഡെഫനിഷൻ നോക്കിയാൽ മതി. പ്രൈം മിനിസ്റ്ററുടെ കോംപീറ്റന്റ് അതോറിറ്റിയെന്ന് പറയുന്നത് ഹൗസ് ഓഫ് പീപ്പിളാണ്. ഇല്ലെങ്കിൽ അങ്ങ് അത് വായിച്ചുനോക്കണം. അതാണ് ഞാൻ പറഞ്ഞത്. ആ കോംപീറ്റന്റ് അതോറിറ്റി ഇവിടെയും മാറ്റി. അല്ലാതെ വേറൊന്നുമല്ല പറഞ്ഞത്. യഥാർത്ഥത്തിൽ ഇത്രയുമാണ് നമ്മൾ ഉദ്ദേശിച്ചിട്ടുള്ളത്. കോംപീറ്റന്റ് അതോറിറ്റി ലോക്പാലിന് തുല്യമാക്കി മാറ്റിയെന്നേയുള്ളൂ. ഡോ. മാത്യു കുഴൽനാടൻ ഇനി പറയാൻ ഉദ്ദേശിച്ചിരുന്ന കാര്യം അറിയാതെ നേരത്തേ പറഞ്ഞുപോയതാണ്. മറ്റുള്ള കാര്യങ്ങൾ നേരത്തേ വിശദീകരിച്ചിട്ടുള്ളതിനാൽ ബിൽ സഭ സജീവമായി ചർച്ചയ്ക്ക് വിധേയമാക്കിയതിനുശേഷം ബാക്കി കാര്യങ്ങൾ ഞാൻ സൂചിപ്പിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ നേരത്തേ ഇവിടെ അവതരിപ്പിച്ചതിൽനിന്നും വ്യത്യസ്തമായി വലിയ മാറ്റം ബില്ലിലുണ്ടാകുന്ന വിധത്തിൽ ചില ഭേദഗതികൾ സബ്ജക്ട് കമ്മിറ്റിയിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്നു. അതിൽ പ്രതിപക്ഷം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം, ആദ്യം സബ്ജക്ട് കമ്മിറ്റിയിലും ഇപ്പോൾ തുടക്കത്തിലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കോംപീറ്റന്റ് അതോറിറ്റി എന്നുള്ളത് ലോക്പാലിന്റേതിന് സമാനമാക്കി മാറ്റിയെന്നുള്ളതാണ്. ഇവിടെ അതല്ല വിഷയം. നേരത്തേയുണ്ടായിരുന്ന 14-ാം വകുപ്പുപ്രകാരം ഒരാൾ കുറ്റക്കാരനാണെന്ന് കണ്ടുപിടിച്ചുകഴിഞ്ഞാൽ ലോക് ആയുക്ത നടത്തുന്ന ഡിക്ലറേഷനുണ്ട്. ആ ഡിക്ലറേഷൻ കോംപീറ്റന്റ് അതോറിറ്റി അംഗീകരിക്കണമെന്നായിരുന്നു തീരുമാനിച്ചിരുന്നത്. അതിൽ മാറ്റം വരുത്തി. കോംപീറ്റന്റ് അതോറിറ്റി ലോക്പാൽ ഡിക്ലറേഷൻ ഇംപ്ലിമെന്റ് ചെയ്യാൻ ബൈൻഡിംഗ് ആണെന്നുള്ള situation മാറ്റി*യതിനുശേഷം* അത് അംഗീകരിക്കാനും നിരാകരിക്കാനുമുള്ള അധികാരം കോംപീറ്റന്റ് അതോറിറ്റിക്ക് കൊടുക്കും. അതാണ് ഇതിലെ കാതലായ മാറ്റം. അതിനെയാണ് പ്രതിപക്ഷം ചോദ്യം ചെയ്യുന്നത്. ഞങ്ങൾ പറഞ്ഞത് ഒരു ജുഡീഷ്യൽ പ്രോസസ്സ് വഴി എൻക്വയറി നടത്തിയുണ്ടാകുന്ന ഫൈൻഡിംഗ് റിജക്ട് ചെയ്യാനോ അക്സപ്റ്റ് ചെയ്യാനോ ഉള്ള അപ്പലേറ്റ് അതോറിറ്റി എന്ന അധികാരം എക്സിക്യൂട്ടീവിന് കൊടുക്കുന്നത് ശരിയല്ലെന്നാണ്. അത്

encroachment of powers-ഉം Doctrine of Separation of powers-ന്റെ തത്വങ്ങൾക്ക് വിരുദ്ധവുമാണ്. ജുഡീഷ്യൽ പ്രോസസ്സിലൂടെ വരുന്ന ഒരു തീരുമാനത്തെ അപ്പലേറ്റ് അതോറിറ്റിയായി തീരുമാനിക്കാനുള്ള അധികാരം ഈ എക്സിക്യൂട്ടീവിനില്ല എന്നാണ് ഞങ്ങൾ വാദിക്കുന്നത്. *കാരണം* അത് ഇപ്പോഴും നിലനിൽക്കുകയാണ്. ഏറ്റവും രസകരമായ കാര്യം, ലോക്പാൽ ആക്ടിലെ സെക്ഷൻ 24-ൽ പറയുന്നത്, Action on investigation against public servant being Prime Minister, Ministers or Members of Parliament എന്നാണ്. അവർ ചെയ്യുന്നത് എന്താണ്? 'Where, after the conclusion of the investigation, the findings of the Lokpal disclose the commission of an offence under the Prevention of Corruption Act, 1988 by a public servant referred to in clause (a) or clause (b) or clause (c) of sub-section (1) of section 14, the Lokpal may file a case in the Special Court and shall send a copy of the report together with its findings to the competent authority'. ലോക്പാൽ ഒരാൾ കറപ്റ്റ് ആണെന്ന് പി.സി. ആക്ട് പ്രകാരം ഫൈൻഡിംഗ് വന്നുകഴിഞ്ഞാൽ അവർ ചെയ്യുന്നത് എന്താണ്; They may file a case before the Special Court. *കേസ്* കോടതിയിലേയ്ക്ക് വിടും. ഇവിടെ പറയുന്നത്, '......and shall send a copy of the report together with its findings to the competent authority..' എന്നാണ്. അഡ്ജുഡിക്കേറ്റിംഗ് അതോറിറ്റിയായി ആക്ട് ചെയ്യാനുള്ള അധികാരം ലോക്പാൽ ആക്ടിലെ കോംപീറ്റന്റ് അതോറിറ്റിക്ക് ഇല്ല. അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്യാനുള്ള അധികാരവും അവർക്കില്ല. അവർ ഒരു കുറ്റം കണ്ടുകഴിഞ്ഞാൽ അത് സ്പെഷ്യൽ കോർട്ടിലേയ്ക്ക് ബാക്കിയുള്ള പ്രൊസീഡിംഗ്സിനുവേണ്ടി അയയ്ക്കുകയാണ് ചെയ്യുന്നത്. ഇവരെ അറിയിക്കുകയും ചെയ്യാം എന്നുമാത്രമേയുള്ളൂ. ലോക്പാലിൽനിന്ന് കിട്ടുന്ന വിവരങ്ങൾക്കുപുറത്ത് ആ വിവരം അക്സപ്റ്റ് ചെയ്യാനോ റിജക്ട് ചെയ്യാനോ ഉള്ള അധികാരം ഇവിടെ കൊടുക്കുന്നില്ല. ലോക്പാൽ ആക്ടിലെ സെക്ഷൻ 23-ലെ Power of Lokpal to grant sanction for initiating prosecution എന്നതിൽ പ്രോസിക്യൂഷനുള്ള അധികാരം കൂടി അവർക്ക് തീർച്ചയായും കൊടുത്തിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ലോക്പാൽ ആക്ടിലെ സെക്ഷൻ 32 - Power of Lokpal to recommend transfer or suspension of public servant connected with allegation of corruption എന്നതിലെ 32(2)-ൽ പറഞ്ഞിരിക്കുന്നത്, 'The Central Government shall ordinarily accept the recommendation of the Lokpal made under sub-section (1), except for the reasons to be recorded in writing in a case where it is not feasible to do so for administrative reasons' എന്നാണ്. എത്ര മനോഹരമായാണ് ഇതിൽ വേഡിംഗ് ചെയ്തിരിക്കുന്നത്. അതായത്, ഇവർ കൊടുക്കുന്ന ഈ റെക്കമെന്റേഷൻസ്, '...the Central

Government shall ordinarily accept the recommendation, ഇനി എങ്ങനെ ചെയ്യാം ....except for the reasons to be recorded in writing in a case where it is not feasible to do so…'. സെക്ഷൻ 32(2) അത് അക്സപ്റ്റ് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് വളരെ വ്യക്തമാണ്. The legislative intention is very clear. ഇങ്ങനെയൊരു ഫൈൻഡിംഗ് ലോക്പാൽ നടത്തിക്കഴിഞ്ഞാൽ അതൊരു ജുഡീഷ്യൽ പ്രോസസ്സാണ്. കാരണം എൻക്വയറി നടത്തിയതിനുശേഷമാണ് ഫൈൻഡിംഗിൽ എത്തുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സെക്ഷൻ 32-ന്റെ രണ്ടാമത്തെ ഭാഗം ഓർഡിനറി കണ്ടീഷൻ. അല്ലെങ്കിൽ....

ശ്രീ. വി. ഡി. സതീശൻ: അല്ലെങ്കിൽ, '...except for the reasons to be recorded in writing in a case where it is not feasible to do so for administrative reasons'.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്]

ശ്രീ. പി. രാജീവ്: സർ, അങ്ങനെയാണെങ്കിൽ റിജക്ട് ചെയ്യാം.

ശ്രീ. വി. ഡി. സതീശൻ: സർ, റിജക്ട് ചെയ്യാം. പക്ഷെ, അതിലെ വേർഡിംഗ്സ് ആണ് ഞാൻ പറഞ്ഞത്. '...shall ordinarily accept the recommendation' എന്നാണ്. നിങ്ങൾ ഇവിടെ എഴുതി വച്ചിരിക്കുന്ന വേർഡിംഗ്സ് 'accept or reject' എന്നാണ്. അപ്പോൾ കേസ് ക്ലിയറാണ്. ഇത് ലോക്പാൽ ബില്ലിന് സമാനമാണെന്നല്ല, ലോക്പാൽ ബില്ലിന്റെ കൺസപ്റ്റിന് എതിരാണെന്നാണ്. ലോക്പാൽ ബില്ലിൽ ഒരിടത്തും എക്സിക്യൂട്ടിവിന് അപ്പലേറ്റ് അതോറിറ്റിയുടെ റോളില്ല. എന്നാൽ ഇവിടെ ഈ ബില്ലിൽ എക്സിക്യൂട്ടിവിന് മാത്രമല്ല ലെജിസ്ലേച്ചറിനും അപ്പലേറ്റ് അതോറിറ്റിയുടെ റോൾ നൽകിയിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ആർട്ടിക്കിൾ 50 ക്ലിയറായി. ജുഡീഷ്യൽ അധികാരങ്ങൾ ലെജിസ്ലേച്ചറിനും എക്സിക്യൂട്ടീവിനുമായി വീതിച്ചുനൽകിയിരിക്കുകയാണ്. Clear case of encroachment. ഇവിടെ മുഖ്യമന്ത്രിയുടെ കേസിൽ എന്താണ് പറഞ്ഞിരിക്കുന്നത്; മുഖ്യമന്ത്രിക്കെതിരായാണ് തീരുമാനമെങ്കിൽ 'in the case of the Chief Minister, the State Legislative Assembly' ആണ് അപ്പലേറ്റ് അതോറിറ്റി. ഒരു മുഖ്യമന്ത്രി കറപ്റ്റഡാണ്, അദ്ദേഹം ആ സ്ഥാനത്തിരിക്കാൻ യോഗ്യനല്ലെന്നൊരു റെക്കമെന്റേഷൻ ലോക്ആയുക്ത നൽകുന്നു. അത് Legislative Assembly-ക്ക് വന്നാൽ ലോക് ആയുക്തയുടെ കണ്ടെത്തലുകളിന്മേൽ തീരുമാനമെടുക്കുക എന്നതാണോ ലെജിസ്ലേച്ചറിന്റെ ജോലി; ഇത് നിയമനിർമ്മാണ സഭയല്ലേ; ഭരണഘടനാപരമായ ബാധ്യതകളുള്ള ഈ സ്ഥാപനം എങ്ങനെയാണ് ഒരു adjudicating authority ആയി പ്രവർത്തിക്കുന്നത്;

ഭൂരിപക്ഷപ്രകാരമാണോ അത് തീരുമാനിക്കുന്നത്? ഭരണകക്ഷിക്ക് ഭൂരിപക്ഷമുണ്ടാകുമല്ലോ; ഏതൊരു ഭരണകക്ഷിക്കും മുഖ്യമന്ത്രിക്കും ഭൂരിപക്ഷമുണ്ടാകും. അപ്പോൾ ഭൂരിപക്ഷപ്രകാരം ഒരുകാലത്ത് ഏതെങ്കിലുമൊരു മുഖ്യമന്ത്രിക്കെതിരായി റെക്കമെന്റേഷൻ വന്നാൽ ഏതെങ്കിലും ലെജിസ്ലേച്ചർ അത് അക്സെപ്റ്റ് ചെയ്യുമോ? നിങ്ങൾ അതൊന്ന് വിഷ്വലൈസ് ചെയ്യൂ. ഒരു മുഖ്യമന്ത്രി കറപ്റ്റാണെന്നുള്ള ലോകായുക്തയുടെ കണ്ടെത്തലുകൾ റെക്കമെന്റേഷനായി കോംപീറ്റന്റ് അതോറിറ്റിയായ ലെജിസ്ലേച്ചറിലേയ്ക്ക് വരുമ്പോൾ ഏതെങ്കിലുമൊരു ലെജിസ്ലേച്ചർ പ്രസ്തുത റെക്കമെന്റേഷൻ അക്സെപ്റ്റ് ചെയ്യുമോ? പിന്നെ എങ്ങനെയാണ് ലെജിസ്ലേച്ചർ അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്യുന്നത്; ഇതിന്റെ രണ്ടുവശവും കേട്ടതിനുശേഷം ആരാണ് തീരുമാനമെടുക്കുന്നത്; സഭാംഗങ്ങളായ 140 പേരും ജഡ്ജിമാരായി മാറുമോ? എനിക്ക് മനസ്സിലാകാത്ത പോയിന്റാണത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഭരണഘടന പ്രകാരം, അർദ്ധ ജുഡീഷ്യൽ സംവിധാനമായ ലോക് ആയുക്ത അന്വേഷിച്ച് വിധികർത്താക്കളായി മാറുന്ന സാഹചര്യം നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കെതിരാണ്. ഇത്തരത്തിൽ അർദ്ധ ജുഡീഷ്യൽ സംവിധാനമായ ലോക് ആയുക്ത എക്സിക്യൂട്ടീവിന്റെ ഭാഗമായ സർക്കാർ ഉദ്യോഗസ്ഥർക്കും പൊളിറ്റിക്കൽ എക്സിക്യൂട്ടീവിനും നേരെ നടത്തുന്ന വിധി പ്രസ്താവനകളുമായി ബന്ധപ്പെട്ടുവരുന്ന നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കോടതിക്ക് അവകാശമുണ്ട്. 14-ാം വകുപ്പിലെ ഭേദഗതിയുടെ ഭാഗത്ത് പറയുന്ന ഒറ്റ കാര്യം മാത്രമേയുള്ളൂ. ഇന്ത്യയിലെ ഒരു സ്റ്റേറ്റിലുമില്ലാത്ത രീതിയിൽ ഇവിടത്തെ നിയമത്തിൽ ഒരു കാര്യം സൂചിപ്പിച്ചു. അതിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമാകുന്ന തരത്തിൽ ഒരു ഭേദഗതി നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ വേറെ എന്ത് നിലപാടാണ് സ്വീകരിക്കാൻ കഴിയുന്നത് എന്നതുസംബന്ധിച്ച് അങ്ങേയ്ക്ക് പറയാമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നേരത്തെയുണ്ടായിരുന്ന മെക്കാനിസം ഇന്ത്യയിലെ ഒരു സംസ്ഥാനത്തുമില്ല എന്ന വാദമാണ് സർക്കാർ ഉയർത്തിയത്. എന്നിട്ട് കൊണ്ടുവരുന്നതോ; വേറൊരു സംസ്ഥാനത്തും ഇല്ലാത്തതുപോലെയുള്ള സംവിധാനമാണ് കൊണ്ടുവരുന്നത്. എത്ര വിചിത്രമായ കാര്യമാണ്. ഈ ലെജിസ്ലേറ്റീവ് അസംബ്ലി എങ്ങനെയാണ് അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്യുന്നത്; ഞാൻ അതാണ് ചോദിച്ചത്. നമ്മൾ എല്ലാവരും ജഡ്ജിമാരായി തീരുമാനമെടുക്കുമോ? എം.എൽ.എ.-മാരുടെ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറാണ് തീരുമാനമെടുക്കുന്നത്. സ്പീക്കർ എന്നുപറയുന്നത് ഒരു individual ആണ്. Individual-ന് വേണമെങ്കിൽ അതിനകത്ത് പരിശോധിക്കാം. എം.എൽ.എ.-മാർക്കെതിരെ പ്രോസിക്യൂഷൻ സാംഗ്ഷൻ കൊടുക്കാനുള്ള

അധികാരം സ്പീക്കർക്ക് ഇപ്പോൾത്തന്നെയുണ്ട്. പി.സി. ആക്ട് പ്രകാരം വിജിലൻസ് കേസിൽ എം.എൽ.എ.-മാർക്കെതിരെ പ്രോസിക്യൂഷൻ സാംഗ്ഷൻ നൽകാനുള്ള അധികാരം സ്പീക്കർക്കുണ്ട്. സ്പീക്കർ ഒരു individual എന്നുള്ള നിലയിൽ സ്പീക്കർക്കോ അദ്ദേഹത്തിന്റെ ഓഫീസിനോ അത് പരിശോധിച്ച് തീരുമാനമെടുക്കാം. പക്ഷെ, ലെജിസ്ലേറ്റീവ് അസംബ്ലിയുടെ ഏതെങ്കിലുമൊരു ജൂറിസ്ഡിക്ഷനിൽ ഇങ്ങനെയൊരു വിചിത്രമായ അധികാരം കൊടുക്കുന്നതിൽ എന്താണ് അർത്ഥം? ലോക്പാൽ കോപ്പി ചെയ്യുകയാണെന്നാണ് പറഞ്ഞത്. പാർലമെന്റിലേയ്ക്ക് അയച്ചുകൊടുക്കണം എന്നുമാത്രമേ ലോക്പാലിൽ പറയുന്നുള്ളൂ. അവിടെ പ്രധാനമന്ത്രി കറപ്റ്റാണോ എന്നുള്ള ഫൈൻഡിംഗ് വന്നുകഴിഞ്ഞാൽ സ്പെഷ്യൽ കോർട്ടിലേയ്ക്കും അയയ്ക്കാം. പാർലമെന്റിലേയ്ക്ക് ഇൻഫോം ചെയ്യാനാണ് അറിയിക്കുന്നത്. പാർലമെന്റിനോട് അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്യാൻ ലോക്പാൽ ആക്ടിൽ പറയുന്നില്ല. അതാണ് വ്യത്യാസം. ഇവിടെ മന്ത്രിമാർക്കെതിരായി മുഖ്യമന്ത്രി തീരുമാനമെടുക്കും. കാരണം മുഖ്യമന്ത്രിയാണ് adjudicating authority. ജൂഡീഷ്യൽ പ്രോസസ്സിലൂടെ കടന്നുവരുന്നൊരു സംഭവം, ഒരു quasi-judicial body-യുടെ കണ്ടെത്തലിൽ തന്റെ കൂടെയുള്ള മന്ത്രി ശരിയാണോ അല്ലയോ, കുഴപ്പമാണോ അല്ലയോ എന്ന് അദ്ദേഹത്തിനുതന്നെ ഹിയറിംഗ് നടത്തി തീരുമാനിക്കാം. നേരത്തെ പറഞ്ഞ 'no person can be a judge in his own cause' എന്ന പ്രസിദ്ധമായ നിയമ തത്വത്തെ ഇവിടെ കാറ്റിൽ പറത്തുകയാണ്. എല്ലാം സ്വന്തക്കാർക്ക് വേണ്ടിയല്ലേ തീരുമാനമെടുക്കുന്നത്. മുഖ്യമന്ത്രിക്കെതിരായി ഒരു ഫൈൻഡിംഗ് വന്നുകഴിഞ്ഞാൽ ഭൂരിപക്ഷപ്രകാരം തീരുമാനമെടുക്കാമെന്നുള്ളതുകൊണ്ട് നിങ്ങൾ തന്നെ തീരുമാനമെടുക്കും. ഭൂരിപക്ഷപ്രകാരം adjudication നടത്തുക എന്നുപറയുന്നത് എന്ത് പ്രോസസ്സാണ്; അങ്ങനെ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിൽ എവിടെയെങ്കിലുമുണ്ടോ; നിയമജ്ഞരെല്ലാം കൂടിയുള്ള ഒരു സിസ്റ്റം അമേരിക്കൻ കോൺസ്റ്റിറ്റ്യൂഷനിലുണ്ട്. എന്നാൽ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിലില്ല. ബഹുമാനപ്പെട്ട അംഗം സജി ചെറിയാൻ കോൺസ്റ്റിറ്റ്യൂഷനെക്കുറിച്ച് പറഞ്ഞത് കേട്ടപ്പോൾത്തന്നെ എനിക്ക് സന്തോഷമായി. കോൺസ്റ്റിറ്റ്യൂഷനിൽ നമ്മൾ എവിടെയാണ് adjudicating authority ആകുന്നത്? ഇതൊരു വിചിത്രമായ നിയമമാണ്.

ശ്രീ. സജി ചെറിയാൻ: സർ, കോടതിയുടെ മുമ്പിൽ പോകണ്ടെന്ന് ബില്ലിൽ പറയുന്നില്ല. ഏത് നിയമപ്രശ്നത്തിനും അന്തിമമായ വിധി കൽപ്പിക്കേണ്ടത് കോടതിയാണ്. ഇവിടെ മുഖ്യമന്ത്രിയെക്കുറിച്ചോ മന്ത്രിമാരെക്കുറിച്ചോ ഒരു തീരുമാനമെടുക്കാൻ ലോക് ആയുക്തയെന്ന അർദ്ധ ജൂഡീഷ്യൽ സ്ഥാപനത്തിന് എന്താണ് അവകാശം? ഈ പ്രശ്നമാണ് ഗൗരവമായി നിയമസഭയിലിരിക്കുന്നത്.

ഇവിടെ പരിശോധിച്ചതിനുശേഷം ആർക്കുവേണമെങ്കിലും *കോടതിയിൽ* പോകാമല്ലോ. അതിന് തർക്കമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ പോകാൻ പറ്റില്ലെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത്. ഇവിടെനിന്ന് പോയിക്കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും ഇടപെട്ടില്ലെന്നാണ് പറഞ്ഞത്. കോടതികൾക്ക് ഇടപെടാൻ സാധിക്കുമെന്ന് *ഭരണഘടനയുടെ* ആർട്ടിക്കിൾ 227-ന്റെ jurisdiction-ൽ ഉണ്ട്. പക്ഷേ കോടതി ഇടപെട്ടില്ലെന്ന് പറഞ്ഞു. ഇതിനുപകരം ഒരു ഫൈൻഡിംഗിന്റെ പുറത്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ ഒരു അപ്പലേറ്റ് അതോറിറ്റിയായി നിശ്ചയിക്കാൻ സാധിക്കില്ലേ?

ശ്രീ. പി. രാജീവ്: സർ, ഞാൻ അങ്ങനെയല്ല പറഞ്ഞത്. ആർട്ടിക്കിൾ 226 റിട്ട് ജൂറിസ്ഡിക്ഷനാണ്. അത് ഇന്ത്യയിലെ എല്ലാ പൗരൻമാർക്കും അവകാശപ്പെട്ടതാണ്. റിട്ട് എങ്ങനെ അപ്പീലുമായി വ്യത്യസ്തമായിരിക്കും എന്നുള്ളതിന് രണ്ട് സുപ്രീംകോടതി വിധികൾ ഞാൻ ഉദ്ധരിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, ആർട്ടിക്കിൾ 227-നെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. രാജീവ്: സർ, ഇതിൽ അപ്പീൽ പ്രൊവിഷനില്ല. അപ്പീൽ വ്യത്യസ്തമാണ്. അതാണ് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ബില്ലിൽ ഭേദഗതി കൊണ്ടുവരുന്ന സമയത്ത് ഒരു ഒഫീഷ്യൽ ഭേദഗതി കൊണ്ടുവരണം. അതുപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയായിരിക്കും ലോക് ആയുക്ത തീരുമാനത്തിന്റെ മുകളിലുള്ള അപ്പലേറ്റ് അതോറിറ്റി എന്നുള്ള സ്പെസിഫിക് പ്രൊവിഷൻ വച്ച് അപ്പീൽ അധികാരം കേരള ഹൈക്കോടതിക്ക് നൽകണം.

ശ്രീ. പി. രാജീവ്: സർ, അക്കാര്യം ഞാൻ പിന്നീട് വ്യക്തമാക്കാം. ഒരു ജുഡീഷ്യൽ തീരുമാനമെടുക്കാൻ അധികാരമുണ്ടോ എന്നുള്ളത് അങ്ങ് ഇപ്പോഴും ആവർത്തിച്ചല്ലോ; അതുസംബന്ധിച്ച് ഞാൻ മറുപടി പ്രസംഗത്തിൽ പറയാം. ജുഡീഷ്യൽ തീരുമാനമെടുക്കാൻ ഈ സംവിധാനത്തിന് അനുമതിയില്ലെന്നാണ് എന്റെ വാദം. അങ്ങനെ ജുഡീഷ്യൽ തീരുമാനമെടുക്കാൻ അധികാരമില്ലാത്തൊരു സ്ഥാപനത്തിന്റെ തീരുമാനത്തിന്മേൽ അപ്പീൽ പോകുക എന്നത് അർത്ഥരഹിതമായ വാദമാണ്.

1.00 PM]

ശ്രീ. വി. ഡി. സതീശൻ: സർ, ജുഡീഷ്യൽ തീരുമാനമെടുക്കാൻ അധികാരമില്ലെങ്കിൽ പിരിച്ചുവിടുന്നതായിരിക്കും നല്ലത്. സർക്കാർ ഇപ്പോൾ ലോക് ആയുക്തയെ പിരിച്ചുവിടുന്നതിന് തുല്യമായ കാര്യമാണ് ചെയ്തിരിക്കുന്നത്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിൽ ഭേദഗതി കൊണ്ടുവന്നതോടുകൂടി പി.സി. ആക്ട് ദുർബലമായി എന്നതാണ് ഞങ്ങളുടെ പ്രധാനപ്പെട്ട ആരോപണം. പിന്നെ കേരളത്തിലുണ്ടായിരുന്ന ഏറ്റവും വലിയ അഴിമതിവിരുദ്ധ മെക്കാനിസമെന്ന് പറയുന്നത് ലോക് ആയുക്തയാണ്. അതിന്റെ പല്ലും നഖവും പറിച്ചുകളഞ്ഞ് ഒന്നും ചെയ്യാനാകാത്ത സംഭവമായി നിങ്ങൾ അതിനെ മാറ്റി. നമുക്ക് പോലീസ് സംവിധാനമുണ്ടെങ്കിലും ഒരുപാട് ക്രൈം നടക്കുന്നുണ്ട്. എന്നാൽ പോലീസ് സംവിധാനമില്ലായിരുന്നെങ്കിൽ ആയിരമിരട്ടി ആളുകൾ ക്രൈം നടത്തുമായിരുന്നു. അതിന് കാരണമെന്താണ്? കാരണം പോലീസ് എന്നത് കുറ്റകൃത്യം ചെയ്യാതിരിക്കാൻവേണ്ടി ആളുകളെ പ്രേരിപ്പിക്കുന്ന ഒരു deterrent factor ആണെന്നുള്ളതാണ്. അതിന് പോലീസ്, നിയമ സംവിധാനം എന്നിവയെല്ലാമുണ്ട്. കുറ്റം ചെയ്താൽ നമ്മളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കും എന്ന ഭയം ആളുകൾക്കുണ്ട്. പോലീസ് എന്ന deterrent factor ഇല്ലാത്ത കാലത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ചുനോക്കൂ; പോലീസുണ്ടായിട്ടും നാട്ടിൽ ഇഷ്ടംപോലെ ക്രൈം നടക്കുന്നുണ്ട്. പോലീസ് ഇല്ലെങ്കിൽ നമ്മളൊക്കെ എല്ലാ ദിവസവും സൗകര്യംപോലെ ക്രൈം ചെയ്തുകൊണ്ടിരിക്കും.

ശ്രീ. പി. രാജീവ്: സർ, പോലീസ് തന്നെ വിധി പറയുന്ന സാഹചര്യം...... (....മൈക്ക് ഓഫ്....)

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് പോലീസിന്റെ സംവിധാനമല്ല. എക്സിക്യൂട്ടീവുമല്ല. ലോക് ആയുക്തയുടെ ഫംഗ്ഷൻ എക്സിക്യൂട്ടീവ് ഫംഗ്ഷനാണോ? മന്ത്രി വാദിച്ചുവാദിച്ച് അവസാനം ലോക് ആയുക്ത എക്സിക്യൂട്ടീവാണെന്ന വാദത്തിലേയ്ക്കാണെത്തുന്നത്. ലോക് ആയുക്ത ക്വാസി ജുഡീഷ്യൽ ബോഡിയാണ്. ജുഡീഷ്യൽ പ്രോസസ്സാണ് അവിടെ നടക്കുന്നത്. ആ പ്രോസസ്സിലൂടെ ഉണ്ടാകുന്ന ഫൈൻഡിംഗ് സർക്കാർ നടപ്പാക്കണമെന്ന ഡിക്ലറേഷൻ അവർ നൽകുകയാണ്. അവിടെ എഴുതിവച്ചിരിക്കുന്നത് shall accept എന്നാണ്. അത് ഹൈക്കോടതിയിലും മറ്റൊരിടത്തും കൊടുക്കാതെ നമ്മൾ തന്നെ തീരുമാനമെടുക്കും. നമ്മൾ എങ്ങനെയാണ് തീരുമാനമെടുക്കുക? അപ്പോഴാണ് സ്വജനപക്ഷപാതം അഥവാ nepotism ഉണ്ടാകുന്നത്. ആ സ്വജനപക്ഷപാതത്തിലേയ്ക്കാണ് ഇത് കൊണ്ടുപോകുന്നത്. നമ്മൾതന്നെ നമ്മുടെ

കേസ് തീരുമാനിക്കും. മന്ത്രിസഭയിലെ ഒരംഗം അഴിമതിക്കാരനാണോ അല്ലയോ എന്ന് മന്ത്രിസഭയ്ക്ക് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രി തീരുമാനിക്കുന്നു. മന്ത്രിസഭയിലെ അംഗം അഴിമതിക്കാരനാണെന്ന് ലോക്ആയുക്ത കണ്ടെത്തിയാൽ അതിൽ അന്തിമ തീരുമാനമെടുക്കുന്ന അപ്പലേറ്റ് അതോറിറ്റി മുഖ്യമന്ത്രിയാണ്. ഏതെങ്കിലും മന്ത്രി അഴിമതിക്കാരനാണെന്ന് മുഖ്യമന്ത്രി പറയുമോ? അപ്പോൾ ലോക് ആയുക്ത എന്ന സംവിധാനത്തെ നിങ്ങൾ പരിഹാസ്യമാക്കി. ലെജിസ്ലേച്ചറിന് അപ്പലേറ്റ് അതോറിറ്റിയുടെ റോൾ കൊടുത്തിരിക്കുന്നതാണ് അതിനേക്കാൾ സഹിക്കാൻ കഴിയാത്തത്. അത് നമുക്ക് ഒരു തരത്തിലും ന്യായീകരിക്കാൻ സാധിക്കാത്ത കാര്യമാണ്. നാളെ മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ഒരു ഫൈൻഡിംഗിൽ തീരുമാനമെടുക്കാൻ ഈ ലെജിസ്ലേച്ചറിന് സാധിക്കുമോ? വളരെ വികലവും വികൃതവുമായ ഒരു നിയമമാക്കി ഈ ലോക്ആയുക്തയെ നിങ്ങൾ മാറ്റി. കേരളത്തിൽ ആകെയുണ്ടായിരുന്ന ഈ അഴിമതിവിരുദ്ധ സംവിധാനത്തെ സർക്കാർ ഇല്ലാതാക്കി. Clause (6)(ii)-ൽ വേറൊരു ഭേദഗതികൂടി വരുത്തിയിട്ടുണ്ട്. Clause (6)(ii) in sub-section (2), the words 'or an office bearer of a political party at State level' shall be omitted. ഈ ബിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായിരുന്ന രാഷ്ട്രീയ നേതാക്കന്മാരെ മുഴുവൻ ഒഴിവാക്കി. അവരെ ഒഴിവാക്കിയത് ശരിയല്ല. അതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്തണം. ആരാണ് അവരുടെ കോംപീറ്റന്റ് അതോറിറ്റിയെന്നുള്ളതാണ് പ്രശ്നം? മുഖ്യമന്ത്രിയുടെ കാര്യത്തിൽ നിയമസഭയെ കോംപീറ്റന്റ് അതോറിറ്റിയായി വയ്ക്കാമെങ്കിൽ പൊതുപ്രവർത്തകരുടെ കാര്യത്തിൽ ആരെ വേണമെങ്കിലും കോംപീറ്റന്റ് അതോറിറ്റിയാക്കാം. ഏര്യാ സെക്രട്ടറിക്ക് താഴെയുള്ള ഒരാളാണെങ്കിൽ ഏര്യാ സെക്രട്ടറി കോംപീറ്റന്റ് അതോറിറ്റി, ഡിസ്ട്രിക്ട് കമ്മിറ്റിയിൽപ്പെട്ട ആളാണെങ്കിൽ ജില്ലാ സെക്രട്ടറി കോംപീറ്റന്റ് അതോറിറ്റി ഇല്ലെങ്കിൽ പാർട്ടി കൺട്രോൾ കമ്മീഷന് റഫർ ചെയ്യണം. ഡി.സി.സി. പ്രസിഡന്റ് ആയിക്കോട്ടേ. ഈ രീതിയിലാണ് ചെയ്തിരിക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, ..... (...മൈക്ക് ഓഫ്...).....

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ...... (...മൈക്ക് ഓഫ്...).

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇരിക്കു, ഞാൻ സംസാരിക്കുകയല്ലേ? ഇതെന്ത് മര്യാദയാണ്. ഞാനല്ലേ സംസാരിക്കുന്നത്?

<u>മി. ചെയർമാൻ</u>: ഇരിക്കു......ഇരിക്കു.....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എഴുന്നേറ്റുനിന്ന് സംസാരിക്കാൻ നിങ്ങൾക്കെന്ത് അവകാശം?

മി. ചെയർമാൻ: ഇങ്ങോട്ട് നോക്കി പറയൂ, ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അതെന്താണ് അങ്ങോട്ട് നോക്കിയാൽ വല്ലതും പറ്റുമോ; അങ്ങോട്ട് നോക്കിയാൽ വല്ലതും സംഭവിക്കുമോ? (.......ബഹളം.....)

മി. ചെയർമാൻ: അങ്ങോട്ടും ഇങ്ങോട്ടും സംസാരിക്കണ്ട. ചെയറിനെ നോക്കിയല്ലേ സംസാരിക്കേണ്ടത്?

ശ്രീ. വി. ഡി. സതീശൻ: സർ, അല്ലല്ല....., അങ്ങോട്ട് നോക്കിയാൽ വല്ലതും സംഭവിക്കുമോ?

മി. ചെയർമാൻ: താങ്കൾ ചെയറിനെയല്ലേ അഭിസംബോധന ചെയ്യേണ്ടത്?

ശ്രീ. വി. ഡി. സതീശൻ: സർ, അവിടെ ഒരാൾ എഴുന്നേറ്റുനിന്ന് ശല്യപ്പെടുത്തുമ്പോൾ ആരാണ് എഴുന്നേറ്റതെന്ന് നോക്കാൻ പാടില്ലേ?

മി. ചെയർമാൻ: ചെയർ അവരോട് ഇരിക്കാൻ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ചെയറിനെ നോക്കി സംസാരിക്കാൻ പറഞ്ഞപ്പോൾ താങ്കളാണ് അതിനെ ചോദ്യം ചെയ്തത്. അവരോട് ഇരിക്കാൻ ചെയർ പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, അല്ലല്ല...ഞാൻ കുഴപ്പം പറഞ്ഞുതരാം. അവിടെ രണ്ടുപേർ എഴുന്നേറ്റുനിന്നു, ഞാൻ സംസാരിക്കട്ടെ..., let me complete. (.....ബഹളം......)

മി. ചെയർമാൻ: അതെന്താ ഭീഷണിപ്പെടുത്തുന്നോ; താങ്കൾ ചെയറിനെ ഭീഷണിപ്പെടുത്തുകയാണോ? ഞാൻ പറഞ്ഞല്ലോ, അവരോട് അവിടെ ഇരിക്കാൻ പറഞ്ഞതിനുശേഷമാണ് താങ്കളോട് ചെയറിനെ നോക്കി സംസാരിക്കാൻ പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, അതൊക്കെ അറിയാം. ഞങ്ങൾ ഇവിടെ കുറച്ച് നാളുകളായി ഇരിക്കുന്നതാണ്.

മി. ചെയർമാൻ: ഇത്തരത്തിലുള്ള ഭാഷ ഉപയോഗിക്കരുത്. അവരോട് ഇരിക്കാൻ ഞാൻ പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇപ്പോഴും പ്രസംഗം ശല്യപ്പെടുത്തിക്കൊണ്ടിരിക്കുകയല്ലേ? അത് തടയൂ.

മി. ചെയർമാൻ: അത് തടയാം...... നിങ്ങൾ ഇരിക്കൂ.

ശ്രീ. എ. എൻ. ഷംസീർ: സർ,..... (...മൈക്ക് ഓഫ്...) (.....ബഹളം....)

മി. ചെയർമാൻ: പ്രതിപക്ഷനേതാവ് വഴങ്ങിയാൽ മാത്രമേ മൈക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. ശ്രീ. എ. എൻ. ഷംസീർ ഇരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ yield ചെയ്യാതെ നിങ്ങൾക്ക് എങ്ങനെയാണ് സംസാരിക്കാൻ സാധിക്കുന്നത്?

മി. ചെയർമാൻ: പ്രതിപക്ഷനേതാവ് സംസാരിച്ചുകൊണ്ടിരിക്കുകയാണ്, അദ്ദേഹം വഴങ്ങിയാലല്ലേ പറ്റുകയുള്ളൂ? ശ്രീ. ഷംസീർ, താങ്കൾ ഇരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രധാനപ്പെട്ട ഒരു ലീഗൽ ഇഷ്യൂ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ രണ്ടുപേർ നിന്ന് ബഹളമുണ്ടാക്കുകയാണ്, ബഹളം കേൾക്കുമ്പോൾ സ്വാഭാവികമായും അങ്ങോട്ട് നോക്കുകയില്ലേ; നോക്കിയാൽ എന്താണ് തെറ്റെന്നാണ് ഞാൻ ചോദിച്ചത്; ഈ സഭയിലെ രണ്ട് അംഗങ്ങളല്ലേ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കുന്നത്; സ്വാഭാവികമായും അങ്ങോട്ട് നോക്കുകയില്ലേ; നോക്കിയാൽ എന്താണ് തെറ്റ്? അതാണ് ഞാൻ ചോദിച്ചത്. അങ്ങനെ നോക്കാൻ പാടില്ലെന്നുണ്ടോ?

മി. ചെയർമാൻ: അതിന് വ്യാഖ്യാനങ്ങൾ വേണ്ട. ഞാൻ അവരോട് ഇരിക്കാൻ പറഞ്ഞിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, അല്ല..., എന്ത് വേണ്ടെന്നാണ്? അങ്ങ് ചെയറിൽ ഇരുന്ന് അങ്ങനെ സംസാരിക്കാൻ പാടില്ല. അതൊന്നും വേണ്ട.

മി. ചെയർമാൻ: ആ ഭാഷ തന്നെ തെറ്റല്ലേ? അതൊന്നും വേണ്ട, അതൊന്നും വേണ്ടെന്ന് പറഞ്ഞാൽ പ്രതിപക്ഷനേതാവ് പറയുന്നതനുസരിച്ച് ഇവിടെ ഇരുന്ന് വർത്തമാനം പറയാൻ ചെയറിന് സാധിക്കുമോ? അത് പറ്റില്ലല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: അങ്ങനെ പറ്റില്ലല്ലോ പ്രതിപക്ഷനേതാവേ. (.....ബഹളം.....) താങ്കൾ സംസാരിക്കൂ. (.....ബഹളം.....) നിങ്ങൾ അവിടെ ഇരിക്കൂ.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

നിങ്ങൾ ഭരണപക്ഷത്തുള്ളവർ ഇരിക്കുക. അവിടെ ഇരിക്കുക. (....ബഹളം.....) പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലേയ്ക്ക് പോകുക. അവരോട് ഇരിക്കാൻ പറഞ്ഞു, ചെയറിനെ നിയന്ത്രിക്കേണ്ട. (....ബഹളം....) നിങ്ങൾ

നിങ്ങളുടെ സീറ്റിലേയ്ക്ക് പോകുക. (....ബഹളം....) എവിടെ ഇരുന്നാലും അവിടത്തെ പണിയേ ചെയ്യൂ. ഇരിക്കുന്ന സീറ്റിന്റെ പണി ചെയ്യും. (.....ബഹളം.....) നിങ്ങൾ നിങ്ങളുടെ സീറ്റിലേയ്ക്ക് പോകുക. ഇത് ശരിയല്ല. (......ബഹളം.....) ചെയർ എന്ത് നീതികേടാണ് കാണിച്ചത്? (......ബഹളം.....) ആ വർത്തമാനം വേണ്ട. എങ്ങനെ ചെയ്യണമെന്ന് ചെയറിന് അറിയാം. (.....ബഹളം.....) ഇരുകൂട്ടരും സീറ്റുകളിലിരിക്കുക. അവിടെ ഇരിക്കൂ......, കമന്റുകൾ വേണ്ട.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോയി.)

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. യഥാർത്ഥത്തിൽ ഒരു നിയമത്തെയും നമ്മുടെ ഭരണഘടനയെയും പരിഹാസ്യമാക്കുകയും വികൃതമാക്കുകയും വികലമാക്കുകയും ചെയ്യുന്ന ഒരു ബില്ലാക്കി ലോക്ആയുക്ത ബില്ലിനെ മാറ്റി. ഇത് കോടതിയുടെ പരിഗണനയ്ക്കെത്തുമ്പോൾ ഈ സഭപോലും പരിഹാസ്യമാകുമെന്ന് ഞാൻ ഭയപ്പെടുന്നു. കോടതിയിൽ ഈ ബില്ലിലെ പ്രൊവിഷൻസ് ചോദ്യം ചെയ്യുമ്പോൾ എത്ര പരിഹാസ്യമായ ഒരു ഭേദഗതിയാണ് ഈ സഭ ചെയ്തതെന്ന് കോടതിപോലും പരാമർശിക്കും. 'കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചിനെ ഇല്ലാതാക്കി' എന്ന് നമ്മൾ പരിഹാസ്യത്തോടുകൂടി പറയുന്നതുപോലെ ഇവിടെ നിരന്തരം മാറ്റം വരുത്തി കേരളത്തിൽ നിലവിലുണ്ടായിരുന്ന ഒരു അഴിമതി വിരുദ്ധ സംവിധാനത്തെ പൂർണ്ണമായും ഇല്ലാതാക്കി എന്നതായിരിക്കും നിങ്ങൾക്ക് ലഭിക്കാൻ പോകുന്ന ഏറ്റവും വലിയ ക്രെഡിറ്റ്. ഇതിന്റെ പ്രൊവിഷൻസ് ഭരണഘടനാപരമായും നിയമപരമായും നിലനിൽക്കുന്നതല്ല. അതുകൊണ്ട് ശക്തിയായി ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ പ്രകടിപ്പിച്ചതും ഇപ്പോൾ പ്രതിപക്ഷനേതാവ് വിയോജനക്കുറിപ്പിലൂടെ പ്രതിപാദിച്ചതും അടിസ്ഥാനപരമായ ചില കാര്യങ്ങളാണെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയില്ല. 1999-ൽ ഈ നിയമം രൂപീകരിക്കുന്ന ഘട്ടത്തിൽ സഭാതലത്തിൽ നടന്ന ചർച്ചകൾ എന്റെ ഓർമ്മയിലുണ്ട്. കേരളം പാസ്സാക്കുന്ന ഒരു നിയമം ഇന്ത്യയിൽത്തന്നെ ഏറ്റവും മികച്ചതായിരിക്കണമെന്നും മറ്റെല്ലാ സംസ്ഥാന നിയമങ്ങളെക്കാളും മുൻപന്തിയിൽ നിൽക്കണമെന്നുമുള്ള രീതിയിലായിരുന്നു അന്ന് ചർച്ച നടന്നത്. എന്നാൽ ഇപ്പോൾ കേരളം പാസ്സാക്കാൻ പോകുന്ന ഭേദഗതികൊണ്ട് പ്രസ്തുത നിയമം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ നിയമങ്ങളുടെ ഏറ്റവും പിന്നിലാകണമെന്നുള്ള മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്. ആ വിഷയം ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാതിരിക്കാൻ

കഴിയുമോ? ലോക്ആയുക്ത തന്നെ വിധികർത്താവാകുന്നതിൽ ഒരു വിയോജിപ്പ് ഉണ്ടായിരുന്നെങ്കിൽത്തന്നെയും ഇത്രത്തോളം പോകണമായിരുന്നോ എന്നതാണ് പ്രശ്നം. വിയോജിപ്പുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ ഉണ്ടായിരുന്നല്ലോ? ലോക്പാൽ ബില്ലിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ ഇതിലും ചിന്തിക്കാമായിരുന്നു. അപ്പീൽ അധികാരം കോടതിക്ക് കൊടുക്കുക അല്ലെങ്കിൽ ജുഡീഷ്യൽ സംവിധാനത്തിന്റെ ഒരു പരിശോധനയ്ക്കുകൂടി സൗകര്യമുണ്ടാക്കുക തുടങ്ങിയ വ്യവസ്ഥകൾ ചേർക്കാമായിരുന്നു. എന്നാൽ മുഖ്യമന്ത്രിക്കെതിരായാണ് കണ്ടെത്തലുകളെങ്കിൽ നിയമസഭ പരിശോധിക്കണമെന്നും മന്ത്രിമാർക്കെതിരാണെങ്കിൽ മുഖ്യമന്ത്രി പരിശോധിക്കണമെന്നുമാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള ഭേദഗതി വന്നിരിക്കുന്ന നാൾവഴികൾ പരിശോധിച്ചാൽ കാര്യങ്ങൾ മനസ്സിലാകും. ഇതുസംബന്ധിച്ച് എൽ.ഡി.എഫ്.-ൽ ഭിന്നിപ്പുണ്ടാകുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കമ്മിറ്റി കാര്യങ്ങൾ ചർച്ച ചെയ്യുകയുംചെയ്തു. കമ്മിറ്റി ചർച്ചയിൽ ഇപ്പോഴുള്ളതിൽനിന്നും ഭേദഗതി സൂചിപ്പിച്ചത് സി.പി.ഐ. ആണെന്ന് തോന്നുന്നു. Quasi-Judicial സംവിധാനം എന്തുതന്നെ കണ്ടുപിടിച്ചാലും അതിൽ തീരുമാനമെടുക്കുന്നത് ആരാണ്? പ്രതിപക്ഷനേതാവ് പറഞ്ഞത് നിയമസഭയാണെന്നാണെങ്കിലും ഭരിക്കുന്നത് എൽ.ഡി.എഫ്. ആണെങ്കിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്. ആണെങ്കിൽ യു.ഡി.എഫ്.-ഉം തീരുമാനമെടുക്കും എന്നത് മാത്രമേ സംഭവിക്കുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാന്യനായ അംഗം പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. യഥാർത്ഥത്തിൽ സഭയിലെ ഭരണകക്ഷി നേതാവാണ് സാധാരണയായി മുഖ്യമന്ത്രിയായി വരുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ മറ്റൊരു തരത്തിലും വന്നിട്ടുണ്ടാകാം. എന്നാൽ സാധാരണഗതിയിൽ സഭാനേതാവ് തന്നെയായിരിക്കും മുഖ്യമന്ത്രി. ഭൂരിപക്ഷം വരുന്ന ഭരണകക്ഷി ഉൾപ്പെടാതെ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കാൻ സാധിക്കില്ല. ആ സാഹചര്യത്തിൽ ചിഹ്നം കൊടുക്കുന്നവർ, വിപ്പ് കൊടുക്കുന്നവർ തുടങ്ങിയവരൊക്കെയാണ് എതിരെ വോട്ട് ചെയ്യേണ്ടതെന്ന വിരോധാഭാസം ഈ ബില്ലിലുണ്ട്. ഇതുപോലെ ഒരു നിയമം ലോകത്ത് ഒരിടത്തുമുണ്ടാകില്ലെന്ന കാര്യം അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതുകൊണ്ടുതന്നെ അടിസ്ഥാനപരമായി വികലമായ ഒരു സ്ഥിതി ഈ നിയമത്തിനുണ്ട്. അക്കാര്യമാണ് പ്രതിപക്ഷം ചൂണ്ടിക്കാട്ടുന്നത്. ഈ ഭേദഗതിയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കാമായിരുന്നു.

ശ്രീ. സജി ചെറിയാൻ: സർ, അർദ്ധ ജുഡീഷ്യൽ സംവിധാനത്തിന് ഒരു വിഷയത്തിൽ അന്വേഷണം നടത്താനും കേസെടുക്കാനും വിധി പ്രഖ്യാപിക്കാനും

എങ്ങനെ അവകാശമുണ്ടാകും? ഉദാഹരണത്തിന് ഒരു വ്യക്തി എന്നനിലയിൽ എന്നെ സംബന്ധിച്ച ഒരു പരാതി ലോക്ആയുക്തയിൽ ചെന്നുകഴിഞ്ഞാൽ അവർ അതുസംബന്ധിച്ച് അന്വേഷിച്ച് ശരിയും തെറ്റും കണ്ടെത്തുകയും ലോകായുക്തതന്നെ അന്തിമമായ വിധി കൽപ്പിക്കുകയും ചെയ്യും. ഇത് എന്റെ അവകാശത്തെ ചോദ്യം ചെയ്യലല്ലേ; അത്തരം കാര്യങ്ങളിൽ പരിഹാരം കാണാനുള്ള നിയമമല്ലേ വരുന്നത്? ഇതിനോടൊപ്പം മറ്റൊരു കാര്യംകൂടിയുണ്ട്, ഇപ്പോൾ പറഞ്ഞിരിക്കുന്ന ഭേദഗതിമൂലമുണ്ടാകുന്ന തീരുമാനത്തിൽ എതിർപ്പുണ്ടെങ്കിൽ റിട്ട് ഫയൽ ചെയ്യാനുള്ള അവകാശവുമുണ്ട്. ഈ വിഷയത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ പറഞ്ഞതും അതുതന്നെയാണെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. 1999-ൽ ലോക്ആയുക്ത നിയമം പാസ്സാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോഴാണ്. ഈ ചോദ്യം തിരിഞ്ഞുവരുന്നതും നിങ്ങളിലേയ്ക്കുതന്നെയാണ്, എന്തിനാണെന്ന് ഞങ്ങളോട് ചോദിക്കേണ്ടതില്ല. അന്നും ഇത്തരം ചർച്ചകൾ നടന്നപ്പോൾ ഏറ്റവും പുരോഗമനപരമായിരിക്കണം നിയമമെന്നതിനാൽ ഒരു ചോദ്യത്തിന്റെപോലും ആവശ്യമില്ലെന്നും ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട നിയമമായിരിക്കണം എന്നതുകൊണ്ടുതന്നെ ഇതിന് പല്ലും നഖവും കൊടുക്കുകയാണെന്നും പറഞ്ഞുകൊണ്ടുതന്നെയാണ് നിങ്ങൾ നേരത്തേ സൂചിപ്പിച്ച അധികാരം ലോക് ആയുക്തയ്ക്ക് കൊടുത്തത്. ഇപ്പോൾ പിന്നിലേയ്ക്ക് നോക്കുമ്പോൾ ഈ നിയമത്തിലെ ഭേദഗതി ഇത്രയ്ക്ക് വേണമായിരുന്നോ എന്നതാണ് എന്റെ ചോദ്യം. അന്വേഷിക്കുന്നവർതന്നെ വിധി പറയേണ്ട എന്ന അഭിപ്രായമുണ്ടായിരുന്നെങ്കിൽ അപ്പീൽ അധികാരം ജുഡീഷ്യറിക്ക് നൽകിയാൽ മതിയായിരുന്നല്ലോ; അപ്പോൾ ഇരുകൂട്ടർക്കും അവിടെ വാദങ്ങളുന്നയിക്കാൻ കഴിയുമായിരുന്നല്ലോ? ലോക്പാൽ ബില്ലിന്റെ കാര്യം ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു, ഞാൻ അത് പരിശോധിച്ചിട്ടില്ല. അവിടെ വീണ്ടും പരിശോധനയ്ക്കായി ഒരു അപ്പലേറ്റ് അതോറിറ്റിയുണ്ടെന്നും കോടതി അപ്പലേറ്റ് അതോറിറ്റിയാണെന്നും പറഞ്ഞു. ഇതിലും അങ്ങനെയെന്തെങ്കിലും ആലോചിക്കാമായിരുന്നല്ലോ. അന്വേഷിക്കുന്നവർ തന്നെ വിധികർത്താവാകുന്നതിൽ എതിരഭിപ്രായം ഉണ്ടായിരുന്നെങ്കിൽ മറ്റ് വഴികളുണ്ടായിരുന്നല്ലോ? എന്നാൽ യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നത് ഒന്നുകിൽ എൽ.ഡി.എഫ്, അല്ലെങ്കിൽ യു.ഡി.എഫ്. നയപരമായി തീരുമാനമെടുക്കും എന്നതാണ്. അതുകൊണ്ടാണ് ഭേദഗതിയിൽ ഭരണഘടനാപരമായ പ്രശ്നമുണ്ടെന്ന് പ്രതിപക്ഷം പറയുന്നത്. കോടതി തീരുമാനിച്ചാലും അതിന്റെ മുകളിൽ തീരുമാനമെടുക്കുന്നത് രാഷ്ട്രീയപരമായി ആകാമെന്നാണ് ഫലത്തിൽ വരുന്നത്. ജുഡീഷ്യറി തീരുമാനിച്ചാലും

എക്സിക്യൂട്ടീവിന് അക്കാര്യം വേണ്ടെന്നുവയ്ക്കാം. അതുകൊണ്ടുതന്നെ ഇതിൽ അടിസ്ഥാനപരമായ പ്രശ്നമുണ്ടാകുകതന്നെ ചെയ്യും. എന്തായാലും ഈ നിയമം പ്രാവർത്തികമായാൽ ലോക്ആയുക്ത എന്ന സംവിധാനം ഇല്ലാതായതുപോലെയാകും. ഡി.ഡി.സി.-യെപ്പോലെ ഒരു ഉപദേശക സ്വഭാവമുള്ള സമിതിയായി ഇതും മാറും. ലോക്ആയുക്ത നിയമത്തിന് ഒരു ചരിത്രമുണ്ട്. വളരെയധികം പ്രക്ഷോഭങ്ങളും സമരങ്ങളും ഇതിന് പിന്നിലുണ്ട്. ഇനി മുതൽ പൊതുജീവിതത്തിൽ ഇങ്ങനെയൊന്നും ഉണ്ടാകാതിരിക്കാൻ കേന്ദ്രത്തിൽ കുറ്റമറ്റ നിയമം വന്ന സാഹചര്യത്തിലാണ് കേരളത്തിലും ഈ നിയമം വന്നത്. അതിവിശിഷ്ടമായിരിക്കണം നമ്മുടെ നിയമമെന്നുള്ള നിലയ്ക്കായിരുന്ന തീരുമാനമെടുക്കാനുള്ള അതോറിറ്റിയായി പരിഗണിച്ചുകൊണ്ട് വലിയ വിപ്ലവകരമായ തീരുമാനമാണ് ഇതെന്ന് ആ കാലയളവിൽ പറഞ്ഞത്. എന്നാൽ ഇപ്പോൾ റിവേഴ്സ് ഗിയറിൽ വന്നുകൊണ്ട് നമ്മൾ ഏറ്റവും പിറകിൽ വന്നിരിക്കുകയാണ് എന്നുള്ളതാണ് വസ്തുത. നിയമപരമായിത്തന്നെ ജുഡീഷ്യറിയുടെ അധികാരത്തിന്റെ മുകളിൽ സൂപ്പർ ബോഡിയായി എക്സിക്യൂട്ടീവ് വരുന്നത് നിലനിൽക്കുമോയെന്ന നിയമപ്രശ്നവും നാളെ പരിശോധിക്കപ്പെടും. ഫലത്തിൽ ഈ ഭേദഗതികൊണ്ട് വരാൻ പോകുന്നതും അതുതന്നെയാണ്. ഞങ്ങൾ പ്രകടിപ്പിച്ച വിയോജിപ്പും അതുതന്നെയാണ്. അക്കാര്യം ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ.

ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. സി. മൊയ്തീൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബിൽ സഭയിൽ അവതരിപ്പിച്ച ഘട്ടത്തിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് സബ്ജക്ട് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തതിനുശേഷം സഭയിൽ വന്നപ്പോഴും എതിർപ്പായി ഉന്നയിക്കപ്പെട്ടത്. ചർച്ചയുടെ ഭാഗമായി ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ബിൽ സംബന്ധിച്ച സാധ്യതകൾ ഇന്നും സംസാരിച്ചുകഴിഞ്ഞു. കേന്ദ്ര ലോക്പാൽ നിയമത്തിന്റെ ഭാഗമായി 2013-ൽ സംസ്ഥാനങ്ങൾ അവരുടെ തന്നെ തീരുമാനത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസരിച്ചുള്ള ലോക്പാൽ നിയമങ്ങൾ പാസ്സാക്കാമെന്ന വ്യവസ്ഥയുണ്ടാക്കി. അതിനെത്തുടർന്നാണ് കേരളത്തിൽ ലോക് ആയുക്ത നിയമം വന്നത്. ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിലെ ലോക് ആയുക്ത നിയമത്തിൽനിന്നും വ്യത്യസ്തമായി പ്രസ്തുത സംവിധാനത്തിന് അവിടെയൊന്നുമില്ലാത്ത അധികാരമാണ് കേരളത്തിലെ ലോക് ആയുക്ത നിയമത്തിലെ സെക്ഷൻ 14-ൽ പറഞ്ഞിരിക്കുന്നത്. അക്കാര്യം ഇവിടെ വിശദീകരിക്കപ്പെടുകയും ചെയ്തു. 1999-ൽ കേരള നിയമസഭ ചർച്ച ചെയ്ത് ലോക് ആയുക്ത നിയമം കൊണ്ടുവന്ന ഘട്ടത്തിൽ അഴിമതി നിരോധന നിയമം

നിലവിലുള്ളപ്പോൾ എന്തിനാണ് ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരുന്നതെന്ന് ചോദിച്ചവരാണ് ഇന്നത്തെ പ്രതിപക്ഷമെന്നുള്ളത് ഞാൻ ഓർക്കുകയാണ്. അതിന്റെ രേഖകളും സഭാ ചർച്ചകളിലുണ്ട് ;അന്നത്തെ ലോകായുക്ത നിയമത്തിന്റെ 14-ാം വകുപ്പുപ്രകാരം സംസ്ഥാനത്തെ ഒരു മന്ത്രിയോ പൊതുസേവകനോ ചട്ടലംഘനം നടത്തിയെന്ന് കണ്ടെത്തിയാൽ പദവിയിൽനിന്നും പുറത്താക്കാൻ നിയമനാധികാരി നിർബന്ധിതനാകുന്ന നിയമമാണ് കൊണ്ടുവന്നത്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും Quasi-Judicial സ്വഭാവമുള്ള ഒരു അന്വേഷണ ഏജൻസിതന്നെ വിധികർത്താവാകുന്ന സ്ഥിതി വരികയാണ്. കുറ്റാരോപിതനായ വ്യക്തിക്ക് അദ്ദേഹം ചെയ്ത കാര്യങ്ങളെക്കുറിച്ച് പറയാനുള്ള അവകാശം പോലുമില്ല, അതും ഇവിടെ വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു. മൗലികാവകാശവും പൗരാവകാശവും സംബന്ധിച്ച ഇന്ത്യയിലെ ഏത് നിയമമെടുത്ത് പരിശോധിച്ചാലും ആരോപിതനായ വ്യക്തിക്ക് അവരുടെ ഭാഗം പറയാനും കേൾക്കാനുമുള്ള വ്യവസ്ഥയുണ്ട്. പക്ഷേ നമ്മുടെ നിയമത്തിന്റെ പ്രസ്തുത വകുപ്പിൽ അതിനുള്ള സാധ്യതയില്ലെന്ന അവസ്ഥയുണ്ട്. ഇവിടെ വ്യക്തമാക്കപ്പെട്ടതുപോലെ അക്കാര്യത്തിൽ ചോദ്യം ചെയ്യാൻ പോലും കുറ്റാരോപിതന് സാധ്യതയില്ലാത്ത സാഹചര്യമുണ്ട്. ഭരണഘടനാ സ്ഥാപനത്തിന്റെ ഉൽപ്പന്നമായിട്ടുള്ള മന്ത്രിമാരെ, ഗവർണറെ അവരുടെ മുകളിൽ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തെ പ്രതിഷ്ഠിക്കുകയെന്നുള്ള സ്ഥിതിയാണ് ഇതിന്റെ ഭാഗമായുണ്ടാകുന്നത്. ഇത്തരമൊരു നിയമം പൗരന്റെ അല്ലെങ്കിൽ ആരോപിക്കപ്പെട്ട വ്യക്തിയുടെ ജനാധിപത്യപരമായ മൗലിക അവകാശങ്ങളെപ്പോലും ലംഘിക്കപ്പെടുമെന്ന് വരുമ്പോൾ ആ നിയമം തിരുത്താൻ നിയമനിർമ്മാണ സഭയ്ക്കുതന്നെയാണ് അധികാരമുള്ളത്. അത്തരമൊരു സാഹചര്യത്തിലാണ് ഇത്തരം നിയമത്തിൽ വന്ന തെറ്റായൊരു കാര്യത്തെ ഭേദഗതി കൊണ്ടുവന്ന് ശരിയാക്കാൻ തീരുമാനിച്ചത്. നമ്മുടെ ഭരണഘടന തന്നെ 103 തവണ ഭേദഗതി ചെയ്തിട്ടുണ്ട്. കാലത്തിനനുസരിച്ച് രാജ്യത്ത് പുതിയ സാഹചര്യം വരുമ്പോൾ അത്തരം രീതിയിലുള്ള ഭേദഗതികളുണ്ടാകുന്നത് തെറ്റാണെന്ന് പറയാനാകുമോ? അത് പരിശോധിച്ച് പുതിയ കാലഘട്ടത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി ഏത് നിയമത്തിലും ഭേദഗതികൾ കൊണ്ടുവരാറുണ്ട്. അമിതാധികാരം ഒരു അന്വേഷണ ഏജൻസി കയ്യാളുന്നത് ജനാധിപത്യവിരുദ്ധവും ഭരണഘടനാ തത്വങ്ങൾക്ക് എതിരാണെന്നുമുള്ളതുകൊണ്ടാണ് നിയമഭേദഗതി കൊണ്ടുവരുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് മുതിർന്ന അംഗവും മുൻമന്ത്രിയുമാണ്. അങ്ങയുടെ വാക്കുകൾ റിക്കോർഡിൽ ഉണ്ടാകുമല്ലോ? അങ്ങ് പറഞ്ഞൊരു കാര്യം, 1999-ലെ ലോകായുക്ത നിയമത്തിൽ കുറ്റാരോപിതനായ ഒരാളെ കേൾക്കാൻ പോലുമുള്ള ഒരു പ്രൊവിഷൻ ഇല്ലെന്ന് അങ്ങും പറഞ്ഞു. ഇതിനുമുമ്പ് ഇക്കാര്യം ബഹുമാന്യനായ ഡോ. കെ. ടി. ജലീലും പറഞ്ഞു. പ്രസ്തുത നിയമത്തിലെ സെക്ഷൻ

9-ൽ " Provisions relating to complaints and investigations:- (1) Subject to the provisions of this Act, any person may make a complaint under this Act to the Lok Ayukta or an Upa-Lok Ayukta.

(2) Every complaint shall be made in such form and in such manner, as may be prescribed, and shall be supported by an affidavit.

(3) Where the Lok Ayukta or an Upa-Lok Ayukta proposes, after making such preliminary inquiry as he deems fit, to conduct any investigation under this Act, he -

(a) shall forward a copy of the complaint to the public servant and the competent authority concerned;

(b) shall afford to such public servant, an opportunity to offer his comments on such complaint," എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വസ്തുതാവിരുദ്ധമായി കാര്യങ്ങൾ പറയരുത്. അതായത് വളരെ വ്യക്തമായി കുറ്റാരോപിതനായ ആളെ കേൾക്കണമെന്ന് നിയമത്തിൽ പറഞ്ഞിരിക്കെ അങ്ങനെയൊരു പ്രൊവിഷനില്ലെന്ന് സ്ഥാപിച്ച് ഈ ഭേദഗതിയെ അങ്ങ് ന്യായീകരിക്കാൻ ശ്രമിക്കരുതെന്നാണ് എന്റെ അഭിപ്രായം.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങനെ കുറ്റാരോപിതനായ ഒരാളെ കേൾക്കാതെയും വിധിക്കാമെന്നതിന്റെ തെളിവാണ് ലോക് ആയുക്ത ചെയ്ത കാര്യം. എനിക്കെതിരെ ഒരു കേസ് സ്വീകരിച്ചു. എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നതാണ്. നിങ്ങൾക്കെതിരെയാണ് ഒരു കേസ് ഫയൽ ചെയ്യുന്നതെങ്കിൽ സ്വാഭാവികമായും ആ അതോറിറ്റി നിങ്ങളെ അറിയിക്കേണ്ടതല്ലേ; അങ്ങനെയൊരു ഇന്റിമേഷൻ എനിക്ക് ലഭിച്ചിട്ടില്ല. അങ്ങനെ ലഭിച്ചാൽ മാത്രമല്ലേ നമ്മുടെ ഭാഗം പറയാൻ സാധിക്കുകയുള്ളൂ. അങ്ങനെയൊരു സാമാന്യ നീതി എനിക്ക് നിഷേധിക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടന 103 പ്രാവശ്യം ഭേദഗതി ചെയ്തു. അതിന്റെയർത്ഥം നമ്മുടെ ഭരണഘടനാ ശിൽപ്പികൾ മോശക്കാരായിരുന്നുവെന്നാണോ; അതുകൊണ്ടാണോ ഭരണഘടന നൂറിലധികം തവണ ഭേദഗതി ചെയ്തത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇവിടെ വളരെ വ്യക്തമായ ബോധ്യത്തോടുകൂടി നമ്മൾ ചർച്ചചെയ്ത കാര്യമാണ് ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചത്. ഡോ. കെ. ടി. ജലീൽ അദ്ദേഹത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പറയുകയും ചെയ്തു. ഇവിടെ ലോക് ആയുക്ത

ശിപാർശ കൊടുത്താൽ അത് ബന്ധപ്പെട്ടവർ നടപ്പിലാക്കണമെന്ന വ്യവസ്ഥ ഭരണഘടനാ വ്യവസ്ഥയുടെപോലും ലംഘനമല്ലേ? ഒരു ഭരണാധികാരിയെയും മന്ത്രിയെയും നിയമിക്കുന്നതിനുവേണ്ടി ഭരണഘടനാപരമായി ഭരണഘടനാ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയ്ക്ക് ലംഘനമുണ്ടാകുമ്പോൾ അത് തിരുത്തരുതെന്നാണോ പറയുന്നത്? നിയമമുണ്ടാക്കുന്നതിൽ പഴുതുകളുണ്ടാകുകയോ നിയമം മാറ്റേണ്ടിവരുന്ന ഘട്ടമുണ്ടാകുകയോ ചെയ്യുമ്പോൾ സ്വാഭാവികമായും നിയമഭേദഗതി വരുത്തുന്നത് പതിവാണ്. അത്തരമൊരു കാര്യമാണ് ഇവിടെ ചെയ്തിട്ടുള്ളത്. നിയമം ഭേദഗതി ചെയ്യുന്നതുകൊണ്ട് ലോക്ആയുക്തയുടെ അന്വേഷണം നടത്താനോ റിപ്പോർട്ട് സമർപ്പിക്കാനോ ഉള്ള ഒരധികാരവും ഇതിന്റെ ഭാഗമായി ചോദ്യം ചെയ്യുന്നില്ല. ജനാധിപത്യവിരുദ്ധമായി ഉള്ളടക്കമുണ്ടെങ്കിൽ അതിനെ മാറ്റുന്നതിനായി നിയമഭേദഗതി കൊണ്ടുവരികയാണ് ചെയ്യുന്നത്.

ഇന്ന് രാവിലെ ബഹുമാനപ്പെട്ട ഒരു അംഗം പറഞ്ഞതുപോലെ അതിന്റെ പല്ലുപറിച്ച് കളയാനോ അഴിമതിക്ക് അനുകൂലമായിട്ടുള്ള നിലപാട് സ്വീകരിക്കാനോ ഒന്നുമല്ല. ചരിത്രത്തിൽ അങ്ങനെ രേഖപ്പെടുത്തും എന്നാണ് അദ്ദേഹം പറഞ്ഞത്. ലോക്ആയുക്ത നിയമമുണ്ടായ കാലത്തെ സാഹചര്യം ഞാൻ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ; ലോക്പാൽ വന്ന സാഹചര്യം നമ്മുടെ രാജ്യത്ത് എല്ലാവരും ചർച്ച ചെയ്തതാണ്. അത്തരമൊരു സാഹചര്യത്തിലുണ്ടായിരുന്നവർ നടത്തുന്ന അഴിമതിവിരുദ്ധ പ്രസംഗം ഏത് അർത്ഥത്തിലാണ് എടുക്കേണ്ടത്? ഇതിന്റെ ഭാഗമായ അഴിമതി എങ്ങനെ സ്ഥാപനവൽക്കരിക്കപ്പെടും എന്നൊക്കെ പറയുമ്പോൾ കണ്ണാടി ഒന്ന് സ്വന്തം മുഖത്തേയ്ക്ക് തിരിച്ചുവയ്ക്കുന്നത് നന്നായിരിക്കുമെന്നാണ് അതുമായി ബന്ധപ്പെടുത്തി സൂചിപ്പിക്കാനുള്ളത്. ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തിന് ഭരണഘടനാ സ്ഥാപനത്തിനുമേൽ മേൽക്കൈ വേണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നത്. അത് ഏത് നിയമ വ്യവസ്ഥയുടെ ഭാഗമായിട്ടാണെന്ന് സൂചിപ്പിക്കണം. ഒരു മന്ത്രിയെ മന്ത്രിസ്ഥാനത്തുനിന്ന് നീക്കാൻ ഭരണഘടനാ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമായിരിക്കെ ലോക്ആയുക്തയുടെ പ്രഖ്യാപനം ഭരണഘടനാ നിർദ്ദേശങ്ങൾക്ക് മുകളിൽ വരുന്നത് ആശാസ്യമാണോ എന്നുള്ള കാര്യത്തെ സംബന്ധിച്ച് നിങ്ങളാരും പറഞ്ഞില്ല. അത് ഭരണഘടനയെ സംസ്ഥാന നിയമനിർമ്മാണസഭ നിർമ്മിച്ച നിയമത്തിന് കീഴിലാക്കുന്നതിന് തുല്യമാണ്. ഭരണഘടനയെ സംസ്ഥാന നിയമസഭ നിർമ്മിച്ചൊരു നിയമത്തിന്റെ കീഴിലാക്കുന്ന ഭരണഘടനാ വിരുദ്ധമായ ഒരു നിയമവ്യവസ്ഥയിൽ ഭേദഗതിയുണ്ടാകണമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നത്. ഭരണഘടനയുടെ സൃഷ്ടിയാണ് നിയമനിർമ്മാണസഭ. ആ സഭയുടെ നിർമ്മിതിയാണ്

ലോക് ആയുക്ത നിയമം. ആ നിയമം ഭരണഘടനയുടെ നിർദ്ദേശത്തിന്മേൽ ആധിപത്യം നേടുന്നത് ജനാധിപത്യ സമൂഹത്തിനും ചിന്തയ്ക്കും ചേർന്നതല്ല. ആരോപിതനെ കേൾക്കാതെ ഒരു അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ള, അന്വേഷണ സ്വഭാവമുള്ള ഏജൻസി മാത്രമായ ലോക്ആയുക്ത വിധി പറയുകയാണ്. പോലീസ് അന്വേഷിച്ച് പോലീസുതന്നെ വിധി പറയുന്ന എന്നതുപോലെ അന്വേഷണ സ്വഭാവമുള്ള ഒരു ഏജൻസി വിധി പറയുന്നത് ജനാധിപത്യ വിരുദ്ധമാണ്. പരാതി കേൾക്കാനുള്ള സംവിധാനത്തിനെക്കുറിച്ച് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ഡോ. കെ. ടി. ജലീലിന്റെ കേസിൽ അദ്ദേഹത്തിനുണ്ടായ നിയമപരമായ വിഷയത്തിലുണ്ടായ അനുഭവങ്ങൾ ഇവിടെ വിശദീകരിച്ചു. നിയമപരമായ തർക്കങ്ങൾക്ക് കാരണമായേക്കാവുന്ന തെറ്റുകൾ നിയമത്തിലുണ്ടെങ്കിൽ അത് തിരിച്ചറിഞ്ഞ് ആ തെറ്റ് തിരുത്തുകയാണ് വേണ്ടത്. ആ കടമയാണ് നിയമനിർമ്മാണസഭ ഇന്ന് ഇവിടെ ചെയ്യുന്നത്. ഇത്തരമൊരു ഭേദഗതിയുണ്ടാകുമ്പോൾ ലോക്ആയുക്തയുടെ ശക്തി കുറയ്ക്കാനോ അതിന്റെ അന്വേഷണത്തിന്റെ ശക്തി കുറയ്ക്കാനോ ഉള്ള നിലപാടല്ല സ്വീകരിക്കുന്നത്. ഒരു അന്വേഷണ ഏജൻസി മാത്രമായി ലോക്പാലിനെ ചുരുക്കിയെന്നുള്ള ആക്ഷേപം ഇവിടെ കേൾക്കുകയുണ്ടായി. നമ്മുടെ നിയമത്തിന്റെ അടിത്തറ കർണ്ണാടകയിലെ നിയമമാണ്. കർണ്ണാടകയിലെ ലോകായുക്ത ജസ്റ്റിസ് സന്തോഷ് ഹെഗ്ഡെയുടെ കാര്യം കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിക്കപ്പെട്ടു. കർണ്ണാടക നിയമത്തിൽ 2010-ൽ വരുത്തിയ ഭേദഗതി പ്രകാരം തീരുമാനമെടുക്കുന്നതിനുമുമ്പ് കോംപീറ്റന്റ് അതോറിറ്റിയെ ലോക് ആയുക്ത പ്രഖ്യാപനത്തിന് വിധേയനായ പൊതുസേവകനെക്കൂടി കേൾക്കണമെന്ന് മാറ്റം വരുത്തിയിട്ടുണ്ട്. പഞ്ചാബിൽ ഇപ്പോഴാണ് ഭരണമാറ്റമുണ്ടായത്. 1996-ലെ നിയമമാണ് പഞ്ചാബിലുണ്ടായിരുന്നത്. പഞ്ചാബിൽ ലോക്ആയുക്ത നിയമം കൊണ്ടുവന്ന, 2020-ൽ ഭേദഗതി അവതരിപ്പിച്ചു. അതിന്റെ ഭാഗമായി മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എ.-മാർ എന്നിവരെ കുറ്റക്കാരാണെന്ന് കണ്ട് പുറത്താക്കാൻ ലോക് ആയുക്തയ്ക്ക് അധികാരമില്ല. അങ്ങനെ പുറത്താക്കണമെങ്കിൽ നിയമസഭയിൽ മൂന്നിലൊന്ന് അംഗങ്ങളുടെ പിന്തുണ വേണം. അങ്ങനെയൊരു നിയമം എന്തുകൊണ്ടാണ് വന്നത്? നിയമസഭയ്ക്ക് എന്ത് അധികാരമാണെന്ന് ചോദിക്കുമ്പോൾ പഞ്ചാബിൽ ഇങ്ങനെയൊരു ഭേദഗതി കോൺഗ്രസ് നേതൃത്വത്തിൽ വരുത്തിയത് എന്തുകൊണ്ടാണെന്നുകൂടി വ്യക്തമാക്കണ്ടേ? ഭരണഘടനാപരമായി രൂപീകൃതമായ അവിടെയുള്ള നിയമസഭയ്ക്കുള്ള അതേ അധികാരങ്ങൾ തന്നെയല്ലേ കേരളത്തിലെ നിയമസഭയ്ക്കുമുള്ളത്. പഞ്ചാബിൽ നിങ്ങൾ അതാണ് ചെയ്തത്. അവിടെ മാത്രമല്ല. ബി.ജെ.പി. ഭരിക്കുന്ന ഗുജറാത്ത്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ഭരണഘടനാ പദവിയിലിരിക്കുന്നൊരു വ്യക്തിയെ പുറത്താക്കാൻ ലോക്

ആയുക്തയ്ക്ക് അധികാരമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത രീതിയിലുള്ള ഇത്തരമൊരു കാര്യത്തെയാണ് നമ്മൾ ഇവിടെയിപ്പോൾ ശരിയായ രീതിയിൽ ഭരണഘടനാ വ്യവസ്ഥയ്ക്ക് വിധേയമാക്കുന്നത്. ലോക്ആയുക്തയുടെ യോഗ്യതകളിൽ എന്തെങ്കിലും വെള്ളം ചേർക്കുന്നുണ്ടോ? ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അല്ലെങ്കിൽ സുപ്രീംകോടതി ജഡ്ജി ഉൾപ്പെടുന്ന ജുഡീഷ്യറിയോട് നമുക്കെല്ലാവർക്കും ബഹുമാനമുണ്ട്. എന്നാൽ എല്ലാ ജഡ്ജിമാരും നീതിയുക്തമായ തീരുമാനങ്ങളെടുക്കുന്നവരാണെന്ന് നമുക്ക് പറയാനാകുമോ? അധികാരത്തിൽ നിന്ന് പുറത്തിറങ്ങിയതിന്റെ പിറ്റേ ദിവസം രാജ്യസഭാംഗമാകുന്ന ജഡ്ജിമാരെയും നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ എല്ലാ ജഡ്ജിമാരും നീതിന്യായ സംവിധാനവും അങ്ങനെയാണെന്ന് ഞാൻ ആക്ഷേപിച്ചിട്ടില്ല. കേരളത്തിലെ ഒരു ഹൈക്കോടതി ജഡ്ജി നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു പ്രത്യേക പാർട്ടിയുടെ സ്ഥാനാർത്ഥിയാകാൻ തയ്യാറാണെന്ന് പറഞ്ഞ് എല്ലാ ഓഫീസുകളിലും കയറിയിറങ്ങി നടന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. നിയമവ്യവസ്ഥയ്ക്ക് വിധേയമായി അല്ലാതെ ആ പദവിയുടെ ഏതെങ്കിലും ഗുണം കുറയ്ക്കണമെന്ന രീതിയിൽ ഒരു ഭേദഗതി അതിന്റെ ഭാഗമായി ഇവിടെ വന്നിട്ടില്ല. അഴിമതി വിരുദ്ധ ആക്രോശങ്ങൾ നടത്തുമ്പോൾ ഇതൊക്കെ നമ്മൾ പരിശോധിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അഴിമതിക്കെതിരായി ഇപ്പോഴും നിയമ വ്യവസ്ഥ നിലവിലുണ്ട്. ലോക്ആയുക്തയ്ക്ക് പുറമെ പൊതുപ്രവർത്തകന്റെ അഴിമതി അന്വേഷിക്കാനുള്ള സംവിധാനങ്ങളുണ്ടല്ലോ; രാജ്യത്ത് ഇപ്പോൾ ഒരു പുതിയ സാഹചര്യം വന്നിരിക്കുന്നു. ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര ഗവൺമെന്റ് എല്ലാ ഭരണഘടനാ സ്ഥാപനങ്ങളെയും അന്വേഷണ ഏജൻസികളെയും എന്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നത്; കേരളത്തിലെ ഈ ഗവൺമെന്റിനെ തകർക്കാൻവേണ്ടി മാത്രമൊന്നുമല്ലല്ലോ? അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്ത് ഭരണഘടനാ വ്യവസ്ഥകളെ ലംഘിച്ച് അല്ലെങ്കിൽ ഉള്ള പഴുതുകളുപയോഗിച്ച് ആ വ്യവസ്ഥകളെയെല്ലാം ലംഘിച്ച് പ്രതിപക്ഷ-ഭരണകൂടങ്ങളെ അട്ടിമറിക്കാൻ, പ്രതിപക്ഷ സംസ്ഥാനത്തുള്ള ഭരണക്രമത്തെ അട്ടിമറിക്കാൻ, പണം പ്രയോജനപ്പെടുത്തി വിലയ്ക്ക് വാങ്ങാൻ ശ്രമിക്കുന്നു. അതോടൊപ്പം പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളെ ഭീഷണിപ്പെടുത്തി വരുതിക്കുകൊണ്ടുവരാൻ ശ്രമിക്കുന്ന എത്രയോ സംഭവങ്ങളുണ്ടായിട്ടുണ്ട്? മുമ്പ് ഉണ്ടായിരുന്ന സാഹചര്യമല്ല ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്നത്. അത് പ്രതിപക്ഷത്തിരിക്കുന്നവരും ഭരണപക്ഷത്തിരിക്കുന്നവരും അംഗീകരിക്കുന്നതാണെന്നാണ് എന്റെ തോന്നൽ. വളരെ ഭീതിതമായ ഫാസിസ്റ്റ് പ്രവണതയുള്ള ഒരു ഭരണകൂടം ഭരണഘടനാ വ്യവസ്ഥകളെയെല്ലാം ലംഘിച്ച് രാജ്യത്ത് തുടരുകയാണ്. ഇ.ഡി.-

യുടെ അന്വേഷണം പ്രതിപക്ഷ നേതാക്കൾക്കെതിരെ ഉണ്ടായതും ജയിലിൽ പോയതുമെല്ലാം അറിയാമല്ലോ? എത്രയോ സംസ്ഥാനങ്ങളിൽ ഗവൺമെന്റുകളെ അട്ടിമറിക്കാൻ ഗവർണർമാരെ പ്രയോജനപ്പെടുത്തുന്നു. ബംഗാളിൽ ഗവർണർ നിരന്തരമായി ഒരു ഗവൺമെന്റിനെ അസ്ഥിരീകരിക്കാൻ അവിടത്തെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്ന അവസ്ഥയെക്കുറിച്ച് അറിയാമല്ലോ. ഗവർണറുടെ അധികാരപരിധി മറന്നുകൊണ്ടല്ല ഞാൻ സംസാരിക്കുന്നത്. ആ സ്ഥിതിയുണ്ടായത് നമ്മൾ കണ്ടതാണല്ലോ? തമിഴ്നാട്ടിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലിന്റെ ഭാഗമായി നിയമസഭയിൽ ഒരു നിയമം പാസ്സാക്കേണ്ടിവന്ന കാര്യം നമ്മുടെ ഓർമ്മയിലുണ്ട്. കഴിഞ്ഞ ദിവസം മഹാരാഷ്ട്ര ഗവൺമെന്റിനെ അട്ടിമറിക്കാൻ ഗവർണറെ പ്രയോജനപ്പെടുത്തിയത് നമ്മൾ കണ്ടതാണ്. ഝാർഖണ്ഡിലെ മുഖ്യമന്ത്രിയെ അയോഗ്യനാക്കാൻ വേണ്ടി അവിടത്തെ ഗവർണർ ഇപ്പോഴും തീരുമാനമെടുക്കാതെ സന്ദിഗ്ദ്ധാവസ്ഥയിൽ നിർത്തി ആ ഗവൺമെന്റിനെ അസ്ഥിരീകരിക്കാൻ ശ്രമിക്കുകയാണ്. ഗവർണർ പദവിയെ പ്രയോജനപ്പെടുത്തി അതിന്റെ ഭരണഘടനാപരമായ ഉള്ളടക്കത്തിൽ നിൽക്കാതെ സംസ്ഥാന ഗവൺമെന്റുകളെയും പ്രതിപക്ഷ പ്രസ്ഥാനങ്ങളെയും പ്രതിപക്ഷ നേതാക്കളെയും ഭയപ്പെടുത്തി കീഴ്പ്പെടുത്താനും വരുതിയിൽ കൊണ്ടുവരാനും സംസ്ഥാന ഗവൺമെന്റുകളെ ഭീഷണിപ്പെടുത്താനും ശ്രമിക്കുന്ന പുതിയ സാഹചര്യം നമ്മുടെ രാജ്യത്ത് ഉരുത്തിരിഞ്ഞുവന്നിട്ടുണ്ടെന്ന് നമ്മൾ കാണണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ചർച്ച ചെയ്യുന്നത് ലോക്ആയുക്തയെ നിയമിക്കുന്നത് സംബന്ധിച്ച നിയമമാണ്. അങ്ങ് അത് പരിശോധിച്ചിട്ടുണ്ടോ? പരിശോധിച്ചിട്ടുണ്ടാകുമെന്ന് അറിയാം. മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷനേതാവ് എന്നിവർ കൂടിയാലോചിച്ചാണ് ലോക്ആയുക്തയെ നിയമിക്കുന്നത്. ഇപ്പോഴത്തെ ലോക്ആയുക്തയും അങ്ങനെ തന്നെയാണ്. നിയമത്തിന്റെ ഭാഗമാണ്. ആ ലോക്ആയുക്തയുടെ മുകളിൽ വേറൊരു കൺട്രോൾ വേണമെന്നുള്ളതാണ് ഇപ്പോഴത്തെ വാദഗതിയുടെ പ്രശ്നം. കാരണം ലോക്ആയുക്ത വെറുതേവന്ന് പറന്നിരിക്കുന്നതല്ല. ആ ലോക്ആയുക്തയെ നിയമിക്കുന്നത് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സ്പീക്കറും കൂടി ചേരുന്ന സമിതിയാണ്. അപ്പോൾ സ്വാഭാവികമായും ലോക്ആയുക്തയുടെ സ്റ്റൈൽ എന്തായിരിക്കുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? ലോക്ആയുക്ത പരിശോധിച്ചശേഷം ഒരു വിധി പുറപ്പെടുവിച്ചാൽ ആ വിധിക്ക് മുകളിലൊരു നിയന്ത്രണം ലെജിസ്ലേച്ചറിന് വേണമെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ കൂടി തെരഞ്ഞെടുത്ത ഒരാൾ ലോക്ആയുക്തയായി വന്നിരിക്കുമ്പോൾ അതിന് മുകളിൽ മുഖ്യമന്ത്രിയും

പ്രതിപക്ഷനേതാവുമുണ്ട്. ഈ മൂന്ന് പേരടങ്ങുന്ന സമിതിയെടുത്ത ലോക്ആയുക്തയെ വേറൊരു കൺട്രോളിന്റെ കീഴിൽ, ഒരു ചങ്ങലയ്ക്കുള്ളിൽ ഇടണമെന്നുള്ള തീരുമാനം ശരിയാണോ; അത് ജനാധിപത്യപരമാണോ; അത് അഴിമതി നിരോധനത്തിന്റെ ഭാഗമായി വരുമോ?

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതുപോലെ മറ്റൊരു ചോദ്യം ഞാൻ ചോദിക്കട്ടെ, ലോക്ആയുക്ത ബോധമില്ലാതെ ഒരു വിധി പുറപ്പെടുവിക്കുന്നുവെന്ന് വിചാരിക്കുക. അങ്ങനെയൊരു വിധി പ്രഖ്യാപിച്ചാൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഒരു മന്ത്രിക്ക് *അതിനോടൊപ്പം* നിൽക്കാൻ സാധിക്കുമോ? ചോദ്യം പോലും ചോദിക്കാതെ ജനാധിപത്യ വിരുദ്ധമായി തന്റെ ഭാഗം കേൾക്കാതെ ഒരു വിധി പുറപ്പെടുവിച്ചതിന്റെ ഭാഗമായല്ലേ ഡോ. കെ. ടി. ജലീലിന് രാജി വയ്ക്കേണ്ടി വന്നത്; നാളെ ഈ അനുഭവം നിങ്ങൾക്കുമുണ്ടാകില്ലേ? ബഹുമാനപ്പെട്ട അംഗം എ. സി. മൊയ്തീൻ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യം, ഇന്ത്യയിൽ ഇത്തരത്തിലുള്ള അർദ്ധ ജുഡീഷ്യറി സ്ഥാപനങ്ങൾക്ക് അധികാരം കൊടുത്തുകൊണ്ട് അല്ലെങ്കിൽ സർക്കാരിന്റെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുന്ന നീക്കങ്ങളെ സംബന്ധിച്ച് പ്രതിപക്ഷത്തിന് എന്തുകൊണ്ട് ബോധ്യമാകുന്നില്ല എന്നുള്ളതാണ്. ഇത് കേവലം രാഷ്ട്രീയപരമായ കാര്യമായി മാത്രമാണ് നിങ്ങൾ വാദമുയർത്തുന്നത്. ഈ ലോക്ആയുക്ത ഉപയോഗിച്ചുകൊണ്ട് ഒരു ഗവൺമെന്റിന്റെ പ്രതിനിധികളായിരിക്കുന്ന മുഖ്യമന്ത്രിയെയോ മന്ത്രിമാരെയോ കുറ്റക്കാരെന്ന് വരുത്തിയാൽ അവർ രാജിവച്ച് പുറത്തുപോകേണ്ട ഗതികേടിലേയ്ക്ക് കേരളം മാറാൻ പാടില്ല എന്നുള്ളതാണ് ഈ ഭേദഗതിയുടെ ഉദ്ദേശ്യം. അത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ഇങ്ങനെ വഴങ്ങിയാൽ ഇത് തീർക്കാൻ കഴിയില്ല.

ശ്രീ. വി. ജോയി: സർ, അങ്ങ് ഗവർണർമാരെയും അവർ ചെയ്യുന്ന പ്രവർത്തനങ്ങളെയും സംബന്ധിച്ച് പറഞ്ഞു. നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ലോക്ആയുക്ത നിയമത്തിന്റെ കോമ്പീറ്റന്റ് അതോറിറ്റി ഗവർണറാണ്; ആ ഗവർണർ തന്നെ തുടരണമെന്ന വാദമാണോ പ്രതിപക്ഷത്തിരിക്കുന്നവരുടെ വാദമെന്നതാണ് പ്രശ്നം.

ഡോ. മാത്യു കുഴൽനാടൻ: സർ,......

ശ്രീ. എ. സി. മൊയ്തീൻ: ഞാൻ പറഞ്ഞ് കഴിഞ്ഞശേഷം അങ്ങേയ്ക്ക് വഴങ്ങാം.

<u>മി. ചെയർമാൻ</u>: ഇങ്ങനെ വഴങ്ങിക്കൊടുക്കരുത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ഇല്ല. ഞാൻ ബഹുമാനപ്പെട്ട ചെയർമാൻ പറഞ്ഞത് കേൾക്കാൻ തയ്യാറാണ്. ഞാൻ ഗവർണർമാരുടെ സ്ഥിതി പറഞ്ഞ് ഈ വിഷയത്തിൽനിന്നും മാറിയതല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അത് തെറ്റായി വ്യാഖ്യാനിക്കേണ്ടതില്ല. രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ എങ്ങനെയാണ് ഭരണഘടനാ സ്ഥാപനങ്ങളെ, ഗവർണർമാരെ സംസ്ഥാനത്ത് ഇടപെടൽ നടത്താനും സംസ്ഥാന ഗവൺമെന്റുകളെ അസ്ഥിരീകരിക്കാനും ശ്രമിക്കുന്നതെന്ന് നിങ്ങൾക്ക് കൂടി ബോദ്ധ്യമുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തിയതാണ്. അത്തരം നിലപാടുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോയെന്ന് ചോദിക്കാൻ വേണ്ടിയാണത്. നിങ്ങൾ പലപ്പോഴും കൈമുട്ടിക്കൊടുക്കുകയല്ലേ ചെയ്യുന്നത്. ചില സംഭവങ്ങളിൽ സർക്കാരിന്റെ ന്യായമായ നിയമനിർമ്മാണ അധികാരത്തെപ്പോലും ചോദ്യം ചെയ്യുന്ന രീതിയിൽ നമ്മുടെ സംസ്ഥാനത്തെ രാജ്ഭവനും ചില ഇടപെടലുകൾ നടത്തുമ്പോൾ നിങ്ങൾ കത്തുമായി ജനാധിപത്യ വിരുദ്ധമായ മാർഗ്ഗത്തിൽ, എന്നാൽ ഇടതുപക്ഷ ഗവൺമെന്റിന് ഒന്നിരിക്കട്ടെ എന്നുപറഞ്ഞ് കൈമുട്ടിക്കൊടുക്കുന്നത് ഗുണം ചെയ്യുമോ ഇല്ലയോ എന്ന് ആലോചിക്കണം. ഗവർണർ പദവിയെക്കുറിച്ചൊക്കെ നമ്മൾ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ നിയമത്തിന്റെ കോമ്പിറ്റന്റ് അതോറിറ്റി ഗവർണ്ണറാണ്. ആ ഗവർണർ എന്തുചെയ്യും? ബി.ജെ.പി. ഭരണത്തിൽ നിയമിക്കപ്പെടുന്ന ഗവർണർമാരെ രാഷ്ട്രീയ ചട്ടുകമാക്കുകയാണ്. ആ ചട്ടുകമാക്കുന്നവരെ പ്രയോജനപ്പെടുത്തി സംസ്ഥാന ഗവൺമെന്റിനെതിരായി തീരുമാനമുണ്ടാക്കാൻ അധികം സമയമൊന്നും വേണ്ടെന്ന് സമീപ കാലത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യം പരിശോധിച്ചാൽ നമുക്കറിയില്ലേ? ഞാൻ അതുമായി ബന്ധപ്പെടുത്തി നിയമത്തിന്റെ പരിധിക്കുള്ളിൽനിന്നു കൊണ്ടുതന്നെയാണ് സംസാരിച്ചത്. 14-ാം വകുപ്പിന് ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത് നമ്മൾ ചർച്ച ചെയ്തിട്ട് തന്നെയാണ്. നിയമനിർമ്മാണസഭ നിർമ്മിച്ച ഒരു നിയമത്തിൽ, ഇന്ത്യൻ സാഹചര്യത്തിൽ കാലാനുസൃതമല്ലാത്തൊരു വ്യവസ്ഥ വന്നാൽ അത് തിരുത്തണ്ടേ; നമ്മൾ തിരുത്തിയിട്ടില്ലേ? അതിനപ്പുറത്ത് എന്താണ് ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള പല നിയമങ്ങളിലും ആ മാറ്റം നമ്മൾ വരുത്തിയിട്ടുണ്ട്. അത്തരമൊരു മാറ്റം മാത്രമാണ് ഇക്കാര്യത്തിലും ചെയ്തിട്ടുള്ളത്. ലോക്പാലിന്റെ മാതൃക പിന്തുടർന്നുവെന്ന് നിയമ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞല്ലോ. കേന്ദ്രത്തിൽ ലോക്പാൽ നിയമമുണ്ടല്ലോ, ആ നിയമത്തിന്റെ കോമ്പിറ്റന്റ് അതോറിറ്റി അതുതന്നെയാണ് ഇവിടെയും പ്രയോഗിച്ചതെന്ന് പറയുമ്പോൾ, 2013-ൽ ആ നിയമത്തിന്റെ ഭാഗമായി അഴിമതി നടന്നോട്ടെയെന്ന് വിചാരിച്ചുകൊണ്ടാണോ നിങ്ങൾ യു.ഡി.എഫ്. ആ നിയമത്തിൽ അത്തരമൊരു വ്യവസ്ഥയുണ്ടാക്കിയത്? യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് 2013-ൽ

കൊണ്ടുവന്ന നിയമത്തിൽ ഇത്തരമൊരു കോമ്പിറ്റന്റ് അതോറിറ്റി പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരുമൊക്കെ ആ നിയമത്തിൽ ഇങ്ങനെയാകണമെന്ന് പറഞ്ഞത് അഴിമതിയെ പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യമുണ്ടെന്ന് കണ്ടതുകൊണ്ടാണെന്ന് ഞങ്ങൾ പറയണോ? അപ്പോൾ ആ വ്യവസ്ഥയ്ക്ക് വിധേയമായാണ് ഇവിടെയും ഇതിന്റെ നിയമമുണ്ടാക്കിയതെന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാനിത് പറഞ്ഞത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ആ കാര്യം മനസ്സിലായിട്ടുണ്ടാകുമെന്ന് കരുതുന്നു. രാഷ്ട്രീയമായി ഭരണപക്ഷത്തെ എതിർക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് തെറ്റായ ഒരു കാര്യത്തിന്റെ വാദഗതിയുമായി പോകരുതെന്നാണ് ഞങ്ങൾ പറയുന്നത്. സംസ്ഥാനത്തിന്റെ അഴിമതിവിരുദ്ധ പോരാട്ടത്തിനൊന്നും ഇതൊരു കളങ്കവുമുണ്ടാക്കില്ല. മറ്റുനിയമങ്ങളും ഇവിടെയുണ്ട്. നമ്മുടെ സമൂഹം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും അഴിമതിക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുകയും സ്റ്റൂട്ടിനി നടത്തുകയും ചെയ്യുന്ന സംസ്ഥാനമാണ്. അഴിമതി വിരുദ്ധ നടപടികൾക്ക് എന്തെങ്കിലും കോട്ടമുണ്ടാക്കണമെന്ന രീതിയിലല്ല ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ നിയമത്തെ കണ്ടിട്ടുള്ളത്. ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ ഉള്ളടക്കങ്ങളെ തിരുത്താനും കാലാനുസൃതമായ ഭേദഗതി വരുത്തി നിയമത്തെ സമ്പുഷ്ടമാക്കാനും വേണ്ടിയുള്ള പ്രവണതയെന്ന നിലയ്ക്കാണ് ഈ നിയമ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. തർക്കങ്ങളില്ലാതെ ഈ ബിൽ പാസ്സാക്കി മുന്നോട്ടുപോകാവുന്നതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെപ്പോലെയുള്ള ഒരു നിയമ ഭേദഗതി തന്നെയാണ് കേരളത്തിലും വരുത്തിയിട്ടുള്ളത്. അത് അംഗീകരിക്കാവുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള ചരിത്രത്തിലെ ഒരു കറുത്ത ദിവസമാണ് ഇന്ന്. അഴിമതി നിരോധനം എന്ന പ്രവർത്തനത്തിന് അന്ത്യം കുറിക്കുന്ന ഒരു ദിവസമാണ്. Prevention of Corruption Act സെക്ഷൻ 17 അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ പാസ്സാക്കിയ നിയമം വലിയൊരു ആഘാതമാണ് രാജ്യത്തെ വിസിൽ ബ്ലോവേഴ്സിനും അഴിമതിക്കെതിരെ പോരാട്ടം നടത്തുന്ന ആളുകൾക്കുമെതിരെ ഉണ്ടാക്കിയത്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ 17-ാം വകുപ്പിൽ ഭേദഗതി വരുത്തിയതുകൊണ്ട് സാംഗ്ഷനില്ലാതെ ഒരു എം.എൽ.എ.-ക്കോ മന്ത്രിക്കോ പാർലമെന്റ് അംഗത്തിനോ എതിരായി ഒരു

കേസ്സും രജിസ്റ്റർ ചെയ്യാൻ കഴിയാത്ത അവസ്ഥ രാജ്യത്ത് നിലനിൽക്കുകയാണ്. അതോടുകൂടി മോദി ഭരണത്തിന്റെ മാത്രമല്ല ഇന്ത്യയിൽ ഒരു ഭരണകൂടത്തിലും ഒരു ഭരണാധികാരിക്കുമെതിരായി അഴിമതി ആരോപിച്ചുകൊണ്ട് കേസ് കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. അതുപോലൊരു നിയമമാണ് ഇവിടെ പാസ്സാക്കാൻ പോകുന്നത്. കേരള ലോക്ആയുക്ത ആക്ടിന്റെ ഹൃദയമെന്ന് പറയുന്നത് സെക്ഷൻ 14 ആണ്. ആ ഹൃദയമാണ് ഇവിടെ കവർന്നെടുക്കുന്നത്. നമ്മുടെ രാജ്യത്തെ അഴിമതി നിരോധനത്തിന് വേണ്ടിയിട്ടുള്ള പോരാട്ടങ്ങളുടെ ചരിത്രം പരിശോധിച്ചാൽ പാർലമെന്റിൽ നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടുണ്ടെന്ന് മനസ്സിലാകും. ഐക്യരാഷ്ട്ര സഭയുടെ അഴിമതിക്കെതിരായുള്ള കൺവെൻഷൻ ലോകം മുഴുവൻ അഭിനന്ദിച്ച കാര്യമാണ്. പൊതുജീവിതത്തിൽ നിൽക്കുന്ന ആളുകൾ നടത്തുന്ന അഴിമതി നമ്മുടെ രാഷ്ട്രീയ ജീവിതത്തെയും പൊതുജീവിതത്തെയും രാജ്യത്തെയും എങ്ങനെ നശിപ്പിക്കുന്നുവെന്നുള്ളത് ഗൗരവപൂർവ്വം കണ്ടുകൊണ്ടാണ് ഐക്യരാഷ്ട്ര സഭ ഇത്തരത്തിലൊരു കൺവെൻഷൻ നടത്തിയതും അത് ലോകം മുഴുവൻ അംഗീകരിക്കുകയും ചെയ്തത്. 1963-ൽ Laxmi Mall Singhvi എന്ന പാർലമെന്റേറിയനാണ് ആദ്യമായി ലോക്പാൽ എന്ന പേര് ലോകസഭയിൽ ഉന്നയിച്ചത്. അദ്ദേഹം സുപ്രീംകോടതിയിലെ ഇപ്പോഴത്തെ പ്രസിദ്ധനായ അഭിഭാഷകൻ ശ്രീ. മനു അഭിഷേക് സിംഗ്‌വിയുടെ പിതാവാണ്. ലണ്ടൻ ഹൈക്കമ്മീഷണറായി പ്രവർത്തിക്കുകയും പിന്നീട് ബി.ജെ.പി.-യുടെ സഹയാത്രികനായി മാറുകയും ചെയ്ത ആളാണ്. അദ്ദേഹമാണ് ആദ്യമായി ലോക്പാൽ എന്ന പേര് കൊണ്ടുവന്നത്. ലോക്പാൽ എന്ന പേരിന് അനുബന്ധമായാണ് ലോക്ആയുക്തയും വന്നത്. ലോക്പാൽ എന്നത് സംസ്കൃത വാക്കാണ്. 'ലോക്' എന്നാൽ 'ജനങ്ങൾ' എന്നും 'പാൽ' എന്നാൽ 'സംരക്ഷിക്കപ്പെടേണ്ടതാണ്' എന്നുമാണ്. ജനങ്ങളെ സംരക്ഷിക്കപ്പെടേണ്ട നിയമമാണ് ലോക്പാൽ. ജനങ്ങളെ ചേർത്ത് നിർത്തേണ്ട നിയമമാണ് ലോക്ആയുക്ത. സർക്കാർ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി പാസ്സാകുന്നതോടുകൂടി നിങ്ങൾ ജനങ്ങളെ സംരക്ഷിച്ച് നിർത്തുകയല്ല മറിച്ച് ജനങ്ങളെ പരിപൂർണ്ണമായി നിശബ്ദരാക്കുകയും അഴിമതിക്കെതിരായ പോരാട്ടത്തെ ഇല്ലാതാക്കുകയും ചെയ്യുകയാണ്. 1966-ൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ ഭരണപരിഷ്കാര കമ്മീഷൻ വന്നു. അതിന്റെ ഇന്ററിം റിപ്പോർട്ടിലാണ് ഇത്തരമൊരു മെക്കാനിസത്തിന്റെ ആവശ്യകതയെപ്പറ്റി വളരെ ശക്തമായി അന്ന് പാർലമെന്റിൽ ഉന്നയിക്കപ്പെട്ടത്. അതിനുശേഷമാണ് പല സംസ്ഥാനങ്ങളിലും ലോക് ആയുക്തകൾ നിലവിൽ വന്നത്. ഇന്ത്യയിൽ ആദ്യമായി ലോക്ആയുക്ത നിലവിൽ വന്ന സംസ്ഥാനം മഹാരാഷ്ട്രയാണ്. തമിഴ്നാട്, ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ജമ്മു കാശ്മീർ, മണിപ്പൂർ,

മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങളിലൊന്നും ഇപ്പോഴും ലോക്ആയുക്ത സംവിധാനമില്ല. നിങ്ങ*ളുടെ പാർട്ടിക്കാർ* പത്തുമുപ്പതുവർഷം ത്രിപുരയിൽ ഭരിച്ചതല്ലേ? അവിടെ ഇപ്പോഴും ലോക്ആയുക്തയില്ല. ലോക്ആയുക്ത സംവിധാനമില്ലാത്ത സംസ്ഥാനങ്ങളെല്ലാം അത് വേണ്ടെന്നാണ് ഇപ്പോഴും ആഗ്രഹിക്കുന്നത്. പൊതുജീവിതത്തിലെ അഴിമതി പരിപൂർണ്ണമായി തുടച്ചുനീക്കാൻ എന്തെങ്കിലും ഒരു മെക്കാനിസം വേണം. 1988-ൽ കേരളം പാസ്സാക്കിയ പൊതുപ്രവർത്തകരുടെ അഴിമതി നിരോധന നിയമത്തിന് കരുത്ത് പോരെന്ന് കണ്ടുകൊണ്ടാണ് ഇവിടെ ലോക്ആയുക്ത നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞതുപോലെ അന്ന് ആരും അതിനെ എതിർത്തില്ല. ആ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത് ഇ. കെ. നായനാർ ഗവൺമെന്റാണ്. ആ ഗവൺമെന്റിൽ നിയമ വകുപ്പുമന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായരായിരുന്നു ആ നിയമം പൈലറ്റ് ചെയ്തത്. അവരാരും ഭരണഘടന നോക്കാതെയാണോ ഈ നിയമം തയ്യാറാക്കിയത്; ജഡ്ജ്മെന്റുകളും ഭരണഘടനയും ഭരണഘടനാ വകുപ്പുകളും പരിശോധിക്കാതെയാണോ അന്നത്തെ നിയമ വകുപ്പ് സെക്രട്ടറിയും നിയമ വകുപ്പും ഈ നിയമം കൊണ്ടുവന്നത്? ഈ നിയമസഭയിൽ ഉയർന്നുവന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രി അതൊരു ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവന്നുകൊണ്ടാണ് സെക്ഷൻ 14-ന് ഈ അധികാരം കൊടുത്തത്. അന്നത്തെ നിയമ വകുപ്പ് മന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായർക്ക് യാതൊരു വിവരവുമില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അത് നമുക്കോ കേരള സമൂഹത്തിനോ അംഗീകരിക്കാൻ സാധിക്കുമോ? അന്നത്തെ നായനാർ ഗവൺമെന്റ് കൊണ്ടുവന്ന ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടികളുമായി 22 വർഷം മുന്നോട്ടുപോയപ്പോഴാണ് ഇത് ഭരണഘടനാ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്ന് ഈ ഗവൺമെന്റിന് തോന്നിയത്. അതിന്റെ കാരണമെന്താണ്? ഡോ. കെ. ടി. ജലീലിനെതിരെ വിധിയുണ്ടായി. യഥാർത്ഥത്തിൽ ലോക്ആയുക്ത ഡോ. കെ. ടി. ജലീലിനെ സഹായിക്കുകയാണ് ചെയ്തത്. കാരണം തെരഞ്ഞെടുപ്പിനുശേഷമാണ് വിധി പുറത്തുവിട്ടത്. അല്ലായിരുന്നെങ്കിൽ എന്തായിരിക്കും സംഭവിക്കുകയെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. തെരഞ്ഞെടുപ്പിനുശേഷം ആ വിധി പുറത്തുവിട്ടത് അദ്ദേഹത്തെ സഹായിക്കാനായിരുന്നു. You should be thankful to the Lok Ayukta. അങ്ങ് ജസ്റ്റിസ് സിറിയക് ജോസഫിനോട് നന്ദി പറയേണ്ട ആളാണ്. അല്ലെങ്കിൽ അങ്ങയുടെ ഭൂരിപക്ഷംവച്ച് ഈ സഭയിൽ ഉണ്ടാകുമായിരുന്നില്ല. അതാണ് ഒരു കാര്യം. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ ഇപ്പോൾ ലോക്ആയുക്തയിൽ ഒരു കേസ് നിലനിൽക്കുകയാണ്. ആ സമയത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ

പേരിലും ഒരു കേസ് നിലനിൽക്കുന്നുണ്ടായിരുന്നു. ലോക്ആയുക്ത വിധിച്ചാൽ മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആ സ്ഥാനങ്ങളിൽനിന്ന് മാറിനിൽക്കേണ്ടി വരുമെന്ന ഭീതി കൊണ്ടാണ് നിയമ ഭേദഗതി കൊണ്ടുവന്നത്. അല്ലാതെ ജനാധിപത്യത്തെ സംരക്ഷിക്കാനും ഭരണഘടനയെ സംരക്ഷിക്കാനുമൊന്നുമല്ല. ഭരണഘടനയെന്ന് കേട്ടാൽ ശ്രീ. സജി ചെറിയാൻ വളരെ ആക്ടീവാണ്. ഭരണഘടനയുടെ ആർട്ടിക്കിളും സെക്ഷനുമെല്ലാം ഉദ്ധരിച്ച് അദ്ദേഹം സംസാരിക്കുന്നത് കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. അദ്ദേഹം ഭരണഘടനയുടെ ഒരു വക്താവായിരിക്കുകയാണ്. നേതാക്കൻമാർ അപകടത്തിൽപ്പെടുമെന്നും സ്ഥാനമൊഴിയേണ്ടി വരുമെന്നുമുള്ള സാഹചര്യം വരാതിരിക്കാൻ വേണ്ടിയാണ് സർക്കാർ ഈ നിയമ ഭേദഗതി കൊണ്ടുവന്നത്. സർക്കാർ ആരെയാണ് കബളിപ്പിക്കുന്നത്; 22 വർഷമായി കേരളത്തിൽ ജനാധിപത്യ വിരുദ്ധമായ ഈ നിയമ ഭേദഗതിയുണ്ടായിട്ടും എന്തുകൊണ്ട് നിങ്ങൾ മിണ്ടിയില്ല? ഇന്ന് രാവിലെ ചട്ടം 303 അനുസരിച്ച് ഞാൻ ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിൽ ഞാൻ ചോദിച്ചതെന്താണ്? സഭയിൽ അനുവാദം നൽകാത്ത ചില വകുപ്പുകൾ സബ്ജക്ട് കമ്മിറ്റിയിൽ ഓപ്പൺ ചെയ്തതെന്തിനെന്നാണ്? അത് ചെയ്തത് സി.പി.ഐ.-യെ അനുനയിപ്പിക്കാനായിരുന്നു. സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് അങ്ങനെ ചെയ്തത്. അതിനായി ശക്ധർ ആൻഡ് കൗളിനെ കൂട്ടുപിടിക്കേണ്ട കാര്യമെന്താണ്? സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള തർക്ക പരിഹാരത്തിന്റെ ഭാഗമായി ഒരു ഫോർമുലയുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സഭ അനുമതി കൊടുക്കാത്ത വകുപ്പുകൾ ഓപ്പൺ ചെയ്യേണ്ടിവന്നത്. സി.പി.ഐ.-യ്ക്ക് വീരവാദങ്ങൾ മാത്രമേയുള്ളൂ. ഒരിക്കലും ജയിക്കാൻ കഴിയാത്ത നിലയിലാണ് ഇന്ന് ഇടതുമുന്നണി ഭരണത്തിൽ അവരുള്ളതെന്നുള്ളത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. ശ്രീ. കാനം രാജേന്ദ്രന്റെ ചില പ്രസംഗങ്ങൾ കേട്ടാൽ, ഇപ്പോൾ വരച്ച വരയിൽ നിർത്തിക്കളയുമെന്ന് തോന്നും. അവസാനം ഒരു ചർച്ച കഴിയുമ്പോൾ കാനത്തെയും കാണാനില്ല, വാദത്തെയും കാണാനില്ല എന്ന സ്ഥിതിയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. രാജൻ: സർ, പ്രതിപക്ഷനേതാവ് ആയിരുന്ന ശ്രീ. രമേശ് ചെന്നിത്തല സഭയിലില്ലാത്ത ഒരാളെക്കുറിച്ച് തെറ്റായ വിധത്തിൽ നടത്തിയ പ്രസ്താവന സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. കാനം രാജേന്ദ്രൻ നേതാവായതുകൊണ്ട് പറഞ്ഞതാണ്. അല്ലാതെ വഴിയേ പോകുന്നവരുടെ കാര്യമല്ലല്ലോ ഞാൻ പറഞ്ഞത്. ശ്രീ. കെ. രാജൻ, ശ്രീ. കാനം രാജേന്ദ്രന് എതിരാണെന്ന് എനിക്കിപ്പോൾ മനസ്സിലായി.

ശ്രീ. കെ. രാജൻ: സർ, ....... (മൈക്ക് ഓഫ്)...

മി. ചെയർമാൻ: ചർച്ച വഴിവിട്ട് പോകേണ്ടതില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വഴിതെറ്റിക്കുന്നില്ല. രാഷ്ട്രീയ നേതാക്കളുടെ പേര് പറയേണ്ടി വരുന്നത് അവരുടെ വലിപ്പം കൊണ്ടല്ലേ? സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള അഭിപ്രായ വ്യത്യാസം തീർക്കാനായി എ.കെ.ജി. സെന്ററിൽ നടത്തിയ ചർച്ചയുടെ ഫലമായാണ് സബ്ജക്ട് കമ്മിറ്റിയിൽ ഇത്തരം ഭേദഗതികൾ കൊണ്ടുവരേണ്ടിവന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഈ ഭേദഗതികൾ പരിഹാസ്യമായി മാറിയിരിക്കുകയാണ്. ഇതിലൂടെ അഴിമതി നിരോധനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ലോക്ആയുക്തയുടെ വാർഷിക യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 'നമ്മുടെ ലോക്ആയുക്ത കുരയ്ക്കുക മാത്രമല്ല, കടിക്കുകയും ചെയ്യുമെന്നാണ്. ലോക്ആയുക്തയ്ക്ക് പല്ലുണ്ട്. കൂടുതൽ അധികാരം കൊടുക്കുമെന്നാണ് അദ്ദേഹം പ്രസംഗിച്ചത്. ആ പ്രസംഗം എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തതാണ്. ഇന്ന് കേരളത്തിലെ മുഖ്യമന്ത്രി ചെയ്തതെന്താണ്? കുരയ്ക്കാൻപോലും കഴിയാത്ത നിലയിൽ ലോക്ആയുക്തയെ പരിപൂർണ്ണമായും തകർത്ത് തരിപ്പണമാക്കിയതായാണ് കാണാൻ കഴിയുന്നത്. ലോക്ആയുക്തയുടെ വായ മൂടിക്കെട്ടിയിരിക്കുന്നു. ഡോ. കെ. ടി. ജലീലിനെ നേരിട്ടതോടുകൂടി ഇനിയിത് വേണ്ടെന്ന് തീരുമാനിച്ചു. അങ്ങും ഞാനും ബഹുമാനപ്പെട്ട സ്പീക്കറുംകൂടി ഇരുന്നല്ലേ ഇപ്പോഴത്തെ ലോക്ആയുക്തയെ തീരുമാനിച്ചത്. അങ്ങല്ലേ ഈ പേര് പറഞ്ഞത്. ചീഫ് ജസ്റ്റിസായിരുന്ന ഒരു വ്യക്തിയുടെ പേര് പറഞ്ഞപ്പോൾ ഞാൻ ഡിസെന്റ് പറഞ്ഞില്ലല്ലോ; അങ്ങും ഞാനും ബഹുമാനപ്പെട്ട സ്പീക്കറും ചേർന്നല്ലേ രണ്ട് ഉപ ലോക്ആയുക്തകളെ തീരുമാനിച്ചത്. അങ്ങ് നിർദ്ദേശിച്ച പേരുകൾക്ക് ഞാൻ ഡിസെന്റ് പറഞ്ഞില്ലല്ലോ. കാരണം ഞാൻ പ്രതിപക്ഷനേതാവായിരുന്നപ്പോൾ അങ്ങയുടെ ഡിപ്പാർട്ട്മെന്റ് നൽകിയ അവരുടെ ബയോഡാറ്റയും കഴിഞ്ഞകാല ചരിത്രവും പരിശോധിച്ചപ്പോൾ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 15752/ഇ.ബി./2022/നി.സെ. തീയതി 31-8-2022) സഭാരേഖയിൽ നിലനിർത്തി.

ഇവർ യോഗ്യരാണെന്ന് കണ്ടെത്തുകൊണ്ടല്ലേ നമ്മൾ നിയമിച്ചത്. അങ്ങനെ നിയമിച്ച ആളുകൾ ജുഡീഷ്യൽ പ്രോസസ്സിലൂടെ ഒരു തീരുമാനമെടുക്കുകയും ആ തീരുമാനം നമുക്ക് ഇഷ്ടമല്ലാതാകുകയും ചെയ്യുമ്പോൾ അവരെ വിമർശിക്കുകയും അധികാരം കുറയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത് എന്ത് ജനാധിപത്യമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായ വ്യത്യാസം തീർന്നോയെന്നാണ് എനിക്ക് സി.പി.ഐ.-യോട് ചോദിക്കാനുള്ളത്. കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ നിയമ വകുപ്പുമന്ത്രിയും പൊതുവിതരണ വകുപ്പുമന്ത്രിയുമായിരുന്ന ഇ. ചന്ദ്രശേഖൻ നായർ കൊണ്ടുവന്ന ഈ നിയമ ഭേദഗതി ഇല്ലാതാകുന്നതോടുകൂടി, വാസ്തവത്തിൽ അദ്ദേഹത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ് ഇതെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ ആത്മാവുപോലും ഇത് സഹിക്കില്ല. എന്റെ കയ്യിൽ ലോക്പാലിനെ സംബന്ധിച്ച സി.പി.ഐ.(എം)-ന്റെ നിലപാടുകളെ സംബന്ധിച്ചുള്ള രേഖയുണ്ട്. നിങ്ങൾ ഈ രാജ്യത്തെ അഴിമതിക്കെതിരായി എന്തെല്ലാം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പ്രധാനമന്ത്രിയെ ലോക്പാലിന്റെ പരിധിയിൽപ്പെടുത്തണമെന്ന് പറഞ്ഞു. രാജ്യത്ത് നിലനിൽക്കുന്ന ജഡ്ജിമാരുടെ കോൺഡക്ടിനെ, അവരുടെ പ്രവർത്തനത്തെപ്പോലും പരിശോധിക്കത്തക്ക നിലയിൽ നാഷണൽ ജുഡീഷ്യൽ കമ്മീഷൻ വേണമെന്ന് പറഞ്ഞു ഇനിയും ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അഴിമതിക്കെതിരായ പോരാട്ടത്തെപ്പറ്റി പാർട്ടി പോളിറ്റ് ബ്യൂറോ തയ്യാറാക്കി പ്രസിദ്ധീകരിച്ച റിപ്പോർട്ടാണിത്. ഇന്ന് ഇതിന് മറുപടി പറയേണ്ടത് ശ്രീ. പിണറായി വിജയനല്ല, ശ്രീ. സീതാറാം യെച്ചൂരിയാണ്. ഇന്ത്യയിൽ കാലാകാലങ്ങളായി അഴിമതി നിരോധനത്തിനെതിരായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇന്ന് കേരളത്തിൽ അഴിമതി നിരോധനം വേണ്ട. അഴിമതിക്കാർക്ക് കുട പിടിക്കുന്ന ഒരു നിയമനിർമ്മാണം ഈ നിയമസഭയിൽ കൊണ്ടുവന്നതിൽ നിങ്ങൾക്ക് നാളെ പശ്ചാത്തപിക്കേണ്ടിവരും. നിങ്ങൾ ചെയ്യുന്നത് ചരിത്രപരമായ തെറ്റാണ്. ഒരു അപചയമാണ് ഇവിടെയുണ്ടാകുന്നത്. നിങ്ങൾക്ക് ഭൂരിപക്ഷമുള്ളതിനാൽ പ്രതിപക്ഷം എതിർത്താലും ബിൽ പാസ്സാക്കാൻ കഴിയും. പക്ഷെ നിങ്ങൾ ചരിത്രത്തോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരകൃത്യമാണ് ഇതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ പാസ്സായാൽ ഗവർണ്ണർ ഒപ്പിട്ടശേഷം രാഷ്ട്രപതിക്ക് അയച്ചുകൊടുത്ത് രാഷ്ട്രപതിയും ഒപ്പിട്ടശേഷമാണ് നിയമമാകുന്നത്. ഈ നിയമത്തിന്റെ കാതലായ വശങ്ങളിൽ ദൂരവ്യാപകമായ അമെന്റ്മെന്റുകൾ വരുത്തുമ്പോൾ അതിൽ ഗവർണ്ണർ മാത്രം ഒപ്പിട്ടാൽ പോരെന്നാണ് എന്റെ അഭിപ്രായം. President of India-യുടെ assent വേണ്ടിവരും. ഇത് നിയമ

കോടതികളിൽ ചോദ്യം ചെയ്യപ്പെടും. ഭരണഘടനാ വിരുദ്ധമായ നിയമമാണിത്. ആർട്ടിക്കിൾ 50-നെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. Doctrine of Separation of Powers, ഭരണഘടന വായിക്കുന്ന എല്ലാവർക്കുമറിയാം, ലെജിസ്ലേച്ചർ, ജുഡീഷ്യറി, എക്സിക്യൂട്ടീവ് എന്നിവ പരസ്പരം ഇൻഡിപെൻഡന്റായി പ്രവർത്തിക്കേണ്ട മൂന്ന് ബോഡികളാണ്. സ്വതന്ത്രമായി പ്രവർത്തിക്കേണ്ട മൂന്ന് ബോഡികൾ തമ്മിലുള്ള എൻക്രോച്ച്മെന്റ് ഇവിടെ നടക്കുന്നു. ഗൗരവതരമായ ഭരണഘടനാ പ്രശ്നമാണിത്. Lok Ayukta is a quasi-judicial body. അല്ലായിരുന്നെങ്കിൽ റിട്ടയേഡ് ജഡ്ജിമാരെ വയ്ക്കാതെ വേറെയാരെയെങ്കിലും നിയമിച്ചാൽ മതിയാകുമായിരുന്നില്ലേ; കോർപ്പറേഷൻ/ബോർഡിൽ ആളുകളെ നിയമിക്കുന്നതുപോലെ ആരെയെങ്കിലും നിയമിക്കുകയോ നോമിനേറ്റ് ചെയ്യുകയോ ചെയ്താൽ പോരെ? ഇവിടെ നിയമിക്കുന്നത് സുപ്രീംകോടതി ജഡ്ജിമാർ അല്ലെങ്കിൽ സംസ്ഥാന ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരെയാണ്. ഒരു ജുഡീഷ്യൽ പ്രോസസ്സ് നടക്കുന്നില്ലെങ്കിൽ അവരെ നിയമിക്കുന്നത് എന്തിനാണ്? ശ്രീ. ആനാവൂർ നാഗപ്പനെ ചെയർമാനാക്കിയാൽ പോരായിരുന്നോ; യു.ഡി.എഫ്. ഭരിക്കുകയാണെങ്കിൽ ഡി.സി.സി. പ്രസിഡന്റിന്റെ സ്റ്റാറ്റസുള്ള ഒരാളെ നിയമിച്ചാൽ പോരെ; ശ്രീ. നെയ്യാറ്റിൻകര സനലിനെ നിയമിച്ചാൽ പോരായിരുന്നോ? ഇതൊരു ജുഡീഷ്യൽ പ്രോസസ്സാണെന്നുള്ളതുകൊണ്ടും രാജ്യത്തെ അഴിമതി നിരോധനത്തിനുവേണ്ടി ഫലപ്രദമായും നിയമപരമായും ഇടപെടാൻ ബാധ്യതയുള്ള ഒരു ക്വാസി-ജുഡീഷ്യൽ ബോഡിയായതുകൊണ്ടുമാണ് സുപ്രീംകോടതി ജഡ്ജി അല്ലെങ്കിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷന്മാരാകുന്നത്. ഹൈക്കോടതി ജഡ്ജിമാരായിരുന്നവരാണ് ഉപ ലോക്ആയുക്തമാരായി നിയമിതരാകുന്നത്. ലോക്ആയുക്ത സംവിധാനത്തിനായി ഒരു വർഷം മൂന്നരക്കോടി രൂപ വരെ ചെലവഴിക്കുകയാണ്. ഈ നിയമം വരുന്നതോടുകൂടി ആ പണം വെറുതെ ചെലവഴിക്കുകയാണ്. ഒരു കാര്യവും ചെയ്യാൻ കഴിയില്ല. കേരളത്തിൽ വിജിലൻസിന് ഏതെങ്കിലും കേസെടുക്കാൻ സാധിക്കുമോ? ഞാൻ കൊടുത്ത അഞ്ചോ ആറോ കേസുകൾ വിജിലൻസിലുണ്ട്. വിജിലൻസ് കേസെടുക്കാനായി സാംഗ്ഷനുവേണ്ടി കൊടുക്കുമെങ്കിലും സാംഗ്ഷൻ ലഭിക്കാതെ തിരിച്ച് മടങ്ങുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ എന്റെ രണ്ട് കേസുകളുണ്ട്. അവ അന്വേഷിക്കാൻ ആവശ്യപ്പെട്ടെങ്കിലും ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങുകയാണുണ്ടായത്. പമ്പാ മണൽക്കടത്തുമായി ബന്ധപ്പെട്ട അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കൊടുത്ത കേസാണത്. ജഡ്ജി അന്വേഷണത്തിന് അനുവദിച്ചെങ്കിലും സർക്കാർ

ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങുകയാണ് ചെയ്തത്. അഴിമതിക്കെതിരായുള്ള പോരാട്ടത്തെ എങ്ങനെ തടയാമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ശ്രീ. നരേന്ദ്ര മോദി Prevention of Corruption (Amendment) Act-ന്റെ 17-ാം വകുപ്പ് ഭേദഗതി ചെയ്തതിനാൽ കേരളത്തിൽ ഒരു മന്ത്രിക്കെതിരായും ഒരു വിജിലൻസ് കേസും ഇപ്പോൾ നടക്കുന്നില്ല. 50 രൂപ കൈക്കൂലി വാങ്ങുന്ന പാവപ്പെട്ട വില്ലേജ് ഓഫീസർമാരെയും താലൂക്ക് സപ്ലൈ ഓഫീസർമാരെയും പിടികൂടുന്ന ജോലി മാത്രമാണ് കേരളത്തിലെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്കുള്ളത്. അതുകൊണ്ട് അവിടെ കേസ് കൊടുത്തിട്ട് കാര്യമില്ല. 14-ാം വകുപ്പ് ഭേദഗതി വരുത്തുന്നതിനാൽ ലോക്ആയുക്തയിലും കൊടുത്തിട്ട് കാര്യമില്ല. പിന്നെ എവിടെയാണ് പോകേണ്ടത്? അഴിമതി നടത്തുന്ന ആളുകൾക്ക് സ്വൈരവിഹാരം നടത്താനുള്ള അവസരമാണ് ലഭിക്കുന്നത്. 'Absolute Power Corrupts Absolutely' എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. തിരുവായ്ക്ക് എതിർവായില്ലാത്ത കാലമാണ്. എന്തും ചെയ്യാം, എന്റെ സുഹൃത്ത് ശ്രീ. എ. സി. മൊയ്തീൻ സീനിയറായ വ്യക്തിയാണ്. അദ്ദേഹം ചോദിച്ചത് ഭരണഘടന 103 തവണ ഭേദഗതി വരുത്തിയില്ലേ എന്നാണ്. ശരിയാണ്, ഭരണഘടനയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്, ഇനിയും ഭേദഗതിയുണ്ടാകും. അതുപോലെയാണോ ഇത്; ഭരണഘടനയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ പോലെയാണോ ഇവിടെയുണ്ടായിരിക്കുന്നത്? The founding fathers of the Constitution themselves told that this is not static. This will change according to your times. എത്രയോ തവണ മാറ്റിയിട്ടുണ്ട്. ഇനിയും മാറും. ഒരു കാര്യമേയുള്ളൂ, The basic structure of the Constitution cannot be altered. സുപ്രസിദ്ധമായ കേശവാനന്ദ ഭാരതി കേസിലെ വിധിയാണത്. അതൊഴിച്ചാൽ ഭരണഘടനയിൽ മാറ്റം വരുത്താനുള്ള അധികാരം നമുക്കുണ്ട്. ഭരണഘടനയെ വിമർശിക്കുന്നതിൽ തെറ്റൊന്നുമില്ല, ഭരണഘടനയെ ആർക്കും വിമർശിക്കാം, പക്ഷേ ഭരണഘടനയെ അപമാനിക്കാൻ പാടില്ല. അതുകൊണ്ടാണ് പാർലമെന്റ് പാസ്സാക്കിയ പുതിയ നിയമമനുസരിച്ച് ദേശീയ ചിഹ്നങ്ങളെ അപമാനിക്കരുതെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ കേസുകൾ വരുന്നത്. മഹാനായ ഡോ. ബി. ആർ. അംബേദ്കർ തന്നെ ഞാൻ ഈ ഭരണഘടനയെ കത്തിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുശേഷം വന്ന പുതിയ നിയമഭേദഗതികളുടെ അടിസ്ഥാനത്തിലാണ് ദേശീയ ചിഹ്നങ്ങളെ അപമാനിക്കരുതെന്ന് പറയുന്നത്. നമ്മുടെ ഭരണഘടനയ്ക്ക് അനുസൃതമായല്ല ഈ നിയമം പാസ്സാക്കാൻ പോകുന്നത്. ലെജിസ്ലേച്ചർ, ജുഡീഷ്യറി, എക്സിക്യൂട്ടീവ്-ഇവ തമ്മിൽ പരിപാലിക്കപ്പെടേണ്ട ന്യായമായ സ്വാതന്ത്ര്യത്തെ നിലനിർത്തിക്കൊണ്ടുപോകുന്ന സംവിധാനത്തെയാണ് നിങ്ങൾ മാരകമായി പരിക്കേൽപ്പിക്കുന്നത്.

2.00 PM]

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച് കോംപീറ്റന്റ് അതോറിറ്റി ഗവർണറാണ്. അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ചും ഉന്നതവിദ്യാഭ്യാസ മന്ത്രിയെക്കുറിച്ചും പരാമർശം നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് ഒരു പൊതുപ്രവർത്തകന്റെ കുടുംബത്തെ സഹായിച്ചതുമായി ബന്ധപ്പെട്ട വിഷയമാണ് ലോക്ആയുക്ത പരിശോധിക്കുന്നത്. അതൊരു കുറ്റമാണെന്ന് പറയാൻ കഴിയില്ല. ഭരണഘടനയുടെ തത്വങ്ങളെ ബലികഴിച്ചുകൊണ്ട് നടപ്പാക്കുന്ന ജനാധിപത്യവിരുദ്ധമായ നിലപാടുകൾ, പ്രത്യേകിച്ച് കോംപീറ്റന്റ് അതോറിറ്റിയുമായുള്ള ഗവർണറടക്കമുള്ളവരുടെ നിലപാടുകൾ സംസ്ഥാന ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, നിങ്ങളെ ആരും അസ്ഥിരപ്പെടുത്തില്ല. ജനങ്ങൾ അസ്ഥിരപ്പെടുത്തിക്കോളും. ഞങ്ങളാരും അതിന് ശ്രമിക്കുന്നില്ല. അബദ്ധം പറ്റിയതാണെന്ന് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അവസരം കിട്ടുമ്പോൾ അവർ അത് തിരുത്തിക്കോളും. നിങ്ങളെ അട്ടിമറിക്കാൻ ഞങ്ങൾക്കൊരു താൽപ്പര്യവുമില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചുരുക്കണം. 22 മിനിറ്റ് ആയി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ലോക്ആയുക്ത തീരുമാനമെടുത്താൽ that is final എന്നുള്ളത് ഇവിടെ മാറുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് അഴിമതി ആരോപണമുണ്ടായാൽ, 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ ഒരു കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. അന്ന് ആന്ധ്രാ അരി കുംഭകോണം ഉണ്ടായപ്പോൾ ജസ്റ്റിസ് രാമൻനായർ കമ്മീഷനെ നിയമിക്കുകയും വിധി വന്നപ്പോൾ മന്ത്രി കുറ്റക്കാരനാണെന്ന് റിപ്പോർട്ട് വരികയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ഒരു കുറിപ്പോടുകൂടി ഈ സഭയുടെ മേശപ്പുറത്തുവച്ചു, അവസാനം അത് തള്ളിക്കളഞ്ഞുവെന്നാണ് റിപ്പോർട്ട് വന്നത്. അഴിമതി നടന്നുകഴിഞ്ഞാൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ സഭയിൽ വന്ന് ആ അഴിമതി മറയ്ക്കാൻ സഭയെ ഉപയോഗിച്ച ചരിത്രമുണ്ട്. അതോർക്കുന്നതുകൊണ്ടാകാം ബഹുമാനപ്പെട്ട പി. രാജീവ് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അഴിമതി ആരോപണം വന്നാൽ സഭ തീരുമാനിക്കുമെന്ന് പറയുന്നത്. ഇത് എന്ത് യുക്തിയില്ലായ്മയാണ്; മുഖ്യമന്ത്രിയുടെ മുമ്പിൽ ഒരു ഫയൽ കൊണ്ടുപോകാൻപോലും പേടിക്കുന്ന ആളുകളുള്ള ഈ ഭരണപക്ഷത്ത് അദ്ദേഹത്തിനെതിരെ അഴിമതി ആരോപണം

വന്നാൽ ഈ സഭ തീരുമാനിക്കുമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? അതുമാത്രമല്ല, മുഖ്യമന്ത്രിയെന്ന് പറയുന്നത് ആരാണ്? Chief Minister is the Head of the Government. അദ്ദേഹമാണ് ഭരണത്തെ നയിക്കുന്നത്. സഭാ നേതാവാണ്. അദ്ദേഹത്തിനെതിരായി ഒരു ആരോപണം വന്നാൽ ഈ സഭ പാസ്സാക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുമോ; ഇന്ന് നിങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യം നാളെ ഞങ്ങൾക്കും ലഭിക്കും. അത്തരമൊരു ആനുകൂല്യം കൊടുക്കുന്നത് ഗുണകരമാണോ; നിയമനിർമ്മാണം നടത്തേണ്ടത് ഇന്നത്തേയ്ക്ക് മാത്രമല്ല നാളത്തേയ്ക്ക് കൂടിയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മുടെ പരമാധികാരം പ്രയോഗിക്കാൻ ഭരണഘടനയാണ് നാം ഉപയോഗിക്കുന്നത്. അങ്ങയുടെ പേരിൽ ഒരു ആരോപണം ഉണ്ടായെന്ന് കരുതുക. അങ്ങയുടെ അഭിപ്രായമറിയാതെ ഒരു തീരുമാനം ഏതെങ്കിലുമൊരു ബോഡി പറയുന്നു. ആർട്ടിക്കിൾ-19 അനുസരിച്ച് ഭരണഘടനാപരമായ ഒരു പൗരന്റെ മൗലികാവകാശം നിഷേധിക്കുന്ന തരത്തിലായിപ്പോകില്ലേ അത്? കാരണം, ഒരാളെ കേൾക്കാതെ അയാൾ കുറ്റക്കാരനാണെന്ന് പറയുക, എന്നിട്ട് അത് ലെജിസ്ലേച്ചറിൽ വരുമ്പോൾ ലെജിസ്ലേച്ചറിന്റെ അധികാരപരിധിയെ മറികടന്നുകൊണ്ട് അവിടെ തീരുമാനമെടുക്കാൻ നിർബന്ധിതനാകുക. ഇത് ലെജിസ്ലേച്ചറിന്റെ അധികാരം കവർന്നെടുക്കലല്ലേ; എക്സിക്യൂട്ടീവും ജുഡീഷ്യറിയും ലെജിസ്ലേച്ചറും തമ്മിൽ സമന്വയം വേണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഇത് യഥാർത്ഥത്തിൽ ലെജിസ്ലേച്ചറിന്റെ അധികാരം കവരുക എന്നതിലേയ്ക്കല്ലേ വരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ ലോക്ആയുക്തയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ ഒരു പരാതി കൊടുത്തിരുന്നു. ആ പരാതിയുടെ കാലതാമസത്തെക്കുറിച്ച് അന്ന് അന്വേഷിച്ചപ്പോൾ മന്ത്രിയോട് അതിന്റെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് പറഞ്ഞത്. ഇപ്പോഴും അത് പെന്റിംഗിലാണ്. എന്റെ അനുഭവമാണിത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനോട് വിശദീകരണം ആവശ്യപ്പെട്ട് വിശദീകരണം കൊടുത്തുകാണുമായിരിക്കും. എനിക്കറിയില്ല. അതുകഴിഞ്ഞ് പരസ്പരം അഭിപ്രായങ്ങൾക്കായി എന്റെ അഭിപ്രായങ്ങൾ എന്റെ വക്കീലും ടീച്ചറുടെ അഭിപ്രായങ്ങൾ ഗവൺമെന്റ് വക്കീലും വാദിക്കും. വാദങ്ങൾ കഴിഞ്ഞതിനുശേഷമാണ് അന്തിമ തീരുമാനമെടുക്കുന്നത്. അല്ലാതെ ഒരു പെറ്റീഷൻ കിട്ടിയാൽ ഉടൻ തന്നെ വിധിക്കുകയാണോ ചെയ്യുന്നത്; അപ്പോൾ അതിൽ ജുഡീഷ്യൽ പ്രോസസ്സ് നടക്കുന്നുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്.

ഡോ. കെ. ടി. ജലീൽ: സർ, കേവലം 14 ദിവസംകൊണ്ട് കേസ് ഫയലിൽ സ്വീകരിച്ച് വാദം കേട്ട് അന്തിമവിധി പറയുന്നു. ഏറ്റവും അങ്ങേയറ്റത്തുള്ള ഒരു വിധി പറയുമ്പോൾ ഏറ്റവും അങ്ങേയറ്റത്തുള്ള ഒരു കുറ്റം ചെയ്യണം. ഒരു വർഷത്തെ ഡെപ്യൂട്ടേഷനിൽ ഒരാളെ നിയമിച്ചുവെന്നുള്ളത് രാഷ്ട്രീയമായി വധശിക്ഷ വിധിക്കുന്നതിന് പര്യാപ്തമായ ഒരു കാരണമാണോ? ഒരു മന്ത്രി കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയെന്ന് വിചാരിക്കുക, ഇതിനപ്പുറം എന്ത് ശിക്ഷയാണ് ഇനി വിധിക്കാൻ പോകുന്നത്. ഓരോ തെറ്റിനും അതിന്റേതായ സ്വഭാവമുണ്ടാകുമല്ലോ; ഇനി തെറ്റാണെന്നുതന്നെ സങ്കൽപ്പിക്കുക. ആ തെറ്റിന്റെ തോതനുസരിച്ചല്ലേ ശിക്ഷ വിധിക്കേണ്ടത്; അങ്ങനെയാണോ വിധിച്ചത്?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ആർ. സുനിൽ കുമാർ]

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ബന്ധുനിയമനം നടത്തിയെന്ന് ലോക്ആയുക്ത കണ്ടെത്തിയാൽ അതിന്റെ ഗ്രാവിറ്റി നോക്കാറില്ല. സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന ഒരാൾ ബന്ധുവിനെ നിയമിക്കാനല്ല മന്ത്രിയാകുന്നത്. അതുകൊണ്ടുതന്നെ ആ കുറ്റം ചെയ്തെന്ന് കണ്ടെത്തിയാൽ അതിന്റെ വലിപ്പവും ചെറുപ്പവും നോക്കേണ്ടതില്ല. അതിന്റെ പേരിൽ ഇനി ലോക്ആയുക്ത വേണ്ട എന്നുപറയുന്നത് ശരിയാണോ? മോഷണം ചെറുതോ വലുതോ എന്നുള്ളതല്ല പ്രശ്നം. ചെയ്താൽ കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭീതിയോ പ്രീതിയോ കൂടാതെ ഭരണം നടത്തുമെന്ന് സത്യപ്രതിജ്ഞ ചെയ്ത വ്യക്തി ഒരു ബന്ധുനിയമനം നടത്തിയാൽ സത്യപ്രതിജ്ഞാ ലംഘനമായിട്ടല്ലേ അത് വരികയുള്ളൂ. അതിന് നടപടിയെടുത്താൽ പിന്നീട് പരാതി പറഞ്ഞിട്ട് കാര്യമുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഡോ. കെ. ടി. ജലീലിനെ കേൾക്കാതെ അദ്ദേഹത്തിനെതിരെ വിധി പറഞ്ഞുവെന്ന് പല ആവർത്തിയായി അദ്ദേഹം സഭയിൽ പറയുന്നു. ഒരു നിയമ വിദ്യാർത്ഥിയെന്ന നിലയിൽ ഞാൻ പറയുകയാണ്. റിട്ട് പെറ്റീഷൻ അഡ്മിറ്റ് ചെയ്യാനുള്ള ആദ്യത്തെ ഗ്രൗണ്ട് violation of natural justice ആണ്. 'Audi alteram partem' എന്നുപറയുന്ന ഒരു പ്രിൻസിപ്പിൾ ഉണ്ട്, 'listen to the other side' എന്നാണ് അതിന്റെ അർത്ഥം. ആ പ്രിൻസിപ്പിൾ നടക്കാതെ വന്നിട്ടുള്ള ഏത് കാര്യത്തിലും ലോക്ആയുക്തയുടെ അപ്പലേറ്റ് അതോറിറ്റിയാകേണ്ട കാര്യമില്ല. Under Article 226, the very first ground റിട്ട് പെറ്റീഷനിൽ നമ്മൾ പഠിക്കുന്നതാണ്. അങ്ങയെ കേൾക്കാതെ ഏകപക്ഷീയമായി വിധി പ്രഖ്യാപിച്ചുവെന്ന് അങ്ങ് ആവർത്തിച്ച് സഭയിൽ പറയുന്നു. എന്നിട്ട് ഹൈക്കോടതിയിൽ പോയി അങ്ങയുടെ കേസ് സ്റ്റേ ചെയ്ത് കിട്ടിയില്ലെന്ന് പറയുന്നത് വ്യാജമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഡോ. കെ. ടി. ജലീലിന്റെ മാനസികാവസ്ഥ എനിക്ക് മനസ്സിലാകും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. (...ബഹളം..) മന്ത്രിസ്ഥാനം രാജിവച്ചതൊന്നുമല്ല. (...ബഹളം...) സിറിയക് ജോസഫ് അങ്ങേയ്ക്ക് ചെയ്തുതന്ന സൗകര്യമാണത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് (......ബഹളം.....) I am on my legs. നമ്മളൊക്കെ മന്ത്രി സ്ഥാനത്ത് ഇരുന്നിട്ടുള്ളവരാണ്. ഡോ. കെ. ടി. ജലീലിന്റെ കാര്യത്തിൽ എന്താണുണ്ടായത്? സത്യപ്രതിജ്ഞാ ലംഘനമുണ്ടായി. ബന്ധുനിയമനമുണ്ടായാൽ അത് സത്യപ്രതിജ്ഞാ ലംഘനമാണ്. Favouritism, nepotism amounts to corruption. വളരെ വ്യക്തമാണത്. അതിനുശേഷമാണ് ഇങ്ങനെയൊരു ഭരണഘടനാ വിരുദ്ധമായ, Clause 14 ഉണ്ടെന്നുള്ള കാര്യം ഇടതുമുന്നണിക്ക് അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലായത്. ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച് സഭ പാസ്സാക്കിയ ഈ നിയമത്തിൽ 22 വർഷമായി ഭരണഘടനാവിരുദ്ധമായ ഒരു നടപടിയും ഉണ്ടായിരുന്നില്ല. ഈ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് ആരാണ് തീരുമാനിക്കേണ്ടത്? ശ്രീ. എ. സി. മൊയ്തീൻ ഇവിടെ ചൂണ്ടിക്കാണിച്ചപ്പോൾ പാർട്ടി ചർച്ച ചെയ്തു. പാർട്ടിയാണോ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടത്? അത് തീരുമാനിക്കേണ്ടത് കോടതികളാണ്. സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും എത്രയോ വിധികളുണ്ട്. നിയമസഭകളോ പാർലമെന്റോ പാസ്സാക്കുന്ന ഒരു നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് വിധി കൽപ്പിക്കേണ്ടത് കോടതികളാണ്. അല്ലാതെ നമ്മളല്ല. ഇവിടെ നമ്മൾ തന്നെ തീരുമാനിക്കുകയാണ്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന സുപ്രീംകോടതി വിധികളോരോന്നും പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. അതുപോലെതന്നെ ഒരാളും സ്വന്തം വിധികർത്താക്കളാകാൻ പാടില്ല. നമ്മൾതന്നെ നമ്മുടെ വിധി തീരുമാനിക്കുന്നത് natural justice-ന് വിരുദ്ധമായ കാര്യമല്ലേ. ഇവിടെ ആരാണ് തീരുമാനിക്കുന്നത്? ഇന്ത്യയിൽ ഏറ്റവും നല്ല ലോക്ആയുക്ത നിയമമുള്ളത് കർണ്ണാടകയിലാണ്. ജസ്റ്റിസ് സന്തോഷ് ഹെഗ്ഡെയുടെ പേര് പറഞ്ഞില്ലെങ്കിൽ അതൊരു കുറ്റമായിരിക്കും. ശ്രീ. ബി. എസ്. യെദ്യൂരപ്പ ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാർക്ക് രാജിവയ്ക്കേണ്ടിവന്നത് അദ്ദേഹത്തിന്റെ സുപ്രധാനമായ ജഡ്ജ്മെന്റിന്റെ ഭാഗമായാണ്. അതിനെതിരെ അമെന്റ്മെന്റ് കൊണ്ടുവന്നെങ്കിലും അത് ബാംഗ്ലൂർ ഹൈക്കോടതി തള്ളുകയാണുണ്ടായത്. ഇപ്പോൾ അവിടെ ആഭ്യന്തര വകുപ്പുമന്ത്രിക്കെതിരെ ലോക്ആയുക്ത കേസ്സെടുത്ത് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. കേരളത്തിന്റെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കുമെതിരായി ലോക്ആയുക്ത തീരുമാനങ്ങളെടുക്കുമ്പോൾ എന്തിനാണ് ശ്രീ. പി. രാജീവ്, നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നത്? മടിയിൽ കനമുള്ളതുകൊണ്ടുതന്നെയല്ലേ നിങ്ങൾ വഴിയിൽ പേടിക്കുന്നത്. കർണ്ണാടകയിലെ

ബൊമ്മൈ ഗവൺമെന്റിനില്ലാത്ത, യെദ്യൂരപ്പ ഗവൺമെന്റ് സ്വീകരിക്കാത്ത നിലപാടാണ് ഇപ്പോൾ നിങ്ങൾ സ്വീകരിക്കുന്നത്. എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അഴിമതിക്കാരെ സംരക്ഷിക്കുകയും അവർക്ക് അഴിമതി നടത്താനുള്ള ലൈസൻസ് കൊടുക്കുകയും ചെയ്യുന്ന ഒരു നിയമ ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ സബ്ജക്ട് കമ്മിറ്റിയിലെ വിയോജനക്കുറിപ്പിനെ ആധാരമാക്കി നടത്തിയ പ്രസംഗങ്ങളിലും അതിനുശേഷം ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗങ്ങളിലും പുതിയ പോയിന്റുകളൊന്നും തന്നെ ഉയർന്നതായി കാണുകയുണ്ടായില്ല. ഭരണഘടനാ സാധുത, സെപ്പറേഷൻ ഓഫ് പവേഴ്സ്, ഒരാൾക്ക് അയാളുടെ നീതി നിശ്ചയിക്കാമോ എന്നീ ചോദ്യങ്ങൾക്കെല്ലാം ഞാൻ വിശദമായി മറുപടി പറഞ്ഞതാണ്. മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ പാർട്ടിയിൽ ഐക്യമുള്ളതുകൊണ്ട് പ്രശ്നമില്ല. പക്ഷെ മാതൃഭൂമി പത്രം ഇന്ന് വല്ലാതെ വിഷമിച്ചുപോയി. ഇതുസംബന്ധിച്ച് ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ മുൻ പ്രതിപക്ഷനേതാവിന്റെ ലേഖനവും വാർത്താ പേജിൽ പ്രതിപക്ഷനേതാവിന്റെ ലേഖനവും കൊടുത്തിട്ടുണ്ട്. ഞാൻ രണ്ട് ലേഖനങ്ങളും വായിച്ചു. കർണ്ണാടകയിലാണ് മാതൃകാപരമായ ലോക്ആയുക്ത നിയമമുള്ളതെന്ന് പറഞ്ഞാണ് ശ്രീ. രമേശ് ചെന്നിത്തല അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഞാൻ കർണ്ണാടകയിലെ ലോക്ആയുക്ത നിയമം വായിക്കാം. " 13. (1) Where after investigation into a complaint the Lokayukta or an Upalokayukta is satisfied that the complaint involving an allegation against the public servant is substantiated and that the public servant concerned should not continue to hold the post held by him, the Lokayukta or the Upalokayukta shall make a declaration to that effect in his report under sub-section (3) of section 12. Where the competent authority is the Governor, State Government or the Chief Minister, it may either accept or reject the declaration......" അങ്ങ് മാതൃകയാണെന്ന് ചൂണ്ടിക്കാട്ടിയ നിയമമാണിത്. ആ നിയമത്തിൽ മന്ത്രിയുടെ കാര്യത്തിൽ മുഖ്യമന്ത്രിക്ക് either accept or reject എന്നാണ് പറയുന്നത്. അങ്ങ് പറഞ്ഞത് ഞങ്ങൾ പൂർണ്ണമായി സ്വീകരിക്കുന്നു. അങ്ങയുടെ ഉപദേശത്തെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. അതുതന്നെയാണ് ഇവിടെയും എടുത്തിട്ടുള്ളത്.

മുഖ്യമന്ത്രിയെ കാണുമ്പോൾ ഭരണപക്ഷത്തുള്ളവർ ഭയപ്പെടുന്നുവെന്ന് അങ്ങ് പറഞ്ഞു. അതൊന്നും അങ്ങയെപ്പോലൊരാൾ പറയേണ്ടതല്ല. ഈ ഗവൺമെന്റ് നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ വന്നാൽ മുഖ്യമന്ത്രിക്കെതിരെ മന്ത്രിമാർ ആരെങ്കിലും ശബ്ദിക്കുമോ എന്ന് അങ്ങ് ചോദിച്ചു. അങ്ങ് പറഞ്ഞ മാതൃകാ നിയമമാണിത്. ആ നിയമത്തിൽ ഇതാണ് വ്യവസ്ഥ. അതിനെ dilute ചെയ്യാൻ അടുത്തിടെ ഒരു ശ്രമം നടന്നു. ആരാണ് ശ്രമിച്ചത്? അവിടത്തെ ഗവൺമെന്റിനെ നയിച്ച മുഖ്യമന്ത്രി, കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. സിദ്ധരാമയ്യ ആണ്. അദ്ദേഹം dilute ചെയ്തതാണ് അവിടത്തെ ഹൈക്കോടതി ഇപ്പോൾ കാൻസൽ ചെയ്തത്. അത് എന്തുകൊണ്ടാണ്? കർണ്ണാടക ലോക്ആയുക്ത നിയമത്തിൽ അന്വേഷണത്തിന് പ്രത്യേക സംവിധാനമുണ്ട്. അത് നിലനിൽക്കെ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ചീഫ് മിനിസ്റ്ററുടെ കീഴിൽ പ്രത്യേകമായൊരു അന്വേഷണ സംവിധാനം കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായ ശ്രീ. സിദ്ധരാമയ്യ കൊണ്ടുവന്നിരുന്നു. അപ്പോൾ ഹൈക്കോടതി ചോദിച്ചു, 'Where is the leg to stand this executive order?' ഒരു എക്സിക്യൂട്ടീവ് ഓർഡർ നിൽക്കണമെങ്കിൽ ഒരു നിയമം വേണ്ടേ? Reject ചെയ്യാനുള്ള provisions ഉൾപ്പെടെയുള്ള ഒരു നിയമം നിലനിൽക്കെ അങ്ങയുടെ പാർട്ടി നേതാവ് ശ്രീ. സിദ്ധരാമയ്യ അതുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഓർഡറിലൂടെ ആ നിയമത്തെ മറികടക്കാനാണ് ശ്രമിച്ചത്. ആ പാർട്ടിയുടെ വക്താവാണ് ഇപ്പോൾ നിയമത്തിന്റെ മഹത്വവും ചരിത്രവും ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് സന്ദർഭവശാൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ത്രിപുരയിൽ ലോക്ആയുക്ത ഇല്ലെന്ന് അങ്ങ് പറഞ്ഞു. 2008 മുതൽ അവിടെ ലോക്ആയുക്തയുണ്ട്. അന്ന് അവിടെ ഇടതുപക്ഷ ഭരണവും മുഖ്യമന്ത്രി ശ്രീ. മണിക് സർക്കാരുമായിരുന്നു. അങ്ങയെ ആരോ ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ച് ഇത്തരം കാര്യങ്ങൾ അറിയാത്ത ഒരാളാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. മുന്നിൽനിന്നും പിന്നിൽനിന്നും വരുന്ന നിർദ്ദേശങ്ങൾക്കൊന്നും അങ്ങ് വഴങ്ങരുത്. അങ്ങയോട് ഞങ്ങൾക്ക് വളരെ ബഹുമാനമുണ്ട്. അങ്ങ് പറഞ്ഞ മഹാരാഷ്ട്രയുടെ ചരിത്രത്തോടൊന്നും ഞങ്ങൾക്ക് തർക്കമില്ല. മൊറാർജി ദേശായി അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി കൊണ്ടുവന്നു, 1968-ൽ ലോക്ആയുക്ത നിയമം ലോക്സഭ പാസ്സാക്കി. അന്ന് നിങ്ങൾക്ക് ലോക്സഭയിലും രാജ്യസഭയിലും നല്ല ഭൂരിപക്ഷമുണ്ടായിരുന്നു. ലോക്സഭയിൽ 1968-ൽ പാസ്സാക്കിയ ഒരു നിയമം രാജ്യസഭയിൽ അവതരിപ്പിക്കാൻപോലും ശ്രമിക്കാതെ അതിനെ ഇല്ലാതാക്കിക്കളഞ്ഞത് കോൺഗ്രസ്സാണ്. 1968-നുശേഷം 2013-ലാണ് ആ നിയമം പാസ്സാക്കിയത്. നിയമം പാസ്സാക്കിയിട്ടും ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ലോക്പാലിനെ നിയമിക്കാൻ ധൈര്യം കാണിക്കാതിരുന്നത് കോൺഗ്രസ് ഗവൺമെന്റാണ്. 2013-ലും 2014-ലും നിങ്ങൾ

ലോക്പാലിനെ നിയമിച്ചില്ലെന്നുള്ളത് ചരിത്രം പരിശോധിച്ചുനോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. അങ്ങ് മഹാരാഷ്ട്ര ആക്ടിനെക്കുറിച്ച് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഒറീസ ആദ്യം ലോക്ആയുക്ത നിയമം പാസ്സാക്കിയെങ്കിലും സംവിധാനമുണ്ടാക്കിയില്ല. മഹാരാഷ്ട്ര നിയമം പാസ്സാക്കി. എന്നാൽ ഇവിടെ മുഖ്യമന്ത്രിയെ ഭയപ്പെടുന്നു; മുഖ്യമന്ത്രിക്കെതിരെ വരുന്ന കേസിനെക്കുറിച്ച് ആലോചിച്ചുള്ള ഉത്കണ്ഠകളാണല്ലോ അങ്ങ് പങ്കുവച്ചത്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെയുണ്ടായ കേസ് തള്ളിപ്പോയത് അങ്ങ് പറയുന്നില്ല. മുഖ്യമന്ത്രിയുടെ ക്യാബിനറ്റ് ഡിസിഷൻ സംബന്ധിച്ചുള്ളത് ഇതിന്റെ പരിധിയിൽ വരുമോ ഇല്ലയോ എന്നുള്ളത് ഈ നിയമം വായിച്ചാൽ അറിയാൻ സാധിക്കും. കേരളത്തിലെ മുഖ്യമന്ത്രിക്കെതിരെ ഇത്തരമൊരു കേസ് വരാനിടയുള്ളതുകൊണ്ട് ഞങ്ങൾ ഇങ്ങനെ കൊണ്ടുവരുന്നുവെന്ന് അങ്ങ് പറഞ്ഞു. മഹാരാഷ്ട്രയെ ഉദ്ധരിച്ചു. ഞാൻ അങ്ങയോട് വളരെ വിനയപൂർവ്വം ചോദിക്കുകയാണ്; നിങ്ങളുടെ ലോക്ആയുക്ത നിയമത്തിനകത്ത് മഹാരാഷ്ട്രയിലെ മുഖ്യമന്ത്രിയുണ്ടോ? മുഖ്യമന്ത്രിയെ ലോക്ആയുക്തയുടെ പരിധിക്കകത്ത് കൊണ്ടുവരാൻ ധൈര്യം കാണിക്കാത്ത കോൺഗ്രസ്സാണ് മഹാരാഷ്ട്രയെയും നയിച്ചത്. മുഖ്യമന്ത്രിയെ ആക്ടിന്റെ പരിധിയിലുൾപ്പെടുത്താത്ത സംസ്ഥാനങ്ങളായ തെലങ്കാന, ആന്ധ്രാപ്രദേശ് എന്നിവ ഒന്നിച്ചിരുന്നപ്പോൾ കൊണ്ടുവന്ന നിയമമാണിത്. എന്നാൽ ഇപ്പോൾ ആന്ധ്രയ്ക്കും തെലങ്കാനയ്ക്കും രണ്ട് നിയമമാകുകയും ഈ വിഭജനത്തിനുശേഷം രണ്ട് നിയമങ്ങളും 1983-ന്റെ ഭാഗമായി നിൽക്കുകയും ചെയ്യുന്നു. അത് എൻ. ടി. രാമറാവുവിന്റെ ഭരണകാലഘട്ടമായിരുന്നു; അതിനുശേഷം നിങ്ങൾ അവിടെ അധികാരത്തിൽ വന്നു. ആന്ധ്രയുടെ ചാർജ്ജുണ്ടായിരുന്ന ദേശീയ നേതാവും യൂത്ത് കോൺഗ്രസ്സിന്റെയും എൻ.എസ്.യു.-വിന്റെയുമൊക്കെ നേതാവും AICC (All India Congress Committee.)-യുടെ നേതാവുമുണ്ടല്ലോ; ഗുജറാത്തിൽ അങ്ങയുടെ പാർട്ടിയുടെ ഗവൺമെന്റ് ഭരിച്ചപ്പോൾ കൊണ്ടുവന്ന ലോക്ആയുക്തയുടെ പരിധിയിലും മുഖ്യമന്ത്രി ഉണ്ടായിരുന്നില്ലെന്നുള്ളത് അങ്ങ് ശ്രദ്ധിക്കണം. അങ്ങയുടെ പാർട്ടി ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന, രാജസ്ഥാനിലെ ലോക്ആയുക്ത നിയമത്തിനകത്തും മുഖ്യമന്ത്രിയില്ലെന്നതാണ് അവസ്ഥ. അതുകൊണ്ട് രണ്ടുകാലും കയ്യും വല്ലാതെ മണ്ണുപിടിച്ചിരിക്കുന്ന ഒരാൾ കൊതുകുകടി കൊണ്ടിട്ട് എവിടെയെങ്കിലും തടിപ്പുണ്ടോയെന്ന് നോക്കുന്നതുപോലെ നിങ്ങൾ ഞങ്ങളുടെ നേരെ വരരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതാണ് കേരളവും മറ്റ് സംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസം. ഇന്ത്യയ്ക്കുതന്നെ മാതൃകയായ നിയമനിർമ്മാണങ്ങൾ പാസ്സാക്കിയ ചരിത്രമുള്ള നിയമസഭയാണിത്. അന്ന് നായനാർ ഗവൺമെന്റിന്റെ

കാലത്ത് ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച ഈ നിയമം പിൻവലിക്കുന്നതോടുകൂടി നിങ്ങൾ ചെയ്യുന്നത് ഒരു ക്രൈമാണെന്ന് ഞങ്ങൾ കാണിച്ചുകൊടുത്തു. ആ ക്രൈം ജനങ്ങൾ മനസ്സിലാക്കുകതന്നെ ചെയ്യും.

ശ്രീ. പി. രാജീവ്: സർ, അതിൽ ഞാൻ അങ്ങയോട് നന്ദിയുള്ളയാളാണ്. കാരണം ഈ പറഞ്ഞ കോൺഗ്രസ് കൊണ്ടുവന്ന നിയമങ്ങളാണ്. കോൺഗ്രസ്സിൽനിന്നും വ്യത്യസ്തമാണ് ഇടതുപക്ഷമെന്ന് അങ്ങ് കൃത്യമായി പറഞ്ഞതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കാരണം കോൺഗ്രസ് കൊണ്ടുവരുന്നിടത്തൊന്നും ഇത് ആവശ്യമില്ല. നിങ്ങൾ അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുന്നവരായതിനാൽ അന്വേഷണമുണ്ടായാലും പ്രശ്നമില്ല. ഇത് ഞാൻ പറഞ്ഞതല്ല. ബഹുമാന്യനായ രമേശ് ചെന്നിത്തല പറഞ്ഞ കാര്യം ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. ഭരണഘടന ഭേദഗതി ചെയ്യാമെന്നും നിയമം ഭേദഗതി ചെയ്യാൻ പാടില്ലെന്നും അങ്ങ് പറഞ്ഞത് ഒരു അസാധാരണ കണ്ടുപിടിത്തമാണ്. 1951-ൽ ഇന്ത്യൻ ഭരണഘടനയ്ക്ക് 19 മാസം മാത്രം പ്രായമുള്ളപ്പോൾ ഇന്ത്യയിലേയ്ക്ക് പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്ന് ഒരു ലോക്സഭയോ രാജ്യസഭയോ വരുന്നതിനുമുമ്പ് കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി പ്രൊവിഷണൽ പാർലമെന്റായി പ്രവർത്തിച്ചിരുന്ന ഘട്ടത്തിൽ ആദ്യത്തെ ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതി കൊണ്ടുവന്നത് തെറ്റായ രീതിയിലാണെന്ന് പിന്നീട് പലരും വ്യാഖ്യാനിച്ചിട്ടുണ്ട്. ജമ്മു കശ്മീരിന് പ്രത്യേക സ്വയംഭരണ പദവി നൽകുന്ന ഭരണഘടനയിലെ ആർട്ടിക്കിൾ 370 റദ്ദാക്കാൻ ഇപ്പോൾ ഏത് വഴിയാണോ സ്വീകരിച്ചത് അതേ വഴിയാണ് അന്ന് രാജ്യസഭയില്ലാത്ത ഘട്ടത്തിൽ ഒന്നാമത്തെ ഭേദഗതിയായി ഇന്ത്യൻ പാർലമെന്റിൽ കൊണ്ടുവന്നത്. പാർലമെന്റുകൾ പോലും തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഒരു തെരഞ്ഞെടുപ്പ് നടന്ന് ഈ രാജ്യം ഒരു പാർലമെന്റിനെ തെരഞ്ഞെടുത്തിട്ടില്ലാത്ത അവസ്ഥയിൽ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി തയ്യാറാക്കിയ ഒരു ഭരണഘടനാ ഭേദഗതി കൊണ്ടുവരുന്നത് ശരിയാണോയെന്ന് അന്ന് ജവഹർലാൽ നെഹ്റുവിനോട് പാർലമെന്റ് ചോദിച്ചു. പാർലമെന്റ് പാസ്സാക്കണമെങ്കിൽ, രണ്ട് സഭകൾക്കും അതായത് ലോക്സഭയ്ക്കും രാജ്യസഭയ്ക്കും മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന് നമ്മൾ അംഗീകരിച്ച ഭരണഘടനാ ഭേദഗതിയിൽ പറയുന്നു. രാജ്യസഭ വന്നിട്ടില്ലാത്ത ഘട്ടത്തിലാണോ ഒരു ഭേദഗതി കൊണ്ടുവരേണ്ടതെന്ന് പാർലമെന്റ് ചോദിച്ചതിന് അതൊന്നും നോക്കേണ്ടതില്ല, ഭേദഗതി കൊണ്ടുവരാമെന്ന് നെഹ്റു പറഞ്ഞു. അതിന് ചരിത്രമുണ്ട്. തുടർന്ന് 105 ഭരണഘടനാ ഭേദഗതികൾ ഇന്ത്യയിലുണ്ടായി. അമേരിക്കയിൽ 24 ഭരണഘടനാ ഭേദഗതികളേയുള്ളൂ. ഭരണഘടന ഭേദഗതി ചെയ്യാൻ അധികാരമുള്ളതുപോലെ നിയമവും ഭേദഗതി ചെയ്യാം. ഓരോ

നിയമങ്ങളും നിരവധി തവണ ഭേദഗതി ചെയ്യാം. ബിൽ പാസ്സായാൽ രാഷ്ട്രപതിക്ക് അയയ്ക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. ഇതെല്ലാം രാഷ്ട്രപതിക്ക് അയച്ചുകൂടേ എന്നുള്ള ഉപദേശം ഗവർണർക്ക് പലരും കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ ഗവർണറുടെ അധികാരങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യാൻ പാടില്ല. നമുക്ക് അതിനകത്ത് പ്രത്യേക പ്രിവിലേജുണ്ട്. കോടതിയിൽ ക്വസ്റ്റ്യൻ ചെയ്യാൻ പറ്റില്ല. തമിഴ്നാട് ഹൈക്കോടതി NEET-ഉം ആയി ബന്ധപ്പെട്ട് സമീപ ദിവസം ഒരു വിധി പുറപ്പെടുവിച്ചു. ഭരണഘടന ഫ്രെയിം ചെയ്ത ആളുകൾ കാണാത്ത അസാധാരണ സാഹചര്യം വന്നിരിക്കുന്നതുകൊണ്ട് കോടതി ഇടപെടുന്നുവെന്നാണ് NEET-ന്റെ കാര്യത്തിൽ കോടതിയെടുത്ത നിലപാട്. നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള അവകാശം സംവിധാനങ്ങൾക്കുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾ എവിടെയാണ് അങ്ങനെയൊരു വാദമുന്നയിച്ചത്. ഒരു നിയമം ഭേദഗതി ചെയ്യാൻ പാടില്ലെന്ന വാദം പ്രതിപക്ഷത്തുള്ള ആരെങ്കിലും ഉന്നയിച്ചോ? ഞങ്ങൾ ഉന്നയിക്കാത്ത വാദത്തിനാണ് അങ്ങ് മറുപടി പറയുന്നത്. രാജ്യത്ത് ഭരണഘടനാ ഭേദഗതികൾ വരുത്തിയതും ഏറ്റവും കൂടുതൽ നിയമനിർമ്മാണങ്ങൾ നടത്തിയതും മാറിമാറി വന്ന ഗവൺമെന്റുകളല്ലേ? ഞങ്ങൾ ഇവിടെ പറഞ്ഞതെന്താണ്, അങ്ങ് പറയുന്നതെന്താണ്; അങ്ങ് ഏതിനാണ് മറുപടി പറയുന്നത്. ഒരു നിയമത്തിന് ഭേദഗതി വരുത്താൻ പാടില്ലെന്ന് ഞങ്ങൾ എവിടെയാണ് വാദിച്ചത്?

<u>ശ്രീ. പി. രാജീവ്</u>: സർ, സാമാന്യയുക്തിയുള്ളവർക്ക് ഞാൻ പറഞ്ഞ കാര്യം വ്യക്തമായിട്ടുണ്ടാകും. അങ്ങേയ്ക്ക് അതില്ലെന്ന് ഞാൻ പറയുന്നില്ല. അങ്ങ് ഇപ്പോൾ ഒരു നിലപാടെടുക്കുന്നതുകൊണ്ട് പറയുന്നതാണ്. ഭരണഘടന ഭേദഗതി ചെയ്തു. നിയമം ഇല്ലെന്ന് പ്രഖ്യാപിക്കാൻ കോടതിക്കാണ് അധികാരം നമുക്ക് അവകാശമില്ലെന്ന് ബഹുമാന്യനായ മുൻപ്രതിപക്ഷനേതാവാണ് പറഞ്ഞത്. നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കാൻ കോടതികൾക്ക് തന്നെയാണ് അധികാരമുള്ളതെന്നാണ് ഞങ്ങൾ നേരത്തെ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഭരണഘടനാ ഭേദഗതികൾ ഉണ്ടാകരുതെന്നോ നിയമങ്ങൾ ഭേദഗതി ചെയ്യരുതെന്നോ പറഞ്ഞിട്ടുണ്ടോ; ഭരണഘടനയുടെ basic structure cannot be altered. അത് സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധിയാണ്. അതാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ആ ഭാഗത്തേയ്ക്ക് വളരെ വിശദമായിത്തന്നെ ഞാൻ വരാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ബിൽ പൈലറ്റ് ചെയ്യുന്ന മന്ത്രി തന്നെ നിലവിലുള്ള നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയുന്നു. അത് പറയാനുള്ള അധികാരം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടോ; ഒരു ബിൽ നിയമമായി ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവച്ച് നിയമസഭയ്ക്കകത്ത് വന്നശേഷം ഇതുവരെയുള്ളത് ഭരണഘടനാ വിരുദ്ധമായിരുന്നുവെന്നും ഞങ്ങൾ അത് തിരുത്താൻ പോകുകയാണെന്നും പറയുന്നത് ഓർഡറിലാണോ?

ശ്രീ. പി. രാജീവ്: സർ, ആ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഇവിടെ നേരത്തെ പറഞ്ഞത് നിയമമല്ല. നിയമത്തിന്റെ ക്ലോസാണ്. ആ ക്ലോസ് ഇങ്ങനെയാണെന്ന് സഭയ്ക്ക്/എക്സിക്യൂട്ടീവിന് ബോധ്യപ്പെട്ടാൽ നിയമസഭയിൽ ഭേദഗതി കൊണ്ടുവരാമെന്ന് ഞാൻ സൂചിപ്പിച്ചു. ഭരണഘടന ഭേദഗതി ചെയ്യുന്ന ഓരോ ഘട്ടത്തിലും ഡോ. ബി. ആർ. അംബേദ്കറുടെയും ജവഹർലാൽ നെഹ്റുവിന്റെയും സർദാർ വല്ലഭായ് പട്ടേലിന്റെയും ....(ബഹളം)..... നിങ്ങൾ അസ്വസ്ഥരാകരുത്. ഞാൻ പറയട്ടെ; ഇനി ബേസിക് സ്ട്രക്ച്ചറിലേയ്ക്ക് വരാം. ബഹുമാന്യനായ പ്രതിപക്ഷനേതാവും മുൻപ്രതിപക്ഷനേതാവും എഴുതിയ ലേഖനങ്ങൾ ഞാൻ വായിക്കുകയുണ്ടായി. നിങ്ങൾ തമ്മിൽ അക്കാര്യത്തിൽ വലിയ തർക്കമൊന്നുമില്ല. രണ്ടും ആർട്ടിക്കിൾ 50 വച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. അവതരണ ഘട്ടത്തിലെ അങ്ങയുടെ ഒരു വാചകം വച്ചാണ് മലയാള മനോരമ ലേഖനം അവസാനിപ്പിക്കുന്നത്. 'വെല്ലുവിളിച്ച് ഞാൻ തെളിയിച്ചു, നടപടിക്രമങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും ലോക്ആയുക്തയുടേത് നീതിന്യായ പ്രവർത്തനമാണെന്ന്' അങ്ങ് പറഞ്ഞ വാചകമാണിത്. ബഹുമാന്യരായ ശ്രീ. രമേശ് ചെന്നിത്തലയും പ്രതിപക്ഷനേതാവും ഇവിടെ പറയുകയുണ്ടായി. 'ലോക്ആയുക്ത ഒരു ജുഡീഷ്യൽ സംവിധാനമല്ലെന്നാണ് മന്ത്രി പറയുന്നത്. എങ്കിൽ ജഡ്ജിമാരെ ലോകായുക്തയിൽ നിയമിക്കണമെന്ന വ്യവസ്ഥയെന്തിനാണ്? സെക്രട്ടേറിയറ്റിലെ ഒരു അഡീഷണൽ സെക്രട്ടറിയെയും ഒരു പാർട്ടിക്കാരനെയും വച്ചാൽ മതിയല്ലോ; വേറൊരു തരത്തിൽ പറഞ്ഞാൽ ശ്രീ. ആനാവൂർ നാഗപ്പനെയോ അല്ലെങ്കിൽ ശ്രീ. നെയ്യാറ്റിൻകര സനലിനെയോ വച്ചാൽ മതിയല്ലോ' എന്ന് അങ്ങ് ചോദിക്കുകയുണ്ടായി. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അന്ന് പറഞ്ഞ കാര്യങ്ങൾ ഞാൻ വ്യക്തതയോടെ ഈ സഭയിൽ പറഞ്ഞതാണ്. ഞാൻ ചോദിച്ച വെല്ലുവിളിക്ക് മറുപടിയായി അദ്ദേഹം ഉദ്ധരിച്ച ഭാഗം കേരള ലോക്ആയുക്ത ആക്ട് - 1999 സെക്ഷൻ 11 Evidence

ആണ്. സിവിൽ കോടതിയുടെ അധികാരമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കേരള ലോക്ആയുക്ത ആക്ട് സെക്ഷൻ 11 (2) അദ്ദേഹം വായിച്ചു. 'For the purpose of any such investigation (including the preliminary inquiry) the Lok Ayukta or an Upa-Lok Ayukta shall have all the powers of a Civil Court,........' അതുകൊണ്ട് ഇത് ജുഡീഷ്യൽ സംവിധാനമാണ്. ഇതാണ് അങ്ങ് –വാദിച്ചത്. അതിന്റെ പ്രൊസീഡിംഗ്സുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ചോദിച്ചതിനും ഇവിടെ റെക്കോർഡുണ്ട്. ഏതെങ്കിലുമൊരു ആക്ടിൽ ഇതൊരു ജുഡീഷ്യൽ ബോഡിയാണെന്ന് എഴുതിവച്ചിട്ടുണ്ടോയെന്നാണ് ഞാൻ പറഞ്ഞത്. ജുഡീഷ്യൽ പ്രൊസീഡിംഗ്സ് പോലെ ഇതിനകത്ത് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോയെന്ന് ചോദിച്ചപ്പോഴാണ് കേരള ലോക് ആയുക്ത ആക്ടിലെ സെക്ഷൻ 11(1)-ഉം 11(3)-ഉം ഞാൻ ക്വാട്ട് ചെയ്തത്. ഒരു ആക്ടിലും അങ്ങനെ ഇതൊരു ജുഡീഷ്യൽ ബോഡിയാണെന്ന് കൃത്യമായി പറയേണ്ട കാര്യമില്ലല്ലോയെന്ന് ഞാൻ ആദ്യംതന്നെ പറഞ്ഞു. അതുകൊണ്ടാണ് റിട്ടയർ ചെയ്ത സുപ്രീംകോടതി ജഡ്ജിയെയും ചീഫ് ജസ്റ്റിസ്സിനെയും നിയമിക്കുന്നതെന്ന് പറഞ്ഞു. അന്ന് അങ്ങ് പറഞ്ഞ മറുപടി തൃപ്തികരമായി തോന്നാത്തതുകൊണ്ട് ഇപ്പോൾ ഞാൻ പറഞ്ഞുവെന്നുപറഞ്ഞ് അങ്ങ് വേറെ കാര്യം പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്?

ശ്രീ. പി. രാജീവ്: സർ, ഞാൻ പറയാം, അങ്ങ് പറഞ്ഞ ഭാഗം പ്രൊസീഡിംഗ്സിലുണ്ടല്ലോ; രണ്ട് ഭാഗമാണ് അങ്ങ് ഉദ്ധരിച്ചത്. ഒന്ന്, സെക്ഷൻ 5 ഉദ്ധരിച്ചു. രണ്ട്, അങ്ങ് വളരെ സമർത്ഥനായ വക്കീലായതുകൊണ്ട് ജുഡീഷ്യൽ പ്രൊസീഡിംഗ്സിനെക്കുറിച്ച് ഉദ്ധരിച്ചു. അതിന് മുമ്പിൽ ഉണ്ടായിരുന്ന ഒരു ഇംഗ്ലീഷ് അങ്ങ് കണ്ടതായി നടിച്ചില്ല. അല്ലെങ്കിൽ ശബ്ദം കുറച്ച് പറഞ്ഞിട്ടുണ്ടാകും. ആ ഇംഗ്ലീഷ് വാക്ക് ഏതാണ്? സെക്ഷൻ 11(3) 'Any proceedings before the Lok Ayukta or an Upa-Lok Ayukta shall be deemed to be a judicial proceedings'. 'Shall be deemed to be' എന്നു പറഞ്ഞാൽ ഇക്കാര്യത്തിൽ ജുഡീഷ്യൽ പ്രൊസീഡിംഗ്സിന് തുല്യമാണെന്നാണ്. ഇനി ഞാൻ Commissions of Inquiry Act വായിക്കാം. ഇത് ജുഡീഷ്യലാണോ, മാൻഡേറ്ററിയാണോ, എക്സിക്യൂട്ടിവിനെ മാറ്റാൻ അധികാരമില്ലാത്തതാണോ? " Section-4 - Powers of Commission - The Commission shall have the powers of a civil court, while trying a suit under the Code of Civil Procedure." അതിലുള്ളതെല്ലാം ഇതിലുമുണ്ട്. ഒരു എൻക്വയറി കമ്മീഷന്റെ എക്സിക്യൂട്ടീവിനെ മാറ്റാൻ

അധികാരമില്ലേ; ജഡ്ജിയാണോ എൻക്വയറി കമ്മീഷൻ? അങ്ങനെയാണെങ്കിൽ എൻക്വയറി കമ്മീഷനായി പാർട്ടി സെക്രട്ടറിയെയോ ഡി.സി.സി. പ്രസിഡന്റിനെയോ നിയമിക്കാൻ നിങ്ങൾ പറയാതിരുന്നതെന്താണ്; എൻക്വയറി കമ്മീഷനിൽ ജഡ്ജിമാരെ നിയമിക്കാൻ ആവശ്യപ്പെടുന്നത് എന്തിനാണ്; എൻക്വയറി കമ്മീഷനിൽ ഏതെങ്കിലും ഡി.സി.സി. പ്രസിഡന്റിനെ നിയമിച്ചാൽ മതിയെന്ന് നിങ്ങൾ എപ്പോഴെങ്കിലും തീരുമാനിച്ചിട്ടുണ്ടോ? ഞാൻ വീണ്ടും പറയാം, " Section 5 (5) - Any proceedings before the Commission shall be deemed to be a judicial proceedings within the meaning of sections 193 and section 228 of the Indian Penal Code." ജുഡീഷ്യൽ ബോഡിയുടെ വിധിയിൽ എക്സിക്യൂട്ടീവിന് ഒരു തീരുമാനമെടുക്കാൻ പറ്റാത്തതായി മാറിയോ; എങ്കിൽ ശരി. ഇതാണ് ലോജിക്കെങ്കിൽ ഇതേ വാചകം ഇവിടെ ഉദ്ധരിച്ചിട്ട് ഇതൊരു ജുഡീഷ്യൽ ബോഡിയാണ്, adjudication-ന് അധികാരമുണ്ടെന്ന് പറയുമ്പോൾ എല്ലാ കമ്മീഷനുകൾക്കും ഇതിന് അധികാരമുണ്ട്. 'Deemed to be a judicial body'.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, Commissions of Inquiry Act-ൽ അവസാനം ചെയ്യേണ്ടത് എന്താണെന്ന് പറയുന്നുണ്ട്. ഒരു ഫാക്ട് ഫൈൻഡിംഗ് ബോഡിയായിട്ടാണ് അത് ചെയ്യുന്നത്. ഫാക്ട് ഫൈൻഡിംഗ് ബോഡി അത് ചെയ്യുമ്പോൾ ജുഡീഷ്യൽ പ്രൊസീഡിംഗ്സ് നടത്താനുള്ള പവർ എൻക്വയറി കമ്മീഷന് കൊടുക്കുകയാണ്. എൻക്വയറി കമ്മീഷന് Cr.PC അനുസരിച്ചുള്ള പ്രൊവിഷൻവച്ച് സാക്ഷികളെ സമൻസ് ചെയ്യാനും എവിഡൻസ് കളക്ട് ചെയ്യാനുമുള്ള പവേഴ്സ് കൊടുക്കുകയാണ്. അവസാനം എന്താണ് ചെയ്യേണ്ടതെന്നും പറയുകയാണ്, ഒരു ഫാക്ട് ഫൈൻഡിംഗ് ബോഡിയായിട്ടാണ് എൻക്വയറി കമ്മീഷൻ ചെയ്യുന്നത്. എന്നാൽ ഈ ആക്ടിൽ എവിടെയാണ് ഫാക്ട് ഫൈൻഡിംഗ് ബോഡിയാണെന്ന് പറയുന്നത്? 'എൻക്വയറി' എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളതുകൊണ്ട് ഫൈൻഡ് ചെയ്യാൻ സാധിക്കില്ലെന്ന് പറഞ്ഞാണ് അങ്ങ് അതിനെ പ്രൂവ് ചെയ്തത്. Cr.PC വായിച്ചുനോക്കണം. അതിൽ മജിസ്ട്രേറ്റിന് എൻക്വയറി നടത്താനുള്ള പവറില്ലേ; ആ പവറുള്ളതുകൊണ്ട് മജിസ്ട്രേറ്റിന് ഫൈൻഡിംഗ് നടത്താൻ പാടില്ലെന്നുണ്ടോ? അങ്ങ് പറഞ്ഞ കാര്യം ഞാൻ നേരെ തിരിച്ച് ചോദിക്കുകയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, മജിസ്ട്രേറ്റ് നിൽക്കുന്ന സംവിധാനം ഭരണഘടനാ വ്യവസ്ഥയുടെ പ്രത്യേകമൊരു ഭാഗമാണ്. പക്ഷെ ഇത് ഈ നിയമത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. അങ്ങേയ്ക്ക് സംശയമുണ്ടെങ്കിൽ ഞാൻ ഒന്നുകൂടി വായിക്കാം. (....ബഹളം....) നിങ്ങൾ ക്ഷമാപൂർവ്വം കേൾക്കൂ. ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമവും

ഭരണഘടനയും മാത്രമേ പറയുന്നുള്ളൂ. ഇവിടെ റെക്കോർഡുണ്ടല്ലോ, ഈ സഭയിലിരിക്കുന്നവരെല്ലാം കേൾക്കുന്നതല്ലേ. കഴിഞ്ഞ സഭയിൽ അങ്ങ് പറഞ്ഞ എല്ലാ സ്പീച്ചും എന്റെ കൈവശമുണ്ട്. സമയക്കുറവുമൂലം ഞാൻ അത് ഉദ്ധരിക്കുന്നില്ല. സമയമുണ്ടെങ്കിൽ ഞാനത് ഉദ്ധരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, 'It shall be deemed to be a judicial' എന്ന് ഞാൻ പറഞ്ഞില്ലെന്ന് അങ്ങ് പറഞ്ഞു. എന്തിനാണ് തെറ്റിദ്ധരിപ്പിക്കുന്നത്? ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. ഞാൻ കേരള ലോക്ആയുക്ത ആക്ടിലെ സെക്ഷൻ 11 (1)-ഉം 11 (3)-ഉം മുഴുവൻ ക്വാട്ട് ചെയ്തു. എന്നിട്ടും അങ്ങ് അതിൽ തൃപ്തികരമായ മറുപടി പറയാതെ മാറ്റി പറയുകയാണ്.

ശ്രീ. പി. രാജീവ്: സർ, ഞാൻ വളരെ കൃത്യമായി മറുപടി പറഞ്ഞത് എല്ലാവരും കേട്ടതാണ്. അങ്ങ് പറഞ്ഞപ്പോൾ വേണ്ടത്ര ശബ്ദം വന്നില്ല, 'deemed...' അത്രയേ പറഞ്ഞുള്ളൂ. ഞാൻ പറയുന്ന വാദങ്ങൾ അങ്ങ് തെറ്റാണെന്ന് സ്ഥാപിക്കണം. കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ടിന്റെ സെക്ഷൻ നാലും അഞ്ചും ഞാൻ വായിച്ചു. ഇനി ഞാൻ പറയാം, 'The report of the Commission of Inquiry is neither binding upon the Government nor upon the Courts.' ഗവൺമെന്റിന് മാത്രമല്ല കോടതിക്കുപോലും ബൈൻഡിംഗല്ല. ഇതൊരു ഫാക്ട് ഫൈൻഡിംഗ് സംവിധാനമാണെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. ആയിക്കോട്ടേ, പക്ഷേ അതിൽ എന്തിനാണ് ജഡ്ജിമാരെ വച്ചിരിക്കുന്നത്? ഇവിടെ ഒരു എൻക്വയറി ഇൻവെസ്റ്റിഗേഷൻ സംവിധാനമാണുള്ളത്. അതേ ഇതിലും പറഞ്ഞിട്ടുള്ളൂ.

ഡോ. മാത്യു കുഴൽനാടൻ: സർ,.....

ശ്രീ. പി. രാജീവ്: സർ, ഡോ. മാത്യു കുഴൽനാടൻ, ഞാൻ അതിലേയ്ക്ക് വരാം. അക്കാഡമിക് ഇന്ററസ്റ്റോടെയല്ലേ ഞാൻ അവതരിപ്പിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പറഞ്ഞത് വളരെ റെലവന്റ് പോയിന്റാണ്. അതാണ് ഞങ്ങൾ ഇവിടെ സമർത്ഥിക്കാൻ ശ്രമിച്ചത്. ഇൻക്വയറീസ് ആക്ട് പ്രകാരമുള്ള കോൺസ്റ്റിറ്റ്യൂഷനെന്ന് പറയുന്നത് 'it is not binding' എന്ന് സ്പെസിഫിക്കായി അതിൽ പറഞ്ഞിട്ടുണ്ട്. That is absent in LokAyukta Act.

ശ്രീ. പി. രാജീവ്: സർ, ഈ സംശയങ്ങൾ ക്ലിയർ ചെയ്യാനായി അങ്ങയുടെ പാർട്ടി നയിക്കുന്ന, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് കൂടി അംഗമായിരുന്ന മന്ത്രിസഭയുടെ തീരുമാനം ഞാൻ പറയുന്നതാണ്. Kerala State Farmer's Debt Relief Commission ഹൈക്കോടതി ജഡ്ജിയായിരുന്ന ആൾ നയിക്കുന്നതാണ്.

ഈ രണ്ട് ക്ലോസ്സുകളുള്ളതുകൊണ്ട് അത് ജുഡീഷ്യലാണെന്നാണ് നിങ്ങൾ പറഞ്ഞ് സ്ഥാപിച്ചത്. ആ പറഞ്ഞ രണ്ട് ക്ലോസ്സുകളും ഇതിലുമുണ്ട്. The Kerala Fishermen Debt Relief Commission Act-ലും ഈ പറയുന്ന ക്ലോസ്സുകളൊക്കെയുണ്ട്. ഇതൊക്കെ ജുഡീഷ്യൽ ബോഡിയാണോ?—ഉത്തരം മുട്ടുമ്പോൾ മുകളിലേയ്ക്ക് നോക്കുമെന്ന് പറയുന്നതുപോലെ നേരത്തെ പറഞ്ഞ വാദങ്ങളൊക്കെ ശരിയാണെങ്കിൽ ഈ പറഞ്ഞവയൊക്കെ ജുഡീഷ്യൽ ബോഡികളാണോ? ഇനി ഞാൻ ഒന്നുകൂടി പറയാം. The Protection of Human Rights Act എന്ന ബില്ലിൽ ഇങ്ങനെയൊരു ക്ലോസ്സുള്ളതുകൊണ്ട് നാളെ നിങ്ങളാരും ഇത് ജുഡീഷ്യൽ ബോഡിയാണെന്ന് പറയരുതെന്ന് ഒരു ബിൽ അവതരിപ്പിച്ചപ്പോൾ ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇതിനകത്ത് റിട്ടയർ ചെയ്ത ജഡ്ജിയും ഹൈക്കോടതി ജഡ്ജിയുമൊന്നുമില്ലല്ലോയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചോദിക്കുകയുണ്ടായി. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് നയിക്കുന്ന Human Rights Commission-നുണ്ട്. നിങ്ങൾ വായിച്ചുനോക്കൂ. അതിലെ ചെയർമാൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസും അംഗങ്ങളിലൊരാൾ സുപ്രീം കോടതി ജസ്റ്റിസ്സുമാണ്. ഇതേ വ്യവസ്ഥകൾ ഇതിനകത്തുമുണ്ട്. Human Rights Commission-ന്റെ തീരുമാനങ്ങൾ മാൻഡേറ്ററിയല്ല, recommendatory മാത്രമാണ്. സുപ്രീംകോടതി ചീഫ് ജസ്റ്റിസ്സാണ് ഇതിന്റെ അദ്ധ്യക്ഷൻ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് The Kerala Fishermen Debt Relief Commission Act-നെക്കുറിച്ചും കൃഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന ബില്ലിനെക്കുറിച്ചും പറഞ്ഞു. അതെല്ലാം ഓരോ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടിയുണ്ടാക്കുന്ന ബില്ലുകളാണ്. മനുഷ്യാവകാശ കമ്മീഷൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണ്. ഇതിന് advisory nature ആണ്. അതുപോലെ ഒരു ഉപദേശക സംഘമായി ലോക്ആയുക്തയെ മാറ്റാനാണെങ്കിൽ അത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ല.

ശ്രീ. പി. രാജീവ്: സർ, ലോക്ആയുക്തയ്ക്ക് adjudicatory അംഗീകാരമുണ്ടോ? പ്രതിപക്ഷം വാദിക്കുന്നത് adjudicatory അധികാരമുണ്ടെന്നാണ്. അതിന് പ്രതിപക്ഷനേതാവുൾപ്പെടെയുള്ള അംഗങ്ങൾ വാദിച്ച കാര്യങ്ങൾ ഞാൻ പറഞ്ഞു. ഏതെല്ലാം നിയമങ്ങളിൽ ആ ക്ലോസുകളുണ്ടെന്നും ഞാൻ വ്യക്തമാക്കി. ആ ക്ലോസുകളുള്ളതൊന്നും ജുഡീഷ്യൽ അല്ലെങ്കിൽ ഇതും ജുഡീഷ്യൽ അല്ലെന്ന് പറഞ്ഞു. അപ്പോൾ ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത് ആ നിയമം പോലെയല്ല ഇത് വേറെ നിയമമാണെന്നാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴുള്ള സർക്കാർ ഉത്തരവുണ്ട്- No.7702/ C3/00/ Vigilance. അത് ഞാൻ വായിക്കാം, “ I am directed to invite your attention

to the reference cited and to inform you that the proposal of amendment of the Lok Ayukta Act was examined by the Government.' അന്ന് ഒരു ഭേദഗതിയുണ്ടായിരുന്നു. പ്രതിപക്ഷ ഉപനേതാവ് അപ്പോൾ ഉണ്ടായിരുന്നു. ശ്രീ. രമേശ് ചെന്നിത്തല അന്ന് ഉണ്ടായിരുന്നോയെന്ന് ഞാൻ ക്രോസ് ചെക്ക് ചെയ്തിട്ടില്ല. 2004-ൽ അങ്ങ് ഉണ്ടാകാനിടയില്ല, ഉണ്ടായിരുന്നുവെങ്കിൽ ഇത് വരില്ല. " ....and it was decided not to give adjudicatory powers to Lok Ayukta." ഇത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെയുള്ള മന്ത്രിസഭയുടെ തീരുമാനമാണ്. മറ്റുള്ളതെല്ലാം പോകട്ടെ, ഇതിനപ്പുറം എന്താണ് വേണ്ടത്?

ശ്രീ. വി. ഡി. സതീശൻ: സർ, നിയമസഭ പാസ്സാക്കിയ ഒരു നിയമം നിലനിൽക്കെ തീരുമാനമെടുക്കാനും ഡിക്ലറേഷൻ നടത്താനുമുള്ള അധികാരം ലോക്ആയുക്തയ്ക്ക് നൽകുമ്പോൾ adjudicatory powers ഇല്ലെന്നുപറഞ്ഞ് ഒരു എക്സിക്യൂട്ടീവ് ഓർഡർ ഇറക്കിയാൽ ആ ഓർഡർ നിലനിൽക്കുമോ; അത് എങ്ങനെയാണ് നിലനിൽക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, അതൊരു വാലിഡ് പോയിന്റാണ്. ഞാൻ അതിലേയ്ക്ക് വരാം. എക്സിക്യൂട്ടീവിന് അധികാരമില്ല. ജുഡീഷ്യറിയാണല്ലോ അവശേഷിക്കുന്നത്, ലെജിസ്ലേറ്റീവ് ഇന്റൻഷനും എക്സിക്യൂട്ടീവ് ഇന്റൻഷനും പ്രധാനമാണല്ലോ? ഒരു ബിൽ അവതരിപ്പിക്കുമ്പോൾ എക്സിക്യൂട്ടീവ് ഇന്റൻഷനും അത് പാസ്സാക്കുന്നത് ലെജിസ്ലേറ്റീവ് ഇന്റൻഷനുമാണ്. എക്സിക്യൂട്ടീവ് ഇന്റൻഷൻ അതേപടി ലെജിസ്ലേറ്റീവ് ഇന്റൻഷൻ ആകണമെന്നില്ല. സഭയുടെ collective will-ൽ മാറ്റം വരാം. അങ്ങയുടെ പാർട്ടി നേതാവ് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴുള്ള റിപ്പോർട്ടിലെ ചില ഭാഗങ്ങൾകൂടി ഞാൻ വായിക്കാം, " It can be seen that barring the area of investigation of a complainant involving the allegation has defined in section 2 of Lok Ayukta has neither any adjudicatory power nor the power to enforce its recommendations or findings. Its role is confined to making a report or recommendations and has no power of execution of its orders.' എന്നാണ്. ഇനി ഒരു കാര്യം കൂടി പറയാം, ഗവൺമെന്റ് ഓർഡറും അതുസംബന്ധിച്ച നിയമ വകുപ്പിന്റെ കുറിപ്പും എന്റെ കൈവശമുണ്ട്. ആവശ്യമുള്ളപക്ഷം അത് മേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഓർഡറാണ് ആദ്യം വായിച്ചത്. ലോക്ആയുക്ത ആക്ടിന്റെ 22-ാം വകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യത്തിൽ നിയമ വകുപ്പിന്റെ ഉപദേശമാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ സമയത്തുള്ളതാണ്. ഇത് വളരെ ഗൗരവമായ പോയിന്റാണ്. Separation of powers മാറുന്നു, encroachment of powers ആണ് എന്നാണല്ലോ

പറയുന്നത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്തുണ്ടായിരുന്ന നിഗമനമെന്താണ്; "അഡ്ജ്യൂഡിക്കേറ്ററി അധികാരം നൽകുന്നത് ജ്യൂഡീഷ്യറി സമ്പ്രദായത്തിന്മേലുള്ള കടന്നുകയറ്റമാണ്" എന്നാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. അങ്ങ് ഇപ്പോൾ ശ്രീ. എ. കെ ആന്റണിയെ തള്ളി പറയുകയാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. എ. കെ. ആന്റണിയുടെ അഭിപ്രായമാണോ അങ്ങ് പറഞ്ഞത്? ഗവൺമെന്റിന് നിയമ വകുപ്പും സെക്രട്ടറിമാരും ഡിപ്പാർട്ടുമെന്റും നിരവധി നോട്ട് കൊടുക്കും; അങ്ങ് ആ നോട്ട് വായിച്ചതിനുശേഷം ഇത് ശ്രീ. എ. കെ. ആന്റണിയുടെ അഭിപ്രായമാണെന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകും? അങ്ങ് തെറ്റിദ്ധരിപ്പിക്കുകയാണ്. ഞങ്ങളുടെ ചോദ്യത്തിന് അങ്ങ് മറുപടി പറയണം. മന്ത്രിമാരുടെ കാര്യത്തിൽ മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ കാര്യത്തിൽ ഈ നിയമസഭയ്ക്കും അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്യാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ ആ വിഷയത്തിലേയ്ക്കാണ് വരുന്നത്. അപ്പലേറ്റ് അതോറിറ്റിയാകണമെങ്കിൽ ഇതിന് ഈ അധികാരമുണ്ടെന്ന് ആദ്യം സ്ഥാപിക്കണമല്ലോ; നിയമ വകുപ്പിന്റെ നോട്ട് സംബന്ധിച്ച് പറഞ്ഞത് ശരിയാണ്, അത് നിരസിക്കാം അല്ലെങ്കിൽ സ്വീകരിക്കാം. പക്ഷേ മന്ത്രിസഭയുടെ തീരുമാനമാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ 2004 ഏപ്രിൽ 1-ാം തീയതിയിലെ മന്ത്രിസഭാ തീരുമാനത്തിന്മേൽ ഏപ്രിൽ 3-ാം തീയതി പുറപ്പെടുവിച്ച സർക്കാർ ഉത്തരവാണ്. നിയമ വകുപ്പിന്റെ നോട്ടിനെ മന്ത്രിസഭയ്ക്ക് തള്ളിക്കളയാം. ഇത് തെറ്റാണെന്ന് പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമസഭ പാസ്സാക്കുന്ന ഒരു നിയമം പല പ്രോസസ്സിൽ കൂടിയാണ് കടന്നുവരുന്നതെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അവസാനം നിയമം പാസ്സാക്കി law of the land ആയി നിൽക്കുന്നു. അതിനൊരു സർക്കാർ ഉത്തരവ് വന്നുവെന്ന് പറഞ്ഞാൽ നിയമം മാറുമോ; അതിന് പ്രസക്തിയില്ലല്ലോ; ഏതെങ്കിലും ക്ലാർക്ക് എഴുതിവയ്ക്കുന്ന നോട്ട് ഇതിന്റെ മുകളിൽ override ചെയ്യുമെന്ന് കണക്കാക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അങ്ങയെപ്പോലൊരു ആൾ അങ്ങനെ പറയരുത്. ഏതെങ്കിലും ഒരു ക്ലാർക്ക് എഴുതിവയ്ക്കുന്ന നോട്ടിന്റെ മുകളിൽ ബഹുമാന്യനായ ശ്രീ. എ. കെ ആന്റണിയും അങ്ങും ഉൾക്കൊള്ളുന്ന മന്ത്രിസഭയും അതൊരു തീരുമാനമാക്കി മാറ്റുമെന്ന് പറയുന്നത് വല്ലാത്തൊരു ഗതികേടായിരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് വാദത്തിനുവേണ്ടി പറയുന്നത് ഞാൻ സമ്മതിക്കുന്നു. ഒരു നിയമം റദ്ദായി പോകുമോ; ആ നിയമം

നിലനിൽക്കുകയല്ലേ; അങ്ങ് ഈ പരിശ്രമങ്ങളെല്ലാം നടത്തുന്നത് 1999-ൽ ഇ. കെ. നായനാരും ഇ. ചന്ദ്രശേഖരൻ നായരും എടുത്ത തീരുമാനം മറികടക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗമുണ്ടോയെന്ന് പരിശോധിക്കുന്നതിന് വേണ്ടിയല്ലേ; അത് ശരിയല്ലല്ലോ, അങ്ങനെ കടക്കാമോ; അന്ന് ഇ. കെ. നായനാർ എടുത്ത തീരുമാനമാണോ, ഇന്ന് നിങ്ങൾ എടുക്കുന്ന തീരുമാനമാണോ ശരി. ഇതിൽ ഏതാണെന്ന് അങ്ങ് പറയൂ?

ശ്രീ. പി. രാജീവ്: സർ, ഇത് മൈതാന പ്രസംഗത്തിൽ കൈയടിക്ക് കൊള്ളാം. ഞാൻ പറഞ്ഞത് പോയിന്റ്... (......ബഹളം.......) ഞാൻ പറയട്ടെ, (......ബഹളം.......)

മി. സ്പീക്കർ: അംഗങ്ങൾ ഇരിക്കൂ. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ബാക്കിയുള്ളവർ ഇരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം ചോദിച്ചത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമല്ലേ; 1999-ൽ പാസ്സാക്കിയ നിയമം ഇപ്പോഴും നിലനിൽക്കുകയല്ലേ? ശ്രീ. എ. കെ. ആന്റണി മന്ത്രിസഭ അധികാരത്തിൽ വന്നത് 99 + 1 =100 അംഗങ്ങളുടെ പിന്തുണയോടുകൂടിയാണ്. അന്ന് ഞങ്ങൾ നിയമസഭയിൽ കൊണ്ടുവന്ന് ലോക്ആയുക്ത ആക്ട് ഭേദഗതി ചെയ്തോ; അഡ്ജുഡിക്കേറ്ററി അധികാരങ്ങൾ നിയമസഭയിൽനിന്നും മാറ്റിയോ? ഒന്നും മാറ്റിയില്ല. 22 വർഷമായി നിലനിൽക്കുകയാണ്. ഇതിനിടയിൽ പല പ്രാവശ്യം ഞങ്ങൾ അധികാരത്തിൽ വന്നു. ഞങ്ങൾ എപ്പോഴെങ്കിലും മാറ്റിയോ; അങ്ങ് അന്നത്തെ നിയമ വകുപ്പിന്റെ റിപ്പോർട്ടും കൊണ്ടുവന്ന് ഞങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലുള്ള ഒരു സീനിയർ അംഗം സംസാരിക്കുമ്പോൾ മൈതാന പ്രസംഗമെന്ന് പറഞ്ഞ് അധിക്ഷേപിക്കുന്നത് ശരിയാണോ? (......ബഹളം.....)

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞതെന്താണ്? (......ബഹളം.......)

മി. സ്പീക്കർ: മന്ത്രി വഴങ്ങിയാൽ മാത്രമേ മൈക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റേത് മൈതാന പ്രസംഗമാണെന്ന് മന്ത്രി പറഞ്ഞതിനെ ബഹുമാനപൂർവ്വം ഞാൻ അംഗീകരിക്കുന്നു. നിയമസഭ ഒരു മൈതാനമാണോ; നിയമസഭയെ മൈതാനമാണെന്ന് പറഞ്ഞ് അപമാനിച്ചാൽ അത് ചോദ്യം ചെയ്യേണ്ടത് സ്പീക്കറാണ്. അങ്ങ് ചോദ്യം ചെയ്യുകയോ റൂളിംഗ് നൽകുകയോ ചെയ്യണം.

മി. സ്പീക്കർ: മൈതാന പ്രസംഗമെന്ന് പറയുന്നത് അത്ര മോശം കാര്യമല്ല. നമ്മളെല്ലാം മൈതാനത്ത് പ്രസംഗിച്ചിട്ടുള്ളവരാണ്.

ശ്രീ. പി. രാജീവ്: സർ, ഇത് ഞാൻ മൂന്ന് തരത്തിൽ കണ്ടു. ഒന്ന്, ഇത് ജുഡീഷ്യൽ സംവിധാനമാണെന്ന് പറയാൻ സ്ഥാപിച്ച ക്ലോസുകൾ ഏതിലൊക്കെ നിൽക്കുന്നു? Deemed to be judicial എന്തുകൊണ്ട് ബാക്കി നിൽക്കുന്നു; അതാണെങ്കിൽ ഇതാണോ? അല്ല. രണ്ട്, ഈ നിയമം നിയമമായി നിൽക്കുന്നുണ്ട്. നിയമം only for investigation and enquiry. അതിന് ഈ പറയുന്ന ജുഡീഷ്യൽ പവറുണ്ടോ ഇല്ലയോ? ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയുടെ കാലഘട്ടത്തിൽ ഇത് ഭേദഗതി ചെയ്യാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്? ഇതിന് adjudicatory power ഇല്ല. ഇത് judicial body ആണ് എന്നുള്ള വാദം തെറ്റാണ്. അതുകൊണ്ട് ഇതിന് judicial power കൊടുക്കണോ വേണ്ടയോ എന്ന പ്രശ്നം ക്യാബിനറ്റ് ചർച്ച ചെയ്തു. എൻക്വയറിക്കും ഇൻവെസ്റ്റിഗേഷനുമുള്ളതാണെന്ന് അതിന്റെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ട്. എക്സിക്യൂട്ടീവ് കഴിഞ്ഞു. ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭ ചെയ്ത കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതി എന്ത് പറഞ്ഞുവെന്നുള്ളതാണ് അടുത്തതായി പറയാനുള്ളത്. ജസ്റ്റിസ് ബി. ശ്രീകൃഷ്ണ, ജസ്റ്റിസ് ജി. ശിവരാജൻ, State of Kerala vs Bernard-ന്റെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്, 'Where the declaration is accepted, the competent authority or the Government is required to intimate the acceptance of the declaration by registered post under Sub-section (2) of Section 14 of the Act. When this happens, notwithstanding anything contained in any law, order, notification, rule or contract of appointment, the public servant concerned shall be deemed to have vacated his office or deemed to have been placed under suspension depending upon the type of the public servant. In the case of Chief Minister or Minister, he shall resign his office from the date of acceptance of such intimation.' Section-14 quote ചെയ്തുകൊണ്ട് പറഞ്ഞതാണ്. വിധിന്യായത്തിന്റെ എട്ടാമത്തെ പാരഗ്രാഫിൽ പറയുന്നത്, 'A survey of the relevant provisions leads us to the conclusion that, barring the area of investigation of a complaint involving "allegation", which in other words means, a complaint made with regard to corruption, improper motives, nepotism, favouritism etc., as defined in the expression 'allegation' in Section 2(b) and covered by Section 14 of the Act, the Lok Ayukta has neither any adjudicatory power nor the power to enforce his recommendation or finding. In fact, his role is confined to making a report or recommendation.' എക്സിക്യൂട്ടീവ് അല്ലെന്നാണ് കേരള ഹൈക്കോടതിയുടെ അന്നത്തെ ചീഫ് ജസ്റ്റിസിന്റെ വിധിന്യായത്തിൽ പറയുന്നത്. 'He has no power

of execution of his orders. In fact, it would be inappropriate to call the report/recommendation made by the Lok Ayukta as an "Order". Though the Lok Ayukta has been invested with certain powers of the Civil Court for the purpose of enabling him to conduct the investigation only....,' എന്നാണ്. ഇൻവെസ്റ്റിഗേഷന് മാത്രമാണ് അധികാരം നൽകിയിരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള ഹൈക്കോടതിയുടെ ജഡ്ജ്മെന്റാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്? ഇതുപോലെ ഉത്തരവുണ്ടാകുമ്പോൾ ഡോ. കെ. ടി. ജലീലിന്റെ കേസിൽ ഹൈക്കോടതി എന്താണ് പറഞ്ഞത്? ഇതുപ്രകാരം പ്രവർത്തിക്കണം, രാജിവയ്ക്കണം എന്നാണ്. ഇതിനെ ഓവർ റൂൾ ചെയ്തിരിക്കുകയാണ്. ഇതുരണ്ടും ഒരേ ഹൈക്കോടതി തന്നെയാണ് പറഞ്ഞത്.

ശ്രീ. പി. രാജീവ്: സർ, ശ്രീ. കെ. ടി. ജലീലിന്റെ കേസിൽ ഈ പോയിന്റ് ഉയർത്തിയിട്ടുണ്ടോ ഇല്ലയോ, അതോ അപ്പീലാണോ പോയതെന്ന് എനിക്ക് അറിയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഡോ. കെ. ടി. ജലീൽ കോടതിയിൽ പോയില്ലേ?

ശ്രീ. പി. രാജീവ്: സർ, ആ വിധി നോക്കിക്കോളൂ, ആ വിധിയിൽ സൈറ്റേഷനുണ്ടോ; ഗൗരവമായ കാര്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ഉദാരമായി വഴങ്ങിക്കൊടുക്കുന്നതിന്റെ പ്രശ്നം കൂടിയാണ്. ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

ശ്രീ. പി. രാജീവ്: സർ, കേരള ഹൈക്കോടതി പറയുകയാണ്, 'we do not think that thereby the Lok Ayukta can be equated to a court.' 'We' എന്നുപറഞ്ഞാൽ നമ്മളെല്ലാവരും, ലോകായുക്ത ഒരു കോർട്ടിനു തുല്യമാണെന്ന് നമ്മളാരും ചിന്തിക്കാൻ പാടില്ല എന്നാണ്. ക്ലാർക്ക് എഴുതിയത് പോട്ടെന്ന് വയ്ക്കാം. പക്ഷേ ഇത് കേരള ഹൈക്കോടതിയാണ് പറയുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഡോ. കെ. ടി. ജലീലിന്റെ കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ജഡ്ജ്മെന്റിന്റെ അവസാന ഭാഗത്ത് ഇപ്രകാരമാണ് പരാമർശിച്ചിരിക്കുന്നത്, 'We have already found that the Lok Ayukta was acting within the scope of its powers while arriving at its conclusion. In the circumstances, we are of the view that the petitioner has not made out any ground for interference....' എന്നാണ്. ലോകായുക്ത അതിന്റെ നിയമപരമായ അധികാരപരിധിയിൽ നിന്നുകൊണ്ടാണ്

പ്രവർത്തിച്ചിട്ടുള്ളതെന്നാണ് വിധി പ്രഖ്യാപിച്ചിട്ടുള്ളത്. അതുകൊണ്ട് ഇടപെടേണ്ട യാതൊരു ആവശ്യവുമില്ലെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ചാണ് പറഞ്ഞിരിക്കുന്നത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ആ വിധി ഉദ്ധരിക്കേണ്ടതില്ല. അതിനകത്തൊന്നും ഈ ചോദ്യമല്ല ഉയർന്നുവന്നിരിക്കുന്നത്. അത് വേറെ കാര്യം. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ജഡ്ജ്മെന്റ് ഓവർറൂൾ ചെയ്തു.

<u>ശ്രീ. പി. രാജീവ്</u>: സർ, ഓവർ റൂൾ ചെയ്തിട്ടില്ല. ഇതിന് കോർട്ടിന്റെ അധികാരമുണ്ട്. We cannot equate to a court nor do we think that investing of the power to punish for contempt. Contempt of Courts ആക്ട് ഉണ്ടെങ്കിൽപ്പോലും ഇത് വ്യത്യസ്തമല്ലെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയിലുള്ളത്. പിന്നീട് രണ്ട് വിധിയുടെ സൈറ്റേഷൻ വരുന്നുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇതാണ് ഇതിന്റെ ലീഗൽ പൊസിഷൻ. അതുകൊണ്ട് ഇല്ലാത്തൊരു അധികാരം ഉപയോഗിച്ചുകൊണ്ടുണ്ടാകുന്ന ഒരു ജഡ്ജ്മെന്റിൽ അപ്പീൽ പോകാനുള്ള പ്രൊവിഷനെന്നുള്ളത് സാധ്യമല്ല. ഈ അധികാരമില്ല. പിന്നെ എങ്ങനെയാണ് അപ്പീലിനെക്കുറിച്ച് പ്രൊവിഷൻ വരുന്നത്. അതുകൊണ്ട് ഇത് adjudicatory അല്ല. ഇതൊരു investigation agency ആണ്. അതുകൊണ്ട് സെക്ഷൻ 14 നിലനിൽക്കില്ല. ലോക്പാലിന് ഈ അധികാരമില്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞല്ലോ; ലോക്പാലിനുള്ള അധികാരം മാത്രം കൊടുത്താൽ മതിയെങ്കിൽ ഞങ്ങൾക്ക് കുഴപ്പമില്ല. ലോക്ആയുക്ത സെക്ഷൻ 14-ന് സമാനമായൊരു വകുപ്പ് ലോക്പാൽ ആക്ടിലുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും നമുക്കെല്ലാവർക്കും ബഹുമാനമുള്ള മുൻ ലോക്സഭ സെക്രട്ടറി ജനറൽ ശ്രീ. പി. ഡി. റ്റി. ആചാരി ഹിന്ദു പത്രത്തിലെഴുതിയ ലേഖനം ഞാൻ വായിക്കാം. " However, the Lokpal does not have the power to ask the President to remove the Prime Minister or a Minister from office. ലോക്പാലിന് ഈ അധികാരമില്ല. Declaration reject ചെയ്യാനുള്ള അധികാരം ലോക്പാലിനില്ല. അത് ലോക്ആയുക്തയ്ക്ക് കൊടുക്കുന്നു. അങ്ങനെ declaration നടത്താനുള്ള അധികാരം പോലും ലോക്പാലിനില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾ ചോദിക്കാത്ത കാര്യങ്ങളെക്കുറിച്ചാണ് അങ്ങ് സംസാരിക്കുന്നത്. ലോക്പാലിലെ കോമ്പിറ്റന്റ് അതോറിറ്റിക്ക് അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്യാനുള്ള പ്രൊവിഷനുണ്ടോ എന്നാണ് ഞങ്ങൾ

ചോദിച്ചത്. ലോക്പാൽ ചെയ്യുന്നത് എന്താണ്? ഒരു ഫൈൻഡിംഗ് വന്നുകഴിഞ്ഞാൽ സ്പെഷ്യൽ കോർട്ടിലേയ്ക്ക് അയയ്ക്കും. അവിടെ തീരുമാനമെടുക്കുന്നില്ല. കോമ്പിറ്റന്റ് അതോറിറ്റി ഇവരെ inform ചെയ്യും. അതിനുശേഷം കോമ്പിറ്റന്റ് അതോറിറ്റി ലോക്സഭയോ പ്രധാനമന്ത്രിയോ അപ്പലേറ്റ് അതോറിറ്റിയോ ആയിട്ട് ആക്ട് ചെയ്ത് അവർക്ക് reject ചെയ്യാനോ accept ചെയ്യാനോ ഉള്ള അധികാരം കൊടുക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്. അങ്ങ് വേറെ വഴിക്ക് പോകരുത്, ഇതാണ് ഞങ്ങൾ സ്പെസിഫിക്കായി ചോദിച്ചത്. ലോക്പാലിലെ കോമ്പിറ്റന്റ് അതോറിറ്റി അപ്പലേറ്റ് അതോറിറ്റി അല്ല. ഇപ്പോൾ കൊണ്ടുവന്ന ആക്ടിൽ അപ്പലേറ്റ് അതോറിറ്റി ആണ്. നിയമസഭ, മുഖ്യമന്ത്രി, പബ്ലിക് സർവ്വന്റ്സ്, സ്പീക്കർ എന്നിവരെല്ലാം അപ്പലേറ്റ് അതോറിറ്റി ആണ്. അതാണ് ഞങ്ങൾ പറഞ്ഞ പോയിന്റ്. അങ്ങ് ഇതിൽനിന്നും മാറിപ്പോകുകയാണ്.

ശ്രീ. പി. രാജീവ്: സർ, മാറിപ്പോകുകയല്ല. സെക്ഷൻ 14-ന് സമാനമായൊരു ഡിക്ലറേഷൻ accept or reject ചെയ്യുമോ എന്നതാണല്ലോ ചോദ്യം. ഇങ്ങനെ ഡിക്ലറേഷൻ നടത്താനുള്ള അധികാരം ലോക്പാൽ ആക്ടിൽ എവിടെയെങ്കിലുമുണ്ടോ? അങ്ങ് പറഞ്ഞതുപോലെ ഞങ്ങൾ സ്വീകരിക്കാം. ലോക്പാലിനെപ്പോലെ Competent Authority-ക്ക് റിപ്പോർട്ട് കൊടുത്താൽ മതി. ഞങ്ങൾക്ക് തർക്കമില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പൂർണ്ണമായും ലോക്പാലിന് ഒരു അധികാരവുമില്ലെന്ന് പറഞ്ഞുപോകുന്നത് ശരിയല്ല. സെക്ഷൻ 14-ന് സമാനമായി ലോക്പാലിനുള്ള അധികാരം ഞാൻ വായിക്കാം.

" Section 32. (1) Where the Lokpal, while making a preliminary inquiry into allegations of corruption, is prima facie satisfied, on the basis of evidence available,-

(i) that the continuance of the public servant referred to in clause (d) or clause (e) or clause (f) of sub-section (1) of section 14 in his post while conducting the preliminary inquiry is likely to affect such preliminary inquiry adversely; or

(ii) such public servant is likely to destroy or in any way tamper with the evidence or influence witnesses,

then, the Lokpal may recommend to the Central Government for transfer or suspension of such public servant from the post held by him till such period as may be specified in the order.

(2) The Central Government shall ordinarily accept the recommendation of the Lokpal made under sub-section (1), except for the reasons to be recorded in writing in a case where it is not feasible to do so for administrative reasons.” പവർ ഇല്ലെന്ന് പറയുന്നു. അതിനകത്ത് ഒരു gentle approach ഉണ്ട്. അതായത് ലോക്പാൽ നമ്മൾ ക്രിയേറ്റ് ചെയ്തത് മുൻവിധിയോടുകൂടിയല്ല. They can generate a report. പക്ഷെ exceptional circumstances-ൽ നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. സജി ചെറിയാൻ പറഞ്ഞതുപോലെ എന്തെങ്കിലും മാനസിക പ്രശ്നം ബാധിച്ച് ബോധമില്ലാതെ ലോകായുക്ത ഒരു വിധി പ്രഖ്യാപിച്ചുവെങ്കിൽ that need to be saved. അതാണ് exceptional circumstance എന്നുപറയുന്നത്. അല്ലെങ്കിൽ ordinarily be accepted. അതാണ് ലോക്പാലിനുള്ള പവർ. അങ്ങ് പറയുന്നത് അങ്ങനെ പവർ ഇല്ലെന്നാണ്. അതിനകത്ത് ഒരു വാക്ക് ഒന്നുകൂടി വ്യക്തമായി പറയാം - shall ordinarily accept. ഇത് കോടതി വ്യാഖ്യാനിച്ചാൽ എങ്ങനെ വരുമെന്ന് അറിയാമല്ലോ?

3.00 PM]

ശ്രീ. പി. രാജീവ്: സർ, എനിക്ക് ഡോ. മാത്യു കുഴൽനാടനോട് അതിയായ നന്ദിയുണ്ട്. ഇത് റിജക്റ്റ് ചെയ്യാമെന്ന് അതിനകത്ത് പറയുന്നുണ്ട്. ഓർഡിനറി സിറ്റുവേഷനിൽ shall accept എന്നാണ്. അപ്പോൾ ഗവൺമെന്റ് അപ്പലേറ്റ് അതോറിറ്റി ആയോ; ഓർഡിനറി അല്ലാത്ത സിറ്റുവേഷനിൽ ഗവൺമെന്റ് അപ്പലേറ്റ് അതോറിറ്റിയായോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഓർഡിനറി സിറ്റുവേഷനിൽ 'shall' മതി എന്നുപറഞ്ഞു. അല്ലാത്ത സിറ്റുവേഷനിലോ? റിജക്റ്റ് ചെയ്യാൻ reason മതി. നിയമം നിയമമായി വാചകങ്ങളിലൂടെ കിടക്കുകയല്ലേ. ഡോ. മാത്യു കുഴൽനാടനോട് എനിക്ക് നന്ദിയുണ്ട്. അങ്ങ് വായിച്ച ക്ലോസ് ചീഫ് മിനിസ്റ്റർക്കെതിരെയൊ പ്രൈംമിനിസ്റ്റർക്കെതിരെയൊ അല്ല. ഉദ്യോഗസ്ഥർക്കെതിരെ മാത്രമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ സെക്ഷൻ വായിക്കട്ടെ.

ശ്രീ. പി. രാജീവ്: സർ, സെക്ഷൻ വായിച്ചോളൂ. പ്രൈം മിനിസ്റ്റർക്കെതിരെ സെക്ഷൻ 24 മാത്രമേയുള്ളൂ. ഡോ. മാത്യു കുഴൽനാടൻ വായിച്ചത് സെക്ഷൻ 36 ആണ്. ഈ ലോക്പാലിന്റെ ആദ്യത്തെ ബില്ലിൽ പ്രൈം മിനിസ്റ്റർ ഉൾപ്പെട്ടിരുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ അന്ന് പാർലമെന്റിലുണ്ട്. 2 ജി സ്പെക്ട്രം അഴിമതിക്കെതിരെ അന്ന് കത്തിപ്പടർന്ന വികാരവും നടന്ന പോരാട്ടങ്ങളും നമ്മുടെ നാടിന് ഓർമ്മയുണ്ടല്ലോ. ജനലോക്പാൽ ബില്ലിൽ പോലും പ്രൈം മിനിസ്റ്ററെ

ഉൾപ്പെടുത്താൻ വ്യവസ്ഥയില്ലെന്ന് പറഞ്ഞു. പ്രൈം മിനിസ്റ്ററെ ഉൾപ്പെടുത്താൻ പ്രണബ് കുമാർ മുഖർജിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി എല്ലാവരുമായി ചർച്ച ചെയ്തു. പ്രൈം മിനിസ്റ്ററെ ഉൾപ്പെടുത്തിയിരിക്കുന്നത് നിങ്ങൾ വായിച്ചുനോക്കൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് വിഷയത്തിൽനിന്നും മാറി പൊളിറ്റിക്കലി വളരെ പ്രാധാന്യമുള്ള ഒരു പരാമർശം നടത്തിയതുകൊണ്ട് ഞാൻ ഇടപെടുന്നതാണ്. അന്ന് യു.പി.എ. ഗവൺമെന്റിനെ താഴെയിറക്കാൻ ആർ.എസ്.എസ്. സ്പോൺസർ ചെയ്ത ശ്രീ. അണ്ണാ ഹസാരെയുടെ ഒരു സമരമുണ്ടായിരുന്നു. 2 ജി സ്പെക്ട്രത്തിലും കൽക്കരി കേസ്സിലും ആരോപണ വിധേയരായവരെ മുഴുവൻ പിന്നീട് ബഹുമാനപ്പെട്ട കോടതി കുറ്റവിമുക്തരാക്കിയെന്നും അത് ആർ.എസ്.എസ്. പദ്ധതിയായിരുന്നുവെന്നും അറിഞ്ഞുകൊണ്ട് വീണ്ടും അതേ വാചകം ആവർത്തിക്കുന്നത് പൊളിറ്റിക്കലി ശരിയാണോ?

ശ്രീ. പി. രാജീവ്: സർ, അതിന്റെ ഉൽപ്പന്നമാണല്ലോ ആം ആദ്മി പാർട്ടി.

ശ്രീ. ടി. സിദ്ദിഖ്: സർ, ഒന്ന് വഴങ്ങാമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ ഈ ഭാഗമൊന്ന് തീർക്കട്ടെ. പ്രൈം മിനിസ്റ്ററെ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ലോക്പാൽ ബില്ലിൽ Prime Minister-ന്റെ ഭാഗം വായിച്ചുകൊള്ളൂ. " Provided that the Lokpal shall not inquire into any matter involved in, or arising from, or connected with, any such allegation of corruption against the Prime Minister,-

(i) in so far as it relates to international relations, external and internal security, public order, atomic energy and space;

(ii) unless a full bench of the Lokpal consisting of its Chairperson and all Members considers the initiation of inquiry and at least two-thirds of its Members approves of such inquiry". മൂന്നിൽ രണ്ട് മജോറിറ്റിയുണ്ടെങ്കിൽ മാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂ. പ്രധാനമന്ത്രിക്കെതിരെ ഒരാൾ ലോക്പാലിൽ പരാതി നൽകുകയും അത് ലോക്പാൽ തള്ളുകയും ചെയ്താൽ എന്തിനാണ് തള്ളിയതെന്ന് നമ്മൾ അറിയണ്ടേ? Provided further that any such inquiry shall be held in camera and if the Lokpal comes to the conclusion that the complaint deserves to be dismissed, the records of the inquiry shall not be published or made available to anyone;" ഇതാണ്. പ്രധാനമന്ത്രിക്കെതിരെ ലോക്പാലിന് ഒരു പരാതി കൊടുക്കുകയും അവസാനം

അത് തള്ളുകയും ചെയ്താൽ അത് പബ്ലിഷ് ചെയ്യേണ്ട, ഒരാൾക്കും കൊടുക്കേണ്ട. എത്ര സുന്ദരമായൊരു നിയമമായിരുന്നുവെന്ന് നോക്കുക. ഇനി ഞങ്ങൾ എന്തുകൊണ്ട് ഇതിലേയ്ക്ക് വന്നുവെന്ന് പറയാം. നേരത്തെ സൂചിപ്പിച്ചതുപോലെ ലോക്പാൽ & ലോകായുക്ത ബില്ലായിരുന്നു. ആ ബില്ലിൽ ലോകായുക്ത മുഴുവനുമുണ്ടായിരുന്നു. അതിനുശേഷം സെലക്ട് കമ്മിറ്റി ലോക്ആയുക്തയുടെ കാര്യത്തിൽ നമുക്ക് അധികാരമില്ലെന്ന് കണ്ടു. അതിന്റെ ഭാഗമായി പറഞ്ഞു." (i) Every state to mandatorily have a Lokayukta within a period of one year from the date of notification of the present Bill.

(ii)The Lokpal Bill may be sent to all States as a model….." ലോക്പാൽ ബിൽ ലോക്ആയുക്ത കൂടിയുള്ളത് എല്ലാ സ്റ്റേറ്റിനും ഒരു മോഡലായി കൊടുക്കണം. ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ ലെജിസ്ലേറ്റീവ് അസംബ്ലി വരുമോ, സ്പീക്കർ വരുമോ? ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രധാനപ്പെട്ട ഒരു വിഷയമായിരുന്നു ലോക്പാൽ & ലോകായുക്ത ബിൽ, ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രി ആയിരുന്നു. അങ്ങയുടെ സുഹൃത്ത് പുതുച്ചേരി മുഖ്യമന്ത്രി ആയിരുന്ന ശ്രീ. വി. നാരായണ സ്വാമിയാണ് ഇത് അവതരിപ്പിച്ചത്. ആ മോഡൽ ബിൽ ഞാൻ വായിക്കാം. "(1) Where, after the conclusion of the preliminary inquiry or investigation, the findings of the Lokayukta disclose the commission of an offence under the Prevention of Corruption Act, 1988 by a public servant referred to in clause (a) or clause (b) of sub-section (1) of section 75, the Lokayukta may file a case in the Special Court and shall send a copy of the report together with its findings to the Competent Authority." കോമ്പീറ്റന്റ് അതോറിറ്റിക്ക് അയക്കണം.

" (2) The Legislative Assembly of the State in the Case of Chief Minister, the Chief Minister, in the case of the Minister, the Speaker in the case of a Member of the Legislative Assembly, and the Chairman of the Legislative Council of the State, where it exists, in the case of a Member of that Council shall, as soon as may be, after the receipt of report under sub-section (1), cause the same to be laid before the Legislative Assembly or the Legislative Council, as the case may be, while it is in session, and if the Legislative Assembly or the Legislative Council, is not in session, within a period of one week" ഇത് യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ സംസ്ഥാനങ്ങളോട് നിർമ്മിക്കാൻ ആവശ്യപ്പെടുകയും സെലക്ട് കമ്മിറ്റി അംഗീകരിച്ച് പാർലമെന്റ് ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്ത മോഡലാണ്. ഈ മോഡലാണ് ഈ നിയമത്തിനകത്തുള്ളത്. അപ്പോൾ അടുത്ത ചോദ്യം വന്നു.

ശ്രീ. എം. വിൻസെന്റ്: സർ, അന്ന് ഇ. കെ. നായനാരായിരുന്നു പ്രതിപക്ഷനേതാവ്.

ശ്രീ. പി. രാജീവ്: സർ, അല്ല. ഇ. കെ. നായനാർ പ്രതിപക്ഷനേതാവായി ഇരുന്നതിന് ശേഷമാണ് ഈ നിയമം വന്നത്. നമ്മൾ ചരിത്ര ബോധത്തോടുകൂടി പറയണം. എന്തിനാണ് അസംബ്ലിയിൽ വയ്ക്കുന്നത്, അസംബ്ലിക്ക് എന്താണ് അധികാരം, ലെജിസ്ലേറ്റീവിന് കോമ്പീറ്റൻസി അഡ്ജ്യൂഡിക്കേറ്ററി പവർ ഉണ്ടോയെന്ന് ചോദിച്ചു. ജസ്റ്റീസ് ബി. എൻ. ശ്രീകൃഷ്ണയുടെ വിധി " All that the Lok Ayukta may do then is to make a special report to the Governor, which the Governor is obliged under Sub-section (7) of Section 12 of the Act to place before the Legislative Assembly. The role of the Lok Ayukta then becomes one of an investigator, who brings the facts to the notice of the Legislative Assembly, so that there may be public debate thereupon. Barring this role, we do not see any power given to the Lok Ayukta under the Act to adjudicate a dispute which enables him to make an order of a binding nature in complaints involving a 'grievance'." അസംബ്ലിയിൽ ചർച്ച ചെയ്യുമ്പോൾ അത് പബ്ലിക് ഡിസ്കഷനിലേയ്ക്ക് വരികയാണ്. ഇനി ഞാൻ ഒന്നുകൂടി പറയാം. ഇതാണ് നിയമപരമായ വശം. കോമ്പീറ്റന്റ് അതോറിറ്റി ലോക്പാലിനോടൊപ്പം നിൽക്കുന്നു. ഞങ്ങൾ അഡീഷണലായി കൊടുത്തിരിക്കുന്നത് ലോകായുക്തയിൽ പറഞ്ഞിട്ടുള്ളത് സഭയിൽ വയ്ക്കണം എന്നാണ്. റിജക്റ്റ് ചെയ്യാം അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാം അതിന് റീസൺസ് വയ്ക്കണമെന്നുള്ളതാണ്. അത് വേണ്ടെങ്കിൽ പ്രതിപക്ഷം പറയുന്നതുപോലെ കോമ്പീറ്റന്റ് അതോറിറ്റി വെറുതെ റിപ്പോർട്ട് ചെയ്താൽ മതിയോ? വെറുതെ റിപ്പോർട്ട് ചെയ്താൽ മതിയെങ്കിൽ ശരി, ഞങ്ങൾക്ക് തർക്കമില്ല. ഞങ്ങൾ–ലോകായുക്ത മോഡൽ വച്ച് ഒന്നുകൂടി strengthen ചെയ്തു. നിങ്ങൾ റിപ്പോർട്ട് ചെയ്താൽ മാത്രം പോരാ സ്വീകരിക്കുന്നില്ലെങ്കിൽ ആ കാരണം കൂടി വയ്ക്കണം എന്നാണ് പറയുന്നത്. ഇക്കാര്യമാണ് ഞങ്ങൾ ഒന്നുകൂടി strengthen ചെയ്യുന്നത്. അത് വേണ്ടെന്നാണ് പ്രതിപക്ഷം പറയുന്നതെങ്കിൽ അങ്ങനെ വയ്ക്കാം. ഇതാണ് ഇതുസംബന്ധിച്ച് പൊതുവെ ഇവിടെ വന്നിട്ടുള്ള കാര്യങ്ങൾ. ഇതിന് കടലാസ്സിന്റെ വിലയല്ലേയുള്ളൂ, വേറെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? *കേരള ലോകായുക്ത* സെക്ഷൻ 15 വായിക്കാം.. " Initiation of Prosecution - …. if after investigation into any complaint, the Lok Ayukta or an Upa-Lok Ayukta is satisfied that the public servant has committed any criminal offence and that he should be prosecuted in a court of law for such offence, then he may pass an order to that effect and initiate prosecution…." അതല്ലേ ഇതിനകത്തുള്ളത്. രാജ്യത്ത് നിലനിൽക്കുന്ന നിയമമനുസരിച്ച് ഇനി പ്രോസിക്യൂഷൻ വേണോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഒരു മുഖ്യമന്ത്രിക്കോ മന്ത്രിക്കോ എതിരായി ലോകായുക്ത ഒരു അഴിമതിക്കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ *അവരുടെ* ഭാവി ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ എന്താകും?

<u>ശ്രീ. പി. രാജീവ്</u>: സർ, അത് ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. കേരളം പോലൊരു സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾക്കുവേണ്ടി ആരും കാത്ത് നിൽക്കാറില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ മർമ്മരം പോലൊരു ആരോപണം വന്നു. അത് ബഹുമാനപ്പെട്ട വിജിലൻസ് കോടതിയോ ഹൈക്കോടതിയോ തീരുമാനിക്കട്ടെയെന്ന് വയ്ക്കാതെ ആരോപണം വന്ന ഉടൻതന്നെ രാജിവയ്ക്കാൻ തീരുമാനിച്ചു. ആ ധാർമ്മികതയുടെ പേരാണ് ഇടതുപക്ഷ പ്രസ്ഥാനം. ഞങ്ങൾ കോടതി വിധിക്കുവേണ്ടി കാത്തുനിന്നിട്ടില്ല. ഈ നിയമ ഭേദഗതി കേൾക്കുമ്പോൾ നമ്മളെല്ലാവരും സങ്കുചിതമായ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലല്ല ചിന്തിക്കുന്നതെങ്കിൽ എന്തുകൊണ്ട് 23 വർഷമായി നമ്മൾ ഈ നിയമം ഭേദഗതി ചെയ്യാതിരുന്നു എന്നതായിരിക്കും ചോദ്യം. ഒരു ഭരണഘടനയ്ക്കും നിയമത്തിനും ചേരാതെ നിൽക്കുന്നൊരു ക്ലോസ്, അത് രാജ്യത്തിന്റെ ലോക്പാലിനൊപ്പവും ലോകായുക്തയ്ക്കൊപ്പവും ഭേദഗതി ചെയ്യുകയെന്ന ദൗത്യമാണ് *സർക്കാർ* നിർവ്വഹിച്ചിട്ടുള്ളത്. അത് സഭയുടെ അധികാരവും അവകാശവുമാണ്. അതിനെ സമ്പന്നമാക്കിയ എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ ഇത് സഭയുടെ ചരിത്രത്തിലെ കറുത്ത ദിനമാണ്. ഒരു അഴിമതിവിരുദ്ധ സംവിധാനത്തെ നിയമം കൊണ്ടുവന്ന് നിയമസഭയിലെ ഭൂരിപക്ഷംകൊണ്ട് തകർക്കാനും ദുർബലപ്പെടുത്താനും നടത്തുന്ന ശ്രമത്തിന് കൂട്ടുനിൽക്കാൻ പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾക്ക് സാധിക്കില്ല. ഈ നിയമനിർമ്മാണത്തെ പല്ലും നഖവും ഉപയോഗിച്ച് ഞങ്ങൾ അതിശക്തിയായി എതിർക്കുന്നു. ജനാധിപത്യത്തെ ഭൂരിപക്ഷമുപയോഗിച്ച് അഴിമതി വിരുദ്ധ സംവിധാനത്തെ കൊല ചെയ്യുന്ന ഈ കൃത്യത്തിന് സാക്ഷിയാകാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ സഭാ നടപടികൾ പൂർണ്ണമായി ബഹിഷ്കരിക്കുന്നു.

(ബിൽ ഭരണഘടനാവിരുദ്ധമെന്നാരോപിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ചു.)

<u>മി. സ്പീക്കർ</u>: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. രമേശ് ചെന്നിത്തല സീറ്റിലില്ലായിരുന്നു)

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri Job Maichil as assigned by Dr. N. Jayaraj: Sir, I move the following amendment.

172.In Section 2(d)(ia) proposed to be inserted in the principal Act by Clause 2(b) the symbols " " . " shall be added at the end.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. വിൻസെന്റിന്റെ 141-ാം നമ്പർ ഭേദഗതി ഭേദഗതികളോടുകൂടി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

141.In clause 2 for the words and symbols " Amendment of Section 2.- in section 2(d) of the principal Act.-" the words and symbols " Amendment of section 2.- in the Kerala Lok Ayukta Act, 1999 (Act 8 of 1999) hereinafter referred to as the principal Act, in Section 2(d).-" shall be substituted.

Act 8 of 1999 എന്നതിനുപകരം 8 of 1999 എന്നും in Section 2(d) എന്നതിനുപകരം Clause (d) of Section 2 എന്നും ഭേദഗതി ചെയ്യണം.

മി. സ്പീക്കർ: 128-ാം നമ്പർ ഭേദഗതി മുതൽ 140-ാം നമ്പർ ഭേദഗതി വരെ ഖണ്ഡം നീക്കം ചെയ്യേണ്ടതാകയാൽ ക്രമപ്രകാരമല്ല, ആയതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും സ്വീകരിച്ച 172-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. കെ. യു. ജനീഷ് കുമാറിന്റെ 196-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

196. In section 3(2) proposed to be amended in the Principal Act by Clause 3(i), for the words " Judge of the High Court" , the words " Judge of a High Court" shall be substituted.

മി. സ്പീക്കർ: 173-ാം നമ്പർ ഭേദഗതി മുതൽ 185-ാം നമ്പർ ഭേദഗതി വരെ ഖണ്ഡം നീക്കം ചെയ്യേണ്ടതാകയാൽ ക്രമപ്രകാരമല്ല, ആയതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല. 197-ാം നമ്പർ ഭേദഗതി 196-ാം നമ്പർ ഭേദഗതിയ്ക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Shri Job Maichil as assigned by Dr. N. Jayaraj: Sir, I move the following amendments.

242. In the proviso to Section 5(1) proposed to be inserted in the principal Act by clause 4(b) for the words " Upa Lok Ayukta" the words " Upa - Lok Ayuktas" shall be substituted.

244. In the proviso to section 5(1) proposed to be inserted in the principal Act by clause 4(b) before the word " rules" the word " the" shall be inserted.

Shri K. U. Jenish Kumar: Sir, I move the following amendment.

243. In the proviso to section 5(1) proposed to be inserted in the principal Act by clause 4(b), the words, figures and symbols " (........ of 2022)" wherever it occurs shall be deleted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 251-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

251. In clause 4(c), the words and figure " Clause 6 shall be added and the remaining clauses shall be renumbered accordingly." shall be deleted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 242, 244 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

Shri T. I. Madhusoodanan: Sir, I move the following amendments.

312. In section 7(5A) proposed to be inserted in the Principal Act by Clause 6(iii), for the words " vacancy in" , the words " vacancy of" shall be substituted.

313. In section 7(5A) proposed to be inserted in the Principal Act by Clause 6(iii), for the words " most Upa-Lok Ayukta" , the words " of Upa-Lok Ayuktas" shall be substituted.

Shri Job Maichil as assigned by Dr. N. Jayaraj: Sir, I move the following amendments.

314. In section 7(5A) proposed to be inserted in the Principal Act by Clause 6(iii), after the words " Upa-Lok Ayukta" , the word " available" shall be inserted.

315. In section 7(5A) proposed to be inserted in the principal Act by Clause 6(iii) for the words "act as" the words "discharge the functions of" shall be substituted.

Smt. K. K. Shailaja Teacher: Sir, I move the following amendment.

316. Section 7(5A) proposed to be inserted in the Principal Act by Clause 6(iii), shall be recast as follows:

"(5A) In the event of vacancy of the office of Lok Ayukta by reason of death, resignation or otherwise, the Governor may, by notification, authorise the senior of Upa-Lok Ayuktas to act as the Lok Ayukta until the appoinment of a new Lok Ayukta."

Shri T. P. Ramakrishnan: Sir, I move the following amendment.

317. Section 7(5A) proposed to be inserted in the Principal Act by Clause 6(iii), shall be recast as follows:

"(5A) In the event of office Lok Ayukta falls vacant by reason of death, resignation or otherwise, the Governor may, by notification, authorise the senior of Upa-Lok Ayuktas to act as the Lok Ayukta until the appointment of a new Lok Ayukta."

Shri V. K. Prasanth: Sir, I move the following amendments.

318. In section 7(5B) proposed to be inserted in the Principal Act by clause 6(iii), for the words and symbols "in this behalf, the senior most Upa-Lok Ayukta available", the words and symbols "the senior of Upa-Lok Ayuktas" shall be substituted.

319. In section 7(5B) proposed to be inserted in the Principal Act by clause 6(iii), after the word "functions", the word "temporarily" shall be inserted.

മി. സ്പീക്കർ: ഖണ്ഡം നീക്കം ചെയ്യാനുള്ള ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 314, 315 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 314, 315 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 312, 313 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 318, 319 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

Shri A. N. Shamseer: Sir, I move the following amendments:

355. In section 14(1) proposed to be substituted in the principal Act by clause 7, for the words " is satisfied" the word " finds" shall be substituted.

357. In section 14(1) proposed to be substituted in the principal Act by clause 7, the words " and the public servant is not fit to hold the post as such" shall be deleted.

Shri Job Maichil as assigned by Dr. N. Jayaraj: Sir, I move the following amendments:

356. In section 14(1) proposed to be substituted in the principal Act by clause 7, for the words " against the public Servant" the words " against a public Servant" shall be substituted.

358. In section 14(1) proposed to be substituted in the principal Act by clause 7, after the words and symbol " the post as such, the Lok Ayukta or" , the word " an" shall be inserted.

359. In section 14(1) proposed to be substituted in the principal Act by clause 7, for the word " its" coming before the word " report" , the word " his" shall be substituted.

362. In section 14(2) proposed to be substituted in the principal Act by clause 7 after the word " communicate" , the word " to" shall be inserted.

363. In section 14(2) proposed to be substituted in the principal Act by Clause 7, after the words " basis of" the word " the" shall be inserted.

364. In section 14(2) proposed to be substituted in the principal Act by Clause 7, for the word " and" occurring after the word " recommendation" the word " or" shall be substituted.

370. In section 14(3) proposed to be substituted in the principal Act by clause 7, after the words " In the case of" the letter " a" shall be inserted.

371. In section 14(3) proposed to be substituted in the principal Act by Clause 7, after the words " falling under" the word " the" shall be inserted.

372. In section 14(3) proposed to be substituted in the principal Act by Clause 7, after the words " in accordance with" the word " the" shall be inserted.

375. In section 14(3) proposed to be substituted in the principal Act by Clause 7, after the word " rules" the words " or regulations as" shall be inserted.

376. In section 14(3) proposed to be substituted in the principal Act by Clause 7, after the words " applicable to" the words " the service of" shall be inserted.

377. In section 14(4) proposed to be substituted in the principal Act by Clause 7, after the word " regulations" the word " as" shall be inserted.

Smt. K. K. Shailaja Teacher: Sir, I move the following amendment.

360. Section 14(1) proposed to be substituted in the principal Act by clause 7, shall be recast as follows:

" (1) Where after investigation into a complaint, the Lok Ayukta or an Upa-Lok Ayukta, as the case may be, finds that the complaint involving an allegation against the public servant is substantiated, it may recommend consequential action to the competent authority in its report under sub-section (3) of section 12."

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. വിൻസെന്റിന്റെ 373-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

373. In section 14(3) proposed to be substituted in the principal Act by Clause 7, after the word " rules" the words " or regulations" shall be inserted.

മി. സ്പീക്കർ: ഖണ്ഡം നീക്കം ചെയ്യാനുള്ള ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 362, 363, 364, 370, 372, 376 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതിയും മന്ത്രി സ്വീകരിച്ച 362, 363, 364, 370, 372, 376 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 355, 357 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 356, 358, 359, 371, 375, 377 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

മി. സ്പീക്കർ: ഖണ്ഡം നീക്കം ചെയ്യാനുള്ള ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

മി. സ്പീക്കർ: ഖണ്ഡം നീക്കം ചെയ്യാനുള്ള ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Job Maichil as assigned by Dr. N. Jayaraj: Sir, I move the following amendment.

127. In Clause 1(2) the words " be deemed to have" after the words and number " and 7 shall" shall be deleted.

മി. സ്പീക്കർ: ഖണ്ഡം നീക്കം ചെയ്യാനുള്ള ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 127-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(ii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രസ്തുത ബില്ലിൽ അധികം ഭേദഗതികളില്ലാത്തതിനാൽ പ്രത്യേകിച്ച് സംസാരിക്കുന്നില്ല.

(വിയോജനക്കുറിപ്പിന് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

(നോട്ടീസ് നൽകിയ അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അർഹതയ്ക്കനുസരിച്ച് ജോലി നൽകുകയെന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിതമായ നയമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

അഞ്ച് ക്ഷേമനിധി ബോർഡുകളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത നടപടിയുടെ ഭാഗമായാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതോടൊപ്പം നിലവിൽ ബോർഡിൽ 10 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളീയരുടെ ജീവിത നിലവാരം വളരെ മെച്ചപ്പെട്ടതാണ്. ഏതൊരു പ്രദേശത്തെയും ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ അടിസ്ഥാനം കാർഷിക-വ്യാവസായിക-സേവന മേഖലകളിലെ വളർച്ചാ നിരക്കാണ്. എന്നാൽ കേരളത്തിൽ കാർഷിക, വ്യവസായ മേഖലകളിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ലെന്ന് മാത്രമല്ല, കാർഷിക രംഗത്ത് പിന്നോട്ട് പോകുകയാണ് ചെയ്തത്. എന്നിട്ടും കേരളീയരുടെ ജീവിത നിലവാരം എങ്ങനെ മെച്ചപ്പെട്ടു? കേരളത്തിന് പുറത്തും ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലും ജോലി ചെയ്യുന്ന മലയാളികളുടെ സംഭാവനയാണ് ഇന്നത്തെ പുരോഗതിയുടെ പ്രധാനപ്പെട്ട ഒരു ഘടകം. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന വിഭാഗമാണ് പ്രവാസികൾ. സമസ്ത മേഖലകളിലെയും പുരോഗതിക്ക് വലിയ പിന്തുണയാണ് പ്രവാസികൾ നൽകുന്നത്. ഉരുവിൽ കടലിനോട് മല്ലിട്ട് വലിയ സ്വപ്നങ്ങളുമായി യാത്രചെയ്ത് ആദ്യകാല പ്രവാസികളൊഴുക്കിയ വിയർപ്പും ചോരയും ലോക തൊഴിൽ വിപണിയിൽ ഇന്ത്യയെ ഒരു ലോകോത്തര ബ്രാൻഡായി മാറ്റുകയുണ്ടായി. ലോക രാജ്യങ്ങളിലെല്ലാം മലയാളി സാന്നിദ്ധ്യമുണ്ടെങ്കിലും പ്രവാസികളുടെ ഹൃദയ ഭൂമിയെന്നാണ് ഗൾഫ് രാജ്യങ്ങൾ അറിയപ്പെടുന്നത്. കേരളത്തിലെ പ്രവാസികൾ പുത്തൻ സാങ്കേതികവിദ്യകളിൽ നൈപുണ്യം കാണിക്കുന്നതിനും സങ്കീർണ്ണമായ സാങ്കേതികതയോടും മാറുന്ന ജോലി സാധ്യതയോടും പൊരുത്തപ്പെടുന്നുവെന്നത് വളരെയേറെ ശ്രദ്ധിക്കപ്പെടുന്ന കാര്യമാണ്. കേരളത്തിൽനിന്നുള്ള പ്രവാസികൾ കേരളത്തിലെ സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലകളിൽ അതിപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. U.N.D.E.S.A. (United Nations Department of Economic and Social Affairs)-ന്റെ കണക്കനുസരിച്ച് ലോകത്തിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര കുടിയേറ്റക്കാരുള്ളത് ഇന്ത്യയിൽനിന്നാണ്. ഏകദേശം 18 ദശലക്ഷം ഇന്ത്യക്കാർ വിദേശത്താണ് താമസിക്കുന്നത്. ഈ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽനിന്ന് ഏറ്റവും കൂടുതൽ കുടിയേറ്റക്കാർക്ക് ആതിഥേയത്വം നൽകുന്നത് യു.എ.ഇ., യു.എസ്.എ., സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളാണ്. കേരളത്തിലെ കുടിയേറ്റക്കാരിൽ

90 ശതമാനവും താൽക്കാലിക കരാർ ജോലിക്ക് ഗൾഫ് നാടുകളിൽ പോകുന്നവരാണ്. ഗൾഫ് രാജ്യങ്ങളിൽ പൗരത്വം നൽകാത്തതിനാൽ കരാർ അവസാനിച്ചാൽ എല്ലാവരും കേരളത്തിലേയ്ക്ക് മടങ്ങിവരണം. കേരളത്തിലെ മൊത്തം പ്രവാസികളുടെ എണ്ണം 2013-ൽ 24 ലക്ഷമായിരുന്നത് 2018-ൽ 21 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. അതായത് അഞ്ചുവർഷത്തിനിടയിൽ 12 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ജനവിരുദ്ധമായ നയങ്ങൾക്ക് ബദൽ നയം നടപ്പിലാക്കുന്ന സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. പ്രവാസികളുടെ ക്ഷേമകാര്യങ്ങളിലും കേരളം ബദൽ നയം സ്വീകരിച്ച് നടപ്പിലാക്കുന്നു. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ഒറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുകയെന്നതാണ് നോർക്ക റൂട്ട്സിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കേരളത്തിലുടനീളം നടന്നുവരുന്നതായി കാണാം. മാത്രമല്ല, സാധാരണഗതിയിൽ തൊഴിലാളികളുടെയും സർക്കാരിന്റെയും ഉടമകളുടെയും വിഹിതത്തോടുകൂടിയാണ് ക്ഷേമനിധികൾ പ്രവർത്തിക്കുന്നത്. എന്നാൽ പ്രവാസി ക്ഷേമനിധിയിൽ ഉടമയുടെ വിഹിതം ഒരു കാരണവശാലും പ്രതീക്ഷിക്കാൻ കഴിയാത്തതിനാൽ പ്രവാസി ക്ഷേമനിധിയുടെ വരുമാനം വളരെ പരിമിതമാണ്. ഒരു വർഷം ഒരു പ്രവാസി ലോട്ടറി ഏർപ്പെടുത്തിക്കൊണ്ട് പ്രവാസി ക്ഷേമനിധിയിൽ വരുമാനമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഓരോ ദിവസവും നൂറുകണക്കിന് പ്രവാസികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ട്. ഒരു പ്രവാസി 50 രൂപ വീതം സംഭാവന കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കിയാൽ ക്ഷേമനിധിയുടെ സാമ്പത്തിക പ്രയാസങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയും. ഇതോടൊപ്പം തന്നെ 20-25 വയസ്സ് പ്രായത്തിൽ ഗൾഫിൽ പോകുന്ന ചെറുപ്പക്കാർ ഗൾഫിൽ പോയി കഠിനാധ്വാനം ചെയ്ത് നാട്ടിൽ കുട്ടികളുടെ വിദ്യാഭ്യാസം, വീടുനിർമ്മാണം, വിവാഹം തുടങ്ങിയ വിവിധങ്ങളായ കാര്യങ്ങൾ നിർവ്വഹിക്കുന്നു. പത്തുമുപ്പത് വർഷം കഴിഞ്ഞ് രോഗിയായിട്ടായിരിക്കും അവർ തിരിച്ചുവരുന്നത്. ചികിത്സിക്കാൻ പോലും ശേഷിയില്ലാത്ത അവസ്ഥ വരുന്നു. നാട്ടിൽ തിരികെയെത്തുന്ന അവരുടെ സ്ഥിതി വളരെ ദയനീയമാണ്. ഇക്കാര്യം പരിഗണിച്ചുകൊണ്ട് മെഡിസെപ് മാതൃകയിൽ ഒരു മാതൃകാപരമായ ഇൻഷ്വറൻസ് പദ്ധതി ഗൾഫുകാർക്കുവേണ്ടി ഏർപ്പെടുത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരള മാതൃകയാണ് 'ലോക കേരളസഭ'. കേരളത്തിന്റെ ബദൽ പരിപാടിയാണ്. മൂന്നാം ലോക കേരള സഭ നടന്നപ്പോൾ പ്രതിപക്ഷം ബഹിഷ്കരിച്ചുപോയത് നമ്മൾ കണ്ടതാണ്. പ്രമുഖ വ്യവസായിയായ ശ്രീ. എം. എ. യൂസഫലി മുതൽ മൂന്ന് ദശാബ്ദക്കാലം വീട്ടുപണി ചെയ്ത ശ്രീമതി എലിസബത്ത്

വരെയുള്ളവർ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അതുമായി ബന്ധപ്പെട്ട് സഹകരിക്കാനും തയ്യാറാകാത്ത ഒരു പ്രതിപക്ഷമാണ് ഇവിടെയുള്ളത്. സ്വന്തമായി ടിക്കറ്റെടുത്ത് നാട്ടിൽ വന്ന് ലോക കേരള സഭയിൽ പങ്കെടുത്ത പ്രവാസികൾക്ക് ഭക്ഷണം കൊടുത്തത് ധൂർത്താണെന്ന് പറഞ്ഞ് ഏറ്റവും ക്രൂരമായ നടപടികൾ സ്വീകരിച്ചവരാണ് പ്രതിപക്ഷത്തിരിക്കുന്നവർ. പ്രവാസി ലോകം ഒരിക്കലും അവരുടെ നടപടികളെ അംഗീകരിക്കില്ല. എക്കാലത്തും പ്രവാസികളുടെ മനസ്സിൽ പ്രതിപക്ഷത്തിന്റെ ക്രൂരമായ നടപടികളുണ്ടാകുമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri Job Maichil as assigned by Dr. N. Jayaraj: Sir, I move the following amendment.

119. In section 2 of the principal Act proposed to be amended by clause 2 after the word " figures" the symbol and word " ,symbols" shall be inserted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Sebastian Kulathunkal: Sir, I move the following amendment.

115. In clause 1 (1) the word " Second" shall be deleted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 109-ാം നമ്പർ ഭേദഗതി ശീർഷകത്തിലായതിനാൽ ക്രമപ്രകാരമല്ല. അത് അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 115-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(iii) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവുകൾ നിർവ്വഹിക്കുന്നതിനും ആഭരണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ക്ഷേമനിധി ബോർഡിന്റെ വരുമാനം അപര്യാപ്തമായതിനാൽ ഓരോ ആഭരണ തൊഴിലാളിയും സ്വയംതൊഴിൽ ചെയ്യുന്ന ആളും ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം 20 രൂപയിൽ നിന്നും 50 രൂപയായി വർദ്ധിപ്പിക്കുന്നതിനുമുള്ള ഭേദഗതി കാലാനുസൃതമായ ഭേദഗതിയാണ്; അതിനെ പിന്തുണയ്ക്കുന്നു. നമ്മുടെ നിത്യജീവിതത്തിൽ പൊന്നുചേർത്ത ഒരുപാട് വാക്കുകളും പ്രയോഗങ്ങളുമുണ്ട്. പൊന്നിന്റെ വില അത്ര വലുതാണ്. ഇന്ന് അത്തമാണ്. അത്തം പത്തിന് പൊന്നോണം, ഓണത്തിനുമുണ്ടൊരു പൊന്ന് തുടങ്ങിയവ അതിൽ ചിലതാണ്. ഊതിക്കാച്ചിയ പൊന്നുപോലെ തിളങ്ങുന്ന സഖാവ് പിണറായി നയിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ആഭരണ തൊഴിലാളികളുടെ ജീവിതം പൊന്നാക്കി മാറ്റാൻ കൊണ്ടുവന്ന ഈ ഭേദഗതി ബില്ലിനെ പിന്തുണയ്ക്കുന്നു.

(2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഈ ബിൽ അവതരിപ്പിച്ചവേളയിൽ സംസാരിച്ചതിനാൽ കൂടുതൽ സംസാരിക്കുന്നില്ല. അംശദായം 20 രൂപ എന്നുള്ളത് 50 രൂപയായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശമാണുള്ളത്.

മി. സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (1)-ൽ "രൂപാ" എന്നതിന് പകരം "രൂപ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. പ്രധാന ആക്റ്റിലെ വകുപ്പ് 4 (2)-ൽ "അഞ്ച്" എന്നതിനുപകരം "പത്ത്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

ഓർഡർ...... ഓർഡർ....... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.36-ന് പിരിഞ്ഞു.)

# അനുബന്ധം -1

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച സബ്മിഷന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മേശപ്പുറത്തുവച്ച മറുപടി

Indent works List

| Sl. No. | Sector | Name of AE | Name of Contractor | Zone | Name of the Project | As cost | Road Restoration Length in M | Approval from KWA | Remarks | PWD/PWD NH/NH/Municipality |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | WS | Ansar Ahemad | Suneer | Mattumantha | Road restoration work for pipe laying by KWA under AMRUT mission – Puthur temple to head Post Office Junction | 5213000 | 1159 | Yes | Levels Completed. Restoration and tarring pending | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 2 | WS | Ansar Ahemad | Sunil Paul | Mattumantha | Mattumantha zone - 46.993 Km (600mm DIK9-200 mm DIK 95160mm PVC ROAD RESTORATION WORK AT ROBINSON ROAD | 15440000 | 420 | Yes | Road Retoration Completed. Tarring Pending RE prepared. To be approved. | |
| 3 | WS | Ansar Ahemad | Thankam Infrastructure | Moothanthara | Road restoration works Chunnabuthara to Olavakkode NH- Reach 2 | 34200000 | 500 | Yes | Restoration Completed Tarring Pending | |
| 4 | WS | Ansar Ahemad | Seven smart Engineering &Trading | | Road restoration works to town bus stand road | 12700000 | 270 | Yes | Restoration Completed Tarring Pending | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 5 | WS | Ansar Ahemad | Niyasudheen | Mothanthara | ROAD RESTORATION TO VADAKKANTHARA | 2550000 | 1000 | Yes | Restoration Completed Tarring Pending | |
| 6 | WS | Ansar Ahemad | Thankam Infrastructure | Mattumantha | Restoration work to GB Road (Morth-BMBC) | 4170000 | 500 | Yes | Restoration Completed Tarring Pending | |
| 7 | WS | Ansar Ahemad | Thankam Infrastructure | Kalmandapam | Restoration work to court road from Anjuvilakku Sulthanpetta Jn, (Morth) BMBC | 7680000 | 605 | Yes | Levels Completed. Restoration and tarring pending | |
| 8 | WS | nsar Ahemad | Thankam Infrastructure | Mattumantha | Tharekkad to GB road (Escallator Junction) | 7465000 | 720 | | Restoration Completed. Tarring Pending. | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 9 | WS | Ansar Ahemad | | Moothanthara | Road restoration works Chunnambuthara NH-Reach I | 2920000 | 1900 | | Restoration Completed Tarring pending | |
| 10 | WS | Ansar Ahemad | V.K. Chami | Mattumantha | Road restoration work to Nurani Gramam Road, Puthuppalli Theruvuthondi Kulam Gramam, Nurani Sastha Temple - Rugmani Hospital Ju. Road, Nurani Ranga Natha Street to Saradha Kalyana Mandapam, Saradha Kalyana Mandapam - Siva Temple Road in Ward No. 3 (MORTH) | 3830000 | 2090 | Yes | Restoration Completed. Tarring pending. | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 11 | WS | Ansar Ahemad | . Rajesth | Mattumantha | Ward 9 Road Restoration Works to Murunani Road Murukani School Kundukadu Road and Mattumantha Kalippara Road | 26040000 | 1490 | | Restoration Completed. Tarring Pending. | |
| 12 | WS | Ansar Ahemad | Martin | Kalmandapam | Road restoration works from Kalmandapam road to Malampuzha canal main at prathibha nagar LHS and prathibha Nagar line 2 to Malampuzha Canal Main in W 24 | 27000000 | 1750 | Yes | Levels compleleted. RE to be approved. Restoration and tarring pending. | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 13 | WS | Ansar Ahemad | Suresh | Mattumantha | CN Puram Valiyapadam Thomipalayam NK Palayam Murukan Kovil Road Valiya Padam LN Puram Raod | 17200000 | 1000 | Yes | Restoration progressing | |
| 14 | WS | Ansar Ahemad | Shoukathali | Kalmandapam | Road restoration works for pipe laying by KWA under AMRUT Mission - Bismi to Krishnan Temple Road, Kalvakulam Road, Edayar Street, Nannanchala Road | 32160000 | 1258 | Yes | Tarring progressing branch road pending | |
| 15 | WS | Ansar Ahemad | Ciyad Ali | Mattumantha | Road restoration work PA Kutty Road PHC Road, Canal Bund road and Railway Gate Road | 29810000 | 790 | | Restoration Completed. Tarring pending | PWD |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 16 | WS | Ansar Ahemad | Jamshad | Mattumantha | Road Restoration work Pookkarathottam Canal Bund Road | | 650 | | Restoration completed | |
| 17 | WS | Ansar Ahemad | V. K. Chami | Mattumantha | Road Restoration work to Harikkara Street, Noorjehan Hotel, Tailor Street, PensionStreet, Robinson Road, NMR &Balaji Hospital in Ward No. 41 Due to KWA pipe line Laying under Amrut Project 2019.20 (MORTH) | 4300000 | 2263 | Yes | Restoration completed. Road concreting completed. | |